©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2021

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**2017 മേയ് 24, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 – നമ്പർ 20

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 24 , ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.വി.ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

333/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...77

**II. തിരുത്തിയ ഉത്തരം** ..354

**III. അടിയന്തരപ്രമേയം**

ഉന്നത ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ

(അവതരണാനുമതി നിഷേധിച്ചു) ...354

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ

— ശ്രീ. ആർ. രാമചന്ദ്രൻ ...376

(2) സർക്കാർ ആശുപത്രികളിലും ഫാർമസികളിലും അഴിമതി

—ശ്രീ. പി. കെ. ബഷീർ ...378

**V. സബ്മിഷൻ**

1. ജസ്റ്റിൻ ജോണിന്റെ വീടിന് നേരെയുണ്ടായ ആക്രമണം

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...383

2. കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തൽ

—ശ്രീ. കെ. വി. വിജയദാസ് ... 384

*പേജ്*

3. സെമിനാർ അലങ്കോലപ്പെടുത്തൽ

—ശ്രീ. എ. പി. അനിൽ കുമാർ ...385

4. റോളക്സ് ഏജൻസി സംബന്ധിച്ച അന്വേഷണം

—ശ്രീ. സി. കെ. ശശീന്ദ്രൻ ...386

5. സമഗ്ര പാക്കേജ്

—ശ്രീ. വി. എസ്. അച്യുതാനന്ദൻ ...388

6. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വികസനവും ത്വക്ക് രോഗ ആശുപത്രിക്ക് കെട്ടിടവും

—ശ്രീ. ബി.ഡി. ദേവസ്സി ...390

7. ഭൂമിക്ക് നിശ്ചയിച്ച വില നൽകൽ

—ശ്രീ. കെ. ആൻസലൻ ...393

8. പോക്കുവരവ്

—ശ്രീ. അബ്ദുൽ ഹമീദ് . പി. ...394

9. സർട്ടിഫിക്കറ്റുകൾ നൽകൽ -

—ശ്രീ. പി.ടി.എ. റഹീം ...396

10. ഭൂമി സംബന്ധമായ പ്രശ്നങ്ങൾ

—ശ്രീ. സണ്ണി ജോസഫ് ...397

11. കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

—ശ്രീ. ഹൈബി ഈഡൻ ...398

12. ചരിത്ര പൈതൃക മ്യൂസിയം

—ശ്രീ. പി. ഉബൈദുള്ള ...400

13. ഡയറി സയൻസ് കോളേജ്

—ശ്രീ. കെ. എസ്. ശബരീനാഥൻ ...402

*പേജ്*

14. സർക്കാർ ആശുപത്രികളുടെ വികസനം

—ശ്രീ. മോൻസ് ജോസഫ് ...403

15. സ്കൂൾ ഓഫ് ഹെൽത്ത് സയൻസിലെ കോഴ്സുകൾ -

—ശ്രീ. എ. എൻ. ഷംസീർ ...405

16. ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്വിപ്മെന്റ് ഓർഗനൈസേഷന്റെ പ്രവർത്തനം

—ശ്രീ. എൽദോ എബ്രഹാം ...406

17. തസ്തികകൾ സൃഷ്ടിക്കൽ

—ശ്രീ. സി. കൃഷ്ണൻ ...408

**VI. മേശപ്പുറത്തുവച്ച കടലാസുകൾ** ...409

**VII. റിപ്പോർട്ടുകളുടെ സമർപ്പണം**

1. II, III, V, VIII, XIV എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ...417
2. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ ...419
3. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ ...419

**VIII. ഗവൺമെന്റ് പ്രമേയം**

റബ്ബറിന്റെ വിലയിടിവ് ...419

*പേജ്*

**IX. ധനകാര്യം**

2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള
ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ...430

**X. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...617

**XI. ക്രമപ്രശ്നം**

ബില്ലിന് രാഷ്ട്രപതിയുടെ അനുമതി വേണമെന്നത് സംബന്ധിച്ച് ...618

**റൂളിംഗ്**

— മി. സ്പീക്കർ ...620

**നിയമനിർമ്മാണകാര്യം(തുടർച്ച)** ...620

**അനുബന്ധം** ...727

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 24, ബുധൻ*

| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 20 |
|---|---|---|

നിയമസഭ 2017 മേയ് മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ (*601)

### സർക്കാർ സേവനങ്ങൾക്ക് ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ

1 (*601) ശ്രീ. സി. മമ്മൂട്ടി:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾക്ക് ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും ഇലക്ട്രോണിക് സേവന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ പൂർണ്ണമായ ഫലസാദ്ധ്യത ഉറപ്പാക്കാൻ ഇനിയും എന്തെല്ലാം നടപടികളാണ് ശേഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സേവനങ്ങൾ മുഴുവൻ ഓൺലൈനാക്കുമ്പോഴും പഴയ സംവിധാനം ആഗ്രഹിക്കുന്നവർക്ക് അത് ലഭ്യമാക്കാൻവേണ്ട സൗകര്യങ്ങൾ നില നിർത്തുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) വിവിധ വകുപ്പുകളുടെ സേവനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള കേരള സർക്കാരിന്റെ ഏകീകൃത മൊബൈൽ ആപ്ലിക്കേഷനാണ് എം-കേരളം. എം-കേരളം മൊബൈൽ ആപ്പ് വഴി പതിമൂന്നോളം വകുപ്പുകളുടെ അൻപതോളം സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വിവിധ സേവനങ്ങളുടെ പേമെന്റ് ഇന്റഗ്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇ-ഡിസ്ട്രിക്ട് മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ കൂടി എം-കേരളം മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ സംവിധാനം ജൂൺ മാസത്തോടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ബി) പൊതുജനങ്ങൾക്ക് ആവശ്യമായ ഇലക്ട്രോണിക് സേവന സൗകര്യങ്ങൾ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രമുഖ പൗര കേന്ദ്രീകൃത വകുപ്പുകളായ റവന്യൂ, മോട്ടോർ വാഹനം, സാമൂഹ്യനീതി, സഹകരണം, വാണിജ്യനികുതി, രജിസ്ട്രേഷൻ, മൃഗസംരക്ഷണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽ വിവിധ ഓൺലൈൻ സേവനങ്ങൾ ഫലവത്തായി നൽകിവരുന്നുണ്ട്. ഇതിനുപുറമെ മറ്റ് വകുപ്പുകളിലും വിവിധ തലങ്ങളിൽ ഓൺലൈൻ സേവനങ്ങൾ നൽകിവരുന്നുണ്ട്.

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു ഏകജാലക പോർട്ടൽവഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സംവിധാനം ജൂൺ മാസത്തോടുകൂടി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) സംവിധാനം നടപ്പിൽ വരുമ്പോൾ കേരളത്തിലുടനീളമുള്ള സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെയുള്ള കണക്ടിവിറ്റി ലഭ്യമാക്കുന്നതോടെ ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(സി) ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രോത്സാഹിപ്പിച്ചുകൊണ്ട് സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതവും കാര്യക്ഷമവും സുതാര്യവുമായി ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം.

ഓൺലൈൻ സേവനങ്ങൾ നേരിട്ട് ഉപയോഗപ്പെടുത്തുവാൻ ബുദ്ധിമുട്ടുള്ളവർക്ക് അക്ഷയ കേന്ദ്രങ്ങൾവഴി അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, ലോകത്തിലെ മുഴുവൻ വിവരങ്ങളും വിരൽത്തുമ്പിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ എല്ലാ സേവന പ്രവർത്തനങ്ങളും മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കുക എന്ന പ്രവർത്തനത്തിന് തുടക്കംകുറിച്ചുവെന്ന് അങ്ങിവിടെ പറഞ്ഞു. നിയമസഭയിൽ തന്നെ ഇപ്പോൾ അതിനുള്ള സംവിധാനമൊരുക്കിയത് വളരെ സൗകര്യപ്രദമാണ്. പക്ഷെ ആൻഡ്രോയിഡ് മാത്രമുള്ള ഫോണുകളിൽ ഈ സൗകര്യം ലഭ്യമല്ല. അത് ഉടൻതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും പോലീസ് വകുപ്പിലുൾപ്പെടെ, ജനങ്ങൾക്ക് പെട്ടെന്ന് പരാതി നൽകാനും അതിന്റെ സ്ഥിതി അറിയാനും ഈ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കുകവഴി സാധിക്കും. കേരളത്തിലെ മുഴുവൻ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് പ്രയോറിറ്റി നിശ്ചയിച്ച് എല്ലാ വകുപ്പിലും ജൂൺ മാസത്തോടുകൂടി ഈ സംവിധാനം നടപ്പാക്കുമെന്ന് പറഞ്ഞു. പോലീസ്, പഞ്ചായത്ത് തുടങ്ങി ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന വകുപ്പുകളിൽ ഈ സൗകര്യം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പടിപടിയായി എല്ലാ വകുപ്പുകളിലും ഇത് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ആപ്ലിക്കേഷൻ യൂസർ ഫ്രണ്ട്ലിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ജനങ്ങൾക്ക് എളുപ്പത്തിൽ കാര്യങ്ങൾ ചെയ്യുന്നതിനും യൂസർ ഫ്രണ്ട്ലിയായി ഉപയോഗിക്കുന്നതിനും അത് പൂർണ്ണമായി ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആ കാര്യം പ്രത്യേകമായിത്തന്നെ ശ്രദ്ധിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ യൂസർഫ്രണ്ട്ലിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 'വാനാക്രൈ' വൈറസ് ഇന്ന് ലോകത്ത് വ്യാപകമായി നടക്കുകയാണ്. സൈബർക്രൈം വ്യാപകമായ സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. സേവനദാതാക്കൾക്ക് ഈ ആപ്ലിക്കേഷൻ നൽകുമ്പോൾ അത്തരം അപകടകരമായ പ്രവണതകൾ തടയാനാവശ്യമായ നടപടി സ്വീകരിക്കുവാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, സൈബർ ലോകത്ത് വളർച്ചയുണ്ടാകുമ്പോൾ ക്രൈമിന്റെ എണ്ണവും വർദ്ധിക്കുന്നുണ്ട്. ക്രൈം തടയുന്നതിനാവശ്യമായ ഫലപ്രദമായ സംവിധാനങ്ങളൊരുക്കുന്നതിനാണ് സർക്കാർ ശ്രദ്ധിക്കുന്നത്. കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് നീങ്ങുകതന്നെ ചെയ്യും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രോത്സാഹിപ്പിച്ചുകൊണ്ട് സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതവും കാര്യക്ഷമവും സുതാര്യവുമായി ലഭ്യമാക്കുക എന്നതാണ് സർക്കാർ നയമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും മറുപടി നൽകുന്നതിനും കേന്ദ്രസർക്കാർ ഇപ്പോൾ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. അതേ മാതൃകയിൽ കേരളത്തിൽ ഒരു വെബ്സൈറ്റ് ഉണ്ടാകുകയാണെങ്കിൽ വിവിധ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും മറുപടി ലഭ്യമാക്കുന്നതിനും സാധ്യമാകും. അതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. കെ. എം. ഷാജി: സർ, സേവനം ജനങ്ങളിൽ വളരെ വേഗത്തിലെത്തിക്കുന്നതിനുള്ള ഒരു ബുദ്ധിമുട്ട് ഉദ്യോഗസ്ഥരുടെ സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവാണ്. ഇപ്പോൾ ഒരു അസിസ്റ്റന്റോ എൽ.ഡി. ക്ലാർക്കോ ആകണമെങ്കിൽ എസ്.എസ്.എൽ.സി. അല്ലെങ്കിൽ ഡിഗ്രി മാത്രം മതിയാകും. അത്തരം യോഗ്യതയുടെകൂടെ മിനിമം വേർഡ്പ്രോസസിംഗ് യോഗ്യതയെങ്കിലും വേണമെന്ന് നിശ്ചയിച്ച്, യോഗ്യതാമാനദണ്ഡം പുനഃപരിശോധിക്കാൻ ഉദ്ദേശ്യമുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ അത്തരമൊരു നിലപാട് സ്വീകരിച്ചിട്ടില്ല. പക്ഷെ, ഇത് കൈകാര്യം ചെയ്യാനാവശ്യമായ പരിജ്ഞാനം ഉണ്ടാക്കുന്നതിനുള്ള ഇൻ-സർവ്വീസ് കോഴ്സുകളും മറ്റും നൽകാവുന്നതാണ്. അങ്ങനെ കഴിവുകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാം. അതോടൊപ്പം ഭാവിയിൽ എന്ത് വേണമെന്ന് ആലോചിക്കുകയും ചെയ്യാം.

ശ്രീ. മുരളി പെരുനെല്ലി: സർ, വിവരങ്ങൾ കൈമാറ്റം ചെയ്യാൻ സാധിക്കുന്ന വിധത്തിൽ സ്വകാര്യ ഏജൻസികൾ കൈകാര്യംചെയ്യുന്ന കേബിൾ ശൃംഖലപോലെ, സർക്കാർ നേരിട്ട് ഇടപെട്ട് ഐ. ടി. രംഗത്ത് ഒരു കേബിൾ ശൃംഖല രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ രംഗത്ത് സർക്കാർതന്നെ ആവശ്യമായ കേബിൾ ഒരുക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ഇലക്ട്രിക്പോളുകൾ ഉപയോഗിച്ച് എല്ലാ സ്ഥലങ്ങളിലും ഇത് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ എല്ലാ ഗ്രാമങ്ങളിലും ഈ സംവിധാനം ഒരുക്കാൻ കഴിയുമെന്നുതന്നെയാണ് കാണുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പൊതുജനങ്ങളുടെ അപേക്ഷകൾ പ്രാഥമികമായി തപാൽ സെക്ഷനുകളിൽ രേഖപ്പെടുത്തുമ്പോൾത്തന്നെ ഫയൽ പരിഗണിക്കുന്ന സെക്ഷൻ ഏതെന്ന വിവരം മൊബൈൽ മെസ്സേജ് വഴി ലഭിക്കുകയാണെങ്കിൽ പൊതുജനങ്ങൾക്ക് വളരെ ആശ്വാസകരമാകുകയും ഫയൽ എവിടെയാണെന്നും മറ്റുമുള്ള കാര്യങ്ങൾ തുടക്കത്തിൽത്തന്നെ അറിയാനും സാധിക്കും. ഈ സേവനം കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ജനങ്ങൾക്ക് കൂടുതൽ സഹായകരമാവുക എന്നതുതന്നെയാണ് ഈ സംവിധാനംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് നടപ്പാകുന്നതോടെ കൂടുതൽ സഹായകരമാകുന്ന നിലപാടുകൾ നമുക്ക് സ്വീകരിക്കാനാകും. ആദ്യം ഈ സംവിധാനം നടപ്പാക്കിയതിനുശേഷം മറ്റ് മാർഗ്ഗങ്ങൾ നമുക്ക് സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ യാത്രാവിവരം സംബന്ധിച്ച് അറിയണമെങ്കിൽ അവിടെയുള്ള ഒരു മെഷീനിൽ തൊട്ടാൽ മതിയാകും. അതുപോലെ ആദ്യഘട്ടമെന്നനിലയ്ക്ക് ജില്ലാ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും ജനങ്ങൾ കൊടുത്തിട്ടുള്ള ഫയലുകളെ സംബന്ധിച്ചും കിട്ടേണ്ട സേവനങ്ങളെ സംബന്ധിച്ചും അവ എവിടെവരെ എത്തിയെന്നുമറിയാൻ കഴിയുന്ന ഒരു പ്രത്യേക യന്ത്രസംവിധാനം സ്ഥാപിക്കുന്നതിന് തുടക്കംകുറിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊന്നും ഒരു പുതുമയുള്ള കാര്യമല്ല. വിവിധ പഞ്ചായത്ത് ഓഫീസുകൾ ഇത്തരത്തിലുള്ള ചില സൗകര്യങ്ങൾ ഇതിനകംതന്നെ ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. നമ്മൾ ആ ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. അതിന്റെ ഭാഗമായി ഇത്തരത്തിലുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. അനിൽ അക്കര:</u> സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ പുതുക്കുന്നതിനായി ആളുകളുടെ നീണ്ടനിരയാണ് പട്ടണത്തിലൊക്കെയുള്ളത്. വടക്കാഞ്ചേരിയിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഒന്നാമത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. ഒന്നാമത്തെ നിലയിൽനിന്ന് ആളുകൾ വരിനിൽക്കാൻ തുടങ്ങിയാൽ അത് താഴെയെത്തി പട്ടണംതന്നെ ബ്ലോക്കാവുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ പുതുക്കൽ മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയാൽ ആളുകൾക്ക് വീട്ടിലിരുന്നുതന്നെ കാര്യങ്ങൾ ചെയ്യാനും യുവാക്കളെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരവുമാകും. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരത്തിലുള്ള വിവിധ മേഖലകളിൽ നമുക്ക് ഈ സംവിധാനം ഒരുക്കാൻ കഴിയും. അത് എല്ലാ തരത്തിലുമുള്ള ഉപയോക്താക്കൾക്കും ഗുണകരമായി വരും. എല്ലാ മേഖലയിലും നമുക്കിത് വ്യാപിപ്പിക്കാൻ കഴിയുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, പൊതുവെ രാജ്യം ടെക്നോളജി ഫ്രണ്ട്‌ലിയായി മാറുകയാണ്. ഇപ്പോൾ ഫയലുകളും മറ്റും വിവിധ മന്ത്രിമാർക്ക് കൊടുക്കുന്നുണ്ട്. മന്ത്രിമാർക്ക് നൽകുന്ന നിവേദനങ്ങൾ എം.എൽ.എ.-മാരുടെ പേരിലാകുമ്പോൾ ചില വകുപ്പുകളിൽനിന്ന് മെസ്സേജായി ഞങ്ങൾക്ക് വിവരങ്ങൾ ലഭിക്കുന്നുണ്ട്. അതുപോലെ എല്ലാ വകുപ്പുകളിലും മെസ്സേജ് സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഭരണരംഗത്തും ഇത്തരത്തിലുള്ള നടപടികളിലേയ്ക്കുതന്നെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ചില കാര്യങ്ങളിൽ ഇപ്പോൾത്തന്നെ ഈ സംവിധാനം നടപ്പായിട്ടുണ്ട്. അതിവേഗത്തിൽത്തന്നെ മറ്റ് രംഗങ്ങളിലും ഇത് വ്യാപിപ്പിക്കാൻ കഴിയും.

## അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി

2 (*602) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ മേഖലയിലെ ശിശുക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതിയുടെ ഫലപ്രാപ്തി തിട്ടപ്പെടുത്താനും മോണിറ്റർ ചെയ്യാനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി നടപ്പിലാക്കിവരുന്നുണ്ട്. ഈ മേഖലയിലെ കുട്ടികളിൽ 4 ശതമാനംപേർ ഗുരുതര പോഷണക്കുറവുള്ള (Severe Acute Malnutrition- SAM) കുട്ടികളാണ്. ഈ വിഭാഗത്തിലുള്ള കുട്ടികളുടെ പരിചരണത്തിനായി നിലവിൽ 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ (NRC) അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജാതക് സോഫ്റ്റ്‌വെയറിലൂടെ കുട്ടികളുടെ പോഷണനിലവാരം മനസ്സിലാക്കി വേണ്ടസമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് ആരോഗ്യ വകുപ്പ് ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥരെ അലർട്ട് ചെയ്യുന്ന Child Tracking System -വും പ്രവർത്തിച്ചുവരുന്നു.

(ബി) കുട്ടികളിലെ ന്യൂനപോഷണം പരിഹരിക്കുകയും അതുവഴി ശിശുമരണങ്ങൾ ഇല്ലാതാക്കുകയുമാണ് ചെയ്യുന്നത്.

(സി) അട്ടപ്പാടിയിലും പരിസരപ്രദേശത്തും കുട്ടികൾ അനുഭവിച്ചുവരുന്ന ന്യൂനപോഷണ പ്രശ്നം പരിഹരിക്കുന്നതിനായി റീഹാബിലിറ്റേഷൻ സെന്റർവഴി Based Management of Acute Malnourishment ആരംഭിച്ചു.

പ്രസ്തുത പദ്ധതി പ്രകാരം അട്ടപ്പാടി പ്രദേശത്തുള്ള തൂക്കക്കുറവുള്ള കുട്ടികളിൽ, Severe Acute Malnutrition (SAM) ഉള്ള കുട്ടികളെ അങ്കണവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ ചേർന്ന് കണ്ടെത്തുകയും ഇവരെ അടുത്തുള്ള ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകളിൽ എത്തിക്കുകയും വിദഗ്ദ്ധരുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ആവശ്യമെങ്കിൽ കുട്ടിക്ക് പരമാവധി 16 ആഴ്ചവരെ Energy Dense Special Food (EDSF) നൽകുകയും ചെയ്യുന്നു. ഈ കാലയളവിൽ കുട്ടിയുടെ ആരോഗ്യം കൃത്യമായി മോണിറ്റർ ചെയ്ത് മാസത്തിൽ രണ്ട് പ്രാവശ്യം SAM കുട്ടികളുടെ തൂക്കമെടുത്ത് റിപ്പോർട്ട് ചെയ്യുന്നു. കുട്ടിയുടെ തൂക്കം ആവശ്യത്തിന് വർദ്ധിച്ചുവെങ്കിൽ EDSF നൽകുന്നത് നിർത്തുന്നു. ഇത്തരത്തിൽ ന്യൂനപോഷണമുള്ള കുട്ടികളുടെ വളർച്ച ത്വരിതപ്പെടുത്തി അവരെ സാധാരണ വളർച്ചയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിയുന്നു. ഇത്തരത്തിലുള്ള കുട്ടികളുടെ ശരീരത്തിന്റെ ഭാരം, അവരുടെ ഉയരത്തിനനുസരിച്ചുള്ള ഭാരം തുടങ്ങിയവ പരിശോധിച്ച് പ്രത്യേക രീതിയിലുള്ള പരിചരണം നൽകിവരുന്നു. അതുകൊണ്ട് ഈ പദ്ധതി ഇപ്പോൾ ഫലപ്രദമായിട്ടുണ്ട്. ഇതിന്റെകൂടെ എസ്.സി./എസ്.ടി വകുപ്പ് പോഷകാഹാരം എത്തിക്കുന്നതിനുള്ള നല്ല പ്രവർത്തനവും നടത്തിയിട്ടുണ്ട്. അട്ടപ്പാടിയിലെ ഈ പ്രശ്നങ്ങൾ കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്.

(ഡി) Severe Acute Malnutrition (SAM) കുട്ടികളുടെ പുരോഗതി കൃത്യമായും വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നു. അങ്കണവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർ മാസത്തിൽ രണ്ട് പ്രാവശ്യം SAM കുട്ടികളുടെ തൂക്കമെടുക്കുകയും NRC നിർദ്ദേശിക്കുന്ന കുട്ടികൾക്ക് EDSF നൽകുകയും ചെയ്യുന്നു. SAM കുട്ടികളെ സംബന്ധിച്ച ജാതക് ജനനി റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ വിലയിരുത്തുകയും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

ശ്രീ. യു. ആർ. പ്രദീപിനുവേണ്ടി ശ്രീ. കെ. ബാബു: സർ, അട്ടപ്പാടി ആദിവാസി ഊരുകളിൽ ഏറ്റവും കൂടുതൽ നവജാതശിശുമരണം റിപ്പോർട്ട് ചെയ്തത് 2012-13 കാലയളവിലാണ്. അത് രാജ്യമാകെ ചർച്ചചെയ്യപ്പെട്ടതുമാണ്. അതിന് പരിഹാരം കണ്ടെത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പാലക്കാട് എം.പി., ശ്രീ. എം. ബി. രാജേഷ് ഉൾപ്പെടെയുള്ളവർ സത്യാഗ്രഹം നടത്തിയപ്പോൾ അന്നത്തെ യു.ഡി.എഫ്. സർക്കാർ പല പാക്കേജുകളും പ്രഖ്യാപിച്ചിരുന്നെങ്കിലും അതെല്ലാം കടലാസ്സിൽ മാത്രമാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടു. എന്റെ ചോദ്യം, സമ്പൂർണ്ണ ആരോഗ്യം ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാന്തവൽക്കരിക്കപ്പെട്ട ആദിവാസി ഊരുകളിലെ ജനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, സർക്കാരിന്റെ ആരോഗ്യമേഖല രോഗീസൗഹൃദമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുമുള്ള പദ്ധതിയാണ് ആർദ്രം പദ്ധതി. അതിന്റെ എല്ലാ പരിചരണവും ശ്രദ്ധയും അട്ടപ്പാടി മേഖലയ്ക്കും ലഭ്യമാകും. അട്ടപ്പാടിയിൽ ഇപ്പോൾത്തന്നെ ജാതക് ജനനി പദ്ധതിപ്രകാരം മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും ഗർഭിണികൾക്കും ആവശ്യമായ പരിരക്ഷ നൽകുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നുണ്ട്. അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി, സാധാരണ സബ്സെന്ററുകളിൽ ഒരു JPHN (Junior Public Health Nurse) ആണെങ്കിൽ അട്ടപ്പാടിയിൽ രണ്ടുപേരുണ്ട്. അവർ കുട്ടികളുടെ നേരത്തെയുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ഇ-ഹെൽത്ത് പദ്ധതിയിലൂടെ ഇത്തരത്തിലുള്ള ആളുകളുടെ പൂർണ്ണ വിവരശേഖരണം നടത്തുന്നുണ്ട്. ഇ-ഹെൽത്തും ജാതക് ജനനി പദ്ധതിയും യോജിപ്പിച്ചുകൊണ്ടുതന്നെ പൂർണ്ണമായ വിവരശേഖരണം നടത്തുന്നുണ്ട്. 2013-ൽ ശിശുമരണം 31 ആയിരുന്നെങ്കിൽ 2016-ൽ അത് 8 ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അത് ഈ മേഖലയിൽ നല്ല മാറ്റമുണ്ടാകുന്നു എന്നതിന്റെ സൂചനയാണ്.

ശ്രീ. കെ. ബാബു : സർ, ആദിവാസി ഊരുകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിരക്ഷയ്ക്കായി ആരോഗ്യ വകുപ്പും എസ്.സി./എസ്.ടി വകുപ്പും നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. നവജാതശിശുമരണവുമായി ബന്ധപ്പെട്ട് ആരോഗ്യസർവ്വേയിൽ കണ്ടെത്തിയ പ്രശ്നങ്ങളിലൊന്ന് ഗർഭാവസ്ഥയിലുള്ള സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളാണ്. ഗർഭാവസ്ഥയിലുള്ള സ്ത്രീകളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശാസ്ത്രീയ പരിചരണം ഉറപ്പാക്കുന്നതിനും കുട്ടികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ നേരത്തെ പറഞ്ഞ ജാതക് ജനനി പദ്ധതി ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഗർഭാവസ്ഥയിൽത്തന്നെ പരിശോധിച്ച് അമ്മയ്ക്ക് പോഷകാഹാരക്കുറവോ മറ്റേതെങ്കിലും തരത്തിലുള്ള അസുഖമോ ഉണ്ടെങ്കിൽ അത് മാറ്റുന്നതിനാവശ്യമായ മരുന്നും പോഷകാഹാരവും ലഭ്യമാക്കുകയെന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇപ്പോൾ ആദിവാസി ഊരുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകരെ പരിശീലിപ്പിച്ച് ഇത്തരം കാര്യങ്ങൾ നേരത്തെതന്നെ കണ്ടെത്തുന്നതിനും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും 'ഊരുമിത്രം ആശ' എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. അത് വയനാട്ടിലും പാലക്കാടുമൊക്കെയാണ് ഇപ്പോൾ ആരംഭിക്കുന്നത്. അട്ടപ്പാടിയിൽ അട്ടപ്പാടി പാക്കേജുള്ളതുകൊണ്ട് ആദ്യഘട്ടത്തിൽ അവിടെ 'ഹാംലറ്റ് ആശ' എന്ന പദ്ധതി തുടങ്ങിയിട്ടില്ല. എന്നാൽ ആവശ്യമാണെങ്കിൽ അട്ടപ്പാടി മേഖലയിലും ഈ പരിപാടി വ്യാപിപ്പിക്കുകയും ഗർഭാവസ്ഥയിലുള്ള സ്ത്രീകളുടെയും കുഞ്ഞിന്റെയും ആരോഗ്യസ്ഥിതി മനസ്സിലാക്കിക്കൊണ്ടുള്ള ഇടപെടൽ നടത്തുകയും ചെയ്യും.

ശ്രീ. എസ്. ശർമ്മ: സർ, ആയിരത്തിന് ആറ് എന്ന തോതിൽ ഇന്ത്യയിൽ ഏറ്റവും കുറവ് ശിശുമരണമുള്ള സംസ്ഥാനമാണ് കേരളം. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻതന്നെ അക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതെല്ലാം അംഗീകരിക്കുമ്പോൾത്തന്നെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട വിമർശനം, ആദിവാസി മേഖലയിലും തീരപ്രദേശങ്ങളിലുമാണ് ഏറ്റവും കൂടുതൽ രോഗാതുരർ ഉള്ളതെന്നാണ്. നവജാതശിശുവിന്റെ മരണത്തിന്റെ കാര്യവും അതിന് സ്വീകരിച്ചിട്ടുള്ള നടപടിയെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. രാജ്യത്തെ ആരോഗ്യ ശാസ്ത്രശാഖയുടെ നേട്ടങ്ങളും ഭൗതിക ജീവിത സാഹചര്യങ്ങളും അനുഭവവേദ്യമാകാൻ ഈ പാവങ്ങൾക്ക് പല കാരണങ്ങളാലും കഴിയുന്നില്ല. അതുകൊണ്ട് ഒരു ആദിവാസി കമ്മീഷനെവച്ച് ആദിവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വിശദവും സമഗ്രവുമായ ഒരു പാക്കേജ് തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആദിവാസി മേഖലയെയും തീരപ്രദേശങ്ങളെയും ശ്രദ്ധിക്കേണ്ടതാണെന്ന് ആരോഗ്യവകുപ്പിനറിയാം. 'ഹാംലറ്റ് ആശ' സംവിധാനം ആദിവാസി മേഖലയിൽ മാത്രമല്ല, തീരപ്രദേശത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും അതുപോലൊരു പ്രത്യേക പദ്ധതി ആരോഗ്യവകുപ്പ് സ്വീകരിക്കുന്നതാണ്. അത് ഞങ്ങളുടെ ശ്രദ്ധയിലുള്ള വിഷയമാണ്. ആദിവാസി മേഖലയെക്കുറിച്ച് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്; അവ സംബന്ധിച്ചുള്ള റിപ്പോർട്ടുകളുമുണ്ട്. സമഗ്രമായൊരു റിപ്പോർട്ട് വേണമെങ്കിൽ അതിനെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശ്രദ്ധേയമാണ്. ഐക്യരാഷ്ട്ര സഭയുടെ SDG (Sustainable Development Goal)-യുടെ ഭാഗമായി ആരോഗ്യവകുപ്പ് ഒരു പ്രത്യേക ഗോൾ പ്രഖ്യാപിച്ചിട്ടുണ്ട്. 2020-2030-ഓടെ നമ്മൾ എത്തിച്ചേരേണ്ട ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ട്. മെറ്റേണൽ മോർട്ടാലിറ്റി റേറ്റും ചൈൽഡ് ഇൻഫന്റ് മോർട്ടാലിറ്റി റേറ്റും കുറയ്ക്കുക എന്നതാണ് ആ ലക്ഷ്യം. 12-ൽനിന്ന് 8 ആയി കുറയ്ക്കുന്നതിനാണ് ആദ്യം ആലോചിച്ചത്. എന്നാൽ ഒരു പരിശോധനയിൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറയുന്നത് ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 6 ആയി കുറഞ്ഞിട്ടുണ്ട് എന്നാണ്. ചില പ്രദേശങ്ങളിൽ പരിശോധിക്കുമ്പോൾ അത് ശരിയാണ്. എന്നാൽ ആദിവാസി മേഖലയിലും തീരദേശ മേഖലയിലും ഈ റേറ്റിലേയ്ക്കെത്താൻ ഇനിയും നമ്മൾ പരിശ്രമിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള SDG-യുടെ ഭാഗമായി ശരിയായ രീതിയിൽത്തന്നെ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റും മെറ്റേണൽ മോർട്ടാലിറ്റി റേറ്റും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആദിവാസി കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് എസ്.സി/എസ്.ടി. വകുപ്പുകൂടി ആലോചിക്കേണ്ടതാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും സംയുക്ത പ്രവർത്തനത്തിന്റെ ഫലമായി അട്ടപ്പാടിയിൽ നവജാതശിശുക്കളുടെ മരണനിരക്കിൽ കുറവുവന്നിട്ടുണ്ട്. ഇത് പൊതുസമൂഹം വളരെ ആശാവഹമായ പുരോഗതിയായി കാണുന്നുണ്ട്. അട്ടപ്പാടിയിൽ ആകെ മൂന്ന് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളാണുള്ളത്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെ സിക്കിൾസെൽ അനീമിയ, ജന്മനാലുള്ള ആന്തരാവയവങ്ങളുടെ തകരാറ് എന്നിവ ആദിവാസികളുടെയിടയിൽ ഒരു ജനിതക രോഗമായി വ്യാപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ ശാസ്ത്രീയമായി പരിശോധിച്ച് പ്രതിവിധി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, മൂന്ന് ന്യൂട്രീഷ്യൻ

റീഹാബിലിറ്റേഷൻ സെന്ററുകളാണുള്ളത്. യഥാർത്ഥത്തിൽ SAM വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ മാത്രമാണ് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിൽ താമസിപ്പിച്ച് അവർക്ക് ആവശ്യമുള്ള ആഹാരം കൊടുത്ത് പരിചരിക്കേണ്ടത്. നിലവിലുള്ള മൂന്ന് സെന്ററുകൾ അതിന് പര്യാപ്തമാണ്. അത്രയും കുട്ടികളാണ് അവിടെ വരുന്നത്. അവർക്ക് അവിടെത്തന്നെ കെയർ കൊടുക്കാൻ സാധിക്കുന്നുണ്ട്. അവിടെ വലിയ തിരക്ക് അനുഭവപ്പെടുന്നില്ല; ആവശ്യമാണെങ്കിൽ മാത്രമേ പുതിയ എൻ.ആർ.സി.-കൾ തുടങ്ങേണ്ടതായി വരുന്നുള്ളൂ. സിക്കിൾസെൽ അനീമിയ, വിളർച്ച പോലുള്ള പ്രശ്നങ്ങൾ എന്നിവ വ്യാപകമാകുന്ന കാര്യം ആരോഗ്യവകുപ്പിന്റെ പരിശോധനയിലുണ്ട്. അതൊക്കെ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ജനകീയ ആരോഗ്യ പ്രവർത്തകർ ഒരു പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതുപോലെ യുണിസെഫ് വിദഗ്ദ്ധരുടെ ഒരു റിപ്പോർട്ടുമുണ്ട്. ഈ റിപ്പോർട്ടുകളെല്ലാം പരിശോധിച്ച് അട്ടപ്പാടിയിലെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അട്ടപ്പാടിയിൽ ഇപ്പോൾ ഒരു പ്രത്യേക പാക്കേജുണ്ട്. ഡോ. ഇക്ബാൽ കമ്മിറ്റി റിപ്പോർട്ടും യുണിസെഫ് റിപ്പോർട്ടും അടിസ്ഥാനമാക്കിയാണ് അട്ടപ്പാടിക്കുവേണ്ടിയുള്ള കാര്യങ്ങൾ ആരോഗ്യ, സാമൂഹ്യനീതി വകുപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. പഠന റിപ്പോർട്ടുകൾ ധാരാളമുണ്ട്. ഡോ. ഇക്ബാൽ കമ്മിറ്റി റിപ്പോർട്ട് വളരെ ശാസ്ത്രീയമായ റിപ്പോർട്ടാണ്. അതിനെ പിന്തുടർന്നാണ് നടപടികൾ സ്വീകരിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കേരള മോഡൽ വികസനത്തിന്റെ അടിസ്ഥാനഘടകം വർദ്ധിച്ച ആയുർദൈർഘ്യവും കുറഞ്ഞ ശിശുമരണ നിരക്കുമാണ്. ശൈശവ മരണങ്ങൾ കുറഞ്ഞുവെന്ന് അവകാശപ്പെടുമ്പോഴും അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് കുറയുന്നില്ല. ഇവിടെ ചില മെമ്പർമാർ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കണക്കും എൽ.ഡി.എഫ്. സർക്കാരിന്റെ കണക്കും താരതമ്യപ്പെടുത്തി പറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചു; ഇപ്പോഴും സ്വീകരിക്കുന്നുണ്ട്. ആദിവാസി അമ്മമാർ നമ്മുടെ കൺസെപ്റ്റിൽ വരുന്നില്ല. അവർക്കാവശ്യമായ ഭക്ഷണം, ഗർഭിണികളുടെ

ആരോഗ്യ പരിചരണം എന്നിവ അവരുടേതായ ജീവിതരീതിക്കനുസരിച്ച് പോയാലേ പറ്റുകയുള്ളൂ. ഈ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് പൂർണ്ണമായും ദേശീയ നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണിത്. ആദിവാസി മേഖലയിൽ മറ്റ് മേഖലകളിൽ സ്വീകരിക്കുന്ന അതേ രീതിയിലുള്ള നടപടികൾ സ്വീകരിക്കാൻ കഴിയില്ല. അവർക്ക് അവരുടേതായ ചില ശീലങ്ങളും രീതികളുമെല്ലാമുണ്ട്. അതുകൂടി മനസ്സിലാക്കിയാണ് 'ഊരുമിത്രം ആശ' എന്ന പദ്ധതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്. ആരോഗ്യമേഖലയിൽ വലിയ നേട്ടങ്ങളുണ്ടാകുമ്പോഴും ആദിവാസി-തീരദേശ മേഖലയിലെ പോരായ്മ വലിയ പ്രശ്നമായി നിലനിൽക്കുകയാണ്. ഇതിനായി കൂട്ടായ പരിശ്രമം നടത്തണം. കേരളാ മോഡലിന് ഒരപമാനമായി ചിലപ്പോൾ ഇത് വന്നേയ്ക്കാം. അതുകൊണ്ടാണ് ഇത്തരം പരിശ്രമങ്ങൾ നടത്തുന്നത്. അതിന് എല്ലാവരുടെയും പിന്തുണ ആവശ്യമാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഇന്ത്യൻ ഭരണഘടനയനുസരിച്ച് എല്ലാ പൗരന്മാർക്കും അർഹമായ ചികിത്സാ സൗകര്യങ്ങൾ ലഭിക്കും. ഷെഡ്യൂൾഡ് കാസ്റ്റ്സ്, ഷെഡ്യൂൾഡ് ട്രൈബ്സ്, ആദിവാസികൾ എന്നീ വിഭാഗങ്ങൾക്ക് കൂടുതൽ പരിഗണന ലഭ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇവിടെ നവജാത ശിശുക്കളുടെ മരണം ഏറ്റക്കുറച്ചിലുകളോടെ നടക്കുന്നു. അതിന് പരിഹാരം കാണുന്നില്ല. തിരുവനന്തപുരത്തെ എസ്.എ.ടി. പോലൊരു ആശുപത്രി അട്ടപ്പാടിയിൽ സ്ഥാപിക്കുന്നതിന് എന്താണ് തടസ്സം; ഇവിടെ ലഭിക്കുന്നതു പോലുള്ള ചികിത്സയ്ക്ക് അവരും അർഹരല്ലേ? എസ്.എ.ടി. പോലൊരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അട്ടപ്പാടിയിൽ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അട്ടപ്പാടിയിലെ ചികിത്സാ സൗകര്യങ്ങൾ ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചർ മന്ത്രിയായിരിക്കുമ്പോഴാണ് അട്ടപ്പാടിയിലെ കോട്ടത്തറ ആശുപത്രി വിപുലീകരിക്കാനുള്ള നടപടി സ്വീകരിച്ചത്. അതിനുശേഷം വന്ന യു.ഡി.എഫ്. സർക്കാരും ആ ആശുപത്രി നവീകരിക്കുന്നതിന് ഇടപെട്ടിട്ടുണ്ട്. കോട്ടത്തറ ആശുപത്രിയെ നല്ലൊരു ആശുപത്രിയാക്കി മാറ്റാൻ സാധിച്ചു. ഇപ്പോൾ അവിടെ നല്ല ചികിത്സാസൗകര്യം ലഭ്യമാക്കുന്നുണ്ട്. ആശുപത്രിയുടെ രണ്ടാം നിലയുടെ പണി പൂർത്തിയായിട്ടുണ്ട്.

എസ്.എ.ടി. എന്നുപറയാൻ സാധിക്കില്ലെങ്കിലും സ്പെഷ്യാലിറ്റി സൗകര്യങ്ങളെല്ലാം അവിടെയുണ്ട്. ആ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി വികസിപ്പിക്കാൻ ശ്രമിക്കാം.

ഡോ. എം. കെ. മുനീർ: സർ, അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി കണ്ടെത്തിയ ഒരു ആപ്ലിക്കേഷനാണ് ജനനി ജാതക്. Moderate Acute Malnutrition-ഉം (MAM), Severe Acute Malnutrition-ഉം (SAM) ആയിട്ടുള്ള കുട്ടികളെ കണ്ടെത്തുന്നതിന് വേണ്ടിയുള്ളതാണിത്. അവിടത്തെ അങ്കണവാടിയെയും ആരോഗ്യ വകുപ്പിനെയും ക്രോഡീകരിച്ചുകൊണ്ട് കൃത്യമായി മോണിറ്റർ ചെയ്യുകയാണെങ്കിൽ ഇത് കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. ഓരോ ദിവസവും എത്രപേർ പരിശോധിച്ചു, ആരെല്ലാം Severe-ൽ നിന്നും മോഡറേറ്റിലേയ്ക്ക് മാറി എന്നെല്ലാം കണ്ടുപിടിക്കാനുള്ള സംവിധാനമുണ്ട്. ഇതിനായി മന്ത്രിയുടെ ഓഫീസിൽ നിന്നുതന്നെ മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. ഇവിടെ പറഞ്ഞതുപോലെ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് two digit-ൽ നിന്നും one digit-ലേയ്ക്ക് പെട്ടെന്നെത്തിയതല്ല; കഠിന പ്രയത്നങ്ങളിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. സർക്കാരുകൾ ഇവിടെ എന്തുചെയ്തു എന്നുള്ളതല്ല ചർച്ച ചെയ്യേണ്ടത്. അന്ന് യുണിസെഫുമായി ചേർന്ന് കണ്ടെത്തിയ ഏറ്റവും നല്ല സോഫ്റ്റ്‌വെയറാണിത്. മുൻസർക്കാരിന്റെ പിന്തുടർച്ചയെന്ന നിലയിൽ, അത് കൃത്യമായി മന്ത്രിയുടെ ഓഫീസ് ലെവലിൽ നിന്ന് മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ജാതക് എന്നാൽ നവജാത ശിശു; ജനനി എന്നത് അമ്മയാണ്. ഇതുരണ്ടും നന്നായി മോണിറ്റർ ചെയ്യാൻ കഴിയുന്ന സിസ്റ്റമാണത്. അതിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലായിരുന്നു.

ഡോ. എം. കെ. മുനീർ: സർ, ഈ സോഫ്റ്റ്‌വെയർ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ടുപിടിച്ചതാണ്. അന്നത് കൃത്യമായി മോണിറ്റർ ചെയ്ത മന്ത്രിയായിരുന്നു ഞാൻ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാനതിൽ അവകാശമൊന്നും ഉന്നയിക്കുന്നില്ല. ജാതക് ജനനി ഈ സർക്കാർ കൊണ്ടുവന്നതാണെന്ന് പറഞ്ഞ് തർക്കിക്കാനല്ല ഞാൻ പറയുന്നത്. അങ്ങയുടെ ചോദ്യത്തിന്റെ മറുപടിയാണ് ഞാൻ പറഞ്ഞത്. മന്ത്രിതലത്തിൽ ഇതിന്റെ മോണിറ്ററിംഗ് ശക്തമാക്കിയിട്ടുണ്ട്. എല്ലാ ആഴ്ചയും റിപ്പോർട്ട് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ജാതക് ജനനി സംവിധാനം നിങ്ങളുടെ കാലത്ത് ആരംഭിച്ചതാണെങ്കിലും അത് യു.ഡി.എഫ്.-ന്റെ പദ്ധതിയായി അവസാനിപ്പിക്കാനല്ല തീരുമാനിച്ചത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ നിയോജകമണ്ഡലത്തിലെ

അതിരപ്പിള്ളി പഞ്ചായത്തിൽ 16 ആദിവാസി ഊരുകൂട്ടങ്ങളുണ്ട്. അവിടെ ചികിത്സാ സൗകര്യങ്ങൾ വളരെ കുറവാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് മലക്കപ്പാറയിൽ ആരംഭിച്ച ഒ.പി. ക്ലിനിക്കും ആരോഗ്യ വകുപ്പ് ആരംഭിച്ച മൊബൈൽ ക്ലിനിക്കും ആശ്വാസമേകുന്നതാണ്. മൂന്ന് വർഷങ്ങൾക്കുമുമ്പ് ജഡ്ജിമാരുടെ ഒരു സംഘം ഈ മേഖല സന്ദർശിച്ച് ഇവിടെ കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. മലക്കപ്പാറ പോലെയുള്ള പ്രദേശങ്ങളിൽ ആദിവാസികൾക്ക് മാരകമായ അസുഖങ്ങൾ ബാധിച്ചാൽ 90 കി.മീറ്റർ സഞ്ചരിച്ച് ചാലക്കുടി താലൂക്ക് ആശുപത്രിയിൽ എത്തിച്ചേരണം. അതുകൊണ്ട് ഈ ആദിവാസി മേഖലയിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും ആദിവാസി മേഖലയിലെ സബ്സെന്ററുകളും പ്രൈമറി ഹെൽത്ത് സെന്ററുകളും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആദിവാസിക്ഷേമ വകുപ്പും ഇപ്പോൾ അക്കാര്യത്തിൽ നന്നായി സഹകരിക്കുന്നുണ്ട്. അതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് വരുംദിവസങ്ങളിൽ ഈ ആശുപത്രികളാകെ മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ അട്ടപ്പാടിയിൽ മൂന്ന് ശിശുമരണങ്ങളുണ്ടായി. 6/5-നും 10/5-നും 21/5-നും ഓരോ കുട്ടികൾവീതം മരണപ്പെടുകയുണ്ടായി. നേരത്തെ അട്ടപ്പാടിയിലെ ശിശുമരണങ്ങൾ നമുക്ക് നിയന്ത്രിക്കാൻ സാധിച്ചിരുന്നു. ഇപ്പോൾ മേയ് മാസത്തിൽ മൂന്ന് ശിശുമരണം തുടരെത്തുടരെയുണ്ടായി. ഇതുസംബന്ധിച്ച് മന്ത്രി എന്തെങ്കിലും റിപ്പോർട്ട് തേടിയിട്ടുണ്ടോ? ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിന് ചില വീഴ്ചകളുണ്ടായതായാണ് ഞാൻ മനസ്സിലാക്കുന്നത്. ആ വീഴ്ചകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെ, അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ഏറ്റവും കൂടുതലുണ്ടാകുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. മഴയും പ്രതികൂല കാലാവസ്ഥയും ഒരു പ്രധാന ഘടകമാണ്. ആശുപത്രിയിലെത്താനുള്ള പ്രയാസങ്ങളും എന്തെങ്കിലും അപകടകരമായ സാഹചര്യവുമുണ്ടാകുമ്പോൾ ആരോഗ്യ പ്രവർത്തകർക്ക് ഊരുകളിലെത്തിപ്പെടാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. ഇത് പരിഹരിക്കാൻ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രത്യേക നടപടികൾ

സ്വീകരിക്കുമോ; മറ്റൊരു കാര്യം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച എൻ.ആർ.സി.-കൾ പൂട്ടിയിരിക്കുകയാണ്. മൂന്നെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് പറയുന്നത് ശരിയല്ല. തൂക്കക്കുറവുള്ള നൂറിൽത്താഴെ കുട്ടികൾ ഇപ്പോഴുമുണ്ട്. കഴിഞ്ഞ സർക്കാർ ശക്തമായ നടപടികൾ അന്ന് സ്വീകരിച്ചിരുന്നു. മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി മൂന്ന് തവണ അട്ടപ്പാടി മേഖല സന്ദർശിക്കുകയും ഈ നടപടികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുട്ടികളുടെ മരണസംഖ്യ പറഞ്ഞ് രാഷ്ട്രീയം കളിക്കാൻ ആരോഗ്യവകുപ്പോ ഈ സർക്കാരോ തയ്യാറല്ല. അവിടെയുണ്ടായ മൂന്ന് മരണങ്ങളുടെയും കൃത്യമായ കണക്കെടുത്തിട്ടുണ്ട്. അതിലൊരു കുട്ടി ജനിക്കുമ്പോൾത്തന്നെ മരിച്ചുപോയതാണ്. മറ്റൊന്ന്, ആശുപത്രിയിൽ പ്രസവിച്ച് വീട്ടിൽ പോയതിനുശേഷം മരണപ്പെട്ടതാണ്. ആ കുട്ടി ജനിക്കുമ്പോൾതന്നെ ഭാരക്കുറവുണ്ടായിരുന്നു; അതിനാലാണ് മരണപ്പെട്ടത്. അക്കാര്യങ്ങളെല്ലാം ആരോഗ്യവകുപ്പ് വ്യക്തമായി പരിശോധിച്ചിട്ടുണ്ട്. ജനിക്കുന്നതിന് മുമ്പുതന്നെ പരിശോധന നടത്തിയിട്ടുണ്ട്. എല്ലാ വ്യക്തമായ വിവരവും ജെ.പി.എച്ച്.എൻ.-മാരുടെ ഇലക്ട്രോണിക് റെക്കോർഡിലുണ്ട്. ശിശുമരണ നിരക്ക് പൂജ്യമാക്കണമെന്ന് ആഗ്രഹമുണ്ട്; എന്നിട്ടും ഇങ്ങനെ സംഭവിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ് അട്ടപ്പാടിക്ക് പ്രത്യേക പരിഗണന കൊടുക്കാൻ ആഗ്രഹിക്കുന്നത്. എൻ.ആർ.സി.-കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കും. ഒരു എൻ.ആർ.സി. നന്നായി പ്രവർത്തിക്കുന്നുണ്ട്; പക്ഷെ അവിടെ വലിയ തിരക്കില്ല. നമ്മളൊരുമിച്ച് ആ സ്ഥലം സന്ദർശിച്ചതാണ്. അവിടെ ഇനിയും കുട്ടികളെ ഉൾക്കൊള്ളിക്കാൻ സാധിക്കും. SAM വിഭാഗത്തിൽപ്പെട്ടവരെയാണ് അവിടെ അഡ്മിറ്റ് ചെയ്യേണ്ടത്, അതിനൊരു തടസ്സവുമില്ല. ഏതായാലും കൂടുതൽ ശിശുമരണങ്ങൾ ഉണ്ടാകരുതെന്ന് തന്നെയാണ് സർക്കാരിന്റെ ആഗ്രഹം. ഇനിയൊരു മരണമുണ്ടാകാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അവിടെ പ്രത്യേക പരിചരണം കൊടുക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി ബഹുമാനപ്പെട്ട എം.എൽ.എ. ഷംസുദ്ദീൻ ചെയർമാനും ഒറ്റപ്പാലം സബ്കളക്ടർ കൺവീനറുമായി ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു ജനകീയ സമിതി അവിടെയുണ്ട്. എല്ലാ മാസവും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ കമ്മിറ്റി ചേരുന്നുണ്ടെന്നാണ്

എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്തെങ്കിലും പ്രശ്നം അവിടെയുണ്ടെങ്കിൽ ജനകീയസമിതി അതിന്റെ മേൽനോട്ടം വഹിക്കേണ്ടതായിട്ടുണ്ട്. കോട്ടത്തറ ആശുപത്രി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്പെഷ്യലൈസ്ഡ് ആശുപത്രിയായതാണ്. അതിന്റെ പ്രവർത്തനം ഇടയ്ക്ക് പിന്നോട്ടുപോയെങ്കിലും ഇപ്പോൾ വീണ്ടും ശക്തിപ്പെട്ടുവരികയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും പങ്കെടുത്തുകൊണ്ട് ഒരു പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം ഉടനെ നടത്തുന്നുണ്ട്. എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ നല്ലൊരു ആശുപത്രിയാണത്. ജൂൺ-ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലാണ് മരണനിരക്ക് കൂടുതലായി കാണുന്നത്, ഇത് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. സ്റ്റേറ്റ് ആവറേജ് 12% ആണ്. അത് 6-7 ശതമാനംവരെ ആക്കി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുചേർത്തശേഷം എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ആ കാര്യം പരിശോധിക്കാം. എന്നാൽ പരിപൂർണ്ണമായ ഉത്തരവാദിത്വം ജനകീയ കമ്മിറ്റിക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: 603-ാം നമ്പർ ചോദ്യവുമായി 623-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ക്ലബ്ബിംഗിനുവേണ്ടിയുള്ള അഭ്യർത്ഥന നേരത്തെ നൽകണം. മാത്രവുമല്ല ചോദ്യങ്ങൾ വ്യത്യസ്തവുമാണ്. അതുകൊണ്ട് ക്ലബ്ബിംഗ് അംഗീകരിക്കുന്നില്ല.

**അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

3 (* 603) ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. ബി. സത്യൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള റോഡ്, തുറമുഖ, റെയിൽ, വ്യോമ ഗതാഗത വികസന പദ്ധതികൾ ഏതെല്ലാമാണ്;

(ബി)ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) 2006-2011 കാലത്ത് പൂർത്തീകരണത്തോട് അടുത്തിരുന്നതും എന്നാൽ മുൻസർക്കാരിന്റെ കാലത്ത് മുടങ്ങിപ്പോയതുമായ ദേശീയ ജലപാത നിർമ്മാണം പുനരാരംഭിച്ച് പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ദേശീയ ജലപാതയും അനുബന്ധ സംസ്ഥാന ജലപാതകളും

വിപുലീകരിച്ച് ചരക്ക് യാത്രാ ഗതാഗതം ഗണ്യമായ തോതിൽ ആരംഭിക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ & ബി) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള തുറമുഖ-റെയിൽ-വ്യോമ ഗതാഗത വികസന പദ്ധതികളുടെ വിശദാംശങ്ങളും നിലവിലുള്ള സ്ഥിതിയുടേയും ചെറുവിവരണം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ദേശീയ ജലപാതയും അനുബന്ധ സംസ്ഥാന ജലപാതകളും വിപുലീകരിച്ച് ചരക്ക് യാത്രാ ഗതാഗതം ഗണ്യമായ തോതിൽ തുടങ്ങുന്നതിനായി ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്ന സുപ്രധാന പദ്ധതിയാണ് വിഴിഞ്ഞം പദ്ധതി. ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുള്ള സി.ആന്റ് എ.ജി. റിപ്പോർട്ട് ഞെട്ടിപ്പിക്കുന്നതാണ്. വിഴിഞ്ഞം കരാർ ഒപ്പുവച്ചപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിലെ ജനങ്ങളുടെ മുന്നിൽ പ്രകടിപ്പിച്ച ആശങ്ക പൂർണ്ണമായും ശരിവയ്ക്കുന്നതാണ് സി. ആന്റ് എ.ജി റിപ്പോർട്ട്. സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?

ശ്രീ. പിണറായി വിജയൻ: സർ, വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് സി. ആന്റ് എ.ജി. സമർപ്പിച്ച റിപ്പോർട്ട് അതീവഗൗരവമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. അത്തരമൊരു പരിശോധനാ സംവിധാനം ഏർപ്പെടുത്തുമെന്നാണ് ഇപ്പോൾ അതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം വർഷങ്ങളായി നിലച്ചുപോയ ഹൈവേ വികസനമാണ്. അക്കാര്യത്തിൽ വളരെ ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. കാസർഗോഡ്, കണ്ണൂർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജില്ലകളിലെ നാഷണൽ ഹൈവേയുടെ ടെണ്ടർ നടപടി ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് അറിഞ്ഞത്, ആ ടെണ്ടർ നടപടികൾ എന്തായി; മറ്റൊന്ന്, ഇതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ഫൈനലൈസ് ചെയ്തിട്ടുണ്ടോ; അവിടെ ഭൂമി നഷ്ടപ്പെട്ടവർക്കും കടകൾ നഷ്ടപ്പെട്ട് ജീവസന്ധാരണ മാർഗ്ഗങ്ങൾ ഇല്ലാതായവർക്കും മതിയായ നഷ്ടപരിഹാരം പ്രതിമാസം നൽകാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഭൂമി ഏറ്റെടുക്കുമ്പോൾ പ്രയാസങ്ങളുണ്ടാകുന്നവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ളത് തന്നെയാണ് സർക്കാരിന്റെ നയം. അതിന്റെ ഭാഗമാണ് ഇപ്പോഴത്തെ നഷ്ടപരിഹാര പാക്കേജ്. അതിൽ കാലാനുസൃതമായ മാറ്റങ്ങൾ എന്തെങ്കിലും വേണ്ടതുണ്ടെങ്കിൽ അത് വരുത്തുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, അടിസ്ഥാന സൗകര്യവികസനത്തിനായി പ്രഖ്യാപിക്കുകയും നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന പദ്ധതികളെ സ്വാഗതം ചെയ്യുന്നു. കാസർഗോഡ്-തിരുവനന്തപുരം പാത 45 മീറ്റർ വീതിയാക്കി പാതയിരട്ടിപ്പിക്കൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു എന്നാണറിയുന്നത്. ദേശീയപാത വികസനം എന്നത് വർഷങ്ങളായുള്ള ജനങ്ങളുടെ ആഗ്രഹമാണ്. ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ത്വരിതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചിലയിടങ്ങളിൽ സ്ഥലമെടുപ്പ് ബാക്കിയുണ്ട്; അടിയന്തരമായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. അക്കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേയുടെ നീളം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള വികസന നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; എന്തൊക്കെ വികസന പദ്ധതികളാണ് നിലവിൽ നടത്താനുദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയാണ് തീരുമാനിക്കുന്നത്. അവർക്ക് അതുസംബന്ധിച്ച കൃത്യമായ ധാരണകളുണ്ട്. പക്ഷെ അതിനാവശ്യമായ ഭൂമിയില്ല എന്നതാണ് പ്രശ്നം. ഭൂമി ഏറ്റെടുത്തു കൊടുത്താൽ മാത്രമേ വികസനപദ്ധതി പ്രാവർത്തികമാക്കാൻ കഴിയൂ. ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് അവരാവശ്യപ്പെടുന്നുണ്ട്. അവിടെ നേരത്തെ

യുണ്ടായിരുന്ന തടസ്സങ്ങളൊഴിവാക്കി ഭൂമി ഏറ്റെടുക്കാനുള്ള ശ്രമങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ : സർ, കോഴിക്കോട് വിമാനത്താവളത്തോടൊപ്പം തന്നെ തിരുവനന്തപുരം വിമാനത്താവളവും വളരെയധികം ഭീഷണി നേരിടുന്നുണ്ട്. സ്ഥലം ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ നിലച്ചുപോകുന്ന അവസ്ഥയുണ്ട്. പുതിയ വിമാനത്താവളങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ, നിലവിലുള്ള ഈ രണ്ട് വിമാനത്താവളങ്ങളുടേയും നവീകരണത്തിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അക്വിസിഷൻ നടപടികൾ വേഗത്തിലാക്കി അടിയന്തരമായി വികസനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിലവിലുള്ള വിമാനത്താവളം നേരത്തെയുള്ള ആവശ്യങ്ങൾക്കനുസരിച്ച് നിർമ്മിച്ചതാണ്. ആ വിമാനത്താവളത്തിന്റെ സ്ഥിതിയല്ല ഇപ്പോഴുള്ളത്. ഇപ്പോൾ വിമാനങ്ങളുടേയും യാത്രക്കാരുടേയും എണ്ണം കൂടുതലാണ്. അതിനനുസരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെങ്കിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടത്തുമ്പോൾ വലിയതോതിലുള്ള എതിർപ്പ് ജനങ്ങളിൽനിന്ന് സ്വാഭാവികമായുമുണ്ടാകും. ഇക്കാര്യങ്ങളൊക്കെ ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ എല്ലാ ഭാഗത്തുനിന്നുമുണ്ടാകണം. അതിന് ഭരണ-പ്രതിപക്ഷ വേർതിരിവില്ലാതെ ഉത്തരവാദപ്പെട്ട എല്ലാവരും സഹകരിക്കണം. ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഒരു യോഗം വിളിച്ചെങ്കിലും തുടർനടപടികളായിട്ടില്ല. അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കി മുന്നോട്ടു പോകണമെന്നാണ് ഞാനെടുത്ത സമീപനം പ്രദേശവാസികൾക്ക് ശക്തമായ എതിർപ്പാണുള്ളത്. മുഖ്യമന്ത്രി ചർച്ച നടത്തിയെന്നുള്ളത് ശരിയാണ്, പക്ഷേ തുടർനടപടികളുണ്ടായില്ല എന്നുള്ളതാണ് അറിയിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ കളക്ടറാണ് ചെയ്യേണ്ടത്. നടപടികൾ ആരംഭിച്ചപ്പോൾത്തന്നെ അവിടെ ശക്തമായ എതിർപ്പ് വന്നതിനാൽ ഏറ്റെടുക്കൽ നടപടികൾ തുടരാൻ പറ്റാത്ത അവസ്ഥ കളക്ടർക്ക് വന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും അത് ഉപേക്ഷിക്കാൻ

സാധിക്കുന്ന കാര്യമല്ല. സർക്കാരിന് അതിന്റേതായ നടപടികളിലേയ്ക്ക് കടക്കേണ്ടതായി വരും. സംഘർഷാവസ്ഥയിലൂടെയല്ലാതെ സഹകരണത്തിലൂടെ ഭൂമി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഉത്തരവാദപ്പെട്ട ജനപ്രതിനിധികളടക്കം ആ പ്രക്ഷോഭത്തിൽ അണിനിരന്നുവെന്ന് കാണുന്നുണ്ട്. യഥാർത്ഥത്തിൽ അതൊന്നും ശരിയായ സമീപനമല്ല. ആ സമീപനത്തിൽ തിരുത്തൽ വേണമെന്നാണ് ഞാനുദ്ദേശിച്ചത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ദേശീയ ജലപാതയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പൊന്നാനി-കൊച്ചി കനാൽ, വികസനത്തിന്റെ മാത്രമല്ല ശുചീകരണ പ്രശ്നങ്ങൾകൂടി നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് നാളെ ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. 'ഹരിതകേരളം' മിഷനിൽ ഉൾപ്പെടുത്തി, മലിനീകരണ വിമുക്തമാക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നുണ്ടെന്നത് ശ്രദ്ധേയമാണ്. കനോലി കനാലിന്റെ വിപുലീകരണത്തിനൊപ്പം പൊന്നാനി-കൊച്ചി കനാലിന്റെ ശുചീകരണത്തിനും ഊന്നൽ നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ദേശീയ ജലപാത തിരുവനന്തപുരം മുതൽ നീലേശ്വരം വരെ പോകുന്നതുകൊണ്ട് അതിനിടയ്ക്കുള്ള ഓരോ ഭാഗവും ഓരോരുത്തരും താല്പര്യപൂർവ്വം ഏറ്റെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അങ്ങനെ ചെയ്താൽ അത് പൂർത്തിയാകില്ല. പൂർത്തിയാകണമെങ്കിൽ തുടർച്ചയായി കാര്യങ്ങൾ നടക്കേണ്ടതുണ്ട്. അതിനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ ഒരു പ്രത്യേക സംവിധാനമൊരുക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ദേശീയ ജലപാത യാഥാർത്ഥ്യമാക്കാനുള്ള നടപടികളിലേയ്ക്കാണ് നീങ്ങുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ദേശീയ ജലപാത ഒരു സ്വപ്ന പദ്ധതിയാണ്. അത് തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച് കാസർഗോഡ് അവസാനിപ്പിക്കാനാണ് ആലോചന എന്നറിയുന്നു. അത് നേരെ തിരിച്ചായിക്കൂടേ എന്നാണ് എന്റെ ചോദ്യം. കാരണം, ബാക്കി എല്ലാ കാര്യങ്ങളിലും നമുക്ക് കാസർഗോഡിനോടാണ് ഇഷ്ടവും താല്പര്യവും. നമ്മുടെ നാടിന്റെ ശ്രദ്ധ ആകർഷിച്ച പല യാത്രകളും അതായത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ 'നവകേരള യാത്ര', ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടത്തിയ 'വികസന യാത്ര', ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നടത്തിയ 'കേരള യാത്ര', ഡോ. എം. കെ. മുനീർ നടത്തിയ 'യുവജനയാത്ര', നാളെ തിരുവനന്തപുരത്തെത്തുന്ന യൂത്ത് കോൺഗ്രസിന്റെ 'യൂത്ത് മാർച്ച്' ഇതൊക്കെ ആരംഭിക്കുന്നത് കാസർഗോഡ് നിന്നാണ്. അങ്ങനെ ജാഥകളും

പ്രക്ഷോഭങ്ങളും ആരംഭിക്കാൻ മാത്രം കാസർഗോഡ് വേണം, വികസനം വരുമ്പോൾ കാസർഗോഡ് വേണ്ട എന്ന നിലപാട് മാറ്റണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ഒരു സമതുലനാവസ്ഥ വേണമെന്നാണ് സർക്കാർ കാണുന്നത്. നാഷണൽ ഹൈവേ വികസനം ആരംഭിക്കുന്നത് കാസർഗോഡ് നിന്നാണ്. ദേശീയ ജലപാത ഇവിടെനിന്ന് അങ്ങോട്ടാകാമെന്നാണ് കരുതുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പൊതുവികസനാവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് താമസം നേരിടുന്നുണ്ട്. പുതിയ കേന്ദ്ര നിയമപ്രകാരം കുറേ പ്രശ്നങ്ങളുണ്ടെങ്കിലും നെഗോസിയേഷൻ പർച്ചേസിൽ ഭൂമി ഏറ്റെടുക്കുന്നത് വേഗത്തിലാക്കാനുള്ള നടപടികൾക്കുള്ള ഉത്തരവുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ നാം പ്രതീക്ഷിക്കുന്നത്ര വേഗതയുണ്ടാകുന്നില്ല എന്നൊരു പൊതുപരാതി എല്ലാക്കാലത്തും ഉയർന്നുവരാറുള്ളതാണ്. അക്കാര്യത്തിൽ കുറച്ച് വസ്തുതയുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് അനാവശ്യമായ ഒട്ടേറെ സാങ്കേതിക കാര്യങ്ങളുണ്ട്. അവ വേഗം തീർക്കാൻ കഴിയുന്നതാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ അതിൽ എത്ര വീടുകൾ വരും; എത്ര സ്ഥലമാണുള്ളത്; എത്ര ആളുകളെ ഒഴിപ്പിക്കേണ്ടിവരും എന്നീ കാര്യങ്ങളൊക്കെ വേഗത്തിൽ പഠിക്കാൻ കഴിയുന്നതാണ്. പക്ഷേ ആർക്കും മനസ്സിലാകാത്ത ചില പഠനങ്ങൾ പറഞ്ഞ് മുന്നോട്ടുപോകുന്ന അവസ്ഥ പലപ്പോഴുമുണ്ടാകാറുണ്ട്. അങ്ങനെയാണ് ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം വരുന്നത്. അത് പൂർത്തിയാക്കിക്കൊടുത്താൽ മാത്രമേ കാര്യങ്ങൾ നടപ്പാക്കാൻ കഴിയൂ. ഏതായാലും ഇത്തരം കാര്യങ്ങളിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നതിന്റെ ഭാഗമായി സമയബന്ധിതമായി ഭൂമി ഏറ്റെടുക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഉത്തര മലബാറിന്റെ വികസനത്തിന് ഏറ്റവും അത്യാവശ്യമാണ് തലശ്ശേരി-മൈസൂർ റെയിൽവേ. ഈയടുത്ത കാലത്ത് അതുസംബന്ധിച്ച് പ്രതികൂലമായ ചില റിപ്പോർട്ടുകൾ വന്നത് ജനങ്ങളിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായും കർണ്ണാടക സർക്കാരുമായും ആലോചിച്ച് ടണൽ സൗകര്യവും വിമാനത്താവളത്തിന്റെ സാധ്യതകളും ഉപയോഗപ്പെടുത്തി, തലശ്ശേരി-മൈസൂർ റെയിൽവേ യാഥാർത്ഥ്യമാക്കാനും തലശ്ശേരി-മൈസൂർ, കണ്ണൂർ-മൈസൂർ

റോഡുകൾ നാഷണൽ ഹൈവേയാക്കാനുമുള്ള അടിയന്തര നടപടികൾ കേരളത്തിന്റെ വികസനം ലക്ഷ്യംവച്ചുകൊണ്ട് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തലശ്ശേരി-മൈസൂർ റെയിൽവേ ഞാൻ കുഞ്ഞായിരിക്കുന്ന കാലം മുതൽക്കേ കേൾക്കുന്നതാണ്. എല്ലാക്കാലത്തും അതിന് തടസ്സം മാത്രമേ കേട്ടിട്ടുള്ളൂ. ഇപ്പോൾ അനുകൂലമായ നിലയാണുള്ളത്. അതുകൊണ്ട് അത്തരമൊരു ആശങ്കയുണ്ടാകേണ്ടതായിട്ടില്ല. കർണ്ണാടകത്തിൽനിന്നും അനുകൂലമായ പ്രതികരണം തന്നെയാണ് വന്നിട്ടുള്ളത്. അത് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. റോഡിന്റെ കാര്യം എന്താണെന്നുള്ളത് പരിശോധിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, തിരുവനന്തപുരം-കണ്ണൂർ ഹൈസ്പീഡ് റെയിൽവേ കോറിഡോർ പ്രാവർത്തികമാക്കുമോ; അതിന്റെ സാധ്യതാപഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയുടെ മുതൽമുടക്കാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഹൈസ്പീഡ് റെയിൽവേ കോറിഡോറിന് ഒരു പ്രൊപ്പോസലുണ്ടെന്നുള്ളത് വസ്തുതയാണ്. ആ വിഷയം പഠനത്തിലാണ്. അതുമായി ബന്ധപ്പെട്ട സർക്കാർ നടപടികളൊന്നും ഇപ്പോൾ ആരംഭിച്ചിട്ടില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, അടിസ്ഥാന സൗകര്യവികസനത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി ഇന്ന് നമ്മുടെ രാജ്യത്തിന് അഭിമാനമാകുന്ന വിധത്തിൽ മാറിയിരിക്കുകയാണ്. അതിന്റെ ആദ്യഘട്ടം, ആലുവ മുതൽ പേട്ട വരെയും പിന്നീട് തൃപ്പൂണിത്തുറ വരെയും രണ്ടാം ഘട്ടം കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുമാണ്. കാക്കനാട് വരെയുള്ള രണ്ടാമത്തെ ഘട്ടം ഏറ്റവും കൂടുതൽ ഫിനാൻഷ്യൽ വയബിലിറ്റി സ്റ്റഡീസ് പറഞ്ഞിട്ടുള്ളതാണ്. ഇൻഫോ പാർക്കിൽനിന്നും ഏറ്റവുമധികം ജീവനക്കാർ വരാൻ സാധ്യതയുള്ള ഒരു ഫെയ്സാണത്. ഈ ഫെയ്സിന്റെ ഡി.പി.ആർ. തയ്യാറാക്കി നൽകി പത്ത് മാസം കഴിഞ്ഞിട്ടും കേന്ദ്ര സർക്കാരിൽനിന്ന് ഫൈനൽ ക്ലിയറൻസ് ഇതുവരെ കിട്ടിയിട്ടില്ല. അതുമായി ബന്ധപ്പെട്ട് നമുക്ക് വീഴ്ചയെന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ; രണ്ടാം ഘട്ടത്തിന്റെ അംഗീകാരം കിട്ടാൻ താമസമുണ്ടാകുന്നത് ഈ പ്രോജക്ട് ഡിലേയാകാൻ കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ രണ്ടാം ഘട്ടം നടപ്പാക്കണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, ദേശീയ ജലപാതയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട

ഒരു വിഷയം ഭൂമികയ്യേറ്റങ്ങളാണ്. കയ്യേറ്റം ഒഴിപ്പിച്ചാൽ, അവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെങ്കിലും പാക്കേജുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സർക്കാർ ഭൂമി കയ്യേറിയാൽ അതിന് പുനരധിവാസം ബാധകമാകുമെന്ന് തോന്നുന്നില്ല. യഥാർത്ഥത്തിൽ വീടില്ലാത്തവർക്ക് വീട് കൊടുക്കുന്ന പദ്ധതിയായ 'ലൈഫ്' -ന്റെ ഭാഗമായി അവർക്കുംകൂടി വീട് കൊടുക്കേണ്ടിവരും. സർക്കാരിന്റെ ഭൂമി ആരെങ്കിലും കയ്യേറിയാൽ അതിന് നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുമോ; ആ ഭൂമി ഏറ്റെടുക്കുമ്പോൾ അതിന് നഷ്ടപരിഹാരം കൊടുക്കാൻ സർക്കാരിന് കഴിയില്ല. അങ്ങനെയൊരു സമ്പ്രദായം സാധാരണ ഗതിയിലില്ല. തെറ്റായ കീഴ്‌വഴക്കങ്ങളൊന്നും നമുക്കുണ്ടാക്കാൻ കഴിയില്ല. വീടില്ലാത്തവരാണെങ്കിൽ സ്വാഭാവികമായും അവർക്ക് വീട് അനുവദിക്കേണ്ടി വരും; 'ലൈഫ്' പദ്ധതിയിൽ വീട് അനുവദിച്ചുകൊടുക്കുകയും ചെയ്യും.

### സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി. കോഴ്സിന്റെ ഫീസ്

4 (*604) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി.കോഴ്സിന് എത്ര രൂപ ഫീസ് ഈടാക്കാനാണ് മാനേജ്മെന്റുകൾക്ക് സർക്കാർ അനുമതി നൽകിയത്; ക്ലിനിക്കലും നോൺ-ക്ലിനിക്കലും കോഴ്സുകളുടെ ഫീസ് നിരക്ക് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) 2016-ൽ സർക്കാർ സീറ്റിലും മാനേജ്മെന്റ് സീറ്റിലും എൻ.ആർ.ഐ. സീറ്റിലും എത്ര രൂപയായിരുന്നു മേൽപ്പറഞ്ഞ കോഴ്സുകൾക്ക് ഈടാക്കിയിരുന്നത്;

(സി) 2015 അദ്ധ്യയനവർഷം ഇത് യഥാക്രമം എത്ര രൂപയായിരുന്നു;

(ഡി) ഫീസിൽ വൻ വർദ്ധനവാണ് വരുത്തിയതെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; ഉയർന്ന ഫീസ് നടപ്പിലാക്കുവാൻ ഉണ്ടായ സാഹചര്യമെന്താണ്; ഇത് സാധാരണക്കാരായ വിദ്യാർത്ഥികളെ എങ്ങനെ ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) മറ്റ് സ്വാശ്രയ മാനേജ്മെന്റുകളുമായി പി.ജി. സീറ്റുകളുടെ ഫീസിന്റെ കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; അവർക്കും ഈ നിലവാരത്തിലുള്ള ഫീസ് ഈടാക്കാൻ അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ 2017-18 വർഷങ്ങളിൽ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ കോഴ്സുകളിൽ താഴെപ്പറയുന്ന നിരക്കിലുള്ള ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്:

| | | | |
|---|---|---|---|
| പി.ജി. ഡിഗ്രി ക്ലിനിക്കൽ | - | 14,00,000 | രൂപ |
| പി.ജി. ഡിഗ്രി നോൺ ക്ലിനിക്കൽ | - | 8.5 ലക്ഷം | രൂപ |
| പി.ജി. ഡിപ്ലോമ ക്ലിനിക്കൽ | - | 10.50 ലക്ഷം | രൂപ |
| പി.ജി. ഡിപ്ലോമ നോൺ-ക്ലിനിക്കൽ | - | 6.40 ലക്ഷം | രൂപ |
| എൻ.ആർ.ഐ. | - | 35 ലക്ഷം | രൂപ |

(ബി & സി) 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ കോഴ്സുകളിൽ താഴെപ്പറയുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്:

ജനറൽ മെരിറ്റ്

| | | | |
|---|---|---|---|
| പി.ജി. (ഡിഗ്രി) ക്ലിനിക്കൽ | - | 6,50,000 | രൂപ |
| പി.ജി. (ഡിഗ്രി) നോൺ ക്ലിനിക്കൽ | - | 2,60,000 | രൂപ |
| പി.ജി. ഡിപ്ലോമ ക്ലിനിക്കൽ | - | 4,90,000 | രൂപ |

50 ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് യഥാക്രമം 17,50,000 രൂപ, 10,00,000 രൂപ, 5,00,000 രൂപ എന്നിങ്ങനെ പി.ജി., എം.ഡി., എം.എസ്. കോഴ്സനുസരിച്ച് ഫീസ് നിശ്ചയിച്ചിരുന്നു.

(ഡി) മുൻ വർഷങ്ങളിലെ ഫീസിന് ആനുപാതികമായിട്ടാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. സുപ്രീംകോടതി ഉത്തരവിന്റെയും കേന്ദ്രസർക്കാരിന്റെയും നിർദ്ദേശങ്ങൾ പ്രകാരം NEET പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മെറിറ്റ് ലിസ്റ്റിൽനിന്നും കോമൺ കൗൺസിലിംഗ് മുഖേനയാണ് പി.ജി.പ്രവേശനം നടത്തേണ്ടത്. സർക്കാർ ക്വാട്ട, മാനേജ്മെന്റ് ക്വാട്ട എന്ന വേർതിരിവില്ലാതെ പ്രവേശനം നടത്തേണ്ടതിനാലും ക്രോസ് സബ്സിഡി പാടില്ലാത്തതിനാലുമാണ് ഏകീകൃത ഫീസ് നിശ്ചയിക്കാൻ സർക്കാർ നിർബന്ധിതമായത്.

(ഇ) ചർച്ച നടത്തിയിട്ടുണ്ട്. മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കും സമാനമായ ഫീസ് നിരക്കാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, മുൻ വർഷങ്ങളിൽ ഹയർ സെക്കണ്ടറി പരീക്ഷാഫലം വരുന്നതിന് മുമ്പുതന്നെ സ്വാശ്രയ നഴ്സിംഗ്-ഫാർമസി പാരാമെഡിക്കൽ മാനേജ്മെന്റുകളുമായി ധാരണയിലെത്താൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ വർഷം പരീക്ഷാഫലം പ്രസിദ്ധീകരിച്ച് ദിവസങ്ങൾ കഴിഞ്ഞെങ്കിലും ഈ മേഖലയിലെ സ്വാശ്രയ മാനേജ്മെന്റുകളുമായി പ്രാഥമിക ചർച്ചകൾപോലും സർക്കാർ നടത്തിയിട്ടില്ല. അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ഈ മേഖലയിലെ അന്യസംസ്ഥാനത്തെ കോളേജുകളെ സഹായിക്കാൻ വേണ്ടിയാണ് പ്രാഥമിക ചർച്ചപോലും മാനേജ്മെന്റുകളുമായി നടത്താത്തതെന്ന ആരോപണം ഇപ്പോഴുണ്ടായിട്ടുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വസ്തുതാപരമാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ചർച്ച നടത്തിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. ഈ മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്. അവർ ഫീസ് വർദ്ധനവ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അംഗീകരിക്കില്ലെന്ന് സർക്കാർ പറഞ്ഞു. ഏറ്റവും ഒടുവിൽ ഫീസ് വർദ്ധനവില്ലാതെ അതിന്റെ ഫയൽ നീക്കണമെന്ന് അവർ ആവശ്യപ്പെട്ടതനുസരിച്ച് വേണ്ട നടപടികളെല്ലാം ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഈ വർഷം നീറ്റ് പരീക്ഷയുടെ പേര് പറഞ്ഞ് സ്വാശ്രയ പി.ജി. സീറ്റുകളിലെ ഫീസ് സാധാരണക്കാരന് താങ്ങാവുന്നതിനപ്പുറം വർദ്ധിപ്പിച്ച് കൊടുത്തിരിക്കുകയാണ്. 6.5 ലക്ഷം രൂപ എന്നുള്ളത് ഒറ്റയടിക്ക് 14 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ഫീസ് വർദ്ധനവിലൂടെ എപ്രകാരം സാമൂഹ്യനീതി ഉറപ്പാക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; ഇങ്ങനെയായാൽ ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്ന 2021 ആകുമ്പോൾ സ്വാശ്രയ പി.ജി.-ക്ക് മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന ഒരു വിദ്യാർത്ഥി കൊടുക്കേണ്ടിവരുന്ന ഫീസ് 40 ലക്ഷം രൂപയായി ഉയരുകയാണ്. അത് സമൂഹത്തിൽ വലിയ പ്രതിസന്ധിയും പ്രത്യാഘാതവുമുണ്ടാക്കും. ഈ സാഹചര്യത്തെ എങ്ങനെ നേരിടാനാണ് മന്ത്രി ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, സ്വാശ്രയ മാനേജ്മെന്റ് നിലനിൽക്കുമ്പോൾ പുതിയ രീതിയിലുള്ള നീറ്റ് മെറിറ്റ് ലിസ്റ്റിൽനിന്നും അഡ്മിഷൻ നടക്കുന്നിടത്തോളം സർക്കാരിന്റെ പരിധിയിൽ വരാത്ത പ്രശ്നങ്ങളുണ്ടാകുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ഞാൻ ഇക്കാര്യങ്ങളെല്ലാം നിരവധിതവണ

സഭാതലത്തിൽ വ്യക്തമാക്കിയതാണ്. നീറ്റ് മാനദണ്ഡമാക്കിയപ്പോൾ മാനേജ്മെന്റ് - മെറിറ്റ് എന്ന വേർതിരിവ് സാധ്യമല്ല. നമ്മുടെ മനസ്സിൽ നേരത്തേയുള്ള 50:50 എന്ന അനുപാതമുള്ളതുകൊണ്ടാണ് ഇത് നമുക്ക് ഉൾക്കൊള്ളാൻ സാധിക്കാത്തത്. ഇക്കാര്യം നിരവധി തവണ വ്യക്തമാക്കിയതാണ്. ക്രിസ്ത്യൻ മാനേജ്മെന്റുമായി നടത്തിയ ചർച്ചയുടെ ഭാഗമായി 14 ലക്ഷം രൂപ ഫീസ് നിശ്ചയിച്ചത് എങ്ങനെയാണെന്ന് സഭാതലത്തിൽ പറഞ്ഞതാണ്. ഇത് ഫീ റെഗുലേറ്ററി കമ്മിറ്റി കാൽക്കുലേറ്റ് ചെയ്ത ഫീസാണ്. ഇങ്ങനെ നിശ്ചയിക്കുകയല്ലാതെ സർക്കാരിന്റെ മുമ്പിൽ മറ്റൊരു പോംവഴിയുമുണ്ടായിരുന്നില്ല.

<u>ശ്രീ. റോജി എം. ജോൺ</u> : സർ, എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഫീസ് വർദ്ധനവുണ്ടാകാതെ നോക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് ഫീസിൽ വർദ്ധനവുണ്ടാകില്ലെന്ന് സഭയിൽ ഉറപ്പ് നൽകാൻ സാധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, എം.ബി.ബി.എസ്. സീറ്റിലെ ഫീസുമായി ബന്ധപ്പെട്ട് മാനേജ്മെന്റുകളുമായി ഒരു പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. അവർ വലിയ രീതിയിലുള്ള ഫീസ് വർദ്ധനവാണ് ആവശ്യപ്പെടുന്നത്. അങ്ങനെ വർദ്ധിപ്പിക്കില്ല, ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കേണ്ടി വരുമെന്ന സൂചന അവർക്ക് നൽകിയിട്ടുണ്ട്. ചർച്ച നടത്തുന്നതുകൊണ്ട് ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ, വലിയ രീതിയിൽ ഫീസ് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ഫീസ് വർദ്ധനവാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. വജ്രജൂബിലി ആഘോഷം നടക്കുന്ന സമയത്ത് വജ്ര വർദ്ധനവാണ് ഫീസിന്റെ കാര്യത്തിൽ വന്നിട്ടുള്ളത്. ഇതിനാനുപാതികമായ ഫീസ് വർദ്ധനവ് എം.ബി.ബി.എസ്. സീറ്റിന്റെ കാര്യത്തിലും വന്നാൽ അതിന്റെ ആഘാതം ഈ കുട്ടികൾക്കുകൂടി ഉണ്ടാകും. ഇതിന്റെ പരിണിതഫലമായി മെഡിക്കൽ വിദ്യാഭ്യാസം സമ്പന്നരുടെ കുത്തകയായി മാറും. നേരത്തെ പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ സ്കോളർഷിപ്പുണ്ടായിരുന്നു. അത് പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നിയമസഭാംഗമായതിന്റെ വജ്രജൂബിലി ആഘോഷിക്കാറായിട്ടില്ലെന്നറിയാം. എന്നാലും പരിണിതപ്രജ്ഞനായ, ധാരാളം അനുഭവങ്ങളുള്ള

ആളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഈ കാര്യങ്ങളെല്ലാം മനസ്സിലായിട്ടും പിന്നെയും പഴയതുപോലെ ചോദിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സ്കോളർഷിപ്പിന്റെ കാര്യം ചോദിക്കുന്നതിൽ വിരോധമില്ല. മാനേജ്മെന്റ് സ്കോളർഷിപ്പ് കൊടുക്കണ്ടേ; സ്കോളർഷിപ്പ് കൊടുക്കണമെന്ന് പറയാൻ ഏതെങ്കിലും നിയമമുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടന്നിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഞങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നും ആലോചിക്കാതെ എടുത്തിട്ടുള്ള തീരുമാനങ്ങളല്ല. മുഖ്യമന്ത്രി ഉറപ്പ് നൽകിയ കാര്യത്തിൽ പിന്നെയെന്താണ് വേണ്ടത്? സ്കോളർഷിപ്പ് കൊടുക്കുമോയെന്ന് വീണ്ടും ചോദിക്കാൻ ഞങ്ങൾ തയ്യാറാണ്.

ശ്രീ. അനിൽ അക്കര : സർ, ഫീ റെഗുലേറ്ററി അതോറിറ്റി ഫീസ് നിശ്ചയിക്കുന്നതിന് മുമ്പ് സർക്കാർ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയിരുന്നോ? 14 ലക്ഷം രൂപയെന്ന ഏകീകൃത ഫീസ് നിശ്ചയിക്കുന്ന ഘട്ടത്തിൽ ഫീസ് റെഗുലേറ്ററി അതോറിറ്റി ഇടപെട്ടിരുന്നോ; അല്ലെങ്കിൽ ആ ഫീസ് കുറയ്ക്കുന്നതിനുള്ള അവസരം ഫീ റെഗുലേറ്ററി അതോറിറ്റിക്ക് ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഫീ റെഗുലേറ്ററി കമ്മിറ്റി ക്വാസി ജുഡീഷ്യൽ ബോഡിയാണ്. ഫീസ് നിശ്ചയിക്കാൻ അവരോട് പറയേണ്ട കാര്യമില്ല, അത് പറയാനും സാധിക്കില്ല. ഞാൻ കഴിഞ്ഞ തവണ മറുപടി പറയുമ്പോൾ ഇക്കാര്യങ്ങൾ പറഞ്ഞതാണ്; ചർച്ച നടത്തുമ്പോൾ ഫീ റെഗുലേറ്ററി കമ്മിറ്റി എങ്ങനെയാണ് കാൽക്കുലേറ്റ് ചെയ്യുന്നതെന്ന് ഞങ്ങൾ അന്വേഷിച്ചു. മാനേജ്മെന്റ് ചർച്ചയ്ക്കിടയിൽ പറഞ്ഞത്, ഞങ്ങളുടെ എല്ലാ ചെലവും ഓഡിറ്റ് പേപ്പറുകളുമെല്ലാം ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് കൊടുത്തിട്ടുണ്ടെന്നാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി അത് കാൽക്കുലേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതെങ്ങനെയാണ് കാൽക്കുലേറ്റ് ചെയ്യുന്നതെന്ന് ഞങ്ങൾ വ്യക്തമായി ചോദിച്ചപ്പോൾ, സ്വഭാവികമായും കഴിഞ്ഞ തവണത്തെ ഫീസായ ആറര ലക്ഷം രൂപയുടെ കൂടെ സ്റ്റൈപ്പന്റ് കൊടുക്കേണ്ട ഇനത്തിൽ രണ്ടര ലക്ഷം രൂപയുടെ കൂടി വർദ്ധനവുണ്ടായപ്പോൾ ഒമ്പത് ലക്ഷം രൂപയാകുമെന്നും കഴിഞ്ഞ തവണത്തെ പതിനേഴര ലക്ഷത്തിൽനിന്ന് പുതിയ സ്റ്റൈപ്പന്റ് കൊടുക്കേണ്ട ഇനത്തിൽ രണ്ടര ലക്ഷം രൂപയുടെ വർദ്ധനവുണ്ടാകുമ്പോൾ 20 ലക്ഷം രൂപയാകുമെന്നുമുള്ള കണക്കാണ് അവർ സമർപ്പിച്ചത്. ഫീ റെഗുലേറ്ററി കമ്മിറ്റി ഇതെല്ലാം താരതമ്യം ചെയ്ത് അതിന്റെ ആവറേജ് എന്നുള്ള നിലയിൽ 14,80,000 രൂപ വരുമെന്നും എന്നാൽ 14,00,000 എന്നുള്ള നിലയിൽ നിജപ്പെടുത്തുമെന്നുമുള്ള സൂചനയാണ് ഞങ്ങൾക്ക് കിട്ടിയത്. അതുതന്നെയാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള

ഫീസ്. ഇതിലൊന്നും യാതൊരു കാര്യവും ഒളിച്ചുവയ്ക്കാനില്ല. ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ കണക്കുകൂട്ടൽ എന്തായിരിക്കുമെന്നുള്ള ധാരണയുണ്ടാക്കിയിട്ടാണ് ഞങ്ങൾ തീരുമാനിക്കുന്നത്. കണക്കുകൾ ഞങ്ങൾക്ക് കിട്ടിയിരുന്നു. ഞങ്ങളാരും അതൊന്നും ഒളിച്ചുവച്ചിട്ടില്ല.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഫീസ് കാൽക്കുലേറ്റ് ചെയ്യുമ്പോൾ ഫീ റെഗുലേറ്ററി കമ്മിറ്റി എല്ലാ വരുമാനവും പരിശോധിക്കുമെന്നാണ് മനസ്സിലാക്കുന്നത്. ശാസ്ത്രസാഹിത്യപരിഷത്ത് അടക്കമുള്ള സംഘടനകൾ ഇക്കാര്യങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാനേജ്മെന്റുകൾ പറയുന്നത്, മെഡിക്കൽ കോളേജുകളുടെ ചെലവ് ഏകപക്ഷീയമായി അംഗീകരിക്കാതെ അതിന്റേതുടെ ആശുപത്രിയിലുള്ള വരവുകൂടി പരിശോധിക്കണമെന്നാണ്. പ്രത്യേകിച്ച് പി.ജി. വിദ്യാർത്ഥികളാണെങ്കിൽ ഒരാശുപത്രിക്ക് ചെലവുണ്ടാകുന്നില്ലെന്ന് മാത്രമല്ല, ഒരു ഡോക്ടറെ നിയമിച്ചാൽ ഒന്നോ രണ്ടോ ലക്ഷം രൂപ ശമ്പളം കൊടുക്കേണ്ടതുള്ളതുകൊണ്ട് പി.ജി. വിദ്യാർത്ഥികളെക്കൊണ്ട് ജോലി മുഴുവൻ ചെയ്യിപ്പിക്കുകയുമാണ്. പി.ജി. സീറ്റിലെ പഠനത്തിനുവേണ്ടി മാനേജ്മെന്റുകൾക്ക് അധിക ചെലവ് വരുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഇക്കാര്യംകൂടി പരിശോധിച്ചുകൊണ്ടായിരിക്കണം ഫീ റെഗുലേറ്ററി കമ്മിറ്റി യഥാർത്ഥ ഫീസ്, റാഷണലായി, എല്ലാവർക്കും ബോദ്ധ്യപ്പെടുന്ന രീതിയിൽ നിർണ്ണയിക്കേണ്ടതെന്നുള്ള കാഴ്ചപ്പാട് സർക്കാരിനുണ്ടോ? എം.ബി.ബി.എസ്. സീറ്റിന്റെ കാര്യത്തിലെങ്കിലും ആ നിലയിലുള്ള തീരുമാനമെടുക്കാൻ, വരവും ചെലവുമെല്ലാം കൃത്യമായി പരിശോധിച്ചുകൊണ്ട് യുക്തിസഹമായ ഫീസിലേയ്ക്ക് എത്തിച്ചേരണമെന്ന് നിഷ്കർഷിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ബഹുമാനപ്പെട്ട വി.ടി. ബൽറാം പറഞ്ഞ കാര്യങ്ങളൊന്നും നിഷേധിക്കുന്നില്ല. ഫീ റെഗുലേറ്ററി കമ്മിറ്റിയോട് ഇങ്ങനെയാണ് ഫീസ് നിശ്ചയിക്കേണ്ടതെന്ന് പറയാൻ ഗവൺമെന്റിന് അധികാരമില്ല. ........ (ബഹളം).....

<u>മി. സ്പീക്കർ</u>: ഇരിക്കൂ.... മന്ത്രി മറുപടി പറയട്ടെ... ഇവിടെ നോക്കി പറഞ്ഞാൽ മതി.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, എങ്ങനെയാണ് ഫീസ് നിശ്ചയിക്കേണ്ടതെന്നുള്ളത് ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ തീരുമാനമാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഗവൺമെന്റ് സെക്രട്ടറി ആ കമ്മിറ്റിയിലുണ്ടല്ലോ? ഗവൺമെന്റിന്റെ അഭിപ്രായം പറയാനാണ് സെക്രട്ടറി പോകുന്നത്. ഗവൺമെന്റിന് ഒരു ഉത്തരവാദിത്വവുമില്ലെന്ന് മന്ത്രി പറയുന്നത് ശരിയാണോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നിയമപരമായ വശം നിങ്ങൾക്കൊക്കെ അറിയാവുന്നതാണ്. ഗവൺമെന്റ് സെക്രട്ടറി ഫീ റെഗുലേറ്ററി കമ്മിറ്റിയിൽ അംഗമാണ്. ഗവൺമെന്റിന്റെയും സെക്രട്ടറിയുടെയും അഭിപ്രായം അവിടെ പറയുന്നതിൽ തർക്കമൊന്നുമില്ല. അവരെല്ലാംചേർന്ന് ഫീസ് കാൽക്കുലേറ്റ് ചെയ്യുമ്പോൾ അവിടെ വന്നിട്ടുള്ള മാനദണ്ഡം എന്താണെന്നും ഫീ റെഗുലേറ്ററി കമ്മിറ്റി എങ്ങനെയൊക്കെയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളതെന്നും ചോദിച്ചാൽ വ്യക്തമായി നമുക്കെല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കും. അവർ പറഞ്ഞിട്ടുള്ള കണക്കാണ് ഞാനിവിടെ പറഞ്ഞത്. അതിന്റെ വിശദാംശം പിന്നീട് നമുക്ക് പരിശോധിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ള അംഗങ്ങൾ മനസ്സിലാക്കേണ്ടത്, ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസിനെതിരെ മാനേജ്മെന്റ് കോടതിയിൽ പോയപ്പോൾ, കഴിഞ്ഞ തവണ എം.ഇ.എസ്.-ന് ഫീസായി എത്ര രൂപ വാങ്ങിക്കാമെന്നാണ് വിധിച്ചത്? ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് കോടതി അംഗീകരിക്കില്ല. കോടതി മാനേജ്മെന്റിന് ചെലവാകുന്നത് കണക്കാക്കി നിശ്ചയിക്കുന്നത് ഭീമമായ ഫീസാണ്. മാനേജ്മെന്റുമായി ചർച്ച നടത്തി എങ്ങനെയെങ്കിലും കുറച്ച് തുക കുറഞ്ഞു കിട്ടുമോയെന്നാണ് നോക്കുന്നത്. കാരണം, ഇതിനെതിരെ നാളെ ആരെങ്കിലും കോടതിയിൽ പോയാൽ ഇതിനേക്കാൾ വലിയ ഫീസ് കോടതി വിധിക്കുന്ന അപകടം ഒഴിവാക്കാം. ആ ചർച്ചയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ നടത്തിയത്. ശ്രീ. വി. ടി. ബൽറാം വാദിച്ച് ജയിക്കാൻവേണ്ടി പറയണ്ട. കഴിഞ്ഞ തവണ എം.ബി.ബി.എസ്.-ന് കരുണ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, കണ്ണൂർ തുടങ്ങിയ മെഡിക്കൽ കോളേജുകൾ സർക്കാരുമായി കരാർ ഒപ്പുവച്ചില്ല. സർക്കാർ നിശ്ചയിച്ച 50 ശതമാനം സീറ്റിൽ രണ്ടര ലക്ഷം രൂപ ഫീസിൽ പഠിപ്പിക്കാൻ തയ്യാറായില്ല. അവർ കോടതിയിൽ പോയപ്പോൾ മുഴുവൻ സീറ്റിലും പത്ത് ലക്ഷം രൂപയാണ് ഫീസായി കോടതി അംഗീകരിച്ച് കൊടുത്തത്. എം.ഇ.എസ്.-ന്റെ കാര്യത്തിൽ, ഫീ റെഗുലേറ്ററി കമ്മിറ്റി കാൽക്കുലേറ്റ് ചെയ്ത ഫീസല്ല ഞങ്ങളുടെ ചെലവെന്ന് പറഞ്ഞ് കോടതിയിൽ പോയപ്പോൾ ആ ഫീസിന്റെ ഇരട്ടിയാണ് കോടതി വിധിച്ചത്. യാഥാർത്ഥ്യം മനസ്സിലാക്കാതെ, സർക്കാർ പറഞ്ഞാൽ അപ്പാടെ ഫീസ് കുറയ്ക്കുമായിരുന്നില്ലേയെന്ന് ബാലിശമായി പറയുന്നത് ഇനിയെങ്കിലും ആവർത്തിക്കാതിരിക്കാൻ പ്രതിപക്ഷം ശ്രദ്ധിക്കണം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം

5(*605) ശ്രീ. എം. മുകേഷ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനും സമത്വം ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) മാനസിക-ശാരീരികശേഷി വ്യത്യാസം നേരത്തെ മനസ്സിലാക്കുന്നതിനും അവരുടെ ശേഷിക്കനുസൃതമായി പരിശീലനം നൽകുന്നതിനും സാധിക്കുന്നുണ്ടോ;

(സി) ഭിന്നശേഷിക്കാരുടെ അവകാശം സംബന്ധിച്ച 2016-ലെ നിയമം നടപ്പാക്കുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഭിന്നശേഷിക്കാർക്കുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അനുയാത്ര എന്ന പേരിൽ സമഗ്രമായ പദ്ധതിക്ക് സാമൂഹ്യ സുരക്ഷാമിഷൻ മുഖേന രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.
2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
4. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം

5. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. സ്പെഷ്യൽ അങ്കണവാടികൾ
8. പ്രോജക്ട് ഓട്ടിസം
9. കാതോരം
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
11. ഹെൽപ് ഡെസ്ക്
12. Student initiative
13. ദേശീയ ശില്പശാല
14. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ
15. എം.എം.ആർ & റൂബെല്ല വാക്സിനേഷൻ.

കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റമാർക്ക് റീഡേഴ്സ് അലവൻസ്
2. അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് ധനസഹായം
4. വികലാംഗ ദുരിതാശ്വാസ നിധി ധനസഹായം
5. വികലാംഗരായ മാതാപിതാക്കളുടെ പെൺ മക്കൾക്ക്/വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം
6. CDMRP-കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം.
7. അൾഷിമേഴ്സ് റിലേറ്റഡ് ഡിസോർഡർ സൊസൈറ്റി ഓഫ് ഇന്ത്യ (ARDSI)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

8. എപ്പിലെപ്സി കെയർ ത്രൂ സ്കൂൾസ്

9. പാലിയം ഇന്ത്യ

10. സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ (SNAC)

11. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)

12. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)

13. ഇൻസൈറ്റ് പ്രോജക്ട്

14. ഡിസ്ട്രിക്ട് സൈക്യാട്രിക് റീഹാബിലിറ്റേഷൻ പ്രോജക്ട്

15. സ്ഥാപനങ്ങൾ.

18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ ലഭ്യമാകുന്ന ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഡി.ഇ.ഐ.സി. (ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ) പ്രവർത്തന സജ്ജമായിട്ടുണ്ട്. ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമാണ് ഡി.ഇ.ഐ.സി. കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല ആശുപത്രികളിൽ ഡി.ഇ.ഐ.സി. ആരംഭിച്ചു.

ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിന്റെ ഭാഗമായി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി തിരുവനന്തപുരം, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ലാബുകളിലൂടെ ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ ചെയ്യുന്നുണ്ട്. കൺജെനിറ്റൽ ഹൈപ്പോ തൈറോയിഡിസം, കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർ പ്ലേസിയ, ഫിനൈൽ കിറ്റോന്യൂറിയ, ജി & പി.ഡി. ഡെഫിഷ്യൻസി എന്നീ ജനിതക മെറ്റൊബോളിക് രോഗ ടെസ്റ്റുകൾക്കുള്ള പരിശോധനാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനും സമത്വം ഉറപ്പാക്കുന്നതിനുമായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. അംഗവൈകല്യമുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. അംഗവൈകല്യമുള്ളവർക്ക് വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം - മാനദണ്ഡങ്ങൾക്ക് വിധേയമായി.

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം - മാനദണ്ഡങ്ങൾക്ക് വിധേയമായി.

4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി

5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ /വിദ്യാഭ്യാസ വായ്പ

6. സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി

7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി

8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി

9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി - സംസ്ഥാന തലത്തിൽ നടപ്പാക്കൽ

11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും

12. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം

(ബി) ഉണ്ട്. മാനസിക ശാരീരികശേഷി വ്യത്യാസം നേരത്തെ മനസ്സിലാക്കുന്നതിനും അവരുടെ ശേഷിക്കനുസൃതമായി പരിശീലനം നൽകുന്നതിനും വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ

വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ എന്നിവ നൽകിവരുന്നു.

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്തുവാൻ പ്രയാസപ്പെടുന്നു. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലുമായി രണ്ട് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ IMHANS-ന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു. ഇതിലൂടെ അറുന്നൂറ് കുട്ടികൾക്ക് ആവശ്യമായ സേവനം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിൽ നടപ്പാക്കുന്ന ഈ പദ്ധതി കേരളത്തിലുടനീളം 2017 ജൂൺ മാസത്തോടെ നിലവിൽ വരുന്നതാണ്.

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ആദ്യ യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രി 2017 ജൂലൈ മാസത്തോടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

പ്രീ സ്കൂൾ തലത്തിൽത്തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാവികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടുകൂടിയ സ്പെഷ്യൽ അങ്കണവാടികൾ ഇപ്പോൾ കോഴിക്കോട് ജില്ലയിൽ നടപ്പാക്കിവരുന്നു. ഇത് കണ്ണൂർ, വയനാട്, ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളെ കാലേകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും സാധാരണയായി കണ്ടുവരുന്ന മുപ്പത് അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനന വൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്. നവജാത ശിശുക്കളെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ആരോഗ്യ

പ്രവർത്തകരും ആറ് ആഴ്ചവരെ പ്രായമായ കുഞ്ഞുങ്ങളെ വീടുകളിൽ സന്ദർശനം നടത്തുന്ന JPHN/ASHA മുതലായവരും 6 ആഴ്ച മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ അങ്കണവാടിയിൽവച്ചും സർക്കാർ എയ്ഡഡ് സ്കൂളുകളിൽവച്ചും ആർ.ബി.എസ്.കെ. നഴ്സുമാരും പരിശോധിക്കുന്നു. ആരോഗ്യപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ആവശ്യമെങ്കിൽ അവിടെനിന്നും വിദഗ്ധ ചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്തുവരുന്നു.

(സി) 2016 -ലെ Rights of Persons with Disabilities Act- ൽ ഉൾപ്പെടുന്ന പല ക്ഷേമപ്രവർത്തനങ്ങളും വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും 19-4-2017-ന് നിലവിൽവന്ന ആക്ടിന്മേൽ സംസ്ഥാന തലത്തിൽ ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.

**പെട്രോൾ പമ്പുകളിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ ഇടപെടൽ**

6(*606) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിൽനിന്ന് ലഭിക്കുന്ന ഇന്ധനത്തിന്റെ അളവ് കുറയുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലീഗൽ മെട്രോളജി വകുപ്പ് ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) പെട്രോൾ പമ്പുകൾക്ക് എൻ.ഒ.സി. നല്കുമ്പോഴും ലൈസൻസ് പുതുക്കി നല്കുമ്പോഴും ലീഗൽ മെട്രോളജി വകുപ്പിന്റെ അനുമതികൂടി ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) ലഭ്യമാണ്. ഒരു കേസ് എടുക്കുകയും 20,000 രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ലീഗൽ മെട്രോളജി നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥകളൊന്നും നിലവിലില്ല.

**ലൈഫ് ഭവന പദ്ധതി**

7 (*607) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫിന്റെ ഗുണഭോക്താക്കളെ നിശ്ചയിക്കാനുള്ള പ്രക്രിയ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതിനായി അവലംബിച്ച മാർഗ്ഗവും, ഏത് വകുപ്പാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) പദ്ധതിയുടെ ഭാഗമായി ബഹുനില ഫ്ളാറ്റ് നിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഫ്ളാറ്റ് നിർമ്മാണം ഉദ്ദേശിക്കുന്നതെന്നും അതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും സമയബന്ധിതമായി പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇല്ല. സർവ്വേ പൂർത്തിയാക്കി. ആയതിന്റെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു.

(ബി) ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. പ്രസ്തുത സർവ്വേയ്ക്കുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയത് തദ്ദേശസ്വയംഭരണ വകുപ്പാണ്. ടി മാർഗ്ഗനിർദ്ദേശങ്ങൾ 9-2-2017-ലെ സ.ഉ. (സാധാ.) നമ്പർ 391/2017/തസ്വഭവ. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. കോപ്പി അനുബന്ധമായി ചേർക്കുന്നു.*

സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അന്തിമമാക്കുന്നു. കരട് പ്രസിദ്ധീകരിച്ചശേഷം പരാതികൾ പരിഹരിച്ച് ബന്ധപ്പെട്ട ഗ്രാമസഭകൾവഴി പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നു. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ഭൂരഹിത ഭവനരഹിരതർക്ക് ഭവനസമുച്ചയം നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) എല്ലാ ജില്ലകളിലും ഭൂരഹിതരായ ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 14 ജില്ലകളിലും ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലമുള്ള ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയിൽ 2017 മേയ് 23-ന് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം

8 (*608) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. ആന്റണി ജോൺ:

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിലവിൽ നെൽ കർഷകർക്ക് നൽകിവരുന്ന സംഭരണ വില എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ കേന്ദ്ര സർക്കാർ നൽകി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) നെല്ല് സംഭരിച്ച വകയിൽ മുൻസർക്കാരിന്റെ കാലയളവിൽ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നതെന്നും ആയത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) നെല്ല് നൽകുവാൻ താൽപ്പര്യമുള്ള കർഷകർ നെല്ല് സംഭരണത്തിനുള്ള പൊതു നിബന്ധനകൾക്ക് വിധേയമായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതും രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ ഓരോ കർഷകനും രജിസ്ട്രേഷൻ ഐഡന്റിറ്റി നമ്പർ നൽകുന്നതുമാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽനിന്നും മാനദണ്ഡങ്ങൾക്കനുസരിച്ച് നിർവ്വഹണ ഏജൻസിയായ സപ്ലൈകോയുമായി കരാറിൽ ഒപ്പിട്ടിട്ടുള്ള മില്ലുകൾ മുഖേന നെല്ല് സംഭരിക്കുന്നു.

(ബി) നിലവിൽ സംഭരിക്കുന്ന നെല്ലിന് കിലോഗ്രാമിന് 22.50 രൂപ നിരക്കിൽ കർഷകർക്ക് വില നൽകിവരുന്നു.

(സി) നെല്ല് സംഭരണത്തിനായി കേന്ദ്ര സർക്കാർ അടിസ്ഥാന താങ്ങുവില നൽകിവരുന്നു. 2016-17 സീസണിൽ പൊതുവിഭാഗത്തിലുള്ള നെല്ലിന് കിലോഗ്രാമിന് 14.70 രൂപയും ഗ്രേഡ് എ വിഭാഗത്തിന് കിലോഗ്രാമിന് 15.10 രൂപയും കേന്ദ്ര സർക്കാർ അടിസ്ഥാന താങ്ങുവിലയായി നൽകുന്നു.

(ഡി) മുൻസർക്കാരിന്റെ കാലത്ത് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കൊടുക്കുവാനുണ്ടായിരുന്ന 346.73 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഴുവനായി കൊടുത്തുതീർത്തിട്ടുണ്ട്.

**പതിനാലാം കേന്ദ്ര ധനകമ്മീഷന്റെ ശിപാർശകൾ**

9 (*609) ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം കേന്ദ്ര ധനകമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്;

(ബി) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളിൽ കേന്ദ്ര -സംസ്ഥാന വിഹിതം പുതുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതുമൂലം സംസ്ഥാന സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉണ്ടായ അധികബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പതിനാലാം ധനകാര്യകമ്മീഷൻ ശിപാർശപ്രകാരം മാറ്റിവയ്ക്കപ്പെട്ട (ഡിവിസിബിൾ പൂൾ) നികുതി വരുമാനം 42% ആയി വർദ്ധിപ്പിക്കുകയുണ്ടായി. പ്രാഥമിക വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾ, സംസ്ഥാനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കുള്ള സഹായം എന്നിങ്ങനെ പതിമൂന്നാം ധനകാര്യകമ്മീഷൻ ശിപാർശ ചെയ്തിരുന്ന പദ്ധതികളൊന്നുംതന്നെ പതിനാലാം ധനകകാര്യ കമ്മീഷൻ പരിഗണിച്ചില്ല. വർദ്ധിപ്പിച്ച നികുതിവരുമാനത്തിൽനിന്നും മേൽവിവരിച്ച പദ്ധതികൾക്കുള്ള ധനം കണ്ടെത്തുവാനാണ് പതിനാലാം ധനകാര്യകമ്മീഷൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നത്. കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽനിന്നും 28 ആയി കുറച്ചതുകാരണം മുൻകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ തുടരാനാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്ന് ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50:50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ 60 ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തികബാധ്യത വരുത്തിയിട്ടുണ്ട്.

(ബി) പുതുക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 2016-17 മുതൽ 66-ൽനിന്നും 28 ആയി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്നും 20 എണ്ണം കോർ എന്ന വിഭാഗത്തിലും 2 എണ്ണം ഓപ്ഷണൽ വിഭാഗത്തിലുമാണ്. പുതിയ സംവിധാനമനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും മാറ്റുകയും മറ്റ് ചില പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കോർ ഓഫ് ദി കോർ പദ്ധതിയിൽ മാത്രമാണ് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി ഇപ്പോൾ നിലനിൽക്കുന്നത്. കോർ എന്ന വിഭാഗത്തിൽ 60 ശതമാനം കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. ഓപ്ഷണൽ വിഭാഗത്തിൽപ്പെടുന്ന പദ്ധതിയിൽ വിഹിതം 50:50 നിരക്കിലാണ്.

(സി) 60 ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തികബാധ്യത വരുത്തിയിട്ടുണ്ട്. ഗ്രാമ വികസനവകുപ്പ് വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിന്മേലുള്ള അധിക ബാധ്യത 166.57 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* നഗരസഭകളിൽ നടപ്പിലാക്കുന്ന അമൃത്, എൻ.യു.എൽ.എം, പി.എം.എ.വൈ. തുടങ്ങിയ പദ്ധതികൾ വെല്ലുവിളികൾ നേരിടുന്നുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള വിവര ശേഖരണം**

10 (*610) ശ്രീ. എസ്. ശർമ്മ:

ശ്രീ. പി. കെ. ശശി:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പക്കൽ കണക്കുകൾ ലഭ്യമാണോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി ആരംഭിച്ച ഇ-രേഖ എന്ന സോഫ്റ്റ്‌വെയറും ഇത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ചുമതലപ്പെടുത്തിയ റൂറൽ-സിറ്റി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം റിക്കാർഡ്സ് ബ്യൂറോ എന്നീ വിഭാഗങ്ങൾ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഇ-രേഖയുടെ ഭാഗമായി ലേബർ ക്യാമ്പുകൾ, ക്ഷേമനിധി ഓഫീസുകൾ, ആരോഗ്യ വകുപ്പ് എന്നിവയിൽനിന്നും കരാറുകാരിൽ നിന്നുമുള്ള കണക്കുകൾ ആഭ്യന്തര വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 2014, 2015, 2016 എന്നീ വർഷങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ കുറ്റകൃത്യങ്ങളുടെ നിരക്ക് താരതമ്യം ചെയ്യുമ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊലപാതക കേസുകൾ, മോഷണം എന്നിവ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള മറ്റ് കുറ്റകൃത്യങ്ങൾ നേരിയ തോതിൽ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| Year | കൊലപാതക കേസുകൾ | മോഷണം (HB Day & Night Theft Cases and Ordinary Theft Cases) | മറ്റ് കേസുകൾ | TOTAL |
|---|---|---|---|---|
| 2014 | 20 | 128 | 296 | 444 |
| 2015 | 22 | 133 | 439 | 594 |
| 2016 | 21 | 135 | 509 | 665 |
| 2017 (upto May 15) | 6 | 51 | 210 | 267 |

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണത്തിനായി ആരംഭിച്ച ഇ-രേഖ എന്ന സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥർക്ക് യോജിച്ച പരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിൽ 9 എണ്ണത്തിൽ പ്രസ്തുത ഇ-രേഖ ഉപയോഗിച്ചുള്ള വിവര ശേഖരണം നടന്നുവരികയാണ്. ബാക്കി 10 പോലീസ് ജില്ലകളിൽ വിവര ശേഖരണം പ്രാരംഭ ഘട്ടത്തിലാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇ-രേഖയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച് എന്നിവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഇ-രേഖ മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച് പരിശീലനം നൽകുകയും ആയത് ജില്ലാ ക്രൈം റിക്കാർഡ്സ് ബ്യൂറോ മേൽനോട്ടം വഹിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ആപ്ലിക്കേഷൻ മുഖാന്തരം 9 പോലീസ് ജില്ലകളിൽ പ്രവർത്തനം ആരംഭിക്കുകയും 10 പോലീസ് ജില്ലകളിൽ വിവരശേഖരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലുമാണ്.

(ഡി) ഇ-രേഖയുടെ ഭാഗമായി 26553 ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ

11 (*611) ശ്രീ. പി. വി. അൻവർ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക ദുർബലസ്ഥിതി പരിഹരിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) മൈക്രോ ഫിനാൻസ് ഉൾപ്പെടെയുള്ള സാമ്പത്തിക ശാക്തീകരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ;

(സി) സ്ത്രീ ശാക്തീകരണത്തിനും ലിംഗാടിസ്ഥാനത്തിലുള്ള അസമത്വം ഇല്ലാതാക്കുന്നതിനും കോർപ്പറേഷൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; പുതുതായി ആരംഭിച്ച മിത്ര 181 പദ്ധതിക്ക് വ്യാപകമായ പ്രചാരം ലഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ദുർബലസ്ഥിതി പരിഹരിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ സ്വയംതൊഴിൽ വായ്പ, ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി വനിതകളുടെ സ്വയം സഹായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംഘങ്ങൾക്കായുള്ള വായ്പാ പദ്ധതി, പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ എന്നിവ വനിതാ വികസന കോർപ്പറേഷൻ നൽകിവരുന്നുണ്ട്. സ്ത്രീകൾ നേരിടേണ്ടിവരുന്ന സാമൂഹിക പ്രശ്നങ്ങളെയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും അതത് രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ സ്റ്റെപ്പ് പദ്ധതി പ്രകാരം വനിതകൾക്ക് തൊഴിൽ പരിശീലനം നൽകാനും തൊഴിലിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു. ഈ പദ്ധതിയിലൂടെ വരുമാന സാധ്യതയുള്ള ഏത് സംരംഭത്തിനും ധനസഹായം നൽകുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയാണ് വനിതാ വികസന കോർപ്പറേഷൻ. കൂടാതെ വനിതകൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകിവരുന്നുണ്ട്.

തിരുവനന്തപുരത്തും കണ്ണൂർ പിലാത്തറയിലും പ്രവർത്തിച്ചുവരുന്ന തൊഴിൽ മേഖലയിലെ ഉന്നമനത്തിനുള്ള ഫിനിഷിംഗ് സ്കൂളുകളായ REACH (റിസോഴ്സ് Enhancement അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്) മുഖേന +2 പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിന്റെ പരിശീലനം നൽകുകയും കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകുകയും ചെയ്യുന്നു.

കേരളത്തിൽ വനിതാ കോളേജുകളിൽ വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഓരോ വിമൻസ് സെൽ പ്രവർത്തിച്ചുവരുന്നു. വിമൻസ് സെൽ മുഖേന വിദ്യാർത്ഥിനികൾക്കായി വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയും നടത്തിവരുന്നു.

സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവെയർനെസ്സ് പദ്ധതിയുടെ ഭാഗമായി 8 മുതൽ 12-ാം ക്ലാസ് വരെയുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക് കോർപ്പറേഷന്റെ നേതൃത്വത്തിൽ ആയോധനകലയിൽ പരിശീലനം നൽകിവരുന്നു. പ്രസ്തുത പദ്ധതി മുഖേന വടക്കൻ കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 50 സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 2000 പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലനം നൽകുന്നുണ്ട്.

കേരളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവരാന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി, ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാക്കുന്ന എമർജൻസി ഹെൽപ്പ്ലൈൻ (മിത്ര 181) ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും നിമിഷങ്ങൾക്കുള്ളിൽ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ലഭിക്കും. ഇതിലൂടെ സ്ഥലത്തെ പ്രധാന ആശുപത്രി, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവ്വീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) സ്ത്രീകൾ നേരിടേണ്ടിവരുന്ന സാമൂഹിക പ്രശ്നങ്ങളെയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും അതത് രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നുണ്ട്.

സാമൂഹിക പ്രാധാന്യം അർഹിക്കുന്ന മേഖലകളിലേക്ക് പുതുതലമുറയെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളത്തിലെ നാൽപ്പത് വിമൻസ് കോളേജുകളിൽ വിമൻസ് സെൽ വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ വിമൻസ് സെൽ മുഖേന വിദ്യാർത്ഥിനികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ എന്നിവ നടത്തിവരുന്നു.

മിത്ര 181 പദ്ധതിയുടെ വ്യാപകമായ പ്രചരണാർത്ഥം താഴെപ്പറയുന്ന പ്രചരണ പരിപാടികൾ നടന്നുവരുന്നു.

1. കേരളത്തിലെ 91 കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന നാലായിരത്തിൽപ്പരം ബസ് സർവ്വീസുകളിൽ പതിക്കുന്നതിന് ആവശ്യമായ സ്റ്റിക്കറുകളും പോസ്റ്ററുകളും വിതരണം ചെയ്തു.

2. ദക്ഷിണ റെയിൽവേയുടെ കീഴിൽവരുന്ന 167 ട്രെയിൻ സർവ്വീസുകളിൽ സ്റ്റിക്കറുകൾ പതിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. അതോടൊപ്പം തന്നെ കേരളത്തിലെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും പൊതുജന ശ്രദ്ധയിൽപ്പെടത്തക്ക രീതിയിൽ ഒരു ഹ്രസ്വചിത്രം പ്രദർശിപ്പിക്കുന്നതിനും ശബ്ദരേഖ എല്ലാ റെയിൽവേ പ്ലാറ്റ് ഫോമുകളിൽ കേൾപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കേരളത്തിലെ 877 പോലീസ് സ്റ്റേഷനുകളിലും പോസ്റ്റ് ഓഫീസുകൾ, വിമൻസ് ഹോസ്റ്റൽസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, വില്ലേജ് ഓഫീസ്, കളക്ടറേറ്റ്, കോർപ്പറേഷൻ, ജനസേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇതിനോടകംതന്നെ പോസ്റ്ററുകൾ വിതരണം ചെയ്തിട്ടുണ്ട്.

4. മിത്ര 181- ന്റെ പ്രചരണാർത്ഥം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ സഹായത്തോടെ ഹ്രസ്വചിത്രം നിർമ്മിച്ച് അത് സോഷ്യൽ മീഡിയ പോലുള്ള മാധ്യമങ്ങളിൽ പ്രചരിപ്പിച്ചുവരുന്നു.

5. മിത്ര 181 പരസ്യം പതിച്ച ഹോർഡിംഗ്സുകൾ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

6. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെകീഴിൽ വരുന്ന എല്ലാ തീയേറ്ററുകളിലും മിത്ര 181 പരസ്യ ഹ്രസ്വചിത്രം പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി

12 (*612) ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി.)-കളെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ബി.എം.സി. ശാക്തീകരണത്തിനായി മുൻസർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച നയത്തിൽ മാറ്റംവരുത്തുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരമൊരു മാറ്റത്തിന് ആധാരമാക്കിയ കാരണങ്ങൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തെ ജൈവവൈവിധ്യ പരിപാലന സമിതികളെ

(ബി.എം.സി.) ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 2017 ഫെബ്രുവരിയിൽ ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി തിരുവനന്തപുരത്തുവച്ച് ബി.എം.സി. സംഗമം എന്ന പരിപാടി സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റുമാർ, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റുമാർ, മേയർമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, ജില്ലാ ആസൂത്രണ സമിതി ഗവൺമെന്റ് നോമിനികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർക്കായി സംസ്ഥാനതലത്തിൽ ഒരു ശിൽപ്പശാല മേയ് മാസം സംഘടിപ്പിച്ചു. 2017 ജൂൺ, ജൂലൈ മാസങ്ങളിലായി പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ ബി.എം.സി. അദ്ധ്യക്ഷന്മാർക്കും അംഗങ്ങൾക്കുമായി ജില്ലാതല ശിൽപ്പശാലകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ബി.എം.സി. അംഗങ്ങൾക്കായി ബി.എം.സി.-യുടെ പ്രവർത്തന കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. ബി.എം.സി.-കളുടെ നേതൃത്വത്തിൽ പഞ്ചായത്തുതലത്തിൽ വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു. ജൈവവൈവിധ്യ നിയമമനുസരിച്ച് ബി.എം.സി.കളിൽ കൃത്യമായും യോഗം ചേരുന്നതിനും നിയമപരമായിട്ടുള്ള ചുമതലകളെപ്പറ്റി അവരെ ബോധവൽക്കരിക്കുന്നതിനും പ്രസ്തുത യോഗങ്ങളിൽ പ്രാദേശിക പരിസ്ഥിതി ജൈവവൈവിധ്യ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുന്നതിനും ബി.എം.സി.കൾക്കാവശ്യമായ സാങ്കേതിക പിന്തുണ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് നൽകിവരുന്നു.

(ബി) മുൻസർക്കാരിന്റെ കാലത്ത് എല്ലാ പഞ്ചായത്തുകളിലും ബി.എം.സി. ശാക്തീകരത്തിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. വിവിധ തലങ്ങളിൽ ബി.എം.സി. അംഗങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ബി.എം.സി.കളുടെ മേൽനോട്ടത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രാദേശികമായ പാരിസ്ഥിതിക ശോഷണം തടയുന്നതിന് പരിസ്ഥിതി കാവൽ സംഘമായി പ്രവർത്തിക്കുന്നതിന് ബി.എം.സി.-കളെ നിയോഗിച്ചുകൊണ്ട് സർക്കാർ 13-5-2013-ൽ ഉത്തരവിറക്കി.

(സി) ബി.എം.സി. ശാക്തീകരണത്തിന്റെ അടിസ്ഥാന നയത്തിൽ മാറ്റം വരുത്തിയിട്ടില്ല.

അതേസമയം പ്രാദേശികതലത്തിൽ ജൈവ വൈവിധ്യ സംരക്ഷണം ഉൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി ഹരിതകേരളം പദ്ധതി നടപ്പിലാക്കിവരുന്നു. വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ ബി.എം.സി. ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. വരുന്ന അഞ്ച് വർഷ കാലയളവിൽ 100 ബി.എം.സി.-കളെ മാതൃകാ ബി.എം.സി.-കളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## ആയുർവേദ ചികിത്സാ രംഗത്ത് ഗവേഷണ കേന്ദ്രം

13 (*613) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സാ രംഗത്ത് ആധുനിക ശാസ്ത്ര സങ്കേതങ്ങൾ ഉപയോഗിച്ച് വിപുലമായ ഗവേഷണങ്ങൾ നടത്തുന്നതിന് ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രാരംഭ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) വിവിധ ശാഖകളെ സമന്വയിപ്പിച്ചുകൊണ്ട് ആരോഗ്യ മേഖലയ്ക്ക് സമഗ്ര സംഭാവനകൾ നൽകാൻ കഴിയുന്ന ഒരു ബൃഹത് സ്ഥാപനമായി പ്രസ്തുത ഗവേഷണ കേന്ദ്രത്തെ മാറ്റുവാൻ എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്;

(ഡി) ഇതിന്റെ കീഴിൽ ആയുർവേദ വിജ്ഞാന കേന്ദ്രം, ആയുർവേദ മ്യൂസിയം, വിപുലമായ ഔഷധ ഉദ്യാനം എന്നിവ സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2016-17-ലെ ബജറ്റിൽ ഈ പദ്ധതിക്കുവേണ്ടി ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച 20 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ നാഷണൽ ആയുഷ് മിഷന് കൈമാറിയിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 കോടി രൂപ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി മൂലധന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) ആയുർവേദത്തെ തെളിവധിഷ്ഠിതമായും ശാസ്ത്രീയമായും വികസിപ്പിക്കുന്നതിനും മരുന്നുകൾ സ്റ്റാന്റേർഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ആയൂർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുംവേണ്ടി വിവിധ ശാഖകളെ സമന്വയിപ്പിച്ചുകൊണ്ട് ആരോഗ്യ മേഖലയ്ക്ക് സമഗ്ര സംഭാവനകൾ നൽകാൻ കഴിയുന്ന ഒരു ബൃഹത് സ്ഥാപനമായി പ്രസ്തുത ഗവേഷണ കേന്ദ്രത്തെ മാറ്റുവാൻ വിവിധ പദ്ധതികൾ വിഭാവന ചെയ്തുവരുന്നു.

ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശ്രീ. കേശവേന്ദ്രകുമാർ, ഐ.എ.എസ്, അദ്ധ്യക്ഷനായുള്ള 11 അംഗ വിദഗ്ദ്ധ സമിതിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സമിതി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് മാർച്ച് മാസത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിച്ചു. ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. വിജ്ഞാനകേന്ദ്രം, ആയൂർവേദ മ്യൂസിയം, ഔഷധ ഉദ്യാനം എന്നിവയും ഇതിന്റെ ഭാഗമായി സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### വിശപ്പ് രഹിത കേരളം പദ്ധതിയുടെ ലക്ഷ്യങ്ങൾ

14 (*614) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത കേരളം എന്ന പുതിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയെ പ്രസ്തുത പദ്ധതിയിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക, സുലഭമായ ലഭ്യതയ്ക്കും ആവശ്യകതയിലുമുള്ള മെച്ചപ്പെട്ട പോഷകാഹാരം ഗുണഭോക്താക്കൾക്ക് വ്യവസ്ഥാനുസൃതമായും നയപരമായും നൽകുക, സമൂഹത്തിൽ ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാത്തവരെ കണ്ടെത്തി അവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യ നിരക്കിൽ വിതരണം നടത്തുക എന്നിവയാണ് വിശപ്പുരഹിത കേരളം എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി-ഡി) സംസ്ഥാനത്ത് 'വിശപ്പ് രഹിത കേരളം' പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ ഭക്ഷ്യപൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ണൂർ വിമാനത്താവളത്തിന്റെ നിലവിലെ സ്ഥിതി

15 (*615) ശ്രീ. കെ. എം. ഷാജി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) വിമാനത്താവളത്തിന്റെ പൂർത്തീകരണ പ്രവൃത്തികൾക്കുള്ള കരാർ നൽകിയതിൽ ഉയർന്നുവന്നിട്ടുള്ള ആവലാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിമാനത്താവളം എന്നത്തേക്ക് പൂർണ്ണസജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവള പദ്ധതിയുടെ റൺവേയുടെയും അനുബന്ധ പ്രവൃത്തികൾക്കുമുള്ള കരാർ 2013 നവംബർ 25 -ന് ലാർസൻ &ടൂബ്രോ കമ്പനിയുടെ ഇൻഫ്രാ ഡിവിഷന് നൽകുകയും പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ 92% പൂർത്തിയായി. ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും 498.70 കോടി രൂപയ്ക്ക് 2014 ജൂൺ 25-ന് ലാർസൻ & ടൂബ്രോ കമ്പനിക്ക് ബി &എഫ് ഡിവിഷന് കരാർ നൽകി. പ്രവൃത്തി 85% പൂർത്തിയായി. റൺവേയുടെ ഒരറ്റത്തുള്ള റീ-ഇൻഫോഴ്സ്ഡ് എർത്ത് വാളിന്റെ പ്രവൃത്തി 2017 മേയ് മാസത്തിൽ പൂർത്തീകരിക്കും എന്നായിരുന്നു നിർമ്മാണ കമ്പനിയായ എൽ. ആന്റ് ടി. ഉറപ്പുതന്നിരുന്നത്. എന്നാൽ ഈ പ്രവൃത്തി മേയ് മാസത്തിൽ പൂർത്തീകരിക്കാൻ പറ്റില്ലെന്ന് നിർമ്മാണ കമ്പനിയായ എൽ. ആന്റ് ടി. അറിയിച്ചിട്ടുണ്ട്. ജൂണിൽ മൺസൂൺ ആരംഭിക്കുന്നതിനാൽ മൺസൂൺ കഴിഞ്ഞതിനുശേഷം ഉപരിതലത്തിൽ ഈർപ്പംമാറിയാൽ മാത്രമെ നിർമ്മാണ കമ്പനിക്ക് ഈ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. അതിനുശേഷം മാത്രമെ എയർപോർട്ട് പ്രവർത്തനം സജ്ജമാക്കാൻ കഴിയുകയുള്ളൂ.

കണ്ണൂർ വിമാനത്താവള പദ്ധതിയുടെ പ്രവൃത്തികൾക്കുള്ള കരാർ സംബന്ധിച്ച് ആവലാതികൾ ഉയർന്നുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലോക കേരളസഭ**

16 (*616) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ ഘടനയും പ്രവർത്തന രീതിയും വിശദമാക്കുമോ;

(ബി) ഇത്തരം വേദി രൂപീകരിക്കുന്നതിന്റെ നിയമവശം പരിശോധിച്ചിട്ടുണ്ടോ; ആയതിന് കേന്ദ്രാനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രവാസി വിഷയങ്ങൾ ചർച്ച ചെയ്യുക, വിദഗ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുക, നൂതനമായ പ്രവാസ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാരിന് മാർഗ്ഗനിർദ്ദേശം നൽകുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് ലോകകേരള സഭ സംഘടിപ്പിക്കുന്നത്. നിയമസഭാ സാമാജികരും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന പ്രവാസി മലയാളികളുടെ പ്രതിനിധികളുമാണ് സഭയിലെ അംഗങ്ങൾ. വിഷയാധിഷ്ഠിത ചർച്ചകളും സെമിനാറുകളും ഇതിന്റെ ഭാഗമാക്കുവാൻ പദ്ധതിയുണ്ട്. വർഷത്തിലൊരിക്കലെങ്കിലും സഭ സമ്മേളിക്കാനാണ് ലക്ഷ്യമിടുന്നത്. ലോക കേരളസഭയുടെ ആദ്യ സമ്മേളനം 2018 ജനുവരിയിൽ തിരുവനന്തപുരത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇത്തരമൊരു ചർച്ചാ വേദി രൂപീകരിക്കുന്നതിന് നിയമ തടസ്സമുള്ളതായി കണ്ടെത്തിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക അനുമതി ആവശ്യമില്ലാത്തതാണ്.

**റേഷൻകടക്കാർക്കുള്ള ആനുകൂല്യങ്ങൾ**

17 (*617) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻകടക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ഭക്ഷ്യ വകുപ്പ് ശിപാർശകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ശിപാർശകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശകളിൽ സ്വീകരിച്ചതും നിരസിച്ചതുമായവ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ-സി) റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പാക്കേജിനെക്കുറിച്ച് പഠിക്കുന്നതിനായി 30-12-2016-ലെ സ.ഉ.(സാധാ.) നമ്പർ 314/2016/ഭ.സി.സ.വ. പ്രകാരം റേഷൻ വ്യാപാരി പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി പാക്കേജ് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

350 വരെ എണ്ണം റേഷൻ കാർഡുള്ള റേഷൻ ഡിപ്പോകളെ ഒരു ക്ലാസ്സിലും തുടർന്ന് 2200 വരെ കാർഡുള്ള റേഷൻ ഡിപ്പോകളെ 8 ക്ലാസ്സുകളിലുമായി ഉൾപ്പെടുത്തി ഉയർന്ന നിരക്കിലുള്ള ഇൻസെന്റീവ് ഒരു ഇടപാടിന് 8 രൂപ എന്ന നിരക്കിൽ പരമാവധി രണ്ട് ഇടപാടുകൾ വരെ ഇ-പോസ് മുഖേനയുള്ള വിതരണത്തിന് നൽകി, താഴ്ന്ന ക്ലാസ്സുകൾക്ക് ഉയർന്ന നിരക്കിലും ഉയർന്ന ക്ലാസ്സുകൾക്ക് താരതമ്യേന താഴ്ന്ന നിരക്കിലും കമ്മീഷൻ ലഭ്യമാക്കിയും ആദ്യത്തെ 3 ക്ലാസ്സുകൾക്ക് മിനിമം 6,000, 4,000, 2,000 എന്നിങ്ങനെ സപ്പോർട്ട് പേമെന്റ് നൽകിയുമാണ് പാക്കേജ് ക്രമീകരിച്ചിരിക്കുന്നത്. 350-ൽ താഴെ റേഷൻ കാർഡുള്ള ഡിപ്പോകൾക്ക് ഒന്നാമത്തെ ക്ലാസ് അനുസരിച്ചുള്ള മിനിമം സപ്പോർട്ട് പ്രൈസും ഉയർന്ന നിരക്കിലുള്ള ഇൻസെന്റീവും കമ്മീഷനും പരിഗണനയിലുണ്ട്.

വാതിൽപ്പടി വിതരണം സർക്കാർ ഏറ്റെടുത്തിരിക്കുന്നതിന് പുറമെ എല്ലാ ക്ലാസ്സിൽപ്പെട്ട റേഷൻ വ്യാപാരികളുടെയും കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. താഴ്ന്ന ക്ലാസ്സുകളിൽ Rs.180, മദ്ധ്യഗ്രൂപ്പുകളിൽ Rs.140, ഉയർന്ന ഗ്രൂപ്പുകളിൽ Rs.100 എന്നിങ്ങനെയാണ് ശിപാർശ ചെയ്തിരിക്കുന്നത്.

റേഷൻ പഞ്ചസാര കിലോഗ്രാമിന് 15 പൈസ എന്നുള്ളത് 65 പൈസയായി ഉയർത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള മണ്ണെണ്ണയുടെ കമ്മീഷൻ ലിറ്ററിന് 21 പൈസ എന്നുള്ളത് 50 പൈസയായി ഉയർത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ റേഷൻ ഡിപ്പോയുടെ പ്രവർത്തനപരിധി നിശ്ചയിക്കുക, റേഷൻ ഡിപ്പോകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, പഞ്ചസാര, മണ്ണെണ്ണ, ആട്ട എന്നിവയുടെ വിതരണം വാതിൽപ്പടി മുഖേന ആക്കുക, മൊബൈൽ റേഷനിംഗ് ഏർപ്പെടുത്തുക, റേഷൻ ഡിപ്പോകൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുക തുടങ്ങിയ ശിപാർശകളും സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

**രാഷ്ട്രീയ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ**

18 (*618) <u>ശ്രീ. എ. പ്രദീപ്കുമാർ :</u>
<u>ശ്രീ. ഇ. പി. ജയരാജൻ :</u>
<u>ശ്രീ. ഐ. ബി. സതീഷ് :</u>
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർ ജനസൗഹൃദപരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ മുഖ്യമന്ത്രി നടത്തിയ ഇടപെടലിന്റെ ഫലം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി രാഷ്ട്രീയ ലക്ഷ്യത്തോടെയും വ്യക്തിപരമായ താൽപ്പര്യത്തോടെയും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാൻവേണ്ട കർശന നിർദ്ദേശം നൽകുമോ;

(സി) പോലീസ് സേനയെ കൂടുതൽ ശക്തിപ്പെടുത്താനായി വനിതാപോലീസ് ഉൾപ്പെടെയുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനായി ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) വിലയിരുത്തിയിട്ടുണ്ട്. ഒരു ജനസൗഹൃദപരമായ പോലീസിംഗ് സമ്പ്രദായത്തിലേക്ക് സംസ്ഥാനത്തെ പോലീസ് സേനയെ മാറ്റുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിലെ 267 പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ടായിരുന്ന ജനമൈത്രി പോലീസിംഗ് സംവിധാനം കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

മുഖ്യമന്ത്രി നടത്തിയ റേഞ്ച് ലെവൽ മീറ്റിംഗുകളിൽ എസ്.എച്ച്.ഒ. മുതലുള്ള പോലീസ് ഉദ്യോഗസ്ഥർ പങ്കെടുക്കുകയും 2017-ൽ പോലീസ് മുൻഗണന നൽകേണ്ട വിഷയങ്ങൾ സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങളിൽ എല്ലാ പോലീസ് ഓഫീസർമാരും ഉദ്യോഗസ്ഥരും അവരുടെ ഉത്തരവാദിത്വം സംബന്ധിച്ച് ബോധവാന്മാരായിരിക്കേണ്ടതിന്റെയും പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകത, സ്ത്രീ സുരക്ഷയും മുതിർന്നവരുടെയും കുട്ടികളുടെയും സുരക്ഷയും സഹായവും ലഭ്യമാക്കുന്നത് സംബന്ധിച്ചും അധികാര ദുർവിനിയോഗം ചെയ്യാതിരിക്കുന്നതിനും പരാതികൾക്ക് ഇട നൽകാതെ പ്രവർത്തിക്കുന്നതിനും പെൺകുട്ടികളുടെ സുരക്ഷയ്ക്ക് ഉതകുന്ന രീതിയിലുള്ള കായിക അഭ്യാസങ്ങൾ പരിശീലിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

കസ്റ്റഡി മരണം ഒഴിവാക്കുന്നതിനും മൂന്നാംമുറ പ്രയോഗിക്കുന്നതിനെതിരെയും പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനും ഗുണ്ടകളെ അമർച്ചചെയ്യുന്നതിനും ജനമൈത്രി ബീറ്റ് പോലീസിംഗ് മികവുറ്റതാക്കുവാനും അഴിമതി, ട്രാഫിക് അപകടങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ കുറയ്ക്കുവാനും മറ്റുമായി നാല് റേഞ്ചുകളിലായി സർക്കാർ നടത്തിയ മീറ്റിംഗുകളിൽ നൽകിയ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 5-5-2017-ൽ 10/2017 നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനവും സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-18-ലെ ബഹുമാനപ്പെട്ട കേരളാ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥ സ്ത്രീകളിൽനിന്നും പരാതികൾ സ്വീകരിക്കുകയും പരിഹരിക്കാൻ കഴിയുന്നവ അപ്പോൾത്തന്നെ പരിഹരിക്കുകയും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുകയും ചെയ്തുവരുന്നു.

ഇതിനുപുറമെ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകളെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് സേന വ്യക്തി രാഷ്ട്രീയ താൽപ്പര്യത്തോടുകൂടി പ്രവർത്തിക്കുന്നില്ല. നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി സ്വതന്ത്രവും നീതിപൂർവ്വകവുമായ ഒരു പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. പൂർണ്ണമായും ജനസൗഹൃദസേനയായി, പക്ഷപാതം ഇല്ലാതെയും പ്രലോഭനങ്ങളിൽ വഴങ്ങാതെയുമാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്. അഴിമതി ഇല്ലാതാക്കുക, ജനങ്ങൾക്ക് പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പ് നൽകുക എന്നിവ പോലീസിന്റെ കർത്തവ്യമാണ്.

(സി) 2017-18-ലെ ബഹുമാനപ്പെട്ട കേരളാ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം താലൂക്കടിസ്ഥാനത്തിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 370 വനിതാ പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 433 (386 പുതിയ തസ്തികകളും 47 എൻ.ജെ.ഡി. ഒഴിവുകളും) വനിതാ പോലീസ് കോൺസ്റ്റബിൾ ഒഴിവുകൾ നിമയന ശിപാർശയ്ക്കായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

## വയോജന നയത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ക്ഷേമ വികസന പരിപാടികൾ

19 (*619) ശ്രീ. കെ. കുഞ്ഞിരാമൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന നയത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ക്ഷേമ വികസന പരിപാടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) വയോജനങ്ങളുടെ സാമ്പത്തികവും വൈയക്തികവും സാമൂഹികവുമായ പ്രശ്നപരിഹാരത്തിന് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആവശ്യത്തിന് വൃദ്ധസദനങ്ങൾ സ്ഥാപിക്കുകയും അന്തേവാസികൾക്ക് പരിചരണം ഉറപ്പാക്കുകയും ചെയ്താൽ ഈ മേഖലയിൽ സ്വകാര്യസ്ഥാപനങ്ങൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കാൻ സാധിക്കുമെന്നതിനാൽ അതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ&ബി) സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിർത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവണ്മെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 578 സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 300-ഓളം വൃദ്ധസദനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പ് ഗ്രാന്റ് നൽകുന്നുണ്ട്. വികലാംഗക്ഷേമ

കോർപ്പറേഷന്റെ കീഴിൽ ഭിന്നശേഷിക്കാരായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരത്ത് പാറശ്ശാലയിൽ സാഫല്യം എന്ന പേരിൽ ഒരു വയോജനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2,000 രൂപ ഭക്ഷണത്തിനും 1,000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്സിനും പ്രതിവർഷം 2,000 രൂപ വസ്ത്രത്തിനും 1,500 രൂപ റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും ഹെയർ കട്ടിംഗിന് 600 രൂപയും കൺജൻസീസിന് 10,000 രൂപയും നൽകിവരുന്നു.

ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ ആയുർവേദ ചികിത്സ നൽകുന്നതിനുള്ള വയോ അമൃതം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ട് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നൽകിവരുന്നു.

കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ. വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് മന്ദഹാസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

60 വയസ് കഴിഞ്ഞവർക്ക് വരുമാനപരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നുണ്ട്. 60 വയസ് കഴിഞ്ഞവർക്ക് 1,100 രൂപയും 75 വയസ് കഴിഞ്ഞവർക്ക് 1500 രൂപയുമാണ് നിലവിൽ പെൻഷനായി നൽകി വരുന്നത്.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കിവരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

വയോജനങ്ങൾക്ക് ആരോഗ്യ സാമ്പത്തിക സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തുകളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കിവരുന്നു

വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക, വയോജനങ്ങൾക്കായി ഹെൽപ്പ്ലൈൻ രൂപീകരിക്കുക, ആരോഗ്യ വകുപ്പുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ജെറിയാട്രിക് കെയർ സംവിധാനം നടപ്പിലാക്കുക, എല്ലാ ജില്ലകളിലും ഡിമെൻഷ്യാ അൾഷിമേഴ്സ് കെയർ സെന്ററുകൾ സ്ഥാപിക്കുക, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന നിയമസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സായംപ്രഭ എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിലവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 578 സ്വകാര്യ വൃദ്ധസദനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വികലാംഗക്ഷേമ കോർപ്പറേഷന്റെ കീഴിൽ ഭിന്നശേഷിക്കാരായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരത്ത് പാറശാലയിൽ 'സാഫല്യം' എന്ന പേരിൽ ഒരു വയോജനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങൾക്ക് ബി.പി.എൽ. നിരക്കിൽ അരി, ഗോതമ്പ്, പഞ്ചസാര എന്നിവയും ഗാർഹിക നിരക്കിൽ കുടിവെള്ളവും നൽകുന്നുണ്ട്. ഇത്തരം ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല അവലോകന സമിതിയും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇതിനുംപുറമെ സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ സാമൂഹികമായ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ജസ്റ്റി.(റിട്ട.)സി.എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി നിലവിൽ വൃദ്ധസദനങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നു.

## പോലീസ് സ്റ്റേഷനുകളുടെ പെയിന്റിംഗ് സംബന്ധിച്ച ഉത്തരവിൻമേൽ അന്വേഷണം

20 (*620) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളും ഒരു പ്രത്യേക കമ്പനിയുടെ ഉല്പന്നം ഉപയോഗിച്ച് പെയിന്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് പ്രസ്തുത ഉത്തരവ് ഇറക്കിയതെന്നും അതിനുള്ള കാരണമെന്തായിരുന്നുവെന്നും അറിയിക്കുമോ;

(ബി) ടെൻഡറോ, മറ്റ് നിയമപരമായ നടപടികളോ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്താണ്;

(സി) ഒരു പ്രത്യേക കമ്പനിയുടെ പേര് പറഞ്ഞുള്ള ഉത്തരവ് അഴിമതിക്ക് ഇടയാക്കുകയില്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ ത്വരിതാന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇല്ല. സംസ്ഥാന പോലീസ് മേധാവിമാരുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ വെളിച്ചത്തിൽ പോലീസ് സ്റ്റേഷനുകളിൽ ഏകീകൃത നിറം നൽകുന്നതിന് 26-4-2017-ൽ സംസ്ഥാന പോലീസ് മേധാവി 9/2017 നമ്പരായി എക്സിക്യൂട്ടീവ് ഡയറക്ടീവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഡയറക്ടീവിൽ പെയിന്റിംഗിന് ഉപയോഗിക്കേണ്ട നിറങ്ങൾ തിരിച്ചറിയുന്നതിന് സഹായകമാകുന്ന വിധത്തിൽ ഒരു കമ്പനിയുടെ പേരും കോഡും സൂചിപ്പിച്ചിരുന്നു. ഏതെങ്കിലും ഒരു പ്രത്യേക കമ്പനിയുടെ പെയിന്റ് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

(ബി) എ.ഡി.ജി.പി. ഹെഡ്ക്വാർട്ടേഴ്സ്, എം.ഡി. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ഡി.ഐ.ജി (അഡ്.) എന്നിവരടങ്ങുന്ന സമിതിയാണ് ഏകീകൃത നിറം ഏതെന്ന് ശിപാർശ ചെയ്തത്. ഇതിനകം 43 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ വ്യത്യസ്ത കമ്പനികളുടെ ഒരേ നിറമുള്ള പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിട്ടുണ്ട്. പെയിന്റ് അടിക്കുമ്പോൾ നിയമപരമായി പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ /പി.ഡബ്ല്യു.ഡി. സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

21 (*621) ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനങ്ങൾ യഥാസമയം നടക്കാത്തതുമൂലം കുടുംബനാഥൻ/കുടുംബനാഥ നഷ്ടപ്പെട്ട കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥിതിവിശേഷമുണ്ടാകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത് പരിഹരിക്കാൻ ഗൗരവപൂർവ്വമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) 24-5-1999-ലെ സ.ഉ.(പി)നമ്പർ12/1999/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് നിലവിൽ ആശ്രിത നിയമനം നടത്തിവരുന്നത്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം ജോലിയിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ ആശ്രിതനെ ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ നിലവിലുള്ളതോ ഉടനെ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല. മാതൃവകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമിക്കാൻ നിലവിൽ ഒഴിവില്ലാത്ത സാഹചര്യവും ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുന്ന ചില തസ്തികകൾ മാതൃവകുപ്പിൽ ഇല്ലാത്തതുമാണ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകുവാൻ പ്രധാനമായും കാലതാമസത്തിനിടയാക്കുന്നത്. വിവിധ വകുപ്പുകളിൽ നിന്ന് 30-9-2015 വരെ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ ലഭിച്ച 1215 അപേക്ഷകർക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇപ്രകാരം നിയമിച്ചവരെ റഗുലറൈസ് ചെയ്യുന്നതും ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതും സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C) 33621/15 & 5960/16 നമ്പർ കേസ്സുകളിൽ 25-2-2016-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇടക്കാല ഉത്തരവ് മാറ്റിക്കിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം

22 (*622) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗുണനിലവാരമുള്ള ആഹാരസാധനങ്ങളാണ് വിൽക്കുന്നതെന്ന് ഉറപ്പുവരുത്താൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യ ഉൽപാദന-സംഭരണ-വിതരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനോ ലൈസൻസോ ഉണ്ടാകണമെന്ന നിയമം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പരിശോധനയിൽ ഭക്ഷണസാധനങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഗുണനിലവാരമുള്ള ആഹാരസാധനങ്ങളാണ് വിൽക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ശക്തമായ ഒരു എൻഫോഴ്സ്മെന്റ് വിഭാഗം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിലും ഭക്ഷ്യസുരക്ഷാ വകുപ്പിന് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ കീഴിൽ ഒരു ഫുഡ് സേഫ്റ്റി സർക്കിളും ജില്ലാ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർ (ഇന്റലിജൻസ്)മാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. ഫുഡ് സേഫ്റ്റി ഓഫീസർമാർ സംസ്ഥാനത്തെ ഭക്ഷ്യ ഉൽപ്പാദന സംഭരണ-വിതരണ കേന്ദ്രങ്ങളിലും ചെക്ക്പോസ്റ്റുകളിലും പരിശോധനകൾ നടത്തി ഭക്ഷ്യസാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ

ഗവൺമെന്റിന്റെ ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ അയച്ച് പരിശോധന നടത്തിവരുന്നു. പരിശോധനയിൽ ഗുണനിലവാരമില്ലാത്തവയും ലേബലിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്കെതിരെ അഡ്ജ്യൂഡിക്കേഷന് വിധേയമായി പിഴചുമത്തുന്നു. എന്നാൽ മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ മായങ്ങൾ കലർത്തിയിട്ടുണ്ടെങ്കിൽ ക്രിമിനൽ കേസെടുത്ത് കോടതിയിൽ കേസ് ഫയൽ ചെയ്യുന്നു. ഈ ഗവണ്മെന്റ് ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി പി.എസ്.സി. വഴി 90 ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിച്ചു. അതിൽ 75 പേർക്ക് നിയമപ്രകാരമുള്ള പരിശീലനം നൽകി അവർക്ക് നോട്ടിഫിക്കേഷൻ നൽകുകയും ചെയ്തു. ഇതുകൂടാതെ ഭക്ഷണപദാർത്ഥങ്ങളുടെ പരിശോധന ശക്തിപ്പെടുത്തുന്നതിനു വേണ്ടി രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചു.

കേരളീയ ജനതയ്ക്ക് സുരക്ഷിതമായ മത്സ്യം ലഭ്യമാക്കുന്നതിനുവേണ്ടി 'ഓപ്പറേഷൻ സാഗർറാണി' എന്ന പദ്ധതി ആവിഷ്കരിച്ച് ശക്തമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിവരുന്നു.

ഇതുകൂടാതെ ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്ന കേരള സർക്കാരിന്റെ കീഴിലുള്ള മൂന്ന് ലാബുകളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഗവണ്മെന്റ് സ്വീകരിച്ച നടപടികളുടെ ഭാഗമായി അവയ്ക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചുകഴിഞ്ഞു. അങ്ങനെ ഇന്ത്യയിൽത്തന്നെ സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ ഫുഡ് ടെസ്റ്റിംഗ് ലാബുകൾക്കും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2011 മുതൽ ഇന്ത്യയിൽ നടപ്പാക്കി തുടങ്ങി. അതിനോടൊപ്പം കേരളത്തിലും ഈ നിയമം നിലവിൽ വന്നു. ഈ നിയമപ്രകാരം വാർഷിക വരുമാനം 12 ലക്ഷത്തിൽ താഴെയുള്ളവർക്ക് രജിസ്ട്രേഷനും 12 ലക്ഷത്തിൽ കൂടുതൽ വരുമാനം ഉള്ളവർക്ക് ലൈസൻസും നിർബന്ധമാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കേണ്ട അവസാന തീയതി പലപ്രാവശ്യം നീട്ടിയതിനെ തുടർന്ന് ഇത് കർശനമായി നടപ്പാക്കാൻ കഴിഞ്ഞില്ല. നിലവിൽ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ട കാലാവധി അവസാനിച്ചിരിക്കുകയാണ്. അതിനാൽ കേരളത്തിലെ എല്ലാ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരെയുംകൊണ്ട് ലൈസൻസ്/രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. സംസ്ഥാനത്ത് ഭക്ഷ്യ ഉത്പാദന വിതരണ സംഭരണ മേഖലയിൽ എത്ര വൻകിട ചെറുകിട സ്ഥാപനങ്ങളുണ്ടെന്ന് കൃത്യമായ വിവരം ലഭ്യമല്ല. ഈ മേഖലയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും നിയമാനുസൃതം ലൈസൻസും രജിസ്ട്രേഷനും നൽകുന്നതിനുള്ള

നടപടികൾ Food Licensing and Registration System (FLRS) എന്ന Online System-ത്തിൽ കൂടി നടപ്പിലാക്കി വരുന്നു. 2017 ജൂലൈ മാസത്തോടുകൂടി കേരളത്തിലെ 75% ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതാണ്. നാളിതുവരെ FLRS വഴി കേരളത്തിൽ 130876 എണ്ണം ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് രജിസ്ട്രേഷനും 33867 എണ്ണം ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് ലൈസൻസും നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കാറുണ്ട്. ഭക്ഷണപദാർത്ഥങ്ങൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലബോറട്ടറികളിൽ പരിശോധന നടത്തി ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതികളിൽ ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്യാറുണ്ട്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 അനുബന്ധ ചട്ടങ്ങളും 2011 ആഗസ്റ്റ് 5 മുതലാണ് രാജ്യത്താകമാനം നടപ്പിലാക്കിയത്. ഈ തീയതിക്കുശേഷം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രിമിനൽ കേസ്സുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 7 |
| കൊല്ലം | - | 28 |
| പത്തനംതിട്ട | - | 1 |
| ആലപ്പുഴ | - | 4 |
| കോട്ടയം | - | 17 |
| ഇടുക്കി | - | 18 |
| എറണാകുളം | - | 91 |
| തൃശ്ശൂർ | - | 23 |
| പാലക്കാട് | - | 16 |
| മലപ്പുറം | - | 5 |
| കോഴിക്കോട് | - | 58 |
| വയനാട് | - | 9 |
| കണ്ണൂർ | - | 46 |
| കാസർഗോഡ് | - | 6 |

## വിഷൻ 2020

23 (*623) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം മുന്നോട്ടുവച്ച വിഷൻ 2020 നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) രണ്ട് പതിറ്റാണ്ടുകളായി മുടങ്ങിക്കിടക്കുന്ന ജലപാതകളുടെ വികസനം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ജലപാത വികസനത്തിന് സിയാലിന്റെ സേവനം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ബഹുമാനപ്പെട്ട മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം 2005 ജൂലൈ മാസം കേരള നിയമസഭയിൽ കേരളത്തിന്റെ വികസനത്തിനായി നിർദ്ദേശിച്ച 10 ദൗത്യങ്ങളോടൊപ്പം കേരളത്തിന്റെ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മുൻഗണന നൽകുന്ന 6 ദൗത്യങ്ങൾ കൂടി കൂട്ടിച്ചേർത്ത് 16 പദ്ധതികളാണ് വിഷൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവ താഴെ പറയുന്നു:

1. വിനോദസഞ്ചാരം
2. ഉൾനാടൻ ജലഗതാഗത പാത വികസനം
3. വിജ്ഞാന ഉത്പന്നങ്ങളുടെ വിപണനവും വികസനവും
4. ഔഷധസസ്യങ്ങളുടെയും ആയുർവേദ ഉൽപ്പന്നങ്ങളുടെയും നിർമ്മാണം
5. നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഗുണമേന്മയുള്ള പരിശീലനം
6. പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം

7. ആഴക്കടൽ മത്സ്യബന്ധനവും സമുദ്രമത്സ്യസംസ്കരണവും വിപണനവും
8. സമുദ്രമേഖലയിലെ 'പുര'
9. റബ്ബർ, തേയില, കാപ്പി, സുഗന്ധദ്രവ്യങ്ങൾ, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന പരിപാടി
10. വികസനത്തെ സഹായിക്കുന്ന ബഹിരാകാശ ദൗത്യം
11. കൃഷി
12. പരമ്പരാഗത വ്യവസായങ്ങൾ
13. ദാരിദ്ര്യനിർമ്മാർജ്ജനം
14. പൊതുമേഖലയുടെ പുനഃസംഘടന
15. വികേന്ദ്രീകരണ പ്രവർത്തനങ്ങൾ
16. പരിസ്ഥിതി സംരക്ഷണം.

മുകളിൽപ്പറഞ്ഞ കർമ്മപരിപാടികൾ യാഥാർത്ഥ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരികയാണ്.

(ബി) സ്വീകരിച്ചുവരികയാണ്.

(സി) ജലപാത വികസനത്തിന് സിയാലിന്റെ സേവനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലാണ്.

(ഡി) സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം

24 (*624) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത സിസ്റ്റത്തിന് സാങ്കേതിക സഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പോലീസ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്, ആരോഗ്യവകുപ്പ് തുടങ്ങിയ അടിയന്തര സേവനങ്ങൾ ഒരു കുടക്കീഴിൽ ആക്കുന്നതിന്റെ ഭാഗമായി National Emergency Response System (NERS) അഥവാ " Dial 112" സംവിധാനം ഇന്ത്യയൊട്ടാകെ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് Detailed Project Report (DPR) സമർപ്പിക്കുന്നതിന് C-DAC-നെ സമീപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറായി പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (എച്ച്.ക്യൂ.)-നെ നിയമിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുവേണ്ടി കേന്ദ്ര സർക്കാർ 733.27 ലക്ഷം രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുണ്ട്. ഇതു നടപ്പിലാക്കുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) C-DAC(Centre for Development of Advanced Computing, India) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് National Emergency Response System (NERS) പദ്ധതിക്ക് സാങ്കേതിക സഹായം നൽകുന്നത്. എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

### റേഷൻകടകളുടെ പ്രവർത്തന മികവിന് ഗ്രേഡിംഗ്

25 (*625) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ പ്രവർത്തനമികവടക്കം മെച്ചപ്പെടുത്തുന്നതിന് ഗ്രേഡിംഗ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ കടകൾക്ക് ഗ്രേഡിംഗ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) ഗ്രേഡ് കുറഞ്ഞ റേഷൻ കടകളെ പൊതുവിതരണ ശൃംഖലയിൽനിന്നും ഒഴിവാക്കി, പുതിയ റേഷൻ കടകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ-സി)റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കുറഞ്ഞ ഗ്രേഡ് ലഭിക്കുന്ന കടകളുടെ ലൈസൻസികളെ മാറ്റി നിയമിക്കണമെന്നുള്ള ഒരു ശിപാർശ സിവിൽ സപ്ലൈസ് ഡയറക്ടർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യം സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം**

26 (*626) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് പോലുള്ള ചികിത്സകൾക്ക് സ്വകാര്യ ആശുപത്രികൾ അമിത നിരക്ക് ഈടാക്കുന്നതായും അനാവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ &ബി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. ആന്റ് റഗു.)ബിൽ 2017"- ന് രൂപം നൽകുകയും പ്രസ്തുത കരട് ബിൽ മന്ത്രിസഭായോഗം അംഗീകരിക്കുകയും ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള തുടർനടപടിക്കായി നിയമവകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്കായി ക്ഷേമ പദ്ധതികൾ**

27 (*627) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. ബി. സത്യൻ:

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇവർക്ക് ഉന്നതവിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനും സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ ജില്ലകളിലും ഭിന്നശേഷിക്കാർക്കായുള്ള കമ്മിറ്റികൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഭിന്നശേഷിക്കാർക്ക് സർക്കാർ ഓഫീസുകളിൽ തടസ്സമില്ലാതെ കടന്നുചെല്ലുവാനും തങ്ങളുടെ കാര്യങ്ങൾ നിർവ്വഹിക്കുവാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 'ബാരിയർ ഫ്രീ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഭിന്നശേഷിക്കാർക്കായി നടപ്പ് സാമ്പത്തിക വർഷം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:-

1. ഓപ്പൺ സ്കൂൾ/കോളേജ് മുഖേന രജിസ്റ്റർ ചെയ്ത് ഡിഗ്രിയോ അതിന് മുകളിലോ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യയന വർഷത്തേക്ക് പരമാവധി 10,000 രൂപ വരെ സ്കോളർഷിപ്പായി നൽകുന്നതിനുള്ള പദ്ധതി 2016-17 വർഷം നടപ്പിലാക്കിയിരുന്നു. ടി പദ്ധതി നടപ്പുവർഷവും തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
2. സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താംക്ലാസ്/പന്ത്രണ്ടാംക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതിക്ക് നടപ്പുവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

3. തീവ്രമായ ശാരീരിക മാനസിക പ്രശ്നങ്ങളാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്ന മാതാവിന്/രക്ഷകർത്താവിന് (സ്ത്രീയായിരിക്കണം) സ്വയംതൊഴിൽ ചെയ്യുന്നതിന് ഒരാൾക്ക് 35,000 രൂപ ക്രമത്തിൽ 14 ജില്ലകളിലുമായി 10 പേർക്ക് വീതം ധനസഹായം അനുവദിക്കുന്നതിന് 49,00,000 രൂപയുടെ സ്വാശ്രയ എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

4. അംഗപരിമിതർക്ക് ആധുനിക സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

5. ഒൻപതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, 9 മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം എന്നിവ വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്ന വിദ്യാജ്യോതി എന്ന പദ്ധതിക്ക് 67,20,000 രൂപ അനുവദിച്ച് അംഗീകാരം നൽകിയിട്ടുണ്ട്.

6. ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (മാതാവോ/പിതാവോ/ രണ്ടുപേരുമോ) മക്കൾക്ക് പ്രതിമാസ സ്കോളർഷിപ്പ് :- വരുമാനപരിധി ബി.പി.എൽ, ഒന്നാം ക്ലാസ്സുമുതൽ അഞ്ചാം ക്ലാസ്സുവരെ 300 രൂപ, 6 മുതൽ 10 വരെ 500 രൂപ, +1, +2, IT തത്തുല്യമായ മറ്റ് കോഴ്സുകൾക്ക് 750 രൂപ, ഡിഗ്രി, പി.ജി, പോളിടെക്നിക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾക്ക് 1000 രൂപ.

ഭിന്നശേഷിക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അനുയാത്ര എന്ന പേരിൽ സമഗ്രമായ പദ്ധതിക്ക് സാമൂഹ്യ സുരക്ഷാമിഷൻ മുഖേന രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.
2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
4. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
5. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. സ്പെഷ്യൽ അങ്കണവാടികൾ
8. പ്രോജക്ട് ഓട്ടിസം
9. കാതോരം
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
11. ഹെൽപ്പ് ഡെസ്ക്
12. Student initiative
13. ദേശീയ ശില്പശാല
14. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ
15. എം.എം.ആർ & റൂബെല്ല വാക്സിനേഷൻ

ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. അംഗവൈകല്യമുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.
2. അംഗവൈകല്യമുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം - മാനദണ്ഡങ്ങൾക്കു വിധേയമായി.
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം - മാനദണ്ഡങ്ങൾക്കു വിധേയമായി.
4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ /വിദ്യാഭ്യാസ വായ്പ
6. സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി
7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി
8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി
9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി - സംസ്ഥാന തലത്തിൽ നടപ്പാക്കൽ
11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും
12. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം

(ബി) 2016-ലെ Rights of Persons with Disabilities Act ചാപ്റ്റർ VI സെക്ഷൻ 32 പ്രകാരം സർക്കാർ ധനസഹായം കൈപ്പറ്റുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിനായി അംഗപരിമിതരായ കുട്ടികൾക്ക് 5% സംവരണത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത Rights of Persons with Disabilities Act 2016 -ന് മേൽ ആവശ്യമായിട്ടുള്ള സംസ്ഥാനതല ചട്ടങ്ങൾക്ക് രൂപംനൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) 2016 -ലെ Rights of Persons with Disabilities Act പ്രകാരം എല്ലാ ജില്ലകളിലും ജില്ലാതല കമ്മിറ്റിക്ക് രൂപം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 2017-18 സാമ്പത്തിക വർഷം 'ബാരിയർ ഫ്രീ' പദ്ധതി നടപ്പിലാക്കുന്നതിനായി ബജറ്റിൽ പതിനഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, മെഡിക്കൽ കോളേജ്, ജില്ലാതാലൂക്ക് ആശുപത്രികൾ, പഞ്ചായത്ത് മുനിസിപ്പൽ ഓഫീസുകൾ എന്നിവയിലാണ് 'ബാരിയർ ഫ്രീ' പദ്ധതി ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്. ആയതിനുവേണ്ടി പ്രൊപ്പോസൽ സമർപ്പിക്കുവാൻ കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ബാരിയർ ഫ്രീ കണ്ണൂർ പദ്ധതി നടപ്പിലാക്കി. കണ്ണൂർ ജില്ലയെ അംഗപരിമിത സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

വയനാട് ജില്ലയിലെ പൊതുകെട്ടിടങ്ങൾ അംഗപരിമിത സൗഹൃദമാക്കുന്നതിനായി വയനാട് ജില്ലാകളക്ടർ ലഭ്യമാക്കിയ 6,11,20,000 രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പൊതു കെട്ടിടങ്ങൾ അംഗപരിമിത സൗഹൃദമാക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം 2017-18 സാമ്പത്തിക വർഷം 8,88,80,000 രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

Scheme for Implementation of Persons with Disabilities(SIPDA) തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയ 15 കെട്ടിടങ്ങളുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന്റെ SIPDA പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് സർക്കാർ ആശുപത്രികളിൽ തടസ്സമില്ലാതെ കടന്നുചെല്ലുന്നതിനായി റാംപുകൾ, railing എന്നിവയും ഒ.പി.-കളിൽ പ്രത്യേക ക്യൂവും ഏർപ്പെടുത്തിയിട്ടുണ്ട്.

**അന്ത്യോദയ അന്നയോജന പദ്ധതി**

28 (*628) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നത്;

(ഡി) പദ്ധതിക്കായുള്ള ഏതെല്ലാം ചെലവുകളാണ് സംസ്ഥാന സർക്കാർ വഹിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മുൻസർക്കാരിന്റെ കാലത്തുള്ള കുടിശ്ശിക റേഷൻ വ്യാപാരികൾക്ക് കൊടുത്തുതീർക്കാനുണ്ടോ; എങ്കിൽ ഇത് നൽകുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തിനുള്ള ഭക്ഷ്യധാന്യവിഹിതം വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) ദേശീയ തലത്തിൽ ഒരുകോടി ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ 25-12-2000- ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിക്ക് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, എല്ലാവരെയും വിശപ്പിൽനിന്ന് വിമുക്തമാക്കുക, ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കത്തക്കവിധം പൊതു വിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണുള്ളത്. പ്രസ്തുത പദ്ധതിയിൽ താഴെ പറയുന്ന മുൻഗണനാ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

(i) സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യരോഗബാധിതരോ, അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥൻ/നാഥയായിട്ടുള്ള കുടുംബങ്ങൾ.

(ii) സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യരോഗബാധിതരോ, അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ ഏകയായ സ്ത്രീയോ പുരുഷനോ.

(iii) എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടംബങ്ങളും.

ഇതുകൂടാതെ 4-9-2010-ലെ ജി.ഒ. (എം. എസ്.) നമ്പർ 31/10/ഭ.സി.സ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം വിട്ടുമാറാത്തതും മാരകമായ എയ്ഡ്സ് പോലുള്ള രോഗങ്ങൾക്ക് അടിമപ്പെട്ടവർ, കാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും യാതൊരു സാമ്പത്തിക സഹായവും ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് എ.എ.വൈ. പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഒഴിവുകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രതിമാസം 16807.49 മെ.ടൺ അരിയും 4045.475 മെ.ടൺ ഗോതമ്പുമുൾപ്പെടെ 20852.965 മെ.ടൺ ഭക്ഷ്യധാന്യം AAY വിഭാഗത്തിനായി കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്നുണ്ട്.

(ഡി) കി.ഗ്രാമിന് 3 രൂപ നിരക്കിൽ കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന അരിയും കി.ഗ്രാമിന് 2 രൂപ നിരക്കിൽ ലഭിക്കുന്ന ഗോതമ്പും സംസ്ഥാന സർക്കാർ എ.എ.വൈ. വിഭാഗത്തിന് സൗജന്യമായാണ് നൽകിവരുന്നത്. പ്രസ്തുതയിനത്തിൽ 5,85,13,420 രൂപ (5.85 കോടി രൂപ) സർക്കാർ പ്രതിമാസം ചെലവഴിക്കുന്നു. ഭക്ഷ്യധാന്യ വിതരണം നിർവ്വഹിക്കുന്ന മൊത്ത/ചില്ലറ വ്യാപാരികൾക്ക് സപ്ലൈകോയ്ക്ക് നൽകുന്ന കമ്മീഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 3.3 കോടി രൂപയും സർക്കാർ ചെലവിൽ ഉൾപ്പെടുന്നു.

(ഇ) ഇല്ല.

(എഫ്) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള എ.എ.വൈ. ഗുണഭോക്താക്കളുടെ എണ്ണത്തിനും ടി വിഭാഗത്തിന് ഭക്ഷ്യ ഭദ്രത നിയമപ്രകാരമനുവദിച്ചിട്ടുള്ള വിതരണത്തോതിനും (അരിയും ഗോതമ്പുമുൾപ്പെടെ കാർഡിന് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം) ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നുണ്ട്.

**സമഗ്ര ശിശു സംരക്ഷണ പദ്ധതി**

29 (*629) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ശിശുക്കളുടെ സംരക്ഷണത്തിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) കുട്ടികളുടെ ബൗദ്ധിക കഴിവുകൾ വികസിപ്പിക്കാനും അവരുടെ ആരോഗ്യപരിപാലനത്തിനുമുള്ള എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്ര ശതമാനം വീതമെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി)

1. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെക്കുറിച്ചുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റികളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

2. രക്ഷിതാക്കൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതോ ജാമ്യം അനുവദിക്കാൻ സാധിക്കാത്തതോ ആയ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി 14 ഒബ്സർവേഷൻ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

3. സ്ഥാപനേതര പരിപാടികളായ ദത്തെടുക്കൽ, ഫോസ്റ്റർകെയർ, സ്പോൺസർഷിപ്പ് എന്നീ പരിപാടികളിലൂടെ കുടുംബ സംരക്ഷണം നൽകാൻ സാധിക്കാത്ത ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി ചിൽഡ്രൻസ് ഹോമുകൾ പ്രവർത്തിക്കുന്നു.

4. കുറ്റം ചെയ്തുവെന്ന് തെളിഞ്ഞ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനും സ്വഭാവ പരിവർത്തനത്തിനും പുനരധിവാസത്തിനുമായി രണ്ട് സ്പെഷ്യൽ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

5. ഗുരുതരമായ കുറ്റകൃത്യത്തിലേർപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനും സ്വഭാവ പരിവർത്തനത്തിനും പുനരധിവാസത്തിനുമായി പ്ലേസ് ഓഫ് സേഫ്റ്റി എന്നൊരു സ്ഥാപനം തൃശ്ശൂരിൽ പ്രവർത്തിക്കുന്നു.

6. അലഞ്ഞുതിരിഞ്ഞു നടക്കുന്നതും യാചകവൃത്തിയിലേർപ്പെട്ടതുമായ കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി 3 ഓപ്പൺ ഷെൽട്ടറുകൾ സന്നദ്ധസംഘടനകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

7. ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന 2012-ലെ പോക്സോ ആക്ട് മറ്റ് വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.

8. പോക്സോ ആക്ട് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ബന്ധപ്പെട്ട പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഐ.സി.പി.എസ്.-ലൂടെ നടത്തുന്നു.

9. കുട്ടികളുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 19 പോലീസ് ജില്ലകളിലും സ്പെഷ്യൽ പോലീസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികളുടെ ബൗദ്ധികമായ കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുന്നതിനും പഠനത്തിന് താൽപ്പര്യമില്ലാത്ത കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാഠ്യേതര പ്രവർത്തനങ്ങൾക്കും മാനസികോല്ലാസത്തിനുവേണ്ടിയുള്ള വിവിധ പരിശീലനങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ, പ്ലേസ് ഓഫ് സേഫ്റ്റി എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. സ്ഥാപനങ്ങളുടെ സമീപത്തുള്ള സർക്കാർ ആശുപത്രിയിലേയോ ഹെൽത്ത് സെന്ററുകളിലെയോ ഡോക്ടർമാർ സ്ഥാപനങ്ങൾ സന്ദർശിച്ച് കുട്ടികളെ പരിശോധിക്കാറുണ്ട്. രോഗംബാധിച്ച കുട്ടികൾക്ക് സർക്കാർ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ചികിത്സ ലഭ്യമാക്കാറുണ്ട്.

(ഡി) 1-4-2015 മുതൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ ഫണ്ടിംഗ് പാറ്റേൺ പ്രകാരമുള്ള കേന്ദ്ര വിഹിതം/ സംസ്ഥാന വിഹിതം എന്നിവ താഴെപ്പറയുംപ്രകാരമാണ്.

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം |
|---|---|---|
| (1) | (2) | (3) |
| 1 | ഐ.സി.പി.എസ്. ഘടകങ്ങളായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ,സർക്കാർ ആഭിമുഖ്യത്തിലുള്ള ഹോമുകൾ എന്നിവയ്ക്ക് | കേന്ദ്രവിഹിതം 60% സംസ്ഥാന വിഹിതം 40% |

| (1) | (2) | (3) |
|---|---|---|
| 2 | സ്റ്റാറ്റ്യൂട്ടറി ബോഡികളായ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ എന്നിവയ്ക്ക് | കേന്ദ്രവിഹിതം 35%<br>സംസ്ഥാന വിഹിതം65% |
| 3 | NGO-മാർ നടത്തുന്ന സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ, ഓപ്പൺ ഷെൽട്ടറുകൾ എന്നിവയ്ക്ക് | കേന്ദ്രവിഹിതം 60%<br>സംസ്ഥാന വിഹിതം30%<br>NGO)വിഹിതം 10% |

**വനിതാ ക്ഷേമ പ്രവർത്തനങ്ങൾ**

30 (*630) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡനം തടയൽ നിയമം തുടങ്ങിയ നിയമങ്ങളുടെ ഫലപ്രദമായ നിർവഹണം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് ഏതെല്ലാം തരത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) ലിംഗസമത്വവുമായി ബന്ധപ്പെട്ട അവബോധന ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വനിതാക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അവലോകനം, പുനരുദ്ധാരണം, അവിടെയുള്ള അന്തേവാസികൾക്കായുള്ള തൊഴിൽ പരിശീലനം, വിദ്യാഭ്യാസ സഹായം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സ്ത്രീധന സമ്പ്രദായത്തിന്റെ ദൂഷ്യഫലങ്ങളെ സംബന്ധിച്ചും സ്ത്രീധന നിരോധന നിയമത്തിലൂടെ ലഭിക്കുന്ന പരിരക്ഷയെ സംബന്ധിച്ചുമുള്ള അവബോധം യുവജനങ്ങൾക്കിടയിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 44 കോളേജുകളിൽ NSS, NCC, PTA, Women Cell എന്നിവയുടെ

സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീധന നിരോധന നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ആലേഖനം ചെയ്തുകൊണ്ടുള്ള സ്റ്റിക്കർ ലേബൽ കെ.എസ്.ആർ.ടി.സി.-യുടെ 2000 ബസുകളിൽ പതിപ്പിക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിലെ സ്ത്രീധന നിരോധന ഓഫീസർമാർ മുഖാന്തരം സ്ത്രീധന നിരോധനം സംബന്ധിച്ച് ബോധവൽക്കരണപരിപാടികൾ നടത്തുന്നതിനും സ്ത്രീധന നിരോധന പ്രചാരണ പദ്ധതികൾക്കായി തയ്യാറാക്കിയ പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ ഓഫീസുകളിലും മറ്റ് പൊതുഇടങ്ങളിലും പതിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ഗാർഹിക പീഡന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് 14 ജില്ലകളിലായി 15 ഷെൽട്ടർ ഹോമുകൾ, 14 ജില്ലാ വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ, 96 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 41 ഫാമിലി കൗൺസലിംഗ് സെന്ററുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഗാർഹിക അതിക്രമത്തിനെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ പൊതുസ്ഥലത്ത് ഒട്ടിക്കുകയും വിതരണം ചെയ്യുകയും ഇത്തരം അതിക്രമങ്ങൾ തുടക്കത്തിൽ കണ്ടെത്തുന്നതിനും ഇടപെടൽ നടത്തുന്നതിനും തടയുന്നതിനുമായി ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം തുടങ്ങിയ നിയമങ്ങളെ സംബന്ധിച്ച് സമൂഹത്തിന് പ്രത്യേകിച്ച് യുവതലമുറയ്ക്ക് ബോധവൽക്കരണം നടത്തുന്നതിലേക്ക് എല്ലാ വർഷവും നവംബർ 26 -ാം തീയതി സ്ത്രീധന-ഗാർഹിക പീഡന നിരോധന ദിനമായി ആചരിച്ചുവരുന്നു.

(ബി) ലിംഗസമത്വം, ആൺകുട്ടികളെയും പെൺകുട്ടികളെയും ലൈംഗിക ചൂഷണത്തിൽനിന്നും സംരക്ഷിക്കുക, സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുക എന്നീ വിഷയങ്ങളെ പ്രമേയമാക്കി കേരള ചലച്ചിത്ര അക്കാദമിയുമായി ചേർന്ന് തയ്യാറാക്കുന്ന സമന്വയം എന്നൊരു ഡോക്യുഫിക്ഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്ക് ട്യൂഷൻ ഫീസ്, താമസചെലവ്, പഠനോപകരണങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായം, വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്കും മുൻ

അന്തേവാസികൾക്കും തൊഴിൽ പരിശീനം നൽകുന്നതിനും സ്വയം തൊഴിലിന് ധനസഹായം നൽകുന്നതിനും വിവാഹത്തിനുള്ള ധനസഹായത്തിനും വാർഷിക കൂടിച്ചേരലിനും ആരോഗ്യ ചെലവുകൾക്കും ഉൾപ്പെടെ സ്ത്രീ ശാക്തീകരണ പരിപാടികളിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നിർഭയ പദ്ധതിയുടെ ഭാഗമായി സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ജെൻഡർ അവബോധ പരിപാടികൾ നടത്തുന്നുണ്ട്. ലിംഗസമത്വത്തെക്കുറിച്ചും വകുപ്പ് നടപ്പാക്കുന്ന സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചും അവബോധ പരിപാടികൾ, ജെൻഡർ അടിസ്ഥാനമാക്കിയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ആക്ഷൻ പ്ലാൻ രൂപീകരണം എന്നിവയുമുള്ള നടപടികൾ നടന്നുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗവ. സെക്രട്ടേറിയറ്റിലെ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

1 (5427) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷമായി തീർപ്പാകാതെ കിടക്കുന്ന എത്ര ഫയലുകൾ സെക്രട്ടേറിയറ്റിൽ ഉണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) തീരുമാനമാകാതെ അനന്തമായി ഈ ഫയലുകൾ കെട്ടികിടക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഒരിക്കലും തീർപ്പുകൽപ്പിക്കാനാവാത്ത ഫയലുകൾ ഇക്കൂട്ടത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാലവിളംബം ബന്ധപ്പെട്ട കക്ഷികളെ അറിയിച്ചിട്ടുണ്ടോ;

(ഇ) പെട്ടെന്ന് തീർപ്പ് കൽപ്പിക്കാമായിരുന്നിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ താല്പര്യമെടുക്കാത്തതിനാൽ തീരുമാനമാകാത്ത ഫയലുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) കെട്ടികിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ എന്ത് സംവിധാനമാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റിൽ പുതുതായി എത്ര ഫയലുകൾ എത്തി എന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ തീർപ്പായതും ആകാത്തതുമായ ഫയലുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; അലസതയും കൃത്യവിലോപവും ഫയലുകൾ കെട്ടികിടക്കാൻ കാരണമായെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രതിമാസ പ്രവർത്തന റിപ്പോർട്ടനുസരിച്ച് ഭവനനിർമ്മാണ വകുപ്പിൽ 3, ആയുഷ് (എ) വകുപ്പിൽ 2, വിജിലൻസ് വകുപ്പിൽ 1, പൊതുമരാമത്ത് വകുപ്പിൽ 10, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ 34, വ്യവസായ വകുപ്പിൽ 5, ഊർജ്ജവകുപ്പിൽ 1, നികുതി വകുപ്പിൽ 67, ആഭ്യന്തര വകുപ്പിൽ 41, ഗതാഗത വകുപ്പിൽ 2-ഉം ഫയലുകൾ പത്ത് വർഷമായി തീർപ്പാകാതെയുണ്ട്.

(ബി) നിയമപരവും സാങ്കേതികമായും തടസ്സമുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇടക്കാല മറുപടി നൽകാറുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമാക്കാനും മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ (E-office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കിവരുന്നു.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റിൽ പുതുതായി ആരംഭിച്ച ഫയലുകളുടെയും തീർപ്പാക്കിയ ഫയലുകളുടെയും തീർപ്പാക്കാനുള്ള ഫയലുകളുടെയും എണ്ണം അനുബന്ധമായി* ചേർത്തിരിക്കുന്നു. അലസതയും കൃത്യവിലോപവുംമൂലം ഫയലുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇ-ഓഫീസ്

2 (5428) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓഫീസ് പ്രവൃത്തി സമയങ്ങളിൽ എല്ലാ ഓഫീസുകളിലും ഒരേ സമയം ഇ-ഓഫീസ് സംവിധാനം ഉപയോഗിക്കുന്നത് കാരണം ഇ-ഓഫീസിന്റെ പ്രവർത്തനം മന്ദഗതിയിലാകുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനത്തിൽ നേരിട്ട പ്രയാസം സംബന്ധിച്ച് ആപ്ലിക്കേഷൻ ഡെവലപ്പറായ എൻ.ഐ.സി.-യുടെ ടീം, കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ സാങ്കേതിക സഹായികൾ, കെൽട്രോണിന്റെ നെറ്റ്‌വർക്ക് ടീം, SeMT എന്നിവർ പരിശോധന നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

**ഇ-ഓഫീസ് സംവിധാനത്തിലെ പോരായ്മകൾ**

3 (5429) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് നടപ്പിലാക്കിയ വകുപ്പുകളിൽ ഒരേവിഷയത്തിൻമേൽ ഫിസിക്കൽ ഫയലും ഇ -ഫയലും ഉപയോഗിക്കുന്നതുമൂലം അത് കൈകാര്യം ചെയ്യുന്നവർക്ക് ഇ- ഓഫീസിന്റെ പ്രയോജനം ലഭിക്കാതെവരുന്നതും ജോലിഭാരം ഇരട്ടിയാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; തുടർച്ചയായി ഇ-ഓഫീസ് ഉപയോഗിക്കുന്നതുമൂലം ജീവനക്കാർക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ ക്കുറിച്ച് പ്രത്യേകിച്ച് കണ്ണിനും കഴുത്തിനും മറ്റുമുള്ള സ്ട്രെയിൻ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ തുടർച്ചയായി കമ്പ്യൂട്ടർ മോണിറ്റർ നോക്കി ഫയൽ വർക്ക് ചെയ്യുമ്പോൾ ജീവനക്കാർക്ക് ആരോഗ്യപരമായി ഉണ്ടാകുന്ന പ്രശ്നങ്ങൾക്കൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തുടർച്ചയായി ഇ-ഓഫീസ് ഉപയോഗിക്കുന്നതുമൂലം ജീവനക്കാർക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകിച്ച് കണ്ണിനും കഴുത്തിനുമുള്ള സ്ട്രെയിൻ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;വ്യക്തമാക്കുമോ ;

(സി) എങ്കിൽ ജീവനക്കാർക്ക് ആരോഗ്യപരമായി ഉണ്ടാകുന്ന പ്രശ്നങ്ങൾക്കൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇ-ഫയലിംഗ് പൂർണ്ണമായും എല്ലാ വകുപ്പുകളിലും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ചില വകുപ്പുകളിൽ ഒരേ വിഷയത്തിന്മേൽ ഫിസിക്കൽ ഫയലും ഇ-ഫയലും ഉപയോഗിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ആയത് കർശനമായി വിലക്കിക്കൊണ്ട് 25-2-2017-ലെ IT Cell 2/63/2017/വി.സ.വ. നമ്പർ സർക്കുലർ പ്രകാരം ഇ-ഫയലിംഗ് സംബന്ധിച്ച് വിവിധ നിർദ്ദേശങ്ങൾ എല്ലാ സെക്രട്ടറിമാർക്കും വകുപ്പുകൾക്കും സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്.

തുടർച്ചയായി ഇ-ഓഫീസ് ഉപയോഗിക്കുന്നതുമൂലം ജീവനക്കാർക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

## പി.എസ്.സി. അപേക്ഷകർക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കാൻ നടപടി

4 (5430) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. യോഗ്യതയുള്ള ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഗവൺമെന്റ് പ്രൈമറി സ്കൂൾ അദ്ധ്യാപകർ എന്നിവർക്ക് എയ്ഡഡ് കോളേജ് അദ്ധ്യാപക നിയമനങ്ങളിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 26-8-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 181/2016/ഉ.വി.വ. സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിൽ ഇളവ് അനുവദിച്ചതുപോലെ ഗവൺമെന്റ് കോളേജുകളിലെ നിയമനത്തിനായി പി.എസ്.സി.-യിൽ അപേക്ഷ നൽകുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് അനുവദിച്ചു നൽകുന്ന ഉത്തരവ് ഇറക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## നാലാം ഭരണപരിഷ്കാര കമ്മീഷൻ

5 (5431) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കമ്മീഷന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കമ്മീഷൻ ചെയർമാന് ശമ്പളവും മറ്റ് ബത്തകളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാലാം ഭരണപരിഷ്കാര കമ്മീഷൻ 18-8-2016 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കമ്മീഷൻ ആസ്ഥാനമായി തിരുവനന്തപുരം IMG-യിലാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഓഫീസ് പ്രവർത്തനസജ്ജമായി വരുന്നു. നിലവിൽ IMG-യിലും താൽക്കാലികമായി സെക്രട്ടേറിയറ്റിൽ ഒരു വിഭാഗവും പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. 5-5-2017-ലെ G.O.(Ms) No. 11/2017/P&ARD അനുബന്ധമായി* ചേർക്കുന്നു.

## മുൻ മന്ത്രിമാരുടെ വിദേശയാത്ര

6 (5432) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ എന്നിവർ നടത്തിയ വിദേശയാത്രകളുടെ വിശദാംശങ്ങളും ഇതിനുവേണ്ടി ചെലവായിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ എന്നിവർ നടത്തിയ വിദേശയാത്രകളുടെ വിശദാംശങ്ങളും വിദേശയാത്രകൾക്ക് വിമാനയാത്രാ ടിക്കറ്റ് ചാർജ്ജിനത്തിൽ നാളിതുവരെ റീ-ഇംബേഴ്സ് ചെയ്ത തുകയുടെ വിശദാംശങ്ങളും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**രമൺ ശ്രീവാസ്തവയുടെ നിയമനം**

7 (5433) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. രമൺ ശ്രീവാസ്തവയെ പോലീസിന്റെ ഉപദേശകനായിട്ടാണോ അതോ മുഖ്യമന്ത്രിയുടെ ഉപദേശകനായിട്ടാണോ നിയമിച്ചിട്ടുള്ളത്;

(ബി) അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) പോലീസ് വകുപ്പിൽനിന്നും രണ്ട് ഡ്രൈവർമാരുടെ സേവനം അദ്ദേഹത്തിന് വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ അവരുടെ ശമ്പളയിനത്തിൽ പ്രതിമാസം എന്തു ചെലവുവരും;

(ഡി) ഡ്രൈവർമാരുടെ സേവനം ടൂറിസം വകുപ്പിൽ നിന്നോ ദിവസ വേതന ഇനത്തിലോ അനുവദിക്കുന്നത് പരിശോധിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ ഉപദേശകനായാണ് കേരള കേഡറിലെ മുൻ ഐ.പി.എസ്. ഉദ്യോഗസ്ഥനായ ശ്രീ. രമൺ ശ്രീവാസ്തവയെ നിയമിച്ചിട്ടുള്ളത്.

(ബി) ശ്രീ. രമൺ ശ്രീവാസ്തവയ്ക്ക് ഓഫീസ് സൗകര്യം, പേഴ്സണൽ അസിസ്റ്റന്റ് എന്നിവയും അദ്ദേഹത്തിന് സംസ്ഥാനത്തിനുള്ളിലെ ഔദ്യോഗിക യാത്രകൾക്കായി പോലീസ് വകുപ്പിൽനിന്നും ഡ്രൈവർ സഹിതം ടൊയോട്ടാ ഇന്നോവ കാറും തിരുവനന്തപുരത്ത് സ്വന്തം വാഹനം ഉപയോഗിക്കുകയാണെങ്കിൽ പോലീസ് ഡ്രൈവറുടെ സേവനവും നൽകുന്നു. യാത്രാബത്ത, ദിനബത്ത തുടങ്ങിയവ ചീഫ് സെക്രട്ടറിക്ക് അനുവദനീയമായ നിരക്കിലായിരിക്കും.

(സി) ശ്രീ. രമൺ ശ്രീവാസ്തവയുടെ സംസ്ഥാനത്തിനുള്ളിലെ ഔദ്യോഗിക യാത്രകൾക്കായി ഡ്രൈവർ സഹിതം ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് സ്വന്തം വാഹനം ഉപയോഗിക്കുമ്പോൾ ഒരു പോലീസ് ഡ്രൈവറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഈ രണ്ട് ഡ്രൈവർ SCPO-മാരുടെ പ്രതിമാസവേതനം ഏകദേശം 93,032 രൂപയാണ്.

(ഡി) പരിശോധിക്കേണ്ടതായ സാഹചര്യം ഇപ്പോൾ നിലവിലില്ല.

## ആശ്രിത നിയമന നടപടിക്രമങ്ങൾ

8 (5434) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആശ്രിത നിയമനം ലഭിച്ചവർ ആകെ ഒഴിവിന്റെ എത്ര ശതമാനം വരും; ആശ്രിതനിയമനത്തിനായി നീക്കിവച്ചിരിക്കുന്ന ഒഴിവുകളിൽ നിശ്ചിത ശതമാനത്തിനേക്കാൾ കൂടുതൽപേരെ ഈ കാലയളവിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വിഭാഗത്തിനാണ് ഈ കാരണത്താൽ തൊഴിൽ നഷ്ടം ഉണ്ടായത്;

(ബി) ആശ്രിത നിയമനം ലഭിക്കുന്നവരുടെ നിയമനം നിയമാനുസൃതമാക്കുന്ന നടപടി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഓരോ വകുപ്പിലും എത്ര പേർക്ക് ആശ്രിതനിയമനം നൽകിയിട്ടുണ്ട്; ഇതിൽ എത്രപേരുടെ നിയമനം ക്രമപ്പെടുത്തിയിട്ടുണ്ട്; നിയമനങ്ങൾ ക്രമപ്പെടുത്തുന്നതിലെ വീഴ്ചമൂലം പി.എസ്.സി. വഴി നിയമനം നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് ആയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ച് വരികയാണ്.

(ബി) 24-5-1999-ലെ സ.ഉ. (പി) 12/99/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിതർക്ക് നിയമനം നൽകിവരുന്നത്. അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ച് വരികയാണ്.

## സിറ്റി ഗ്യാസ് പദ്ധതി

9 (5435) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണം പുരോഗമിക്കുന്ന കൊച്ചി-മംഗലാപുരം എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതിക്ക് ഒപ്പം സിറ്റി ഗ്യാസ് പദ്ധതിയും നടപ്പിലാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര പ്രതികരണം എന്താണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

ഗെയിലിന്റെ KKBMPL Pipe Line-നോടൊപ്പം പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സംവിധാനം കമ്മീഷൻ ചെയ്യാവുന്ന രീതിയിൽ അനുമതി നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന് മറുപടിയായി KKBMPL Pipe Line പദ്ധതിയുടെ പുരോഗതിക്ക് അനുസൃതമായി അനുമതി നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

**സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിലെ പ്യൂൺ തസ്തികയിലെ നിയമനം**

10 (5436) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

28-4-2010 -ലെ നോട്ടിഫിക്കേഷൻ നമ്പർ. സി.ഇ.(സി)/530/2010 പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിലെ പ്യൂൺ തസ്തികയിലേക്ക് നടന്ന എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

28-4-2010-ലെ നോട്ടിഫിക്കേഷനിൽ സംവരണ തത്വങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിനോടകം അപേക്ഷകരിൽ ഒരാളായ ശ്രീ. കെ ലിനേഷ് ഫയൽ ചെയ്ത WP(c) 28413/11-ലെ വ്യവഹാരം കോടതിയുടെ പരിഗണനയിലായതിനാൽ അതിലെ അന്തിമവിധി അനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**പോലീസിലെ ആശ്രിത നിയമനം**

11 (5437)<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് ആശ്രിത നിയമനം നടത്തുന്നത് ; ആശ്രിത നിയമനം ലഭിക്കുന്നത് എത്ര ശതമാനം പേർക്കാണ്;

(ബി) സംസ്ഥാനത്ത് ആശ്രിതനിയമനം ലഭിച്ചവരുടെ നിയമനം എന്ത് മാനദണ്ഡം അനുസരിച്ചാണ് റെഗുലറൈസ് ചെയ്യുന്നത്; നിലവിൽ ഉണ്ടാകുന്ന ഒഴിവിന്റെ എത്ര ശതമാനമാണ് ആശ്രിത നിയമനത്തിനായി പരിഗണിക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിൽ അശ്രിത നിയമനം ലഭിച്ചവരിൽ എത്ര പേരുടെ സർവ്വീസ് റെഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്;

(ഡി) പോലീസിൽ ആശ്രിതനിയമനംവഴി ജോലി ലഭിച്ചവരുടെ സർവ്വീസ് അനർഹമായി റെഗുലറൈസ് ചെയ്തുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെറ്റായ രീതിയിൽ റെഗുലറൈസ് ചെയ്യപ്പെട്ട ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 24-5-1999-ലെ സ.ഉ.(പി)നമ്പർ 12/99/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരമാണ് ആശ്രിത നിയമനം നൽകുന്നത്. മാതൃവകുപ്പിൽ ആശ്രിത നിയമനത്തിന് അപേക്ഷിച്ചിട്ടുള്ളവർക്ക് നിലവിലുള്ളതും ഉടനെ ഉണ്ടാകുന്നതുമായ ഒഴിവിലേക്കാണ് നിയമനം നൽകേണ്ടത്.

(ബി) പോലീസ് വകുപ്പിൽ സംഖ്യാധിക തസ്തികയിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരായി ജോലിയിൽ പ്രവേശിച്ചവരിൽ മാതൃവകുപ്പിൽ ആശ്രിത നിയമനത്തിന് അപേക്ഷിച്ച് മാതൃവകുപ്പിൽത്തന്നെ നിയമനം ലഭിച്ചവർക്ക് 24-5-1999-ലെ സ.ഉ.(പി)നമ്പർ 12/99/ഉ.ഭ.പ.വ. പ്രകാരവും മറ്റ് വകുപ്പുകളിൽ നിയമനം ലഭിച്ചവർക്ക് 21-7-2014-ലെ സ.ഉ.(കൈ)നമ്പർ 22/14/ഉ.ഭ.പ.വ. പ്രകാരവുമാണ് നിലവിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ഇപ്പോൾ റെഗുലറൈസ് ചെയ്തുവരുന്നത്.

(സി) 107 പേരെ റെഗുലറൈസ് ചെയ്തിട്ടുണ്ട്.

(ഡി) അനർഹമായി ആരെയും റെഗുലറൈസ് ചെയ്തിട്ടില്ല.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

12 (5438) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വളയൻ ചിറങ്ങര മൃഗാശുപത്രിയിൽ ജോലി നോക്കിവരവെ മരണമടഞ്ഞ എം. ഭാസ്കരന്റെ മകൻ ശബരിനാഥ്. റ്റി.ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം എൽ.ഡി.സി. നിയമനത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ 196/2014 തീയതി 19-9-2014 പ്രകാരം ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ നാളിതുവരെയും ശ്രീ. ശബരിനാഥിന് നിയമനം നല്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തുകൊണ്ടാണ് ശബരിനാഥിന് ആശ്രിതനിയമനം നല്കാതിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) അടിയന്തരമായി നിയമനം നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമന പ്രകാരം 18 പേർ സൂപ്പർ ന്യൂമററി ആയി ജോലിയിൽ തുടരുകയാണ്. ശ്രീ. ശബരിനാഥിന്റെ സീനിയോറിറ്റി ഇവർക്കും താഴെയായിട്ടാണ്. ആയതിനാൽ സൂപ്പർ ന്യൂമററിയിൽ തുടരുന്നവരെ റെഗുലറൈസ് ചെയ്താൽ മാത്രമേ ടിയാന് നിയമനം നൽകാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 25-2-2016-ലെ WPC Nos. 33621/2015 & 5960/2016 ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററിയിലുള്ളവരെ റെഗുലറൈസ് ചെയ്യുന്നതിന് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിനാലാണ് മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം വൈകുന്നത്.

(ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 25-12-2016-ലെ WPC Nos. 33621/2015 & 5960/2016 ഉത്തരവ് പ്രകാരമുള്ള സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് ശ്രീ. ശബരിനാഥിന്റെ സീനിയോറിറ്റി അനുസരിച്ച് മൃഗസംരക്ഷണ വകുപ്പിൽ ഉണ്ടാകുന്ന ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പൊതുഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

13 (5439) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ മെല്ലെപ്പോക്കുമൂലം സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി എന്നീ തസ്തികകളിൽ അംഗീകൃതവും ഇപ്പോഴുള്ളതുമായ സ്റ്റാഫ് സ്ട്രെങ്ത് എത്രവീതമെന്ന് അറിയിക്കുമോ;

(ഡി) ഫയൽനീക്കം കാര്യക്ഷമവും കൂടുതൽ സുതാര്യവും സുഗമവുമാക്കുന്നതിന് അടിയന്തരവും ശക്തവുമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രതിമാസ പ്രവർത്തനപട്ടിക അവലോകനം ചെയ്തതിനുശേഷം ഉചിതമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ബി) മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ കേഡർ സ്ട്രെങ്ത് 1121 ആണ്. ഇതിനുപുറമേ അസിസ്റ്റന്റ് തസ്തികയിൽ 43 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ അന്യത്രസേവനം അനുഷ്ഠിക്കുന്നവർ ഉൾപ്പെടെ ഈ തസ്തികയിൽ 1114 പേരുണ്ട്. പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർമാരുടെ കേഡർ സ്ട്രെംങ്ത് 191-ഉം ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത് 190-ഉം ആണ്. സെക്ഷൻ ഓഫീസർമാരുടെ ആകെ കേഡർ സ്ട്രെംങ്ത് 381 ആണ്. അണ്ടർ സെക്രട്ടറിമാരുടെ കേഡർ സ്ട്രെംങ്ത് 136 ആണ്.

(ഡി) സ്വീകരിച്ചുവരുന്നു.

**മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം**

14 (5441) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് മാസം 20-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ച് (മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ) മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം സംബന്ധിച്ച് സർവ്വകക്ഷി യോഗം ചേർന്നതിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 20-3-2017 തീയതിയിലെ സർവ്വകക്ഷി യോഗത്തിലെ തീരുമാനങ്ങൾ അടങ്ങുന്ന മിനിട്സ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

**മന്ത്രിസഭാ തീരുമാനങ്ങളിന്മേലുള്ള ഉത്തരവ്**

15 (5442) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൈക്കൊണ്ട മന്ത്രിസഭാ തീരുമാനങ്ങളിൽ, നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി ആവശ്യമുള്ള തീരുമാനങ്ങളിൽ ഒഴികെ മറ്റെല്ലാ തീരുമാനങ്ങളിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ആകെ എത്ര തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; അതിൽ എത്ര തീരുമാനങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ബാക്കിയുണ്ട്;

(ബി) മന്ത്രിസഭാ തീരുമാനങ്ങൾ നടപ്പിലാക്കാത്തതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 17-5-2017 വരെ നടന്ന 57 മന്ത്രിസഭായോഗങ്ങളിലായി ആകെ 1040 തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിക്കാൻ ബാക്കിയുള്ള തീരുമാനങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

**സർക്കാർ-അർദ്ധസർക്കാർ-പാർട്ട് ടൈം ജീവനക്കാർ-പെൻഷൻകാർ എന്നിവരുടെ ചികിത്സാപദ്ധതി**

16 (5443) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ, പാർട്ട് ടൈം ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ ചികിത്സക്കായി ആവിഷ്കരിച്ച പുതിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾ വേഗത്തിൽ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പാർട്ട്ടൈം ജീവനക്കാർക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പാർട്ട്ടൈം ജീവനക്കാർക്ക് കാരുണ്യ ചികിത്സാ സഹായത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് G.O.(P) No. 54/2017/Fin. dated 24-4-2017 പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം നിലവിൽ സർക്കാർ ജീവനക്കാരും പെൻഷൻകാരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ. കൂടാതെ പാർട്ട്ടൈം ജീവനക്കാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അർദ്ധ സർക്കാർ ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിൽ വരുമ്പോൾ റീ-ഇംബേഴ്സ്മെന്റ് പ്രസക്തമല്ലാതാകും.

(സി) G.O(P) No. 54/2017/Fin. dated 24-4-2017 പ്രകാരം പാർട്ട് ടൈം ജീവനക്കാരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പാർട്ട്ടൈം ജീവനക്കാരും ഉൾപ്പെടുന്നതിനാൽ മറ്റ് ചികിത്സാ പദ്ധതികൾ പ്രസക്തമല്ല.

**സർക്കാർ ഓഫീസുകളിൽ കസ്റ്റമർ ഫ്രണ്ട്‌ലി ഫ്രണ്ട് ഓഫീസ്**

17 (5444) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, കളക്ടേറ്റുകൾ തുടങ്ങി പൊതുജനങ്ങൾ ഏറ്റവും കൂടുതൽ വന്നെത്തുന്ന സർക്കാർ ഓഫീസുകളിൽ പരാതി സ്വീകരിക്കുവാനും വിവരങ്ങൾ നല്കുന്നതിനും ഒരു കസ്റ്റമർ ഫ്രണ്ട്‌ലി ഫ്രണ്ട് ഓഫീസ് സജ്ജീകരിക്കാൻ സർക്കാർ ആലോചിക്കുമോ;

(ബി) അപേക്ഷകൾ സ്വീകരിക്കുന്നതിനോടൊപ്പം രസീത് നൽകാനും ഫയൽ പുരോഗതി അറിയാനും സൗകര്യമൊരുക്കിയാൽ സെക്ഷനുകൾ കണ്ടെത്തി വിവരങ്ങൾ ആരായുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ സാധിക്കുമെന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) കസ്റ്റമർ ഫ്രണ്ട്‌ലി ഫ്രണ്ട് ഓഫീസ് സജ്ജീകരിക്കാൻ സർക്കാർ 30/3/1985-ലെ 3461/A2/85/P&ARD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്ന് 12/1/2009-ലെ 168/AR13(2)/9/P&ARD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ വന്നെത്തുന്ന സർക്കാർ ഓഫീസുകളിൽ എൻക്വയറി കൗണ്ടറുകൾവഴി ഫയൽ പുരോഗതി അറിയാൻ സാധിക്കുന്നതുമാണ്.

**സർക്കാർ ക്വാർട്ടേഴ്സുകൾ**

18 (5446) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള പബ്ലിക് സർവ്വീസ് ആക്ടിന്റെ കീഴിൽ നിർമ്മിക്കപ്പെട്ട ഏതെല്ലാം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇങ്ങനെ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; ഒരു പ്രിൻസിപ്പൽ ആക്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഏതെല്ലാം സാഹചര്യത്തിൽ പുതുതായി ചട്ടങ്ങൾ രൂപീകരിക്കാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ ഉണ്ടായാൽ അതിന്റെ പ്രത്യേക സാഹചര്യം വെളിപ്പെടുത്താമോ;

(ബി) റൂൾസ് ഫോർ ദ അലോട്ട്മെന്റ് ആന്റ് ഒക്യുപ്പേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ് ക്വാർട്ടേഴ്സ് ഇൻ കേരള എന്ന ചട്ടങ്ങൾ ഏത് പ്രിൻസിപ്പൽ ആക്ടിന്റെ പിൻബലത്തിലാണ് ഇറക്കിയിരിക്കുന്നത്; അല്ലെങ്കിൽ ഈ ചട്ടങ്ങൾക്ക് നിയമസാധുത ഉണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ചട്ടങ്ങളുമായി ബന്ധപ്പെട്ട ജീവനക്കാരുടെ തർക്കങ്ങളും നിയമപ്രശ്നങ്ങളും എങ്ങനെ പരിഹരിക്കപ്പെടും എന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാർക്കും പേഴ്സണൽ സ്റ്റാഫിനും സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത് ഏത് ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് എന്ന് വ്യക്തമാക്കാമോ; ഈ ചട്ടങ്ങൾ സംസ്ഥാനത്ത് നിലവിൽ വന്നശേഷം എത്ര പ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട്; ഇങ്ങനെ ഭേദഗതി ചെയ്തിട്ടുള്ളത് നിയമപരമായിട്ടാണോ എന്ന് വിശദമാക്കാമോ; അല്ലെങ്കിൽ ഇങ്ങനെ ഭേദഗതി നടത്തിയിട്ടുള്ളതിന് നിയമപ്രാബല്യം ലഭിക്കുമോ; ഇങ്ങനെ ഭേദഗതി ചെയ്യുന്നത് നിയമസഭയുടെ അംഗീകാരത്തോടെ വേണമെന്ന കാര്യം പാലിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ജീവനക്കാർക്കും പേഴ്സണൽ സ്റ്റാഫിനും അനുവദിക്കുന്ന സർക്കാർ ക്വാർട്ടേഴ്സുകളെ സംബന്ധിച്ച ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്; ഇത് നിയമസഭയുടെയോ നിയമസഭയുടെ ഏതെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെയോ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഭേദഗതിയുടെ നിയമസാധുത നിലനിൽക്കുമോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭേദഗതി വരുത്തുന്നതിലെ അടിയന്തര സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത ചട്ടങ്ങളിൽ ഈ സർക്കാർ മുൻകാലപ്രാബല്യത്തോടെ എന്തെങ്കിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായിട്ടുള്ള പ്രത്യേക സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; ഇങ്ങനെ മുൻകാലപ്രാബല്യം നൽകി ഒരു ചട്ടം ഭേദഗതി ചെയ്യുമ്പോൾ അത് ജീവനക്കാർക്കും താമസക്കാർക്കും അസൗകര്യം ഉണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഭേദഗതിമൂലം താമസക്കാർക്ക് താമസസൗകര്യം നഷ്ടപ്പെടും എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്ടിന്റെ കീഴിലുള്ള ചട്ടങ്ങളുടെ രൂപീകരണവും ഭേദഗതിയും വിജ്ഞാപനങ്ങളായി പുറപ്പെടുവിക്കുന്നത് അതത് ഭരണവകുപ്പുകളാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആക്ടിന്റെ കീഴിൽ ഏതെല്ലാം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട് എന്നുള്ള വിവരം ബന്ധപ്പെട്ട ഭരണവകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

കേരള പബ്ലിക് സർവ്വീസസ് ആക്ടിന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോയെന്നതും ഏതെല്ലാം സാഹചര്യങ്ങളിൽ ഭേദഗതി ആവശ്യമുണ്ട് എന്നതും ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് തീരുമാനിക്കുന്നത്. ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പിൽ നിന്നുമാണ്. ബന്ധപ്പെട്ട ഭരണവകുപ്പ് ഇതുസംബന്ധിച്ച് നയപരമായ തീരുമാനമെടുത്തശേഷം കരട് ഭേദഗതി ചട്ടങ്ങൾ തയ്യാറാക്കി നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് അയയ്ക്കുകയും അതിന്റെ നിയമവശങ്ങൾ നിയമവകുപ്പ് പരിശോധിച്ച് കരട് ഭേദഗതി ചട്ടങ്ങൾ

സൂക്ഷ്മപരിശോധന നടത്തി അവ ക്രമപ്രകാരമാണെന്ന് കാണുന്നപക്ഷം അക്കാര്യം ഭരണവകുപ്പിനെ അറിയിക്കുകയും ചെയ്യുന്നു. ഇതുസംബന്ധിച്ച് മറ്റേതെങ്കിലും വകുപ്പുകളുടെ അഭിപ്രായംകൂടി ആരായേണ്ടതുണ്ടെങ്കിൽ അക്കാര്യവും ഭരണവകുപ്പിനെ അറിയിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം തേടേണ്ട വിഷയമാണെങ്കിൽ അക്കാര്യവും ഭരണവകുപ്പിനെ അറിയിക്കുന്നു. ചട്ടങ്ങൾ രൂപീകരിക്കുന്നതും ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ വിശദീകരിക്കുന്ന കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ, നിയമവകുപ്പ് മാന്വൽ എന്നിവയിലെ പ്രസക്തഭാഗങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു. ഏതെങ്കിലും സർവ്വീസുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദീകരിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് 19-7-2010-ലെ 11884/ആർ.1/2007/ഉ.ഭ.പ.വ. നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അനുബന്ധമായി* ചേർക്കുന്നു. ഒരു പ്രിൻസിപ്പൽ ആക്ടിൽ ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥകൾ ഉള്ളപ്പോഴാണ് പ്രസ്തുത ആക്ടിൻ കീഴിൽ ചട്ടങ്ങൾ സർക്കാർ വിജ്ഞാപനമായി പുറപ്പെടുവിക്കുന്നത്.

(ബി) റൂൾസ് ഫോർ ദ അലോട്ട്മെന്റ് ആന്റ് ഒക്യുപ്പേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ് ക്വാർട്ടേഴ്സ് ഇൻ കേരള എന്ന ചട്ടങ്ങൾ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ കീഴിൽ പുറപ്പെടുവിച്ചതോ പുറപ്പെടുവിക്കേണ്ടതോ ആയ ചട്ടങ്ങൾ അല്ല. പ്രസ്തുത ചട്ടങ്ങളുമായി ബന്ധപ്പെട്ട ജീവനക്കാരുടെ തർക്കങ്ങളും നിയമപ്രശ്നങ്ങളും സർക്കാർ തലത്തിലും കോടതി മുഖേനയും പരിഹരിക്കപ്പെടുന്നു.

(സി) റൂൾസ് ഫോർ ദ അലോട്ട്മെന്റ് ആന്റ് ഒക്യുപ്പേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ് ക്വാർട്ടേഴ്സ് ഇൻ കേരള ചട്ടം 6, ചട്ടം 32 എന്നിവ പ്രകാരം ജീവനക്കാർക്കും ചട്ടം 10 പ്രകാരം പേഴ്സണൽ സ്റ്റാഫുകൾക്കും ക്വാർട്ടേഴ്സുകൾ അനുവദിച്ചുവരുന്നു. പ്രസ്തുത ചട്ടങ്ങൾ 8 തവണ ഭേദഗതി ചെയ്തിട്ടുണ്ട്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചട്ടങ്ങളുടെ ഭേദഗതി സർക്കാർ തലത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഡി & ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 7-9-2016-ലെ സ.ഉ. (സാധാ.) നമ്പർ 65/16/പൊ.മ.വ. പ്രകാരം പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വനിതാ ജീവനക്കാർക്ക് മുൻഗണന നൽകുക, പേഴ്സണൽ സ്റ്റാഫുകൾക്ക് ആവശ്യത്തിന് ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുക എന്നിവയ്ക്ക് മുൻതൂക്കം നൽകിയാണ് ഭേദഗതി ചെയ്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി

19 (T*5447) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി എന്തെല്ലാം ഭവന പദ്ധതികളാണ് പരിഗണനയിലുള്ളത്; ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

(ബി) ലഘുതവണ വ്യവസ്ഥകളിൽ ഫ്ലാറ്റുകളോ, വില്ലകളോ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് ഉപയുക്തമാകുംവിധം സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന ഒരു പദ്ധതി ഭവന നിർമ്മാണ ബോർഡ് 2017-2018 വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിച്ച് കാസർഗോഡ് ജില്ലയിൽ 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഉപഭോക്താക്കളിൽ നിന്നും ഫ്ലാറ്റിന്റെ വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പാരസ്പര്യ മാതൃകയിലുള്ള ഫ്ലാറ്റ്/വില്ല നിർമ്മാണ പദ്ധതികൾ മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കിടയിലുള്ള അഴിമതി

20 (5448) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കിടയിൽ അഴിമതി വർദ്ധിക്കുകയാണെന്ന ആക്ഷേപം നിലവിലുണ്ടോ;

(ബി) അഴിമതി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ അനധികൃത സ്വത്തുക്കൾ കണ്ടുകെട്ടുന്നതിന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഉദ്യോഗസ്ഥർക്കിടയിലെ അഴിമതി ഇല്ലാതാക്കാനുള്ള നിയമനിർമ്മാണത്തിനുപുറമെ മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) അഴിമതി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ അനധികൃത സ്വത്തുക്കൾ കണ്ടുകെട്ടുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ്.

**മുഖ്യമന്ത്രി നേരിട്ട് സ്വീകരിച്ച പരാതികൾ**

21 (5449) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി പൊതുജനങ്ങളിൽനിന്നും നേരിട്ട് പരാതി സ്വീകരിക്കുന്ന തരത്തിലുള്ള ജനസമ്പർക്ക പരിപാടിയുടെ മാതൃകയിലുള്ള എന്തെങ്കിലും പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ഇത്തരത്തിൽ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി നേരിട്ട് സ്വീകരിച്ച പരാതികളുടെ എണ്ണമെത്രയാണ്; ഇതിൽ എത്ര പരാതികൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്; ഇനി എത്ര പരാതികൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുജനങ്ങളിൽനിന്നും നേരിട്ട് പരാതി സ്വീകരിക്കുന്ന ജനസമ്പർക്ക പരിപാടിയുടെ മാതൃകയിലുള്ള പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടികൾ നടത്തിവരുന്നു.

(ബി) മുഖ്യമന്ത്രി നേരിട്ട് സ്വീകരിച്ചിട്ടുള്ളതും അല്ലാത്തതുമായ പരാതികൾ വേർതിരിച്ച് കണക്ക് സൂക്ഷിച്ചിട്ടില്ല.

**ചക്കിലിയാർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തൽ**

22 (5450) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചക്കിലിയാർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് റവന്യൂ അധികാരികളിൽനിന്നും ഇവർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുകിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ട ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ വേണ്ട നിർദ്ദേശം റവന്യൂ വകുപ്പ് അധികാരികൾക്ക് നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന പട്ടികജാതി ലിസ്റ്റിൽ ക്രമനമ്പർ 14 ആയി ചക്കിലിയാർ സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കുടിയേറിപ്പാർത്തിട്ടുള്ള ചക്കിലിയാർ സമുദായാംഗങ്ങൾ സ്വാതന്ത്ര്യാനന്തര കാലഘട്ടം മുതൽ കേരളത്തിലുണ്ടെങ്കിലും അവരുടെ പ്രതികൂല സാമൂഹ്യ-സാമ്പത്തിക സാഹചര്യത്തിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ കൈവശമില്ല എന്നുള്ളതാണ് പ്രധാന കാരണം. ഭരണഘടനയുടെ ആർട്ടിക്കിൾ 341, 342 പ്രകാരം 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് ഒരു സംസ്ഥാനത്ത് സ്ഥിരം താമസമാക്കിയവർക്ക് മാത്രമേ ടി സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രം അനുഭവവേദ്യമാകുകയുള്ളൂയെന്ന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം 12-2-1986-ൽ സംസ്ഥാന സർക്കാർ സ.ഉ.(കൈ) 10/86/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽഉത്തരവ് നിലനിൽക്കുന്നതിനാൽ 1950-ന് മുൻപ് കേരളത്തിൽ സ്ഥിരതാമസമുണ്ടെന്ന രേഖകൾ ഹാജരാക്കുവാൻ കഴിയാത്തവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിന് കുടിയേറ്റ വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റംവരുത്തേണ്ടതുണ്ട്.

## സെക്രട്ടേറിയറ്റിലെ വിവിധ തസ്തികകളുടെ എണ്ണം

23 (5451) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും വേഗതയിലും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിലെ വിവിധ തസ്തികകളുടെ എണ്ണവും നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അറിയിക്കാമോ;

(സി) പൊതുഭരണ വിഭാഗത്തിൽ അസിസ്റ്റന്റ്, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, അസിസ്റ്റന്റ് സെക്ഷൻ ഒഫീസർ തുടങ്ങിയ തസ്തികകളുടെ എണ്ണവും നിലവിൽ ഈ തസ്തികകളിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അറിയിക്കാമോ; വിവിധ വിഭാഗക്കാരുടെ എണ്ണത്തിന്റെ വർദ്ധനവിനനുസൃതമായ ഗുണമേന്മ കാണാത്തതിന്റെ കാരണവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും ജനസൗഹൃദമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്:

1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.
2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തുവരുന്നു.
3. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകുംവിധം ഒരു പുതിയ പരിശീലനനയം രൂപവത്ക്കരിച്ച് നടപ്പാക്കാനുള്ള പ്രവർത്തനം ആരംഭിച്ചു.
5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.
6. ഭരണഭാഷ മലയാളമാക്കാനുള്ള നടപടി സ്വീകരിച്ചു.
7. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യംവച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു.
8. നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലോചിത മാറ്റം വരുത്തുവാൻ ആവശ്യമായ ശിപാർശ സമർപ്പിക്കാൻ നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ജീവനക്കാർക്ക് പെൻഷൻ**

24 (5452) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെകാലത്ത് മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ജീവനക്കാരിൽ പെൻഷന് അപേക്ഷ നൽകിയിരുന്നവർ എത്രയാണ്; 2017 ഏപ്രിൽ 30 വരെ ഇവരിൽ എത്രപേർക്ക് പെൻഷൻ അനുവദിച്ചുവെന്ന് അറിയിക്കാമോ;

(ബി) പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഇത്രയേറെ കാലതാമസം എന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ മനഃപൂർവ്വം കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെപേരിൽ എത്ര പേർക്കെതിരെ ശിക്ഷണനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന അപേക്ഷകൾ പെൻഷൻ അനുവദിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് അടിയന്തരമായി അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇതുവരെ 428 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ ഇതുവരെ 46 പേർക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി-ഡി) നോൺ ഗസറ്റഡ് <u>സേവനകാലമുള്ള</u> അപേക്ഷകരുടെ സേവനപുസ്തകം ലഭ്യമാകാത്ത സാഹചര്യത്തിൽ അത്തരം പെൻഷൻ അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. പേഴ്സണൽ സ്റ്റാഫിൽ നിന്നും വിടുതൽചെയ്ത ജീവനക്കാർക്കുള്ള ടെർമിനൽ സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വീസ് ബുക്ക് ലഭ്യമായതിനുശേഷം ടി അപേഷകൾ വിശദമായ പരിശോധനകൾക്കുശേഷം രേഖകളുമായി ഒത്തുനോക്കി പെൻഷൻ ബുക്കുകളും പകർപ്പുകളും സാക്ഷ്യപ്പെടുത്തി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് സമയബന്ധിതമായി അയച്ചുകൊടുക്കുന്നുണ്ട്.

**ഭിന്നശേഷിക്കാർക്ക് സംവരണം**

25 (5453) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന ഭിന്നശേഷിക്കാർക്ക് നിയമാനുസരണം സംവരണം ചെയ്തിരിക്കുന്ന മൂന്ന് ശതമാനം ഒഴിവിലേക്കായി പ്രൊമോഷൻ ലഭിക്കേണ്ടവരേയും പരിഗണിക്കണമെന്ന ഹൈക്കോടതിയുടെ 1-1-2017 ലെ WP(C)7802 of 2016 (A) ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ മറ്റ് വകുപ്പുകളിലും ജോലി ചെയ്തുവരുന്ന ഭിന്നശേഷിക്കാർക്ക് ഈ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിയമാനുസൃതം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ്**

26 (5454) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവ്വീസിൽ കോട്ടയം ജില്ലയിലേക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽവന്നത്; എന്നുവരെ ലിസ്റ്റിന് കാലാവധിയുണ്ട്; കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽവന്നതിന് ശേഷം 31-12-2016 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമനം നൽകിയിട്ടുണ്ടോ;

(ഡി) എല്ലാ എൻ.ജെ.ഡി. ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) 2017 ജൂൺ 30 വരെ ഉണ്ടാകാൻ സാധ്യതയുള്ള മറ്റ് ഒഴിവുകൾ കൂടി പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1-1-2014-ന് നിലവിൽവന്ന റാങ്ക് പട്ടികയുടെ കാലാവധി 30-6-2017 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(സി & ഡി)ഉണ്ട്.

(ഇ) ഇല്ല.

**ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവുമൂലം ഭരണരംഗം നേരിടുന്ന പ്രതിസന്ധി**

27 (5455) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ തസ്തികകളുണ്ട്; ഇതിൽ എത്ര തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവ് ഭരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നതായ സാഹചര്യമുണ്ടോ;

(സി) എങ്കിൽ കേരള കേഡറിൽ കൂടുതൽ ഐ.എ.എസ്.-കാരെ ആവശ്യമുണ്ടെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രൂപീകരണം ഇതിന് പരിഹാരമായി കാണുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന കേഡറിൽ ആകെ അനുവദിക്കപ്പെട്ട ഐ.എ.എസ്. തസ്തികകളുടെ എണ്ണം 231 ആണ്. ആകെ അനുവദനീയമായ തസ്തികകളിൽ നിലവിൽ 89 ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

(ബി) ഇല്ല. സംസ്ഥാനത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നേരിട്ടുള്ള നിയമനത്തിൽ കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഐ.എ.എസ്. ഉദ്യോഗസ്ഥരെ സംസ്ഥാന കേഡറിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി)കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രൂപീകരണം മുഖേന മധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിനും കഴിവുറ്റ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേക്ക് ആകർഷിക്കുന്നതിനും കഴിയുമെന്ന് കരുതുന്നു.

**കേരള എയർലൈൻസ് രൂപീകരണം**

28 (5456) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. സി. എഫ്. തോമസ്:</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എയർലൈൻസ് രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇതിന് കേന്ദ്ര സർക്കാരിന്റെയും മറ്റ് വകുപ്പുകളുടെയും ഭരണാനുമതികളും സാങ്കേതിക അനുമതികളും ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന മലയാളികളുടെ വിമാനയാത്ര ചെലവ് ചുരുക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടിയാണ് 'എയർ കേരള' ഫെബ്രുവരി 2006-ൽ തുടങ്ങിയത്. എയർ കേരള ലിമിറ്റഡ് സിയാലിന്റെ ഒരു അനുബന്ധ കമ്പനിയാണ്. ഇത് സംബന്ധിച്ച് സിയാൽ വളരെ വിശദമായ ഒരു സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയപ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്ന പഴയ നിബന്ധന എടുത്തുകളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി പുനഃപരിശോധിക്കേണ്ടതുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെയും മറ്റ് വകുപ്പുകളുടെയും ഭരണാനുമതികളും സാങ്കേതികാനുമതികളും എയർ കേരളയ്ക്ക് ലഭിച്ചിട്ടില്ല.

**ആസ്തി വികസന ഫണ്ട്**

29 (5457) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ചെലവഴിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആസ്തി വികസന പദ്ധതിക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കുലർ നമ്പർ67/2015/ധന. തീയതി 22-7-2015 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിനായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(അ)നമ്പർ 41/2017/ ധന.തീയതി 25-3-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 20-11-2009-ലെ സ.ഉ. (അ)നമ്പർ 518/2009/ധന. ഉത്തരവ് പ്രകാരം പ്രത്യേക വികസന നിധിയുടെ (എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്) കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും അവ പൂർത്തിയാക്കുന്നതിനും നിശ്ചിത സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. 04-6-2013-ലെ സർക്കുലർ നമ്പർ 50/2013/ധന. പ്രകാരം പ്രത്യേക വികസന നിധിയുടെ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ അവ സമർപ്പിച്ച് ഒരു മാസത്തിനകംതന്നെ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

30 (5458) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) നാളിതുവരെ ആയതിനെ സംബന്ധിച്ച് എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) എന്നു മുതൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനെ സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ച മുഴുവൻ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് G.O(P) No. 54/2017/Fin. dated 24-4-2017 പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

(ബി & സി) ടെൻഡർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുന്നതും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതുൾപ്പെടെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകേണ്ടതുണ്ട്. പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) നാളിതുവരെ G.O.(P) No. 54/2017/Fin dated 24-4-2017 എന്ന ഒരു ഉത്തരവ് മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

## പഞ്ചവത്സര പദ്ധതി

31 (5459) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതി തുടർന്നും നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേരളത്തിനുള്ള പദ്ധതി വിഹിതം സംബന്ധിച്ച് കേന്ദ്ര

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗവൺമെന്റുമായോ നീതി ആയോഗുമായോ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കേരളത്തിന്റെ പദ്ധതി വിഹിതം 2017-18-ൽ എത്ര കോടി രൂപയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

32 (5460) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കായി പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി എന്നുമുതൽ പ്രാബല്യത്തിൽവരും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് G.O.(P) No. 54/2017/Fin dated 24-4-2017 പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടെൻഡർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുന്നതും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകേണ്ടതുണ്ട്. പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി**

33 (5461) <u>ശ്രീ. റ്റി. വി. രാജേഷ് :</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ എടുത്ത, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ പ്രഖ്യാപിച്ച വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും; എത്ര രൂപ സർക്കാരിന് ഇതിനുവേണ്ടി നീക്കിവയ്ക്കേണ്ടി വരും; വിശദമാക്കാമോ?

ഉത്തരം

വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (എഡ്യൂക്കേഷൻ ലോൺ റീ-പേയ്മെന്റ് സപ്പോർട്ട് സ്കീം) പ്രഖ്യാപിച്ചിട്ടുണ്ട്. 16-5-2017-ലെ ജി.ഒ.(പി) നമ്പർ 65/2017/ധന ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

താഴെപ്പറയുന്ന രണ്ട് വിഭാഗത്തിൽപ്പെടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

(i) 9 ലക്ഷം രൂപ വരെ വായ്പകൾ അനുവദിച്ചിട്ടുള്ള നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ (സ്റ്റാന്റേർഡ് അക്കൗണ്ടുകൾ)

1-4-2016-ന് മുമ്പ് വായ്പാതിരിച്ചടവ് തുടങ്ങിയവർക്ക് മാത്രമേ തിരിച്ചടവ് സഹായം ലഭ്യമാകുകയുള്ളൂ. വായ്പാ തിരിച്ചടവ് അവധിക്കുശേഷമുള്ള 1-4-2016 മുതലുള്ള വാർഷിക തിരിച്ചടവ് സർക്കാരും വായ്പയെടുത്തയാളും കൂടിച്ചേർന്ന് ചുവടെ വ്യക്തമാക്കിയിട്ടുള്ള അനുപാതത്തിൽ തിരിച്ചടവ് നടത്തുന്നതാണ്.

| വർഷം | വിഹിത അനുപാതം | |
|---|---|---|
| | സംസ്ഥാന സർക്കാർ | വായ്പയെടുത്തയാൾ |
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

ii (എ) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (എൻ.പി.എ.) മാറിയിട്ടുള്ളതും നാല് ലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ

വായ്പയെടുത്തയാൾ വായ്പാതുകയുടെ 40% മുൻകൂറായി അടയ്ക്കുകയും പ്രസ്തുത വായ്പയുടെമേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തുകൊടുക്കുകയും ചെയ്യുന്നപക്ഷം ബാക്കിവരുന്ന 60% സർക്കാർ നൽകിക്കൊണ്ട് ലോൺ ക്ലോസ് ചെയ്യുന്നതിന് വായ്പയെടുത്തയാളെ സർക്കാർ സഹായിക്കുന്നതാണ്.

ii. (ബി) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (എൻ.പി.എ.) മാറിയിട്ടുള്ളതും നാല് ലക്ഷത്തിനുമേൽ ഒൻപത് ലക്ഷം രൂപവരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ

ഒരു സ്പെഷ്യൽ പാക്കേജിലൂടെ ഇത്തരം ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ ബാങ്കുകൾ തയ്യാറാകുന്നപക്ഷം കുടിശ്ശികയായ മുതലിന്റെ 50% (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതായിരിക്കും. ബാക്കി നിൽക്കുന്ന വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി തിരിച്ചടവ് കാലാവധി അവശേഷിക്കുന്നപക്ഷം ബാങ്ക് വായ്പാ പുനഃക്രമീകരിച്ച് നൽകുന്നതായിരിക്കും. അല്ലാത്തപക്ഷം കുടിശ്ശിക നിൽക്കുന്ന തുക മുഴുവനായും വായ്പയെടുത്തയാൾ തിരിച്ചടയ്ക്കേണ്ടതാണ്.

- വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തുകൊടുക്കുന്ന പക്ഷം വിദ്യാഭ്യാസ വായ്പയുടെ കാലയളവിൽ മരണപ്പെട്ടുപോയതോ അപകടംമൂലം ശാരീരികമായോ മാനസികമായോ വൈകല്യം നേരിടുകയോ ചെയ്ത വിദ്യാർത്ഥികളുടെ മുഴുവൻ വായ്പാ തുകയും സർക്കാർ നൽകുന്നതായിരിക്കും.
- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുന്നതാണ്.
- മാനേജ്മെന്റ്/എൻ.ആർ.എ. ക്വാട്ട അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.
- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണ്.
- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ആദ്യത്തെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാക്കുകയുള്ളൂ.
- 1-4-2016-ൽ വാർഷിക കുടുംബ വരുമാനം ആറ് ലക്ഷത്തിൽ കവിയാത്ത, വായ്പയെടുത്ത വിദ്യാർത്ഥികൾക്കുമാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് ഉയർന്ന വാർഷിക കുടുംബ വരുമാന പരിധി ഒൻപത് ലക്ഷം രൂപയായിരിക്കും.

കുടുംബ വാർഷിക വരുമാനം, വായ്പാ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിക്കുള്ള ആനുകൂല്യത്തിന് വിദ്യാർത്ഥികൾ അർഹരാകുന്നത്. ആയതിനാൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകുന്ന മുറയ്ക്ക മാത്രമേ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

**മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി**

34 (5462) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കടമെടുത്തവരെയാണ് സഹായിക്കുന്നത്; എത്ര രൂപവരെയുള്ള തുകയ്ക്ക് കടാശ്വാസം ലഭിക്കുമെന്ന് വിശദീകരിക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ലോണുകൾക്കാണ് കടാശ്വാസം ലഭിക്കുക എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നിലവിൽ വന്നതിനുശേഷം എത്രപേർക്ക് എത്ര തുകയുടെ കടാശ്വാസം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി, പട്ടിക-വർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവരെയാണ് മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം സഹായിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് അഞ്ചുലക്ഷം രൂപ വരെ വായ്പയെടുത്തവർക്കാണ് കടാശ്വാസം ലഭിക്കുന്നത്.

(ബി) 20-8-2016-ലെ സ.ഉ.(പി)നമ്പർ 118/2016/ധന. ഉത്തരവിന്റെ അനുബന്ധമായുള്ള പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ ഒഴികെയുള്ളവയാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നത്:

- സ്വർണ്ണ ഈടിന്മേലുള്ള വായ്പകൾ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ.
- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ.
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ.
- ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ.

(സി) ഈ പദ്ധതി നിലവിൽ വന്നതിനുശേഷം കടാശ്വാസവും പലിശയിളവുമായി 1028 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ കടാശ്വാസമായി 1,69,46,403 രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

**ഗ്രീൻ ക്ലൈമറ്റ് ഫണ്ട്**

35 (5463) ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ജി.സി.എഫ്.-ന് (ഗ്രീൻ ക്ലൈമറ്റ്ഫണ്ട്) വേണ്ടി ഏതൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എന്ത് തുക ലഭിക്കുമെന്നാണ് കരുതുന്നത്;

(സി) പദ്ധതികളൊന്നും കേന്ദ്രത്തിന് സമർപ്പിച്ചിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഗ്രീൻ ക്ലൈമറ്റ് ഫണ്ട് ലഭിക്കുന്നതിനുവേണ്ടി സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്:

1. പാലക്കാടുള്ള ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിന്റെ പ്രോജക്ടായ "Participatory ecosystem action for climate resilience and climate change impact alleviation in the Palakkad gap of Western Ghats, Kerala."

2. മത്സ്യബന്ധന വകുപ്പിന്റെ പ്രോജക്ടായ "Improving the resilience of vulnerable communities and coastal stretches to heightened climate change induced impacts in Kerala"

3. ജലസേചന വകുപ്പിന്റെ പ്രോജക്ടായ "Climate Proofing of Bharathapuzha Basin for Ecosystem Conservation and Sustainable Livelihood Support."

മേൽപ്പറഞ്ഞ പദ്ധതികൾക്ക് ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽനിന്നും എത്ര തുക ലഭിക്കുമെന്നത് സംബന്ധിച്ച് അറിയിപ്പൊന്നും ലഭ്യമായിട്ടില്ല.

(സി) ബാധകമല്ല.

## പരിസ്ഥിതി ഡയറക്ടറേറ്റിന്റെ പ്രവർത്തനം

36 (5464) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ഡയറക്ടറേറ്റിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) പരിസ്ഥിതി ഡയറക്ടറേറ്റ് അതിന്റെ ചുമതലകളും അധികാരങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോ;

(സി) പരിസ്ഥിതി ഡയറക്ടറേറ്റിൽ സാങ്കേതിക/സാങ്കേതികയിതര വിഭാഗങ്ങളിൽ ആവശ്യമായ തസ്തികകളും ജീവനക്കാരുമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി & ഡി) 18-12-2010-ൽ രൂപീകൃതമായ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ ആകെ 15 തസ്തികകളിലായി 19 ജീവനക്കാരെ അനുവദിച്ചു നൽകിയിട്ടുണ്ടായിരുന്നു. 01-4-2017-ലെ സ.ഉ. (കൈ)നമ്പർ 03/17/പരി. പ്രകാരം ഒരു എൻവയോൺമെന്റ് സയന്റിസ്റ്റ്, ഒരു എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു എൽ.ഡി. ക്ലാർക്ക് തസ്തിക നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ ആകെ 20 ജീവനക്കാരെയാണ് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ അനുവദിച്ചിട്ടുള്ളത്.

സാങ്കേതിക വിഭാഗം തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ഉദ്യോഗാർത്ഥികളെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഒരു എൻവയോൺമെന്റ് സയന്റിസ്റ്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിലും എൻവയോൺമെന്റ് ഓഫീസർ, അസിസ്റ്റന്റ് എൻവയോൺമെന്റ് ഓഫീസർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളും ജോലി ചെയ്യുന്നു. എൻവയോൺമെന്റൽ എഞ്ചിനീയർ, എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ എന്നീ തസ്തികകളിൽ നിലവിൽ ആരും തന്നെയില്ല. ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്.

സാങ്കേതികയിതര തസ്തികകളിൽ ഹെഡ് അക്കൗണ്ടന്റ്, എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ആഫീസ് അറ്റൻഡന്റ്, ഡ്രൈവർ തസ്തികകളിൽ പി.എസ്.സി. വഴി സ്ഥിരം നിയമനം ലഭിച്ച ജീവനക്കാർ ജോലി ചെയ്തുവരുന്നു.

**ഓൺലൈൻ പി.എസ്.സി. പരീക്ഷ**

37 (5465) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തസ്തികകളിൽ പി.എസ്.സി ഓൺലൈൻ പരീക്ഷ നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ തസ്തികകളിലേക്കുമുള്ള പരീക്ഷകൾ ഓൺലൈനാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15-5-2017 വരെ 476 തസ്തികകളിലേക്ക് ഓൺലൈൻ പരീക്ഷ നടന്നിട്ടുണ്ട്.

(ബി) നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലാകേന്ദ്രങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിലായി രണ്ട് സെക്ഷനുകളായി 1600 പേർക്ക് പരീക്ഷ നടത്തുന്നതിനുള്ള സൗകര്യമാണുള്ളത്. 1600 വരെ അപേക്ഷകരുള്ള തസ്തികകളിൽ കമ്മീഷന്റെ തീരുമാനമനുസരിച്ച് നിലവിൽ ഓൺലൈൻ പരീക്ഷ നടത്തി വരുന്നു.

**പി.എസ്.സി. സ്റ്റാഫ് നഴ്സ് പരീക്ഷയുമായി ബന്ധപ്പെട്ട അന്വേഷണം**

38 (5466) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ പി. എസ്. സി. സ്റ്റാഫ് നഴ്സ് പരീക്ഷയിൽ ഒരു ഗൈഡിൽ നിന്നുള്ള ചോദ്യങ്ങൾ കൂട്ടത്തോടെ ഉൾപ്പെട്ടതിന്റെ പേരിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ 2016 ഏപ്രിൽ 29 -ന് നടന്ന ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് പരീക്ഷയിൽ 59 ചോദ്യങ്ങൾ കൂട്ടത്തോടെ ഗൈഡിൽനിന്ന് പകർത്തിയതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) 2015-ൽ നടന്ന പരീക്ഷയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

നടക്കുന്നുണ്ടെങ്കിൽ നിലവിലെ സാഹചര്യത്തിൽ ചോദ്യകർത്താക്കൾ കൂടുതൽ സൂക്ഷ്മത പുലർത്തണമെന്ന് പി. എസ്. സി. നിർദ്ദേശിച്ചിരുന്നോ;

(ഡി) നഴ്സിംഗ് പരീക്ഷയുടെ സിലബസിന്റെ പരിമിതിയാണ് ഗൈഡിൽ നിന്നുള്ള ചോദ്യങ്ങൾ കടന്നുകൂടാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ പി. എസ്. സി. ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) ടി വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നില്ല.

**പി.എസ്.സി. പരീക്ഷകളിൽ ക്രമക്കേടുകൾ**

39 (5467) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ പി.എസ്.സി. നടത്തിയ ഏതെല്ലാം പരീക്ഷകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു എന്നും അവയിലോരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) 2016 ഏപ്രിൽ 29-ന് നടത്തിയ സ്റ്റാഫ് നഴ്സ് പരീക്ഷയിൽ നൂറ് മാർക്ക് ചോദ്യത്തിൽ 59 ചോദ്യങ്ങളും തിരുവനന്തപുരത്തുള്ള ഒരു സ്ഥാപനത്തിന്റെ ഗൈഡിൽനിന്ന് ആയിരുന്നു എന്നതും അതുപോലെ 2015-ലെ സ്റ്റാഫ് നഴ്സ് പരീക്ഷയിലും ചോദ്യക്കടലാസിൽ ഇത്തരം ക്രമക്കേടുകൾ ഉണ്ടായിരുന്നതും പി.എസ്.സി.-യുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ ഇത്തരം വീഴ്ചകൾ വരുത്തിയ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പി.എസ്.സി. പരീക്ഷാ നടത്തിപ്പ് സുതാര്യമാക്കാൻ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 2016 ഡിസംബർ ഒന്നിന് നടന്ന ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയുടെ പരീക്ഷയിൽ മാത്രമാണ് ക്രമക്കേടുകൾ കണ്ടെത്തിയത്. പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യുകയും ചോദ്യകർത്താക്കൾക്കെതിരെ വകുപ്പുതല നടപടികൾക്കും ക്രിമിനൽ കേസ്സെടുക്കുവാനും നടപടി സ്വീകരിച്ചു.

(ബി) ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(സി) 2016 ഡിസംബർ 1-ന് നടന്ന ലൈബ്രേറിയൻ ഗ്രേഡ് IV പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയ രണ്ടുപേർക്കെതിരെ വകുപ്പുതല നടപടികൾക്കും ക്രിമിനൽ കേസ്സെടുക്കുന്നതിനും നടപടി സ്വീകരിച്ചു.

(ഡി) പരീക്ഷാരീതി പരിഷ്കരണത്തിന്റെ ഭാഗമായി online പരീക്ഷാ സംവിധാനം നടപ്പിലാക്കി. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് എന്നീ പി.എസ്.സി. ഓഫീസുകളിൽ ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചത് പരീക്ഷാ നടത്തിപ്പിലെ കാലതാമസം പരിഹരിക്കുവാൻ സഹായകമായിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം 1600 വരെയുള്ള തെരഞ്ഞെടുപ്പുകൾക്ക് ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. കൂടാതെ വകുപ്പുതല പരീക്ഷകൾ കമ്പ്യൂട്ടർവൽക്കരിച്ചു. പി.എസ്.സി. തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികയുടെ യോഗ്യത, ജോലിസ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓരോ പരീക്ഷയുടെയും ഉള്ളടക്കവും ഘടനയും നിശ്ചയിക്കുന്നത്. ആയതിനുള്ള സിലബസ് തന്നെ വിവിധ മോഡ്യൂൾ ആയി തരംതിരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഈ സിലബസ് പരിഷ്കരിക്കാറുണ്ട്. ഇതിനായി കമ്മീഷൻ അംഗങ്ങൾ ഉൾപ്പെട്ട Academic Examination ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. പി.എസ്.സി. പെറ്റീഷൻസ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്വെയറിന്റെ വികസനം പൂർത്തിയായിവരുന്നു. അതുപോലെ വകുപ്പുതല പരീക്ഷ എഴുതുന്നവർക്കായുള്ള ഏകജാലക സംവിധാനത്തിന്റെ സോഫ്റ്റ്വെയർ വികസനവും പുരോഗമിച്ചുവരുന്നു.

**പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ**

40 (5468) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി.-യുടെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷന്

ഉദ്യോഗാർത്ഥി വ്യക്തമല്ലാത്ത ഫോട്ടോയും വിവരങ്ങളും നൽകിയാൽ അപേക്ഷ അപ്‌ലോഡ് ചെയ്യാനാകാത്ത സാങ്കേതിക സംവിധാനം വേണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അഭിപ്രായപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ഒളശ്ശ സ്വദേശിനി എം. കെ. ശോഭ ഹൈക്കോടതിയെ സമീപിച്ചുവോ; എന്ത് കാരണം കൊണ്ടാണ് ഹൈക്കോടതിയെ സമീപിച്ചതെന്നും ഇതിൽ കോടതി എടുത്ത തീരുമാനം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി.-യുടെ പോർട്ടലിന്റെ അപാകത ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപാകത തീർക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പി.എസ്.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥി അപേക്ഷ സമർപ്പിക്കുന്നതുമുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യത പരമാവധി ഉൾക്കൊണ്ട് വേഗതയും കൃത്യതയും ഉറപ്പുവരുത്തുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. നാല് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തി 400-ൽ പരം തസ്തികകളിലേക്ക് ഓൺലൈൻ പരീക്ഷ ഇതിനകം നടത്തി. ഇതുകൂടാതെ പി.എസ്.സി.-യുടെ വജ്ര ജൂബിലി ആഘോഷത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി 2016 വരെയുള്ള സെലക്ഷൻ നടപടികൾ ഊർജ്ജിതമായി പൂർത്തിയാക്കിവരുന്നു.

(ബി-ഡി) ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ നിയമനവുമായി ബന്ധപ്പെട്ട് ഫോട്ടോയിൽ പേരും തീയതിയും വ്യക്തമല്ല എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെട്ടതിനെതിരെ ശ്രീമതി എം. കെ. ശോഭ ഫയൽ ചെയ്ത WP(C) No. 39437/2016-യിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 16-1-2017-ലെ അന്തിമ വിധിയിൽ താഴെ പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" As rightly pointed out by the learned counsel for the petitioner, there is no specification in the notification as to the clarity of the endorsements to be made on the photograph to be uploaded. True, if the

endorsements are not clear the purpose of the requirement to write the name and date on the photograph will not be served. At the same time the clarity of the endorsement being a relative fact, I am of the view that lack of clarity cannot be held to be a fatal one warranting rejection of application. Further when a provision is made by the PSC for online registration, it is easy to prevent uploading of photographs which do not contain the required endorsements, by making appropriate provision in the web portal. Large number of webportals have such provisions. In otherwords, fundamentally it is on account of the defect in the platform provided by PSC for online registration that application with eligible endorsements on photographs happened to be registered."

ഇതേത്തുടർന്ന് ഉദ്യോഗാർത്ഥി ഓരോ തസ്തികയ്ക്കും അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള ഫോട്ടോയിൽ പേരും തീയതിയും രേഖപ്പെടുത്തിയിട്ടുള്ളതാണോ എന്നു പരിശോധിക്കുന്നതിനും അതിന്റെ വ്യക്തത ഉറപ്പാക്കി പ്രസ്തുത പേരും തീയതിയും രജിസ്ട്രേഷൻ സംവിധാനത്തിൽ രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം പി.എസ്.സി. സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഭരണപരിഷ്കരണ കമ്മീഷൻ**

41 (5469) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്കരണ കമ്മീഷൻ ചെയർമാന് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തോ;

(ബി) എങ്കിൽ ഏത് പദവിയുടെ ശമ്പളവും ആനുകൂല്യങ്ങളുമാണ് അദ്ദേഹത്തിന് ലഭിക്കുക;

(സി) നിയമന തീയതി മുതൽ മുൻകാല പ്രാബല്യം ആനുകൂല്യങ്ങൾക്ക് ഉണ്ടാകുമോ;

(ഡി) എങ്കിൽ അദ്ദേഹത്തിന് എത്ര രൂപ ഈ വിധം ആനുകൂല്യമായി ലഭിക്കും;

(ഇ) കമ്മീഷനിൽ എത്ര അംഗങ്ങൾ ഉണ്ട്; അവർ ആരൊക്കെയാണ്; ഇവർക്ക് ഏത് പദവിയിലാണ് നിയമനം നൽകിയിട്ടുള്ളത്; ഇവർ ഓരോരുത്തർക്കും നൽകുന്ന ആനുകൂല്യങ്ങൾ എത്രയാണ്;

(എഫ്) ഏത് വകുപ്പിനുകീഴിലാണ് കമ്മീഷൻ പ്രവർത്തിക്കുക; കമ്മീഷൻ

അംഗങ്ങൾ കൂടാതെ മറ്റ് എത്ര പേർ കമ്മീഷനിൽ ജീവനക്കാരായി ഉണ്ടാകും; ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ജി) കമ്മീഷന്റെ ഒരു മാസത്തെ പ്രവർത്തനത്തിന് മൊത്തം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ക്യാബിനറ്റ് മന്ത്രിയുടെ പദവിയിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് അദ്ദേഹത്തിന് ലഭ്യമാകുന്നത്.

(സി) ഉണ്ട്.

(ഡി) 5-5-2017-ലെ സ.ഉ.(കൈ)നമ്പർ 11/2017/ഉ.ഭ.പ.വ. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു. പ്രസ്തുത ഉത്തരവുപ്രകാരം ചെയർമാന്റെ പ്രതിമാസ ശമ്പളം, അലവൻസ് ഉൾപ്പെടെ 54,441 രൂപ (അൻപത്തി നാലായിരത്തി നാന്നൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം)യാണ്. കൂടാതെ യാത്രാബത്തയ്ക്കും അർഹതയുണ്ട്.

(ഇ) കമ്മീഷനിൽ ചെയർമാനെ കൂടാതെ രണ്ട് അംഗങ്ങളുണ്ട്. ശ്രീ. സി. പി. നായർ ഫുൾടൈം അംഗമായും ശ്രീമതി നീലാ ഗംഗാധരൻ പാർട്ട് ടൈം അംഗമായും പ്രവർത്തിക്കുന്നു. ചീഫ് സെക്രട്ടറിയുടെ പദവിയാണ് അംഗങ്ങൾക്ക് നൽകിയിട്ടുള്ളത്. ഇവർക്ക് നൽകേണ്ടുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള തീരുമാനം പരിഗണനയിലാണ്.

(എഫ്) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലാണ് ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തിച്ചുവരുന്നത്. 30-8-2016-ലെ സ.ഉ.(എം.എസ്.) നമ്പർ21/2016/ഉ.ഭ.പ.വ. നമ്പർ ഉത്തരവുപ്രകാരം കമ്മീഷൻ ഓഫീസിൽ 17 ജീവനക്കാരുടെ തസ്തികകളും (5 ദിവസവേതനക്കാർ ഉൾപ്പെടെ) ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിൽ 12 തസ്തികകളും അനുവദിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കനുവദിച്ചിട്ടുള്ള ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, നഗര ബത്ത മുതലായ ആനുകൂല്യങ്ങൾക്ക് ഇവർക്ക് അർഹതയുണ്ട്. ദിവസ വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് 26-2-2016-ലെ സ.ഉ.(പി)നമ്പർ28/2016/ധന, 28-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 56/2017/ധന. എന്നീ ഉത്തരവുകൾ പ്രകാരമുള്ള വേതനമാണ് നൽകുന്നത്.

(ജി) കമ്മീഷന്റെ ഒരു വർഷത്തെ പ്രവർത്തന ചെലവായി 2017-18

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമ്പത്തിക വർഷത്തേക്ക് ആകെ 2,64,03,000 രൂപ (രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി മൂവായിരം രൂപ മാത്രം) ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഓരോ മാസവും ആവശ്യമായിവരുന്ന ചെലവിനനുസരിച്ചാണ് ഇതിൽനിന്നും തുക വിനിയോഗിക്കുന്നത്.

## കേരള പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ ഗ്രേസ് മാർക്ക്

42 (T*5470) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ സ്പോർട്സ് താരങ്ങൾക്കുള്ള ഗ്രേസ് മാർക്ക് എല്ലാ ഉദ്യോഗങ്ങൾക്കും നൽകുന്നുണ്ടോ; ആയതിന്റെ വിശദവിവരം വെളിപ്പെടുത്താമോ;

(ബി) യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്ക് കായികതാരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് പ്രത്യേക മാനദണ്ഡം നിഷ്കർഷിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ക്ലാസ് III, IV തസ്തികകളിലേക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളിലാണ് മികച്ച കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകിവരുന്നത്.

(ബി) യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയുടെ നിയമന വ്യവസ്ഥകൾ പ്രതിപാദിക്കുന്നത് 26-2-2016-ലെ G.O.(p)No.7/2016/H.Edn എന്ന എക്സിക്യൂട്ടീവ് ഓർഡറിലാണ്. ടി ഉത്തരവിൽ കായിക താരങ്ങൾക്കുള്ള ഗ്രേസ് മാർക്ക് സംബന്ധിച്ച പരാമർശമില്ലാത്തതിനാൽ ടി തെരഞ്ഞെടുപ്പിൽ സ്പോർട്സ് വെയ്റ്റേജ് മാർക്ക് നൽകിയിട്ടില്ല.

(സി) 11-1-1978-ലെ ജി.ഒ.(എം.എസ്.)നമ്പർ21/78/ജി.എ.ഡി., 30-5-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 129/2012/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും ഇതിന്റെയടിസ്ഥാനത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ചുമാണ് മികച്ച കായിക താരങ്ങൾക്ക് ക്ലാസ് III, IV തസ്തികകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ അധികമാർക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജോലി സംവരണം

43 (5471) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സംസ്ഥാനത്ത് ജോലി സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സംസ്ഥാനത്ത് ജോലി സംവരണം ഏർപ്പെടുത്തിയിട്ടില്ല.

## എൽ.ഡി. ക്ലാർക്ക് പരീക്ഷയ്ക്ക് ഓൺലൈൻ രീതി

44 (5472) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പി. എസ്. സി. നടത്തുന്ന എൽ.ഡി. ക്ളാർക്ക് പരീക്ഷ ഒ.എം.ആർ. രീതിയിലാണോ നടത്തുന്നത്;

(ബി) ഒ.എം.ആർ. പരീക്ഷാരീതി കാലഹരണപ്പെട്ടതാണെന്നും പരീക്ഷയിൽ 4.2 ശതമാനം തെറ്റുവരാനുള്ള സാധ്യതയുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഒ. എം.ആർ. രീതിയിലുള്ള പരീക്ഷയെക്കാൾ സുതാര്യവും സത്യസന്ധവുമായി നടത്താവുന്ന ഓൺലൈൻ പരീക്ഷാരീതി എൽ. ഡി. ക്ലാർക്ക് പരീക്ഷയിൽ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഇല്ല.

(സി) നിലവിലുള്ള നാല് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളുടെ പരമാവധി ശേഷി 1600 പേരെ ഉൾക്കൊള്ളുവാനാണ്. എൽ.ഡി. ക്ലാർക്ക് പരീക്ഷയിൽ പങ്കെടുക്കുന്നത് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളായതിനാൽ നിലവിലെ സംവിധാനത്തിൽ ഓൺലൈൻ പരീക്ഷ നടത്തുക പ്രായോഗികമല്ല.

**ജനപഥം മാസിക**

45 (5473) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപഥം മാസികയുടെ എത്ര കോപ്പികൾ പ്രതിമാസം അച്ചടിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ജനപഥം മാസിക കേരളത്തിലെ എല്ലാ ഗ്രന്ഥശാലകൾക്കും, വായനശാലകൾക്കും സൗജന്യമായി അയച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനപഥം മാസിക കേരളത്തിലെ ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ വീടുകളിലേക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജനപഥം മാസിക കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ സമകാലിക ജനപഥം മാസികയുടെ 15000 കോപ്പികൾ അച്ചടിക്കുന്നുണ്ട്.

(ബി) ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ സഹിതം സൗജന്യ കോപ്പികൾക്ക് അപേക്ഷിച്ച എല്ലാ വായനശാലകൾക്കും സൗജന്യമായി ജനപഥം അയക്കുന്നുണ്ട്.

(സി) സമകാലിക ജനപഥം മാസിക കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നുണ്ട്. ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ വീടുകളിലേക്ക് ജനപഥം സൗജന്യമായി നൽകുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമായിട്ടില്ല.

(ഡി) സമകാലിക ജനപഥം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി വരിക്കാരെ ചേർക്കുന്നതിന് പ്രത്യേകം കൗണ്ടറുകൾ പ്രവർത്തിക്കാറുണ്ട്. പൊതുജനങ്ങളിലെത്തിക്കുന്നതിനായി പബ്ലിക് ലൈബ്രറികളിലും മാസിക നൽകുന്നുണ്ട്. ഈയിടെ വിവിധ ജില്ലകളിൽ സോഷ്യൽമീഡിയ വഴി വരിക്കാരെ ചേർക്കുന്നതിനായി ശ്രമിച്ചിട്ടുണ്ട്.

## ഹയർ സെക്കന്ററി അധ്യാപക വിഭാഗത്തിലെ നിയമനങ്ങൾ

46 (5474) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

31.12.2016-ൽ കാലാവധി അവസാനിച്ച 97/2010 കാറ്റഗറി നമ്പറുള്ള പത്തനംതിട്ട ജില്ലയിലെ ഹയർ സെക്കന്ററി സ്കൂൾ ലാബ് അസിസ്റ്റന്റ് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന സമയത്ത് ജില്ലയിൽ പതിനഞ്ചോളം ഒഴിവുകൾ നിലവിലുണ്ടായിരുന്നതിനാൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

31-12-2016-ൽ പത്തനംതിട്ട ജില്ലയിൽ ലാബ് അസിസ്റ്റന്റുമാരുടെ എട്ട് ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത്. ഈ ഒഴിവുകളൊന്നും പി.എസ്.സി. നിയമനത്തിനുള്ളതായിരുന്നില്ല. ബൈട്രാൻസ്ഫർ നിയമനത്തിനുള്ളതായിരുന്നു. ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പോലീസ് ഡ്രൈവർ തസ്തികയിൽ നിയമിക്കുന്നതിനായി റാങ്ക് ലിസ്റ്റ്

47 (5475) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡ്രൈവർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. വഴി നിയമനം

48 (5476) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കുമോ;

(ബി) 2011-ൽ പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(സി) നിലവിൽ സി.എ. തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) 1988 മുതൽ മുൻകാല പ്രാബല്യത്തോടെ ടൈപ്പിസ്റ്റുമാരെ സി.എ. ആയി തസ്തികമാറ്റം നടത്താൻ സർക്കാർ ഉത്തരവോ നിർദ്ദേശമോ നല്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ, സി.എ. തസ്തികയിലേക്ക് മറ്റ് മാർഗ്ഗങ്ങൾ മുഖേന നിയമനം നടത്തുന്നത് ചട്ടവിരുദ്ധമല്ലേ; എങ്കിൽ ആയത് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) നേരിട്ടുള്ള നിയമനം, ടൈപ്പിസ്റ്റ് തസ്തികമാറ്റം എന്നതിലെ 1:1 എന്ന അനുപാതത്തിൽ, എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ നേരിട്ടുള്ള നിയമനത്തിൽ ഉൾപ്പെടുത്തിയാണോ അനുപാതം പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് നിലവിലുണ്ട്. ജി.ഒ.(എം.എസ്.) 266/2014/ആഭ്യന്തരം തീയതി 23-12-2014 പ്രകാരമാണ് നിയമനം നടത്തുന്നത്.

(ബി) ജി.ഒ.(എം.എസ്.) 272/2010/ആഭ്യന്തരം തീയതി 17-12-2010 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2011-ൽ പി.എസ്.സി. വഴി നിയമനം നടത്തിയത്.

(സി-എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പുതുതായി സൃഷ്ടിച്ച തസ്തികകൾ**

49 (5477) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ വകുപ്പുകളിലുമായി പുതുതായി സൃഷ്ടിച്ച തസ്തികൾക്ക് പ്രതിവർഷം വേണ്ടിവരുന്ന അധിക തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ ജെ.പി.എച്ച്.എൻ. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം**

50 (5478) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്ന് ഒരു വർഷം കഴിഞ്ഞിട്ടും കോഴിക്കോട് ജില്ലയിലെ ജെ.പി.എച്ച്.എൻ.(ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്) റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ നിയമനം നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ജെ.പി.എച്ച്.എൻ. തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയുടെ 8-8-2016-ന് നിലവിൽവന്ന റാങ്ക് പട്ടികയിൽനിന്നും അഞ്ച് പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) നിലവിൽ ഏഴ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്ക് നിയമന ശിപാർശ നടപടികൾ പുരോഗമിച്ചുവരുന്നു.

**സർവ്വീസ് സംഘടനകളുടെ അംഗീകാരം സംബന്ധിച്ച മാനദണ്ഡങ്ങൾ**

51 (5479) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും ഓഫീസർമാരുടെ സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് പ്രത്യേക മാനദണ്ഡം ഉണ്ടോ; എങ്കിൽ കേരള വാട്ടർ അതോറിറ്റിയിലെ ഓഫീസർമാരുടെ സംഘടനയ്ക്ക് അംഗീകാരം നൽകേണ്ടത് വാട്ടർ അതോറിറ്റി ബോർഡാണോ സർക്കാരാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഓഫീസർമാരുടെ സംഘടനയുടെ അംഗീകാരത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ അത് അംഗീകരിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) എന്ന സംഘടന അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഘടനയ്ക്ക് നാളിതുവരെ അംഗീകാരം ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) 1986-ലെ ആക്ട് പ്രകാരം വാട്ടർ അതോറിറ്റി സംഘടനകൾക്ക് അംഗീകാരം നൽകാറുണ്ടോ; 1986-ന് മുമ്പ് പ്രവർത്തിച്ച സംഘടനകൾക്ക് കേരള വാട്ടർ അതോറിറ്റി കോൺടക്ട് റൂൾ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ, 1960-ലെ ചട്ടം 77(a) പ്രകാരമാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ജീവനക്കാർ സ്ഥലം മാറിപ്പോകുന്ന പ്രവണത**

52 (5480) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ ഉടൻ തന്നെ അവരുടെ മാതൃജില്ലയിലേക്ക് സ്ഥലം മാറിപ്പോകുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളടക്കമുള്ള ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ടൈപ്പിസ്റ്റ് തസ്തികയുടെ റേഷ്യോ പുനഃക്രമീകരണം**

53 (5481) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011, 2016 വർഷങ്ങളിൽ കേരള സർക്കാർ പുറപ്പെടുവിച്ച ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ടൈപ്പിസ്റ്റ് തസ്തികയുടെ റേഷ്യോ പുനഃക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ സമയ ബന്ധിതമായി ഇത് നടപ്പിലാക്കിയോ;

(ബി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) കാലതാമസത്താൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റുമാർക്ക് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക ആനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2011-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റുമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) റേഷ്യോ പ്രൊമോഷൻ ആനുകൂല്യങ്ങൾക്ക് ജീവനക്കാർ ആയതിന് അർഹരാകുന്ന തീയതി മുതൽ പ്രാബല്യത്തിലാണ് അനുവദിക്കുന്നത്. ഉദ്യോഗക്കയറ്റ ഉത്തരവ് തീയതി വരെയുള്ള ഒരു വർഷത്തെ കുടിശ്ശിക സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നതാണ്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം**

54 (5482) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.- യുടെ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (വിവിധ വകുപ്പുകൾ)റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചുവെന്നും ഏതൊക്കെ വകുപ്പുകളിൽ നിയമിച്ചു എന്നുള്ള വിവരവും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നടത്തിയ നിയമനം സംബന്ധിച്ച വിവരവും ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്നും ആയത് പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും ലഭ്യമാക്കുമോ;

(സി) പി.എസ്.സി.-ക്ക് ഇനിയും റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളെത്രയെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്**

55 (5483) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 06/2014 നോട്ടിഫിക്കേഷൻ പ്രകാരമുള്ള എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറായിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോഴുള്ള നോട്ടിഫിക്കേഷനിൽ പറഞ്ഞിരുന്ന യോഗ്യതകളിൽ എന്തെങ്കിലും ഇളവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാറ്റഗറി നമ്പർ 16/2014 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വിവിധ വകുപ്പുകളിലേക്കുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലേക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച 12 ജില്ലകളിൽ ശേഷിക്കുന്ന 9 ജില്ലകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി&സി) ഡ്രൈവർ തസ്തികയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത താഴെ പറയും പ്രകാരമായിരുന്നു നിശ്ചയിച്ചിരുന്നത്.

1) A pass in Standard VII/III Forum.
2) Must possess valid Driving Licence of three years standing to drive Light Motor Vehicle with Driver's Badge.
3) Proficiency in Driving Light Motor Vehicles which is to be proved in a practical Test conducted by KPSC during the course of selection. Only those who pass 'H' Test are eligible for Road Test.

ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഡ്രൈവേഴ്സ് ബാഡ്ജ് മൂന്ന് വർഷം കൂടുമ്പോൾ പുതുക്കേണ്ടതിനാൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിൽ ബാഡ്ജിന് മൂന്നുവർഷ സാധുത

ഉണ്ടായിരിക്കണമെന്ന് കമ്മീഷൻ കാലാകാലങ്ങളിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത തീരുമാനം ചോദ്യംചെയ്തുകൊണ്ട് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത അന്യായത്തിന്മേലുള്ള ബഹുമാനപ്പെട്ട കോടതിവിധിയിൽ ബാഡ്ജിന് മൂന്ന് വർഷ കാലാവധി നിശ്ചയിച്ച നടപടി തെറ്റാണെന്ന് ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമന ശിപാർശ ആരംഭിച്ച പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളൊഴികെയുള്ള ജില്ലകളിൽ ബാഡ്ജിന് മൂന്ന് വർഷ സാധുത ഇല്ലെന്ന കാരണത്താൽ ഒഴിവാക്കപ്പെട്ടവരെ ഉൾപ്പെടുത്തി വീണ്ടും പ്രായോഗിക പരീക്ഷ നടത്താൻ കമ്മീഷൻ ഉത്തരവാകുകയും തുടർ നടപടികൾ കൈക്കൊണ്ടുവരികയുമാണ്. കോട്ടയം, കണ്ണൂർ, ഇടുക്കി ജില്ലകളിലെ ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ അന്യായങ്ങൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ അതിന്മേലുള്ള അന്തിമവിധിക്ക് വിധേയമായി മാത്രമേ പ്രസ്തുത മൂന്ന് ജില്ലകളിലെ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുവാൻ കഴിയുകയുള്ളൂ

**ഐ. ടി. സൗഹൃദ സംസ്ഥാനം**

56 (5484) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു മികച്ച ഐ. ടി. സൗഹൃദ സംസ്ഥാനമാക്കുന്നതിനും മാതൃകാ ഇ -ഗവേണൻസ് സേവന മേഖല പടുത്തുയർത്തുന്നതിനുമുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തെ ഒരു മികച്ച ഐ.ടി.സൗഹൃദ സംസ്ഥാനമാക്കുക, മാതൃകാ ഇ-ഗവേണൻസ് സേവന മേഖല പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ഐ.ടി. നയം രൂപീകരിക്കുന്നത്.

സർക്കാർ സേവന സംവിധാനങ്ങളിൽ ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങിയ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്തുനിന്നുള്ള ഐ.ടി. ഉല്പന്നങ്ങളും ഐ.ടി. സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ഐ.ടി. നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യയെ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്ന രീതിയിൽ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാനും

സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും സാധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതും ഇതിന്റെ ഭാഗമാണ്. ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പല പ്രധാന പദ്ധതികളും നടന്നുവരികയാണ്.

- കേരള സർക്കാരിന്റെ സ്റ്റേറ്റ് പോർട്ടൽ പുനർനിർമ്മാണം.
- സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ.
- എം. കേരളം മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കൽ.
- കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് പദ്ധതി നടപ്പിലാക്കൽ.

(ബി) സംസ്ഥാനത്ത് കൂടുതൽ ഐ.ടി. പാർക്കുകളും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ പുതിയ ഐ.ടി. നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. ഐ.ടി. പശ്ചാത്തല സൗകര്യമൊരുക്കുന്നതിൽ സ്വകാര്യ സംരംഭങ്ങൾ, ഐ.ടി. ഹബ്ബുകൾ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്.

**അർദ്ധ സൈനികർക്ക് ആനുകൂല്യങ്ങൾ**

57 (5485) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധ സൈനികരുടെ വിധവകൾക്കും ആശ്രിതർക്കും ആശ്രിത നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനായി സർക്കാർ ഉത്തരവ് ഇറക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) എക്സ് സർവ്വീസ് വിഭാഗത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ അർദ്ധ സൈനിക വിഭാഗത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ മിലിട്ടറി ഡ്യൂട്ടിയുമായി അറ്റാച്ച് ചെയ്തിരിക്കവേ

യുദ്ധത്തിലോ യുദ്ധസമാന സാഹചര്യത്തിലോ മൈൻ സ്ഫോടനത്തിലോ ശത്രുക്കളുടെ കെണിയിൽപ്പെട്ടോ പ്രതികൂല കാലാവസ്ഥ തുടങ്ങിയവമൂലമോ ഓപ്പറേഷണൽ/ഫീൽഡ് ഏരിയയിൽവച്ച് കൊല്ലപ്പെടുകയോ/കാണാതാകുകയോ ചെയ്യുന്ന BSF, GREF എന്നീ വിഭാഗങ്ങളിലെ മാത്രം കേരളീയരായ അർദ്ധസൈനികരുടെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർവ്വീസിൽ യോഗ്യതയനുസരിച്ച് ക്ലാസ്സ് ത്രീ/ക്ലാസ്സ് ഫോർ, പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിൽ ആശ്രിതനിയമനത്തിനുള്ള സർക്കാർ ഉത്തരവായ ജി.ഒ. (പി)110/02/ജി.എ.ഡി., തീയതി 29-4-2002 പ്രകാരം ആശ്രിതനിയമനം നൽകി വരുന്നുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

## ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ ആശ്രിതർക്ക് സഹായം

58 (5486) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക അർദ്ധ-സൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം മരണമടയുന്നവരുടെ ആശ്രിതരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ആയതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി* ചേർക്കുന്നു.

(സി) സൈനിക അർദ്ധസൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരളീയരുടെ ആശ്രിതർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിൽ എൻട്രി കേഡറിൽ ജോലി നൽകുന്നതിനും വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഇവരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനായി ആവശ്യമുള്ള ധനസഹായം (സർക്കാർ സ്കൂൾ/കോളേജുകളിലെ ഫീസ് നിരക്കിൽ) നൽകുന്നതിനുമുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു.

**ചികിത്സാ ധനസഹായം**

59 (5487) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്;

(ബി) ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടവരുടെ പേരും മേൽവിലാസവും വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം അനുവദിക്കുമ്പോൾ എം.എൽ.എ-മാരെ ഇ-മെയിൽ മുഖേന അറിയിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മണ്ഡലം തിരിച്ചുള്ള കണക്കും വില്ലേജ് തിരിച്ചുള്ള കണക്കും സൂക്ഷിക്കാറില്ല.

(സി) എല്ലാ മാസത്തിന്റെയും ആദ്യ ആഴ്ചയിൽ മുൻ മാസംവരെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുഖേന സമർപ്പിക്കുന്ന ചികിത്സാ ധനസഹായ അപേക്ഷകളുടെ തൽസ്ഥിതി അതത് എം.എൽ.എ.-മാരെ ഇ-മെയിൽ മുഖേന അറിയിക്കുന്നുണ്ട്.

**ജനസാന്ത്വന ഫണ്ട്**

60 (5488) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിനിൽക്കുന്നവർക്ക് ജനസാന്ത്വന ഫണ്ടിൽനിന്നും സഹായത്തിന് അർഹതയുണ്ടോ; ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

അർഹതയുണ്ട്. ജനസാന്ത്വന പദ്ധതിയുമായി ബന്ധപ്പെട്ട് ധനസഹായം ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ പുനഃക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ പദ്ധതിയിൽനിന്ന് ഇതുവരെ തുക അനുവദിച്ചിട്ടില്ല. അർഹതാമാനദണ്ഡങ്ങൾ പുന:ക്രമീകരിക്കാനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

61 (5489) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം ഇപ്പോൾ ചികിത്സാ സഹായം നൽകിവരുന്നുണ്ടോ;

(ബി) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക ചികിത്സാ സഹായമായി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2,44,65,36,670 രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 122,57,71,348 രൂപയും ചികിത്സാ സഹായമായി നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട്**

62 (5490) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2017 ഏപ്രിൽ 30 വരെ സംസ്ഥാനത്തുണ്ടായ അപകടമരണങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016 മേയ് മുതൽ 2017 ഏപ്രിൽ 30 വരെ സംസ്ഥാനത്തുണ്ടായ അപകടമരണങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 16,62,75,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം 1519 കുടുംബങ്ങൾക്ക് ലഭ്യമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 265 |
| കൊല്ലം | 160 |
| പത്തനംതിട്ട | 64 |
| ആലപ്പുഴ | 194 |
| കോട്ടയം | 71 |
| ഇടുക്കി | 30 |
| എറണാകുളം | 114 |
| തൃശ്ശൂർ | 105 |
| പാലക്കാട് | 181 |
| മലപ്പുറം | 95 |
| കോഴിക്കോട് | 46 |
| വയനാട് | 20 |
| കണ്ണൂർ | 95 |
| കാസർഗോഡ് | 79 |
| **ആകെ** | **1519** |

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷകൾ**

63 (5491) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ഏപ്രിൽ 30 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചു എന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷകളിന്മേൽ അനുവദിച്ച തുക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) അപകട മരണങ്ങളെത്തുടർന്ന് അനാഥമായ എത്ര കുടുംബങ്ങൾക്ക് എത്ര രൂപ സഹായധനം അനുവദിച്ചു എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ ഭരണകാലത്ത് ലഭിച്ച എത്ര അപേക്ഷകൾ പരിഗണിക്കാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ലഭിച്ച എത്ര അപേക്ഷകൾ ഇനിയും പരിഗണിക്കപ്പെടാനുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഈ അപേക്ഷകളിന്മേൽ എപ്പോൾ തീരുമാനമുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-എഫ്) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ലഭിച്ച അർഹതയുള്ള എല്ലാ അപേക്ഷകളിലും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം**

64 (5492) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മുൻഗണനാ പട്ടികയിൽ റേഷൻ കാർഡ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി)ദുരിതബാധിതരുടെ കടബാധ്യതകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത റേഷൻ കാർഡുടമകളെ മാരകരോഗം ബാധിച്ച വ്യക്തി/വ്യക്തികളുള്ള കുടുംബം എന്ന മാനദണ്ഡത്തിൽ ഉൾക്കൊള്ളിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 28-10-2017-ലെ സ.ഉ.(കൈ) നമ്പർ 552/2016/റവ. പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ റവന്യൂ റിക്കവറി നിയമം വകുപ്പ് 71 ബാധകമായുള്ള സ്ഥാപനങ്ങളിൽനിന്നും ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 26-10-2017 വരെ മോറട്ടോറിയം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ചികിത്സാ സഹായത്തിനായി മുഖ്യമന്ത്രിക്ക് നൽകിയിട്ടുള്ള അപേക്ഷ**

65 (5493) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാസഹായത്തിനായി മുഖ്യമന്ത്രിക്ക് നൽകിയിട്ടുള്ള അപേക്ഷകൾ കൃത്യമായ മിനിട്ട്സ് ഉൾപ്പെടെ റിപ്പോർട്ടിനായി താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഓൺലൈനായി നൽകുമ്പോൾ ആയതിന് റിപ്പോർട്ട് അയയ്ക്കാതെ മാസങ്ങളായി കെട്ടികിടക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ റിപ്പോർട്ട് അയയ്ക്കാതെ കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് അയപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ റിപ്പോർട്ടിനായി നൽകുന്ന അപേക്ഷകളിൽ റിപ്പോർട്ട് അയച്ചുതരുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ താലൂക്കുകളിലും വില്ലേജുകളിലുമായി

ഓൺലൈനായി ലഭ്യമായ നാന്നൂറോളം അപേക്ഷകൾ വിവിധ കാരണങ്ങളാൽ റിപ്പോർട്ട് സമർപ്പിക്കാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലും ഓൺലൈനിൽ നേരിട്ടുള്ള പ്രശ്നങ്ങൾ മൂലവുമാണിത്. മറ്റെല്ലാ അപേക്ഷകളിലും യഥാസമയം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

10,000 രൂപവരെ ധനസഹായം അനുവദിക്കേണ്ടത് ജില്ലാ കളക്ടർ ആയതിനാൽ അത്തരത്തിലുള്ള അറുന്നൂറോളം അപേക്ഷകൾ ജില്ലാ കളക്ടറുടെ ഓൺലൈൻ ലോഗിനിലും തീർപ്പാക്കുന്നതിനായി ശേഷിക്കുന്നുണ്ട്.

(സി) കാലതാമസം നേരിട്ട അപേക്ഷകളിൽ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ വില്ലേജ് - താലൂക്ക് തലത്തിൽ കർശന നിർദ്ദേശം ജില്ലാ കളക്ടർമാർ നൽകിയിട്ടുണ്ട്.

**പത്തനംതിട്ട ജില്ലയിലെ വിമാനത്താവള നിർമ്മാണം**

66 (5494) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച വിമാനത്താവള നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് ഇനംതിരിച്ച് വിശദീകരിക്കുമോ;

(സി) വിമാനത്താവള നിർമ്മാണത്തിന് ഏതെല്ലാം സ്ഥലങ്ങളാണ് അനുയോജ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പഠനത്തിന് നിയോഗിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കമ്മിറ്റിയിൽ പത്തനംതിട്ട ജില്ലാ കളക്ടർ അംഗമാണോ; എങ്കിൽ കമ്മിറ്റികൂടിയപ്പോൾ കളക്ടർ പങ്കെടുത്തിരുന്നോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാപഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡ്സ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശബരിമല എയർപോർട്ട് പദ്ധതിയുടെ ഒരു അവലോകനയോഗം 4-4-2017-ൽ കൂടുകയുണ്ടായി. പ്രസ്തുത അവലോകനയോഗത്തിൽ ശബരിമല എയർപോർട്ട് പദ്ധതിക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ജില്ലാ കളക്ടർ പത്തനംതിട്ട, ജില്ലാ കളക്ടർ കോട്ടയം തുടങ്ങിയവരുൾപ്പെട്ട നാലംഗ ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം 7-4-2017-ൽ പത്തനംതിട്ട ജില്ലയിലെയും കോട്ടയം ജില്ലയിലെയും വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. ശബരിമല വിമാനത്താവള പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിലേക്ക് പ്രാഥമിക പരിശോധന നടത്തിയ ആറ് സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

1. ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മയലാളം പ്ലാന്റേഷൻ ലിമിറ്റഡ്
2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം, കോട്ടയം
3. വെള്ളനാടി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം
4. ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട
5. കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട
6. കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട

(ഡി) സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രാഥമിക പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ&എഫ്) ശബരിമല എയർപോർട്ട് പദ്ധതിക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുവേണ്ടി 4-4-2017-ൽ ചേർന്ന അവലോകന യോഗത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ജില്ലാ കളക്ടർ പത്തനംതിട്ട, ജില്ലാ കളക്ടർ കോട്ടയം തുടങ്ങിയവർ ഉൾപ്പെട്ട നാലംഗ ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം 7-4-2017 -ൽ പത്തനംതിട്ട ജില്ലയിലെയും കോട്ടയം ജില്ലയിലെയും വിവിധ സ്ഥലങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം**

67 (5495) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി 18 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) സ്ഥലം ഏറ്റെടുക്കലിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ;

(സി) സ്ഥലം ഏറ്റെടുത്ത് രാജ്യാന്തര ടെർമിനൽ വികസിപ്പിച്ചില്ലെങ്കിൽ പുതിയ സർവ്വീസുകൾക്ക് അനുമതി ലഭിക്കാത്ത സാഹചര്യമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിമാനത്താവളവികസനത്തിന് ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി പേട്ട വില്ലേജിൽപ്പെട്ട 18 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരം 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും തദ്ദേശവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് സർവ്വേ ജോലികൾ നടത്തുവാൻ സാധിച്ചില്ല.

1-3-2017-ലെ ജി.ഒ.(പി.) നമ്പർ 16/2017/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രാരംഭ സർവ്വേ, സ്ഥലം ഏറ്റെടുക്കുന്നതിനെതിരെ രൂപീകരിച്ചിട്ടുള്ള ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സ്ത്രീകളും കുട്ടികളും അടങ്ങുന്ന തദ്ദേശവാസികൾ തടസ്സപ്പെടുത്തി. പുനരധിവാസ പാക്കേജ്, വസ്തുവിന് നൽകുന്ന വില എന്നിവ ബോദ്ധ്യപ്പെടുത്തിയതിനുശേഷം മാത്രമേ ഈ ആവശ്യത്തിനായി പ്രസ്തുത സ്ഥലത്ത് പ്രവേശിക്കാവൂഎന്നും തടസ്സപ്പെടുത്തിയവർ അറിയിച്ചു. തുടർന്ന് 15-4-2017-ന് വിളിച്ചുചേർത്ത യോഗത്തിലെ നിർദ്ദേശപ്രകാരം 20-4-2017-ൽ ശംഖുമുഖം എ.സി.-യുടെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സർവ്വേ നടപടികൾക്കായി പ്രസ്തുത സ്ഥലത്ത് എത്തിയെങ്കിലും സ്ത്രീകളും കുട്ടികളും അടങ്ങുന്ന തദ്ദേശവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് സർവ്വേ ജോലികൾ നടത്തുവാൻ സാധിച്ചില്ല.

(സി & ഡി) ഉണ്ട്. തിരക്കേറിയ സമയങ്ങളിൽ നിലവിലുള്ള ടെർമിനലിന്റെ കപ്പാസിറ്റി മതിയാകാതെ വരുന്നതിനാൽ ടെർമിനലിന്റെ വികസനം അത്യാവശ്യമാണ്. ആയതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊച്ചി മെട്രോ നിർമ്മാണപ്രവർത്തനം**

68 (5496) <u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ നിർമ്മാണപ്രവർത്തനം വിലയിരുത്തിയ ചീഫ് മെട്രോ സുരക്ഷാ കമ്മീഷണറുടെ വിലയിരുത്തൽ എന്തായിരുന്നു;

(ബി) സുരക്ഷാ കാര്യങ്ങളിൽ അദ്ദേഹം പൂർണ്ണതൃപ്തി അറിയിച്ചിട്ടുണ്ടോ;

(സി) മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പണി പൂർത്തിയാക്കുവാനാണ് പദ്ധതി ഇട്ടിട്ടുള്ളത് എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട സുരക്ഷ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും തൃപ്തികരമായതിനാൽ മെട്രോയുടെ ആലുവ മുതൽ പാലാരിവട്ടം സ്റ്റേഷൻ വരെയുള്ള ഭാഗം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മെട്രോയുടെ ഒന്നാംഘട്ടത്തിലെ റീച്ച് ഒന്നിലെ പാലാരിവട്ടം മുതൽ മഹാരാജാസ് സ്റ്റേഷൻ വരെയുള്ള 5 കിലോമീറ്റർ ഭാഗം 2017 ഒക്ടോബറിലും മഹാരാജാസ് മുതൽ പേട്ട വരെയുള്ള ഭാഗം 2019 ജൂണിലും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം - II സംസ്ഥാന സർക്കാരിന്റെ പുതുക്കിയ ഭരണാനുമതിയോടെ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ**

69 (5497) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ മറ്റ് യാത്രാസംവിധാനങ്ങൾ മെട്രോ റെയിലുമായി ബന്ധിപ്പിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ ഭാഗമായുള്ള ഏകീകൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ തയ്യാറായിട്ടുണ്ടോ; ഈ ബിൽ അഞ്ചാം സമ്മേളനകാലത്ത് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കൊച്ചി നഗര മേഖലയിലെ വിവിധ ഗതാഗത മാർഗ്ഗങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനുള്ള ഏകീകൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് ഗതാഗത സംവിധാന ഏകോപന പ്രവർത്തനങ്ങൾ പരിശോധിച്ചുവരുന്നത്.

വിശാല കൊച്ചി, ഗോശ്രീ ദ്വീപ് പ്രദേശങ്ങളിലെ സ്വകാര്യ ബസ്സുകളെ ഏഴ് ബസ് ഓപ്പറേറ്റിംഗ് യൂണിറ്റുകളാക്കുന്നതിനും അവയെ ഏകീകരിച്ച് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ബസ് ഓപ്പറേറ്റിംഗ് സംഘമാക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ വിശാലകൊച്ചി, ഗോശ്രീ ഐലന്റ് പ്രദേശത്തെ 15000-ത്തോളം വരുന്ന ഓട്ടോറിക്ഷകളെ പൊതുഗതാഗതത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.

ജി.പി.എസ്. ആസ്പദമാക്കിയുള്ള ബസ് ട്രാക്കിംഗ് സംവിധാനം, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ഉൾപ്പെടെയുള്ള യാത്രാവിവര ആസൂത്രണ സഹായി തയ്യാറാക്കിവരുന്നു. വിവിധ ഗതാഗത മാർഗ്ഗങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഓപ്പറേഷൻ കൺട്രോൾ സെന്റർ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ തുടങ്ങിയിട്ടുണ്ട്. സ്മാർട്ട് കാർഡ് ഉപയോഗിച്ചുള്ള ഏകീകൃത ടിക്കറ്റിംഗ് സംവിധാനം ഒരുക്കുന്നതിനും മൊബിലിറ്റി ഹബ്ബുകൾ, ലോജിസ്റ്റിക് ഹബ്ബുകൾ എന്നിവയുടെ സാധ്യതാപഠനം നടത്തുന്നതിനുമുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.

(ബി) ഏകീകൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ.

**അന്തർ സംസ്ഥാന നദീജല കരാറുകൾ**

70 (5498) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഉൾപ്പെട്ടിട്ടുള്ള അന്തർ സംസ്ഥാന നദീജലക്കരാറുകൾ പുതുക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ മുൻനിലപാടുകളിൽനിന്ന് സംസ്ഥാന സർക്കാരിന്റെ നയത്തിൽ വ്യതിയാനമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പുനർനിർമ്മാണകാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ എന്നിവയാണവ. കൂടാതെ 1886-ലെ കരാറിന്റെ അനുബന്ധമായി 1970-ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകളും നിലവിലുണ്ട്.

പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.

ഇതനുസരിച്ച് പി.എ.പി. കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽതന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരുസംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും സംയുക്ത ഗേജിംഗിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ നടത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്. കരാർ പുനരവലോകനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 29-4-2017-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയെ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം ചോദ്യം (എ)-യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്.

## അന്തർ സംസ്ഥാന നദീജല കരാറുകൾ

71 (5499) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഉൾപ്പെട്ടിട്ടുള്ള അന്തർസംസ്ഥാന നദീജലക്കരാറുകൾ പുതുക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ മുൻനിലപാടുകളിൽ നിന്ന് സംസ്ഥാന സർക്കാരിന്റെ നയത്തിൽ വ്യതിയാനമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ;

(സി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പുനർനിർമ്മാണ കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നദീജലം പങ്ക് വയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ അതിന് അനുബന്ധമായി 1970-ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് അവ.

പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.

ഇതനുസരിച്ച് പി.എ.പി. കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽത്തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരുസംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിംഗിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ നടത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്. കരാർ പുനരവലോകനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 29.04.2017-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയെ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം ചോദ്യം (എ)യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്.

**നോൺ വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് പെൻഷൻ**

72 (5500) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് പ്രതിമാസം എത്ര രൂപയാണ് പെൻഷൻ നൽകുന്നത്;

(ബി) പ്രസ്തുത പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത്;

(സി) കുടിശ്ശിക മുഴുവൻ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നോൺ വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് പ്രതിമാസം 5,000 രൂപയാണ് പെൻഷനായി നൽകുന്നത്.

(ബി) ഉണ്ട്. 2016 ഒക്ടോബർ മുതൽ 2017 ഏപ്രിൽവരെയുള്ള 7 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്.

(സി) 2016 ഒക്ടോബർ മുതൽ 2017 മാർച്ച് വരെയുള്ള 6 മാസത്തെ പെൻഷൻ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

**നിതാഖത്ത് നടപ്പിലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവന്നവർ**

73 (5501) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിതാഖത്ത് നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തേക്ക് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവന്നവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മടങ്ങി വന്നവർക്ക് എന്തെല്ലാം പുനരധിവാസ പാക്കേജുകളാണ് പ്രഖ്യാപിച്ചിരുന്നത്;

(സി) പ്രസ്തുത പാക്കേജുകൾ പ്രകാരം ഇതിനകം എത്രപേർക്ക് അനുകൂല്യം നൽകിയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2013-ൽ ഗൾഫ് രാജ്യങ്ങളിൽ, പ്രത്യേകിച്ച് സൗദി അറേബ്യയിൽ, സ്വദേശീവൽക്കരണം (നിതാഖത്ത്) ആരംഭിച്ചപ്പോൾ പ്രവാസികളുടെ വിവര ശേഖരണത്തിനായി വിവിധ എയർപോർട്ടുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നോർക്ക റൂട്ട്സ് ഹെൽപ് ഡെസ്കുകളും ഓൺലൈൻ സംവിധാനവും മുഖാന്തരം 1-4-2013 മുതൽ 31-12-2013 വരെ 22634 പേർ തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രവാസി തിരികെയെത്തുന്നത് നിതാഖത്ത് നിയമം കാരണം ജോലി നഷ്ടപ്പെട്ടിട്ടാണെന്ന വിവരം കൃത്യമായി തിരിച്ചറിയാൻ കഴിയാത്തതിനാൽ നിതാഖത്ത് നിയമംമൂലം തിരിച്ചെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) തിരികെയെത്തുന്ന പ്രവാസികൾക്ക് വേണ്ടിയുള്ള പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി പ്രകാരം നിതാഖത്ത് മുഖാന്തരം മടങ്ങിവന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണിത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ വരെ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3 ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

(സി) നാളിതുവരെ 1333 പേർക്കാണ് പ്രസ്തുത പദ്ധതിപ്രകാരം പുനരധിവാസ ആനുകൂല്യം നൽകിയിട്ടുള്ളത്. സബ്സിഡിയിനത്തിൽ നാളിതുവരെ 12.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## എമിഗ്രേഷൻ ക്ലിയറൻസ്

74 (5502) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നഴ്സിംഗ് റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികൾ വഴിയാക്കിയശേഷം ഇതുവരെ എത്രപേർ എമിഗ്രേഷൻ ക്ലിയറൻസ് നേടി എന്നറിയാമോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതൊക്കെ ഗൾഫ് രാജ്യങ്ങളിലേക്കാണ് നോർക്ക - റൂട്ട്സ്

റിക്രൂട്ട്മെന്റ് നടത്തുന്നത്;

(സി) നഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് നടത്തുന്ന വൻസാമ്പത്തിക ക്രമക്കേടുകൾ അവസാനിപ്പിക്കുവാൻ പുതിയ സംവിധാനംവഴി സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിദേശ നഴ്സിംഗ് റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികൾ വഴിയാക്കിയശേഷം ഇതുവരെ 626 പേർക്ക് നോർക്ക റൂട്ട്സ് വഴിയും 833 പേർക്ക് ഒഡെപെക് വഴിയും ആകെ 1459 പേർക്ക് എമിഗ്രേഷൻ ക്ലിയറൻസ് നൽകിയിട്ടുണ്ട്.

(ബി) സൗദി അറേബ്യ, ഒമാൻ, യു.എ.ഇ., ഖത്തർ.

(സി) നഴ്സിംഗ് റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികൾ മുഖേന നടത്തിയാൽ മതിയെന്ന് നിജപ്പെടുത്തിയതിനാൽ റിക്രൂട്ട്മെന്റുകൾ സുതാര്യമാക്കുകയും കൂടാതെ ഉദ്യോഗാർത്ഥികളിൽനിന്നും ഏറ്റവും കുറഞ്ഞ ഫീസ് രൂപ 20,000 + 3,000 (TAX) = 23000 രൂപയുടെ ബാങ്ക് ഡി.ഡി. സ്വീകരിച്ച് നിയമനം നൽകുകയും ചെയ്യുന്നു. അതിനാൽ പുതിയ സംവിധാനംവഴി വൻസാമ്പത്തിക ക്രമക്കേടുകൾ അവസാനിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

**പ്രവാസികളുടെ ക്ഷേമം**

75 (5503) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

പ്രവാസികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

I. <u>സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ (Certificate Attestation)</u>

വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ഏകസ്ഥാപനമാണ് നോർക്ക റൂട്ട്സ്. പൊതുജന സൗകര്യാർത്ഥം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് അറ്റസ്റ്റേഷൻ സെന്ററുകൾ (Certificate Attestation Centres- CAC) മുഖേന നോർക്ക-റൂട്ട്സും സർക്കാരും ഈ കർത്തവ്യം നിർവഹിച്ചുവരുന്നു. ഉദ്യോഗാർത്ഥികളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി അറ്റസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി ഡൽഹി/മുംബൈ എൻ.ആർ.കെ. ഓഫീസുകളിലേയ്ക്കും യു.എ.ഇ./കുവൈറ്റ് എംബസികളിലേയ്ക്കും അയച്ചുകൊടുക്കുന്നുണ്ട്.

II. സാമൂഹ്യ സുരക്ഷ/ഇൻഷ്വറൻസ് പദ്ധതികൾ (Social Security/ Insurance Schemes)

- എൻ.ആർ.കെ. ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ്
- അപകട മരണം/സ്ഥിരമായ/പൂർണ്ണമായ/ഭാഗികമായ വൈകല്യം എന്നിവയ്ക്ക് പരമാവധി രണ്ട് ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് ആനുകൂല്യം
- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്.

III. ധനസഹായ പദ്ധതികൾ/പ്രോജക്ടുകൾ

1. സാന്ത്വന
2. ചെയർമാൻ ഫണ്ട്
3. കാരുണ്യം

IV. പുനരധിവാസ പദ്ധതികൾ

- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)
- നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NFBC)

V. സമാശ്വാസ പദ്ധതികൾ

- പ്രവാസി നിയമ സഹായ സെൽ (PLAC)
- സ്വപ്ന സാഫല്യം
- കാൾ സെന്റർ

മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമേ, കേരള പ്രവാസി കേരളീയകാര്യ ബോർഡിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ

ചേർക്കുന്നു:

- പെൻഷൻ
- കുടുംബ പെൻഷൻ
- മരണാനന്തര ധനസഹായം
- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

**നോർക്കയുടെ നേതൃത്വത്തിൽ ഗവൺമെന്റ് പോളിടെക്നിക് വഴി സ്കിൽ ഡെവലപ്മെന്റ് കോഴ്സ്**

76 (5504) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ നേതൃത്വത്തിൽ ഗവ. പോളിടെക്നിക്ക്‌വഴി നടത്തുന്ന സ്കിൽ ഡെവലപ്പ്മെന്റിന്റെ (പട്ടികജാതി കുട്ടികൾക്ക് നൽകുന്ന ഫയർ ആന്റ് സേഫ്റ്റി, വെൽഡിംഗ് ടെക്നോളജി, അലുമിനീയം ഫാബ്രിക്കേഷൻ എന്നിവയിലെ സൗജന്യ പഠനമുൾപ്പെടെ) ഈ വർഷത്തെ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്നാണ് ഈ കോഴ്സ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ കോഴ്സ് നടത്തുവാൻ കഴിഞ്ഞ വർഷങ്ങളിൽ താമസംനേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി കുട്ടികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്നതിനായി എല്ലാ പട്ടികജാതി വികസന ഓഫീസുകൾ വഴിയും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം പോളിടെക്നിക്കുകൾ മുഖാന്തരം സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ജൂൺ മാസത്തോടെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സർക്കാർ പോളിടെക്നിക്കുകൾ മുഖാന്തരം സ്കിൽ അപ്ഗ്രഡേഷൻ കോഴ്സുകൾ നടത്തിയിരുന്നില്ല.

(ഡി) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലിൽ മികവ് പുലർത്തുന്നതിനും നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽനേടാൻ സഹായകമാകുന്ന രീതിയിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യ പകർന്നുകൊടുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ജാതി ഭേദമന്യേ തൊഴിൽകാംക്ഷികൾക്ക് ഈ കോഴ്സിന് അപേക്ഷിക്കാം എന്നതിനാൽ പട്ടികജാതി കുട്ടികൾക്ക് മാത്രമായി ഈ കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്നതിലേയ്ക്കായി പട്ടികജാതി വികസന ഓഫീസുകൾവഴി നിർദ്ദേശം നൽകാറില്ല.

**പ്രവാസികൾക്ക് പുതിയ സംരംഭങ്ങൾ**

77 (5505) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി നഷ്ടമായി തിരികെ എത്തുന്ന പ്രവാസികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്;

(ബി) പുതിയ പദ്ധതികൾ പ്രവാസികൾക്കുവേണ്ടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) വായ്പയോ, ധനസഹായമോ ലഭ്യമാകുന്നതിനുവേണ്ട മാനദണ്ഡം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശത്ത് ജോലി നഷ്ടമായി തിരികെയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ

സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണിത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരതാമസത്തിനായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ വരെ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3 ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

(ബി) ഉണ്ട്.

(സി) തിരികെയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നിലവിലുള്ള NDPREM പദ്ധതി സമഗ്രമായി പുനരാവിഷ്കരിക്കുന്നുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന സേവനങ്ങളാണ് അവരിൽനിന്ന് പ്രതീക്ഷിക്കുന്നത്:

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക.
2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
3. പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.
4. അപേക്ഷകർക്ക് ഒരു സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം നൽകുക.
5. ഒറ്റയ്ക്കോ ഗ്രൂപ്പ് സംരംഭമായോ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനായോ ഉള്ള പ്രത്യേക പരിശീലനം

വിജയകരമായി നടത്താവുന്ന 25-ഓളം മേഖലകളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്രപരിശീലന പരിപാടിയാണ് നടത്താനുദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ നടപടികൾ പുനരധിവാസ പദ്ധതിയുടെ സമഗ്രവും കാര്യക്ഷമവുമായ പ്രവർത്തനത്തിനും കൂടുതൽ ബാങ്കുകളെയും ധനകാര്യസ്ഥാപനങ്ങളെയും പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനും സഹായകരമാവുമെന്നും കരുതുന്നു.

(ഡി) ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരതാമസത്തിനായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്.

## യൂണിസെഫിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകൾ

78 (5506) ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂണിസെഫിൻെറ സഹകരണത്തോടെ സ്ത്രീസൗഹൃദ, ബാലസൗഹൃദ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഒരു പോലീസ് സ്റ്റേഷൻ ബാലസൗഹൃദ പോലീസ് സ്റ്റേഷനായി പ്രഖ്യാപിക്കുന്നതിനുള്ള നിബന്ധനകൾ വിശദമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഷനുകളിലെ ചൈൽഡ് വെൽഫെയർ ഓഫീസറുടെ ചുമതലകൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് താഴെപ്പറയുന്ന 6 പോലീസ് സ്റ്റേഷനുകൾ child friendly Police Station ആയി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. Fort Police Station - Thiruvananthapuram City
2. Kollam East Police Station - Kollam City
3. Kadavanthra Police Station - Kochi City
4. Thrissur East Police Station - Thrissur
5. Kozhikode Town Police Station - Kozhikode City
6. Kannur Town Police Station - Kannur

(ബി) ബാലസൗഹൃദ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകളടങ്ങിയ UNICEF വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(സി) കുട്ടികളുടെ പരാതികൾ കേൾക്കുക, അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക എന്നിവയാണ് Child Welfare Officer/Other trained Police Officer-ന്റെ ചുമതലകൾ.

## മതസംഘടനകളുടെ സാന്നിദ്ധ്യവും പ്രവർത്തനവും സംബന്ധിച്ച സുരക്ഷാ ഏജൻസികളുടെ നിർദ്ദേശം

79 (5507) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത സംഘടനകൾ, ഇസ്ലാമിക് സ്റ്റേറ്റ് തുടങ്ങിയ ഭീകര സംഘടനകൾ, മറ്റ് നിരോധിത സംഘടനകൾ തുടങ്ങി ഏതെല്ലാം സംഘടനകൾക്കാണ് വിദേശ രാജ്യങ്ങളിൽനിന്നും പണം ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘടനകൾവഴി വ്യാജ കറൻസികൾ, മയക്കുമരുന്ന്, ആയുധങ്ങൾ എന്നിവ എത്തുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) എങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട ഇത്തരം കേസുകൾ എത്ര; എത്ര കേസുകളിൽ പ്രതികളെ പിടികൂടി; വർഷംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാന പോലീസ് കണ്ടെത്തി എൻ.ഐ.എ.-യ്ക്ക് കൈമാറിയ കേസുകൾ എത്ര; വർഷംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇത്തരം സംഘടനകളുടെ സംസ്ഥാനത്തെ സാന്നിദ്ധ്യവും പ്രവർത്തനവും സംബന്ധിച്ച കേന്ദ്ര ആഭ്യന്തര വകുപ്പും മറ്റ് സുരക്ഷാ ഏജൻസികളും കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പോ നിർദ്ദേശങ്ങളോ നൽകിയിരുന്നോ;

(എഫ്) എങ്കിൽ എന്തെല്ലാം; ഇതിന്മേൽ സംസ്ഥാന ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിവിധ മതസംഘടനകൾക്ക് വിദേശ രാജ്യങ്ങളിൽനിന്നും പണം ലഭിക്കുന്നതിനായി വിവരം ലഭിച്ചിട്ടുണ്ട്. കൂടാതെ ചില എൻ.ജി.ഒ. സ്ഥാപനങ്ങൾക്കും വിദേശ സഹായം ലഭിക്കുന്നുണ്ട്. ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഭീകര സംഘടനയുടെ പ്രവർത്തനങ്ങൾക്കായി വിദേശ രാജ്യങ്ങളിൽനിന്നും പണം ലഭിച്ചിട്ടുണ്ടോ എന്നുള്ള കാര്യം അന്വേഷിച്ചുവരുന്നു.

(ബി) ഇതുവരെയുള്ള അന്വേഷണത്തിൽ പ്രസ്തുത സംഘടനകൾ വഴി വ്യാജ കറൻസികൾ, മയക്കുമരുന്ന്, ആയുധങ്ങൾ എന്നിവ കേരളത്തിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഇസ്ലാമിക് സ്റ്റേറ്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷമായി എൻ.ഐ.എ.-ക്ക് കൈമാറിയ യു.എ.പി.എ. കേസ്സുകൾ താഴെ വിവരിക്കും പ്രകാരമാണ്.

| | | |
|---|---|---|
| 2014 | - | ഇല്ല |
| 2015 | - | ഇല്ല |
| 2016 | - | 3 |

(ഇ&എഫ്) ഭീകര സംഘടനകളുടെ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പും മറ്റ് സുരക്ഷാ ഏജൻസികളും സംസ്ഥാന സർക്കാരിന് അറിയിപ്പുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് മേധാവികളെ അറിയിക്കുകയും വേണ്ട സുരക്ഷാ നടപടികൾ യഥാസമയം സ്വീകരിച്ച് ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്.

## ശ്രീ. ലോക്നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫായി നിയമിക്കുന്നതിന് കണ്ടെത്തിയ യോഗ്യതകൾ

80 (5509) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫ് സ്ഥാനത്ത് 1-6-2016 ൽ നിയമിച്ചത് നടപടിക്രമങ്ങൾ പാലിച്ചാണോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ടി .പി. സെൻകുമാറിനെ സ്റ്റേറ്റ് പോലീസ് ചീഫ് സ്ഥാനത്തുനിന്നും മാറ്റുവാനും പുതിയ ആളെ തിരഞ്ഞെടുക്കുവാനുമുള്ള ഉന്നതതല സമിതി രൂപീകരിക്കുവാൻ മുഖ്യമന്ത്രി എന്നാണ് നിർദ്ദേശം നൽകിയത്;

(സി) സ്റ്റേറ്റ് പോലീസ് ചീഫിനെ തെരഞ്ഞെടുക്കുവാനുള്ള സമിതിയുടെ യോഗം എന്നാണ് ചേർന്നത്; എത്ര പേരുടെ പേരുകൾ സമിതി പരിഗണിച്ചു;

(ഡി)ലോക്നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫായി നിയമിക്കുന്നതിന് സമിതി കണ്ടെത്തിയ യോഗ്യതകൾ എന്തെല്ലാമായിരുന്നു;

(ഇ) പോലീസ് മേധാവിയായി നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്നാണ് 2011-ലെ പോലീസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അതെ. കേരള പോലീസ് ആക്ടിലെ 18(2) വകുപ്പുപ്രകാരമാണ് ശ്രീ. ലോക്നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫായി നിയമിച്ചത്.

(ബി) 27-5-2016-ൽ

(സി) 30-5-2016-ൽ. 5 പേരുടെ പേരുകൾ സമിതി പരിഗണിച്ചു.

(ഡി) താരതമ്യേന കൂടുതൽ ഫീൽഡ് എക്സ്പീരിയൻസും പോലീസ് സേനയുടെ ഭരണപരമായ നടത്തിപ്പിലുള്ള പരിജ്ഞാനവും ആണ് സമിതി കണ്ടെത്തിയത്.

(ഇ) യോഗ്യതകൾ നിഷ്കർഷിക്കുന്ന കേരള പോലീസ് ആക്ടിന്റെ 18-ാം വകുപ്പിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**എൻ.സി. കൃഷ്ണകുമാറിന്റെ ഹർജിയിന്മേൽ സ്വീകരിച്ച നടപടി**

81 (5510) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തരവും വിജിലൻസും വകുപ്പിന്റെ പരിഗണനയിലുള്ള എൻ. സി. കൃഷ്ണകുമാറിന്റെ 28-9-2016-ലെ 160806201/16/സി.എം.ഒ നമ്പർ ഹർജിയിൻമേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ശ്രീ. എൻ. സി. കൃഷ്ണകുമാർ സമർപ്പിച്ച പ്രസ്തുത ഹർജി 11110/ബി2/16/വിജി. നമ്പർ ഫയലിൽ പരിശോധിച്ചതും 4491/ബി2/16/വിജി. നമ്പർ ഫയലിലെ അന്തിമ തീരുമാനത്തിന് കാക്കുന്നതുമാണ്.

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂരിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. എൻ. സി. കൃഷ്ണകുമാർ, യു.ഡി.ക്ലാർക്ക്, ശ്രീമതി ഇ. എം. ചന്ദ്രിക എന്നിവർ 3,17,880 രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തിയെന്ന ആരോപണത്തിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം വിജിലൻസ് ട്രൈബ്യൂണൽ വിശദമായ അന്വേഷണം നടത്തി. കുറ്റാരോപിതർക്കെതിരെ നടപടി ശിപാർശചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയമാണ് 4491/ബി2/16/വിജി. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നത്. ഫയൽ നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

## തസ്തിക സൃഷ്ടിച്ച് റാങ്ക് ലിസ്റ്റിൽനിന്നും എം.ടി.എസ്.ഐ.-മാരുടെ നിയമനം നടത്തുന്നതിന് നടപടി

82 (5511) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ മോട്ടോർവാഹന വിഭാഗത്തിലെ എം.ടി എസ്.ഐ.-മാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിലും 7 ബറ്റാലിയനുകളിലും മറ്റ് ഇതര സ്പെഷ്യൽ യൂണിറ്റുകളിലുമായി ആവശ്യത്തിന് എം.ടി. എസ്.ഐ. തസ്തിക സൃഷ്ടിച്ച് നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരെ വാഹനപരിശോധന ഉൾപ്പടെയുള്ള ആവശ്യങ്ങൾക്കായി നിയോഗിച്ചാൽ തസ്തിക സൃഷ്ടിക്കുന്ന അധിക ബാധ്യത ഇല്ലാതെതന്നെ നിലവിൽ ഉദ്യോഗസ്ഥരുടെ അഭാവംമൂലം ഉണ്ടാകുന്ന നഷ്ടം നികത്താൻ കഴിയും എന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം സിറ്റി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ സിറ്റി, പാലക്കാട്, കണ്ണൂർ, ആർ.ആർ.ആർ.എഫ്. എന്നീ യൂണിറ്റുകളിലായി 7 മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികകളാണ് നിലവിലുള്ളത്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി

83 (5512) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരം കേസുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിൽ മേലധികാരികൾ അനാവശ്യമായ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് മെച്ചപ്പെട്ട പ്രവർത്തനമാണ് അതോറിറ്റി നടത്തിവരുന്നത്. അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേന്ദ്ര അന്വേഷണ ഏജൻസികളിൽ പ്രവർത്തിച്ചിട്ടുള്ളതും എന്നാൽ കേരള പോലീസിൽ പ്രവർത്തിച്ചിട്ടില്ലാത്തതുമായ പോലീസ് സൂപ്രണ്ടിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായി നിയമിക്കുന്നതിന് 25.04.2017-ലെ സ.ഉ(സാ) നമ്പർ 1036/17/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി&സി) അതോറിറ്റി ശിപാർശ ചെയ്യുന്ന റിപ്പോർട്ടുകളിന്മേൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട യൂണിറ്റ് മേധാവികളും ഉചിതമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് സ്റ്റേഷനുകൾ ഒരേ നിറത്തിലായിരിക്കണമെന്ന നിബന്ധന

84 (5513) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യം ഉൾപ്പെടെ ഏർപ്പെടുത്തി നവീകരിക്കാൻ ഓരോ പോലീസ് സ്റ്റേഷനിലും കഴിഞ്ഞ പത്ത് വർഷം ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനും ഒരേ നിറമാണോ പെയ്ന്റ് ചെയ്തിരിക്കുന്നത് ;

(ഡി) പോലീസ് സ്റ്റേഷനുകൾ ഒരേ നിറത്തിലായിരിക്കണമെന്ന് നിയമമുണ്ടോ;

(ഇ) എത്ര വർഷം കൂടുമ്പോഴാണ് പോലീസ് സ്റ്റേഷനുകളിൽ പെയിന്റടിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്ര പ്രാവശ്യം പെയിന്റടിച്ചിട്ടുണ്ട്; ഏത് കമ്പനിയുടെ പെയിന്റാണടിച്ചതെന്നും ഇതിന് എത്ര തുക ചെലവായെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാന പോലീസ് മേധാവി നിയമനം**

85 (5514) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റ്റി.പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിക്കണമെന്ന 24-4-2017-ലെ സുപ്രീംകോടതിവിധിയിന്മേൽ വ്യക്തതാ ഹർജി നൽകുവാനുള്ള നിയമോപദേശം നൽകിയത് ആരായിരുന്നു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഹർജി തള്ളിക്കൊണ്ടുള്ള സുപ്രീംകോടതിവിധിയുടെ സർട്ടിഫൈഡ് കോപ്പി ലഭിച്ചതിനുശേഷമാണോ റ്റി.പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിച്ചത്;

(സി) അല്ലെങ്കിൽ സർട്ടിഫൈഡ് കോപ്പി ലഭിച്ചില്ല എന്നതായിരുന്നോ 24-4-2017-ലെ സുപ്രീംകോടതിവിധിയിന്മേൽ മേൽനടപടി സ്വീകരിക്കാതിരിക്കാൻ കാരണം ; സർട്ടിഫൈഡ് കോപ്പി ലഭിച്ചതിനുശേഷം മാത്രം മേൽനടപടി സ്വീകരിച്ചാൽ മതി എന്ന് ഉപദേശം ലഭിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അഡ്വക്കേറ്റ് ജനറൽ.

(ബി) അല്ല.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് 6-5-2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ശ്രീ. കാരാട്ട് റസാഖ്. എം.എൽ.എ. ഡി.ജി.പി.-ക്ക് നൽകിയ പരാതി**

86 (5515) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാംഗമായ ശ്രീ. കാരാട്ട് റസാഖ് തനിക്ക് വധഭീഷണിയുണ്ടെന്ന് കാണിച്ച് ഡി.ജി.പി.-ക്ക് നൽകിയ പരാതിയിന്മേൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥരെ തൽസ്ഥാനത്തുനിന്ന് മാറ്റിയിരുന്നോ; എങ്കിൽ ആരെയൊക്കെയാണ് സ്ഥലംമാറ്റിയത്; എന്ത് ആരോപണത്തിന്റെ പേരിലാണ് നടപടി സ്വീകരിച്ചത്; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) എം.എൽ.എ.-യുടെ പരാതി എന്നാണ് ലഭിച്ചത്; പ്രസ്തുത പരാതിയിന്മേൽ ഏതൊക്കെ തീയതികളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പരാതിയിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം പരാമർശിച്ച് ഒരു ഉദ്യോഗസ്ഥനേയും സ്ഥലം മാറ്റിയിട്ടില്ല.

(ബി) ശ്രീ. കാരാട്ട് റസാഖ് എം.എൽ.എ.-ക്ക് തന്റെ ജീവന് ഭീഷണിയുണ്ടെന്നും സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് 18-1-2017-ന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് മതിയായ സംരക്ഷണം ഏർപ്പെടുത്താൻ അന്നേ ദിവസം തന്നെ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഭീഷണി സാധ്യത കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകാൻ ഇന്റലിജൻസ് മേധാവിക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം 9-5-2017 തീയതിയിൽ എം.എൽ.എ.-യുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം

നടത്താൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 309/2017 പ്രകാരം കൊടുവള്ളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പിരിവ് 'എ-' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ശ്രീ. കാരാട്ട് റസാഖ് എം.എൽ.എ.-യ്ക്ക് പോലീസ് സംരക്ഷണം**

87 (5516) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാട്ട് റസാഖ് എം.എൽ.എ. തനിക്ക് ജീവന് ഭീഷണി ഉണ്ടെന്ന് കാണിച്ച് സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പരാതി നൽകിയതെന്നാണ്; പരാതിക്കൊപ്പം തെളിവുകളെന്തെങ്കിലും നൽകിയിട്ടുണ്ടായിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇദ്ദേഹത്തിന് സംരക്ഷണം നൽകാൻ പോലീസിന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയത്;

(ഡി) പരാതി ലഭിച്ചതുമുതൽ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് തീയതി സഹിതം വിശദമാക്കുമോ?

ഉത്തരം

(എ-ഡി) സുരക്ഷാ ഭീഷണിയുള്ളതിനാൽ ഗൺമാനായി ഒരാളെ നിയമിക്കുന്നതിനായി നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കാരാട്ട് റസാഖ്, എം.എൽ.എ.-യുടെ 3-6-2016 തീയതിയിലുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ തുടർന്ന് നടന്ന സർക്കാർതല സുരക്ഷാ അവലോകന യോഗത്തിൽ പരിഗണിക്കുകയും എം.എൽ.എ.-യ്ക്ക് സുരക്ഷാ ഭീഷണിയില്ലെന്ന് വിലയിരുത്തുകയുമാണ് ചെയ്തത്.

**ശ്രീ. കാരാട്ട് റസാഖ് എം.എൽ.എ.-യ്ക്ക് പോലീസ് സംരക്ഷണം**

88 (5517) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാട്ട് റസാഖ് എം.എൽ.എ. തന്റെ ജീവന് ഭീഷണി ഉണ്ടെന്നും അതിനാൽ പോലീസ് സംരക്ഷണം വേണമെന്നും ആവശ്യപ്പെട്ട് 2017 ജനുവരി മാസത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നോ;

(ബി) അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് നടപടി സ്വീകരിച്ചത്;

(സി) എം.എൽ.എ. നൽകിയ അപേക്ഷ സംസ്ഥാന പോലീസ് ചീഫിന്റെ ആഫീസിൽ നടപടി സ്വീകരിക്കാതെ മാറ്റിവച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അപേക്ഷയിൽ നടപടി സ്വീകരിക്കാൻ വൈകിപ്പിച്ച ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഡി) ഡി.ജി.പി. തലത്തിൽ സ്വീകരിച്ച നടപടി സർക്കാർ ഇടപെട്ട് തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഭരണ കക്ഷിയിൽപെട്ട എം.എൽ.എ. തന്റെ ജീവന് ഭീഷണി ഉണ്ടെന്ന് കാട്ടി നൽകിയ അപേക്ഷ ഗൗരവത്തോടെ പരിഗണിക്കാത്ത പോലീസിന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച സംസ്ഥാന പോലീസ് നയത്തിന്റെ ഭാഗമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ. കാരാട്ട് റസാഖ്. എം.എൽ.എ. തന്റെ ജീവന് ഭീഷണിയുണ്ടെന്നും സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് 18-1-2017-ന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് മതിയായ സംരക്ഷണം ഏർപ്പെടുത്താൻ അന്നേ ദിവസം തന്നെ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഭീഷണിസാധ്യത കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി എത്രയുംപെട്ടെന്ന് റിപ്പോർട്ട് നൽകാൻ ഇന്റലിജൻസ് മേധാവിക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം 09-5-2017 തീയതിയിൽ എം.എൽ.എ.-യുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർചെയ്ത് തുടരന്വേഷണം നടത്താൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 309/2017 പ്രകാരം കൊടുവള്ളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ തിരുത്തൽ ആവശ്യപ്പെട്ടിട്ടില്ല.

(ഇ) വീഴ്ച ഉണ്ടായിട്ടില്ല.

## ശ്രീ. ലോക്നാഥ് ബെഹ്റയെ സംസ്ഥാന പോലീസ് മേധാവിയായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ്

89 (5518) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-6-2016-ൽ ലോക്നാഥ് ബെഹ്റയെ സംസ്ഥാന പോലീസ് മേധാവിയായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് 24-4-2017 ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി റദ്ദ് ചെയ്തിരുന്നോ;

(ബി) എങ്കിൽ സംസ്ഥാന പോലീസ് മേധാവിയായി 2017 ഏപ്രിൽ 24 മുതൽ മേയ് 5 വരെ പ്രവർത്തിച്ചത് ആരായിരുന്നു;

(സി) ഈ കാലഘട്ടത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെതായി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്?

ഉത്തരം

(എ) ചെയ്തിരുന്നു. ഇതിനെതിരെ സർക്കാർ ഒരു ക്ലാരിഫിക്കേഷൻ പെറ്റീഷനും റിവ്യൂ പെറ്റീഷനും ഫയൽ ചെയ്തിരുന്നു.

(ബി & സി) 24-4-2017-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെയും സംസ്ഥാന സർക്കാർ ടി വിധിക്കെതിരെ ഫയൽ ചെയ്ത ക്ലാരിഫിക്കേഷൻ പെറ്റീഷനിലെ 5-5-2017-ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി.-യായും സംസ്ഥാന പോലീസ് മേധാവിയായും നിയമിച്ചുകൊണ്ട് 6-5-2017-ലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അതിനാൽ 6-5-2017 വരെയും ശ്രീ. ലോക്നാഥ് ബെഹ്റയാണ് സംസ്ഥാന പോലീസ് മേധാവിയായി പ്രവർത്തിച്ചിരുന്നത്. സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടിയാൻ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ട്.

## ഹരിപ്പാട് മണ്ഡലത്തിലെ പോലീസ് നിയമനം

90 (5519) ശ്രീ. എൽദോസ്. പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിന്റെ പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിൽ ജോലിചെയ്യുന്ന എത്ര പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ, വിജിലൻസ് കേസ്സുകളിൽ പ്രതികളാണ്;

(ബി) ഹരിപ്പാട് മണ്ഡലത്തിൽ ഗുണ്ടാ-മാഫിയാ അക്രമം പെരുകുന്ന സാഹചര്യത്തിൽ കഴിവും പ്രാപ്തിയുമുള്ള സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥരെ സ്റ്റേഷനുകളിൽ നിയമിച്ച് ഗുണ്ടാ - മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് മണ്ഡലത്തിന്റെ പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിൽ ജോലിചെയ്യുന്ന 2 പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസ്സുകളിൽ പ്രതികളാണ്. വിജിലൻസ് കേസുകളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരില്ല.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഇൻസ്പെക്ടറായിരുന്ന ശ്രീ. ടി. മനോജിനെ ഹരിപ്പാട് ഇൻസ്പെക്ടറായി നിയമിച്ചിട്ടുള്ളതും ടിയാൻ 21-2-2017-ൽ ചാർജ് എടുത്തിട്ടുള്ളതുമാണ്. കരുവാറ്റയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു പോലീസ് കൺട്രോൾ റൂം ആരംഭിക്കുകയും കൺട്രോൾ റൂം കേന്ദ്രീകരിച്ച് 3 മൊബൈൽ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും ഇതിനായി എ.ആർ. ക്യാമ്പിൽനിന്നും 10 പോലീസുകാരെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രാവർത്തികമായിട്ടുള്ള വിദ്യാലയങ്ങൾ

91 (5520) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രാവർത്തികമായിട്ടുള്ള വിദ്യാലയങ്ങൾ ഏതെല്ലാം;

(ബി) ഈ വർഷം പുതിയതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങളിൽനിന്ന് സ്റ്റുഡൻറ് പോലീസ് കേഡറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട് എന്നത് വിശദമാക്കാമോ; ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ/മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 66 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(ബി) ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ അദ്ധ്യയന വർഷം 100 സ്കൂളുകളിൽക്കൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കണമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽനിന്നും പുതുതായി എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ലഭിച്ച സ്കൂളുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*. ടി അപേക്ഷകൾ പരിശോധിച്ചുവരുന്നു. എസ്.പി.സി.-യുടെ സംസ്ഥാനതല ഉപദേശകസമിതിയാണ് അപേക്ഷകൾ പരിശോധിച്ച് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കേണ്ട സ്കൂളുകൾ തീരുമാനിക്കുന്നത്.

(ഡി) സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ക്രിമിനൽ കേസ്സുകളിൽപ്പെട്ട ശ്രീ. ജി. ആർ. അജിത്തിനെതിരെ വകുപ്പുതല നടപടി

92 (5521) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി. പി. ഒ. 4324, ജി. ആർ. അജിത്തിനെതിരെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട് ടിയാനെ എത്ര പ്രാവശ്യം സർവ്വീസിൽനിന്നും മാറ്റിനിർത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇയ്യാൾക്കെതിരെ പേരൂർക്കട പോലീസ് സ്റ്റേഷനിൽ രാമചന്ദ്രൻ നൽകിയ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന് ചാർജ് മെമ്മോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സ്ഥിരമായി ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടുന്ന ഇയാൾക്കെതിരെ കേസുകളുടെ സ്വഭാവം പരിശോധിച്ച് കർശനമായ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഒ. 4324, ശ്രീ. ജി. ആർ. അജിത്തിനെതിരെ രണ്ട് ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 408, 420, 201, 120 (b), 468, 471, 506(i) & 34 വകുപ്പുകൾ പ്രകാരം തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ 1451/2016 നമ്പരായി രജിസ്റ്റർ ചെയ്ത ക്രൈം കേസ്.

(ii) ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 294(b), 323, 506(i) വകുപ്പുകൾ പ്രകാരം പേരൂർക്കട പോലീസ് സ്റ്റേഷനിൽ 823/2017 നമ്പരായി രജിസ്റ്റർ ചെയ്ത ക്രൈം കേസ്.

(ബി) ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട് ടിയാനെ ഒരു തവണ സർവ്വീസിൽനിന്നും മാറ്റിനിർത്തിയിട്ടുണ്ട്. മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 1451/2016 നമ്പർ ക്രൈം കേസ്സുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്2/81158/2016 റ്റി.സി. തീയതി 30-12-2016 പ്രകാരം ടിയാനെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുള്ളതും വകുപ്പുതല വാച്യാന്വേഷണം ഉത്തരവായിട്ടുള്ളതുമാണ്.

(സി) ശ്രീ. രാമചന്ദ്രൻ നൽകിയ പരാതിയിന്മേൽ പേരൂർക്കട പോലീസ് സ്റ്റേഷനിൽ കൈം നമ്പർ 823/2017 u/s 294(b), 323, 506(i) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. ഇതുസംബന്ധിച്ച് റിപ്പോർട്ട് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾക്കുവേണ്ടി ആയത് പരിശോധിച്ചുവരികയാണ്.

(ഡി) സി.പി.ഒ. 4324, ശ്രീ. ജി. ആർ. അജിത്ത് ഉൾപ്പെട്ടിട്ടുള്ള മേൽ പറയുന്ന കേസ്സുകളുടെ സ്വഭാവം പരിശോധിച്ച് കർശനമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

## അച്ചടക്കമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്സിനുള്ള സ്വാധീനം

93 (5522) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടക്കമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്സിനുള്ള സ്വാധീനം പരിഗണിച്ച് എല്ലാ ഹൈസ്കൂളുകളിലും എസ്.പി.സി. ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൂടുതൽ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) എസ്.പി.സി.-ക്ക് സന്നദ്ധ പ്രവർത്തനങ്ങളിലും സാമൂഹ്യ ഇടപെടലിനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി സംസ്ഥാനത്ത് 574 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അദ്ധ്യയന വർഷം 100 സ്കൂളുകളിൽകൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എസ്.പി.സി.-യുടെ സംസ്ഥാനതല ഉപദേശക സമിതിയാണ് അപേക്ഷകൾ പരിശോധിച്ച് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കേണ്ട സ്കൂളുകൾ തീരുമാനിക്കുന്നത്. ഘട്ടംഘട്ടമായി ഈ പദ്ധതി എല്ലാ ഹൈസ്കൂളുകളിലും ആരംഭിക്കാവുന്നതാണ്.

(സി) നിലവിൽ സംസ്ഥാന സർക്കാർ സ്ഥാപനമായ SCERT-യുടെ സഹായത്തോടെ തയ്യാറാക്കിയ ഇൻഡോർ, ഔട്ട്ഡോർ കൈപ്പുസ്തകങ്ങൾ പ്രകാരം അംഗീകരിക്കപ്പെട്ട ഒരു പാഠ്യപദ്ധതിയാണ് SPC പരിശീലനത്തിന് അവലംബിക്കുന്നത്. ഇൻഡോർ ക്ലാസ്സുകൾക്ക് പുറമേ ഫീൽഡ് സന്ദർശനം, വിവിധ ക്യാമ്പുകൾ, സാമൂഹികബോധം വളർത്താനുപകരിക്കുന്ന മിനി പ്രോജക്ടുകൾ എന്നിവ പ്രസ്തുത പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മതേതരത്വം, ഹരിതവൽക്കരണം, ജലസംരക്ഷണം തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുത്തി പാഠ്യപദ്ധതി നവീകരിക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം ഇടപെടലുകളിലൂടെ കേഡറ്റുകളിൽ പൗരബോധവും സാമൂഹ്യ പ്രതിബദ്ധതയും സേവനമനോഭാവവും വർദ്ധിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## ശ്രീ. ടി.പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിക്കണമെന്ന ഉത്തരവ്

94 (5523) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച ഹർജി പിൻവലിക്കുവാനുണ്ടായ സാഹചര്യമെന്തായിരുന്നു;

(ബി) ഈ കേസിൽ 25,000 രൂപ അടയ്ക്കുവാൻ സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; അത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക ഇതിനകം അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ പേരിൽ?

ഉത്തരം

(എ&ബി) ക്ലാരിഫിക്കേഷൻ പെറ്റീഷണറിന്മേലുള്ള വാദത്തിനിടെ ബഹുമാനപ്പെട്ട സുപ്രീം കോടതി 24-4-2017-ൽ പുറപ്പെടുവിച്ച ഉത്തരവ് സുവ്യക്തമാണെന്ന കർശന നിലപാട് എടുത്തതിനെത്തുടർന്നാണ് കോടതിയിൽ നിന്ന് മറ്റ് പരാമർശങ്ങൾ ഒഴിവാക്കാനായി ക്ലാരിഫിക്കേഷൻ പെറ്റീഷൻ പിൻവലിക്കാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചത്. അതിനെത്തുടർന്ന് 25000 രൂപ സുപ്രീം കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിക്ക് ജുവനൈൽ ജസ്റ്റിസ് ഇഷ്യൂസ് സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അടച്ചുകൊണ്ട് ഹർജി പിൻവലിക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി അനുമതി നൽകുകയും ചെയ്തു.

(സി) ഉണ്ട്. സുപ്രീം കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെ പേരിൽ തുക അടച്ചിട്ടുണ്ട്.

**ബി. മണിലാൽ നൽകിയ വസ്തുവില്പനയുമായി ബന്ധപ്പെട്ട കേസ്**

95 (5524) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. മണിലാൽ, ലാൽ ബിൽഡിംഗ്സ്, കുളത്തൂർ പി. ഒ., ആറ്റിപ്ര, എന്നയാൾ, ഷാന്തൂർ ഗ്രൂപ്പിനെതിരെയോ പ്രസ്തുത ഗ്രൂപ്പിലെ ആർക്കെങ്കിലും എതിരെയോ, അസിസ്റ്റന്റ് കമ്മീഷണർ, സൈബർ സിറ്റി സബ് ഡിവിഷൻ , കഴക്കൂട്ടം, തിരുവനന്തപുരത്തോ, കഴക്കൂട്ടം സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലോ പരാതി നൽകിയിട്ടുണ്ടോ;എങ്കിൽ ഈ പരാതിയുടെ കോപ്പി ലഭ്യമാക്കുമോ; അതിലെ ഉള്ളടക്കം വിശദമാക്കുമോ;

(ബി) ഈ മണിലാൽ ഷാന്തൂർ പ്രോജക്ട് & റിയൽട്ടേഴ്സ് ഗ്രൂപ്പുമായി വസ്തുവിൽപ്പന കരാർ ഉണ്ടാക്കിയതിന്റെ മുദ്രപ്പത്രത്തിലുള്ള കരാറിന്റെ കോപ്പി സ്റ്റേഷനിൽ നൽകിയ പരാതിയോടൊപ്പം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സ്റ്റേഷനിൽ എന്തെങ്കിലും കത്തിടപാടുകളോ റിപ്പോർട്ടുകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ബി. മണിലാൽ, ലാൽ ബിൽഡിംഗ്സ്, കുളത്തൂർ പി.ഒ., തിരുവനന്തപുരം എന്നയാൾ, ഷാന്വർ ഭവനിൽ നിസാർ അഹമ്മദ്, അമീർഖാൻ, വിനോയ് എന്നിവർക്കെതിരെ കഴക്കൂട്ടം സൈബർ സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്ക് ഒരു പരാതി നൽകിയിട്ടുണ്ട്. പരാതിയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.* കഴക്കൂട്ടം സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി ലഭിച്ചിട്ടില്ല. വസ്തുവിൽപ്പനയുമായി ബന്ധപ്പെട്ട് പരാതിക്കാരനും വസ്തുവാങ്ങാൻ അഡ്വാൻസ് നൽകിയ ആളും തമ്മിൽ ഉണ്ടായ തർക്കവും പരാതിക്കാരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നതുമാണ് പരാതിയിലെ ആവശ്യം.

(ബി) കഴക്കൂട്ടം സൈബർ സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്ക് ബി.മണിലാൽ നൽകിയ പരാതിയോടൊപ്പം വസ്തുവിൽപ്പന കരാറുണ്ടാക്കിയതിന്റെ മുദ്രപത്രത്തിലുള്ള കരാറിന്റെ പകർപ്പ് ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പരാതി വസ്തു സംബന്ധമായ തർക്കമായതിനാൽ കോടതി മുഖേന പരിഹാരം കാണുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. മറ്റ് നടപടികൾ ഒന്നും പരാതിയിന്മേൽ സ്വീകരിച്ചിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് കത്തിടപാടുകളോ റിപ്പോർട്ടുകളോ നൽകിയിട്ടില്ല.

## എം.ബി.ബി.എസ്. വിദ്യാർത്ഥിനി കുമാരി ശംന തസ്നീം ചികിത്സാ പിഴവ് കാരണം മരണപ്പെട്ട സംഭവം

96 (5525) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനി ആയിരുന്ന കുമാരി ശംന തസ്നീം ചികിത്സാ പിഴവ് കാരണം മരണപ്പെടാൻ ഇടയായ സംഭവത്തെ സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്രൈംബ്രാഞ്ച് ഈ വിഷയത്തിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിലൂടെ ചികിത്സാ പിഴവിന് കാരണക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം അച്ചടക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയായിരുന്ന കുമാരി ശംന തസ്നീം ചികിത്സാ പിഴവ് കാരണം മരണപ്പെടാൻ ഇടയായ സംഭവം സംബന്ധിച്ച് കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 976/16 (u/s 304 A IPC) കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 152/സി.ആർ./എച്ച്.എച്ച്.ഡബ്ല്യു-II/16 ആയി റീനമ്പർ ചെയ്ത് 14-11-2016 തീയതി മുതൽ സി.ബി.സി.ഐ.ഡി. എച്ച്.എച്ച്.ഡബ്ല്യു.-II ഡി.വൈ.എസ്.പി. ശ്രീ. ശശിധരൻ അന്വേഷിച്ചുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ചികിത്സാരേഖകളും ആശുപത്രി രേഖകളും കണ്ടെടുത്തിയിട്ടുള്ളതും ബന്ധപ്പെട്ട സാക്ഷികളിൽനിന്നും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. മരണപ്പെട്ട ശംനാ തസ്നീമിനെ ചികിത്സിച്ച എറണാകുളം മെഡിക്കൽ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നറിയുന്നതിലേയ്ക്കായി ആശുപത്രി രേഖകളും കേസിന്റെ രേഖകളും വിശകലനം നടത്തിയെങ്കിലും ആശുപത്രി കമ്മിറ്റിയിൽപ്പെട്ട അംഗങ്ങൾക്ക് ഇതുസംബന്ധിച്ച ഏകകണ്ഠമായ തീരുമാനത്തിലെത്താൻ സാധിക്കാത്തതിനാൽ ഒരു അപെക്സ് ബോഡി ഇക്കാര്യം പുനരവലോകനം ചെയ്യണമെന്ന് അന്വേഷണ ഉദ്യോഗസ്ഥന്റെ അപേക്ഷയിന്മേൽ 26-4-2017 തീയതി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ അപ്പെക്സ് കമ്മിറ്റി രേഖകൾ പരിശോധിച്ചിട്ടുള്ളതാണ്. അപ്പെക്സ് കമ്മിറ്റിയുടെ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ലാത്തതാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ചികിത്സാപിഴവ് സംഭവിച്ചിട്ടുണ്ടോ എന്ന് വെളിവാകുകയുള്ളൂ.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അന്വേഷണം പൂർത്തിയാക്കുന്നമുറയ്ക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(സി) നാളിതുവരെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

## കെ.ടി. തോമസ് കമ്മീഷൻ ശിപാർശകളും ജനമൈത്രീ പോലീസ് സംവിധാനവും

97 (5526) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊരാൾക്കും എപ്പോഴും സമീപിക്കാവുന്നതരത്തിൽ പോലീസിനെയും പോലീസ് സ്റ്റേഷനുകളെയും ജനസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പോലീസിനെ ജനസൗഹൃദമാക്കുന്നതിനുള്ള കെ.ടി.തോമസ് കമ്മീഷന്റെ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) പോലീസിൽ ക്രിമിനലുകൾ ഉണ്ടാകുന്നത് തടയുന്നതിനായി റിക്രൂട്ട്മെന്റ് സമയത്തുതന്നെ ക്രിമിനൽ സ്വഭാവവും പ്രവണതയും ഉള്ളവരെ കണ്ടെത്തി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രീ പോലീസ് സംവിധാനം നടപ്പിലാക്കിയതുവഴി എന്തെല്ലാം മാറ്റങ്ങൾ കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് സേവനം ജനങ്ങൾക്ക് ഫലപ്രദമായി ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട് കെ. ടി. തോമസ് കമ്മീഷൻ വിവിധ വിഷയങ്ങളിൽ നൽകിയ ശിപാർശകളിൽ പോലീസിനെ ജനസൗഹൃദമാക്കുന്നതിനുതകുന്ന താഴെപ്പറയുന്ന ശിപാർശകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

ശിപാർശ നമ്പർ 3.66

Community Policing-നുവേണ്ടി രൂപീകരിച്ച Project Management Committee-യുടെ Chairperson ആയി ADGP, South Zone-നെ നിയമിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 3.84

Community Policing നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) റിക്രൂട്ട് ട്രെയിനിംഗിന് മുമ്പുതന്നെ ഉദ്യോഗാർത്ഥികളിൽനിന്ന് verification roll പൂരിപ്പിച്ചുവാങ്ങി ആയത് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്കും എ.ഡി.ജി.പി. ഇന്റലിജൻസിനും അയച്ചുനൽകുകയും ആയതിൻപ്രകാരം ഉദ്യോഗാർത്ഥികൾ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലെന്ന് അറിയിച്ചുകൊണ്ടുള്ള candidature clearance ലഭിച്ചതിനുശേഷം മാത്രമേ ഉദ്യോഗാർത്ഥികളെ നിലവിൽ ട്രെയിനിംഗിന് ഉൾപ്പെടുത്താറുള്ളൂ.

(ഡി) ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്ന പൂർവ്വകാല കേവല അവസ്ഥയിൽ നിന്നും അവരുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പോലീസിംഗ് സമ്പ്രദായമാണ് ജനമൈത്രി പോലീസ്.

## ശ്രീ. ടോം സക്കറിയയും സഹോദരങ്ങളും ഭൂമി കയ്യേറിയതായ പരാതിയിൽ അന്വേഷണം

98 (5527) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ സ്പിരിറ്റ് ഇൻ ജീസസ് എന്ന സംഘടനയുടെ തലവൻ ടോം സക്കറിയയും സഹോദരങ്ങളും ഏക്കർ കണക്കിന് സർക്കാർ ഭൂമി കയ്യേറിയതായ പരാതിയിൽ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ശ്രീ. ടോം സക്കറിയയും സഹോദരങ്ങളും ഭൂമി കയ്യേറിയതായ പരാതിയിൽ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടില്ല.

## പിങ്ക് പോലീസ് കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാൻ നടപടികൾ

99 (5528) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിങ്ക് പോലീസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പിങ്ക് പോലീസിംഗ് സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സംവിധാനം നിലവിൽ എവിടെയെല്ലാമാണുള്ളത്; ആയത് കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ്, നഗരങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. ഇതിലേക്ക് പ്രത്യേകം പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തിരക്കുള്ള സമയങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും മറ്റ് പ്രൈവറ്റ് ബസ്സുകളിലും യൂണിഫോമിൽ സഞ്ചരിച്ച് യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് മികച്ച സുരക്ഷ ഉറപ്പാക്കുക, സ്ത്രീകളുടെയും വികലാംഗരുടെയും സീറ്റിലിരുന്ന് യാത്ര ചെയ്യുന്നത് തടയുക, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും അടിയന്തര സഹായങ്ങൾ ലഭ്യമാക്കുക, ബസ്സിലും ബസ് സ്റ്റോപ്പുകളിലും പൂവാലശല്യം ഒഴിവാക്കുക തുടങ്ങിയവയാണ് ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) പിങ്ക് പോലീസിംഗ് സംവിധാനത്തിലൂടെ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ നൂതന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സംവിധാനം നിലവിലുള്ള ജില്ലകളിലെ പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകൾ, വാണിജ്യമേഖലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, പാർക്കുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പിങ്ക് പട്രോൾ വാഹനങ്ങൾ പട്രോളിംഗ് നടത്തിവരുന്നതും സ്ത്രീ സുരക്ഷയ്ക്ക് ആവശ്യമായ സഹായം നൽകിവരുന്നതുമാണ്. കൂടാതെ ഇവരുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാർ പരിശോധിച്ച് കാര്യക്ഷമമാണോയെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) പിങ്ക് പോലീസിംഗ് സംവിധാനം തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നീ എട്ട് പോലീസ് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി ഈ സംവിധാനം ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

## ഡൽഹി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് കേരളാ ഹൗസിൽ വിരുന്നുസൽക്കാരം

100 (5529) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് സർക്കാർ ചെലവിൽ കേരളാ ഹൗസിൽ വിരുന്നുസൽക്കാരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) എങ്കിൽ പരാതിയിൻമേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡൽഹി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് സർക്കാർ ചെലവിൽ കേരളാ ഹൗസിൽ വിരുന്നുസൽക്കാരം നൽകിയിട്ടില്ല.

(ബി&സി) ഈ വിഷയത്തിൽ ശ്രീ. രഞ്ജിത്കുമാർ പി.എസ്.-ൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചുവരുന്നു.

## ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയും ബന്ധുക്കളും നടത്തിയ നിരാഹാര സത്യാഗ്രഹം

101 (5530) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയും ബന്ധുക്കളും നടത്തിയ നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കാനായി സർക്കാരോ സർക്കാർ പ്രതിനിധികളോ മഹിജയുമായോ ബന്ധുക്കളുമായോ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; ഇതുപ്രകാരം എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു;

(സി) പ്രസ്തുത കരാറിന്റെ പകർപ്പ് മഹിജക്കോ, ബന്ധുക്കൾക്കോ കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ഡി) പ്രസ്തുത കരാറിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസ് ഡ്രൈവർമാർക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യം**

102 (5531) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിലെ ഇതര സാങ്കേതിക വിഭാഗം ജീവനക്കാരുമായി താരതമ്യം ചെയ്യുമ്പോൾ പോലീസ് ഡ്രൈവർമാർക്ക് എച്ച്. സി. , എ.എസ്.ഐ. തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് ഡ്രൈവർമാരെ എച്ച്.സി, എ.എസ്.ഐ. തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ഉത്തരവ് നല്കിയിരുന്നുവോ ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(ഡി) പോലീസ് ഡ്രൈവർമാർക്ക് എച്ച്.സി,എ.എസ്.ഐ തസ്തികകളിലേക്ക് പ്രൊമോഷൻ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവ് നടപ്പിൽ വരുത്തുന്നത് സാമ്പത്തിക സ്ഥിതി പരിഗണിച്ച് മാത്രമായിരിക്കും എന്ന വ്യവസ്ഥയിൽ 30-4-2016-ലെ സ.ഉ.(കൈ)നമ്പർ 135/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ 260 ഡ്രൈവർ ഹെഡ്ഡ് കോൺസ്റ്റബിൾമാരുടെയും 26 ഡ്രൈവർ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഈ വിഷയം ഇപ്പോൾ സർക്കാർതലത്തിൽ പരിശോധനയിലാണ്.

**പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിയമനം**

103 (5532) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ 2015-ന് ശേഷം ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സീനിയർ സിവിൽ പോലീസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ വരുന്ന ഒഴിവുകളിൽ

യഥാസമയം സ്ഥാനക്കയറ്റം നൽകാതെ കാലതാമസം വരുത്തി നിലവിലുള്ള ഉദ്യോഗസ്ഥരുടെ അവസരങ്ങൾ നിഷേധിക്കുന്ന സാഹചര്യം സർക്കാർ പരിശോധിക്കുമോ;

(ബി) നിലവിലുള്ള കേരള പോലീസ് ടെലികമ്മ്യൂണിക്കേഷന്റെ അംഗസംഖ്യയും ഒഴിവുകളും യൂണിറ്റും റാങ്കും വേർതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികകളിലുണ്ടാകുന്ന വേക്കൻസികളിലേയ്ക്ക് യഥാസമയം തന്നെ ഡി.പി.സി/ഡി.പി.ബി. കൂടി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ നിലവിലുള്ള അംഗസംഖ്യയും ഒഴിവും യൂണിറ്റും റാങ്കും ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

**സംസ്ഥാന സുരക്ഷാ കമ്മീഷൻ**

104 (5533) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സുരക്ഷാ കമ്മീഷൻ അംഗങ്ങൾ ആരെല്ലാമാണ്; പ്രസ്തുത കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത കമ്മീഷന്റെ യോഗം അവസാനമായി ചേർന്നത് എന്നാണ്;

(സി) 2017 മേയ് 4-ാം തീയതി ചേരുവാനിരുന്ന യോഗം മാറ്റിവയ്ക്കേണ്ടിവന്ന സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

| | | |
|---|---|---|
| (എ) ആഭ്യന്തര വകുപ്പുമന്ത്രി | - | ചെയർമാൻ |
| നിയമ വകുപ്പുമന്ത്രി | - | അംഗം |
| പ്രതിപക്ഷനേതാവ് | - | അംഗം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജസ്റ്റിസ് കെ. ബാലകൃഷ്ണൻ.

| | |
|---|---|
| (ഹൈക്കോടതി ജഡ്ജി (Rtd.). | - അംഗം |
| ചീഫ് സെക്രട്ടറി | -എക്സ്-ഒഫീഷ്യോ അംഗം |
| സെക്രട്ടറി(ആഭ്യന്തര വകുപ്പ്) | -എക്സ്-ഒഫീഷ്യോ അംഗം |
| സംസ്ഥാന പോലീസ് മേധാവി | -എക്സ്-ഒഫീഷ്യോ അംഗം |
| ശ്രീ. ജേക്കബ് പുന്നൂസ്, IPS (Rtd DGP) | -അനൗദ്യോഗിക അംഗം |
| ശ്രീമതി ലിസി ജേക്കബ്, IAS (Rtd CS) | - അനൗദ്യോഗിക അംഗം |
| Adv. ഗോപാലകൃഷ്ണകുറുപ്പ് | - അനൗദ്യോഗിക അംഗം |

ചുമതലകൾ

അനുബന്ധമായി* ചേർക്കുന്നു.

(ബി) 1-11-2012-ലാണ് അവസാനമായി ചേർന്നത്.

(സി) ഭരണപരമായ കാരണങ്ങളാൽ യോഗം മാറ്റിവയ്ക്കുകയുണ്ടായി.

## പോലീസ് ആസ്ഥാനത്തെ ജൂനിയർ സൂപ്രണ്ട് കുമാരി ബീനയുടെ സ്ഥലംമാറ്റം

105 (5534) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനത്തെ ജൂനിയർ സൂപ്രണ്ട് കുമാരി ബീനയെ സംസ്ഥാന പോലീസ് മേധാവി സ്ഥലംമാറ്റിയിരുന്നോ ; എങ്കിൽ എന്ത് കാരണത്താലാണ് സ്ഥലംമാറ്റിയത്;

(ബി) പോലീസ് ആസ്ഥാനത്തിന് പുറത്തേക്കാണോ പ്രസ്തുത സ്ഥലംമാറ്റം ഉത്തരവായത് ; ഏത് സീറ്റിലേക്കാണ് സ്ഥലം മാറ്റിയതെന്നറിയിക്കാമോ;

(സി) പോലീസ് മേധാവിയുടെ പ്രസ്തുത ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് അനുസരിക്കാത്ത കീഴ്ജീവനക്കാരിയുടെ നടപടി സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാകയാൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന പോലീസ് അധികാരിക്ക് തന്റെ കീഴിലുള്ള നോൺ ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥയെ സ്ഥലം മാറ്റാൻ അധികാരമില്ലേ;

(എഫ്) പ്രസ്തുത ഉദ്യോഗസ്ഥ തന്റെ ട്രാൻസ്ഫറിനെതിരെ ചീഫ് സെക്രട്ടറിക്ക് പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഏത് സർവ്വീസ് റൂളിലെ ഏത് ചട്ടപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്ത് വകുപ്പ് മേധാവികൾ നടത്തുന്ന എല്ലാ സ്ഥലമാറ്റങ്ങളിലും സർക്കാർ ഭാവിയിൽ ഇടപെടുമോ; അതിനുള്ള അപേക്ഷകൾ ചീഫ് സെക്രട്ടറിക്ക് നൽകിയാൽ മതിയാകുമോ?

<u>ഉത്തരം</u>

(എ) സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിൽ കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

(ബി) ആദ്യം പോലീസ് ആസ്ഥാനത്തെ 'T' ബ്രാഞ്ചിൽ നിന്നും 'U' ബ്രാഞ്ചിലേക്കും രണ്ടാമത്തെ ഉത്തരവ് പ്രകാരം പോലീസ് ആസ്ഥാനത്തിന് പുറത്തുള്ള 'AP' ബറ്റാലിയൻ ആസ്ഥാനത്തേക്കും മാറ്റി ഉത്തരവായി.

(സി) റദ്ദാക്കിയിട്ടില്ല, മരവിപ്പിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) അധികാരമുണ്ട്.

(എഫ്) അഡീഷണൽ ചീഫ് സെക്രട്ടറി (Home)-ന് മാനദണ്ഡങ്ങൾ ലംഘിച്ച് അകാരണമായി സ്ഥലം മാറ്റിയതിനെ സംബന്ധിച്ച് (ഉചിത മാർഗ്ഗേണ) എന്ന് രേഖപ്പെടുത്തി പരാതി നൽകിയിട്ടുണ്ട്.

(ജി) ഇക്കാര്യം ഇപ്പോൾ പരിശോധിച്ചിട്ടില്ല.

**ചേലക്കര മണ്ഡലത്തിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവ് നികത്താൻ നടപടി**

106 (5535) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, ചേലക്കര, ചെറുതുരുത്തി എന്നീ പോലീസ് സ്റ്റേഷനുകളിലായി എത്ര സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര തസ്തികകൾ ഓരോ പോലീസ് സ്റ്റേഷനുകളിലും ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ വിശാലമായ പ്രവർത്തനപരിധി കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തിക നികത്തുന്നതിന് ഊർജിത നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

| | | |
|---|---|---|
| (എ) പഴയന്നൂർ പോലീസ് സ്റ്റേഷൻ | - | 22 |
| ചേലക്കര പോലീസ് സ്റ്റേഷൻ | - | 25 |
| ചെറുതുരുത്തി പോലീസ് സ്റ്റേഷൻ | - | 25 |
| (ബി) പഴയന്നൂർ പോലീസ് സ്റ്റേഷൻ | - | 6 |
| ചേലക്കര പോലീസ് സ്റ്റേഷൻ | - | 3 |
| ചെറുതുരുത്തി പോലീസ് സ്റ്റേഷൻ | - | 6 |

(സി) പ്രസ്തുത ഒഴിവുകൾ 2017 വർഷത്തെ ജനറൽ ട്രാൻസ്ഫറിനോടനുബന്ധിച്ച് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എംപാനൽ ഡ്രൈവർ പ്രേമചന്ദ്രകുമാറിനെ ലോക്കപ്പിൽ മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി

107 (5536) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എംപാനൽ ഡ്രൈവറായിരുന്ന വെള്ളിമൺ വെസ്റ്റ് പ്രതാപമന്ദിരത്തിൽ ബി. പ്രേമചന്ദ്രകുമാറിനെതിരെ പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ രജിസ്റ്റർ ചെയ്ത സി.സി. 1728/2009 നമ്പർ കേസിൽ സി.ആർ.പി.സി.173(8) പ്രകാരം ഡിറ്റക്ടീവ് ഇൻസ്പെക്ടർ, സി.ബി.സി.ഐ.ഡി. കൊല്ലം സബ് യൂണിറ്റ് നടത്തിയ പുനരന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) പുനലൂർ പോലീസ് ടിയാനെതിരെ കള്ളക്കേസ് എടുക്കുകയായിരുന്നു എന്ന പരാതിയിന്മേലും ടിയാനെ കുണ്ടറ പോലീസ് ലോക്കപ്പിൽ മർദ്ദിച്ചുവെന്ന പരാതിയിലും അന്വേഷണം നടത്തിയോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. എംപാനൽ ഡ്രൈവറായിരുന്ന വെള്ളിമൺ വെസ്റ്റ് പ്രതാപമന്ദിരത്തിൽ ബി. പ്രേമചന്ദ്രകുമാറിനെതിരെ പുനലൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 345/2008 u/s 283, 353 IPC & 185 of MV Act കേസ്, ലോക്കൽ പോലീസ് അന്വേഷണം നടത്തി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നതും ആയത് സി.സി.നമ്പർ 1728/2009 പ്രകാരം വിചാരണ നടന്നുവരികയുമായിരുന്നു. വിചാരണ വേളയിൽ ശ്രീ. പ്രേമചന്ദ്രകുമാറിന്റെ പരാതിയിന്മേൽ ടി കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈം നമ്പർ 426/CR/HHW-I/Tvpm/2012 ആയി റീ നമ്പർ ചെയ്ത് ക്രൈംബ്രാഞ്ചിൽ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണത്തിൽ ശ്രീ. പ്രേമചന്ദ്രകുമാർ, 283 IPC & 185 of MV Act എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തതായി വെളിവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട പുനലൂർ JFMC-II മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണ നടന്നുവരുന്നതുമാകുന്നു.

(ബി) പുനലൂർ പോലീസ് ടിയാനെതിരെ കള്ളക്കേസ് എടുക്കുകയായിരുന്നു എന്ന പരാതിയിലും കുണ്ടറ പോലീസ് മർദ്ദിച്ചു എന്ന പരാതിയിലും അന്വേഷണം നടത്തിയിട്ടുള്ളതും പരാതി അടിസ്ഥാനരഹിതമാണെന്ന് വെളിവായിട്ടുള്ളതുമാണ്.

**കായംകുളം പോലീസ് സ്റ്റേഷനിൽ ജീപ്പ് അനുവദിക്കുന്നതിനുള്ള നടപടി**

108 (5537) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റേഷനിൽ ജീപ്പുകളുടെ പരിമിതികാരണം ക്രമസമാധാനപാലന പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്റ്റേഷന്റെ പരിധിയിൽ ഫ്ലൈയിംഗ് സ്ക്വാഡ്, പൈലറ്റ്, ലോ-ആന്റ് ഓർഡർ പ്രവർത്തനങ്ങൾക്കായി ഒരു ജീപ്പ്കൂടി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. കായംകുളം പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഡ്യൂട്ടിക്കായി ഒരു ബൊലേറോ, ഒരു ഹീറോ ഹോണ്ടാ ബൈക്ക്, ഒരു ബുള്ളറ്റ്, Flying Squad ഡ്യൂട്ടിക്കായി ഒരു ടവേര, ട്രാഫിക് ഡ്യൂട്ടിക്കായി ഒരു സുമോ, ഒരു ബുള്ളറ്റ് എന്നിവ കൂടാതെ ക്രമസമാധാന ഡ്യൂട്ടിക്ക് സ്ട്രൈക്കിംഗ് ഫോഴ്സായി ഒരു ബസ്സും നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്.

## സ്ത്രീയെ അപമാനിച്ചുവെന്ന പരാതിയിൽ തുടർനടപടികൾ

109 (5538) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീയെ അപമാനിച്ചതിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രത്നമ്മ എന്നയാൾ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ 2017 മാർച്ചിൽ സമർപ്പിച്ച പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ലളിതകുമാരി വേഴ്സസ് സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് കേസിലെ ഉത്തരവ് ഈ കേസിൽ ബാധകമാണോ; വ്യക്തമാക്കാമോ;

(സി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തത് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി നൽകിയതിന്മേൽ അന്വേഷിച്ച് പരാതിയിൽ കഴമ്പില്ല എന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) സ്ത്രീയെ അസഭ്യം പറഞ്ഞുവെന്ന പരാതിയിലും മൊഴിയിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ഈ വിഷയം സിവിൽ കേസെന്ന് പോലീസ് വിധിയെഴുതിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീമതി രത്നമ്മ, സുഭദ്രാ സദനം, കട്ടേല, ശ്രീകാര്യം എന്നയാൾ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും നൽകിയ പരാതികളിന്മേൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേലുള്ള അന്വേഷണത്തിൽ പരാതികക്ഷി മനഃപൂർവ്വം നിർമ്മാണ പ്രവർത്തനങ്ങൾ തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി അതിരുകെട്ടാൻ വാനം കുഴിച്ചതിൽ പരാതികക്ഷി കിടന്നതായും ആയത് പരാതിക്കാരിയുടെ എതിർകക്ഷി ക്യാമറയിൽ പകർത്തിയത് അന്വേഷണത്തിന്റെ ഭാഗമായി പോലീസ് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. വഴിക്കായി ഉപയോഗിക്കുന്ന ഒരു സെന്റ് സ്ഥലം പരാതിക്കാരിയുടെ എതിർകക്ഷികൾ വാങ്ങാത്തതിലുള്ള വിരോധം നിമിത്തമാണ് ഇത്തരത്തിൽ ഒരു പരാതി നൽകാൻ ഇടയായതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പരാതിക്കാരി പരാതിയിൽ പറയുന്ന കാര്യങ്ങളൊന്നുംതന്നെ സംഭവിച്ചിട്ടില്ല എന്ന് വെളിവായതിനാൽ മറ്റ് നിയമ നടപടികൾ ഒന്നുംതന്നെ മേൽ പരാതികളിന്മേൽ പോലീസ് സ്വീകരിച്ചിട്ടില്ല.

(ബി) അല്ല.

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(ഡി) ശ്രീമതി രത്നമ്മ, സുഭദ്രാ സദനം, കട്ടേല, ശ്രീകാര്യം എന്നയാൾ ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും നൽകിയ പരാതികളിന്മേൽ ശ്രീകാര്യം എസ്.ഐ. അന്വേഷണം നടത്തിയതിൽ ടി പരാതിയിൽ പറയുന്ന കാര്യങ്ങൾ കളവാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പരാതിയിൽ അന്വേഷണം നടത്തിയിട്ടുള്ളതിനാൽ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതായ സാഹചര്യം ഉണ്ടായിട്ടില്ല.

(ഇ) ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള ക്രമസമാധാന വിഷയമോ ക്രിമിനൽ പ്രവർത്തനമോ ഉണ്ടാകാത്തതിനാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. സിവിൽ വിഷയമാണോ എന്ന് തീർപ്പുകൽപ്പിക്കേണ്ടതായ വിഷയങ്ങളൊന്നും പോലീസിന്റെ മുന്നിൽ വരാത്തതിനാൽ അപ്രകാരം വിധിയെഴുതിയിട്ടില്ല.

## പെരിയയിലെ കെ.എ.പി. സബ് ക്യാമ്പ് ബറ്റാലിയനായി ഉയർത്താൻ നടപടി

110 (5539) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ കെ.എ.പി. നാലാം ബറ്റാലിയന്റെ സബ് ക്യാമ്പ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത സബ് ക്യാമ്പ് ഒരു കെ.എ.പി. ബറ്റാലിയനായി ഉയർത്തുന്ന വിഷയം പരിഗണിക്കുമോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ കെ.എ.പി. നാലാം ബറ്റാലിയന്റെ സബ് ക്യാമ്പായി ഒരു ഡിറ്റാച്ച്മെന്റ് ക്യാമ്പ് പ്രവർത്തിച്ചുവരുന്നു. നിലവിൽ 18 ഏക്കർ സ്ഥലത്താണ് ക്യാമ്പ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ഡിറ്റാച്ച്മെന്റ് ക്യാമ്പ് ഒരു കെ.എ.പി. ബറ്റാലിയനായി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## തൃശ്ശൂർ സഹകരണ വകുപ്പ് ഓഫീസിൽ അതിക്രമിച്ച് കയറി രേഖകൾ നശിപ്പിക്കാൻ ശ്രമിച്ച സംഭവം

111 (5540) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ കളക്ടേറ്റിലെ സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ 17-4-2017-ന് രാത്രി അതിക്രമിച്ച് കയറി പ്രധാനരേഖകൾ നശിപ്പിക്കാനും മോഷ്ടിക്കാനും ശ്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പോലീസ് ആരെയെങ്കിലും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അതീവ സുരക്ഷാ മേഖലയിൽ അതിക്രമിച്ച് കയറി ഫയലുകൾ നശിപ്പിക്കാൻ ശ്രമിച്ച കേസിൽ കുറ്റക്കാരെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ട് വരാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 17-4-2017 തീയതി രാത്രി 11.30 മണിയോടെ തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിലേക്ക് ചിലർ അതിക്രമിച്ച് കയറി എന്ന പരാതിയിന്മേൽ കണ്ടാലറിയാവുന്ന 11 പ്രതികൾക്കെതിരെ തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 578/2017 u/s 143, 147, 448, 417 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

## മോട്ടോർ വാഹന നിയമം ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

112 (5541) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന നിയമങ്ങൾ ജനങ്ങൾക്കുമേൽ കർശനമായി നടപ്പിലാക്കുമ്പോഴും, നിയമം നടപ്പിലാക്കുന്ന പോലീസ്, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പ്രസ്തുത നിയമങ്ങൾ പാലിക്കുന്നുണ്ടോ;

(ബി) ഹെൽമെറ്റും സീറ്റ് ബെൽറ്റും ധരിക്കാതെയും പകൽസമയങ്ങളിലും അടിയന്തര ആവശ്യമില്ലാത്തപ്പോഴും ബീക്കൺ ലൈറ്റുകൾ ഉപയോഗിച്ചും ഫുട്ട് പാത്തുകളിൽ വാഹനം പാർക്ക് ചെയ്തും നിയമം ലംഘിക്കുന്ന പോലീസ്, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ വാഹനങ്ങൾ തിരിച്ചറിയാൻ കഴിയുമെന്നിരിക്കെ ഇത്തരത്തിൽ നിയമം തെറ്റിക്കുന്നവർക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന റിപ്പോർട്ടുകളിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമം ലംഘിച്ച് വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ്/മോട്ടോർ വാഹന വകുപ്പുകളിലെ വാഹനങ്ങളെ ഇക്കാര്യത്തിൽനിന്നും ഒഴിവാക്കിയിട്ടില്ല.

(സി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## ഏലത്തൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മാണം

113 (5542) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ ഏലത്തൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കോഴിക്കോട് സിറ്റിയിൽ ഏലത്തൂർ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ Extension and Maintenance -നായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. കെ. ശശീന്ദ്രൻ, തന്റെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 45 ലക്ഷം രൂപയുടെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചുവരുന്നു.

## മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികളുടെ മുറിയിൽ മാരകായുധങ്ങൾ കണ്ടെത്തിയ കേസ്

114 (5543) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികൾക്കായി അനുവദിച്ചിരുന്ന സ്റ്റാഫ് ക്വാർട്ടേഴ്സ് മുറിയിൽനിന്നും മാരകായുധങ്ങൾ കണ്ടെത്തിയിരുന്നോ;

(ബി) ഏത് നിയമപ്രകാരമാണ് പോലീസ് ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; അന്വേഷണം ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത മുറിയിൽനിന്നും കണ്ടെത്തിയത് കെട്ടിടനിർമ്മാണ സാമഗ്രികൾ ആയിരുന്നുവെന്ന് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എഫ്.ഐ.ആർ-ന്റെയും, സെർച്ച് ലിസ്റ്റിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സമീപത്ത് കെട്ടിടനിർമ്മാണം നടക്കുന്ന സ്ഥലത്തുനിന്നും ഏതെങ്കിലും കെട്ടിടനിർമ്മാണ സാമഗ്രികൾ കളവ് പോയതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സാധനസാമഗ്രികൾ നഷ്ടമായി എന്നാണ് പരാതി ലഭിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന തരത്തിലുള്ള ചില സാമഗ്രികളുണ്ടായിരുന്നു. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1280/2017 u/s. 27 of Arms Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ഡി) പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ.-ന്റെയും സെർച്ച് ലിസ്റ്റിന്റെയും പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി* ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ഇ) പരാതി ലഭിച്ചിട്ടില്ല.

## ഹരിപ്പാട് മണ്ഡലത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ മാഫിയാ ആക്രമണങ്ങളും

115 (5544) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ 2016 ഡിസംബർ ഒന്ന് മുതൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ മാഫിയാ ആക്രമണങ്ങളും നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഗുണ്ടാ ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെടുകയും എത്ര പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ കേസുകളിലെല്ലാമായി എത്രപേരെ ഇതുവരെ അറസ്റ്റുചെയ്തിട്ടുണ്ട്;

(ഡി) ഗുണ്ടാ - മാഫിയാ ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടില്ല. 2 ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ട്.

(ബി) 2 പേർ കൊല്ലപ്പെടുകയും ഒരാൾക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) 17 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## എയിംഫിൽ ഇന്റർനാഷണൽ അക്കാദമിയിലെ വിദ്യാർത്ഥികളുടെ തടഞ്ഞുവച്ച സർട്ടിഫിക്കറ്റുകൾ തിരികെ നൽകാൻ നടപടി

116 (5545) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിംഫിൽ ഇന്റർനാഷണൽ അക്കാദമി എന്ന സ്ഥാപനത്തെക്കുറിച്ച് സർക്കാരിനും പോലീസിനും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പരാതികളിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഉയർന്ന ഫീസ് അടയ്ക്കാൻ മാർഗ്ഗമില്ലാതെയും മറ്റും പഠനം നിർത്തിയ, പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാതെ തടഞ്ഞ് വയ്ക്കുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വ്യാജപ്രചരണങ്ങളിലൂടെ കുട്ടികളെ ആകർഷിച്ച് വൻതുക ഫീസായി കൈക്കലാക്കിയശേഷം അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റുകൾ നൽകി കുട്ടികളെ പറ്റിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 40 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ച് പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

<u>തിരുവനന്തപുരം സിറ്റി</u> - 6

നാല് പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

<u>എറണാകുളം സിറ്റി</u> - 26

പതിനഞ്ച് പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 11 പരാതികളിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കോഴിക്കോട് സിറ്റി</u> - 8

അഞ്ച് കേസ് അന്വേഷണാവസ്ഥയിലും മൂന്ന് കേസ് കളവാണെന്ന് വെളിവായതിനാൽ Mistake of facts ആയി കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം സ്ഥാപനങ്ങളുടെ അനധികൃത പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**മൂന്നാറിലെ ട്രാഫിക് ബ്ലോക്ക് പരിഹരിക്കാൻ നടപടി**

117 (T*5546) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ വിനോദ സഞ്ചാരികളുടെ തിരക്കുമൂലം അനുഭവപ്പെടുന്ന ട്രാഫിക്ക് ബ്ലോക്ക് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ&ബി) തിരക്കുള്ള സമയങ്ങളിൽ വൺവേ സംവിധാനം ഏർപ്പെടുത്തിയും ടൗണിൽ ഡിവൈഡറുകൾ സ്ഥാപിച്ചും പ്രധാന ജംഗ്ഷനിലുള്ള രണ്ട് പാലങ്ങളിലും ഡിവൈഡറുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും ട്രാഫിക് പോലീസിനെയും ഹോം ഗാർഡുകളേയും നിയോഗിച്ച് ശക്തമായ ട്രാഫിക് നിയന്ത്രണം നടത്തിവരുന്നുണ്ട്. ട്രാഫിക് ബ്ലോക്കുകൾ പരിഹരിക്കുന്നതിന് അനധികൃതമായ പാർക്കിംഗ്, വഴിയോര കച്ചവടം എന്നിവ നിയന്ത്രിച്ചുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ നീക്കം ചെയ്യാൻ നടപടി

118 (5547) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷനുകളുടെ സമീപ റോഡുകളിലും കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കിടക്കുന്നതുമൂലം ഗതാഗതതടസ്സവും മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ റോഡ് സൈഡുകളിൽ കിടക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില പോലീസ് സ്റ്റേഷനുകളിലും സമീപവും പാതയോരങ്ങളിലും നിയമലംഘനം നടത്തുന്ന വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നതുമൂലം തദ്ദേശവാസികൾക്കും ജീവനക്കാർക്കും മറ്റും വിവിധ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഗതാഗതതടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ സർക്കാരിന്റെ 15-12-2014-ലെ 550/14/ഫിൻ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡിന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും അതിന്റെ പുരോഗതി വിലയിരുത്തുന്നതിനും അനാവശ്യമായി വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും വാഹനങ്ങൾ തീർപ്പാക്കുന്നതിൽ നിലവിലെ വ്യവസ്ഥകൾ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനോ പുതിയ വ്യവസ്ഥ രൂപപ്പെടുത്തുന്നതിനോ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പെറ്റി കേസ്സുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത

പ്രവൃത്തിമൂലം വാഹന ഉടമകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ്വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും പെറ്റി കേസ്സുകളിലും വാഹന അപകട കേസ്സുകളിലും ബന്തവസ്സിൽ എടുക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31-1-2017-ലെ 7/2017 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## സ്മാർട്ട് പോലീസ് സ്റ്റേഷനുകൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ

119 (5548) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഏതെല്ലാം പോലീസ് സ്റ്റേഷനുകളെയാണ് സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ പോലീസുദ്യോഗസ്ഥരുടെ സേവനകാലം

120 (5549) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടറടക്കമുള്ള പോലീസുകാരുടെ പേരു വിവരം പോലീസ് സ്റ്റേഷനുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവർ ഇപ്പോൾ ജോലിചെയ്തുവരുന്ന സ്റ്റേഷനുകളിൽ എത്ര കാലമായി തുടരുന്നുവെന്നും ഇതേ സ്റ്റേഷനുകളിൽ എത്രകാലം പ്രവർത്തിച്ചിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ജോലിചെയ്യുന്ന പോലീസ് സ്റ്റേഷനുകളിൽനിന്ന് എത്ര അകലെയാണ് ഇവരുടെ സ്ഥിര താമസമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പോലീസുകാർ സമൂഹമാധ്യമങ്ങൾവഴി പ്രതികരണങ്ങൾ**

**നടത്തരുതെന്നുള്ള സർക്കുലർ**

121 (5550) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ ഫെയ്സ് ബുക്ക്, വാട്സ്ആപ് തുടങ്ങിയ സമൂഹമാധ്യമങ്ങൾവഴി പ്രതികരണങ്ങൾ നടത്തരുതെന്ന് ഡി.ജി.പി. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജിഷ്ണു പ്രണോയിയുടെ അമ്മയെ പോലീസ് ആസ്ഥാനത്തിന് മുന്നിൽവച്ച് വലിച്ചിഴച്ച പോലീസ് നടപടിയെ ന്യായീകരിച്ചുകൊണ്ട് കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സി.ആർ ബിജു 6-4-2017 ൽ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഡി.ജി.പി.-യുടെ സർക്കുലറിന് വിരുദ്ധമായി ഫെയ്സ് ബുക്ക് ഉപയോഗിച്ച ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസുദ്യോഗസ്ഥർ സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നതിലേയ്ക്ക് സംസ്ഥാന പോലീസ് മേധാവിയുടെ 31-12-2015-ലെ 45/2015 നമ്പർ പ്രകാരമുള്ള സർക്കുലറിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. വ്യക്തിപരമായ അക്കൗണ്ടുകൾ ഉപയോഗിച്ച് സമൂഹമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങൾ പോലീസിന്റെ ഔദ്യോഗിക വിശദീകരണങ്ങളായി വ്യാഖ്യാനിക്കുവാൻ ഇടയുള്ളതിനാലാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പോസ്റ്റിൽ സർക്കുലറിന് വിരുദ്ധമായി യാതൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനോടുചേർന്നുള്ള പോലീസ് ക്വാർട്ടേഴ്സുകൾ

122 (5551) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനോടുചേർന്ന് പോലീസ് ക്വാർട്ടേഴ്സുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിന്റെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ ഉപയോഗപ്രദമായ എത്ര ക്വാർട്ടേഴ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ; അറ്റകുറ്റപ്പണിയിലൂടെ മെച്ചപ്പെടുത്താവുന്ന ക്വാർട്ടേഴ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രയോജനപ്രദമല്ലാത്ത ക്വാർട്ടേഴ്സുകൾ പൊളിച്ചുനീക്കി ഫ്ലാറ്റ് മാതൃകയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്വാർട്ടേഴ്സ് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ 2 ഏക്കർ 30 സെന്റ് സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്.

(ബി) നിലവിൽ ഡിവൈ.എസ്.പി./സി.ഐ. എന്നിവർക്കായി 2 ക്വാർട്ടേഴ്സ്, 3 എസ്.ഐ. ക്വാർട്ടേഴ്സ്, 2 എച്ച്.സി. ക്വാർട്ടേഴ്സ്, 17 പി.സി. ക്വാർട്ടേഴ്സ് ഉൾപ്പെടെ ആകെ 23 ക്വാർട്ടേഴ്സുകൾ ഉള്ളതിൽ ഉപയോഗപ്രദമായ 8 ക്വാർട്ടേഴ്സുകൾ മാത്രമാണുള്ളത്. ബാക്കിയുള്ള 15 ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കാവുന്ന അവസ്ഥയിലുള്ളതാണ്.

(സി) നിലവിൽ 8 കുടുംബങ്ങൾ താമസിച്ചുവരുന്നു.

(ഡി) ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരളത്തിലേക്ക് കള്ളക്കടത്ത് നടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

123 (5552) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് സ്വർണ്ണവും

മയക്കുമരുന്നും ഉൾപ്പെടെയുള്ളവ കടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനിടെ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിന് അന്താരാഷ്ട്ര മാർക്കറ്റിൽ എത്ര രൂപ വിലവരുന്നതാണ്; ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് കള്ളക്കടത്ത് നടന്നിട്ടുള്ളത്; പ്രധാനമായി കേരളത്തിലെ ഏതെല്ലാം സ്ഥലങ്ങൾ വഴിയാണ് കള്ളക്കടത്ത് നടക്കുന്നത് ;

(സി) കർണ്ണാടക, കേരള - തമിഴ്നാട് സംസ്ഥാനാതിർത്തിയിലൂടെ സ്വർണ്ണവും കഞ്ചാവുൾപ്പെടെയുള്ള മയക്കുമരുന്നുകളും കള്ളക്കടത്ത് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സ്വർണ്ണക്കടത്തും മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് 2016-ലും 2017 മേയ് വരെയും രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണവും മറ്റ് വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന അതിർത്തിയോട് ചേർന്നുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി കർശന വാഹന പരിശോധനകളും റെയ്ഡുകളും നടത്തിയും മുൻകാലങ്ങളിൽ മയക്കുമരുന്ന് കടത്തലുകളുമായി ബന്ധപ്പെട്ട് പിടികൂടിയ പ്രതികളുടെ നടപ്പാവസ്ഥ പരിശോധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസ് അധികൃതരോടൊപ്പം സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്.

**സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ**

124 (5553) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. വി. ടി. ബൽറാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ ഭീതിജനകമായ വിധത്തിൽ വർദ്ധിച്ച സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പത്ത് വയസ്സിന് താഴെയുള്ള പിഞ്ചുകുഞ്ഞുങ്ങൾവരെ ലൈംഗികമായി ആക്രമിക്കപ്പെടുന്നുവെന്ന മാധ്യമറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ ഉണ്ടാകുമോ;

(സി) അമിതമായ മദ്യഉപഭോഗവും, മയക്കുമരുന്നിന്റെ സ്വാധീനവും ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമോ;

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുന്നതിന് പോലിസിൽ ഒരു പ്രത്യേക സംവിധാനം സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ഭീതിജനകമായ വിധത്തിൽ വർദ്ധിച്ചിട്ടില്ല.

(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലെ നിയമപ്രകാരവും POCSO Act പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അമിതമായ മദ്യഉപഭോഗവും മയക്കുമരുന്നിന്റെ സ്വാധീനവും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ സ്വാധീനിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനത്തിൽനിന്ന് സമൂഹത്തെ രക്ഷിക്കാൻ ബോധവൽക്കരണം ഉൾപ്പെടെയുള്ള ശക്തമായ പ്രവർത്തനം സർക്കാർ നടത്തിവരുന്നു.

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേക്കും അവരുടെ പരാതികൾ പരിഹരിക്കുന്നതിലേക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ്ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വിമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവരസാങ്കേതിക

വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം എട്ട് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആറ് ജില്ലകളിൽക്കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽവരുത്തുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## അതിരപ്പിള്ളിയിലെ മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

125 (5554) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിൽപ്പെടുന്ന മലക്കപ്പാറയിൽ, നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷന് പുതിയകെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഇല്ലെങ്കിൽ പുതിയകെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) തൃശ്ശൂർ റൂറൽ ജില്ലയിലെ അതിരപ്പിള്ളി പഞ്ചായത്തിൽ മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി കൈമാറി കിട്ടുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## നങ്ങ്യാർകുളങ്ങരയിൽ ജലജ സുരൻ എന്ന വീട്ടമ്മയുടെ കൊലപാതകം

126 (5555) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നങ്ങ്യാർകുളങ്ങര പാലമൂട് തെക്കുഭാഗത്ത് ഭാരതിവീട്ടിൽ ജലജ സുരൻ എന്ന വീട്ടമ്മയുടെ കൊലപാതകം സംബന്ധിച്ച അന്വേഷണം എത് ഘട്ടത്തിലാണ്;

(ബി) ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഡി) ഈ കേസ് ഏറ്റെടുക്കുന്നതിന് സി.ബി.ഐ.-യോട് സർക്കാർ വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തില്ലെങ്കിൽ കുറ്റാന്വേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സമർത്ഥരായ പോലീസുദ്യോഗസ്ഥരെകൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് നങ്ങ്യാർകുളങ്ങര പാലമൂട് തെക്കുഭാഗത്ത് ഭാരതിവീട്ടിൽ ജലജ സുരൻ എന്ന വീട്ടമ്മയുടെ കൊലപാതകം സംബന്ധിച്ച് ഭർത്താവായ ശ്രീ. സുരന്റെ പരാതിയിന്മേൽ കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1204/15 u/s 449, 302 & 392 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് പി.എച്ച്.ക്യൂ. ഉത്തരവ് നമ്പർ 2/155642/15 dated 1-10-2015 പ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാകുന്നു. തുടർന്ന് പ്രസ്തുത കേസ് CBCID Crime No. 107/CR/HHW-I/TVM 2015 എന്ന് റീ നമ്പർ ചെയ്ത് കേസ്സിന്റെ അന്വേഷണത്തിനുവേണ്ടി എസ്.പി., സി.ബി.സി.ഐ.ഡി. കോട്ടയത്തിന്റെ നേതൃത്വത്തിൽ ലോക്കൽ പോലീസിലെ നാല് ഉദ്യോഗസ്ഥരെക്കൂടെ ഉൾപ്പെടുത്തി 24 പേരടങ്ങുന്ന ഒരു Special Investigation Team രൂപീകരിച്ച് അന്വേഷണം കാര്യക്ഷമമായി നടത്തിവരുന്നു.

(ബി) നാളിതുവരെയുള്ള അന്വേഷണത്തിൽ കേസിലെ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് രണ്ട് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല.

(ഡി) ഒരിക്കൽ സി.ബി.ഐ. നിരാകരിച്ച സംഗതിയിൽ വീണ്ടും അന്വേഷണം ആവശ്യപ്പെടാവുന്ന രീതിയിലുള്ള അധിക വിവരങ്ങളൊന്നും സർക്കാരിന്റെ പക്കൽ ലഭ്യമല്ലാത്തതിനാൽ അപ്രകാരം ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ഈ കേസ്സിന്റെ അന്വേഷണം നിലവിൽ ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യു.-2 വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ. കെ. സുദർശന്റെ മേൽനോട്ടത്തിൽ ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യു/2 ഡിവൈ. എസ്.പി. ശ്രീ. കെ. സി. ബാബുരാജിന്റെ നേതൃത്വത്തിൽ 24 പേരടങ്ങുന്ന ഒരു Special Investigation Team നടത്തിവരുന്നു.

## 2011-2016 കാലയളവിൽ രജിസ്റ്റർ ചെയ്ത സ്ത്രീപീഡനക്കേസ്സുകൾ

127 (5556) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ എത്ര സ്ത്രീപീഡനക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെളിയിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത സ്ത്രീപീഡനക്കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | രജിസ്റ്റർ ചെയ്ത സ്ത്രീപീഡന കേസ്സുകളുടെ എണ്ണം |
|---|---|
| 2011 | 13279 |
| 2012 | 13002 |
| 2013 | 13738 |
| 2014 | 13880 |
| 2015 | 12383 |
| 2016 | 14061 |

(ബി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത സ്ത്രീപീഡന കേസ്സുകളിൽ 5754 കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെളിയിക്കുന്നതിനും 5799 കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**ടൈറ്റാനിയം കേസ്സിൽ അന്വേഷണം**

128 (5557) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈറ്റാനിയം കേസ്സിൽ മുൻമുഖ്യമന്ത്രി അടക്കമുള്ളവർക്കെതിരെയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് സംബന്ധിച്ച അന്വേഷണ ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

(സി) ടൈറ്റാനിയം അഴിമതിയിലൂടെ സർക്കാരിന് എത്ര രൂപയുടെ സാമ്പത്തികനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ മലിനീകരണ നിവാരണ പദ്ധതിയിലെ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 01/2015/എസ്.ഐ.യു-1 ആയി കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(ബി) വി.സി. 01/2015/എസ്.ഐ.യു.-1 എന്ന കേസ്സിലെ അന്വേഷണ ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരാണ്.

| | | |
|---|---|---|
| 1 | ശ്രീ. റ്റി. അജിത് കുമാർ | 20-1-2015 മുതൽ 8-2-2016 വരെ ഈ കേസ് അന്വേഷിച്ചു. |
| 2 | ശ്രീ. ഗിരീഷ്.പി. സാരഥി | 1-3-2016 മുതൽ 9-8-2016 വരെ |
| 3 | ശ്രീ. നജ്മുൾ ഹസ്സൻ | 9-8-2016 മുതൽ 30-8-2016 വരെ |
| 4 | ശ്രീ. സി. ചന്ദ്രൻ | 31-8-2016 മുതൽ ഈ കേസ് അന്വേഷിച്ചു വരുന്നു. |

(സി) ഈ കേസ് അന്വഷണ അവസ്ഥയിലായതിനാൽ സാമ്പത്തിക നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

## മുൻആരോഗ്യവകുപ്പ് ഡയറക്ടർമാരെ രക്ഷപ്പെടുത്തുവാൻ സഹായിച്ചവർക്കെതിരെ നടപടി

129 (5558) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ച മുൻആരോഗ്യ വകുപ്പ് ഡയറക്ടർമാരെ ജയിൽ വാസത്തിൽനിന്നും രക്ഷപ്പെടുത്തുവാൻ പോലീസും ഡോക്ടർമാരും സഹായിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യപരിശോധനയ്ക്ക് പ്രതികളെ കൊണ്ടുപോയ പോലീസുകാരെ ഡോക്ടർമാർ ഭീഷണിപ്പെടുത്തിയതായും കോടതി ഉത്തരവ് നടപ്പിലാക്കുവാൻ അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചതായും ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വൈദ്യപരിശോധനയ്ക്ക് പ്രതികളെ കൊണ്ടുപോയ പോലീസുകാരെ ഡോക്ടർമാർ ഭീഷണിപ്പെടുത്തിയതായും മറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ച് പോലീസുദ്യോഗസ്ഥരിൽനിന്നും പരാതി ലഭിച്ചിട്ടില്ല.

## ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

130 (5559) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അഴിമതി കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആരോപണവിധേയരായ ഉദ്യോഗസ്ഥർ സർവീസിൽ തുടരുന്നുണ്ടോ;

(ഡി) അന്വേഷണവുമായി ബന്ധപ്പെട്ട് ഫയലുകൾ പിടിച്ചെടുത്തിട്ടുണ്ടോ; കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് പടിഞ്ഞാറത്തറ ബാണാസുര സാഗർ ഡാം കേരള ഹൈഡൽ ടൂറിസം സെന്ററിൽ ഭക്ഷണശാല നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിലെ ക്രമക്കേടുകളെ സംബന്ധിച്ച് ക്യൂ.വി. 15/16/ വയനാട്/കെ.എസ്.ഇ.ബി. നമ്പരായി ഒരു സത്വാരന്വേഷണം നടന്നുവരുന്നു.

(ബി&സി) അന്വേഷണഘട്ടത്തിലായതിനാൽ അഴിമതിയിൽ പങ്കുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) ഫയലുകൾ പിടിച്ചെടുത്തിട്ടില്ല. അന്വേഷണം പുരോഗതിയിലാണ്.

**ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി**

131 (5560) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതിയും ക്രമക്കേടും സംബന്ധിച്ച് കുറ്റക്കാർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അഴിമതി സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത അഴിമതിയിൽ ഹരിപ്പാട് എം. എൽ. എ. അടക്കമുള്ളവരുടെ പങ്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് വി.സി.14/16/എ.എൽ.പി./ഹെൽത്ത് എന്ന നമ്പരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി) അന്വേഷണം പുരോഗതിയിലാണ്.

(സി) അന്വേഷണം പൂർത്തിയായാൽ മാത്രമേ ആ വിവരം വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

## വിജിലൻസ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി

132 (5561) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പിന് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിജിലൻസ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് പരാതികളിൽ യഥാസമയത്തും കുറ്റമറ്റ രീതിയിലും അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പുതുക്കിയ നിർദ്ദേശങ്ങൾ ലഭ്യമാക്കാൻ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## വിജിലൻസ് അന്വേഷണരീതി സംബന്ധിച്ച ഉത്തരവ്

133 (5562) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിജിലൻസ് വിഭാഗത്തിന് ലഭിക്കുന്ന പരാതികൾ അന്വേഷിക്കുന്നരീതി സംബന്ധിച്ച 29-3-2017 ലെ ജി.ഒ. (പി) 9/2017/വിജി നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്യോഗസ്ഥർക്കെതിരെ വന്നിട്ടുള്ള ആരോപണങ്ങളെല്ലാം പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമാണോ ഏറ്റെടുത്തിട്ടുള്ളത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) 29-3-2017-ലെ ജി.ഒ. (പി) 9/2017/വിജി. നമ്പർ സർക്കാർ ഉത്തരവ് നിലവിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ലഭിച്ച 320 പരാതികളിലും പ്രസ്തുത ഉത്തരവ് പ്രകാരമാണ് നടപടി സ്വീകരിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിജിലൻസിൽ പരാതികൾ സ്വീകരിക്കുന്നതിന് മാനദണ്ഡങ്ങൾ**

134 (5563) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസിൽ പരാതികൾ സ്വീകരിക്കുന്നതിനും തുടരന്വേഷണം തീരുമാനിക്കുന്നതിനും മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പരാതികളിൽ വിജിലൻസ് നേരിട്ട് കേസെടുക്കേണ്ടെന്നും ബന്ധപ്പെട്ട വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിനുശേഷം നടപടി സ്വീകരിച്ചാൽ മതിയെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിർദ്ദേശം നൽകുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(ഡി) ഈ നിർദ്ദേശം നൽകിയശേഷം വിജിലൻസിൽ എത്ര പരാതികൾ ലഭിച്ചുവെന്നും അതിലെത്ര പരാതികൾ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 29-3-2017-ലെ ജി.ഒ. (പി) 9/2017/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി-ഡി) അത്തരം നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്തവ തുടർ നടപടികൾക്കായി സർക്കാരിന്റെ വിജിലൻസ് വകുപ്പിലേക്കും അല്ലാത്തവ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി തുടർ നടപടികൾ എടുക്കാനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

**കൊയിലാണ്ടി കോടതിയിലെ കെട്ടിട നിർമ്മാണം**

135 (5564) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്വൈശതാബ്ദി പൂർത്തിയായിട്ടുള്ള കൊയിലാണ്ടി കോടതിയിൽ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി മുഖേന നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ പൂർത്തീകരിക്കാനുള്ളത് എന്നും വ്യക്തമാക്കുമോ;

(ബി) പുതിയ കെട്ടിടം എന്ന് പ്രവർത്തനസജ്ജമാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെട്ടിടത്തിന്റെ 95 ശതമാനം നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

**വാമനപുരം നെല്ലനാട് ഫയർ യൂണിറ്റിന് സ്വന്തമായി കെട്ടിടം**

136 (5565) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർഫോഴ്സിന് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സർക്കാർവക പുറമ്പോക്ക് ഭൂമി ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിന് ലഭ്യമാക്കാമെന്ന് നെല്ലനാട് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഫയർ & റെസ്ക്യൂ വകുപ്പിൽ ഡ്രൈവർ തസ്തികയിലെ നിയമനം**

137 (5566) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ &റെസ്ക്യൂ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 12-1-2017-നാണ് റാങ്ക് പട്ടിക നിലവിൽ വന്നത്.

(ബി) ടി തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത പുതുക്കി നിശ്ചയിച്ച സ്പെഷ്യൽ റൂൾസ് ഭേദഗതിക്ക് (26-11-2016-ന്) മുൻപ് റിപ്പോർട്ട് ചെയ്ത 8 ഒഴിവുകളിൽ നിയമന ശിപാർശ നൽകാനും സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ വാർഷിക സെലക്ഷൻ നടപടികൾ സ്വീകരിച്ച് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാനും പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

**റാന്നി ഫയർ സ്റ്റേഷനിൽ അപകടങ്ങൾ നേരിടാനുള്ള ഉപകരണങ്ങളുടെ അപര്യാപ്തത**

138 (5567) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ ഫയർ സ്റ്റേഷൻ ആരംഭിച്ചത് എന്നാണെന്നും ഇവിടെ എത്ര ഉദ്യോഗസ്ഥരുടെ തസ്തികയാണ് ഉള്ളതെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഓരോ തസ്തികയിലും നിലവിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഇവിടെ നിലവിൽ എത്ര ഫയർ ടെൻഡറുകൾ ഉണ്ട് ; ഇവയ്ക്ക് എത്ര പഴക്കം ഉണ്ട്; മുങ്ങിമരണം ഉൾപ്പെടെയുള്ള അപകടങ്ങൾ നേരിടാൻ എന്തൊക്കെ ഉപകരണങ്ങളാണുള്ളത് എന്ന് അറിയിക്കാമോ;

(സി) ശബരിമല തീർത്ഥാടകർ ഉൾപ്പെടെയുള്ളവർക്ക് മുങ്ങിമരണം സംഭവിക്കുന്നതിനാൽ അടിയന്തര സഹായം എത്തിക്കുവാനുള്ള അത്യാധുനിക ഉപകരണങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) റാന്നി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചത് 15-8-2000-ലാണ്. ടി സ്റ്റേഷനിലെ ജീവനക്കാരുടെ അംഗബലം ചുവടെ ചേർക്കുന്നു:

| തസ്തിക | അനുവദിച്ച എണ്ണം | നിലവിലുള്ള എണ്ണം |
|---|---|---|
| (1) | (2) | (3) |
| സ്റ്റേഷൻ ഓഫീസർ | 1 | 1 |
| അസി.സ്റ്റേഷൻ ഓഫീസർ | 1 | 1 |

| (1) | (2) | (3) |
|---|---|---|
| ലീഡിംഗ് ഫയർമാൻ | 4 | 4 |
| ഡ്രൈവർ മെക്കാനിക് | 1 | 1 |
| ഫയർമാൻ ഡ്രൈവർ | 7 | 4 |
| ഫയർമാൻ | 23 | 23 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

(ബി) 2 ഫയർ ടെണ്ടറുകൾ ഉണ്ട്.

1) കെ.എൽ.01 ബി.ഡബ്ല്യൂ. 2647 - 3 വർഷം പഴക്കം

2) കെ.എൽ.01 . എ.എക്സ്. 9257 - 8 വർഷം പഴക്കം

ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:-

| Sl.No. | Type of Equipments |
|---|---|
| 1 | Breathing Apparatus |
| 2 | Chain Saw |
| 3 | Chemical Handling Gloves |
| 4 | F M B P |
| 5 | Float Pump |
| 6 | Fire Fighting Suit |
| 7 | Life Jacket |
| 8 | Life Buoy |
| 9 | Inflatable Tower Light |
| 10 | Hydraulic Rescue Tools |
| 11 | Aluminium Extension Ladder |
| 12 | Allen Key |
| 13 | Basket Strainer |
| 14 | Bill Hook |
| 15 | Basket Strainer with Skirt |
| 16 | Ceiling Hook |
| 17 | Collecting Breaching |

| | |
|---|---|
| 18 | Crow Bar |
| 19 | Cutting Player |
| 20 | Chainsaw |
| 21 | Delivery Hose |
| 22 | Dividing Breaching |
| 23 | Foam Tin |
| 24 | Fog Nozzle |
| 25 | FMBP 5X |
| 26 | London Branch |
| 27 | Jackey |
| 28 | Metal Strainer |
| 29 | Ordinary Branch |
| 30 | Suction Hose |
| 31 | Stretcher |
| 32 | ASKA Light |
| 33 | Fire Entry Suit |
| 34 | Hydraulic Cutter |
| 35 | Float Pump |
| 36 | Safety Goggles |
| 37 | Safety Belt |
| 38 | Zero Torque Branch |
| 39 | FMBP 2X |
| 40 | Gas Cutter |
| 41 | Concrete Cutter |
| 42 | Hand Blower |
| 43 | Water Pump |
| 44 | Lube Submersible Pump |
| 45 | Chemical Suit |
| 46 | Helmet |
| 47 | Pick Axe |

| | |
|---|---|
| 48 | Showel & Spade |
| 49 | Taurpaulin |
| 50 | Glouse |
| 51 | Dust Mask & Ear Plug |
| 52 | Rubber Dinghy |
| 53 | Portable Generator |
| 54 | Under Water Search Light |
| 55 | Shears |
| 56 | Generator |

(സി) ജലരക്ഷാ പ്രവർത്തനങ്ങൾക്കായി സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട്, റബ്ബർ ഡിങ്കികൾ എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ആയവ വാങ്ങുന്നമുറയ്ക്ക് നിലയങ്ങളിൽ കൂടുതൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നവേളയിൽ റാന്നി നിലയത്തെയും പരിഗണിക്കുന്നതാണ്.

**ചീമേനി ടൗണിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

139 (5568) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. പാർക്ക്, പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവിൻ തോട്ടം, നിർദ്ദിഷ്ട താപവൈദ്യുത നിലയം, എൻജിനീയറിംഗ് കോളേജ്, അപ്ലൈഡ് സയൻസ് കോളേജ്, സി. ആർ. പി. എഫ്. ക്യാമ്പ്, ഹാർബർ എന്നിവ സ്ഥിതിചെയ്യുന്നതിന്റെ സമീപ സ്ഥലമായ ചീമേനി ടൗണിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഇതിനാവശ്യമായ സ്ഥലവും താല്ക്കാലിക കെട്ടിടവും സൗജന്യമായി ഏർപ്പെടുത്തി നൽകിയാൽ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പുതുതായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിലോ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊലൂഷൻ ഓഫ് ഇന്ത്യ റിപ്പോർട്ടിലോ ചീമേനി ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ചീമേനിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മലപ്പുറം ഫയർ സർവ്വീസസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസിലെ പരിമിതികൾ

140 (5569) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസിലെ പരിമിതികളും അസൗകര്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർ സ്റ്റേഷനോടനുബന്ധിച്ച് ജില്ലാ ഓഫീസുകൂടി പ്രവർത്തിക്കുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഫയർ സ്റ്റേഷനോടനുബന്ധിച്ച് ആവശ്യമായ സ്ഥലമുള്ളപ്പോൾ ജില്ലാ ഓഫീസിന് സ്വന്തം കെട്ടിടവും ജീവനക്കാർക്കാവശ്യമായ ക്വാർട്ടേഴ്സും നിർമ്മിക്കുവാൻ ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ഫയർ സ്റ്റേഷനോടനുബന്ധിച്ച് ജില്ലാ ഓഫീസിന് പുതിയ കെട്ടിടവും അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറുടെ ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ഓഫീസിന് സ്വന്തം കെട്ടിടവും ജീവനക്കാർക്ക് ക്വാർട്ടേഴ്സും നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## മൃഗങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങളിൽ അഗ്നിശമനസേനയുടെ സേവനം

141 (5570) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയുടെ നവീകരണത്തിനായി സർക്കാർ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) മൃഗങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചില അപകടങ്ങളിൽ വകുപ്പിന്റെ സേവനം ലഭ്യമാകാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സേനയുടെ പെയ്ഡ് സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി വിവിധ അഗ്നിശമന, ജീവൻരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-2018-ലെ ബജറ്റിൽ ഇതിനായി 40.12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17-ലെ പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ട് ടി ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) അപകടത്തിൽപ്പെടുന്ന വളർത്തുമൃഗങ്ങളെ രക്ഷപ്പെടുത്തുന്നതിന് വകുപ്പ് സേവനം നൽകിവരുന്നു.

(സി) സേനയുടെ പെയ്ഡ് സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫയർ എഞ്ചിനുകളുടെ സ്റ്റാന്റ് ബൈ ഡ്യൂട്ടി
2. പമ്പിംഗ് സേവനം
3. ആംബുലൻസ് സേവനം
4. ഡെലിവറി ഹോസുകൾ വാടകയ്ക്ക് നൽകൽ.
5. പ്രാഥമിക അഗ്നിശമന പരിശീലനം (24 ദിവസം മാത്രം)
6. ഫയർ എക്സ്റ്റിംഗ്യൂഷറുകളിലെ പ്രഷർ ടെസ്റ്റ് നടത്തുന്നതിന്
7. ഫയർ റിപ്പോർട്ടിന്റെ കോപ്പി നൽകുന്നതിന്
8. നിരാക്ഷേപ സാക്ഷ്യപത്ര ഫീസ്
9. സിനിമ ഷൂട്ടിംഗ്
10. കുടിവെള്ളം നൽകൽ
11. റിക്കവറി വാഹനം വാടക.

**റിമാന്റ് തടവുകാരെ സെൻട്രൽ ജയിലിൽനിന്നും മാറ്റുന്നതിന് തീരുമാനം**

142 (5571) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിമാന്റ് തടവുകാരെ സെൻട്രൽ ജയിലിൽനിന്നും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെങ്കിലും കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ ഈ തീരുമാനം;

(ബി) സംസ്ഥാനത്ത് പുതിയതായി എവിടെയെല്ലാമാണ് സബ് -ജയിലുകൾ ആരംഭിക്കുന്നത്;

(സി) ഇതിനായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പുതിയ സബ് ജയിലുകൾ ആരംഭിക്കുന്നതിനോടൊപ്പം ജയിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിമാന്റ് തടവുകാരെ സെൻട്രൽ ജയിലിൽനിന്നും മാറ്റുന്നതുമായി ബന്ധപ്പെട്ട് തീരുമാനമൊന്നുംതന്നെ നിലവിൽ എടുത്തിട്ടില്ല.

(ബി) സംസ്ഥാനത്ത് ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ സബ് ജയിലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു:

| | | |
|---|---|---|
| 1 | കൂത്തുപറമ്പ് | കണ്ണൂർജില്ല |
| 2 | മണ്ണാർക്കാട് | പാലക്കാട് ജില്ല |
| 3 | നെടുമങ്ങാട് | തിരുവനന്തപുരം ജില്ല |
| 4 | ഏറ്റുമാനൂർ | കോട്ടയം ജില്ല |
| 5 | തളിപ്പറമ്പ് | കണ്ണൂർ ജില്ല |
| 6 | താമരശ്ശേരി | കോഴിക്കോട് ജില്ല |

(സി) കൂത്തുപറമ്പ് സബ് ജയിൽ ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടങ്ങളും റവന്യൂ വകുപ്പിന്റെ 10-4-2017-ലെ 117/2017/റവന്യൂ ഉത്തരവിലൂടെ ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. മറ്റ് ജയിലുകൾക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**വകുപ്പുതല പരീക്ഷയ്ക്കുള്ള പുസ്തകങ്ങളുടെ ലഭ്യതക്കുറവ്**

143 (5572) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഔദ്യോഗികാവശ്യങ്ങൾക്കും ജീവനക്കാർക്ക് വകുപ്പുതല പരീക്ഷകൾ എഴുതുന്നതിനും ആവശ്യമായ വിവിധ കോഡുകൾ, മാന്വലുകൾ, റൂൾസ് എന്നിവയുടെ പുസ്തകങ്ങൾ ആവശ്യത്തിന് ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ പ്രസിദ്ധീകരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പ്രസ്തുത പുസ്തകങ്ങൾ പി.എസ്.സി. പരീക്ഷാഹാളിൽ ഉപയോഗിക്കാൻ അനുവദിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പുസ്തകങ്ങൾ സർക്കാർ തന്നെ ആവശ്യത്തിന് പ്രസിദ്ധീകരിച്ച് വില ഈടാക്കി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വകുപ്പുതല പരീക്ഷകൾക്ക് പുസ്തകം ഉപയോഗിക്കാവുന്ന പരീക്ഷകളിൽ സർക്കാർ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ മാത്രമാണ് സാധാരണയായി റഫറൻസിനായി അനുവദിക്കുന്നത്. എന്നാൽ ചില വകുപ്പുതല പരീക്ഷകൾക്ക് സർക്കാർ പുറപ്പെടുവിക്കുന്ന പുസ്തകങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ചില സ്വകാര്യ പ്രസാധകരുടെ പുസ്തകങ്ങൾ വിശദമായ പരിശോധനയ്ക്കുശേഷം കമ്മീഷന്റെ ശിപാർശയോടെ ഉപയോഗിക്കാം എന്ന് സർക്കാർ ഉത്തരവുണ്ട്.

എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട റഫറൻസ് പുസ്തകങ്ങളും അതത് വകുപ്പുകൾ മുഖാന്തരം പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി ബോട്ട് ജെട്ടികളിൽ ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടാൻ നടപടി**

144 (T+5573) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി ബോട്ട് ജെട്ടികളിൽ എക്കൽ അടിഞ്ഞ് ആഴം കുറഞ്ഞിട്ടുള്ളതിനാൽ ബോട്ടുകൾക്ക് ജെട്ടികളിൽ അടുക്കാൻ സാധിക്കാത്തതിനാൽ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജെട്ടികളിൽ ഡ്രഡ്ജിംഗ് നടത്തി ആഴംകൂട്ടി ബോട്ടുകൾക്ക് അടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

---

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇറിഗേഷൻ വകുപ്പ് മുഖാന്തരം മട്ടാഞ്ചേരി ജെട്ടി, തേവര യാർഡ് എന്നിവിടങ്ങളിൽ അടിയന്തരമായി ഡ്രഡ്ജിംഗ് നടത്തുന്നതിനും ആറ് മാസം ഇടവിട്ട് തേവര യാർഡിലും മട്ടാഞ്ചേരി ബോട്ട് ജെട്ടിയിലും ഡ്രഡ്ജിംഗ് തുടർച്ചയായി നടത്തുന്നതിനുവേണ്ട സ്ഥിരം സംവിധാനം ഒരുക്കുന്നതിനുമായി ഇറിഗേഷൻ, ട്രാൻസ്പോർട്ട്, പോർട്ട് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകളുടെ മന്ത്രിമാരുമായി യോഗംചേരുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**ശബരി റെയിൽ പദ്ധതിയുടെ നിർമ്മാണം വൈകുന്നതിനുള്ള കാരണം**

145 (T+5574)<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനംചെയ്യുന്ന ശബരി റെയിൽവേ പദ്ധതി കേന്ദ്ര സർക്കാർ ഉപേക്ഷിച്ചതായി അറിവുണ്ടോ ; ഇല്ലെങ്കിൽ നിർമ്മാണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ശബരിമല റെയിൽ പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; എവിടെയെങ്കിലും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഏറ്റെടുത്തു;

(സി) ശബരി റെയിൽ പദ്ധതിക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന സർക്കാരും റെയിൽവേയും ചേർന്നുള്ള സംയുക്ത സംരംഭങ്ങളിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതി ഉപേക്ഷിച്ചിട്ടില്ല. കോട്ടയം ജില്ലയിൽ പതിമൂന്നോളം വില്ലേജുകളിൽക്കൂടിയാണ് നിർദ്ദിഷ്ട പാത കടന്നുപോകുന്നത്. ഇതിൽ മൂന്ന് വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ച് റെയിൽവേ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പ്രത്യേക പൊന്നുംവില കാര്യാലയങ്ങൾ ഇല്ലാത്തതിനാലാണ് നടപടികൾ വൈകുന്നത്.

(ബി) എറണാകുളം ജില്ലയിൽ അഞ്ച് വില്ലേജുകളിലായി അങ്കമാലി-2.88 ഹെക്ടർ; നെടുമ്പാശ്ശേരി - 4.78 ഹെക്ടർ; മറ്റൂർ - 10.23 ഹെക്ടർ; വടക്കുംഭാഗം - 5.33 ഹെക്ടർ; ചേലാമറ്റം -1.17 ഹെക്ടർ ഉൾപ്പെടെ ആകെ 24.39 ഹെക്ടർ ഭൂമി

+T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഏറ്റെടുത്തിട്ടുണ്ട്.

(സി) കോട്ടയം ജില്ലയിൽ പദ്ധതി ചെലവുകൾക്കായി രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ 35,15,11,977 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

**കൊങ്കൺ പാത ഇരട്ടിപ്പിക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് കൈവരിക്കാനാകുന്ന നേട്ടങ്ങൾ**

146 (T+5575) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊങ്കൺ റെയിൽവേയിൽ സംസ്ഥാനത്തിന്റെ ഓഹരിപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൊങ്കൺ റെയിൽവേയിൽ നിലവിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കൊങ്കൺ പാതയുടെ ഇരട്ടിപ്പിക്കൽ നടപടികൾകൊണ്ട് സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ കേരള സർക്കാരിന് കൊങ്കൺ റെയിൽവേയുടെ ഓഹരികളിൽ 6% പങ്കാളിത്തമായി 48,38,80,000 രൂപയുണ്ട്.

(സി) 1998-ൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തനമാരംഭിച്ചശേഷം ഇന്ത്യയുടെ വടക്ക്-പടിഞ്ഞാറൻ സംസ്ഥാനങ്ങളിലേക്ക് കേരളീയരുടെ യാത്രയിൽ 15 മുതൽ 20 മണിക്കൂർ വരെ കുറവ് വരുത്തുവാൻ കഴിഞ്ഞു. അതിനുമുമ്പ് കാസർഗോഡ് ജില്ലയിലെ ആളുകൾക്ക് മുംബൈയിൽ എത്തിച്ചേരുന്നതിന് 40 മണിക്കൂർ വേണ്ടിവന്നിരുന്നു. ഇപ്പോൾ ആ

+T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സ്ഥാനത്ത് 16 മുതൽ 17 മണിക്കൂർ മതിയാകും. കൊങ്കൺ വഴി ഭക്ഷ്യധാന്യങ്ങൾ സൗകര്യപ്രദമായും വളരെ വേഗത്തിലും കൊണ്ടുവരുന്നതിന് സഹായകമാകുന്നുണ്ട്. ഇപ്പോൾ 26 ജോഡി പ്രതിദിനം/പ്രതിവാര ട്രെയിനുകൾ കേരളത്തിൽനിന്ന് മുംബൈയിലേക്കും തിരിച്ചും കൊങ്കൺ വഴി സർവ്വീസ് നടത്തിവരുന്നു. എന്നിരുന്നാൽപ്പോലും യാത്രക്കാർക്ക് ടിക്കറ്റ് ഉറപ്പാക്കാൻ കഴിയുന്നില്ല. കൊങ്കൺ പാത ഇരട്ടിപ്പിക്കുകയാണെങ്കിൽ ധാരാളം ആളുകൾക്ക് കേരളത്തിൽനിന്ന് രാജ്യത്തിന്റെ വടക്കൻ സംസ്ഥാനങ്ങളിലേക്ക് സുഗമമായി സഞ്ചരിക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള ചരക്ക് കടത്ത് വേഗത്തിലാക്കുന്നതിനും മൊത്തത്തിൽ രാജ്യത്തിന്റെ സാമ്പത്തികവളർച്ചയ്ക്ക് സഹായകരമാവുകയും ചെയ്യും.

### വയനാട്ടിൽ ഹെലികോപ്റ്റർ സർവ്വീസ്

147 (T+5576) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടിയിലെ വയനാട് ജില്ലാശുപത്രിയേയും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയേയും ബന്ധിപ്പിച്ചുകൊണ്ട് ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

### അടിയന്തരാവസ്ഥക്കാലത്തെ വിക്ടിംസ്

148 (5577) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മനുഷ്യാവകാശ കമ്മീഷൻ അടിയന്തരാവസ്ഥക്കാലത്തെ വിക്ടിംസുമായി ബന്ധപ്പെട്ട് (ഡയറി നമ്പർ 13526/CR/2017 ) സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ;

(ബി) ഇതിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

+T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ&ബി) ഉണ്ട്.

(സി) ഈ വിഷയത്തിൽ നടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ റാങ്ക് ലിസ്റ്റ്**

149 (5578) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്രപേരെ നിയമിച്ചു; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുമോ; ഇല്ലെങ്കിൽ ഈ കാലയളവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II ആയി തിരുവനന്തപുരം ജില്ലയിൽ നൽകിയ നിയമനം പുനഃപരിശോധിക്കുമോ;

(സി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ റേഷ്യോയിൽ വരുത്തിയ മാറ്റംമൂലം ഉണ്ടായ തസ്തികനഷ്ടം അധിക തസ്തികകൾ സൃഷ്ടിച്ച് അവ പി.എസ്.സി മുഖേന നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ:

(ഡി) സംസ്ഥാന ജനസംഖ്യയ്ക്ക് ആനുപാതികമായി ജെ.പി.എച്ച്.എൻ. - ന്റെ ഒഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിയമന വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | നിയമനം നൽകിയത് | നിലവിലെ ഒഴിവുകൾ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | - | - |
| കൊല്ലം | - | - |
| പത്തനംതിട്ട | - | - |
| ആലപ്പുഴ | 10 | - |
| കോട്ടയം | 1 | 2 |
| (1) | (2) | (3) |

| | | |
|---|---|---|
| ഇടുക്കി | 4 | 5 |
| പാലക്കാട് | 33 | 4 |
| തൃശ്ശൂർ | 52 | 30 |
| മലപ്പുറം | 67 | 21 |
| എറണാകുളം | 23 | - |
| വയനാട് | 14 | 3 |
| കോഴിക്കോട് | - | - |
| കണ്ണൂർ | 50 | 29 |
| കാസർഗോഡ് | - | - |

(ബി) ഇല്ല. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

150 (5579) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ബോധവൽക്കരണത്തിന്റെ ഭാഗമായി ക്ലാസ്സുകൾ, ലഘുലേഖ വിതരണം, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വീടുകൾതോറുമുള്ള ബോധവൽക്കരണം നടത്തുന്നതിനും പരിസര ശുചിത്വവും വ്യക്തിശുചിത്വവും ഉറപ്പുവരുത്തുന്നതിനും കൂടുതൽ ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള എല്ലാ സബ് സെന്ററുകളിലും വാർഡ് ഹെൽത്ത് സാനിട്ടേഷൻ ന്യൂട്രീഷൻ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ഈ കമ്മിറ്റിയിൽ ആരോഗ്യവകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വാർഡ് മെമ്പർ എന്നിവർ കൂടാതെ ആശാവർക്കർമാർ, കുടുംബശ്രീ വർക്കർമാർ, അയൽക്കൂട്ടത്തിലെ പ്രതിനിധികൾ, വിവിധ ക്ലബ്ബുകളുടെ പ്രതിനിധികൾ, റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, സ്കൂൾ ടീച്ചർമാർ, ആ വാർഡിലെ എൻ.ജി.ഒ.-യുടെ പ്രതിനിധികൾ കൂടാതെ ആയുർവ്വേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി തുടങ്ങിയ രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർമാർ, സാനിട്ടറി കമ്മിറ്റിയിലെ മെമ്പർമാർ, ഹെൽത്ത് വോളന്റിയേഴ്സ് തുടങ്ങിയവരെ ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ ഓരോ വാർഡിലെയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുകയും പകർച്ച വ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. ഇവ കൂടാതെ സ്ഥാപന, പൊതുസ്ഥലം ഉറവിട നശീകരണ ക്യാമ്പെയ്ൻ, ഡ്രൈഡേ ഒബ്സർവൻസ്, നമുക്ക് തോട്ടങ്ങളിലേക്ക് നീങ്ങാം എന്ന ക്യാമ്പെയ്ൻ എന്നിവയും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു.

(ബി) ബോധവൽക്കരണത്തിന്റെ ഭാഗമായി ഐ.ഇ.സി. ആക്ടിവിറ്റീസിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് 50,000 രൂപ വീതവും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകൾക്ക് 30,000 രൂപ വീതവും ഉപയോഗിക്കാനായി ഉത്തരവായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഇതുകൂടാതെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകൾക്ക് 15,000 രൂപ വീതവും കോട്ടയം, ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ 10,000 രൂപ വീതവും പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ 5,000 രൂപ വീതവും എച്ച്1.എൻ1 പനിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിനായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ആവശ്യമെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തൽ**

151 (5580) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി.എച്ച്.സി.- കളെ സി.എച്ച്.സി .-കളായി ഉയർത്തിയിട്ടുണ്ട്;വിശദവിവരങ്ങൾ നൽകാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര പി.എച്ച്.സി.-കളെ സി.എച്ച്.സി.- കളാക്കി ഉയർത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളുടെ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) നിലവിൽ പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തുന്നതിനേക്കാളുപരി ഓരോ വിഭാഗം സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

(ബി) 12 പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി ഉയർത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | പി.എച്ച്. സെന്റർ, പള്ളിക്കൽ |
| | പി.എച്ച്. സെന്റർ, അണ്ടൂർക്കോണം |
| മലപ്പുറം | 24X7 പി.എച്ച്. സെന്റർ, കാളിക്കാവ് |
| | പി.എച്ച്. സെന്റർ, കുഴിമണ്ണം |
| | പി.എച്ച്. സെന്റർ, ഓർക്കാട്ടേരി |
| | 24X7 പി.എച്ച്. സെന്റർ, പെരുവള്ളൂർ |
| കണ്ണൂർ | പി.എച്ച്. സെന്റർ, കോട്ടുമുഖം |
| കോഴിക്കോട് | പി.എച്ച്. സെന്റർ, കോടഞ്ചേരി |
| കോട്ടയം | പി.എച്ച്. സെന്റർ, വാകത്താനം |
| | പി.എച്ച്. സെന്റർ, അയർക്കുന്നം |
| പത്തനംതിട്ട | പി.എച്ച്. സെന്റർ, ചിറ്റാർ |
| എറണാകുളം | പി.എച്ച്. സെന്റർ, പൂത്തോട്ട |

(സി) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല സർക്കാരിന്റെ

നിലവിലെ ലക്ഷ്യം. ആർദ്രം പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിൽ നിന്ന് 170 പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

**അവയവമാറ്റ ശസ്ത്രക്രിയ അനുവദിക്കുന്നതിലെ കാലതാമസം**

152 (5581) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയ അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്;

(ബി) നിലവിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ഏറെ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവയവദാന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1994 -ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Transplantation of Human Organ Act-ഉം തുടർന്ന് പാർലമെന്റിൽ തന്നെ കൊണ്ടുവന്നിട്ടുള്ള നിയമഭേദഗതികളുമാണ് അവയവദാനം സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള നിയമവ്യവസ്ഥകൾ. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജില്ലാതല ആതറൈസേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയക്കുള്ള അനുമതിക്കായി സ്വീകർത്താവ്, ദാതാവ്, ദാതാവിന്റെ ബന്ധുക്കൾ എന്നിവർ ബന്ധപ്പെട്ട ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാകേണ്ടതുണ്ട്. കമ്മിറ്റിയിൽനിന്നും അനുവാദം ലഭിച്ചാൽ മാത്രമേ അവയവമാറ്റം സാധ്യമാവുകയുള്ളൂ. സംസ്ഥാനത്തിന് പുറത്തുവച്ച് നടക്കുന്ന അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് സംസ്ഥാന സർക്കാരിൽനിന്നും എൻ.ഒ.സി. നിർബന്ധമാണ്.

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള നിയമ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

**അവയവ ദാനത്തിന്റെ പേരിൽ ക്രമക്കേടുകൾ**

153 (5582) ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. വി. ജോയി:

ശ്രീ. കെ. ദാസൻ:

ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനത്തിന്റെ പേരിൽ ചില സ്വകാര്യ

ആശുപത്രികൾ നടത്തുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനായി സർക്കാർതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരുടെ സംഘത്തിൽ ഒരു സർക്കാർ ഡോക്ടർ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ഡോക്ടർമാരുടെ സംഘത്തെ എം.പാനൽ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനി ഈ വിഷയം സംബന്ധിച്ച് ശിൽപ്പശാല സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്കമരണ സ്ഥിരീകരണത്തിൽ ക്രമക്കേടുകൾ ആരോപിച്ച് ഡോ. എസ്. ഗണപതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയിന്മേൽ സർക്കാർതലത്തിൽ വിഷയ വിദഗ്ധരെ പങ്കെടുപ്പിച്ച് വിശദമായ ചർച്ച നടത്തുകയും മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ 1-2-2017-ലെ സ.ഉ.(എംഎസ്.)നമ്പർ 16/2017/ആ.കു.വ. പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ മസ്തിഷ്കമരണ സ്ഥിരീകരണം നടത്തുമ്പോൾ തൽസമയ വീഡിയോഗ്രാഫി നടത്തണമെന്നും മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള പാനലിൽ സർക്കാർ മേഖലയിൽ നിന്നുള്ള ഒരു ഡോക്ടർ നിർബന്ധമായും ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ (അപ്രോപ്രിയേറ്റ് അതോറിറ്റി) 15-5-2017-ലെ കെ.3/1533/2017/ഡി.എം.ഇ. നടപടിക്രമപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലെ ഡോക്ടർമാരുടെ സംഘത്തെ എല്ലാ ജില്ലയിലും മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനായി എംപാനൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ ആരോഗ്യവകുപ്പിൽ നിന്നും എം.പാനൽ ചെയ്ത ഡോക്ടർമാർക്കായി ശില്പശാല നടത്തിയിട്ടുണ്ട്. വടക്കൻ ജില്ലകളിലെ ഡോക്ടർമാർക്കായി ജൂൺ മാസത്തിൽ ശില്പശാല നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## പുതിയ സിദ്ധ ഡിസ്പെൻസറികൾ

154 (5583) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും പനി ക്ലിനിക്കുകൾ

155 (5584) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും പനി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ച് അതനുസരിച്ച് ജില്ലകളിൽ പ്രവർത്തനം നടത്താൻ നിർദ്ദേശിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ആരോഗ്യവകുപ്പും സംയുക്തമായി ശുചീകരണ, കൊതുക് നശീകരണ ഉറവിട നശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കുവാൻവേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. ഇതുസംബന്ധിച്ച് വീഡിയോ കോൺഫറൻസ്, സംസ്ഥാനജില്ലാതല ശില്പശാലകൾ പഞ്ചായത്തുതല സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ സർവ്വേ, ശുചിത്വമാപ്പിംഗ് തുടങ്ങിയവയും വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും മറ്റും ശുചീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(ബി) ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഒരു ഡോക്ടർ പനി ബാധിച്ചവരെ മാത്രം ചികിത്സിച്ചുകൊണ്ട് പനി ക്ലിനിക്കുകൾ നടത്തിവരുന്നു.

## ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ്

156 (5585) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ താലൂക്ക് ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ആർദ്രം പദ്ധതിയിൽ അന്ധത നിവാരണ പ്രവർത്തനങ്ങൾക്കായി ഒപ്റ്റോമെട്രിസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ മതിയായ ജീവനക്കാരില്ലാത്തത് അന്ധതാ നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഈ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജില്ലാ/താലൂക്ക് ആശുപത്രികളിൽ സീനിയർ ഒപ്റ്റോ മെട്രിസ്റ്റുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൊമോഷൻ നൽകി പ്രസ്തുത കുറവ് പരിഹരിക്കുന്നതാണ്. താലൂക്ക്/ജില്ലാതല ആശുപത്രികളിൽ ആർദ്രം പദ്ധതി പ്രകാരം 20 ഒപ്റ്റോമെട്രിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ 2017-18, 2018-19, 2019-2020 കാലയളവുകളിലായി സൃഷ്ടിക്കപ്പെടുന്നതാണ്.

(സി) ഇല്ല.

## മുക്കം സി.എച്ച്.സി. നവീകരണത്തിന് മാസ്റ്റർപ്ലാൻ

157 (5586) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം മിഷനിൽ ഉൾപ്പെടുത്തി മുക്കം സി. എച്ച്. സി. നവീകരണത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 14 ജില്ലകളിൽ നിന്നുമായി 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം അടുത്ത ഘട്ടങ്ങളിലെ പരിഗണനാ വിഷയങ്ങളിലാണ് ഉൾക്കൊള്ളിക്കുന്നത്.

**കൂടൽ പി.എച്ച്.സി.-യുടെ നവീകരണം**

158 (5587) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ തീരുമാനപ്രകാരം കൂടൽ പി.എച്ച്.സി.-യെ വനിതകളുടെയും കുട്ടികളുടെയും ആശുപത്രി ആക്കുന്നതിലേയ്ക്ക് കെട്ടിട നിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി തേടിയുള്ള ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചുവോ; എങ്കിൽ എന്നാണ്;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) തുക അനുവദിച്ച് തുടർനടപടികൾ പൂർത്തീകരിച്ചതിനുശേഷം, യഥാസമയം അനുമതി നൽകാതെ വച്ചുതാമസ്സിപ്പിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അനാവശ്യതടസ്സവാദങ്ങൾ ഉന്നയിച്ച് ഫയൽ നടപടിയിൽ കാലതാമസമുണ്ടാക്കുന്നവരുടെ പേരിൽ നടപടി കൈക്കൊള്ളുമോ;

(ഇ) വനിതകളുടെയും കുട്ടികളുടെയും ആശുപത്രിക്കെട്ടിടം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 8 വർഷംമാത്രം പഴക്കമുള്ള കെട്ടിടമായതുകൊണ്ട് പൊളിക്കുന്നതിനുള്ള വിവിധ അനുമതികൾ ആവശ്യമാണ്.

(സി-ഇ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിന് 2011-12, 2012-13 വർഷങ്ങളിലെ ബജറ്റിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക

വർഷത്തിൽ 311 ലക്ഷം രൂപ ഡബ്ല്യു & സി കോന്നി, പത്തനംതിട്ടയ്ക്കായി ഗവൺമെന്റിൽനിന്നും ഭരണാനുമതി നൽകിയിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഒ.റ്റി.എ.സി.എ. (വൺ ടൈം എ.സി.എ.) ഉൾപ്പെടുത്തി ബജറ്റിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കായി പത്തനംതിട്ട കോന്നി താലൂക്ക് ആശുപത്രിക്കായി 319 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകിയെങ്കിലും ആ വർഷം ഒ.റ്റി.എ.സി.എ.-യിൽ തുക ലഭ്യമാക്കുകയുണ്ടായില്ല.

**മാനസികരോഗ ക്ലിനിക്കുകളിൽ ഔഷധങ്ങൾ**

159 (5588) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികരോഗ ക്ലിനിക്കുകളിൽ ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആരെയാണ് നിയമിച്ചിട്ടുള്ളത്;

(ബി) 1948-ലെ ഫാർമസി നിയമപ്രകാരം രോഗികൾക്ക് ഫാർമസിസ്റ്റുകൾ അല്ലാതെ ആരെയെങ്കിലും ഔഷധങ്ങളും ചികിത്സയും നൽകുന്നതിന് അധികാരമോ അനുവാദമോ നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ ക്ലിനിക്കുകളിൽ യോഗ്യരായ ഫാർമസിസ്റ്റുകളെ നിയമിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) ഇത്തരം രോഗികൾക്ക് മരുന്ന് നൽകുവാൻ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മാനസികരോഗ ക്ലിനിക്കുകളിൽ ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നത് അതാത് ആശുപത്രികളിലെ ഫാർമസിസ്റ്റുകളാണ്.

(ബി) ഇല്ല. ഐ.പി. വിഭാഗം രോഗികൾക്ക് ഔഷധങ്ങൾ നൽകേണ്ടത് സ്റ്റാഫ് നഴ്സാണ്. 1948-ലെ ഫാർമസി ആക്ട് അദ്ധ്യായം അഞ്ച്, സെക്ഷൻ 42 പ്രകാരം ഒരു മെഡിക്കൽ ഓഫീസർ സ്വന്തം രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(സി&ഡി) മാനസികാരോഗ്യ ക്ലിനിക്കുകൾ നടക്കുന്ന ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സേവനം ലഭ്യമാണ്.

## ആശ്വാസകിരണം പദ്ധതി

160 (5589) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയനുസരിച്ച് ഇപ്പോൾ എത്ര തുകയാണ് ധനസഹായമായി നൽകിവരുന്നത്; എത്ര പേർക്കാണ് ധനസഹായം നൽകി വരുന്നത്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) മേൽ പദ്ധതിയനുസരിച്ച് അപേക്ഷ നൽകിയ അർഹരായ എത്ര ഗുണഭോക്താക്കളുടെ എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; തീർപ്പുകൽപ്പിക്കേണ്ട അപേക്ഷകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശ്വാസകിരണം പദ്ധതി പ്രകാരം 600 രൂപ ധനസഹായം അനുവദിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 11625 |
| 2 | കൊല്ലം | 4808 |
| 3 | പത്തനംതിട്ട | 2070 |
| 4 | ആലപ്പുഴ | 6060 |
| 5 | കോട്ടയം | 4358 |
| 6 | എറണാകുളം | 7074 |
| 7 | ഇടുക്കി | 1614 |
| 8 | തൃശ്ശൂർ | 6544 |
| 9 | പാലക്കാട് | 7997 |
| 10 | മലപ്പുറം | 11766 |
| 11 | കോഴിക്കോട് | 13361 |
| 12 | വയനാട് | 1626 |
| 13 | കണ്ണൂർ | 8793 |
| 14 | കാസർഗോഡ് | 2555 |
| | **ആകെ** | **90251** |

(ബി) തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1742 |
| 2 | കൊല്ലം | 1067 |
| 3 | പത്തനംതിട്ട | 1204 |
| 4 | ആലപ്പുഴ | 1254 |
| 5 | കോട്ടയം | 1649 |
| 6 | എറണാകുളം | 1859 |
| 7 | ഇടുക്കി | 1121 |
| 8 | തൃശ്ശൂർ | 2247 |
| 9 | പാലക്കാട് | 1543 |
| 10 | മലപ്പുറം | 1803 |
| 11 | കോഴിക്കോട് | 1359 |
| 12 | വയനാട് | 269 |
| 13 | കണ്ണൂർ | 928 |
| 14 | കാസർഗോഡ് | 297 |
| | ആകെ | 18342 |

18342 ഗുണഭോക്താക്കൾക്ക് 2017 ജൂൺ 30-നകം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊല്ലം നിയോജകമണ്ഡലത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ട്**

161 (5590) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ.ആർ.എച്ച്.എം.ഫണ്ട് ഉപയോഗിച്ച് കൊല്ലം നിയോജക മണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കൊല്ലം നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ചുവടെ ചേർക്കുന്നു:

1. ജില്ലാ ആശുപത്രി, കൊല്ലം

- കായകൽപ്പ് ഫണ്ട് ഉപയോഗിച്ച് ഹെർബൽ ഗാർഡൻ (ഔഷധ പൂന്തോട്ടം) നിർമ്മിച്ചു.
- ഇമേജ് റൂം പുതുക്കി നിർമ്മിച്ചു.
- ഡോക്ടർമാർക്കും ജീവനക്കാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
- ഫയർ & സേഫ്റ്റി (അഗ്നി സുരക്ഷ) ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു.
- സാന്ത്വന പരിചരണ പരിപാടികൾ നടപ്പിലാക്കിവരുന്നു.
- ആർ.ബി.എസ്.കെ., എ.കെ.ഫണ്ട് വിതരണം ചെയ്തു.

2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡി.ഇ.ഐ.സി.)

- ഡി.ഇ.ഐ.സി.-യിൽ യന്ത്രസാമഗ്രികൾ വാങ്ങി.

3. ദേശീയ നഗരാരോഗ്യ ദൗത്യം (എൻ.യു.എച്ച്.എം.)

- ഉളിയക്കോവിൽ നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നാല് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.
- വാഡി നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നാല് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

4. ഗവ. വിക്ടോറിയ ആശുപത്രി, കൊല്ലം

- ക്യാഷ് ഫണ്ട് ഉപയോഗിച്ച് പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു. വാർഡ് രൂപീകരിച്ചു.
- പ്രവേശന കവാടം നവീകരിച്ചു.
- പൂന്തോട്ടം നിർമ്മിച്ചു.

## റാന്നി അയിരൂർ ജില്ലാ ആയുർവ്വേദ ആശുപത്രിയിലെ തസ്തികകൾ

162 (5591) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി അയിരൂരിലെ ജില്ലാ ആയുർവ്വേദ ആശുപത്രിയിലെ തസ്തികകൾ ഏതൊക്കെയെന്നും എത്രവീതമെന്നും പറയാമോ; ഇതിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ ജീവനക്കാർ ഉണ്ടെന്ന് പറയാമോ;

(ബി) ജില്ല ആയുർവ്വേദ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; ഇതനുസരിച്ച് പത്തനംതിട്ട ജില്ല ആയുർവ്വേദ ആശുപത്രിയിൽ ഏതൊക്കെ തസ്തികകളാണ് അനുവദിക്കാനുള്ളത്; ഇതനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രെയിൻഡ് മാസിയേഴ്സിന്റെ അഭാവംമൂലം ക്രിയകൾ കൃത്യമായി നടത്തുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)

| ക്രമ നമ്പർ | അനുവദിച്ച തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ചീഫ് മെഡിക്കൽ ഓഫീസർ | 1 |
| 2 | മെഡിക്കൽ ഓഫീസർ (മർമ്മ) | 1 |
| 3 | മെഡിക്കൽ ഓഫീസർ (ജനറൽ) | 4 |
| 4 | ഫാർമസിസ്റ്റ് | 2 |
| 5 | നഴ്സ് | 8 |
| 6 | ഫാർമസി അറ്റൻഡർ | 1 |
| 7 | മർമ്മ അറ്റൻഡർ | 1 |
| 8 | നഴ്സിംഗ് അസിസ്റ്റന്റ് | 6 |
| 9 | ലാബ് ടെക്നീഷ്യൻ | 1 |
| 10 | കുക്ക് | 1 |
| 11 | സാനിട്ടേഷൻ വർക്കർ | 2 |
| 12 | ഫുൾടൈം സ്വീപ്പർ | 1 |
| 13 | ക്ലാർക്ക് | 1 |
| 14 | ക്ലാർക്ക് -കം- ടൈപ്പിസ്റ്റ് | 1 |
| 15 | ആയുർവ്വേദ തെറാപ്പിസ്റ്റ് | 3 |

മേൽപ്പറഞ്ഞവയിൽ താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ലാബ് ടെക്നീഷ്യൻ | 1 |
| 2 | ആയുർവ്വേദ തെറാപ്പിസ്റ്റ് | 3 |
| 3 | ക്ലാർക്ക് -കം- ടൈപ്പിസ്റ്റ് | 1 |
| 4 | സാനിട്ടേഷൻ വർക്കർ | 2 |

(ബി) ജില്ലാ ആയുർവ്വേദ ആശുപത്രികളുടെ നിലവിലുള്ള സ്റ്റാഫ് പാറ്റേണും പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ ഇനി അനുവദിക്കാനുള്ള തസ്തികകളുടെ വിവരവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം | പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രി അനുവദിക്കാനുള്ളത് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആശുപത്രി സൂപ്രണ്ട് | 1 | 1 |
| 2 | ചീഫ് മെഡിക്കൽ ഓഫീസർ | 1 | - |
| 3 | മെഡിക്കൽ ഓഫീസർ (സ്പെഷ്യലിസ്റ്റ്) | 3 | 2 |
| 4 | മെഡിക്കൽ ഓഫീസർ (ജനറൽ) | 2 | - |
| 5 | സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് | 1 | 1 |
| 6 | ഫാർമസിസ്റ്റ് | 2 | - |
| 7 | നഴ്സിംഗ് സൂപ്രണ്ട് | 1 | 1 |
| 8 | നഴ്സ് | 15 | 7 |
| 9 | ഫാർമസി അറ്റന്റർ | 2 | 1 |
| 10 | മർമ്മ അറ്റന്റർ | 1 | - |
| 11 | നഴ്സിംഗ് അസിസ്റ്റന്റ് | 8 | - |
| 12 | ലാബ് ടെക്നീഷ്യൻ | 1 | - |
| 13 | ലാബ് അറ്റൻഡർ | 1 | 1 |
| 14 | തെറാപ്പിസ്റ്റ് | 3 | - |
| 15 | റേഡിയോഗ്രാഫർ | 1 | 1 |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | സാനിട്ടേഷൻ വർക്കർ | 2 | - |
| 17 | ഫുൾടൈം സ്വീപ്പർ | 1 | - |
| 18 | കുക്ക് | 2 | 1 |
| 19 | ലേ സെക്രട്ടറി | 1 | 1 |
| 20 | ക്ലാർക്ക് | 2 | 1 |
| 21 | ടൈപ്പിസ്റ്റ് | 1 | - |
| 22 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |

പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുവദിച്ചിട്ടുള്ള മൂന്ന് മാസിയർമാരുടെ തസ്തികയിൽ പി.എസ്.സി.-യിൽ നിന്നും ആളെ കിട്ടാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആളെ നിയമിച്ചിട്ടുണ്ട്.

## റാബിസ് സിറത്തിന് ക്ഷാമം

163 (5592) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പേവിഷ ബാധയ്ക്കുള്ള ആന്റീ റാബിസ് സിറത്തിന് ക്ഷാമം ഉള്ളതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിൻസ് ബയോ പ്രോഡക്ട്സ് കമ്പിനിയുടെ 16002 ബാച്ചിലെ ആന്റീ റാബിസ് സിറത്തിന്റെ ഗുണനിലവാരത്തിലുണ്ടായ സംശയംമൂലം ഉപയോഗം നിർത്തിവയ്ക്കണമെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇതിന് പകരമായി എന്ത് നടപടിയാണ് കൈക്കൊണ്ടത്;

(സി) സർക്കാർ മേഖലയിൽ ആന്റീ റാബിസ് വാക്സിൻ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ പേവിഷ ബാധയ്ക്കുള്ള ആന്റി റാബിസ് സിറത്തിന് ക്ഷാമമുള്ളതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും സാഹചര്യത്തിൽ ആന്റി റാബിസ് സിറത്തിന് ക്ഷാമംനേരിട്ടാൽ സ്ഥാപന മേധാവികൾക്കുതന്നെ ഈ മരുന്ന് ലോക്കൽ പർച്ചേസ് ചെയ്യുവാനുള്ള അധികാരമുണ്ട്.

(ബി) വിൻസ് ബയോപ്രോഡക്ട്സ് എന്ന കമ്പനിയുടെ ആന്റി റാബിസ് സിറത്തിനെ സംബന്ധിച്ച് (ബാച്ച് നമ്പർ 02AR16002) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം 22-10-2016 മുതൽ താൽക്കാലികമായി മരവിപ്പിക്കുകയും ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ മുഖാന്തരം സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയയ്ക്കുകയുമുണ്ടായി. പ്രസ്തുത ലാബിൽനിന്നും ഗുണനിലവാരമുള്ളതായി പരിശോധനാഫലം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി മരുന്നിന് 5-1-2017-ന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുകയുണ്ടായി. എന്നാൽ ടി മരുന്നിന്റെ പ്രസ്തുത ബാച്ചിന് വീണ്ടും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മരുന്നിന്റെ ഉപയോഗം 9-3-2017 മുതൽ താൽക്കാലികമായി മരവിപ്പിച്ചുവെങ്കിലും ഒരു തവണ ഭാരതത്തിലെ പരമോന്നത ലാബായ സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഗുണനിലവാര പരിശോധനയ്ക്കായി ടി മരുന്ന് അയച്ചിട്ടുള്ളതിനാൽ വീണ്ടും ഗുണനിലവാര പരിശോധന നടത്താൻ സാങ്കേതിക തടസ്സമുള്ളതിനാൽ ടി മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി 22-4-2017-ന് നൽകി. പരാതി ഉയർന്ന ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം താൽക്കാലികമായി മരവിപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത സമയത്ത് ടി മരുന്നിന്റെ മറ്റ് ബാച്ചുകളുടെ (69,948 ഇൻജക്ഷൻ) ശേഖരം സംസ്ഥാനത്തൊട്ടാകെ ലഭ്യമായിരുന്നു.

(സി) സർക്കാർ മേഖലയിൽ ആന്റി റാബീസ് വാക്സിൻ നിർമ്മിക്കുന്നതിനുള്ള പദ്ധതിയില്ല.

**ആരോഗ്യ വകുപ്പിൽ ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം**

164 (5593) <u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>

<u>ശ്രീ. ഇ. കെ.വിജയൻ:</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>

<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണനിലവാരവും ലഭ്യതയും നിരീക്ഷിക്കാനായി ആരോഗ്യ വകുപ്പിൽ ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മെച്ചപ്പെട്ട ആരോഗ്യ പരിപാലനത്തിന് മരുന്നുകളുടെ ഫലപ്രദമായ വിതരണം അനിവാര്യമായതിനാൽ ഇ - ഹെൽത്ത് പദ്ധതിയുമായി ഈ സോഫ്റ്റ്‌വെയർ ബന്ധിപ്പിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗശൂന്യമാകുന്നത് ഒഴിവാക്കാനായി ഈ സോഫ്റ്റ്‌വെയർ എപ്രകാരം ഉപയോഗപ്പെടുത്താമെന്ന് വ്യക്തമാക്കുമോ;

(ഇ) ആശുപത്രികൾ ലോക്കൽ പർച്ചേസ് വഴി സംഭരിക്കുന്ന മരുന്നുകളുടെ വിവരം രേഖപ്പെടുത്താൻ ഈ സോഫ്റ്റ്‌വെയർ പര്യാപ്തമാണോ ?

ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധനയ്ക്കായി മരുന്ന് സാമ്പിളുകൾ മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, സ്വകാര്യ/ഗവൺമെന്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച് വിശദാംശങ്ങൾ എക്സ്.എൽ.എൻ. എന്ന ഓൺലൈൻ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേക്ക് അയയ്ക്കുന്നുണ്ട്. കൂടാതെ പരിശോധനാ ഫലം സംബന്ധിച്ച റിപ്പോർട്ടും ഓൺലൈൻ ആയി ലഭ്യമാക്കുന്നുമുണ്ട്. കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്തിട്ടുള്ള മരുന്നുകൾക്ക് ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ടി മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്നുസംഭരണ ശാലകളിൽ നിന്നും ആശുപത്രി ഫാർമസി സ്റ്റോറുകളിൽ നിന്നുമുള്ള വിതരണം തടയുന്നതിന് ഡി.ഡി.എം.എസ്. എന്ന സോഫ്റ്റ്‌വെയർ മുഖാന്തരം സാധിക്കുന്നതാണ്. അതോടൊപ്പം ഓരോ ആശുപത്രിയും ലോക്കൽ പർച്ചേസ് വഴി നേരിട്ട് സംഭരിക്കുന്ന മരുന്നുകളിൽ ഗുണനിലവാരമില്ലായ്മ കണ്ടെത്തിയാൽ ടി ആശുപത്രിയുടെ ഫാർമസി സ്റ്റോറിൽ നിന്നുമുള്ള ടി മരുന്നുകളുടെ വിതരണവും ഈ സോഫ്റ്റ്‌വെയർ മുഖാന്തരം തടയുവാൻ സാധിക്കുന്നതാണ്.

(ബി) നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, ഗുജറാത്താണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ പ്രവർത്തന സജ്ജമായിട്ടുള്ള എക്സ്.എൽ.എൻ. സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കിയോണിക്സ്) മുഖാന്തരമാണ് ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്.) സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്.) സോഫ്റ്റ്‌വെയർ ഇ-ഹെൽത്ത് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ഡി) ഓരോ ആശുപത്രിക്കും തങ്ങളുടെ കാലാവധി കഴിയാറായ/സ്ലോമൂവിംഗ് ആയ മരുന്നുകൾ മറ്റ് ആശുപത്രി അധികൃതരെ ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്.) സോഫ്റ്റ്‌വെയർ മുഖാന്തരം ശ്രദ്ധയിൽപ്പെടുത്തി അവ മറ്റ് ആശുപത്രിയിലേക്ക് ആവശ്യാനുസരണം കൈമാറി കാലാവധി കഴിയുംമുൻപ് ഉപയോഗസജ്ജമാക്കുവാൻ ഈ സോഫ്റ്റ്‌വെയർ മുഖാന്തരം സാധിക്കുന്നതാണ്.

(ഇ) പര്യാപ്തമാണ്.

**ജനറിക് മരുന്നുകൾ**

165 (5594) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകൾ ഗുണനിലവാരം കുറഞ്ഞ മരുന്നുകളാണെന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ യഥാർത്ഥ വസ്തുത ജനങ്ങളിലെത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജനറിക് മരുന്നുകൾ പൊതുവെ ഗുണനിലവാരം കുറഞ്ഞതാണെന്നത് തെറ്റിദ്ധാരണാജനകമായ ഒരു പ്രചരണം മാത്രമാണ്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്സ് & റൂൾസിലെ മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ഏതൊരു മരുന്നും (ജനറിക്/ബ്രാൻഡഡ്) നിർമ്മിച്ച് വില്പന/വിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ. ജനറിക് മരുന്നുകളുടെ നിർമ്മാണ പ്രക്രിയയ്ക്കോ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾക്കോ പ്രത്യേക ഇളവുകൾ നിയമത്തിൽ നിഷ്കർഷിക്കുന്നില്ല. നിലവിൽ വിപണിയിൽ ലഭ്യമായിട്ടുള്ള ജനറിക് മരുന്നുകളുടെയും ബ്രാൻഡഡ് മരുന്നുകളുടെയും റാന്റം സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

**റാന്നി താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ**

166 (5595) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ എന്നാണ് അനുവദിച്ചത്; ഇതോടൊപ്പം സംസ്ഥാനത്ത് എത്ര ഡയാലിസിസ് സെന്ററുകളാണ് അനുവദിച്ചത്; എവിടെയെല്ലാം; ഇതിൽ എവിടെയൊക്കെ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) റാന്നിയിൽ ഡയാലിസിസ് സെന്റർ ഇതുവരെ ആരംഭിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) റാന്നിയിലെ ഡയാലിസിസ് സെന്റർ എന്ന് തുറന്ന് പ്രവർത്തിക്കാനാവും എന്ന് പറയാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിൽ (തെരഞ്ഞെടുത്ത ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്കാശുപത്രികൾ) ഡയാലിസിസ് സേവനം ഏർപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. (ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*). ഇതിൽ റാന്നി താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

(ബി&സി) റാന്നിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിന് ആവശ്യമായ മരാമത്ത് പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചാലുടൻതന്നെ മരാമത്ത് പണി പൂർത്തിയാക്കി ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ശ്രീമതി വി. എ. രാധാമണിയുടെ പ്രൊമോഷൻ**

167 (5596) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായി ജോലി ചെയ്തുവരുന്ന ശ്രീമതി വി. എ. രാധാമണിയുടെ പ്രൊമോഷൻ തടഞ്ഞുവയ്ക്കുവാനുള്ള കാരണം വിശദമാക്കാമോ;

(ബി) ടിയാളുടെ ജൂനിയറായ എത്രപേർക്ക് ഇതുവരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; ഇങ്ങനെ പ്രൊമോഷൻ നൽകിയ എത്രപേരുടെ പേരിൽ സീനിയോറിറ്റി സംബന്ധിച്ച കേസ് നിലവിലുണ്ട്; വിശദാംശം നൽകുമോ;

(സി) ടിയാളുടെ സീനിയോറിറ്റി സംബന്ധിച്ച കോടതിവിധിയിൽ സർക്കാർ അപ്പീൽ പോയിട്ടുണ്ടോ; സമാനമായ മറ്റ് കേസുകളിൽ അപ്പീൽ പോകാതെ ഈ കേസിൽ മാത്രം അപ്പീൽ പോകാനുള്ള കാരണം വിശദമാക്കാമോ;

(ഡി) ശ്രീമതി വി. എ. രാധാമണിയുടെ പ്രൊമോഷൻ സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ജില്ലാതല നിയമനം നേടിയ വ്യക്തികൾ അതേ തസ്തികയിൽ തുടർന്നു വരികെ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയാൽ സ്ഥലംമാറ്റം നേടിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ സീനിയോറിറ്റി കണക്കാക്കി പ്രൊമോഷൻ നൽകാൻ കെ.എസ്. & എസ്. എസ്.ആർ. ഭാഗം II ചട്ടം 27 പ്രകാരം കഴിയുകയുള്ളൂ. ശ്രീമതി വി. എ. രാധാമണി രണ്ടാംഗ്രേഡ് ജെ.പി.എച്ച്.എൻ. ആയി കാസർഗോഡ് ജില്ലാതല നിയമനം മുഖേന 18-3-1993 മുതൽ ജോലിയിൽ പ്രവേശിച്ച് തുടർന്നുവരവേ അതേ തസ്തികയിൽ തന്നെ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന 5-10-1996-ന് ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. നിലവിലുള്ള ചട്ടപ്രകാരം രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ-ന്റെ സീനിയോറിറ്റി ലിസ്റ്റിൽ 5-10-1996 മുതലുള്ള സീനിയോറിറ്റിക്ക് മാത്രമേ അർഹതയുള്ളൂ. എന്നാൽ 5-10-1996 മുതൽ ശ്രീമതി വി. എ. രാധാമണിക്ക് സീനിയോറിറ്റി നിർണ്ണയിച്ച് നൽകുന്നതിനെതിരെയും കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 18-3-1993 മുതലുള്ള സീനിയോറിറ്റി അനുവദിച്ച് ലഭിക്കുന്നതിനുമായി ടിയാൾ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. നമ്പർ 2824/13-ാം നമ്പറായി കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 9-11-2016-ലെ വിധിന്യായം ശ്രീമതി വി. എ. രാധാമണിക്ക് പ്രൊമോഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവാണെങ്കിലും പ്രസ്തുത വിധി കെ.എസ്. & എസ്. എസ്.ആർ. ഭാഗം II ചട്ടം 27-ന് വിരുദ്ധമാണെന്നു കണ്ടെത്തുകയും അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത വിധിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന നടപടിക്രമങ്ങൾ ആരംഭിക്കുകയുമുണ്ടായി. പ്രസ്തുത അപ്പീൽ കേസ്സിന്റെ വിധിന്യായത്തിന് വിധേയമായിട്ട് മാത്രമേ ടിയാൾക്ക് പ്രൊമോഷൻ നൽകാൻ കഴിയുകയുള്ളൂ.

(ബി) ഒരാൾക്ക് ശ്രീമതി ടി. കെ. ഇന്ദിരാമ്മയെ പ്രൊമോട്ട് ചെയ്യുവാനായി ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ലഭിക്കുകയും ഈ കേസ് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞപ്പോൾ അപ്പീലിന് സാധ്യതയില്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും കോടതി അലക്ഷ്യനടപടി ഒഴിവാക്കുന്നതിലേക്കുമായാണ് പ്രൊമോഷൻ നൽകിയത്. മേൽ പ്രൊമോഷൻ നൽകിയത് സംബന്ധിച്ച് കേസ്സുകളൊന്നും നിലവിലില്ല.

(സി) ടിയാളുടെ സീനിയോറിറ്റി സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിന്റെ 9-11-2016 ഒ.എ. നമ്പർ 2824/13-ാം നമ്പർ കേസ് വിധിന്യായത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന നടപടിക്രമങ്ങൾ നടന്നുവരുന്നു. സമാനകേസുകളിലെല്ലാംതന്നെ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന അപ്പീൽ കേസിന്റെ വിധിന്യായത്തിന് വിധേയമായി ശ്രീമതി വി. എ. രാധാമണിക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

**ആരോഗ്യ കിരണം പദ്ധതി**

168 (5597) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കിരണം പദ്ധതിക്കായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) നാളിതുവരെ എത്ര കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്;

(സി) നാളിതുവരെ എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(ഡി) 2015-16 കാലയളവിൽ ആരോഗ്യ കിരണം പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്; എത്ര കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ കിരണം പദ്ധതിക്കായി ഈ സാമ്പത്തിക വർഷം (2017-18) പതിനെട്ട് കോടി മുപ്പത്തി അഞ്ച് ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്

(ബി) 1,75,70,625 (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി എഴുപതിനായിരത്തി അറുന്നൂറ്റി ഇരുപത്തി അഞ്ച്) കുട്ടികൾക്ക് നാളിതുവരെ ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) നാളിതുവരെ ആരോഗ്യ കിരണം പദ്ധതിക്കായി 27,77,21,488 (ഇരുപത്തിയേഴ് കോടി എഴുപത്തി ഏഴ് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി നാന്നൂറ്റി എൻപത്തിയെട്ട്) രൂപ മാർച്ച് 31, 2017 വരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2015-16 കാലയളവിൽ ആരോഗ്യ കിരണം പദ്ധതിക്കായി 9,08,91,289 രൂപ (ഒൻപത് കോടി എട്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തി ഒമ്പത്) പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 54,82,413 (അൻപത്തിനാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാന്നൂറ്റി പതിമൂന്ന്) കുട്ടികൾക്കാണ് 2015-16 കാലയളവിൽ ആരോഗ്യ കിരണം പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്.

## ആലപ്പുഴ ജനറൽ ആശുപത്രി

169 (5598) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജനറൽ ആശുപത്രി പ്രവർത്തിക്കുന്ന പഴയ കൊട്ടാരം അടങ്ങുന്ന കെട്ടിടങ്ങൾ പലതും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിനാൽ തകർന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൗരാണിക കെട്ടിടങ്ങൾ നവീകരിച്ച് ആശുപത്രി സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ;

(സി) ആരോഗ്യ വകുപ്പിന്റെ വിവിധ ഓഫീസുകൾ ഈ ആശുപത്രി കോമ്പൗണ്ടിലെ ഉപയോഗ ശൂന്യമായിക്കിടക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിച്ചിട്ടില്ല.

(സി) വിവിധ ആഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

## വൈക്കം താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും

170 (5599) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും അനുവദിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തീരദേശപരിപാലന നിയമം തടസ്സമായി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തീരദേശ പരിപാലനനിയമത്തിന്റെ നിബന്ധനകളിൽനിന്നും സർക്കാർ ആശുപത്രികളെ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും അനുവദിക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി&സി) തീരദേശപരിപാലന നിയമവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**മരുന്ന് ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി**

171 (5600) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. സി. എഫ്. തോമസ്:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുൽപ്പാദകരുടെയും വിതരണക്കാരുടെയും കച്ചവടക്കാരുടെയും കൊള്ള സാധാരണ ജനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുൽപ്പാദകരുടെയും വിതരണക്കാരുടെയും കച്ചവടക്കാരുടെയും കൊള്ളയിൽനിന്ന് സാധാരണ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനം സ്വന്തമായി മരുന്ന് ഉല്പാദിപ്പിക്കുന്നതിന് കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മരുന്നുല്പാദകരും കച്ചവടക്കാരും വിതരണക്കാരും നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി മാത്രമാണ് മരുന്നുല്പാദിപ്പിച്ച് വിതരണം/വില്പന നടത്തുന്നത്. നിലവിലുള്ള നിയമങ്ങളെല്ലാംതന്നെ ഇത്തരം നിയമലംഘനങ്ങൾ തടയാൻ പര്യാപ്തമാണ്. ആയതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള കൊള്ള സാധാരണ ജനങ്ങളെ ബാധിക്കുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ സർക്കാർ മേഖലയിൽ ആലപ്പുഴയിൽ ഒരു അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റാണുള്ളത് (കെ.എസ്.ഡി.പി.). കൂടാതെ ഹോമിയോ മരുന്ന് നിർമ്മാണ രംഗത്ത് ഹോംകോയും ആയുർവേദ മരുന്നുനിർമ്മാണ രംഗത്ത് ഔഷധിയും പ്രവർത്തിക്കുന്നു.

**സംസ്ഥാന ആരോഗ്യനയം**

172 (5601) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2017-ൽ ദേശീയ ആരോഗ്യ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് കേന്ദ്ര ആരോഗ്യനയത്തിന് അനുസൃതമായി സംസ്ഥാന ആരോഗ്യനയം പ്രഖ്യാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ആരോഗ്യനയം തയ്യാറാക്കിവരികയാണ്.

**മലബാർ കാൻസർ സെന്ററിനെ ആർ.സി.സി.-യുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി**

173 (5602) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ കാൻസർ സെന്ററിനെ ആർ.സി.സി.-യുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ സെന്ററിന്റെ പുരോഗതിക്ക് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്താൻ മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ ഒമ്പതാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും ഇതു പ്രകാരം 183 കോടി രൂപയുടെ ആദ്യഘട്ട പ്രൊപ്പോസൽ KIIFB (Kerala Infrastructure Investment Fund Board)-ൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി BSNL-നെ SPV ആക്കിക്കൊണ്ട് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ സെന്ററിന്റെ വികസനത്തിനായി 2016-17 ബജറ്റിൽ 2900 (രൂപ ലക്ഷത്തിൽ) 2017-18 ബജറ്റിൽ 3500 (രൂപ ലക്ഷത്തിൽ) അനുവദിക്കുകയുണ്ടായി.

നഴ്സിംഗ് കോളേജ്, ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക്, പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സ്റ്റെംസെൽ യൂണിറ്റിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

**പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ചട്ടപ്രകാരമുള്ള തസ്തികകൾ**

174 (5603) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ചട്ടപ്രകാരം ഏതെല്ലാം തസ്തികകളാണ് ആവശ്യമായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഓരോ തസ്തികയ്ക്കും നിർണയിക്കപ്പെട്ട സേവനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഒരു തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള സേവനം മറ്റൊരു തസ്തികയ്ക്ക് മാറ്റി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

എ) പി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 1 |
| സ്റ്റാഫ് നഴ്സ് | 1 |
| ഫാർമസിസ്റ്റ് | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 1 |
| പി.ടി.എസ്. | 1 |
| ക്ലാർക്ക് | 1 |
| അദർ അറ്റൻഡന്റ് | 1 |

കൂടാതെ 5000 ജനസംഖ്യ ഉൾപ്പെട്ട ഒരു സബ്സെന്ററിന് താഴെപ്പറയുന്ന തസ്തികകളും ആവശ്യമുള്ളതാണ്:

| | |
|---|---|
| ജെ.പി.എച്ച്.എൻ. | 1 |
| ജെ. എച്ച്.ഐ. | 1 |
| എച്ച്.ഐ. | 1 |
| എൽ.എച്ച്.ഐ. | 1 (PHN) |

(ബി) നിലവിലെ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള സേവനങ്ങൾ നടന്നുവരുന്നു.

(സി) അവശ്യ സന്ദർഭങ്ങളിൽ ഒരു തസ്തികയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സേവനം മറ്റൊരു തസ്തികയിൽ സേവനം ചെയ്യുന്നവരെക്കൊണ്ട് സാങ്കേതിക അറിവുകളുടെ കാര്യംകൂടി പരിഗണിച്ച് സേവനം നൽകുന്നതിന് സ്ഥാപനത്തിലെ മേലധികാരിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

**അർബുദ രോഗികൾക്ക് പെൻഷൻ**

175 (5604) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്ന വാർഷികവരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ള എല്ലാ അർബുദരോഗികൾക്കും പെൻഷൻ അനുവദിച്ചിരുന്നോ;

(ബി) അർബുദരോഗികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം തിരുവനന്തപുരം ആർ. സി. സി., മലബാർ കാൻസർ സെന്റർ, മെഡിക്കൽ

കോജേളുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേർഡ് അർബുദ രോഗവിദഗ്ധർക്ക് മാത്രമാക്കി ചുരുക്കി ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ;

(സി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അർബുദ രോഗികൾക്ക് പെൻഷൻ മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അർബുദരോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന പുതിയ ഉത്തരവ് പുനപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളിൽ ചികിത്സ നടത്തിയിട്ടുള്ള വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള രോഗികൾക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളത്.

(ബി) കാൻസർ പെൻഷന് അപേക്ഷിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷാ ഫാറത്തിലെ (ഫോറം നമ്പർ 10) മെഡിക്കലാഫീസറുടെ സർട്ടിഫിക്കറ്റിൽ റീജിയണൽ കാൻസർ സെന്റർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മറ്റ് കാൻസർ ചികിത്സാകേന്ദ്രങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാൻസർ രോഗബാധിതർക്ക് കാൻസർ പെൻഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷയിലെ മെഡിക്കൽ സർട്ടിഫിക്കറ്റിൽ കാൻസർ ചികിത്സ തേടിയ ആശുപത്രിയുടെ പേര് കൃത്യമായും രേഖപ്പെടുത്തേണ്ടതാണെന്നും കാൻസർ സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന് പുറമേ മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ സെന്റർ, എല്ലാ മെഡിക്കൽ കോളേജുകളിലേയും രജിസ്റ്റേർഡ് ഓങ്കോളജിസ്റ്റുകൾ എന്നിവർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (ജി.ഒ. (ആർ.റ്റി.)നമ്പർ 475/2017/ആ.കു.വ. തീയതി 22-2-2017) മേൽ ഉത്തരവ് പ്രകാരം പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാകുകയാണ് ചെയ്തിട്ടുള്ളത്.

(സി) ബാധകമല്ല.

(ഡി) 22-2-2017-ലെ സ.ഉ.(സാധാ)നമ്പർ 475/2017/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം കൂടുതൽ ആശുപത്രികൾക്ക് അനുവദിക്കുകയാണുണ്ടായത്.

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

176 (5605) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പുതിയ ശാഖകൾ എവിടെയെല്ലാമാണ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ മാത്രമായി ആരംഭിച്ച ഫാമിലി മെഡിസിൻ കാർഡ് (പ്രീപെയ്ഡ് കാർഡ്) സംവിധാനം ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത കാർഡ് സംവിധാനം മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നത്;വിശദമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി തുടങ്ങുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു.

| ക്രമ നമ്പർ | ഫാർമസി ആരംഭിക്കുന്ന സ്ഥലം | ജില്ല |
|---|---|---|
| 1 | മണ്ണാർക്കാട് താലൂക്ക് ആശുപത്രി | പാലക്കാട് |
| 2 | പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി | കൊല്ലം |
| 3 | രാമറാവു മെമ്മോറിയൽ ആശുപത്രി, നെടുങ്കോലം | കൊല്ലം |
| 4 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് | കണ്ണൂർ |
| 5 | പാനൂർ സാമൂഹികാരോഗ്യകേന്ദ്രം | കണ്ണൂർ |
| 6 | കല്പറ്റ ജനറൽ ആശുപത്രി | വയനാട് |
| 7 | വൈക്കം താലൂക്ക് ആശുപത്രി | കോട്ടയം |
| 8 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി | കോഴിക്കോട് |

(ബി) ഉണ്ട്. സാധ്യതാപഠനം നടത്തിയതിനുശേഷം മറ്റ് ജില്ലകളിലേക്ക് കൂടി പരിഗണിക്കാവുന്നതാണ്.

(സി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ ബ്രാൻഡഡ്/ജനറിക് മരുന്നുകൾ മിതമായ നിരക്കിൽ നല്കിവരുന്നു. കൂടാതെ താഴെപ്പറയുന്ന കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളിലൂടെ മരുന്നുകൾ സൗജന്യമായി രോഗികൾക്ക് വിതരണം നടത്തിവരുന്നു.

1. കാരുണ്യ ബെനവലന്റ് ഫണ്ട്
2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
3. ആർ.എസ്.ബി.വൈ.
4. ആർ.ബി.എസ്.കെ.
5. ആരോഗ്യകിരണം
6. ജെ.എസ്.എസ്.കെ.
7. സുകൃതം
8. താലോലം
9. എസ്.റ്റി.ഹെൽത്ത് ഇൻഷ്വറൻസ്
10. ഹീമോഫീലിയ
11. എൻഡോസൾഫാൻ
12. കാൻസർ സുരക്ഷ
13. സ്നേഹസാന്ത്വനം.

**ദുർബല വിഭാഗങ്ങൾക്ക് സൗജന്യ ചികിത്സാ സൗകര്യം**

177 (5606) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായും സാമൂഹികമായും ദുർബല വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യമായി ഗുണമേന്മയുള്ള ചികിത്സാ സൗകര്യം ഒരുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്;

(ബി) പൊതുആരോഗ്യകേന്ദ്രങ്ങളിൽ ജനങ്ങളുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നഴ്സിങ് രംഗത്ത് നൈപുണ്യവികസനത്തിനും മാനുഷികവിഭവശേഷി വർദ്ധനക്കായും എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിക്കുന്നത്?

ഉത്തരം

(എ) പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 'ആർദ്രം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ടി പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനും ജില്ല/താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിനും താഴെത്തട്ടിലുള്ള രോഗനിവാരണ പ്രവർത്തനങ്ങൾക്കായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനും രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖകൾ പ്രകാരമുള്ള ഗുണമേന്മയുള്ള ചികിത്സാ സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു കൊണ്ടും ഡോക്ടർമാർഅടക്കമുള്ള വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക അധികമായി സൃഷ്ടിച്ച് നിയമിച്ചുകൊണ്ടും ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നഴ്സിംഗ് രംഗത്ത് നൈപുണ്യവികസനത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ കാറ്റഗറികളിലുള്ള നഴ്സിംഗ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ നഴ്സിംഗ് സർവ്വീസിന്റെ വികസനത്തിനായി 2210-1-01-001-90 എന്ന ശീർഷകത്തിൽ 147 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ Inservice training, Supervisory & Management Training to Nurse Administrators, Emergency & Trauma care, Induction training to Staff Nurses മുതലായ Training Programmes നടപ്പിലാക്കുന്നതാണ്. കൂടാതെ നഴ്സിംഗ് അസിസ്റ്റന്റ് വിഭാഗത്തിന് ട്രെയിനിംഗ് നൽകാനുള്ള കൈ പുസ്തകം തയ്യാറാക്കുന്നതിനും, അതിൻ പ്രകാരം എല്ലാ ജില്ലയിലും നഴ്സിംഗ് അസിസ്റ്റന്റുമാർക്കുള്ള ട്രെയിനിംഗ് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതി**

178 (5607) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന ആർദ്രം ദൗത്യത്തിൽ ദന്ത ചികിത്സാ വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ബി) റൂട്ട് കനാൽ പോലുള്ള ചികിത്സയ്ക്ക് മിക്ക താലൂക്ക് ആശുപത്രികളിലും ഉപകരണങ്ങൾ ഇല്ലാത്തതിനാൽ അതിനായി മെഡിക്കൽ കോളേജുകളിലെ ദന്തൽ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നുവെന്നത് വസ്തുതയാണോ;

(സി) എങ്കിൽ താലൂക്ക് ആശുപത്രികളിൽ ആധുനിക ദന്ത ചികിത്സയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കിയും, ആവശ്യമുള്ള ഡോക്ടർമാരുടെയും, പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് പാവപ്പെട്ട രോഗികൾക്ക് ദന്ത ചികിത്സാ സൗകര്യം ഉറപ്പാക്കുമോ?

<u>ഉത്തരം</u>

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) റൂട്ട് കനാൽ ട്രീറ്റ്മെന്റ് പോലുള്ള ചികിത്സയ്ക്ക് മിക്ക താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ജനറൽ ഹോസ്പിറ്റലുകളിലും ആവശ്യത്തിനുള്ള ഉപകരണങ്ങളുണ്ട്. മിക്കവാറും എല്ലാ പല്ലുകളുടെയും പ്രത്യേകിച്ച് മുൻനിര പല്ലുകളുടെ റൂട്ട് കനാൽ ചികിത്സ മേൽപ്പറഞ്ഞ ആശുപത്രികളിൽ ചെയ്തുവരുന്നു. എന്നാൽ കോംപ്ലിക്കേറ്റഡ് (വളരെ ബുദ്ധിമുട്ടുള്ള) പല്ലുകളുടെ പ്രധാനമായും അണപ്പല്ലുകളുടെ (MOLAR TEETH) റൂട്ട് കനാൽ ചികിത്സയ്ക്ക് ഡെന്റൽ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ആവശ്യമാണ്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഡെന്റൽ പ്ലാൻ ഫണ്ടിൽ സംസ്ഥാനത്ത് 500 ലക്ഷം രൂപ (5 കോടി രൂപ) ദന്തചികിത്സയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെയും മെറ്റീരിയലുകളുടെയും പുതിയ ഡെന്റൽ യൂണിറ്റുകൾ സെറ്റ് ചെയ്യുന്നതിനുമായി ഔട്ട്ലേ ( OUT LAY) വകയിരുത്തിയിട്ടുണ്ട്. ഇത് ആധുനിക ദന്ത ചികിത്സയ്ക്ക് പ്രയോജനം ചെയ്യുന്ന സ്പെഷ്യാലിറ്റി ഉപകരണങ്ങളും മെറ്റീരിയലുകളും കരസ്ഥമാക്കുന്നതിനുംകൂടി ഉദ്ദേശിച്ചുള്ളതാകുന്നു. ആവശ്യമുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് രോഗികൾക്ക് ദന്തചികിത്സാ സൗകര്യം കൂടുതൽ ഉറപ്പാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

## ആർദ്രം പദ്ധതി

179 (5608) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലയിലെ ഗവൺമെന്റ് ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) രോഗികൾക്ക് ആശ്വാസമായ പ്രസ്തുത പദ്ധതി പ്രകാരം ഡോക്ടർ, നഴ്സ്, ലാബ്ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരുടെ നിലവിലുള്ള തസ്തിക പര്യാപ്തമാണോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി തസ്തിക സൃഷ്ടിക്കുവാനും നിയമിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1 | ജില്ലാ ആശുപത്രി, തിരൂർ |
| 2 | താലൂക്ക് ആസ്ഥാന ആശുപത്രി, മലപ്പുറം |
| 3 | താലൂക്ക് ആശുപത്രി, കുറ്റിപ്പുറം |
| 4 | ജില്ലാ ആശുപത്രി, നിലമ്പൂർ |
| 5 | താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി |
| 6 | താലൂക്ക് ആസ്ഥാന ആശുപത്രി, തിരൂരങ്ങാടി |
| 7 | ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ |
| 8 | സി.എച്ച്.സി. കൊണ്ടോട്ടി (താലൂക്ക് തലത്തിൽ) |
| 9 | പ്രാഥമികാരോഗ്യ കേന്ദ്രം, വഴിക്കടവ് |
| 10 | പ്രാഥമികാരോഗ്യ കേന്ദ്രം, ഓഴൂർ |
| 11 | പ്രാഥമികാരോഗ്യ കേന്ദ്രം, തിരുനാവായ |
| 12 | പ്രാഥമികാരോഗ്യ കേന്ദ്രം, ആലൻകോട് |
| 13 | പ്രാഥമികാരോഗ്യ കേന്ദ്രം, പൊൻമല |

| | |
|---|---|
| 14 | പ്രാഥമികാരോഗ്യ കേന്ദ്രം, പാഡിക്കാട് |
| 15 | പ്രാഥമികാരോഗ്യ കേന്ദ്രം, മൊറയൂർ |
| 16 | പ്രാഥമികാരോഗ്യ കേന്ദ്രം, പുളിക്കൽ |
| 17 | പ്രാഥമികാരോഗ്യ കേന്ദ്രം, അത്താണിക്കൽ |
| 18 | പ്രാഥമികാരോഗ്യ കേന്ദ്രം, പരപ്പനങ്ങാടി |
| 19 | പ്രാഥമികാരോഗ്യ കേന്ദ്രം, കുഴിമണ്ണ |
| 20 | പ്രാഥമികാരോഗ്യ കേന്ദ്രം, ചോക്കാട് |
| 21 | പ്രാഥമികാരോഗ്യ കേന്ദ്രം, താഴേക്കോട് |
| 22 | പ്രാഥമികാരോഗ്യ കേന്ദ്രം, കുന്നംപുറം |
| 23 | പ്രാഥമികാരോഗ്യ കേന്ദ്രം, വട്ടംകുളം |
| 24 | പ്രാഥമികാരോഗ്യ കേന്ദ്രം, പാങ്ങ് |
| 25 | പ്രാഥമികാരോഗ്യ കേന്ദ്രം, എടയൂർ |

(ബി&സി) 12-5-2017 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 75/2017/ ആ.കു.വ. പ്രകാരം ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കായി 170 ഡോക്ടർമാരുടെയും 340 സ്റ്റാഫ് നഴ്സിന്റെയും 170 ലാബ് ടെക്നീഷ്യന്റെയും (മൊത്തം 680) ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് മുൻഗണന നൽകുന്നത്.

**ആർദ്രം പദ്ധതി**

180 (5609) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന 170 ജീവിതശൈലി രോഗനിവാരണ ക്ലിനിക്കുകളിൽ ജീവൻരക്ഷാ ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആരെയാണ് നിയമിച്ചിട്ടുള്ളത്;

(ബി) 1948-ലെ ഫാർമസി നിയമ പ്രകാരം രോഗികൾക്ക് ഔഷധവും ചികിത്സയും നൽകുന്നതിന് ഫാർമസിസ്റ്റുകൾ അല്ലാതെ ആർക്കെങ്കിലും അധികാരമോ അനുവാദമോ നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ജീവിതശൈലീ രോഗനിവാരണ ക്ലിനിക്കുകളിൽ യോഗ്യരായ ഫാർമസിസ്റ്റുകളെ നിയമിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) ഇത്തരം രോഗികൾക്ക് മരുന്ന് നൽകുവാൻ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകളിൽ ഫാർമസിസ്റ്റുമാരാണ് ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നത്.

(ബി) 1948-ലെ ഫാർമസി നിയമപ്രകാരം മരുന്നുകൾ ഡിസ്പെൻസ് ചെയ്യുന്നതിന് ഫാർമസിസ്റ്റുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് പ്രകാരം ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതികൾക്ക് മരുന്ന് വിതരണം ചെയ്യാനുള്ള അവകാശം ഫീൽഡ് വിഭാഗം ജീവനക്കാർക്കും നൽകിയിട്ടുണ്ട്.

(സി&ഡി) ബാധകമല്ല.

**ആർദ്രം പദ്ധതിയിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ തസ്തികകൾ**

181 (5610) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആരോഗ്യമേഖലയിലെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾകൊള്ളിച്ചിട്ടുള്ളത്;

(ബി) ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ആരോഗ്യമേഖലയിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(സി) ആർദ്രം പദ്ധതിയിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കുന്നത്; ഇവരെ ഉടൻ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്ര എണ്ണം ഇ.സി.ജി. ടെക്നീഷ്യൻമാരെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോക്കോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 518184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം 12.92 കോടി രൂപ അനുവദിക്കുകയും ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ കീഴിൽ 5257 അധിക തസ്തികകൾ മൂന്നുവർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും 680 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) ആർദ്രം പദ്ധതി പ്രകാരം 84 ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

## ഫാർമസി നിയമപ്രകാരം ജീവൻരക്ഷാ ഔഷധങ്ങൾ കൈകാര്യം ചെയ്യാൻ നടപടി

182 (5611) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ലെ ഫാർമസി നിയമം സെ.42 പ്രകാരം ജീവൻരക്ഷാ ഔഷധങ്ങൾ കൈകാര്യം ചെയ്യുവാൻ ആർക്കാണ് അധികാരം നൽകിയിട്ടുള്ളത്;

(ബി) ഫാർമസി നിയമം കർശനമായി നടപ്പിലാക്കണമെന്നും സർക്കാർ-സ്വകാര്യ ആശുപത്രികളിലും ഷോപ്പുകളിലും യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയോഗിച്ച് മാത്രമേ മരുന്ന് വിതരണം നടത്താവൂ എന്നും 2-12-2016-ൽ ഹൈക്കോടതി വിധി പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിധി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അട്ടപ്പാടി ഉൾപ്പടെയുള്ള ആദിവാസി ഊരുകളിൽ മരുന്നുകൾ നൽകുന്നത് അങ്കണവാടി വർക്കർമാരും ആശ വർക്കർമാരും ട്രൈബൽ പ്രൊമോട്ടർമാരും ആണെന്നത് വസ്തുതയാണോ; എങ്കിൽ ഈ മേഖലയിലും യോഗ്യരായ ഫാർമസിസ്റ്റുകളുടെ സേവനം ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫാർമസി വിദ്യാഭ്യാസം കഴിഞ്ഞ് ഫാർമസി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്ക് മാത്രമേ അധികാരം നൽകിയിട്ടുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോളർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ തുടങ്ങിയവരോട് ഈ കോടതിവിധി അനുസരിച്ചും ഫാർമസി നിയമങ്ങളനുസരിച്ചും ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമുള്ള ഫാർമസിസ്റ്റുകളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ ജനറൽ കൗൺസിൽ തീരുമാനമനുസരിച്ച് കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ റസല്യൂഷൻ നൽകിയിട്ടുണ്ട്. അതോടൊപ്പം ഫാർമസി ഇൻസ്പെക്ടർമാർ പരിശോധന നടത്തി നിയമ ലംഘനങ്ങൾ കൗൺസിലിൽ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അതെ. ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945-ലെ ഷെഡ്യൂൾ (കെ) പ്രകാരം, താഴെപ്പറയുന്ന സെന്ററുകളെ/വ്യക്തികളെ മരുന്നുവിതരണത്തിനായി ഔഷധ വിതരണ/വില്പന ലൈസൻസുകൾ എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ഉപകേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകർ
2. ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് വോളന്റിയേഴ്സ്.
3. അർബൻ ഫാമിലി വെൽഫെയർ സെന്റേഴ്സ്/പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ/ഉപകേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നഴ്സുമാർ, അക്സിലറി നഴ്സ്, മിഡ് വൈവ്സ്, ലേഡി ഹെൽത്ത് വിസിറ്റേഴ്സ്
4. അങ്കണവാടി വർക്കേഴ്സ്

ആയതിനാൽ മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ഭാഗമായി ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയും ഔഷധ വിതരണ/ വ്യാപാര ലൈസൻസ് ഇല്ലാതെയുള്ള മരുന്നുവിതരണം നടത്തുന്നതിന് നിയമപരമായി തടസ്സങ്ങളില്ല.

**പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലെ ശോചനീയാവസ്ഥ**

183 (5612) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപ്പുസാമ്പത്തിക വർഷംതന്നെ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മൂട്ടശല്യം നിമിത്തം രോഗികൾക്ക് കിടക്കുവാനോ ഉറങ്ങുവാനോ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രി പരിസരത്തുള്ള ചപ്പുചവറുകൾനീക്കി ശുചിത്വപൂർണ്ണമായി സംരക്ഷിക്കുവാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രിയിലെ സൗകര്യക്കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ഉൾപ്പെടെയുള്ള കുറവുകൾ പരിഹരിക്കുന്നതിന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പഞ്ചകർമ്മ ആശുപത്രിയിലെ വാർഡുകളിലെയും മറ്റും മൂട്ടശല്യം ഒഴിവാക്കുന്നതിന് മരുന്ന് ഉപയോഗിച്ച് പ്രശ്നം പരിഹരിക്കുകയും ശാശ്വത പരിഹാരത്തിന് വെയർഹൗസിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പഞ്ചകർമ്മ ആശുപത്രിയിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് "സോളിഡ് വേസ്റ്റ് ബർണർ" സ്ഥാപിക്കുകയും അത് നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ ആശുപത്രിയിലെ പരിസരം ശുചിത്വപൂർണ്ണമായി സംരക്ഷിക്കുന്നതിനും മഴക്കാലജന്യ രോഗങ്ങളെ തടയുന്നതിനും നാഷണൽ സർവ്വീസ് സ്കീം അംഗങ്ങളെ ഉൾപ്പെടുത്തി ആശുപത്രി ജീവനക്കാരും അദ്ധ്യാപക വിദ്യാർത്ഥി സംഘങ്ങളും ആശുപത്രി പരിസരത്തുള്ള ചപ്പുചവറുകളെല്ലാംതന്നെ നീക്കിയിട്ടുണ്ട്. ടി പ്രവൃത്തി ഇടയ്ക്കിടെ തുടർന്നുവരുന്നുണ്ട്.

**ഫാർമസി കോളേജുകളിൽ സർക്കാർ സീറ്റുകൾ**

184 (5613) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർ ഇൻ ഫാർമസി (ഫാം.ഡി) കോഴ്സുകൾ നടത്തുന്ന ഫാർമസി കോളേജുകളിൽ എവടെയെല്ലാമാണ് സർക്കാർ സീറ്റുകൾ അനുവദിച്ചിട്ടുള്ളത്;

(ബി) സർക്കാർ സീറ്റുകൾ അനുവദിച്ചിട്ടില്ലാത്ത മറ്റ് കോളേജുകളിൽ കൂടി സർക്കാർ സീറ്റുകൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 16 സ്വാശ്രയ കോളേജുകളിലാണ് ഫാം-ഡി കോഴ്സ് നടത്തുന്നത്. കോളേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പ്രസ്തുത കോളേജുകളിൽ ഓരോന്നിലും 30 സീറ്റുകൾവീതം ആകെ 480 സീറ്റുകളാണുള്ളത്. ഇതിൽ അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ മാത്രമാണ് 2016-17 അധ്യയന വർഷത്തിൽ സർക്കാരുമായി 50% സീറ്റ് പങ്കിടുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ളത്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് ജോലിചെയ്യുന്ന സർക്കാർ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

185 (5614) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് ജോലിചെയ്യുന്ന സർക്കാർ ജീവനക്കാരുടെ വിവിധ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ സീനിയോറിറ്റി നിശ്ചയിച്ചതിൽ അപാകത ഉണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) സീനിയോറിറ്റി സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

## സ്വകാര്യ ആശുപത്രികളിൽ നിലനിൽക്കുന്ന അനഭിലഷണീയമായ പ്രവണതകൾ

186 (5615) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നിലനിൽക്കുന്ന അനഭിലഷണീയമായ പ്രവണതകളെ നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) അനാവശ്യമായ പരിശോധനകളും, മരുന്ന് കുറിക്കലും ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017" -ന് രൂപംനൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി

187 (5616) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള ഘടകത്തെ പിരിച്ചുവിട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടാൻ പാടില്ല എന്ന നിയമവ്യവസ്ഥ ശരിവെച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി സൊസൈറ്റി കേരള ഘടകത്തിൽനിന്നും പിടിച്ചെടുത്ത വസ്തുവകകൾ റെഡ്ക്രോസ് സൊസൈറ്റി ദേശീയ ഘടകം അംഗീകരിച്ച മാനേജിംഗ് കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ടോ;

(ഡി) ടി സൊസൈറ്റി കേരള ഘടകത്തെ നിയമവിരുദ്ധമായി പിരിച്ചുവിട്ട നടപടിക്കെതിരെ ഭരണ സമിതി നൽകിയ കേസുകളിൽ എതിർവാദം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും, ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും പൊതു ഖജനാവിൽനിന്നും എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള ഘടകം പിരിച്ചുവിട്ടുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിനെതിരെ സമർപ്പിച്ച ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽനിന്നും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും ഉണ്ടായ വിധിക്ക് വിധേയമായി ബഹുമാനപ്പെട്ട കേരള അഡ്വ. ജനറലിന്റെ 25-4-2017 തീയതിയിലെ SLP(C)10116/17 നമ്പർ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാത്ത സാഹചര്യത്തിൽ ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ചിന്റെ പ്രസിഡന്റായ ബഹുമാനപ്പെട്ട കേരള ഗവർണ്ണറോട് തുടർനടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബഹുമാനപ്പെട്ട കേരള അഡ്വ. ജനറലിന്റെ 25-4-2017 തീയതിയിലെ SLP(C)10116/17 നമ്പർ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാത്ത സാഹചര്യത്തിൽ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ചിൽനിന്നും പിടിച്ചെടുത്ത വസ്തുവകകൾ കൈമാറിയിട്ടില്ല.

(ഡി) റെഡ് ക്രോസ് കേരള ഘടകത്തെ പിരിച്ചുവിട്ട നടപടിക്കെതിരെ നൽകിയ കേസ്സുകളിൽ എതിർവാദം ഉന്നയിക്കുന്നത് ബഹുമാനപ്പെട്ട കേരള അഡ്വ. ജനറൽ ആയതിനാൽ ടി കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും പൊതുഖജനാവിൽ നിന്നും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

**നഴ്സിംഗ് തസ്തിക സൃഷ്ടിക്കാൻ നടപടി**

188 (5617) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരമുള്ള നഴ്സിംഗ് തസ്തിക സൃഷ്ടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര തസ്തികകളാണ് ഈ വിഭാഗത്തിൽ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സൃഷ്ടിച്ച നഴ്സിംഗ് തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. 29-4-2017-ലെ സ.ഉ.(എം എസ്.)നമ്പർ 67/2017/ആ.കു.വ. പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ 721 തസ്തിക സൃഷ്ടിച്ചു.
2. 5-5-2017-ലെ സ.ഉ. (എം എസ്.)നമ്പർ72/2017/ആ.കു.വ. പ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ നഴ്സിംഗ് വിഭാഗത്തിൽ 84 തസ്തികകൾ സൃഷ്ടിച്ചു. ആരോഗ്യവകുപ്പിനുകീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ പി.എച്ച്.സി.-കളിലായി 340 സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് 12-5-2017-ലെ സ.ഉ.(എം എസ്.)നമ്പർ 75/2017/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) മൂന്ന് വർഷംകൊണ്ട് ആരോഗ്യ വകുപ്പിനുകീഴിൽ 1610 സ്റ്റാഫ് നഴ്സിന്റെ തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജിൽ /സ്ഥാപനങ്ങളിൽ 2874 സ്റ്റാഫ് നഴ്സിന്റെ തസ്തികകളും സൃഷ്ടിക്കുമെന്നാണ് 2017-18 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

**ഇന്ത്യൻ ഡെന്റൽ കൗൺസിൽ**

189 (5618) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഡെന്റൽ കൗൺസിലിൽ സംസ്ഥാനത്തിന്റെ പ്രതിനിധി നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രതിനിധിയെ നിയമിക്കുവാൻ വൈകുന്നതിന്റെ കാരണമെന്താണ്;

(ബി) സ്വകാര്യ ഡെന്റൽ കോളേജ് അദ്ധ്യാപകനെ കൗൺസിലിലേക്കുള്ള കേരളത്തിന്റെ പ്രതിനിധിയായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഡെന്റൽ കോളേജുകളിലെ മുതിർന്ന അദ്ധ്യാപകർ അടക്കമുള്ളവർ ഇന്ത്യൻ ഡെന്റൽ കൗൺസിലിൽ സർക്കാർ പ്രതിനിധിയായി നിയമിക്കുവാൻ അർഹതയുള്ളപ്പോൾ സ്വകാര്യ ഡെന്റൽ കോളേജ് അദ്ധ്യാപകനെ കൗൺസിലിലേക്ക് പരിഗണിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഡെന്റിസ്റ്റ് ആക്ട് 1948 സെക്ഷൻ 3(e) പ്രകാരം ഡെന്റൽ കൗൺസിലിൽ സർക്കാർ പ്രതിനിധിയായി സർക്കാർ ഡെന്റൽ കോളേജുകളിലെ അദ്ധ്യാപകർ വേണമെന്ന് നിഷ്കർഷിക്കുന്നില്ല.

**ലബോറട്ടറി ടെസ്റ്റ് റിസൾട്ടുകളിലെ അന്തരം**

190 (5619) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാരിന്റെയും പ്രൈവറ്റ് ആശുപത്രികളിലേയും ലാബ്ടെസ്റ്റുകളിൽ പലതിലും വലിയ അന്തരങ്ങൾ ഉണ്ടാകുന്നു എന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല ലാബുകളിലും ഒരേ ടെസ്റ്റിന്റെ റിസൾട്ടുകളിൽ വലിയ അന്തരം ഉണ്ടാകുന്നതിനാൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(സി) കേരളത്തിൽ സർക്കാർ ആശുപത്രികളിൽ അല്ലാതെ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള എത്ര ലാബോറട്ടറികൾ പ്രവർത്തിയ്ക്കുന്നുണ്ട്; ജില്ലതിരിച്ച് പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽമാത്രം എത്ര സർക്കാർ ലാബുകൾ ഉണ്ട്; ഏതൊക്കെ; പേരുസഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ സർക്കാരിന്റെ ലൈസൻസോടുകൂടി എത്ര പ്രൈവറ്റ് ലബോറട്ടറികൾ ഉണ്ട്; ഏതൊക്കെ; പേരുസഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽ സർക്കാർ ആശുപത്രികളിൽ അല്ലാതെ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് ലാബുകൾ ചുവടെ കൊടുക്കുന്നു.

സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം

റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, എറണാകുളം

റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, കോഴിക്കോട്

റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, കണ്ണൂർ

ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, കൊല്ലം

ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, ആലപ്പുഴ

കൂടാതെ മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകൾ ആരംഭിച്ചു. പബ്ലിക് ഹെൽത്ത് ലാബുകളിൽ ബി.പി.എൽ. വിഭാഗം രോഗികൾക്ക് എല്ലാവിധ ടെസ്റ്റുകളും സൗജന്യമായി ചെയ്യുന്നുണ്ട്. പകർച്ചവ്യാധികളും അല്ലാത്തവയുമായ രോഗങ്ങൾക്കുള്ള ടെസ്റ്റുകൾ ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ എന്നിവ പബ്ലിക് ഹെൽത്ത് ലാബ്‌വഴി നടപ്പാക്കുന്നുണ്ട്.

(ഡി&ഇ)) അനുബന്ധമായി * ചേർത്തിട്ടുണ്ട്.

**ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സി.ടി. സ്കാൻ**

191 (5620) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സി.ടി. സ്കാൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതിനായി തുക അനുവദിച്ചതിൽ പ്രസ്തുത സ്കാനർ സ്ഥാപിക്കുമ്പോൾ നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾക്കും ട്രാൻസ്ഫോർമർ അടക്കമുള്ള ഇലക്ട്രിക്കൽ സംവിധാനങ്ങൾക്കും തുക അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി തുക അനുവദിച്ച്, സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി&സി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ സി.ടി. സ്കാൻ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. സി.ടി. സ്കാൻ വിതരണം ചെയ്യുന്നതിന് 1,42,00,000 രൂപ (ഒരു കോടി നാല്പത്തിരണ്ട് ലക്ഷം രൂപ) സർക്കാർ അനുമതി നൽകുകയും അധികമായി ആവശ്യമുള്ള തുക മറ്റ് ധന സ്രോതസ്സിൽനിന്നും (ആശുപത്രി മെയിന്റനൻസ് ഫണ്ട്, എം.എൽ.എ. ഫണ്ട്/ എം.പി. ഫണ്ട്) എന്നിവയിൽനിന്നും കണ്ടെത്തണമെന്നും ഭരണാനുമതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

**ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മാലിന്യ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സംസ്കരണ പ്ലാന്റ്**

192 (5621) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ച മാലിന്യസംസ്കരണ പ്ലാന്റിന്റെ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാനസൗകര്യ വികസനത്തിൽ ഏറെ മുന്നേറിയ ചാലക്കുടി താലൂക്ക് ആശുപത്രിയിൽ കിടപ്പുരോഗികളുടേയും ഔട്ട് പേഷ്യന്റിന്റേയും എണ്ണത്തിലുണ്ടായ വർദ്ധനയ്ക്കനുസരിച്ച് ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ആവശ്യമായ ഫണ്ട് അനുവദിച്ച്, നിർദ്ദിഷ്ട മാലിന്യസംസ്കരണ പ്ലാന്റ് ഉടൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 24-1-2014-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 261/2014/എച്ച് &എഫ്.ഡബ്ല്യൂ.ഡി. പ്രകാരം ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പാഴ്ജല സംസ്കരണ യൂണിറ്റിന് 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ജീവിതശൈലീ രോഗങ്ങൾ**

193 (5622) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മന്ത് രോഗികൾക്കായുള്ള പ്രത്യേക സഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പാശ്ചാത്യവത്കരണവും നഗരവത്കരണവും തുടങ്ങി ജനങ്ങളുടെ ജീവിതശൈലിയിൽവന്ന മാറ്റങ്ങൾ കാരണം പ്രമേഹം, രക്താദിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, കാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന അമൃതം ആരോഗ്യം എന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. ജീവിതശൈലീ രോഗങ്ങളിലേയ്ക്ക് നയിക്കുന്ന ഘടകങ്ങളുടെ നിയന്ത്രണത്തിന് ഉതകുന്ന ബോധവത്ക്കരണ പരിപാടി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ആരംഭത്തിലേ ചികിത്സിക്കുന്നതിനും സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനുമുള്ള സെക്കന്ററി കെയർ, രോഗം മൂർച്ഛിക്കാതെ ഗുരുതരാവസ്ഥയെ പ്രതിരോധിക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങളെ സജ്ജമാക്കുന്നതിനുള്ള ടെർഷ്യറി കെയർ എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇത് ശാക്തീകരിക്കുന്നതിനുള്ള വിവിധ നടപടികൾ ഓരോ സാമ്പത്തിക വർഷവും സ്വീകരിച്ചുവരുന്നു.

(ബി) മന്ത് രോഗം 2020-ഓടെ കേരളത്തിൽനിന്നും നിവാരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് എം.ഡി.എ. (സാമൂഹ്യ ചികിത്സ). സമൂഹത്തിലെ എല്ലാപേരും വർഷത്തിൽ ഒരു പ്രാവശ്യം എന്ന തോതിൽ 5 വർഷം തുടർച്ചയായി ഒരു ഡോസ് ഡി.ഇ.സി., ആൽബൻഡസോൾ ഗുളികകൾ കഴിക്കുന്നതുമൂലം കൊതുകുവഴിയുള്ള മന്ത് രോഗ വ്യാപനം പൂർണ്ണമായും തടയാൻ കഴിയും.

മന്ത് രോഗികൾക്കായി വീടുവീടാന്തരം ആരോഗ്യ പ്രവർത്തകർ രാത്രികാല രക്ത പരിശോധന നടത്തിവരുന്നു. എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം സ്റ്റാറ്റിക് ക്ലിനിക്കുകളും, (രാത്രികാല രക്തപരിശോധന) മോർബിഡിറ്റി ക്ലിനിക്കുകളും നടത്തിവരുന്നു. രോഗവാഹകർക്കും മന്ത് രോഗികൾക്കും ഡി.ഇ.സി. ഗുളികകളും ആൽബൻഡസോൾ ഗുളികകളും നൽകിവരുന്നു. കൂടാതെ രോഗാതുരത കുറയുന്നതിനും അംഗവൈകല്യങ്ങൾ തടയുന്നതിനുംവേണ്ടിയുള്ള ക്ലിനിക്കുകളും എല്ലാ ജില്ലയിലും നടത്തിവരുന്നു.

എല്ലാ താലൂക്ക് ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട ചില സി.എച്ച്.സി.-കളിലും മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സ്കൂൾ ഹെൽത്ത്/അർബൻ ഹെൽത്ത് നഴ്സുമാരുടെ ശമ്പളം ജൂനിയർ**

**പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് ലഭിക്കുന്ന ശമ്പളത്തിന് തുല്യമാക്കാൻ നടപടി**

194 (5623) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും നഗരപ്രദേശങ്ങളിലും ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ ആരോഗ്യ വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്നതിനും സർക്കാർ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവർക്കുള്ള യോഗ്യത എന്താണ്; ഇവരെ നിയമിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്; ഇവരുടെ നിയമനത്തിനായി ദേശീയ ആരോഗ്യ മിഷന്റെ ഫണ്ട് വിനിയോഗിക്കാറുണ്ടോ; ഇവരുടെ ശമ്പളം എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാന സർക്കാർ നിയമിക്കുന്ന ഗ്രേഡ് II ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ ആരോഗ്യമേഖലയിൽ എന്തൊക്കെ ജോലിയാണ് ചെയ്യുന്നത്; ഇവരുടെ പ്രവർത്തന മേഖല എവിടെയാണ്; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; ഇവരുടെ ശമ്പളം എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ജോലിനോക്കുന്ന ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാരും/അർബൻ ഹെൽത്ത് നഴ്സുമാരും ഒരേ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരേ ജോലി തന്നെയാണ് നോക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളം സ്കൂൾ ഹെൽത്ത്/അർബൻ ഹെൽത്ത് നഴ്സുമാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) മുൻകാലങ്ങളിലെ ശമ്പള പരിഷ്കരണ സമയത്ത് ഇവരുടെ അടിസ്ഥാന ശമ്പളം തുല്യമായിരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ശമ്പളം ജെ.പി.എച്ച്.നഴ്സിന്റെ അടിസ്ഥാന ശമ്പളമാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂളുകളിലും നഗരപ്രദേശങ്ങളിലും ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ദേശീയ ആരോഗ്യ മിഷന്റെ ഭാഗത്തുനിന്ന് ആർ.ബി.എസ്.കെ. നഴ്സുമാരെയും അർബൻ ജെ.പി.എച്ച്.എൻ-മാരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതേ കേന്ദ്രങ്ങളിൽ ആരോഗ്യവകുപ്പിൽനിന്നും ജെ.എച്ച്.ഐ.-മാരെയും ജെ.പി.എച്ച്.എൻ.-മാരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആർ.ബി.എസ്.കെ. നഴ്സ് തസ്തികയിൽ സർക്കാർ അംഗീകൃത സ്കൂളിൽ നിന്നും പാസ്സായിട്ടുള്ള ജെ.പി.എച്ച്.എൻ., എ.എൻ.എം. ജനറൽ & മിഡ്വൈഫറി, ബി.എസ്സി. പോസ്റ്റ് ബി.എസ്സി.

കോഴ്സുകൾ എന്നിവയും അർബൻ ജെ.പി.എച്ച്.എൻ. തസ്തികയിൽ സർക്കാർ അംഗീകൃത സ്കൂളിൽനിന്നും പാസ്സായിട്ടുള്ള ജെ.പി.എച്ച്.എൻ. കോഴ്സുമാണ് യോഗ്യത. ഈ തസ്തികയിൽ നിയമനം നൽകുന്നത് പി.എസ്.സി. ലിസ്റ്റിൽനിന്നും ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ദേശീയ ആരോഗ്യ മിഷൻ നടത്തുന്ന എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിവരുന്നു. ദേശീയ ആരോഗ്യമിഷന്റെ ഫണ്ടിൽനിന്ന് വേതനം നൽകുന്നതിനാൽ കേന്ദ്രസർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ വേതനം നൽകാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാരിന്റെ നാഷണൽ പ്രോഗ്രാം കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് വാർഷിക പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ അംഗീകരിക്കുന്നത്. മേൽ തസ്തികകളിലെ നിശ്ചയിച്ച വേതനം ആർ.ബി.എസ്.കെ. നഴ്സ് - 11,620

അർബൻ ജെ.പി.എച്ച്.എൻ. -11,620

(ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള ജെ.പി.എച്ച്.എൻ.-മാർ ആരോഗ്യ മേഖലയിൽ അവർക്ക് നിർണ്ണയിച്ച് നൽകിയിരിക്കുന്ന വാർഡുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. കുടുംബ സർവ്വേ മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ
2. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം
3. വാർഡുതല പോഷകാഹാര പരിപാടി
4. എല്ലാ ദേശീയ ആരോഗ്യ പരിപാടികളും നടപ്പിലാക്കുക
5. കുടുംബാസൂത്രണ പ്രവർത്തനങ്ങൾ നടത്തുക
6. ചെറിയ തരത്തിലുള്ള ചികിത്സകൾ നൽകുക
7. കൗമാര ആരോഗ്യ പ്രവർത്തനം
8. ജനന മരണ രേഖപ്പെടുത്തലുകൾ
9. വിദ്യാലയ ആരോഗ്യപരിപാടി
10. പരിസര ശുചീകരണ പ്രവർത്തനങ്ങൾ
11. വയോജന പരിപാലനം, സാന്ത്വന പരിചരണം
12. ജീവിതശൈലീ രോഗപ്രതിരോധ ക്ലിനിക്കുകൾ നടത്തുക
13. മാനസിക ആരോഗ്യ പരിപാടികൾ സംഘടിപ്പിക്കുക

14. ലൈംഗിക രോഗനിർണ്ണയ ക്യാമ്പുകൾ നടത്തുക

15. അർബുദ നിർണ്ണയ പരിപാടികൾ നടത്തുക

16. അന്ധതാ നിവാരണ പ്രവർത്തനം, നേത്രദാന പ്രവർത്തനം

17. ഭിന്നശേഷിക്കാരെ കണ്ടെത്തുകയും അവർക്കാവശ്യമായ സേവനങ്ങൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക.

18. കുഷ്ഠരോഗ നിവാരണ പ്രവർത്തനങ്ങൾ

19. കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന ആരോഗ്യപ്രവർത്തനങ്ങൾ നടപ്പിലാക്കുക

20. ഗ്രാമസഭകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക

21. സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുക.

22. ആരോഗ്യ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക

ആരോഗ്യ കേന്ദ്രങ്ങൾക്ക് കീഴിൽ വിവിധ വാർഡുകളിലായുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളും ഈ പരിധിയിൽവരുന്ന പ്രദേശങ്ങളുമാണ് ഇവരുടെ പ്രവർത്തന മേഖല. കേരള സർവ്വീസ് നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഈ വിഭാഗം ജീവനക്കാർക്കും ലഭ്യമാണ്. ഇവരുടെ അടിസ്ഥാന ശമ്പളം 22,200 രൂപയാണ്. മറ്റ് അലവൻസുകളായി ക്ഷാമബത്ത, വീട്ടുവാടക അലവൻസ്, ഹിൽട്രാക്ട് അലവൻസ്, പെർമനന്റ് കൺവേയൻസ് അലവൻസ് എന്നിവയും നൽകുന്നു.

(സി&ഡി) നാഷണൽ ഹെൽത്ത് മിഷനുകീഴിലുള്ള ആർ.ബി.എസ്.കെ., ആശ പദ്ധതി, അഡോളസെന്റ് ഹെൽത്ത്, ജെ.എസ്.എസ്.കെ., ജെ.എസ്.വൈ., ഫാമിലി പ്ലാനിംഗ് പദ്ധതികൾ, എൻ.യു.എച്ച്.എം. പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾക്ക് സർക്കാർ ഓരോ വർഷവും ഒരു നിശ്ചിത തുകയാണ് നൽകിവരുന്നത്. ഈ തുകയിൽ നിന്ന് ഓരോ പദ്ധതികൾക്കായും ഒരു നിശ്ചിത തുക വകയിരുത്തുന്നതിനൊപ്പം ഹ്യൂമൺ റിസോഴ്സസിനായും ഒരു നിശ്ചിത തുക വകയിരുത്തുന്നു. ഇതിൽ വാർഷിക വർദ്ധനവും ഉൾപ്പെടുന്നു. പ്രസ്തുത തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ ശമ്പളം നൽകാൻ നിർവ്വാഹമുള്ളൂ.

**റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാരുടെ നിയമനം**

195 (5624) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാരെ നിയമിക്കുന്നത് എന്തടിസ്ഥാനത്തിലാണ്;

(ബി) ഈ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 5-5-2010, 1-9-2011 എന്നീ തീയതികളിലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ആർ.സി.സി.-യിൽ 9300-34800+ഗ്രേഡ്പേ 4600-ന് മുകളിൽ പേബാന്റ് വരുന്ന നോൺ അക്കാഡമിക് തസ്തികകളിൽ ഒഴിവുവരുന്ന തസ്തികകളിലേയ്ക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ലഭിക്കുന്ന അപേക്ഷകരെ ഉൾപ്പെടുത്തിക്കൊണ്ട് ആർ.സി.സി.-ക്ക് പുറത്തുള്ള സർക്കാർ ഏജൻസികളെക്കൊണ്ട് എഴുത്തുപരീക്ഷ നടത്തി ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. പിൻതുടരുന്ന സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. ഗ്രേഡ്പേ 4600 രൂപ വരെയുള്ള നോൺ അക്കാഡമിക് തസ്തികകളിലേയ്ക്ക് വരുന്ന ഒഴിവുകളുടെ 50% ആർ.സി.സി.-യിൽ സ്ഥിരമായോ താൽക്കാലികമായോ ദിവസവേതനത്തിലോ പ്രോജക്ടിലോ ജോലിനോക്കുന്ന നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽനിന്നുമാത്രം അപേക്ഷ ക്ഷണിച്ച് എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. ബാക്കിയുള്ള 50% ഒഴിവുകൾ ടെക്നിക്കൽ വിഭാഗത്തിന് ഓപ്പൺ റിക്രൂട്ട്മെന്റ്വഴിയും മിനിസ്റ്റീരിയൽ വിഭാഗത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നിയമനം നടത്തുന്നത്. എല്ലാ വിഭാഗം തസ്തികകളിലേയ്ക്കും എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. പിൻതുടരുന്ന സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. ആർ.സി.സി.-യിലെ അക്കാദമിക് തസ്തികയിലേയ്ക്കുള്ള നിയമനം ആർ.സി.സി.-യിൽ നിലവിലുള്ള ചട്ടപ്രകാരം ഓപ്പൺ റിക്രൂട്ട്മെന്റ് മുഖേനയാണ് നടത്താറുള്ളത്.

(ബി) നോൺ അക്കാദമിക് ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് ആർ.സി.സി. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**പൂഞ്ഞാർ സർക്കാർ ആയുർവ്വേദ ആശുപത്രി**

196 (5625) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പാറത്തോട് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ആയുർവ്വേദാശുപത്രിയിൽ ദിനംപ്രതി നൂറുകണക്കിന് രോഗികൾ എത്തുന്നത് പരിഗണിച്ച്, കാഞ്ഞിരപ്പള്ളി താലൂക്കിലെ ഈ ആശുപത്രിയെ കിടത്തിച്ചികിത്സയ്ക്ക് സൗകര്യമുള്ള ആയുർവ്വേദാശുപത്രി യാക്കിമാറ്റാൻ നടപടി സ്വീകരിക്കുമോ;

(ബി) പാറത്തോട് ഗ്രാമപഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്ന ഈ ആശുപത്രിയെ വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം നിലവിലുള്ളത് കണക്കിലെടുത്ത് ഇവിടെ കിടത്തിച്ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പാറത്തോട് പഞ്ചായത്തിലെ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയിൽ നിലവിലുള്ള സാഹചര്യത്തിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യമില്ല. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ആവശ്യമായ ഭൗതിക സാഹചര്യമൊരുക്കി കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നപക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം**

197 (5626) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പഴക്കമുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചുവോ; എങ്കിൽ എന്നാണ്;

(സി) തുക അനുവദിച്ച് വളരെ കാലമായിട്ടും പണികൾ ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) അനാവശ്യ തടസ്സവാദങ്ങൾ ഉന്നയിച്ച് ഫയൽ വച്ചു താമസിപ്പിക്കുന്നവരുടെ പേരിൽ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പഴക്കമുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ പി.എൽ.ബി2-77984/16/ആവ. തീയതി 17-1-2017 നടപടിക്രമം പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ശ്രീ. അടൂർ പ്രകാശ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരുകോടി 20 ലക്ഷം രൂപ അനുവദിച്ച് ജി.ഒ. (സാധാ) നമ്പർ. 2162/15/ആകുവ. തീയതി 10-7-2015 പ്രകാരം ഭരണാനുമതി ഉത്തരവും നൽകിയിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചിട്ടില്ല.

(സി&ഡി) പഴയ കെട്ടിടം പൊളിക്കുന്നതിന് ചിറ്റാർ സി.എച്ച്.സി. മെഡിക്കൽ ആഫീസറെ ചുമതലപ്പെടുത്തി 20-2-2017-ലെ ലേലം/ക്വട്ടേഷൻ ക്ഷണിച്ചു. സമയകാലാവധി തീർന്നിട്ടും ആരും ലേലത്തിൽ പങ്കെടുത്തില്ല. അതിനാൽ 4-3-2017-ന് പുനർ ലേലം നടത്തി. എന്നാൽ ഇതിലും ആരും പങ്കെടുത്തില്ല. 18-3-2017-ൽ പുനർലേലം നടത്തിയപ്പോൾ പരമാവധി 8850 രൂപയ്ക്ക് ലേലം വിളിക്കുകയും പുനർലേലം നടത്തിയാൽ മേൽ ലേലത്തുക വർദ്ധിക്കാൻ സാധ്യതയില്ലാത്തതിനാൽ ജില്ലാ മെഡിക്കൽ ആഫീസറുടെ അംഗീകാരത്തോടെ ടി തുക ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. (ഉത്തരവ് നമ്പർ സി 1-11595/16/ജി.മെ.ആ. തീയതി 8-5-2017).

(ഇ) പരിശോധിക്കുന്നതാണ്.

**കുട്ടമ്പുഴ പി.എച്ച്.സി.-യെ സി.എച്ച്.സി. ആക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ**

198 (5627) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പി.എച്ച്.സി.യെ സി.എച്ച്.സി. ആക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അയ്യായിരത്തിലധികം ആദിവാസികൾ അധിവസിക്കുന്നതും 569 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുമുള്ള കുട്ടമ്പുഴ പഞ്ചായത്തിലെ ഏക ചികിത്സാകേന്ദ്രമെന്ന നിലയിൽ ഇവിടെ കിടത്തിച്ചികിത്സ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ആർദ്രം മിഷന്റെ ഭാഗമായി 28-3-2017-ലെ സ.ഉ. (സാധാ.) നമ്പർ 845/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കുട്ടമ്പുഴ പി.എച്ച്.സി.-യും മേൽഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി.പി.എച്ച്.സി.-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും ലാബ് സൗകര്യം ലഭ്യമാക്കുന്നതുമാണ്.

**മാവേലിക്കര താലൂക്കാശുപത്രിയിൽ സർജന്റെ തസ്തിക**

199 (5628) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) സർജനെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ജനറൽ സർജറി വിഭാഗത്തിൽ ഒരു കൺസൾട്ടന്റിന്റെയും ഒരു ജൂനിയർ കൺസൾട്ടന്റിന്റെയും തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ബി&സി) സ്വീകരിച്ചുവരുന്നു. സ്പെഷ്യാലിറ്റി യോഗ്യതയുള്ള അസിസ്റ്റന്റ് സർജന്മാരിൽനിന്നും സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൂടി സെലക്ട് ലിസ്റ്റ് അംഗീകരിക്കുന്നമുറയ്ക്ക് കൺസൾട്ടന്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ രോഗികൾ

200 (5629) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെ എൻഡോസൾഫാൻ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോ ക്യാമ്പിലും രജിസ്ട്രേഷൻ നടത്തിയവരുടെ എണ്ണവും പരിശോധനയിലൂടെ രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ എണ്ണവും വ്യക്തമാക്കാമോ;

(സി) രോഗം സ്ഥിരീകരിക്കപ്പെട്ടവർക്ക് എന്ത് സഹായം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ജി.എച്ച്.എസ്.എസ്., ചീമേനി, ഹോളി ഫാമിലി എച്ച്.എസ്.എസ്., രാജപുരം, ജി.എച്ച്.എസ്.എസ്., പെർഡാല, ബി.എ.ആർ.എച്ച്.എസ്, ബോവിക്കാനം, ജി.എച്ച്.എസ്.എസ്., പെരിയ എന്നീ സ്ഥലങ്ങളിൽ എൻഡോസൾഫാൻ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്.

(ബി &സി) ഓരോ ക്യാമ്പിലും രജിസ്ട്രേഷൻ നടത്തിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ക്യാമ്പ് നടന്ന സ്ഥലം | രജിസ്ട്രേഷൻ നടത്തിയവരുടെ എണ്ണം |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്., ചീമേനി | 586 |
| 2 | ഹോളി ഫാമിലി എച്ച്.എസ്.എസ്., രാജപുരം | 617 |
| 3 | ജി.എച്ച്.എസ്.എസ്., പെർഡാല | 817 |
| 4 | ബി.എ.ആർ.എച്ച്.എസ്, ബോവിക്കാനം | 637 |
| 5 | ജി.എച്ച്.എസ്.എസ്., പെരിയ | 1230 |

മെഡിക്കൽ ക്യാമ്പിൽ നിന്നുള്ള പരിശോധന റിപ്പോർട്ടിന്റെയും തുടർന്നുള്ള ഫീൽഡുതല അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് എൻഡോസൾഫാൻ ദുരിതബാധിതരായി സ്ഥിരീകരിക്കുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തുന്നവർക്ക് എൻഡോസൾഫാൻ പാക്കേജ് അനുസരിച്ചുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതാണ്.

**തീയേറ്റർ കോംപ്ലക്സ് - ജനറൽ ഹോസ്പിറ്റൽ തലശ്ശേരി**

201 (5630) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ.-യുടെ ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജക മണ്ഡലത്തിൽ തീയേറ്റർ കോപ്ലക്സ്-ജനറൽ ഹോസ്പിറ്റൽ തലശ്ശേരി (150 ലക്ഷം) എന്ന പ്രവൃത്തിയിൽ എന്ത് നടപടിയാണ് ഇതുവരെ എടുത്തിട്ടുള്ളത്;

(ബി) ഈ പ്രവൃത്തിയുടെ ഡിപിആർ. ലഭ്യമായോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ പ്രവൃത്തിയുടെ ഡിപിആർ. ഇനിയും ലഭ്യമായില്ലെങ്കിൽ അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടി പ്രവൃത്തിക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് 27-3-2017-ൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നും ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**ഹൃദ്രോഗവും ഹൃദയാഘാതവുംമൂലം മരണപ്പെട്ടവരുടെ എണ്ണം**

202 (5631) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗവും ഹൃദയാഘാതവുംമൂലം മരണപ്പെടുന്നത് നിയന്ത്രിക്കാൻ എന്ത് നടപടികളാണ് എടുത്തിട്ടുള്ളത്; ഹൃദ്രോഗ ബാധയുമായി എത്തുന്ന രോഗികൾക്ക് ആശുപത്രികളിൽ എന്ത് അടിയന്തര പരിശോധനകളാണ് ആദ്യം നൽകുന്നത്; ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ആശുപത്രികളിൽ നിലവിൽ ഉള്ളത്;

(ബി) ഹൃദയാഘാതം ഉൾപ്പെടെയുള്ള ഹൃദ്രോഗങ്ങൾക്ക് ഇ. സി. ജി. (ഇലക്ട്രോ കാർഡിയോ ഗ്രാഫ്) എടുക്കുന്നതിന് എല്ലാ ആശുപത്രികളിലും സൗകര്യം ഉണ്ടോ; ഇ.സി.ജി. എടുക്കുന്നത് ആരാണ്;

(സി) ഇ. സി. ജി. എടുക്കുന്ന ടെക്നീഷ്യൻമാരുടെ സ്ഥിരംതസ്തിക ഉള്ള ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; സ്ഥിരം തസ്തിക ഇല്ലാത്ത ആശുപത്രകളിൽ ഈ ജോലി മറ്റുള്ളവർ എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇ. സി. ജി. ടെക്നീഷ്യൻമാരുടെ സ്ഥിരം തസ്തിക എല്ലാ സർക്കാർ ആശുപത്രികളിലും ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ സേവനം ലഭിക്കാത്ത അശുപത്രികളിലും മുഴുവൻ സേവനം ലഭിക്കാത്തതിനാലും രോഗികളെ വളരെ ദൂരെയുള്ള മറ്റ് ആശുപത്രികളിൽ റഫർ ചെയ്യുന്നതിനാൽ മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികയിൽ കാലോചിതമായി ആവശ്യം വേണ്ട അധിക തസ്തികകൾ അനുവദിക്കണമെന്ന ആരോഗ്യവകുപ്പിന്റെ നിർദ്ദേശം അടിയന്തരമായി പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ജീവിതശൈലീ രോഗനിർണ്ണയ നിയന്ത്രണ പദ്ധതി നിലവിലുണ്ട്. ജില്ലാ/ജനറൽ / താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗനിർണ്ണയത്തിന് പ്രാഥമിക ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത ആശുപത്രികളിൽ കൊറോണറി കെയർ യൂണിറ്റും കാത്ത് ലാബുകളും പ്രവർത്തിച്ചുവരുന്നു.

ഹൃദ്രോഗ ലക്ഷണങ്ങളുമായി വരുന്ന രോഗിക്ക് ഇ.സി.ജി. പരിശോധനയും ട്രോപ് റ്റി പരിശോധനയുമാണ് അടിയന്തരമായി നടത്തേണ്ടത്. ആര്യോഗ വകുപ്പിന് കീഴിലുള്ള മിക്ക ആശുപത്രികളിലും ഇ.സി.ജി. സംവിധാനം ഒരുക്കിയിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഹൃദ്രോഗവും ഹൃദയാഘാതവുമായി എത്തുന്ന രോഗികൾക്ക് അടിയന്തരമായി ഇ.സി.ജി. പരിശോധന ലഭ്യമാക്കുന്നു. ഇതിനായി 3 ഷിഫ്റ്റുകളിലായി ഇ.സി.ജി. ടെക്നീഷ്യൻമാർ ജോലിനോക്കുന്നു. അടിയന്തര ഘട്ടങ്ങളിൽ ആൻജിയോഗ്രാം പരിശോധനയും ആൻജിയോപ്ലാസ്റ്റി ചികിത്സയും നൽകിവരുന്നു. രക്തത്തിലെ ബ്ലഡ് ക്ലോട്ട് അലിയിക്കുന്നതിനായി ത്രോംബോലൈസിസ് ചികിത്സയും നൽകിവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഇതിനുള്ള എല്ലാ സൗകര്യവുമുണ്ട്.

(ബി) ഇ.സി.ജി. സൗകര്യം എല്ലാ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും ലഭ്യമാണ്. മിക്ക സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഏതാനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഈ സൗകര്യം ലഭ്യമാണ്. ഇ.സി.ജി. എടുക്കുന്നത് ഇ.സി.ജി. ടെക്നീഷ്യനാണ്. സ്ഥിരമായി ഇ.സി.ജി. ടെക്നീഷ്യൻ ഇല്ലാത്ത ആശുപത്രികളിൽ എച്ച്.എം.സി. മുഖേന കരാർ വ്യവസ്ഥയിൽ ടെക്നീഷ്യന്മാരെ നിയമിക്കാറുണ്ട്. പാരാമെഡിക്കൽ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി ഇ.സി.ജി. എടുക്കുന്നതിനായി ചില ആശുപത്രികളിൽ നിയോഗിക്കാറുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും ഇ.സി.ജി. എടുക്കുന്നതിന് സൗകര്യമുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലെ ഇ.സി.ജി. ടെക്നീഷ്യന്മാരുടെ സ്ഥിരം തസ്തികയുള്ള ആശുപത്രികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇ.സി.ജി. ടെക്നീഷ്യന്മാരുടെ സ്ഥിരം തസ്തികയുള്ള മെഡിക്കൽ കോളേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം
2. ആലപ്പുഴ
3. കോട്ടയം
4. തൃശ്ശൂർ
5. കോഴിക്കോട്
6. മഞ്ചേരി
7. കൊല്ലം
8. ഇടുക്കി
9. എറണാകുളം.

(ഡി) ഉണ്ട്. ഇ.സി.ജി. ടെക്നീഷ്യൻ ഇല്ലാത്ത ആശുപത്രികളിൽ എച്ച്.എം.സി. മുഖേന കരാർ വ്യവസ്ഥയിൽ ടെക്നീഷ്യന്മാരെ നിയമിക്കുകയോ പാരാമെഡിക്കൽ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി ഇ.സി.ജി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എടുക്കാൻ നിയോഗിക്കുകയോ ചെയ്യുന്നതിലൂടെ വളരെയേറെ പ്രധാനപ്പെട്ട ഈ പരിശോധന മുടങ്ങാതിരിക്കാൻ ആരോഗ്യ കേന്ദ്രങ്ങൾ ശ്രദ്ധചെലുത്താറുണ്ട്. എന്നാൽ സമയബന്ധിതമായ ചികിത്സ ലഭിക്കാതിരുന്നാൽ മരണം സംഭവിക്കുന്നതിന് കാരണമാകാവുന്നതാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ കൊറോണറി കെയർ യൂണിറ്റ്, പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സുമാരും, തടസ്സരഹിതമായ മരുന്നുലഭ്യത, സമയബന്ധിതമായ ആംബുലൻസ് സേവനം എന്നീ ഘടകങ്ങളാണ് ഹൃദ്രോഗത്തിന്റെ മരണനിരക്ക് നിശ്ചയിക്കുന്നത്.

ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ കാലോചിതമായി ആവശ്യംവേണ്ട അധിക തസ്തികകൾ അനുവദിക്കണമെന്ന ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

**മെഡിക്കൽ കോളേജുകളിലെ മോർച്ചറികൾ**

203 (5632) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ മോർച്ചറികൾ കാര്യക്ഷമമല്ലെന്നും, പ്രവർത്തിക്കുന്നവയിൽതന്നെ ശരിയായ ശീതികരണ സംവിധാനമില്ലെന്നുമുള്ളത് വസ്തുതയാണോ;

(ബി) തൃശ്ശൂർ മുളങ്കുന്നത്ത്കാവ് മെഡിക്കൽ കോളേജിലെ മോർച്ചറിയിൽ സ്ഥലമില്ലാത്തതുകാരണം ഐ.സി.യു.-വിലെ രോഗികൾക്കിടയിൽ 12 മണിക്കൂർ ഒരു മൃതദേഹം കിടത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് മോർച്ചറിയുടെ ഫ്രീസർ കേടായതുകാരണം മൃതശരീരം ചീഞ്ഞളിഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മോർച്ചറിയുടെ ദുരവസ്ഥ സംബന്ധിച്ച് ജനുവരിയിൽ ലഭിച്ച പരാതികളിൽ മനുഷ്യാവകാശകമ്മീഷൻ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള മോർച്ചറികൾ ആധുനിക നിലവാരത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ശരിയായ ശീതീകരണ സംവിധാനമുള്ള മോർച്ചറികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല. മോർച്ചറിയുടെ ദുരവസ്ഥ സംബന്ധിച്ച് ശ്രീ. പി. കെ. രാജു സമർപ്പിച്ച എച്ച്.ആർ.എം.പി. നമ്പർ872/17/റ്റി.വി.എം. നമ്പർ പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ വിശദീകരണം ആരാഞ്ഞിരുന്നു. ആയതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ 21-2-2017-ലെ ജി2/2122/2017/ജി.എം.സി.റ്റി. കത്ത് മുഖാന്തരം കമ്മീഷനിൽ വിശദീകരണം സമർപ്പിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പണി നടന്നുവരുന്ന മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജീകരിച്ചിട്ടുള്ള ആധുനിക സംവിധാനത്തോടുകൂടിയുള്ള മോർച്ചറി ഏകദേശം 6 മാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകുന്നതാണ്. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ആധുനിക രീതിയിലുള്ള 16 മോഡ്യുലർ കോൾഡ് ചേമ്പറുകൾ പ്രവർത്തനസജ്ജമായിവരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തി**

204 (5633) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തിയിന്മേൽ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ഡയാലിസിസ് കേന്ദ്രത്തിനായി നിർദ്ദേശിച്ച സ്ഥലത്ത് ആവശ്യമായ മരാമത്ത് പണികൾ/പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി ഉദ്യോഗസ്ഥർ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ ഡയാലിസിസ് കേന്ദ്രത്തിന് പുതിയ സ്ഥലം നിർദ്ദേശിച്ചതിനാൽ മരാമത്ത് പണികൾ കുറച്ച് വൈകിയിട്ടുണ്ടെങ്കിലും പുതിയ സ്ഥലത്ത് ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി ആരംഭിച്ചിട്ടുണ്ട്.

**കൊയിലാണ്ടി താലൂക്കാശുപത്രിയിൽ പുതിയ ബഹുനില കെട്ടിടം**

205 (5634) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ നിർമ്മാണം പൂർത്തിയായിട്ടുള്ള പുതിയ ബഹുനിലകെട്ടിടത്തിൽ ഇനി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കേണ്ടത് എന്നും ഇതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വിശദമായി വ്യക്തമാക്കാമോ;

(ബി) ആശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ നടപടികൾ എവിടെവരെ എത്തി എന്നത് വിശദമാക്കാമോ;

(സി) ഇവിടെ അനുവദിച്ച ഡയാലിസിസ് കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട് എന്നത് വിശദമാക്കുമോ; കെ.എച്ച്.ആർ.ഡബ്ല്യ.എസ്. തയ്യാറാക്കിയിട്ടുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഇപ്പോൾ ഏത് ഓഫീസിൽ നടപടിയിലാണ് എന്നും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് എന്നും ഇതിന് എപ്പോൾ അംഗീകാരം ലഭ്യമാവും എന്നും വ്യക്തമാക്കാമോ;

(ഡി) താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി അനുവദിക്കുന്ന കാര്യത്തിൽ നടപടികൾ എവിടെവരെ എത്തി എന്നത് വിശദമാക്കാമോ;

(ഇ) ആശുപത്രിയുടെ വികസനം സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച നിവേദനം നം 1343722/എം1/2017 തീയതി 6/4/2017 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചതിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഡയറക്ടർ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) സ്റ്റാൻഡർഡൈസേഷന്റെ ഭാഗമായി കൊയിലാണ്ടി താലൂക്കാശുപത്രിയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ നിർമ്മാണം പൂർത്തിയായിട്ടുള്ള പുതിയ ബഹുനില കെട്ടിടത്തിൽ ഇലക്ട്രിക്കൽ വയറിംഗ് പൂർത്തിയായിവരുന്നു. അതോടൊപ്പം ലിഫ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചുകഴിഞ്ഞാലുടൻ കെട്ടിടം രോഗികൾക്കായി തുറന്നുകൊടുക്കുന്നതാണ്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ ആവശ്യമായ മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചാലുടൻ മരാമത്ത് പണികൾ ആരംഭിക്കാനുള്ള നടപടി കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിക്ക് നൽകാൻ കഴിയുന്നതാണ്. ഡയാലിസിസ് കേന്ദ്രത്തിന് ആവശ്യമായ ഉപകരണങ്ങളുടെയും മറ്റുസാധനങ്ങളുടെയും വിതരണ കമ്പനിയെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ മരാമത്ത് പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡയാലിസിസ് കേന്ദ്രം പൂർത്തിയാക്കാൻ കഴിയുന്നതാണ്.

(ഡി) 18-5-2017-ലെ സ.ഉ. (സാധാ.) നമ്പർ1396/2017/ആ.കു.വ. പ്രകാരം കൊയിലാണ്ടി താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ&എഫ്) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ ടി ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ മാനദണ്ഡമനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സ്പെഷ്യാലിറ്റി ചികിത്സാ സേവനം ലഭ്യമാക്കുക, അധിക തസ്തിക സൃഷ്ടിക്കുക എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്.

**പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രി**

206 (5635) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ല ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള കെട്ടിടം ഏതു വർഷം നിർമ്മിച്ചതാണ്;

(ബി) കെട്ടിടം പൂർത്തീകരിച്ചെങ്കിലും ഇതിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ശാരീരികാവശതകൾ അലട്ടുന്ന രോഗികൾക്കും പടികൾ കയറാൻ ബുദ്ധിമുട്ടുള്ളവർക്കും ക്രിയകൾ കഴിഞ്ഞവർക്കും മുകളിലത്തെ നിലകളിലേക്ക് കയറാൻ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ രോഗിയുടെ സൗകര്യാർത്ഥം ഇവിടെ ലിഫ്റ്റ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട അയിരൂർ ജില്ലാ ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 2004 ആഗസ്റ്റ് മാസം 4-ാം തീയതി ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) ജില്ലാ പഞ്ചായത്തിൽനിന്ന് ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മൃതസഞ്ജീവനി പദ്ധതി**

207 (5636) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മൃതസഞ്ജീവനി പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ ക്രമക്കേടുകൾ നടക്കുന്നുവെന്ന വാർത്തയെത്തുടർന്ന് ഡോക്ടർമാർ നിസ്സഹകരണത്തിലാണെന്നുള്ള വാർത്തയ്ക്ക് അടിസ്ഥാനമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) മുൻസർക്കാർ കാര്യക്ഷമമായി നടപ്പിലാക്കിവന്ന ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) മൃതസഞ്ജീവനി പദ്ധതി നിലവിൽ കാര്യക്ഷമമായി നടന്നുവരുന്നു. മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ സുതാര്യമാക്കുന്നതിനായി അധിക മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്തെ പ്രമുഖ ഡോക്ടർമാരെക്കൊണ്ട് തയ്യാറാക്കുകയും ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി ഡോക്ടർമാർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായുള്ള പരിശീലനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൂർത്തിയാക്കി. കൂടാതെ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്ന നാലംഗ സമിതിയിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്കമരണം സംഭവിച്ച ഹോസ്പിറ്റലിന് പുറത്തുനിന്നുള്ളവർ ആയിരിക്കണമെന്നും ഇതിൽ ഒരു ഡോക്ടർ നിർബന്ധമായും സർക്കാർ ഡോക്ടർ ആയിരിക്കണമെന്നും മസ്തിഷ്കമരണ സ്ഥിരീകരണം ബന്ധുക്കളുടെ സമ്മതത്തോടുകൂടി വീഡിയോയിൽ പകർത്തണമെന്നും 1-2-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 16/2017/ ആ.കു.വ. പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കാനായി പ്രശസ്ത സിനിമാതാരം പത്മശ്രീ ഡോ. മോഹൻലാലിനെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്.

## നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കാൻ കമ്മിറ്റി

208 (5637) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20000 രൂപയായി നിശ്ചയിക്കണമെന്ന 2017 ജനുവരിയിലെ സുപ്രീംകോടതി വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) മുൻസർക്കാരിന്റെ കാലത്ത് നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കുവാൻ നിയുക്തരായ കമ്മിറ്റി നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ കമ്മിറ്റി ഇക്കാര്യത്തിനായി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(സി) പുതിയ കമ്മിറ്റി രൂപീകരിച്ചെങ്കിൽ അവരുടെ റിപ്പോർട്ട് അടിയന്തരമായി വാങ്ങി സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പരിതാപകരമായ അവസ്ഥ ദൂരീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സുപ്രീംകോടതി വിധി പ്രകാരം കേന്ദ്ര സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ സ്വകാര്യ നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20,000 രൂപയായി നിശ്ചയിക്കണമെന്ന ശിപാർശ 02-11-2016-ൽ ആരോഗ്യവകുപ്പിൽ നിന്നും കൈമാറി തൊഴിൽ വകുപ്പിന് ലഭിക്കുകയുണ്ടായി. പ്രസ്തുത ശിപാർശ സ്വകാര്യ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കാൻ നിയുക്തരായ കമ്മിറ്റി ഇപ്പോൾ നിലവിലില്ല. 28-10-2016-ലെ സ.ഉ. (സാധാ) 1334/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നിലവിലുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) പുതിയതായി രൂപീകരിച്ച കമ്മിറ്റി എല്ലാ ജില്ലകളിലും തെളിവെടുപ്പ് നടത്തിവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന നഴ്സുമാരടക്കമുള്ള തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## കുട്ടികളിലെ ആരോഗ്യ ബോധവത്ക്കരണത്തിനായി പദ്ധതികൾ

209 (5638) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യശീലങ്ങൾക്ക് ഏറ്റവും നല്ല അവബോധം ലഭ്യമാക്കേണ്ട ഇടം വിദ്യാലയം എന്ന നിലയിൽ കുട്ടികളിലെ ആരോഗ്യ ബോധവത്കരണത്തിനായി വകുപ്പ് പുതിയതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആരോഗ്യ ബോധവത്കരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്;

(സി) കുട്ടികളിലെ ആരോഗ്യശീലവും മികച്ച ആരോഗ്യവും ഉറപ്പാക്കുന്നതിനും, കായികാധ്വാനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുമായി പുതിയതായി എന്തെങ്കിലും സംരംഭങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ജീവിതശൈലീ രോഗങ്ങൾക്ക് അടിപ്പെടുന്നവരിൽ ബഹുഭൂരിപക്ഷവും വിദ്യാർത്ഥികളാണ്. അമിതമായ കൊഴുപ്പും കൃത്രിമ നിറവും വൈവിധ്യമാർന്ന രുചിഭേദങ്ങളും പ്രദാനം ചെയ്യുന്ന 'ജങ്ക് ഫുഡ്' ഇന്ന് ഒട്ടുമിക്ക കുട്ടികൾക്കും ഹരമായി മാറിയിട്ടുണ്ട്. ഇതുമൂലം അമിത വണ്ണം, കുടവയർ, നിൽക്കാനും നടക്കാനും വയ്യാത്ത അവസ്ഥ, കിതപ്പ്, ശ്വാസം മുട്ടൽ, ചെറുപ്രായത്തിലുള്ള ഡയബറ്റിസ്, ഉന്മേഷമില്ലായ്മ എന്നിവയൊക്കെ കുട്ടികളെ ബാധിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. തിരക്കുപിടിച്ച ജീവിതചര്യക്കിടയിൽ 'ടിൻ ഫുഡ് -ready to eat' ശ്രേണിയിൽപ്പെട്ട ആഹാര പദാർത്ഥങ്ങൾ എന്നിവ അറിഞ്ഞുകൊണ്ടുതന്നെ കുട്ടികൾക്ക് വാങ്ങിനൽകുന്ന മാതാപിതാക്കളും ഇക്കാര്യത്തിൽ കുറ്റക്കാരാണ്. പഠനത്തോടൊപ്പം കരുത്തുറ്റ ശരീരവും മനസ്സുമുള്ള പുതുതലമുറയാണ് ഉണ്ടാകേണ്ടത്. ഈ ലക്ഷ്യം മുൻനിർത്തി സ്കൂൾതലം വരെയുള്ള കുട്ടികൾക്ക് നിശ്ചിത ഇടവേളകളിൽ പ്രതിരോധ കുത്തിവയ്പുകൾ നടത്തിവരുന്നുണ്ട്. കായികക്ഷമത ഉയർത്തുന്നതിനുള്ള ഒട്ടേറെ മാർഗ്ഗങ്ങൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തന്നെ നിലനിൽക്കുന്നു. കൂടാതെ സ്കൂൾ തലത്തിൽ എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി. സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ യൂണിറ്റുകൾ മുഖേന വ്യത്യസ്തങ്ങളായ ഒട്ടേറെ വ്യക്തിഗതവും സാമൂഹ്യ പ്രാധാന്യവുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥി/വിദ്യാലയ കേന്ദ്രീകൃതമായി കുട്ടികളിലെ ആരോഗ്യശീലവും മികച്ച ആരോഗ്യവും ഉറപ്പാക്കുന്നതിനും കായികാദ്ധ്വാനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുമായി പ്രത്യേക പരിപാടികൾ നടപ്പാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## വാമനപുരത്ത് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി

210 (5639) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

വാമനപുരം നിയോജക മണ്ഡലത്തിൽ എൻ.എച്ച്.എം.-ന്റെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- കായകൽപ്പ് - കേന്ദ്ര സർക്കാർ പൊതു ആരോഗ്യ മേഖലയിൽ ആവിഷ്കരിച്ച പദ്ധതി. ശുചിത്വ പാലനം, അണുബാധ നിയന്ത്രണം, രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യസുരക്ഷ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.
- ആർ.ബി.എസ്.കെ. - ആരോഗ്യകിരണം ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കായുള്ള സൗജന്യ ചികിത്സാ പദ്ധതി
- രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രം - വിദ്യാലയ ആരോഗ്യപരിപാടി അങ്കണവാടി കുട്ടികൾക്കായുള്ള ആരോഗ്യപരിശോധന.
- പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പദ്ധതി
- വിദഗ്ദ്ധ പാലിയേറ്റീവ് കെയർ (സെക്കന്ററി കെയർ ) പദ്ധതി എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രൈമറി പാലിയേറ്റീവ് കെയർ പരിചരണം.

## കാസർഗോഡ് ജില്ലയിൽ മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന് നടപടി

211 (5640) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അതിർത്തി ജില്ല എന്ന നിലയിൽ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന്റെ ഭാഗമായി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് തവണ യോഗം വിളിച്ചുചേർത്ത് മഴക്കാല പൂർവ്വപ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ സ്ക്രീനിംഗ്, കൊതുക് സാന്ദ്രതാപഠനം, ക്ലോറിനേഷൻ, എല്ലാ വിഭാഗം ജീവനക്കാരുടെയും പരിശീലനം, വാർഡുതല ആരോഗ്യശുചിത്വ സമിതികളുടെ യോഗം, സ്ഥാപന/പൊതുസ്ഥല ഉറവിട നശീകരണ പ്രവർത്തനങ്ങൾ, കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ, ആരോഗ്യബോധവത്ക്കരണ/ശീലവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി.

മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുകയും യന്ത്രസാമഗ്രികൾ (ഫോഗിംഗ് മെഷീൻ, സ്പ്രേയർ) പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും ജില്ലയിൽ 15 ഇടങ്ങളിലായി ആരോഗ്യ സന്ദേശയാത്ര നടത്തുകയും ചെയ്തു. തോട്ടം മേഖലകളിലെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആഴ്ചതോറും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തിവരികയും ചെയ്യുന്നു.

(ബി) അതിർത്തി ജില്ലകളിലെല്ലാംതന്നെ പ്രത്യേക ജാഗ്രതാ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗത്തിന്റെ വിവരങ്ങൾ അതത് സ്ഥലങ്ങളിലേയ്ക്ക് ക്രോസ് ബോർഡർ നോട്ടിഫിക്കേഷൻവഴി യഥാസമയം നൽകിവരുന്നു.

**കോട്ടക്കയ്ക്കൽ മണ്ഡലത്തിലെ പി.എച്ച്.സി.-കൾ**

212 (5641) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി മാറ്റുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികളുടെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ മുഴുവൻ കോപ്പികളും ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കോട്ടക്കൽ നിലവിൽ സാമൂഹികാരോഗ്യകേന്ദ്രമാണ്. കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മറ്റ് പി.എച്ച്.സി.-കൾ വളാഞ്ചേരി, മാറാക്കര, പൊൻമള എന്നിവയാണ്. സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതിൽ പൊൻമള പി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

കോട്ടക്കൽ ബ്ലോക്കുതല സി.എച്ച്.സി. എന്ന നിലയ്ക്ക് സ്റ്റാൻഡൈസേഷന്റെ ഭാഗമായി ഡോക്ടറുടെ 7 തസ്തിക ഉൾപ്പെടെ 37 അധിക തസ്തിക സൃഷ്ടിക്കുന്നതിനും വളാഞ്ചേരി 24x7 പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനുമുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. മാറാക്കര പി.എച്ച്.സി.-യുടെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ആശുപത്രികളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ ഒരു പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്.

**ആലപ്പുഴയിലെ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

213 (5642) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണം നിലയ്ക്കാനിടയായത് എന്താണെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വെളിപ്പെടുത്താമോ;

(ബി) തടസ്സംനീക്കി പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി 28-11-2012-ൽ Hindustan Pre-Fab Ltd. എന്ന കമ്പനിയുമായി കരാറിലേർപ്പെടുകയും കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തു. 4.11 കോടി രൂപകൊണ്ട് മൂന്നുനില കെട്ടിടത്തിന്റെ നിർമ്മാണം 26 മാസംകൊണ്ട് പൂർത്തീകരിക്കാനാണ് കരാറിലേർപ്പെട്ടിരുന്നത്.

ആയുഷ് കേന്ദ്ര ഫണ്ടിൽനിന്നും ആദ്യ ഗഡുവായി ലഭിച്ച രണ്ടുകോടി രൂപകൊണ്ട് ഒക്ടോബർ 2014 വരെ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടന്നിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനത്തിന് ഫണ്ടിന്റെ അഭാവത്തിൽ കെട്ടിടം പണി നിലച്ചുപോവുകയാണുണ്ടായത്. രണ്ടുകോടി രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ആയുഷ് വകുപ്പ് അംഗീകരിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിൽ അപാകതയുണ്ടെന്ന പരാതിയുയർന്ന സാഹചര്യത്തിൽ ബി.എസ്.എൻ.എൽ. എഞ്ചിനീയറിംഗ് വിഭാഗം non-destructive test നടത്തുകയും അപാകത പരിഹരിക്കുന്നതിന് HPL കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

25-1-2016-ൽ ആയുഷ് വകുപ്പിൽനിന്നും രണ്ടുകോടി രൂപകൂടി അനുവദിച്ചതിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ടി 28-12-2016-ൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കൂടിയ യോഗത്തിലെ തീരുമാനപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ HPL കമ്പനിയോട് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അവർ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരികയുമാണ്.

## മൂവാറ്റുപുഴ പണ്ടപ്പിള്ളി സി.എച്ച്.സി.-യുടെ സ്ഥലപരിമിതി

214 (5643) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മികച്ച സി.എച്ച്.സി.-കളിൽ ഒന്നായ മൂവാറ്റുപുഴ പണ്ടപ്പിള്ളി സി.എച്ച്.സി.-യുടെ സ്ഥല പരിമിതിയും അസൗകര്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾ

215 (5644) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എവിടെയെല്ലാമാണ് ഡയാലിസിസ് കേന്ദ്രങ്ങൾ നിലവിലുള്ളത്; വിശദാംശം നൽകുമോ;

(ബി) പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; ഇതുസംബന്ധിച്ച ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾ താമരശ്ശേരി, തൊടുപുഴ താലൂക്ക് ആശുപത്രികൾ, പത്തനംതിട്ട ജനറൽ ആശുപത്രി, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ ജില്ലാ ആശുപത്രികൾ തുടങ്ങിയവയിൽ ഡയാലിസിസ് കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) ഉണ്ട്. കിഫ്ബി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിൽ (തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രികൾ) ഡയാലിസിസ് സേവനം ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ അനുമതിയുടെ പകർപ്പും ആശുപത്രികളുടെ ലിസ്റ്റും അനുബന്ധമായി* ചേർക്കുന്നു.

(സി) അനുവദിച്ചിട്ടില്ല.

**ആയുർവ്വേദ ആശുപത്രികളിൽ ആർ.എം.ഒ. പോസ്റ്റുകൾ**

216 (5645) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ ആശുപത്രികളിൽ RMO പോസ്റ്റുകൾ എത്രയുണ്ട്;

(ബി) ഇതിൽ നിയമനം നടത്തുവാൻ സാധിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ നിയമനം നടത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലെ ആശുപത്രികളിൽ ആർ.എം.ഒ. തസ്തികകൾ നിലവിലില്ല.

(സി) തസ്തികകൾ നിലവിലില്ല.

**രോഗപ്രതിരോധ കുത്തിവയ്പ്പുകൾ**

217 (5646) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗപ്രതിരോധ മരുന്നുകൾ/കുത്തിവയ്പ്പുകൾ സ്വീകരിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവയ്പ്പുകൾ പൂർണ്ണമായും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ പ്രതിരോധ കുത്തിവയ്പ്പുകൾ പൂർണ്ണമായും 88.5% കുട്ടികളും ഭാഗികമായി 10.5% കുട്ടികളും എടുത്തിട്ടുണ്ട്.

(ബി) എല്ലാ കുട്ടികൾക്കും രോഗപ്രതിരോധ മരുന്ന്/കുത്തിവയ്പ്പ് നൽകുന്നതിനായി താഴെക്കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനായി രോഗപ്രതിരോധ കുത്തിവയ്പ്പ് പട്ടിക നിലവിലുണ്ട്. പ്രസ്തുത പട്ടിക പ്രകാരം പി.എച്ച്.സി., സി.എച്ച്.സി., സബ് സെന്റർ എന്നിവവഴി പ്രതിരോധ കുത്തിവയ്പ്പുകൾ നൽകിവരുന്നു. കൂടാതെ പ്രസവം നടക്കുന്ന ആശുപത്രികളിലും പ്രതിരോധ കുത്തിവയ്പ്പുകൾ ലഭ്യമാണ്. പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്നതിനായി പ്രത്യേക കുത്തിവയ്പ്പ് പദ്ധതി 'മിഷൻ ഇന്ദ്രധനുഷ്' പ്രകാരം നടത്തിവരുന്നു. ഇതുകൂടാതെ പ്രത്യേക സ്ഥലങ്ങളിൽവച്ച് മുൻനിശ്ചയിച്ച പ്രകാരം പി.എച്ച്.സി.-യുടെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകിവരുന്നു.

ആരോഗ്യ പ്രവർത്തകർ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികളെ കണ്ടുപിടിച്ച് അവരെ കുത്തിവയ്പ്പിന് പ്രേരിപ്പിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

## പാലിയേറ്റീവ് കെയർ പ്രോഗ്രാം

218 (5647) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടത്തിവരുന്ന പാലിയേറ്റീവ് കെയർ പ്രോഗ്രാം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അഞ്ച് വർഷവും അതിൽ കൂടുതലും വർഷങ്ങളായി ജോലിചെയ്യുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ സ്ഥിര ജീവനക്കാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള കണക്കുകൾ പ്രകാരം 300-ലേറെ സന്നദ്ധ സംഘടനകൾ സാന്ത്വന പരിചരണ രംഗത്ത് പ്രവർത്തിച്ചുവരുന്നു. ഇവരുടെ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ചോ പ്രവർത്തനരീതികളെക്കുറിച്ചോ വ്യക്തത ഇതുവരെ ലഭ്യമായിട്ടില്ലാത്തതും ഏകീകൃതമായ മാനദണ്ഡങ്ങൾ ഇതുവരെ നിഷ്കർഷിച്ചിട്ടില്ലാത്തതുമാണ്. അതിനാൽ ഇക്കാര്യം വിശദമായ പരിശോധനയ്ക്ക് ശേഷമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പരിപാടി

219 (5648) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗികളുടെ എണ്ണം ആശങ്കാജനകമായി ഉയരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പരിപാടിയനുസരിച്ച് എല്ലാ ജില്ലാ ആശുപത്രികളിലും ഡയാലിസിസ് സേവനം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയിൻകീഴിൽ ഇതിനകം എന്ത് തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു;

(ഡി) ദേശീയ ആരോഗ്യ മിഷന് കീഴിലുള്ള എല്ലാ ദരിദ്രർക്കും സൗജന്യ ഡയാലിസിസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ 2017 ജനുവരിക്ക് ശേഷം ഈ പദ്ധതി പ്രകാരം എത്ര രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുകയുണ്ടായി;

(ഇ) സംസ്ഥാന സർക്കാർ വൃക്കരോഗികൾക്ക് പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ജീവിതശൈലീ രോഗങ്ങളായ പ്രമേഹവും രക്താദിസമ്മർദ്ദവും അമിത വണ്ണവുമാണ് വൃക്കരോഗങ്ങൾ കൂടുന്നതിനുള്ള കാരണങ്ങൾ.

(ബി) പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പരിപാടി കേരളത്തിൽ നടപ്പാക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല. ദേശീയ ആരോഗ്യ മിഷൻവഴി തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികളിൽ 63 ഡയാലിസിസ് മെഷീനുകൾ നൽകിയിട്ടുണ്ട്. 2017 ഫെബ്രുവരിയിൽ 264 രോഗികൾക്കും മാർച്ചിൽ 284 രോഗികൾക്കും ഏപ്രിലിൽ 300 രോഗികൾക്കും ഡയാലിസിസ് സേവനം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്. 1-8-2016-ലെ സ.ഉ. (എം.എസ്.) 66/2016/സാ.നി.വ. ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് 1,100 രൂപയും 1-10-2013-ലെ സ.ഉ. (എം.എസ്.) 78/2013/സാ.നി.വ. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കും 1,000 രൂപയും പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

**ഡോക്ടർമാർ ജനറിക് നാമം കുറിക്കാതിരിക്കുന്നതിന്റെ കാരണം**

220 (5649) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസിത രാജ്യങ്ങളിലും ആരോഗ്യ ഇൻഷ്വറൻസ് ഉള്ളയിടങ്ങളിലും ജനറിക് നാമത്തിൽ കുറിപ്പടി എഴുതുമ്പോൾ സംസ്ഥാനത്ത് കുറിപ്പടി എഴുതുന്ന പല ഡോക്ടർമാരും ജനറിക് നാമം കുറിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ആധുനിക മരുന്നുകൾക്ക് രാസനാമം, ജനറിക് നാമം, ബ്രാൻഡ്നാമം (കച്ചവടനാമം) എന്നിവ ഉണ്ടായിരിക്കേ ഡോക്ടർമാർ കച്ചവടനാമം ഉപയോഗിക്കുന്നതിന്റെ പിന്നിലെ കള്ളക്കളി ആരോഗ്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ വ്യാജമരുന്നുകളിൽ ബഹുഭൂരിപക്ഷവും ബ്രാൻഡ് നാമത്തിലായതിനാൽ ബ്രാൻഡ് നാമം ഉപയോഗിക്കുന്നത് വഴിവിട്ടതും കച്ചവടതാല്പര്യവുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുവാനും കുറിപ്പടികൾ എഴുതുമ്പോൾ ഡോക്ടർമാർ ജനറിക് നാമം മാത്രം എഴുതി നൽകുവാനും ഗുണനിയന്ത്രണവും മാർക്കറ്റിംഗും സുതാര്യമാക്കാനുമായി സംസ്ഥാനത്ത് വിപണനം നടത്തുന്ന മരുന്നുകൾക്ക് ബാർകോഡിംഗ് ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്ന് കുറിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഡോക്ടർമാർ ജനറിക് നാമം മാത്രമേ എഴുതാവൂ എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. ബാർ കോഡിംഗ് ഏർപ്പെടുത്തുന്നത് കേന്ദ്രസർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്ക് വിധേയമായാണ്.

**തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത് ലാബ്**

221 (5650) ശ്രീ .വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ "കാത്ത് ലാബ്" പ്രവർത്തനം ആരംഭിച്ചോ;

(ബി) "കാത്ത് ലാബ് " ആരംഭിക്കുവാനുള്ള തീരുമാനം എന്നാണ് കൈക്കൊണ്ടതെന്നും എത്ര കോടി രൂപയാണ് ഇതിന്റെ ചെലവെന്നും അറിയിക്കുമോ;

(സി) "കാത്ത് ലാബി"-ന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിബന്ധമുണ്ടോ; ഉണ്ടെങ്കിൽ ആയവ പരിഹരിച്ച് "കാത്ത് ലാബ്"-ന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല.

(ബി) 30-7-2014-ലെ സ.ഉ. (സാധാ.) നമ്പർ 2588/14/ആ.കു.വ. പ്രകാരം

കാത്ത് ലാബ് ആരംഭിക്കുന്നതിനായി 4.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രതിബന്ധങ്ങളില്ല. കെ.എസ്.ഇ.ബി.എൽ.-നിന്നും എച്ച്.റ്റി. കണക്ഷനും എ.ഇ.ആർ.ബി. രജിസ്ട്രേഷനും ലഭിക്കുന്നമുറയ്ക്ക് കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം

222 (5652) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് പ്രവർത്തനസജ്ജമാകും എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ബ്ലോക്കിൽ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന വിഭാഗങ്ങൾ ഏതൊക്കെയാണ്;

(ഡി) മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ ചെലവ് എത്ര കോടി രൂപയാണ്?

<u>ഉത്തരം</u>

(എ) മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

(ബി) ഏകദേശം ആറ് മാസത്തിനുള്ളിൽ പ്രവർത്തനസജ്ജമാകും.

(സി) പോളിട്രോമ കെയർ യൂണിറ്റ്, ജെറിയാട്രിക്സ്, കാർഡിയോളജി, മോർച്ചറി വിഭാഗങ്ങൾ.

(ഡി) 21.6 കോടി രൂപ.

## സർക്കാരിന്റെ അലോപ്പതി ആശുപത്രികൾ

223 (5653) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ വക (മേൽനോട്ടത്തിൽ)എത്ര അലോപ്പതി ആശുപത്രികൾ ഉണ്ട്; ഇതിൽ മെഡിക്കൽ കോളേജുകൾ എത്ര;

ജനറൽ ആശുപത്രികൾ എത്ര; താലൂക്ക് ആശുപത്രികൾ എത്ര; പി.എച്ച്.സി.കൾ എത്ര; ഇവകൾ ജില്ല തിരിച്ച് എണ്ണവും വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) സർക്കാർ നിയന്ത്രണത്തിൽ എത്ര സ്വകാര്യ അലോപ്പതി ആശുപത്രികൾ ഉണ്ട്; ജില്ല തിരിച്ച് പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ അലോപ്പതി ആശുപത്രികളിലെ നഴ്സുമാരുടെ (ബി.എസ്.സി & ജനറൽ തുടങ്ങിയവ.) വേതനം എത്രയെന്ന് സർക്കാർ നിജപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പല സ്വകാര്യ ആശുപത്രികളും ശമ്പളവും മറ്റും വളരെ കുറച്ച് നൽകി നഴ്സുമാരെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ രാപ്പകൽ പണിയെടുക്കുന്ന നഴ്സുമാരുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിനുകീഴിൽ വിവിധ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ആശുപത്രികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു+.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ. മെഡിക്കൽ കോളേജ്, കൊല്ലം
3. ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവ. മെഡിക്കൽ കോളേജ്, കോട്ടയം
5. ഗവ. മെഡിക്കൽ കോളേജ്, ഇടുക്കി
6. ഗവ. മെഡിക്കൽ കോളേജ്, എറണാകുളം
7. ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ
8. ഗവ. മെഡിക്കൽ കോളേജ്, മലപ്പുറം
9. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്

(ബി) ബാധകമല്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി & ഡി) ഉണ്ട്.

(ഇ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം ലഭ്യമാക്കാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും മറ്റുള്ള നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ 2017-ൽ നാളിതുവരെ 240 സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്തുകയും 29 പ്രോസിക്യൂഷനും 11 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതന വിതരണം സുതാര്യമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിവഴി ജീവനക്കാർക്ക് വേജ് സ്ലിപ് ലഭ്യമാക്കുകയും വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുകയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ആരോഗ്യ വകുപ്പിനുകീഴിൽ ഐ.ആർ.സി. രൂപീകരിച്ചിട്ടുണ്ട്.

**ആശുപത്രികളിൽ ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനങ്ങൾ**

224 (5654) ശ്രീ. ആർ. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ആർദ്രം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുത്തത് പ്രകാരം ഇവിടങ്ങളിൽ ഏതെല്ലാം തസ്തികകൾ എത്രയെണ്ണം വീതം ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ള താലൂക്കാശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇവയ്ക്കെല്ലാമായി ആകെ എത്ര തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും ഇവയുടെ നിയമനം എപ്രകാരമായിരിക്കുമെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി 28-3-2017- ലെ സ.ഉ. (ആർടി.) 845/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 12-5-2017-ലെ സ.ഉ.(എം.എസ്.) 75/2017 ആ.കു.വ. പ്രകാരം 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സമാർ, 170 ലാബ് ടെക്നീഷ്യൻമാർ ഉൾപ്പെടെ ആകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) മൂന്ന് വർഷംകൊണ്ട് ആരോഗ്യ വകുപ്പിലേക്കായി 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18-ലെ ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതി പ്രകാരം ആരോഗ്യ വകുപ്പനുകീഴിൽ 5257 തസ്തികകൾ മൂന്ന് വർഷംകൊണ്ട് സൃഷ്ടിക്കപ്പെടുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലായി 680 തസ്തികകൾ ഇതിനകം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**സ്പെഷ്യാലിറ്റി - അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം**

225 (5655) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി- അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം നടപ്പിലാക്കിയത് എപ്പോഴാണ്;

(ബി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കിയതിനെത്തുടർന്ന് സ്പെഷ്യാലിറ്റി കേഡർ തെരഞ്ഞെടുത്ത മെഡിക്കൽ ഓഫീസർമാർക്ക് വിവിധ തസ്തികകളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടും തൊട്ടുമുകളിലുള്ള തസ്തികകൾ ഒഴിവുണ്ടായിട്ടും ഉദ്യോഗക്കയറ്റം ലഭിക്കാത്ത സാഹചര്യമുണ്ട് എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ആറുമാസത്തിനിടയിലോ ഒരു വർഷത്തിനിടയിലോ മാത്രം റിട്ടയർ ചെയ്യാൻ കാലാവധിയുള്ള നിരവധി മെഡിക്കൽ ഓഫീസർമാർക്ക് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേർന്ന് തീരുമാനമെടുക്കാത്തതിനാൽ അർഹതപ്പെട്ട ഉദ്യോഗക്കയറ്റം ലഭിക്കാതെ ജോലിയിൽനിന്ന് വിരമിക്കേണ്ടതായി വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം നടപ്പിലാക്കിയത് 2010 മുതലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശകൾ ലഭ്യമാക്കിയിട്ടുള്ള വിഷയങ്ങളിൽ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ യോഗം ചേരാതെതന്നെ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ഡി) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള ശിപാർശകൾ ലഭ്യമാക്കിയിട്ടുള്ള സൈക്ക്യാട്രി, ജനറൽ മെഡിസിൻ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിൽ സൈക്ക്യാട്രി വിഭാഗത്തിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൂടി സെലക്ട് ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, ജനറൽ സർജറി എന്നിവ സൂക്ഷ്മ പരിശോധനാഘട്ടത്തിലാണ്. മറ്റുള്ള സ്പെഷ്യാലിറ്റികളിൽ ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ വേതനം**

226 (5656) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി നിർദ്ദേശപ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ പഠനത്തെത്തുടർന്ന് സ്വകാര്യമേഖലയിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുവാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശ പ്രകാരം 2016 ഒക്ടോബർ 20-ന് മുൻപ് സ്വീകരിച്ച നടപടി അറിയിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നോ;

(സി) പ്രസ്തുത നിർദ്ദേശ പ്രകാരം കേന്ദ്രത്തിന് വിശദാംശം നല്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) സ്വകാര്യമേഖലയിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിർദ്ദേശിച്ചിരുന്നു.

(സി) ഇല്ല. നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20,000 രൂപയായി നിശ്ചയിക്കണമെന്ന ശിപാർശ, സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയുടെ അഭിപ്രായത്തിനായി നൽകിയിരുന്നു. റിപ്പോർട്ട് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേന്ദ്രത്തിന് മറുപടി നൽകാൻ സാധിക്കുകയുള്ളൂ.

(ഡി) 28-10-2016-ലെ സ.ഉ.(സാധാ.)1334/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നിലവിലുള്ള സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിക്ക് അനുമതി നൽകിയിട്ടുണ്ട്. പുതിയതായി രൂപീകരിച്ച കമ്മിറ്റി എല്ലാ ജില്ലകളിലും തെളിവെടുപ്പ് നടത്തിവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന നഴ്സുമാരടക്കമുള്ള തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ മുൻകരുതൽ**

227 (5657) ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി, എച്ച്1 എൻ1, മലേറിയ മുതലായ രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് എല്ലാ സർക്കാർ ആശുപത്രികൾക്കും ആരോഗ്യപ്രവർത്തകർക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പകർച്ചപ്പനികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ആശുപത്രികളിലും ചികിത്സാ സൗകര്യങ്ങൾ, മരുന്നുകൾ, പ്രതിരോധ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നൽകിയിട്ടുണ്ട്.

(ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗരേഖകൾ ആരോഗ്യ വകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി മുതലായ ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ, ഐ.സി.യു. സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. 2016-17 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി 302.9 ലക്ഷം രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ മരുന്നുകൾ ജില്ലകൾക്ക് ലഭ്യമാക്കുന്നതിനായി 62 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഏപ്രിൽ, മേയ് മാസങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 74 ലക്ഷം രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. പ്രാണി നശീകരണത്തിനുള്ള കീടനാശിനികൾ ജില്ലകൾക്ക് ലഭ്യമാക്കുന്നതിനായി 13.9 ലക്ഷം രൂപ കെ.എം.എസ്.സി.എൽ. -ന് നൽകിയിട്ടുണ്ട്.

**മാറാരോഗികൾക്കും ശയ്യാവലംബർക്കും പരിചരണം**

228 (5658) <u>ശ്രീ. കെ. ദാസൻ:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാരോഗികൾക്കും ശയ്യാവലംബർക്കും വേദന നിവാരണ പരിചരണം നൽകുന്നതിൽ സംസ്ഥാനത്തെ മുഖ്യരാഷ്ട്രീയ പാർട്ടി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പാലിയേറ്റീവ് കെയർ രംഗത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണ്;

(സി) വിവിധ സന്നദ്ധ സേവന സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഈ രംഗത്തെ പ്രവർത്തനം ശക്തമാക്കാനും വേദന നിവാരണ ചികിത്സയ്ക്കായി കൂടുതൽ സർക്കാർ ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കി മാറാരോഗികൾക്ക് ആശ്വാസം പകരാനും നടപടിയെടുക്കുമോ?

ഉത്തരം

(എ) ഭവന സന്ദർശനത്തിലൂടെ പ്രൈമറി കെയർ, ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സെക്കന്ററി കെയർ, പരിശീലന പരിപാടികൾക്കായി സജ്ജീകരിച്ചിട്ടുള്ള ടെർഷ്യറി കെയർ എന്നിവയാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന സാന്ത്വന പരിചരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. സന്നദ്ധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും നടത്തുന്ന സാന്ത്വന പരിചരണ പദ്ധതിയുമായി നിലവിൽ പ്രാദേശിക തലത്തിൽ സാങ്കേതികമായ സഹകരണം ആരോഗ്യ വകുപ്പ് നൽകുന്നുണ്ട്. സംഘടനകൾ നടത്തുന്ന സാന്ത്വന പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് വിശകലനം ചെയ്തിട്ടില്ല.

(ബി) സംസ്ഥാനത്ത് സാന്ത്വന പരിചരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്ന് തലത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

പ്രൈമറി കെയർ: കിടപ്പിലായ രോഗികളുടെ ഭവന സന്ദർശനം നടത്തി സാന്ത്വന ചികിത്സ നൽകുന്ന ഹോം കെയർ എല്ലാ പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളോടനുബന്ധിച്ച് നടപ്പിലാക്കിവരുന്നു.

സെക്കന്ററി കെയർ: വിദഗ്ദ്ധ ചികിത്സ ആവശ്യമായ രോഗികൾക്ക് സംസ്ഥാനത്തെ 95 ജില്ലാ/ജനറൽ /താലൂക്കാശുപത്രികളിൽ രോഗപരിചരണവും മോർഫിൻ തെറാപ്പിയും നൽകിവരുന്നു.

ടെർഷ്യറി കെയർ: എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

**ഭിന്നശേഷിക്കാർക്ക് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി**

229 (5659) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർ കേരളത്തിൽ ഏറ്റവും കൂടുതൽ മലപ്പുറത്താണ് എന്നതിനാൽ ഇത്തരക്കാർക്കെല്ലാം ആശ്രയിക്കാവുന്ന വിധത്തിൽ മലബാർ മേഖലയിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ സാധ്യതാപഠനത്തിന് സാമൂഹ്യനീതി വകുപ്പിന് ചുമതല നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) താനൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തായി ഇത്തരത്തിൽ ഒരു ഭിന്നശേഷി മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ സാധ്യതകൾ പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭിന്നശേഷിക്കാർക്കായി മലപ്പുറം ജില്ലയിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും പുനരധിവാസ കേന്ദ്രവും സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് താനൂർ എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച 50 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളത് റിപ്പോർട്ടിനായി മലപ്പുറം സാമൂഹ്യനീതി ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(സി) ഇല്ല. താനൂർ എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ നൽകിയ കത്തിൽ താനൂരിൽ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ സാധിക്കുമെന്നും റോഡ് വഴിയും ട്രെയിൻ വഴിയും ഭാവിയിൽ ജലഗതാഗതമായാലും എത്തിപ്പെടാൻ ഏറെ സൗകര്യപ്രദമായ പ്രദേശമാണ് താനൂർ എന്ന് സൂചിപ്പിച്ചിട്ടുള്ളതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്.

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II തസ്തികയിൽ നിയമനം**

230 (5661) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II തസ്തികയിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് ഏതെല്ലാം ജില്ലകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും ആകെ എത്ര ഒഴിവുകൾ ഇതിനോടകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മേയ് 31 വരെ ഉണ്ടാകുന്ന ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എന്തു നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II തസ്തിക നിയമനത്തിനായി 14 ജില്ലകളിലും റാങ്ക് പട്ടിക നിലവിലുണ്ട്.

(ബി) ഓരോ ജില്ലയിലും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

തിരുവനന്തപുരം - ഇല്ല

കൊല്ലം - ഇല്ല

പത്തനംതിട്ട - ഇല്ല

ആലപ്പുഴ - 10

കോട്ടയം - 3

ഇടുക്കി - 4

എറണാകുളം - ഇല്ല

തൃശ്ശൂർ - 24

പാലക്കാട് - 36

മലപ്പുറം - 16

കോഴിക്കോട് - 2

വയനാട് - 7

കണ്ണൂർ - 77

കാസർഗോഡ് - ഇല്ല.

(സി) അർഹതപ്പെട്ടവർക്ക് സ്ഥാനക്കയറ്റം നൽകി അതുവഴിയുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, ഗ്രേഡ് -II അനുപാതം**

231 (5662) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിൽ ഈ അനുപാതം നിലവിലുണ്ട്; മറ്റുള്ള ജില്ലകളിലേക്കും ഈ അനുപാതം നടപ്പിലാക്കാമോ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ മുൻ റാങ്ക് ലിസ്റ്റിൽനിന്നും മലപ്പുറം ജില്ലയിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകളിലേക്കാണ് നിയമനം നടന്നത്; വിശദാംശം നൽകുമോ;

(ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുള്ള തസ്തികകളിലേക്ക് പുതിയ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1:1

(ബി) ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഈ അനുപാതം നിലവിലുണ്ട്. ആയത് മറ്റുള്ള ജില്ലകളിലേയ്ക്കും നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലുള്ള എല്ലാ ജീവനക്കാരെയും ഒരുമിച്ച് പരിഗണിച്ചുകൊണ്ടാണ് അനുപാതം നിലനിർത്തുന്നത്.

(സി) ആരോഗ്യ വകുപ്പിനുകീഴിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ മുൻ റാങ്ക് ലിസ്റ്റിൽനിന്നും മലപ്പുറം ജില്ലയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നടന്നിട്ടില്ല.

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ബി.എസ്‌സി. നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം**

232 (5663) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. സി. എഫ്. തോമസ്:</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിലേക്കും പ്രൈവറ്റ് നഴ്സിംഗ് കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേക്കുമുള്ള 2017-18 അധ്യയന വർഷത്തെ ബി.എസ് സി. നഴ്സിംഗ് കോഴ്സിലേക്കുള്ള പ്രവേശനം പ്ലസ്ടുവിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) മാർക്കിന്റെ മാത്രം അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നത് ആതുരസേവനരംഗത്തിന്റെ ഗുണനിലവാരത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മികച്ച നഴ്സിംഗ് പ്രൊഫഷണലുകളെ ലഭിക്കുന്നതിനായി 2017-ലെ എൻ.ഇ.ഇ.റ്റി പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽനിന്നും ബി.എസ് സി. നഴ്സിംഗ് കോഴ്സിലേക്ക് പ്രവേശനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല. ബാധകമല്ല.

(സി) നിലവിൽ എൻ.ഇ.ഇ.റ്റി. പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽനിന്നും ബി.എസ്‌സി. നഴ്സിംഗ് കോഴ്സിലേയ്ക്ക് പ്രവേശനം നടത്താൻ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

**ഫാം ഡി. കോഴ്സ്**

233 (5664) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2012-ൽ ഫാം. ഡി കോഴ്സ് തുടങ്ങുവാൻ അനുമതി ലഭിച്ചുവെങ്കിലും നാളിതുവരെ കോഴ്സ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ കോഴ്സ് എന്നത്തേയ്ക്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ കോളേജുകളിലാണ് നിലവിൽ ഫാം ഡി കോഴ്സ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനം സാമ്പത്തിക ഞെരുക്കത്തിലായിരുന്നതിനാലും ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കേണ്ടിയിരുന്നതിനാലുമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫാം ഡി. കോഴ്സ് തുടങ്ങാനുള്ള തീരുമാനം താൽക്കാലികമായി നീട്ടിവച്ചത്. കൂടാതെ പ്രസ്തുത കോഴ്സ് സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയല്ല.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഫാം ഡി. കോഴ്സ് തുടങ്ങാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്ത് 16 സ്വാശ്രയ കോളേജുകളിലാണ് ഫാം ഡി. കോഴ്സ് നടത്തുന്നത് (കോളേജുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*)

**ഫാം ഡി. കോഴ്സ്**

234 (5665) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം.ഡി കോഴ്സുകൾ നടക്കുന്ന സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം മെഡിക്കൾ കോളേജിൽ ഫാം.ഡി കോഴ്സ് ആരംഭിക്കുന്നതിന് ഇന്ത്യൻ ഫാർമസി കൗൺസിൽ അനുമതി നൽകിയിട്ടും, ഫാം. ഡി കോഴ്സ് ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 16 സ്വാശ്രയ കോളേജുകളിലാണ് ഫാം ഡി. കോഴ്സ് നടത്തുന്നത്. പ്രസ്തുത കോളേജുകളിൽ ഓരോന്നിലും 30 സീറ്റുകൾ വീതം ആകെ 480 സീറ്റുകളാണുള്ളത്. ഇതിൽ അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ മാത്രമാണ് 2016-17 അധ്യയന വർഷത്തിൽ സർക്കാരുമായി 50% സീറ്റ് പങ്കിടുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ളത്. പ്രസ്തുത കോളേജിലെ 15 സീറ്റുകളിലേയ്ക്ക് മെറിറ്റ് അടിസ്ഥാനത്തിലാണ് 2016-17 അധ്യയന വർഷത്തിൽ പ്രവേശനം നടത്തിയിട്ടുള്ളത്.

2017-18-ൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശന നടപടികൾ സ്വീകരിക്കുന്നതിന് മാനേജ്മെന്റുകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) സംസ്ഥാനം സാമ്പത്തിക ഞെരുക്കത്തിലായിരുന്നതിനാലും ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കേണ്ടിയിരുന്നതിനാലുമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫാം ഡി. കോഴ്സ് തുടങ്ങാനുള്ള തീരുമാനം താൽക്കാലികമായി നീട്ടിവച്ചത്. കൂടാതെ പ്രസ്തുത കോഴ്സ് സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അടുത്ത അധ്യയന വർഷത്തെ മെഡിക്കൽ പ്രവേശനം

235 (5666) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷം സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും വിദ്യാർത്ഥി പ്രവേശനത്തിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലുമായി എത്ര വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനാകും എന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കൗൺസിൽ യോഗത്തിൽ ആരോഗ്യ സെക്രട്ടറി സംബന്ധിച്ചിരുന്നോ; സെക്രട്ടറിക്ക് പകരം നിയോഗിച്ച പ്രതിനിധിയെ കൗൺസിൽ യോഗത്തിൽ നിന്നും ഇറക്കിവിട്ട സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലായി 3950 എം.ബി.ബി.എസ്. സീറ്റുകളാണുള്ളത്. ഇതിൽ എത്ര സീറ്റുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കണമെന്ന വിഷയം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെയും സർവ്വകലാശാലയുടെയും അംഗീകാരത്തിന് വിധേയമായിരിക്കും.

(സി) മെഡിക്കൽ കൗൺസിൽ യോഗത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി പങ്കെടുത്തിട്ടുണ്ട്. കൗൺസിൽ യോഗത്തിൽനിന്നും സർക്കാർ പ്രതിനിധിയെ ഇറക്കിവിടുകയുണ്ടായില്ല.

## സ്റ്റാഫ് നഴ്സ് തസ്തിക

236 (5667) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഈ സർക്കാരിന്റെ കാലത്ത് സൃഷ്ടിച്ച സ്റ്റാഫ് നഴ്സ് തസ്തികയ്ക്ക് ആനുപാതികമായി ഹെഡ്നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-10-2016-ലെ സ.ഉ.(കൈ)നമ്പർ 191/2016/ആ.കു.വ. പ്രകാരം കൊല്ലം മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II - 120, ഹെഡ്സ് നഴ്സ് - 12, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I - 1, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II - 3 തസ്തികകളും 22-12-2016-ലെ സ.ഉ.(കൈ)നമ്പർ 225/2016/ആ.കു.വ. പ്രകാരം എല്ലാ മെഡിക്കൽ കോളേജുകളിലെയും സർജിക്കൽ, മെഡിക്കൽ ഓങ്കോളജി എന്നീ വിഭാഗത്തിലേയ്ക്ക് 6, 5 വീതം സ്റ്റാഫ് നഴ്സ് തസ്തികകളും 29-4-2017-ലെ സ.ഉ.(കൈ) നമ്പർ 67/2017/ആ.കു.വ. പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിലായി 721 സ്റ്റാഫ് നഴ്സ് തസ്തികകളും 5-5-2017-ലെ സ.ഉ.(കൈ) നമ്പർ 72/2017/ആ.കു.വ. പ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സ് - 65, ഹെഡ് നഴ്സ് -13, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I - 2, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-II - 3 തസ്തികകളും സൃഷ്ടിച്ചു.

(ബി) മറ്റ് മെഡിക്കൽ കോളേജുകളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്.

**നഴ്സിംഗ് പാരാമെഡിക്കൽ പ്രവേശനം**

237 (5668) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള നഴ്സിംഗ്, പാരാമെഡിക്കൽ പ്രവേശനം സംബന്ധിച്ച് സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ തലത്തിൽ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾക്ക് കഴിഞ്ഞ അദ്ധ്യയന വർഷം ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നീ ഇനങ്ങളിൽ എന്ത് തുകയാണ് ഈടാക്കിയിരുന്നത്;

(സി) ഈ അദ്ധ്യയന വർഷം സ്വാശ്രയ മാനേജ്മെന്റുകൾ ഫീസ് വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ സമീപനം വ്യക്തമാക്കുമോ?

ഉത്തരം

(എ) നഴ്സിംഗ് പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തി. പാരാമെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ചയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബി.എസ്‌സി. നഴ്സിംഗ്/ പോസ്റ്റ് ബേസിക് ബി.എസ്‌സി. നഴ്സിംഗ് കോഴ്സ്:

സർക്കാർ സീറ്റ് ട്യൂഷൻ ഫീസ് - 20,000

സെൽഫ് ഫിനാൻസിംഗ് കോളേജസ് ട്യൂഷൻ ഫീസ് : 55,000 + സ്പെഷ്യൽ ഫീസ് : 15,000

എം.എസ്‌സി. നഴ്സിംഗ് കോഴ്സ്:

സർക്കാർ സീറ്റ് ട്യൂഷൻ ഫീസ്- 28,000

സെൽഫ് ഫിനാൻസിംഗ് കോളേജസ് ട്യൂഷൻ ഫീസ്: 1,00,000 + സ്പെഷ്യൽ ഫീസ് : 50,000

പാരാമെഡിക്കൽ കോഴ്സുകളുടെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്. വർദ്ധനവ് വരുത്തരുതെന്നാണ് സർക്കാരിന്റെ താൽപ്പര്യം.

**കോഴിക്കോട് ഗവൺമെന്റ് ഹോമിയോ കോളേജ്**

238 (5669) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. ഹോമിയോ കോളേജിലെ ഏതെങ്കിലും തസ്തികകൾ തിരുവനന്തപുരം ഹോമിയോ കോളേജിലേക്ക് മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകൾ;

(ബി) കോഴിക്കോട് ഹോമിയോ കോളേജിലെ ഡ്രൈവർ, ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകൾ തിരുവനന്തപുരത്തിന് മാറ്റുന്നതിന് തീരുമാനമുണ്ടോ;

(സി) ഡയറക്ടറേറ്റ് ഓഫ് ഹോമിയോപതിക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ആസ്ഥാനം എവിടെയാണ് എന്ന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) താൽക്കാലികമായി മാറ്റിയിട്ടുണ്ട്.

ക്ലാർക്ക് -1

ഗാർഡനർ -1

(ബി&സി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലക്ചറർ ഇൻ ആയുർവ്വേദ ലിസ്റ്റിൽനിന്നും നിയമനങ്ങൾ_

239 (5670) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയൂർവേദ മെഡിക്കൽ എജ്യൂക്കേഷൻ വകുപ്പിൽ നിലവിലുള്ള ലക്ചർ ഇൻ ആയുർവേദ ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തിക പുനർനാമകരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നാണോ ഈ നിയമനങ്ങൾ നടത്തുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ലക്ചറർ ഇൻ ആയുർവ്വേദ ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടന്നിട്ടുണ്ട്.

(ബി) പ്രസ്തുത ലക്ചറർ തസ്തിക സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി.) നമ്പർ 408/2016/ആയുഷ് തീയതി 19-8-2016 പ്രകാരം പുനർനാമകരണം ചെയ്തിട്ടുണ്ട്.

(സി) നിലവിൽ 21 ഒഴിവുകളാണുള്ളത്.

(ഡി) നിലവിലെ റാങ്ക് ലിസ്റ്റിൽ സർക്കാർ ഉത്തരവ് ജി.ഒ. (ആർറ്റി.) നമ്പർ408/2016/ആയുഷ് തീയതി 19-8-2016 അനുശാസിക്കുന്ന പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അതത് കാറ്റഗറിയിലെ വിഷയത്തിന്മേൽ പി. ജി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിവരുന്നു.

## ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതി

240 (5671) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭേദഗതിയിൽ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച നിലവാരമുള്ള ബിരുദാനന്തര ബിരുദങ്ങൾ മാത്രമേ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കേണ്ടതുള്ളൂ എന്ന നിബന്ധന എടുത്തുകളയുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരളത്തിലെ സർവ്വകലാശാലകൾ തള്ളിക്കളഞ്ഞ എക്സ്റ്റേണൽ എം. ഡി തപാൽ ബിരുദം അധ്യാപക നിയമനത്തിന് പരിഗണിക്കുന്നത് ഹോമിയോപ്പതി വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണമാകില്ലേ എന്ന് വ്യക്തമാക്കുമോ;

(ഡി) സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമായിരിക്കുമോ അധ്യാപകരുടെ സ്ഥാനക്കയറ്റത്തിനുള്ള മാനദണ്ഡങ്ങൾ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നത് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇപ്പോൾ നിയമ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി-ഡി) സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കേരള സംസ്ഥാന ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ സേവന സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്ന വിഷയം വിവിധ തലങ്ങളിലായി സർക്കാർ പരിശോധിച്ചുവരുന്നു. സർക്കാർ ഇതിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**ജീവൻരക്ഷാ മരുന്നുകൾ**

241 (5672) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജീവൻരക്ഷാ മരുന്നുകൾ സർക്കാർ ഉടമസ്ഥതയിലുള്ള ഫാർമസ്യൂട്ടിക്കൽ സ്ഥാപനം മുഖേന നിർമ്മിക്കുന്ന സമഗ്രമായ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

സാധാരണ ജനങ്ങൾക്കായി സർക്കാർ ആശുപത്രികൾ മുഖേന നൽകുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡാണ് നൽകിവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വരൂപിക്കുന്ന 30-ഓളം മരുന്നുകൾ കെ.എസ്.ഡി.പി. നിലവിൽ ഉല്പാദനം നടത്തി നൽകിവരുന്നു. കൂടുതൽ ഇനം മരുന്ന് കേരള മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷൻ മുഖേന നൽകുന്നതിനായി ഒരു നോൺ ബീറ്റാലാക്ടം പദ്ധതി ആവിഷ്കരിച്ച് പണി ആരംഭിക്കുവാൻ പോകുകയാണ്. ഈ പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് 200-ഓളം ജീവൻരക്ഷാ മരുന്നുകൾ അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും. ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയ ചെയ്ത രോഗികൾക്ക് ദൈനംദിനം ആവശ്യമായ മരുന്നുകളും ഈ പദ്ധതി വരുന്നതോടെ കെ.എസ്.ഡി.പി.-യിൽ നിർമ്മിക്കാനാകും. ഇത് 90% സബ്സിഡിയായി നൽകാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്.

ഇപ്പോൾ ഉല്പാദനം ആരംഭിച്ച ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റിൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ആവശ്യമായ 11-ഇനം കുത്തിവയ്പ്പ് മരുന്നുകൾ നൽകുവാൻ കഴിയും. ഈ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് മാർക്കറ്റിൽ ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയും.

## മരുന്നുകളുടെ ഗുണനിലവാരപരിശോധന സംവിധാനം

242 (5673) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദീകരിക്കാമോ?

### ഉത്തരം

(എ) നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം എണ്ണായിരത്തോളം മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 5%ത്തിൽ താഴെ മാത്രമാണ്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം NABL അംഗീകരിച്ച ലാബുകളിൽ പരിശോധിച്ചതിനുശേഷമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മരുന്നുകൾ

ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്യുന്നത്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി പുതിയ ലബോറട്ടറികൾ (തൃശ്ശൂർ, കോന്നി, കോഴിക്കോട്) നിലവിൽ വരുന്നതിലേക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇങ്ങനെ മരുന്ന് പരിശോധനാ ലാബുകളുടെ എണ്ണം അഞ്ചാകുന്നതോടുകൂടി കേരളാ വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്ന് ബാച്ചുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പുതിയ മരുന്ന് പരിശോധനാ ലബോറട്ടറികളിലേയ്ക്ക് ആധുനിക ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി വാർഷിക പദ്ധതിയിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

**ജനനി ജാതക് പദ്ധതി**

243 (5674) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി ജാതക് എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ഐ.സി.ഡി.എസ്. പ്രോജക്ടുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കൂടുതൽ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലേക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജനനി ജാതക് എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇടുക്കി ജില്ലയിലെ ദേവികുളം (അഡീഷണൽ), കണ്ണൂർ ജില്ലയിലെ ഇരിട്ടി ഐ.സി.ഡി.എസ്. എന്നിവിടങ്ങളിലാണ് 2017-18 സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അട്ടപ്പാടി ഐ.സി.ഡി.എസ്., മാനന്തവാടി ഐ.സി.ഡി.എസ്. എന്നിവിടങ്ങളിൽ ടി പദ്ധതി തുടരുന്നതുമാണ്.

(സി) ഉണ്ട്. ടി പദ്ധതി റിഥി ഫൗണ്ടേഷന്റെയും റിഥി മാനേജ്മെന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡിന്റെയും സാങ്കേതിക സഹായത്തോടെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയുമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ആയത് ടി സോഫ്റ്റ്‌വെയർ റിഥി ഫൗണ്ടേഷനിൽ നിന്നും ലഭ്യമാക്കി ടി പദ്ധതി വകുപ്പ് പൂർണ്ണമായി ഏറ്റെടുത്തുകൊണ്ട് സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതിലേയ്ക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അനാഥരും തെരുവിൽ അലയുന്നതുമായവരുടെ ചികിത്സ**

244 (5675) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെയും അന്യസംസ്ഥാനങ്ങളിലെയും രോഗികളും അനാഥരും തെരുവിൽ അലയുന്നതുമായവരെ ആശുപത്രികളിൽ ചികിത്സക്കായി എത്തിക്കുമ്പോൾ അവരോടൊപ്പം നിൽക്കാൻ പരീക്ഷണാടിസ്ഥാനത്തിലെങ്കിലും നഴ്സുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ആശുപത്രികളിൽ രോഗീ പരിചരണത്തിനുതന്നെ നഴ്സുമാരെ തികയാത്ത സാഹചര്യത്തിൽ നഴ്സുമാരെ രോഗികൾക്ക് കൂട്ടിരിപ്പുകാരായി നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ചൈൽഡ് വെൽഫെയർ കമ്മിറ്റി**

245 (5676) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ അടക്കമുള്ള അംഗങ്ങൾ എത്ര വർഷമായി തുടരുന്നു;

(ബി) കമ്മിറ്റിയുടെ കാലാവധി എത്ര വർഷമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പുതിയ അംഗങ്ങൾ ചുമതലയേൽക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വിധി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(എഫ്) പുതിയ അംഗങ്ങളുടെ നിയമന നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ 27-12-2011 മുതലും ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ 6.2.2013 മുതലും വയനാട്, കോഴിക്കോട് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ 14-6-2013 മുതലും പ്രവർത്തിച്ചുവരുന്നു. സ.ഉ. (സാധാ.) നമ്പർ114/2017/സ.നീ.വ. പ്രകാരം വയനാട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ ചെയർമാനേയും ഒരംഗത്തേയും തൽസ്ഥാനത്തുനിന്നും നീക്കംചെയ്തുകൊണ്ടും മറ്റ് മൂന്ന് അംഗങ്ങളെ അന്വേഷണം പൂർത്തിയാകുന്നതുവരെ മാറ്റി നിർത്തിക്കൊണ്ടും വയനാട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചുമതല തൽക്കാലം കോഴിക്കോട് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറിക്കൊണ്ടും ഉത്തരവായിട്ടുണ്ട്.

(ബി) മൂന്നുവർഷം.

(സി &ഡി) ഇല്ല. പുതിയ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി കരടുചട്ടം തയ്യാറാക്കിവരുന്നു.

(ഇ) ഉണ്ട്. 2015-ലെ പുതുക്കിയ ജെ.ജെ. ആക്ട് നിലവിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന സെലക്ഷൻ കമ്മിറ്റി എറണാകുളം ജില്ലയിലെ ചെയർപേഴ്സണെയും മെമ്പർമാരേയും തെരഞ്ഞെടുക്കുന്നതിനായി നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട പാനലിൽ ഉൾപ്പെട്ട ഒരംഗം, ടിയാളെ എറണാകുളം സി.ഡബ്ല്യൂ.സി. അംഗമായി നിയമിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതി ടിയാൾക്കനുകൂലമായി വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

**തലശ്ശേരി മണ്ഡലത്തിലെ അംഗപരിമിതർക്ക് മുച്ചക്ര വാഹനം**

246 (5677) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 17 വർഷത്തെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജക മണ്ഡലത്തിൽ അംഗപരിമിതർക്ക് മുച്ചക്ര വാഹനം (10 ലക്ഷം) എന്ന പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഇതുവരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതത് എന്ന് വിശദമാക്കുമോ;

(ബി) 29-12-2016-ന് ധനകാര്യ വകുപ്പിൽനിന്നും സാമൂഹ്യനീതി വകുപ്പിലേക്ക് അയച്ച അംഗപരിമിതർക്ക് മുച്ചക്ര വാഹനം എന്ന പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് സെക്ഷനിലാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ; ഈ ഫയലിന്റെ നമ്പർ എത്രയാണ്;

(സി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) തലശ്ശേരി നിയോജക മണ്ഡലത്തിലെ അംഗപരിമിതർക്ക് മുച്ചക്ര വാഹനം സംബന്ധിച്ച ഫയൽ 308/ഡി2/2017/സാ.നീ.വ. എന്ന നമ്പരായി അംഗീകാരത്തിനായി ധനവകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. അഭിപ്രായം/അംഗീകാരം ലഭിച്ചാലുടൻതന്നെ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി**

247 (5678) <u>ശ്രീ. പുരുഷൻ കടലുണ്ടി:</u>

<u>ശ്രീ. എം. മുകേഷ്:</u>

<u>ശ്രീ. പി. ടി. എ. റഹീം:</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി 'സായം പ്രഭ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഏങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും വയോജനങ്ങളോടുള്ള അധിക്ഷേപങ്ങൾ തടയുന്നതിനുമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ആദ്യപടിയായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളെ വയോസൗഹൃദ പഞ്ചായത്തുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കുന്ന വയോ സൗഹൃദ ഗ്രാമപഞ്ചായത്ത് എന്ന ടി പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്ത് വയോജന സൗഹൃദ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ, വെമ്പായം, പാലക്കാട് ജില്ലയിലെ കരിമ്പ, പെരുവെമ്പ്, മുണ്ടൂർ, പുതുശ്ശേരി പഞ്ചായത്തുകളും വയോജന സൗഹൃദമാക്കുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയോജനങ്ങൾക്ക് അവശ്യംവേണ്ട അനുയോജ്യ സേവനങ്ങളെ അതിരുകളില്ലാതെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന പദ്ധതിയാണ് സായംപ്രഭ. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വയോജനങ്ങൾക്ക് സുരക്ഷിതത്വം, സംരക്ഷണം, ആരോഗ്യം, പോഷണം, ഉപജീവനം തുടങ്ങിയ സമസ്ത മേഖലകളിലും ക്ഷേമം ഉറപ്പുവരുത്തി വയോജന സൗഹൃദമാക്കുക എന്ന സമഗ്രപദ്ധതിയാണ് സായംപ്രഭ.

(ബി & സി) പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ജീവിത സായാഹ്നത്തിൽ എത്തിനിൽക്കുന്ന സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ ശിഷ്ടജീവിതം അർത്ഥ സമ്പുഷ്ടമാക്കാനും വാർദ്ധക്യകാലത്ത് സ്വാഭാവികമായി നേരിടേണ്ടിവരുന്ന വെല്ലുവിളികളെ സധൈര്യം നേരിടുവാൻ അവരെ ക്രിയാത്മകമായി സജ്ജരാക്കുന്നതിനും സുസ്ഥിരമായ മാനസിക ശാരീരിക ആരോഗ്യം കൈവരിക്കുവാൻ പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുന്നതിനായുള്ള ഒരു പദ്ധതിയാണ് സായംപ്രഭ. വയോജനങ്ങൾക്ക് ആവശ്യം വേണ്ട അനുയോജ്യ സേവനങ്ങൾ അതിരുകളില്ലാതെ ലഭ്യമാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സുരക്ഷിതത്വം, പോഷണം, ആരോഗ്യം, ഉപജീവനം, സംരക്ഷണം എന്നിവ എല്ലാ മുതിർന്ന പൗരന്മാർക്കും ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

(ഡി) എല്ലാ വർഷവും സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന/ജില്ലാതല വയോജന ദിനാചരണത്തോടനുബന്ധിച്ച് വയോജനങ്ങളെ സംരക്ഷിക്കുന്നതിനും ബഹുമാനിക്കുന്നതിനുമുള്ള ബോധവത്ക്കരണ പരിപാടികൾ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുകയും പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള പ്രബന്ധ/ഉപന്യാസ മത്സരങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വയോജനങ്ങളെ സംരക്ഷിക്കുവാനും ബഹുമാനിക്കുവാനും വരുംതലമുറയ്ക്ക് ബോധവത്ക്കരണം നൽകുന്നതിനായി പാഠ്യപദ്ധതികളിൽ പ്രസ്തുത വിഷയം SCERT ഉൾപ്പെടുത്തിയിട്ടുണ്ട്.

**അരിവാൾ രോഗികൾക്കുള്ള പെൻഷൻ**

248 (5679) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ അരിവാൾ രോഗികൾക്കുള്ള പെൻഷനിൽ വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ അരിവാൾ രോഗികൾക്ക് നൽകിയിരുന്ന പെൻഷൻ തുക എത്രയെന്നും 2016-ൽ പ്രസ്തുത പെൻഷൻ തുക എത്രയായിരുന്നുവെന്നും വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം 6-4-2015-ലെ സ.ഉ.(എം.എസ്.) നമ്പർ24/2015/സ.നീ.വ. പ്രകാരം ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ചവർക്ക് 1,000 രൂപ ധനസഹായം അനുവദിക്കുകയും 21-4-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 34/2016/സാ.നീ.വ. പ്രകാരം ധനസഹായം 1,000 രൂപയിൽ നിന്നും 2,000 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**സാമൂഹ്യനീതി വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ**

249 (5680) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഏതെങ്കിലും പദ്ധതികളുടെ പേര് ഈ സർക്കാർ വന്നശേഷം മാറ്റിയിട്ടുണ്ടോ;

(സി) സ്ത്രീധന നിരോധന പ്രചരണ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുവാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും ഏജൻസികളെ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 1) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ കഴിയാത്ത,` എന്നാൽ ഓപ്പൺ സ്കൂൾ/കോളേജ് വഴി രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം പരമാവധി 10,000 രൂപ നൽകുന്ന പദ്ധതി.

2) ഓട്ടിസം, മാനസിക വൈകല്യം, ബുദ്ധിവൈകല്യം എന്നിവ ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുന്ന പദ്ധതി.

3) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ല് വച്ചുനൽകുന്ന 'മന്ദഹാസം പദ്ധതി';

4) 2016-17 സാമ്പത്തിക വർഷത്തിൽ MGNREGS ICDS-ഉമായി ചേർന്ന് 1000 അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

5) ട്രാൻസ്ജെന്റർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി.

6) കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി.

7) ഭിന്നശേഷിക്കാർക്ക് 25,000 രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി.

8) നാല് ജില്ലകളിൽ വികലാംഗ കോർപ്പറേഷന്റെ പുതിയ ജില്ല/റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

9) കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റിന് 3 കോടി രൂപയുടെ നവീകരണ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

10) ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ തീവ്രത ലഘൂകരിക്കുന്നതിനും പുനരധിവാസം നടപ്പാക്കുന്നതിനും ലക്ഷ്യമാക്കി അനുയാത്ര എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിപ്രകാരം അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, സ്പെഷ്യൽ അങ്കണവാടികൾ, കാതോരം, പ്രോജക്ട് ഓട്ടിസം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

11) കേരളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവരാന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാക്കുന്ന എമർജൻസി ഹെൽപ്പ് ലൈൻ (മിത്ര 181) ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും നിമിഷങ്ങൾക്കുള്ളിൽ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ലഭിക്കും. ഇതിലൂടെ സ്ഥലത്തെ പ്രധാന ആശുപത്രി, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവ്വീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാകുന്നതാണ്.

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് 2017-18 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീധന നിരോധന ഓഫീസർ മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളിൽ പഞ്ചായത്ത്/ബ്ലോക്കുകളിലെ സന്നദ്ധ സംഘടനാ ഭാരവാഹികൾ, സാമൂഹ്യ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സ്ത്രീധന നിരോധനം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും സ്ത്രീധന നിരോധന പ്രചാരണ പദ്ധതികൾക്കായി പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ പൊതുജന മധ്യത്തിൽ പതിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

**എലത്തൂർ മണ്ഡലത്തിലെ അങ്കണവാടി കെട്ടിടങ്ങൾ**

250 (5681) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയുണ്ടായിട്ടും കെട്ടിടമില്ലാത്തതായുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ മണ്ഡലത്തിൽ എത്ര അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ചാണ് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) എലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി ഭൂമിയുള്ള ഒരു അങ്കണവാടി വാടക കെട്ടിടത്തിലും, ഒരു അങ്കണവാടി വാടക രഹിത പഞ്ചായത്ത് കെട്ടിടത്തിലും ശേഷിക്കുന്ന അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

(ബി) എലത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 21 അങ്കണവാടികൾക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ഫണ്ട് | അങ്കണവാടികളുടെ എണ്ണം |
|---|---|
| ഗ്രാമപഞ്ചായത്ത് ഫണ്ട് | 7 |
| NABARD-RIDF+ഗ്രാമപഞ്ചായത്ത് | 1 |
| ബ്ലോക്ക് പഞ്ചായത്ത് + ഗ്രാമ പഞ്ചായത്ത് | 3 |
| ജില്ലാ പഞ്ചായത്ത് + ബ്ലോക്ക് പഞ്ചായത്ത് | 1 |
| ബ്ലോക്ക് പഞ്ചായത്ത് | 2 |
| ജില്ലാ പഞ്ചായത്ത് + ഗ്രാമ പഞ്ചായത്ത് | 2 |
| സ്റ്റേറ്റ് പ്ലാൻ ഫണ്ട് | 1 |
| എം.എൽ.എ. ഫണ്ട് | 3 (2 എണ്ണം പണി നടന്നുകൊണ്ടിരിക്കുന്നു) |
| കോർപ്പറേഷൻ ഫണ്ട് | 1 |
| ആകെ | 21 |

**കാസർഗോഡ് ജില്ലയിലെ ഭിന്നശേഷിയുള്ള പെൻഷൻ അപേക്ഷകർ**

251 (5682) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭിന്നശേഷിയുള്ള എത്ര പേരാണ് പെൻഷൻ ലഭിക്കാൻ അപേക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് ഇതുവരെ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും ഇനിയും എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഭിന്നശേഷിക്കാരായ 15589 പേർ പെൻഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിൽ 14750 പേർക്ക് ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. 839 പേർക്ക് പെൻഷൻ നൽകാനുണ്ട്.

**അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ**

252 (5683) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സർക്കാർ ഇപ്പോൾ പെൻഷൻ നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിമാസം എത്ര രൂപയാണ് പെൻഷനായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗുരുതരമായ രോഗത്താൽ ചികിത്സയിലായ ഹെൽപ്പർമാർക്കും, വർക്കർമാർക്കും ചികിത്സാ സഹായങ്ങൾ ഉൾപ്പെടെ നൽകാൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇപ്പോൾ അങ്കണവാടി വർക്കർക്ക് പ്രതിമാസം 1,000 രൂപയും ഹെൽപ്പർക്ക് 600 രൂപയും പെൻഷൻ നൽകിവരുന്നുണ്ട്.

(സി) കാൻസർ, ക്ഷയം, കുഷ്ഠം, ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങൾ, വൃക്ക മാറ്റിവയ്ക്കൽ മേജർ ശസ്ത്രക്രിയ എന്നിവയ്ക്ക് വിധേയരാകുന്ന അംഗങ്ങൾക്ക് അവരുടെ ചികിത്സയ്ക്കും മരുന്നിനുമായി ക്ഷേമനിധി ബോർഡ് ചട്ടം 8 (ബി) പ്രകാരം 5,000 രൂപയും, എന്നാൽ ചില പ്രത്യേക കേസ്സുകൾക്ക് പരമാവധി 10,000 രൂപയും ധനസഹായമായി നൽകിവരുന്നുണ്ട്.

**സാമൂഹ്യനീതി വകുപ്പ് വിഭജനവും സ്പെഷ്യൽ റൂൾ ഭേദഗതിയും**

253 (5684) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വിഭജിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) വിഭജിച്ചുണ്ടാകുന്ന വകുപ്പുകളിൽ ഏതൊക്കെ വിഷയങ്ങളും പദ്ധതികളുമാണ് ഉണ്ടാകുക എന്ന് വിശദീകരിക്കാമോ;

(സി) സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്താനുള്ള നിർദ്ദേശത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഏതൊക്കെ കാര്യങ്ങളിൽ ഭേദഗതി വരുത്താനുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് പറയാമോ;

(ഇ) ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുവാൻ കാലതാമസവും ബുദ്ധിമുട്ടും സാങ്കേതികതടസ്സവും ഉള്ളത് കണക്കിലെടുത്ത് എത്രയുംവേഗം ഭേദഗതി നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ വികസന വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17.09.2016-ലെ സ.ഉ.(സാധാ.) നമ്പർ436/2016/സാ.നീ.വ പ്രകാരം സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും അദ്ദേഹം ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി-ഇ) സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| കാറ്റഗറി | ഇപ്പോഴത്തെ സ്ഥിതി |
|---|---|
| വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായുള്ള യോഗ്യതാ മാനദണ്ഡം പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് | സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. തുടർനടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിലുൾപ്പെട്ട കാറ്റഗറി (5), കാറ്റഗറി (12) എന്നിവയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് | വിശേഷാൽചട്ട ഭേദഗതി നിയമ വകുപ്പിന്റെ പരിശോധനയിലാണ്. |
| ആയ തസ്തിക മേട്രൺ ഗ്രേഡ്-2 തസ്തികയുടെ ഫീഡർ കാറ്റഗറിയാക്കുന്നതുമായി ബന്ധപ്പെട്ട് | സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കെയർ ഗീവർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് കെയർ ടേക്കർ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് | പ്രൊപ്പോസൽ സമർപ്പിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

## സാമൂഹ്യനീതി വകുപ്പിലെ പുതിയ തസ്തികകൾ

254 (5685) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിൽ എത്ര തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്;

(ബി) ഇത് ഏതെല്ലാം വിഭാഗത്തിൽ എത്ര എണ്ണം വീതമാണെന്ന് പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ)10 (പത്ത്).

(ബി) കേരള സാമൂഹ്യസുരക്ഷാ മിഷനിലും കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിലും ഓരോ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ പൊതുഭരണ സെക്രട്ടേറിയേറ്റിലെ സാമൂഹ്യനീതി വകുപ്പിൽ താഴെപ്പറയുന്ന തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ജോയിന്റ് സെക്രട്ടറി | - | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| സെക്ഷൻ ഓഫീസർ | - | 1 |
| അസിസ്റ്റന്റ് | - | 2 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 1 |

## കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ

255 (5686) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ എത്ര;

(ബി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ എത്ര; സ്ഥലം ഇല്ലാത്ത അങ്കണവാടികൾ എത്ര;

(സി) സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ - 8776

(ബി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ - 66

സ്ഥലം ഇല്ലാത്ത അങ്കണവാടികൾ - 49

(സി) സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാൻ ഒരു പുതിയ കർമ്മ പദ്ധതി വകുപ്പ് തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ വക ഭൂമി, ഉപേക്ഷിക്കപ്പെട്ട റോഡുകൾ, പുറമ്പോക്കുഭൂമി, സർക്കാർ സ്കൂൾ കോമ്പൗണ്ട്, എയ്ഡഡ് സ്കൂൾ കോമ്പൗണ്ട്, വ്യക്തികൾ/സ്ഥാപനങ്ങൾ സൗജന്യമായി നൽകുന്ന ഭൂമി, പകുതി വിലയ്ക്ക് ഭൂമി ലഭ്യമാക്കാൻ തയ്യാറുള്ളവ, പൊതുജനങ്ങളുടെ സഹായത്തോടെ വാങ്ങി നൽകുന്ന ഭൂമി എന്നിങ്ങനെ വിവിധ രൂപങ്ങളിൽ ഭൂമി കണ്ടെത്തുന്നതിനായി വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇപ്രകാരം ലഭ്യമാകുന്ന ഭൂമി വകുപ്പിന്റെ പേരിലേയ്ക്ക് മാറി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം

256 (5687) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ എത്ര അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല എന്നത് വിശദീകരിക്കാമോ;

(ബി) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ ചുമതലയിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദീകരിക്കുമോ;

(സി) അങ്കണവാടികളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന വിധത്തിൽ അങ്കണവാടി കെട്ടിടങ്ങളും ചുറ്റുപാടുകളും മോടി പിടിപ്പിക്കുന്നതിന് പ്രതിവർഷ ഗ്രാന്റ് അനുവദിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 66 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും 3 വർഷംകൊണ്ട് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സ്റ്റേറ്റ് പ്ലാൻ ഫണ്ട്

   ഓരോ സാമ്പത്തിക വർഷവും സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നു.

2. MGNREGS (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)

   ICDS-MGNREGS-മായി സംയോജിച്ച് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS ഉം 2 ലക്ഷം രൂപ വകുപ്പ് വിഹിതവും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കുവാനും വ്യവസ്ഥ ചെയ്യുന്നു.

3. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം

   സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒന്നുവീതം എല്ലാ നിയോജകമണ്ഡലത്തിലും മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 23.75 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ്. ആയത് 17 ലക്ഷം രൂപ വകുപ്പും ശേഷിക്കുന്ന 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും വഹിക്കുവാനും വ്യവസ്ഥ ചെയ്യുന്നു.

(സി) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതരത്തിൽ അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നവീകരണ പ്രവർത്തനങ്ങളിൽ കെട്ടിടങ്ങളുടെ പ്ലംബിംഗ്, ഫ്ലോറിംഗ്, ഇലക്ട്രിഫിക്കേഷൻ, സാനിട്ടറി പണികൾ, ശിശു സൗഹൃദ ടോയ്‍ലെറ്റ്, ചുറ്റുമതിൽ എന്നിവ ഉൾപ്പെടുന്നു. 2016-17 സാമ്പത്തിക വർഷം 1480 അങ്കണവാടി കെട്ടിടങ്ങൾ 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 920 ലക്ഷം രൂപ വിനിയോഗിച്ച് 1 ലക്ഷം രൂപ വീതം ചെലവഴിച്ച് 920 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സ്കീം

257 (5688) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സ്കീം പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷം നടത്തിയ പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഇതുപ്രകാരം ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രവീതമാണ്; ഈ വർഷം എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന സേവനപദ്ധതിയുടെ ഗുണഭോക്താക്കളായി സംസ്ഥാനത്തെ 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർ ഉൾപ്പെടുന്നു. കൂടാതെ അങ്കണവാടി കേന്ദ്രങ്ങളിലൂടെ ഈ പദ്ധതിയുടെ ഭാഗമായി പൂരകപോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്, ആരോഗ്യപരിശോധന, റഫറൽ സർവ്വീസുകൾ, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം, പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംയോജിത ശിശു വികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)യിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

1. ഐ.സി.ഡി.എസ്. ജനറൽ:

   ഭരണപരമായ ചെലവുകൾ, മെഡിസിൻകിറ്റ്, പ്രീസ്കൂൾ വിദ്യാഭ്യാസ കിറ്റ്, അങ്കണവാടി കണ്ടിൻജൻസി, ഐ.ഇ.സി. പ്രവർത്തനങ്ങൾ, അങ്കണവാടികളിലെ ആകസ്മിക ചെലവുകൾ, അങ്കണവാടി ജീവനക്കാർക്കുള്ള യൂണിഫോം, ഫ്ലക്സി ഫണ്ട് വെയിംഗ് സ്കെയിൽ, അങ്കണവാടി ജീവനക്കാർക്കുള്ള ഹോണറേറിയം, സ്ഥിരം ജീവനക്കാർക്കുള്ള ശമ്പളം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2. രാജീവ് ഗാന്ധി സ്കീം ഫോർ അഡോസെന്റ് ഗേൾസ് (സബല പദ്ധതി):

   കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ നാല് ജില്ലകളിലെ കൗമാരപ്രായക്കാരായ 11-നും 18-നുമിടയിൽ പ്രായക്കാരായ പെൺകുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ്.

3. സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം (എസ്.എൻ.പി.):

6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പോഷകാഹാര പദ്ധതിയാണ്.

4. ഐ.സി.ഡി.എസ്. ട്രെയിനിംഗ്:

പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി വർക്കർ/ഹെൽപ്പർ എന്നിവർക്ക് നൽകുന്ന 32 ദിവസത്തെ ജോബ് ട്രെയിനിംഗും ഇങ്ങനെ ജോബ് ട്രെയിനിംഗ് ലഭിച്ച് ഒരു വർഷം പൂർത്തിയാകുന്നമുറയ്ക്ക് നൽകുന്ന റിഫ്രഷർ ട്രെയിനിംഗും ഇതിൽ ഉൾപ്പെടുന്നു.

5. ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY):

19 വയസ്സിനുമേൽ പ്രായക്കാരായ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരുടെ ആരോഗ്യപോഷക നിലവാരം ഉയർത്താനുള്ള പദ്ധതിയാണിത്.

6. ബേട്ടി ബച്ചാവോ ബേട്ടി പഠാവോ (BBBP):

2015-16 വർഷത്തിൽ ആരംഭിച്ച ടി പദ്ധതി പെൺകുട്ടികളുടെ വിദ്യാഭ്യാസവും സുരക്ഷിതത്വവും അതിജീവനവും മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ്.

ടി പദ്ധതികൾ സംബന്ധിച്ച് കഴിഞ്ഞ 5 വർഷം ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*. ഐ.സി.ഡി.എസ്. ട്രെയിനിംഗ്, IGMSY, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ എന്നീ പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലാണ്.

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ചും ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം വിനിയോഗം സംബന്ധിച്ചുമുള്ള വിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | കേന്ദ്ര വിഹിതം (ലക്ഷ ത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | ഈ വർഷം ചെലവഴിച്ച തുക |
|---|---|---|---|
| ഐ.സി.ഡി.എസ്. ജനറൽ (ശിശുക്കളുടെ അഭിവൃദ്ധിയ്ക്കു വേണ്ടിയുള്ള ഏകീകൃത സേവനം) | 29940 | 19960 | 2882.2 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| രാജീവ് ഗാന്ധി സ്കീം ഫോർ അഡോലസെന്റ് ഗേൾസ് (സബല പദ്ധതി) | 1330.5 | 1330.5 | 0 |
| സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.എൻ.പി.) | 2375 | 2375 | 0 |
| ഐ.സി.ഡി.എസ്. ട്രെയിനിംഗ് | 630 | 420 | 0 |
| ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY) | 600 | 400 | 0 |
| ബേട്ടി ബച്ചാവോ ബേട്ടി പഠാവോ (BBBP) | 83 | 35 | 0 |
| മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1200 | 800 | 0 |

**മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ പുതിയ അങ്കണവാടി**

258 (5689) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ പുതിയ അങ്കണവാടി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മങ്കട നിയോജകമണ്ഡലത്തിൽ പുതിയ അങ്കണവാടികൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാർ അങ്കണവാടി ഓൺ ഡിമാന്റ് പ്രകാരം അനുവദിച്ച 203 അങ്കണവാടികളിൽ മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വാർഡ് II കിഴക്കേപാടി, വാർഡ് VII തങ്ങൾപടി, വാർഡ് VIII പിലാപ്പറമ്പ എന്നീ അങ്കണവാടികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അങ്കണവാടികളോട് ചേർന്ന് ക്രഷുകൾ

259 (5690) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ അങ്കണവാടികളോട് ചേർന്ന് ക്രഷുകൾ ആരംഭിക്കുന്നതിന് നീക്കമുണ്ടോ;

(ബി) പ്രസ്തുത ക്രഷുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് കുഞ്ഞുങ്ങളുടെ മാനസിക-ശാരീരിക വികസനത്തിനായി ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുള്ള അങ്കണവാടികളോട് ചേർന്ന് 250 ക്രഷുകളാരംഭിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപനമുണ്ടായിട്ടുണ്ട്. ടി സംരംഭം സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളുടെ ശാരീരിക, മാനസിക, സാമൂഹിക, ബൗദ്ധിക, വൈകാരിക വികാസത്തിന് അടിത്തറ പാകുക എന്ന ലക്ഷ്യത്തോടെയാണ് ടി ക്രഷുകൾ ആരംഭിക്കുന്നത്. ക്രഷ് വികസിപ്പിക്കുന്നതിനായി 150-175 sq. feet വിസ്തൃതിയുള്ളതും കുടിവെള്ളം, വൈദ്യുത കണക്ഷൻ എന്നിവയോടുകൂടിയതുമായ കെട്ടിട സൗകര്യം, 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുഞ്ഞുങ്ങളുടെ പരിചരണം ഉറപ്പാക്കുന്നതിനായി രാവിലെ 8 മണിമുതൽ വൈകിട്ട് 6 മണി വരെയുള്ള സമയത്ത് ഷിഫ്റ്റ് അടിസ്ഥാനത്തിൽ 2 ക്രഷ് വർക്കർമാർ, അങ്കണവാടിയിൽ പാചകം ചെയ്യുന്ന പോഷകാഹാരത്തിന് പുറമേ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് നൽകുവാനുള്ള പോഷകാഹാരം, കുഞ്ഞുങ്ങളുടെ പരിചരണവുമായി ബന്ധപ്പെട്ട് ടോയ്സ്, ക്രാഡിൽ, ബേബി ബെഡ് എന്നിവയും അങ്കണവാടി കം ക്രഷുമായി ബന്ധപ്പെട്ട് സജ്ജീകരിക്കുവാനുദ്ദേശിക്കുന്നു. ഇതുകൂടാതെ ഇത്തരം കുഞ്ഞുങ്ങളെ പരിചരിക്കുവാനായി ജീവനക്കാർക്ക് പ്രത്യേക പരിശീലനവും നൽകുവാനുദ്ദേശിക്കുന്നു.

### അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

260 (5691) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975-കളിൽ തുടങ്ങിയ അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കണക്കുകൾ പ്രകാരം എത്ര അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അടുത്ത കാലങ്ങളിൽ സർക്കാർ-എയ്ഡഡ്-സ്വകാര്യ മേഖലകളിലെ പ്രീ-പ്രൈമറി സ്കൂൾ വിഭാഗക്കാർ പല വാഗ്ദാനങ്ങളും നൽകി 3 മുതൽ 5 വയസ്സു വരെയുള്ള കുട്ടികളെ കൊണ്ടുപോകുന്നതുമൂലം, അങ്കണവാടികളുടെ പ്രവർത്തനങ്ങളിലുണ്ടായ പ്രശ്നങ്ങളിൽ കുട്ടികളുടെ കുറവ് ഒരു പ്രധാന പ്രശ്നമായി വരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത മേഖലയുടെ കടന്നുകയറ്റം തടയുന്നതിന് നടപടി സ്വീകരിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്തതും സുരക്ഷ ഉറപ്പില്ലാത്ത കെട്ടിടമുള്ളതുമായ എത്ര അങ്കണവാടികളുണ്ടെന്നും ഇവർക്ക് സ്വന്തമായ കെട്ടിടം ഉറപ്പുവരുത്തുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)1975-ൽ മലപ്പുറം ജില്ലയിലെ വേങ്ങര ഐ.സി.ഡി.എസ്. പ്രോജക്ടിൽ പ്രവർത്തനം ആരംഭിച്ച അങ്കണവാടികൾ പിന്നീട് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുകയും നിലവിൽ സമൂഹവുമായി വളരെയടുത്ത് പ്രവർത്തിക്കുന്ന സാമൂഹ്യവിഭവ കേന്ദ്രങ്ങളായി മാറുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ അങ്കണവാടികളെ മികച്ച സാമൂഹ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വകുപ്പുതലത്തിൽ മികച്ച പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ പ്രകാരം അങ്കണവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അങ്കണവാടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അങ്കണവാടി പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വകുപ്പുതലത്തിൽ അവാർഡ് ഏർപ്പെടുത്തുന്ന ഒരു നൂതന പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ

അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പുതലത്തിൽ ഒരു കർമ്മ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചുനൽകുകയാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളുടെയും കാര്യക്ഷമതയും പൊതുജനപങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി അങ്കണവാടികളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അങ്കണവാടികളിൽ സോഷ്യൽ ഓഡിറ്റ് നടത്തിവരുന്നു. ഗർഭിണികളുടെയും കുട്ടികളുടെയും വളർച്ച, ആരോഗ്യം എന്നിവയിൽ ശരിയായ ഇടപെടൽ നടത്തുന്നതിനായി വയനാട്, പാലക്കാട് ജില്ലകളിൽ നടത്തിവരുന്ന ജാതക് ജനനി സംവിധാനം ഇടുക്കി ജില്ലയിലെ ദേവികുളം അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിലേയ്ക്കും കണ്ണൂർ ജില്ലയിലെ ഇരിട്ടി ഐ.സി.ഡി.എസ്. പ്രോജക്ടിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ജില്ല | ആകെ അങ്കണവാടികളുടെ എണ്ണം | അങ്കണവാടി വർക്കർമാരുടെ എണ്ണം | അങ്കണവാടി ഹെൽപ്പർമാരുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 3061 | 3061 | 3061 |
| കൊല്ലം | 2723 | 2723 | 2722 |
| പത്തനംതിട്ട | 1389 | 1389 | 1384 |
| ആലപ്പുഴ | 2150 | 2150 | 2150 |
| കോട്ടയം | 2050 | 2050 | 2049 |
| ഇടുക്കി | 1561 | 1561 | 1545 |
| എറണാകുളം | 2858 | 2858 | 2858 |
| തൃശ്ശൂർ | 3016 | 3016 | 3016 |
| പാലക്കാട് | 2835 | 2835 | 2832 |
| മലപ്പുറം | 3808 | 3808 | 3802 |
| കോഴിക്കോട് | 2938 | 2938 | 2921 |
| വയനാട് | 874 | 874 | 832 |
| കണ്ണൂർ | 2504 | 2504 | 2502 |
| കാസർഗോഡ് | 1348 | 1348 | 1312 |
| ആകെ | 33115 | 33115 | 32986 |

(സി) സർക്കാർ എയ്ഡഡ് സ്വകാര്യ മേഖലയിലെ പ്രീസ്കൂൾ വിഭാഗക്കാരുടെ അമിത കടന്നുകയറ്റംമൂലം അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുവന്നിട്ടുള്ളത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽകണ്ടുകൊണ്ട് വർഷത്തിൽ രണ്ടു പ്രാവശ്യം (ജൂൺ 1, നവംബർ 1) സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും പ്രവേശനോത്സവം സംഘടിപ്പിക്കുന്നുണ്ട്. ആറ് വയസ്സുവരെയുള്ള കാലയളവിൽ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങളാണ് കുട്ടികളുടെ ശാരീരിക മാനസിക വൈജ്ഞാനിക വികാസത്തിന് സുപ്രധാന പങ്കുവഹിക്കുന്നത് എന്ന തിരിച്ചറിവോടെ ശൈശവകാല പരിചരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതികളാണ് അങ്കണവാടികളിലെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതി പ്രകാരം നൽകിവരുന്നത്. ഇതുസംബന്ധിച്ച ബോധവൽക്കരണം അങ്കണവാടികൾ മുഖേന നൽകുന്നുണ്ട്. അങ്കണവാടികളുടെ പ്രവർത്തനമികവ് അങ്കണവാടി പ്രവർത്തകരുടെ കാര്യക്ഷമതയെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ അങ്കണവാടി പ്രവർത്തകർക്കായി മെച്ചപ്പെട്ട പരിശീലന പരിപാടികൾ വകുപ്പുതലത്തിൽ നൽകിവരുന്നു. ഇപ്രകാരം അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുകവഴി കൂടുതൽ കുട്ടികളെ അങ്കണവാടികളിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 8776 അങ്കണവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത മുഴുവൻ അങ്കണവാടികൾക്കും അടുത്ത 3 വർഷത്തിനകം കെട്ടിടം നിർമ്മിച്ചുനൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

### ഭിന്നശേഷിക്കാരായ കുട്ടികളുള്ള അദ്ധ്യാപകരും സർക്കാർ ജീവനക്കാരും

261 (5692) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാരായ കുട്ടികളുള്ള അദ്ധ്യാപകരെയും സർക്കാർ ജീവനക്കാരെയും ഒരു പ്രത്യേക വിഭാഗമായി കണക്കാക്കി അവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**ഭിന്നശേഷിക്കാരുടെ അവകാശം**

262 (5693) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ അവകാശം സംബന്ധിച്ച 2016-ലെ കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) സർക്കാർ ജോലികളിൽ സംവരണം 4 ശതമാനമായി വർദ്ധിപ്പിക്കുന്നതും ഭിന്നശേഷിക്കാർക്ക് പരിരക്ഷയും മുഖ്യധാരയിൽ സജീവപങ്കാളിത്തവും ഉറപ്പാക്കുന്ന വ്യവസ്ഥകളുള്ള പുതിയ നിയമം പൂർണ്ണതോതിൽ അടിയന്തരമായി നടപ്പിലാക്കുമോ;

(സി) ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശം സംബന്ധിച്ച 1995-ലെ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയ നിയമത്തിന്റെ കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുമോ?

ഉത്തരം

(എ) 19-4-2017-ൽ പ്രാബല്യത്തിലായിട്ടുള്ള കേന്ദ്രാവിഷ്കൃതമായ ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ചട്ടങ്ങൾക്ക് രൂപംനൽകുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം സംസ്ഥാനതല ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിനായി ഡിസെബിലിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർതലത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ട്.

(ബി) 2016-ലെ Right of Persons with Disabilities Act-ൽ സെക്ഷൻ 34 പ്രകാരം സർക്കാർ ജോലിയിൽ അംഗപരിമിതർക്കായി 4% സംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനതല ചട്ടങ്ങൾ നിലവിൽ വരുന്നതോടുകൂടി ടി നിയമം പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതാണ്.

(സി) 2016-ലെ Right of Persons with Disabilities Act സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ**

263 (5694) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹം ചെയ്തുമൂലം ദുരിതമനുഭവിക്കുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നത്; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മിശ്രവിവാഹിതർക്ക് ആനുകൂല്യം നൽകി; ഇത് ആകെ എത്ര തുകയാണ്; തീരുമാനമെടുത്തിട്ടും ഫണ്ട് അനുവദിക്കാതെ അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടോ; ഉണ്ടെങ്കിൽ അത് എത്ര അപേക്ഷകൾ; വ്യക്തമാക്കുമോ;

(സി) മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽനിന്നും നിലവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് ധനസഹായമായി 30,000 രൂപ നൽകിവരുന്നു. തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകരുടെ മുൻഗണനാക്രമത്തിൽ ധനസഹായം നൽകിവരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 811 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ആകെ 2,36,55,000 രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഫണ്ടിന്റെ അപര്യാപ്തതമൂലം തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 435 |
| 2 | കൊല്ലം | 275 |
| 3 | പത്തനംതിട്ട | 30 |

| (1) | (2) | (3) |
|---|---|---|
| 4 | ആലപ്പുഴ | 350 |
| 5 | കോട്ടയം | 62 |
| 6 | ഇടുക്കി | 78 |
| 7 | എറണാകുളം | 206 |
| 8 | തൃശ്ശൂർ | 262 |
| 9 | പാലക്കാട് | 55 |
| 10 | മലപ്പുറം | 2 |
| 11 | കോഴിക്കോട് | 106 |
| 12 | കണ്ണൂർ | 130 |
| 13 | വയനാട് | 80 |
| 14 | കാസർഗോഡ് | 4 |
| | **ആകെ** | **2075** |

(സി) മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമാക്കിയാണ് സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നത്.

**റേഷൻ കടകൾ**

264 (5695) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റേഷൻ കടകൾ ഉണ്ട്;

(ബി) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തെ റേഷൻ കടകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 14348 റേഷൻ കടകൾ.

(ബി) പ്രതികൂലമായി ബാധിക്കുകയില്ല.

**സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

265 (5696) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ജീവനക്കാരുടെ സർക്കാർ അംഗീകരിച്ച ശമ്പള പരിഷ്കരണം നടപ്പിൽവരുത്തുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എന്നത്തേക്ക് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഇ.പി.എഫ് പെൻഷൻ സ്കീം സപ്ലൈകോയിലെ ഇ.പി.എഫ്. അംഗങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യത്തിൽ മന്ത്രിസഭായോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഇ.പി.എഫ്. പെൻഷൻ സ്കീം സപ്ലൈകോയിലെ ഇ.പി.എഫ്. അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സേവനത്തിൽനിന്നും പിരിഞ്ഞുപോയ ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള പെൻഷൻ ലഭ്യമാക്കുന്നതിനാണ് ഇപ്പോൾ കൂടുതൽ പരിഗണന നൽകുന്നത്.

## പാചക വാതക വിതരണ ഏജൻസികളുടെ ഉത്തരവാദിത്വങ്ങളും ഉപഭോക്താവിന്റെ അവകാശങ്ങളും

266 (5697) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചക വാതക സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് വീടുകളിൽ എത്തിച്ച് നൽകുന്ന കാര്യത്തിൽ ഗ്യാസ് വിതരണ ഏജൻസികൾക്കുള്ള ബാദ്ധ്യത/ഉത്തരവാദിത്വം എന്തെല്ലാമാണ്; എത്ര കിലോമീറ്റർ ചുറ്റളവിൽ ഏജൻസികൾ ഗ്യാസ് സിലിണ്ടർ സൗജന്യമായി വീടുകളിൽ എത്തിക്കണം എന്നത് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ഏജൻസികളും ഗ്യാസ് സിലിണ്ടർ വിതരണംചെയ്യുന്ന കാര്യത്തിൽ അന്യായമായി ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉപഭോക്താവിന് സ്വന്തം ചെലവിലോ സ്വന്തം സംവിധാനങ്ങൾ ഉപയോഗിച്ചോ ഗ്യാസ് ഏജൻസിയിൽ നേരിട്ടുപോയി ഗ്യാസ് സിലിണ്ടർ എടുക്കുന്നതിന് തടസ്സമുണ്ടോ;

(ഡി) പാചക വാതക വിതരണ കാര്യത്തിൽ ഗ്യാസ് ഏജൻസികൾ പാലിച്ചിരിക്കേണ്ട ഉത്തരവാദിത്വങ്ങളും ഉപഭോക്താവിന് ലഭ്യമായ അവകാശങ്ങളും വിശദമാക്കുന്ന ഉത്തരവുകളും സർക്കാരിന്റെ മറ്റ് റഫറൻസുകളും വിശദമാക്കാമോ; എല്ലാത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടറുകൾ ബുക്ക് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുന്നതും സിലിണ്ടറുകൾ ഉപഭോക്താക്കളുടെ താമസസ്ഥലത്ത് എത്തിച്ചുകൊടുക്കുന്നതും ശൂന്യമായ സിലിണ്ടറുകൾ തിരികെ എടുക്കുന്നതും ഗ്യാസ് ഏജൻസികളുടെ ഉത്തരവാദിത്വമാണ്. സിലിണ്ടറുകൾ വിതരണം ചെയ്യുന്നസമയത്ത് ഡെലിവറി ബോയ് ഗ്യാസ് സിലിണ്ടറിനോടൊപ്പം വെയിംഗ് മെഷീൻ കൊണ്ടുപോകേണ്ടതും സിലിണ്ടറുകൾ ശരിയായ തൂക്കത്തിലും അളവിലുമാണെന്ന് ഉപഭോക്താക്കൾക്ക് തത്സമയം കാണിച്ച് ഉറപ്പുവരുത്തേണ്ടതും വാൽവിൽ ലീക്കേജ് ഉണ്ടോയെന്ന് പരിശോധിക്കുകയും ഡെലിവറി സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളുടെ കാർഡുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അപാകതയുള്ള സിലിണ്ടറുകൾ തിരികെയെടുത്ത് പകരം സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതും എൽ.പി.ജി. മാർക്കറ്റിംഗിനെ സംബന്ധിച്ചുണ്ടാകുന്ന പ്രധാനപ്പെട്ട വിവരങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതും ഗ്യാസ് ഏജൻസികളാണ്. ഗ്യാസ് ഏജൻസിയുടെ ഗോഡൗണിൽനിന്നും അഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള വീടുകളിലാണ് ഗ്യാസ് സിലിണ്ടറുകൾ സൗജന്യമായി എത്തിക്കുന്നത്.

(ബി) ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ ജില്ലാ അധികാരിയുടെ അനുവാദത്തോടുകൂടി ഉപഭോക്താക്കൾക്ക് ഏജൻസിയുടെ ഗോഡൗണുകളിൽ നിന്നും (cash-in-carry system) സിലിണ്ടറുകൾ എടുക്കാവുന്നതാണ്.

(ഡി) ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളായ എണ്ണക്കമ്പനികളുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് പ്രത്യേകിച്ച് നിർദ്ദേശങ്ങൾ നല്കുവാൻ കഴിയില്ല. പാചകവാതക വിതരണ കാര്യത്തിൽ ഗ്യാസ് ഏജൻസികൾ പാലിച്ചിരിക്കേണ്ട ഉത്തരവാദിത്വങ്ങളും ഉപഭോക്താവിന് ലഭ്യമായ അവകാശങ്ങളും സംബന്ധിക്കുന്ന പൗരാവകാശ രേഖ www.iocl.com, www.bharatpetroleum.com., www.hindustanpetroleum.com എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## എൻ.എഫ്.എസ്.എ. പ്രകാരം ജീവനക്കാരെ നിയമിക്കൽ

267 (5698) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (എൻ.എഫ്.എസ്.എ) നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി ആരാണ്;

(ബി) എൻ.എഫ്.എസ്.എ. നടപ്പിലാക്കുന്നതിന് താൽക്കാലികമായി, ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എൻ.എഫ്.എസ്.എ.-യിൽ ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സിവിൽ സപ്ലൈസ് വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി വഴി നിയമനം നടത്താൻ തയ്യാറാകുമോ;

(ഡി) സപ്ലൈകോയിലെ നിശ്ചിത സീനിയോറിറ്റി യോഗ്യതയുള്ള ജീവനക്കാരെ എൻ.എഫ്.എസ്.എ.- യിൽ പ്രൊമോഷൻ നൽകി നിയമിക്കുന്നത് സപ്ലൈകോയ്ക്ക് ലാഭകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ സംഭരണശാലകളുടെ പരിപാലനവും ആദ്യന്ത കമ്പ്യൂട്ടറൈസേഷന്റെ ചുമതലയും സപ്ലൈകോയെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി-ഡി) വാതിൽപ്പടി വിതരണം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള താൽക്കാലിക ക്രമീകരണം എന്ന നിലയ്ക്ക് ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണമായതോതിൽ നടപ്പിൽവരുമ്പോൾ ആവശ്യമായിവരുന്ന ജീവനക്കാരെ കണ്ടെത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഭക്ഷ്യ ഭദ്രതാ നിയമം

268 (5699) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടുള്ള റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്;

(ബി) എത്ര റേഷൻ കടകളാണ് സംസ്ഥാനത്ത് കമ്പ്യൂട്ടർവൽക്കരിക്കാനുള്ളത്;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ചുവരികയുമാണ്. 14335 റേഷൻ കടകളാണ് സംസ്ഥാനത്ത് കമ്പ്യൂട്ടർവൽക്കരിക്കാനുള്ളത്. 2017 ജൂൺ മാസത്തോടുകൂടി ഇ-പോസ് മെഷീനുകൾ റേഷൻ കടകളിൽ സ്ഥാപിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഭക്ഷ്യ ഭദ്രതാ നിയമം**

269 (5700) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിന് അർഹമായ ഭക്ഷ്യധാന്യം ഇപ്പോൾ ലഭിക്കുന്നുണ്ടോ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തിന് ഗുണകരമായ എന്തെങ്കിലും നേട്ടം പുതുതായി ലഭിക്കുമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) റേഷൻകടകളുടെ കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള ആധുനികവൽക്കരണ പ്രവർത്തനപുരോഗതിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുമോ;

(ഇ) കേന്ദ്രനയംമൂലം ഉണ്ടായ റേഷൻ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-ഇ) പ്രതിവർഷം 14.25 ലക്ഷം മെ. ടൺ ഭക്ഷ്യ ധാന്യങ്ങളാണ് സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ആയതിന് ആനുപാതികമായ മാസവിഹിതം ഇപ്പോൾ ലഭിക്കുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽവരുന്നതിനുമുമ്പ് 1478944 ബി.പി.എൽ. കാർഡുകളും 582365 എ.എ.വൈ. കാർഡുകളും ഉൾപ്പെടെ 2061309 പേരാണ് സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉണ്ടായിരുന്നത്. ഇതുമൊത്തം റേഷൻ കാർഡിന്റെ 24.77% മാത്രമായിരുന്നു. എ.എ.വൈ. വിഭാഗത്തിലെ 595800 കാർഡുകൾ ഉൾപ്പെടെ 3502509 കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ട്. ഇതുമൊത്തം റേഷൻ കാർഡിന്റെ 43.68 ശതമാനമാണ്. 18.91 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽവരുന്നതിന് മുമ്പ് ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിഹിതം അരി കിലോഗ്രാമിന് 5.65 രൂപയും ഗോതമ്പ് കിലോഗ്രാമിന് 4.15 രൂപയുമാണ് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗങ്ങൾക്കുള്ള അരി കി. ഗ്രാമിന് 3 രൂപയും ഗോതമ്പ് കി. ഗ്രാമിന് 2 രൂപയും ലഭിക്കും.

റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 23-2-2017 ന് RFP (Request for Proposal) പബ്ലിഷ് ചെയ്യുകയുണ്ടായി. ഇപ്പോൾ ലഭ്യമായ ടെണ്ടറുകളുടെ ഇവാല്യുവേഷൻ പ്രക്രിയ നടന്നുവരികയാണ്. ഈ മാസത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ സിസ്റ്റം ഇന്റഗ്രേറ്ററായി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത്. റേഷൻ കടകളിൽ സ്റ്റോക്ക് നേരിട്ടെത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണ സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തൃപ്തികരമായി പുരോഗമിച്ചുവരുന്നു.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ

റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബിൽ ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമയ്ക്ക് അറിയിപ്പ് നൽകുന്നതുവഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്.

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യഭദ്രത നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനുസരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റംവരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ OMSS/ഇക്കണോമിക് നിരക്കുകളിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി വിതരണം നടത്തുന്നുണ്ട്.

## നെല്ല് സംഭരണം

270 (T*5701) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിന് ഏതെല്ലാം ഏജൻസികൾക്കാണ് അനുമതി നല്കിയിരുന്നത്;

(ബി) എത്ര ടൺ നെല്ലാണ് ഇതുവരെ സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയാമോ;

(സി) ഇത്തരത്തിൽ സംഭരിക്കുന്ന നെല്ല് പൂർണ്ണമായും അരിയായി മാറ്റി വിൽക്കുന്നതിന് സർക്കാർ മില്ലുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) കേരളത്തിൽ നെല്ല് സംഭരിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി സപ്ലൈകോയാണ്.

(ബി) സപ്ലൈകോ 2016-17 സീസണിൽ 16-5-2017 വരെ 4.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(സി) ഇല്ല.

**ഭക്ഷ്യ ഭദ്രതാ നിയമം**

271 (5702) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതോടെ പൊതുവിതരണ രംഗത്തുണ്ടാകുവാൻ പോകുന്ന നേട്ടങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം സിവിൽ സപ്ലൈസ് വകുപ്പിന്റെ പൂർണ്ണ മേൽനോട്ടത്തിൽ തന്നെയാണോ നടപ്പിലാക്കുന്നത്;

(സി) ഇതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും പറയാമോ;

(ഡി) പ്രസ്തുത നിയമംമൂലം സിവിൽ സപ്ലൈസ് വകുപ്പിന്റെ നിലവിലുള്ള എന്തെങ്കിലും അധികാരങ്ങളും തസ്തികകളും കുറയുന്ന സാഹചര്യം ഉണ്ടാകുമോ;

(ഇ) വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിനേയും വിജിലൻസ് വിംഗിനേയും ആഡിറ്റ് വിംഗിനേയും ശാക്തീകരിച്ച് ക്രമക്കേടുകളും മറ്റും തടയുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡുടമയുടെ പേരിൽ ബിൽ ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമയ്ക്ക് അറിയിപ്പ് നൽകുന്നതുവഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്. റേഷൻ സംവിധാനം മൊത്തത്തിൽ സുതാര്യവും കാര്യക്ഷമവുമാകുന്നതാണ്.

(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്.

(സി) പരിഗണനയിലാണ്.

(ഡി) ഇല്ല.

(ഇ) പൊതുവിതരണ സംവിധാനത്തിലെ ക്രമക്കേടുകൾ തടയുന്നതിന് ഫലപ്രദമായ സംവിധാനം നിലവിലുണ്ട്.

**റേഷൻ കാർഡ് വിതരണം**

272 (5703) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിഴവുകൾ തീർത്ത് പുതുക്കിയ റേഷൻ കാർഡ് വിതരണം നടത്തുന്നതിന് ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയമായ രീതിയിൽ കാർഡുകൾ തയ്യാറാക്കിയും വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയും തയ്യാറാക്കിയ കാർഡുകൾക്കായി ചെലവഴിച്ച തുക എത്രയാണ്; ഈ സാഹചര്യം സംജാതമാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയ കൊല്ലം ജില്ലയിൽ ഏപ്രിൽ മാസം തന്നെ മുഴുവൻ റേഷൻ കാർഡുകളും വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) റേഷൻ ഗുണഭോക്താക്കൾ സ്വയം തയ്യാറാക്കിയ വിവരശേഖരണ ഫോറങ്ങൾ സർക്കാർ വിശ്വാസത്തിലെടുത്ത് കരടുപട്ടിക പ്രസിദ്ധീകരിച്ചപ്പോൾ നിരവധി അനർഹർ പട്ടികയിൽ ഉൾപ്പെടുകയും അർഹതപ്പെട്ടവർ ഒഴിവാക്കപ്പെടുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട വെരിഫിക്കേഷൻ കമ്മിറ്റികളും അപ്പീൽ കമ്മിറ്റികളും സംസ്ഥാന വ്യാപകമായി ലഭിച്ച 16 ലക്ഷത്തോളം പരാതികൾ പരിശോധിച്ച് പട്ടിക പുനക്രമീകരിച്ചു. എന്നിട്ടും പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾ നൽകിയ വാസ്തവവിരുദ്ധമായ വിവരങ്ങൾ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി ബോധ്യപ്പെട്ട് അനർഹരെ ഒഴിവാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം പരിശോധന നടത്തി അനർഹരുടെയും അർഹരായവരിൽ ഒഴിവാക്കപ്പെട്ടവരുടെയും പരാതികൾ നേരിട്ട് പരിശോധിച്ച്

റിപ്പോർട്ട് തയ്യാറാക്കിവരുന്നു. മേൽപ്പറഞ്ഞ പരിശോധനകളുടെ അടിസ്ഥാനത്തിൽ പട്ടികയിൽ ഇനിയും മാറ്റം വരാൻ ഇടയുണ്ട്. അപ്രകാരം വരുന്ന മാറ്റങ്ങൾ അനുസരിച്ച് റേഷൻ കാർഡുകൾ പുനക്രമീകരണം നടത്തേണ്ടിവരും. അതുവരെ അനർഹരായവരെന്ന് കണ്ടെത്തിയവരെ പ്രത്യേക സീൽ പതിപ്പിച്ച് റേഷൻ കാർഡുകൾ മുൻഗണനാ ഇതര വിഭാഗത്തിലേക്ക് മാറ്റി റേഷൻ നൽകുന്നതാണ്.

(ബി) അശാസ്ത്രീയമായ രീതിയിൽ കാർഡുകൾ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ അധിക ചെലവ് ഉണ്ടായതായി കാണുന്നില്ല.

(സി) റേഷൻ കാർഡുകളുടെ അച്ചടിയും ലാമിനേഷനും സ്റ്റാപ്ലിംഗും ജോലികൾ കഴിഞ്ഞ് കാർഡുകൾ ലഭ്യമാവുന്നതിനുണ്ടായ താമസം കാരണം ഏപ്രിലിൽ വിതരണം തുടങ്ങാൻ സാധിച്ചില്ല. ടി ജോലികൾ പൂർത്തിയാക്കി കൊല്ലം ജില്ലയിലെ റേഷൻ കാർഡ് വിതരണം 22-5-2017-ന് ആരംഭിച്ചു.

**റേഷൻ കടകളുടെ നവീകരണം**

273 (5704) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ വിതരണവും റേഷൻ കടകളുടെ നടത്തിപ്പും നവീകരിക്കുന്നതിലേക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ച് ആധാർ അധിഷ്ഠിതമാക്കി യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞുള്ള റേഷൻ വിതരണം, ജി.പി.എസ്. ട്രാക്കിംഗ്, ട്രാൻസ്പാരൻസി പോർട്ടൽ (ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് ഓൺലൈനിൽ പ്രദർശിപ്പിക്കുന്നത്), പരാതി പരിഹാര സംവിധാനം, സോഷ്യൽ ആഡിറ്റിംഗ്, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങൾ പുതിയതായി റേഷൻ വിതരണ മേഖലയിൽ നടപ്പിലാക്കിവരുന്നു.

റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സപ്ലൈകോ സ്വീകരിച്ചുവരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 23-2-2017-ന് RFP (Request for Proposal)

പബ്ലിഷ് ചെയ്യുകയുണ്ടായി. ഇപ്പോൾ ലഭ്യമായ ടെണ്ടറുകളുടെ ഇവാല്യുവേഷൻ പ്രക്രിയ നടന്നുവരികയാണ്. ഈ മാസത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ സിസ്റ്റം ഇന്റഗ്രേറ്ററായി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത്. റേഷൻ കടകളിൽ സ്റ്റോക്ക് നേരിട്ടെത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണ സംവിധാനവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**അന്തിമ മുൻഗണനാ പട്ടികയ്ക്ക് അംഗീകാരം**

274 (5705) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മുൻഗണനാ പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളുടെയും പരാതികളുടെയും തീർപ്പാക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പട്ടികയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും ലഭ്യമാകുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) 910 ഗ്രാമ പഞ്ചായത്തുകൾ അന്തിമ പട്ടിക അംഗീകരിച്ചിട്ടുണ്ട്.

**റേഷൻ സാധനങ്ങൾ പൂഴ്ത്തിവച്ച് കരിഞ്ചന്തയിൽ വിൽക്കുന്ന നടപടി**

275 (5706) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ പൂഴ്ത്തിവച്ച് കരിഞ്ചന്തയിൽ വിൽക്കുന്നതും തന്മൂലം അരിക്കും മറ്റ് നിത്യോപയോഗ സാധനങ്ങൾക്കും വില ക്രമാതീതമായി ഉയരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ സാധനങ്ങൾ പൂഴ്ത്തിവെച്ചതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; മൊത്തം എത്ര ടൺ റേഷൻ സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; വിശദമാക്കുമോ; ഇതിന്റെ പേരിൽ ആരുടെയെങ്കിലും ലൈസൻസ് റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ (അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ) പൂഴ്ത്തിവയ്ക്കുന്നതുമൂലം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻസാധനങ്ങൾ പൂഴ്ത്തിവച്ചതിന്റെ പേരിൽ 23 പേർക്കെതിരെ 1955-ലെ അവശ്യസാധന നിയമത്തിലെ ചട്ടം 3, 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ ചട്ടം 45(8) എന്നിവ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. മൊത്തം 213.939 മെട്രിക് ടൺ അരി, 14.70 മെട്രിക് ടൺ ഗോതമ്പ്, 1.074 മെട്രിക് ടൺ പഞ്ചസാര, 7.095 കിലോ ലിറ്റർ മണ്ണെണ്ണ എന്നീ സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ പേരിൽ 70 എ.ആർ.ഡി.-കളുടെയും 2 എ.ഡബ്ല്യു.ഡി.-കളുടെയും ലൈസൻസ് താല്ക്കാലികമായി റദ്ദാക്കിയിട്ടുണ്ട്.

## മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസിന്റെ ഔട്ട്‌ലെറ്റുകളിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം

276 (5707) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസിന്റെ ഔട്ട് ലെറ്റുകളിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സ്റ്റോക്കില്ലായ്മയ്ക്കനുസരിച്ച് സാധനങ്ങൾ ലഭ്യമാക്കുന്നതിൽ പലപ്പോഴും അധികൃതരുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടി ഉണ്ടാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ പരിഹാര നടപടി എടുക്കുമോ;

(സി) മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ അടുക്കുംചിട്ടയുമായി സ്റ്റോക്ക് ചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ മാവേലി സ്റ്റോറിലേയും നഷ്ടമാകുന്നതും കേടാകുന്നതുമായ സാധനങ്ങളുടെ കണക്ക് അധികൃതർ ശേഖരിക്കുന്നുണ്ടോ; എങ്കിൽ അതുമൂലമുണ്ടാകുന്ന നഷ്ടം ശതമാനക്കണക്കിൽ എത്രയാണ്എന്നറിയിക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസിന്റെ ഔട്ട്ലെറ്റുകളിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിറുത്തുന്നതിനുംവേണ്ടി 13-ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28-ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി സംസ്ഥാനമൊട്ടാകെ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. എഫ്.സി.ഐ.യിൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴക്കലരി, പച്ചരി എന്നിവ സംഭരിക്കുകയും വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ, യഥാക്രമം 25, 23 രൂപ ക്രമത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. ഓയിൽ പാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി 33 രൂപയ്ക്ക് വിപണനം നടത്തുന്നു. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുകയും ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരികയും ചെയ്യുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചിട്ടുണ്ട്. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി. സാധനങ്ങളും എം.ആർ.പി.-യേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. പൊതുവിപണിയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവകാലങ്ങളിലെ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. ഇതിനുപുറമേ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡിപ്പോതലത്തിൽ ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമായ അളവിൽ ഉപഭോക്താക്കൾക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കാൻ കാര്യക്ഷമമായ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) മാവേലി സ്റ്റോറുകൾ വൃത്തിയായി സൂക്ഷിക്കുകയും സാധനങ്ങൾ അടുക്കുംചിട്ടയുമായി സ്റ്റോക്ക് ചെയ്ത് വില്പന നടത്തുകയും ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ മാനേജർമാരും (എം&ഐ), വിജിലൻസ് ഓഫീസറും ഇക്കാര്യം പരിശോധിച്ചുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓരോ സ്റ്റോറിലും നഷ്ടമാകുന്ന സാധനങ്ങളുടെ കണക്കുകൾ അതത് ഡിപ്പോതലത്തിൽ ഓഡിറ്റിലൂടെ തിട്ടപ്പെടുത്തി ശേഖരിക്കുന്നുണ്ട്. കേടാകുന്ന സാധനങ്ങളുടെ നിശ്ചിത പരിധിക്കുമുകളിലുള്ള വില ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിനാൽ ഇക്കാര്യത്തിൽ കോർപ്പറേഷന് നഷ്ടം സംഭവിക്കുന്നില്ല.

**സംസ്ഥാന ഭക്ഷ്യ കമ്മീഷൻ**

277 (5708) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കമ്മീഷന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഭക്ഷ്യ കമ്മീഷന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ കമ്മീഷൻ എന്നത്തേക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയഭക്ഷ്യ ഭദ്രതാനിയമം സെക്ഷൻ 16 പ്രകാരം കമ്മീഷന്റെ പ്രധാനപ്പെട്ട ചുമതലകൾ ചുവടെ ചേർക്കുന്നു.

ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും ചെയ്യുക, നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകളിന്മേലുള്ള അലക്ഷ്യമായ നടപടികൾ കണ്ടാലോ

പരാതികൾ ലഭിച്ചാലോ നടപടി എടുക്കുക, ഭക്ഷ്യ ഭദ്രതാനിയമം നടപ്പാക്കുന്നതിൽ സർക്കാരിന് ഉപദേശം നൽകുക, ഭക്ഷ്യ/പോഷകാഹാരം സംബന്ധിച്ചുള്ള സ്കീമുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് വ്യക്തികളെ നിയമത്തിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾക്ക് പ്രാപ്തരാക്കുന്ന കാര്യങ്ങളിൽ സർക്കാരിനോ, സർക്കാരിന്റെ ഏജൻസികൾക്കോ, സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങൾക്കോ, പ്രസക്തമായ സേവനങ്ങൾ നൽകുന്ന സർക്കാർ ഇതര സ്ഥാപനങ്ങൾക്കോ ആവശ്യമായ ഉപദേശം നൽകുക, ജില്ലാ പരാതി പരിഹാര ആഫീസർമാരുടെ ഉത്തരവിന്മേലുള്ള അപ്പീൽ തീർപ്പാക്കുക, നിയമസഭയ്ക്ക് മുമ്പിൽ വയ്ക്കുവാനുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുക മുതലായവ.

(ബി)

| | |
|---|---|
| ചെയർപേഴ്സൺ | 1 |
| മെമ്പർമാർ | 5 |
| മെമ്പർ സെക്രട്ടറി | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| റേഷനിംഗ് ഇൻസ്പെക്ടർ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| ക്ലാർക്ക് | 5 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| സ്വീപ്പർ | 1 |

ഭക്ഷ്യ സുരക്ഷാ കമ്മീഷന്റെ മെമ്പർമാരിൽ 2 -പേർ സ്ത്രീകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. മെമ്പർമാരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽനിന്നും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുമുള്ള വ്യക്തിയുമായിരിക്കണമെന്നും നിയമം അനുശാസിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണം മെമ്പർ സെക്രട്ടറി എന്നും നിയമം അനുശാസിക്കുന്നു.

(സി) സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽ വരുന്നതുവരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് നൽകിയിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്ന് രാജിവച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

278 (5709) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്ന് രാജിവച്ച് പോയിട്ടുള്ള പല ജീവനക്കാരുടെയും ജോലിചെയ്തിരുന്ന കാലയളവുകളിലെ ഡിപ്പോ ഇൻസെന്റീവ്, ഇൻക്രിമെന്റ് അരിയർ, ഡി.എ. അരിയർ, പേ-റിവിഷൻ അരിയർ എന്നിവ നൽകാതെ തടഞ്ഞ് വച്ചിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് പ്രസ്തുത തുക അനുവദിക്കാത്തതെന്ന് അറിയിക്കാമോ;

(ബി) രാജിവച്ച് പോയ എത്ര ജീവനക്കാർക്കാണ് ഇപ്രകാരം ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുള്ളത്; അർഹമായ ആനുകൂല്യം യഥാസമയം നൽകാതിരിക്കുന്നതുമൂലം ജീവനക്കാർക്കുണ്ടാകുന്ന നഷ്ടം ഏത് തരത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇത്തരത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശിക, ഇൻസെന്റീവ് എന്നിവ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും രാജിവച്ച് പോയിട്ടുള്ള ജീവനക്കാരുടെ ഡി.എ. അരിയർ, ഡിപ്പോ ഇൻസെന്റീവ്, ഇൻക്രിമെന്റ് അരിയർ, പേറിവിഷൻ അരിയർ എന്നിവ നൽകാതെ തടഞ്ഞുവച്ചിരിക്കുന്ന സാഹചര്യം നിലവിലില്ല. അപേക്ഷ സമർപ്പിച്ചവരുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി&സി) തിരുവനന്തപുരം മേഖലാ ആഫീസിനുകീഴിൽ 83 ജീവനക്കാർക്കും എറണാകുളം മേഖലയിൽ 44 ജീവനക്കാർക്കും കോഴിക്കോട് മേഖലയിൽ 17 ജീവനക്കാർക്കും ആനുകൂല്യങ്ങൾ നൽകാനുണ്ട്. ആനുകൂല്യങ്ങൾക്കായുള്ള പ്രസ്തുത ജീവനക്കാരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് വിതരണം ചെയ്യുന്നതാണ്.

**സപ്ലൈകോ ചാവക്കാട് ഡിപ്പോയിലെ ഉദ്യോഗസ്ഥർക്കെതിരെ പരാതി**

279 (5710) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ചാവക്കാട് ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ, ക്ലാർക്ക് എന്നിവർക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പാലക്കാട് മേഖലാ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ദേവികുളം നിയോജക മണ്ഡലത്തിലെ റേഷൻ കടകൾ**

280 (5711) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകളാണ് പ്രവർത്തിക്കുന്നതെന്നും അവയുടെ പ്രവർത്തനം കൃത്യമായ രീതിയിലാണോ നടക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ആദിവാസി മേഖലയിൽ എത്ര റേഷൻ കടകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെങ്കിലും കടകളിൽ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ നിലവിൽ 119 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം കൃത്യമായ രീതിയിലാണ് നടക്കുന്നത്.

(ബി) 6 റേഷൻ കടകൾ.

(സി) ഇല്ല.

(ഡി ) ബാധകമല്ല.

**ഹൈപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം**

281 (5712) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെയും സപ്ലൈകോ ഹൈപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) മാവേലി സ്റ്റോറുകളുടെയും ഹൈപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നിലവിൽ താഴെപ്പറയുന്നവ നടപ്പിലാക്കിവരുന്നു.

പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചുവരുന്നു. സ്ഥലദൗർലഭ്യമുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനും ആവശ്യാനുസരണം സാധനങ്ങൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ വില്പനശാലകളിൽ എത്തിക്കുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ്

തലത്തിലും ഓരോ ഔട്ട്‌ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സുസജ്ജമായ ഒരു ഓഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോതലത്തിലും, മേഖലാ കാര്യാലയ തലത്തിലും കേന്ദ്രകാര്യലയതലത്തിലും പ്രവർത്തന അവലോകനം കൃത്യമായി നടക്കുന്നു. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വില്പനശാലകളിൽ പരിശോധന നടത്തുന്നു. മാവേലി സ്റ്റോറുകളുടെയും ഹൈപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ടി വില്പനശാലകളുടെ മാനേജർമാരുടെ അവലോകന യോഗങ്ങൾ ഡിപ്പോതലത്തിലും മേഖലാതലത്തിലും ഹെഡ്ഡ് ഓഫീസ് തലത്തിലും യഥാസമയം നടത്തിവരുന്നു.

**പുതുക്കിയ റേഷൻ കാർഡ്**

282 (5713) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻ കാർഡാണ് പുതുക്കി നൽകാനുള്ളതെന്നും റേഷൻ കാർഡ് പുതുക്കി നൽകുന്നതിന് അപേക്ഷ സ്വീകരിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡ് പുതുക്കി നൽകുന്നത് വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2015 മുതലാണ് റേഷൻ കാർഡ് പുതുക്കി നൽകുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുള്ളത്. അപേക്ഷ ലഭ്യമായിട്ടുള്ള 8018030 കാർഡുകൾ പുതുക്കി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ചുനൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും,ജില്ലാസപ്ലൈ ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുകയും പരാതിക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തയ്യാറാക്കി റേഷൻ കാർഡ് അച്ചടി നടന്നുവരുന്നു. റേഷൻ കാർഡുകളുടെ അകത്തെ പേജുകളുടെ അച്ചടി സർക്കാർ ഏജൻസിയായ കെ.ബി.പി.എസ്.-നും പുറംചട്ടയുടെ അച്ചടിയും ലാമിനേഷനും സ്റ്റാപ്ലിംഗും മറ്റൊരു സർക്കാർ ഏജൻസിയായ സി-ഡിറ്റിനുമാണ് നൽകിയിട്ടുള്ളത്. കൊല്ലം ജില്ലയിലെ റേഷൻ കാർഡ് വിതരണം 22-5-2017-ന് ആരംഭിച്ചു. മറ്റ് ജില്ലകളിലെ റേഷൻകാർഡ് വിതരണം 1-6-2017-ന് മുൻപ് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കോതമംഗലം മണ്ഡലത്തിലെ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്താൻ നടപടി

283 (5714) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കുട്ടമ്പുഴയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം താലൂക്കിലെ കുട്ടമ്പുഴയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കോതമംഗലം മണ്ഡലത്തിലെ മറ്റ് മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്**

284 (5715) ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വകുപ്പിന്റെ കീഴിൽ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.എഫ്.ആർ.ഡി.) എന്ന സ്ഥാപനം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) സി.എഫ്.ആർ.ഡി.-യിൽ നടത്തിവരുന്ന ബിരുദ, ബിരുദാനന്തര കോഴ്സുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സി.എഫ്.ആർ.ഡി.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. പത്തനംതിട്ട ജില്ലയിൽ കോന്നി ആസ്ഥാനമാക്കി രൂപീകരിച്ച ഈ സ്ഥാപനം 1955-ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(ബി) ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ മൂന്ന് വർഷത്തെ ബിരുദ കോഴ്സും (ബി.എസ്.സി.) അതേവിഷയത്തിൽ ഒരു വർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സും (എം.എസ്.സി.) നടത്തിവരുന്നു.

(സി) ഉണ്ട്. സി.എഫ്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന തദ്ദേശീയ ഭക്ഷ്യസാങ്കേതിക കോളേജിൽ ഫുഡ് ബിസിനസ് മാനേജ്മെന്റ് വിഷയത്തിൽ എം.ബി.എ. കോഴ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

## വാതിൽപ്പടി റേഷൻ വിതരണം

285 (5716) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാതിൽപ്പടി റേഷൻ വിതരണം എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതിനായി ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

2017 മാർച്ച് മാസം മുതൽ പൈലറ്റ് പ്രോജക്ടായി കൊല്ലം ജില്ലയിലും തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസം മുതലും വാതിൽപ്പടി വിതരണം ആരംഭിച്ചു. ശേഷിക്കുന്ന ജില്ലകളിൽ അടുത്ത ഘട്ടമായി വരുന്ന ജൂൺ മാസത്തിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ മുഖേനയാണ് വാതിൽപ്പടി റേഷൻ വിതരണം നടത്തുന്നത്.

2018 ജനുവരി മാസത്തോടെ ഭക്ഷ്യഭദ്രതാ നിയമം നിഷ്കർഷിക്കുന്നതനുസരിച്ച് മുഴുവൻ കാര്യങ്ങളും എല്ലാ ജില്ലകളിലും പൂർത്തിയാക്കി (ജി.പി.എസ്., ഇ-പോസ് മുതലായവ) പൂർണ്ണതോതിൽ ഭക്ഷ്യധാന്യവിതരണവും മേൽനോട്ടവും, ഇവ ജനങ്ങളിലെത്തുന്നു എന്ന് ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## വാതിൽപ്പടി റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി

286 (5717) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാതിൽപ്പടി റേഷൻവിതരണം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(ബി) ഇതിനായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(ഡി) റേഷൻ പൊതുവിതരണം കമ്പ്യൂട്ടർവത്ക്കരിക്കുമ്പോൾ ഉണ്ടാകുന്ന അധിക ജീവനക്കാരെ പുനർവിന്യസിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഏഴ് ജില്ലകളിൽ ജൂൺ മാസം മുതൽ ആരംഭിക്കുന്നതാണ്.

2018 ജനുവരി മാസത്തോടെ ഭക്ഷ്യഭദ്രതാ നിയമം നിഷ്കർഷിക്കുന്നതനുസരിച്ച് മുഴുവൻ കാര്യങ്ങളും എല്ലാ ജില്ലകളിലും പൂർത്തിയാക്കി (ജി.പി.എസ്., ഇ-പോസ് മുതലായവ) പൂർണ്ണതോതിൽ ഭക്ഷ്യധാന്യവിതരണവും മേൽനോട്ടവും, ഇവ ജനങ്ങളിലെത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി-ഡി) ഇക്കാര്യത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില**

287 (5718) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗകര്യങ്ങളുടെയും സേവനങ്ങളുടെയും അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരംതിരിക്കുന്നതിനും ആയതിൻപ്രകാരം ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ന്യായവിലയ്ക്ക് ഭക്ഷണം ജനങ്ങൾക്ക് ലഭിക്കുന്നതിന് സപ്ലൈകോയുടെ നേതൃത്വത്തിലോ ഭക്ഷ്യ വകുപ്പിന്റെ നേതൃത്വത്തിലോ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ നിരക്കിലാണ് വില ഈടാക്കുന്നത്. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമമില്ല. ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപംനൽകിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10-8-2016-ൽ ഒരു യോഗം ചേർന്നിരുന്നു. നിയമംമൂലമുള്ള ഭക്ഷണവില ഏകീകരണത്തിന് സാധ്യത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തിയില്ലെന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

**റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം**

288 (5719) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടുന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ കടകളിൽ സ്ഥാപിക്കുന്നതിന് കമ്പ്യൂട്ടറുകൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(ഡി) റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് റേഷൻ കടയുടമകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ടോ; ആയതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നുവരികയുമാണ്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമാകുന്നതോടെ റേഷൻ വിതരണ ശൃംഖല മുഴവനായും കമ്പ്യൂട്ടർവൽക്കരിക്കപ്പെടും.

(ബി) എൻ.ഐ.സി.-യാണ് ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്.

(സി) സിവിൽ സപ്ലൈസ് വകുപ്പിനുവേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് (സപ്ലൈകോ) ഇ-പോസ് മെഷീനുകൾ പർച്ചേസ് ചെയ്യുന്നത്. സർക്കാരിനുവേണ്ടി സപ്ലൈകോ തന്നെയാണ് മെഷീനുകൾ വാങ്ങി റേഷൻ കടകളിൽ സ്ഥാപിക്കുന്നത്. ഇ-പോസ് മെഷീനുകൾ മൊത്തത്തിലുള്ള കമ്പ്യൂട്ടർശൃംഖലയുമായി ബന്ധിപ്പിക്കും.

(ഡി) ഇ-പോസ് മെഷീനുകൾ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകേണ്ടത് തെരഞ്ഞെടുക്കപ്പെടുന്ന വെണ്ടറുടെ ചുമതലയാണ്. വെണ്ടർ സെലക്ഷൻ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

## ചാലക്കുടിയിൽ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ ഹൈപ്പർ മാർക്കറ്റ്, പെട്രോൾ പമ്പ്

289 (5720) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ ഹൈപ്പർ മാർക്കറ്റ്, പെട്രോൾ പമ്പ് എന്നിവ അനുവദിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹൈപ്പർ മാർക്കറ്റ്, പെട്രോൾ പമ്പ് എന്നിവ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടിയിൽ പെട്രോൾ പമ്പ് തുടങ്ങുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ഹൈപ്പർമാർക്കറ്റിനുവേണ്ടി കിഴക്കെചാലക്കുടി വില്ലേജിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സപ്ലൈകോയിൽ തുല്യജോലിക്ക് തുല്യവേതനം**

290 (5721)<u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുല്യജോലിക്ക് തുല്യവേതനം എന്ന സുപ്രീം കോടതി വിധി സപ്ലൈകോയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സപ്ലൈകോയിലെ ജീവനക്കാർ ഏപ്രിൽ 24 മുതൽ ആരംഭിച്ച പണിമുടക്ക് അവസാനിപ്പിക്കുവാൻ സർക്കാരും ജീവനക്കാരുടെ സംഘടനകളും തമ്മിലുള്ള ഒത്തുതീർപ്പ് വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) കേരളത്തിൽ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കുമ്പോൾ നിലവിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന വകുപ്പ് ജീവനക്കാരെ പിൻവലിച്ച് അവരെ എൻ.എഫ്.എസ്.എ.-യുമായി ബന്ധപ്പെട്ട തസ്തികയിലേക്ക് മാറ്റി നിയമിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) തുല്യ ജോലിക്ക് തുല്യവേതനം എന്ന സുപ്രീംകോടതിവിധി സപ്ലൈകോയിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) 24-4-2017-ൽ സപ്ലൈകോ ജീവനക്കാർ നടത്തിയ സമരത്തിന്റെ ഭാഗമായി നടത്തിയ ചർച്ചയിൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോൾ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിൽ കോർപ്പറേഷൻ ജീവനക്കാർക്കും ഡെപ്യൂട്ടേഷൻ ജീവനക്കാർക്കും തുല്യ പരിഗണന നൽകുമെന്നും യൂണിയൻ പ്രതിനിധികൾക്ക് പ്രൊഡക്ടിവിറ്റി കൗൺസിലുമായി ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കുമെന്നും 4.9.2010-ലെ ജി.ഒ. (എം.എസ്.) 30/2010/ഭ.സി.സ.വ. മേലുള്ള സ്റ്റേ സംബന്ധിച്ച

വിഷയം പരിശോധിക്കാമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർ പണിമുടക്ക് അവസാനിപ്പിച്ചത്.

(സി) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ എന്നിവരുടെ പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**രാങ്ങാട്ടൂരിൽ പുതിയ റേഷൻകട**

291 (5722) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ രാങ്ങാട്ടൂരിൽ പുതിയ റേഷൻ കട അനുവദിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) റേഷൻ കാർഡുകളുടെ പരിശോധന പൂർത്തിയായ സാഹചര്യത്തിൽ പുതിയ റേഷൻ കട അനുവദിക്കുവാൻ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ഡി) സിവിൽ സപ്ലൈസ് വകുപ്പിന്റെ ഇത് സംബന്ധിച്ച അഭിപ്രായം വെളിപ്പെടുത്തുമോ; പുതിയ റേഷൻ കട അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി&ഡി) പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരുന്നു. ഭക്ഷ്യഭദ്രതാ നിയമത്തിന്റെ തുടർച്ചയായി റേഷൻ കടകളിലെ കാർഡുടമകളുടെ എണ്ണം ഏകീകരിക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനമെടുത്ത ശേഷം പുതിയ കടകൾ അനുവദിച്ചാൽ മതിയെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**കരിഞ്ചന്തക്കാരെയും ഇടനിലക്കാരെയും ഒഴിവാക്കാൻ നടപടി**

292 (5723) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിതരണ മേഖലയിൽ നിന്ന് കരിഞ്ചന്തക്കാരെയും ഇടനിലക്കാരെയും ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് പൊതു വിതരണ ശൃംഖലയിൽ കാതലായ മാറ്റത്തിന് വഴിതെളിച്ചുകൊണ്ട് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 1-11-2016 മുതൽ നടപ്പിലാക്കി. ഇടനിലക്കാരെ പരിപൂർണ്ണമായി ഒഴിവാക്കികൊണ്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവയാണ് ടി നിയമത്തിന്റെ മുഖമുദ്ര. ഈ നിയമം പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ആയത് പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ പൊതു വിതരണമേഖലയിൽ നിന്ന് കരിഞ്ചന്തക്കാരെയും ഇടനിലക്കാരെയും ഒഴിവാക്കാനും ടി ശൃംഖല സുതാര്യവും ഫലപ്രദവും കൂടുതൽ ജനകീയവുമാക്കാൻ സാധിക്കും.

**ജില്ലാതല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം**

293 (5724) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാസർകോട് ജില്ലയിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജില്ലാതല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ നിന്നും എല്ലാ മാസവും പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) കേസ് ഫയലുകൾ കൂടുതലുള്ള ജില്ലകളിൽ ക്യാമ്പ് സിറ്റിംഗ് നടത്തുകയും അദാലത്തുകൾ നടത്തി കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) കാസർഗോഡ് ഫോറം പ്രസിഡന്റിനെതിരെ കാസർഗോഡ് ബാർ അസോസിയേഷന്റെയും കാസർഗോഡ് ഫോറം മെമ്പർ ശ്രീമതി ഷീബ എം. സാമുവലിന്റെയും പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് കാസർഗോഡ് ജില്ലാ ഫോറം പ്രസിഡന്റിനോട് വിശദീകരണം ആരായുകയും പരാതിയിൽ കഴമ്പില്ലെന്ന്കണ്ട് തുടർ നടപടികൾ വേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തതായി ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽനിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർതലത്തിൽ ഇതുസംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച് ഇതുമായി ബന്ധപ്പെട്ട് കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് 1986, കേരള കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾ 2005 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനന്തര നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിയമോപദേശം നൽകാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിച്ച് ശാക്തീകരിക്കാൻ നടപടി**

294 (5725) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വകുപ്പിനെ വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ;

(സി) വകുപ്പിനെ ശാക്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിക്കുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനായി 14 പുതിയ വാഹനങ്ങൾ വാങ്ങുകയും നിലവിലുള്ള ലാബുകൾ നവീകരിക്കുകയും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. സർക്കാർഭൂമി ലഭ്യമായ സ്ഥലങ്ങളിൽ സ്വന്തമായി ആഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സെക്കൻഡറി സ്റ്റാൻഡേർഡ്, വർക്കിംഗ് സ്റ്റാൻഡേർഡ് ലാബുകൾ, വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ്, ഹൈ കപ്പാസിറ്റി വെയ്റ്റ് കാലിബ്രേഷൻ യൂണിറ്റ്, സ്ഫിഗ്മോമാനോമീറ്റർ വെരിഫിക്കേഷൻ ലാബ് എന്നിവ ഉൾപ്പെടുന്ന ഹെഡ്സ് ക്വാർട്ടേഴ്സ് മന്ദിരത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

(സി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ പരാതി നൽകുന്നതിനും ഓൺലൈനിലൂടെയുള്ള സേവനങ്ങൾക്കായി LMOMS (Legal Metrology Operation Management System) എന്ന ഒരു സോഫ്റ്റ്‌വെയർ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഉപഭോക്താക്കളുടെ പരാതിയിൽ സത്വര നടപടി സ്വീകരിക്കുന്നതിനും വ്യാപാര സ്ഥാപനങ്ങളിൽ പോയി പരിശോധന നടത്തി സർട്ടിഫൈ ചെയ്യുന്നതിനുമായി അളവുതൂക്ക ഉപകരണങ്ങൾ വാഹനങ്ങളിൽ സജ്ജമാക്കിയ Mobile Verification Lab എന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.

**ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന**

295 (5726) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ വിവിധ ജില്ലകളിലായി എത്ര പരിശോധനാ ഉദ്യോഗസ്ഥരുണ്ട്; ഇവരുടെ എണ്ണം, തസ്തികയുടെ പേര് മുതലായവ ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ആരാണ്; ഇതിന്റെ ആസ്ഥാനം എവിടെയാണ്; പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വകുപ്പിന്റെ വിവിധ സ്ഥലങ്ങളിലെ പരിശോധനമൂലം എത്ര ലക്ഷം രൂപ പിഴയായി കിട്ടിയിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ, നാളിതുവരെ കേരളത്തിൽ എത്ര സ്വർണ്ണക്കടകൾ റെയ്ഡ് ചെയ്ത് എത്ര ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ പേര് സഹിതം വിശദമാക്കുമോ; പ്രസ്തുത ഇനത്തിൽ എത്ര തുക പിഴ ആയി കിട്ടിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 135 പരിശോധനാ ഉദ്യോഗസ്ഥർ ലീഗൽ മെട്രോളജി വകുപ്പിൽ വിവിധ ജില്ലകളിലായി ഉണ്ട്. ജില്ല തിരിച്ച കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ലീഗൽ മെട്രോളജി കൺട്രോളർ വകുപ്പിന്റെ ആസ്ഥാനം തിരുവനന്തപുരത്തെ വികാസ് ഭവനിലാണ്. ശ്രീ. മുഹമ്മദ് ഇക്ബാൽ, ഐ.പി.എസ്. ആണ് ലീഗൽ മെട്രോളജി കൺട്രോളർ.

(സി) 24,917 കേസ്സുകൾ കണ്ടെത്തുകയും 6,88,75,700 രൂപ രാജിഫീസായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്വർണ്ണക്കടകൾ റെയ്ഡ് ചെയ്തതിൽ 157 കേസ്സുകൾ കണ്ടെത്തുകയും 3,00,000 രൂപ പിഴ ഈടാക്കുകയും ചെയ്തു. പരിശോധന നടത്തിയ സ്വർണ്ണക്കടകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(നക്ഷത്രചിഹ്നമിടാത്ത 5440, 5445, 5508, 5651, 5660 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## II. തിരുത്തിയ ഉത്തരം

### 5-5-2017-ലെ നക്ഷത്രചിഹ്നമിടാത്ത 2206-ാം നമ്പർ

### ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിലെ 2017 മേയ് 5-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2206-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III. അടിയന്തരപ്രമേയം

### ഉന്നത ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമാകുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കൃഷി വകുപ്പ് ഡയറക്ടറും തമ്മിലുള്ള പരസ്യമായ ആരോപണങ്ങളും വെല്ലുവിളികളുംമൂലം വകുപ്പിന്റെ പ്രവർത്തനത്തിൽ ബാധിച്ചിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ കഴിഞ്ഞ ദിവസം ഉണ്ടായെന്ന് പറയപ്പെടുന്ന അഭിപ്രായ വ്യത്യാസത്തെ പൊതുവൽക്കരിച്ച് ഇവിടെ ഉന്നയിക്കപ്പെടുന്ന ഈ പ്രമേയം മറ്റ് പ്രധാന വിഷയങ്ങളൊന്നും കിട്ടാത്തതുകൊണ്ട് കൊണ്ടുവന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. രണ്ട് പ്രസ്താവനകളെക്കുറിച്ച് ചർച്ച ചെയ്യാൻ സഭയുടെ വിലപ്പെട്ട സമയം വിനിയോഗിക്കേണ്ടതുണ്ടോ എന്ന് പ്രതിപക്ഷം ചിന്തിക്കേണ്ടതാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ അഭിപ്രായ ഭിന്നതകളുണ്ടായിരുന്നെങ്കിൽ അതിനെ മറികടന്നുകൊണ്ട് ഭരണരംഗത്തെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് കഴിയും. ആളുകൾ തമ്മിൽ ചില അഭിപ്രായ ഭിന്നതകളുണ്ടാകാം. അത് ചിലപ്പോൾ ഐ.എ.എസ്.-കാരായാലും ഉണ്ടാകാം. അതൊന്നും ഭരണരംഗത്തെ ഒരു തരത്തിലും പ്രതികൂലമായി ബാധിക്കുന്നതല്ല. കൃഷി വകുപ്പിലെ

* അനുബന്ധമായി വച്ചിട്ടുണ്ട്.

ചില ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ ഉണ്ടായിട്ടുള്ള വ്യക്തിപരമായ അഭിപ്രായവ്യത്യാസം ആ വകുപ്പിന് നേതൃത്വം കൊടുക്കുന്ന മന്ത്രിക്കുതന്നെ ഇടപെട്ട് കൈകാര്യം ചെയ്യാവുന്നതേയുള്ളൂ. ഇക്കാര്യത്തിൽ കൃഷി വകുപ്പ് സെക്രട്ടറിയോടും ഡയറക്ടറോടും വിശദീകരണം തേടുമെന്നും ഈ വിഷയം സർക്കാരിന്റെ പ്രവർത്തനവുമായി ബന്ധമില്ലാത്തതാണെന്നും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വിശദീകരിച്ചിട്ടുള്ളതാണ്. പ്രമേയത്തിൽ പറഞ്ഞിരിക്കുന്നവിധം സിവിൽ സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥർക്കിടയിൽ ഗൗരവതരമായ യാതൊരഭിപ്രായ വ്യത്യാസവും നിലനിൽക്കുന്നില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ ഇല്ലാത്ത അസംതൃപ്തി സൃഷ്ടിക്കാനുള്ള ഒരു ശ്രമം ചില കേന്ദ്രങ്ങൾ നേരത്തെ ഇവിടെ നടത്തിയിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള പരിശ്രമങ്ങളെയെല്ലാം മറികടന്നുകൊണ്ട് ഭരണയന്ത്രത്തെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം തെളിയിക്കപ്പെട്ട വസ്തുതകളാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കുറച്ച് വ്യത്യസ്തത യുണ്ടായിരുന്നു. അതിൽനിന്ന് കാര്യങ്ങളൊക്കെ മാറി സംതൃപ്തമായ സിവിൽ സർവ്വീസ് സാധ്യമാക്കുക തന്നെയാണ് സർക്കാർ ചെയ്യുന്നത്. അതോടൊപ്പം അഴിമതിയും കെടുകാര്യസ്ഥതയും പൂർണ്ണമായും ഇല്ലാതാക്കാൻ നമുക്ക് കഴിയണം. ഈ കാഴ്ചപ്പാടനുസരിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. അതോടൊപ്പം കഴിവുള്ളവരെ ഐ.എ.എസ്. ഉദ്യോഗസ്ഥതലത്തിലേയ്ക്ക് കൂടുതൽ നിയമിക്കാനുള്ള ശ്രമങ്ങളും സർക്കാർ തുടരുകയാണ്. തെറ്റായ നടപടികൾ ഉദ്യോഗസ്ഥതലത്തിൽ ഉയർന്നുവന്നാൽ, ഐ.എ.എസ്. തലത്തിലായാൽപ്പോലും അവ തിരുത്തുന്നതിന് സർക്കാർ ശക്തമായി ഇടപെടും. അതേസമയം സർക്കാർ ഉദ്യോഗസ്ഥർ പൊതുവേ ശരിയായ നടപടി സ്വീകരിക്കുന്നവരാണ്. അത്തരത്തിൽ ശരിയായ നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സർക്കാരിന്റെ ജനപക്ഷ വികസന ക്ഷേമപ്രവർത്തനങ്ങൾ കൂട്ടായി നടപ്പിലാക്കാനുള്ള ഉത്തരവാദിത്വമാണ് സർക്കാർ ഉദ്യോഗസ്ഥർക്കുള്ളത്. അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനനുസൃതമായാണ് സിവിൽ സർവ്വീസ് രംഗം നീങ്ങിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രശ്നം പ്രതിപക്ഷം പൊതുവൽക്കരിച്ചു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നാളെ ഈ സർക്കാരിന്റെ ഒന്നാം വാർഷികമാണ്. കഴിഞ്ഞ ഏഴ്

മാസമായി സംസ്ഥാനത്തെ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിൽ നടക്കുന്ന തർക്കം ഈ സർക്കാരിന്റെ മുഖം വികൃതമാക്കിയിരിക്കുകയാണ്. കേരളപ്പിറവിക്കുശേഷം കേരളത്തിലെ ഒരു സർക്കാരിന്റെ കീഴിലും ഇതുപോലെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലടിച്ച കാലമുണ്ടായിട്ടില്ല. മുഖ്യമന്ത്രി ഇതിനെ ലഘൂകരിച്ച് നിസ്സാരമാക്കി കാണാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിനകമല്ലേ ചീഫ് സെക്രട്ടറിക്ക് സുപ്രീംകോടതിയിൽ പോയി ഈ സർക്കാരിനുവേണ്ടി മാപ്പപേക്ഷ കൊടുത്ത് നാണംകെട്ട് തലയൂരി പോരേണ്ടിവന്നത്; അങ്ങനെയൊരു ചരിത്രം മുമ്പുണ്ടായിട്ടുണ്ടോ? ഉദ്യോഗസ്ഥർ തമ്മിലുള്ള ആരോപണ പ്രത്യാരോപണങ്ങൾ തുടങ്ങിയിട്ട് ഏഴ് മാസമായില്ലേ; ഇന്നലെമാത്രമുണ്ടായ സംഭവമാണോ? സംസ്ഥാനത്തെ ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ, അഡീഷണൽ ഡി.ജി.പി.-മാർ, മുതിർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ പരാതികളുടെ പ്രളയമാണ്. മിക്ക ഉദ്യോഗസ്ഥർക്കുമെതിരെ അവർതന്നെ മറ്റുള്ളവരെക്കൊണ്ട് കൊടുപ്പിച്ച വിജിലൻസ് കേസുകളും നിലനിൽക്കുകയാണ്. പരസ്പരം കൊന്നൊടുക്കാനും ടാർനിഷ് ചെയ്യാനും ആത്മവീര്യം തകർക്കാനും വേണ്ടിയുള്ള ശ്രമം നടത്തുമ്പോൾ സർക്കാർ നോക്കുകുത്തിയെപ്പോലെ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. സാധാരണ " Something is rotten in Denmark" എന്നാണ് പറയുന്നത്. എന്നാൽ ഇവിടെ " Everything is rotten in Secretariat." ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ എല്ലാം ചീഞ്ഞ് നാറുകയാണ്. ഏത് വകുപ്പിലാണ് കുഴപ്പമില്ലാത്തത്? കഴിഞ്ഞ ദിവസം പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഡി.ജി.പി.-യും അഡീഷണൽ ഡി.ജി.പി.-യും തമ്മിലുള്ള തർക്കം അടിയുടെ വക്കിൽവരെ എത്തിയെന്നുള്ള വാർത്ത അങ്ങ് വായിച്ചില്ലേ? എന്തെല്ലാം തർക്കങ്ങളാണ് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നടന്നുകൊണ്ടിരിക്കുന്നത്. ഏഴ് മാസമായി നടക്കുന്ന ഈ പരമ്പരയുടെ ഏറ്റവും അവസാനത്തെ എപ്പിസോഡാണ് ഇന്നലെ നടന്നത്.

കൃഷി വകുപ്പ് ഡയറക്ടർ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ, ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി., പി.പി.എം. സെൽ ഡയറക്ടർ തുടങ്ങിയ അഞ്ച് പ്രധാനപ്പെട്ട ചുമതലകൾ വഹിക്കുന്ന ശ്രീ. ബിജു പ്രഭാകർ, ഐ.എ.എസ്. ലീവിൽ പോകുകയാണ്. പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ. രാജു നാരായണസ്വാമി മനഃപൂർവ്വം വിജിലൻസ് കേസ്സിൽ കുടുക്കാൻ ശ്രമിക്കുന്നുവെന്നാണ് ശ്രീ. ബിജു പ്രഭാകറിന്റെ ആരോപണം. അതിന് ഡോ. രാജു നാരായണസ്വാമി പറഞ്ഞ മറുപടി, ഈ സംസ്ഥാനത്തിലെ സീനിയർ

ഐ.എ.എസ്. ഉദ്യോസ്ഥനായ ശ്രീ. ബിജു പ്രഭാകർ അഴിമതിക്കാരനാണ്, ഞാൻ അയാളെ നിലയ്ക്കുനിർത്തുമെന്നാണ്. ശ്രീ. ബിജു പ്രഭാകർ ചുമതല വഹിക്കുന്ന അഞ്ച് പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനാണ് ഡോ. രാജു നാരായണസ്വാമി. ഒരു വർഷം 2,000 കോടി രൂപയുടെ പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നവയാണ് ഈ അഞ്ച് പ്രധാനപ്പെട്ട ഏജൻസികൾ. അതിന്റെ പ്രവർത്തനം മുഴുവൻ അവതാളത്തിലായിരിക്കുകയാണ്. കൃത്യമായി യോഗങ്ങൾ ചേരുകയോ എന്തെങ്കിലും തീരുമാനങ്ങളെടുക്കുകയോ ചെയ്യുന്നുണ്ടോ; ഇവർ തമ്മിലുള്ള തർക്കം തുടങ്ങിയിട്ട് എത്ര നാളായി; ഈവക കാര്യങ്ങൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അന്വേഷിക്കണം. എല്ലാ തെളിവുകളും തന്റെ കയ്യിലുണ്ടെന്നാണ് ഡോ. രാജു നാരായണസ്വാമി പറഞ്ഞത്. പ്രധാനപ്പെട്ട അഞ്ച് ഏജൻസികളുടെ ചുമതല വഹിക്കുന്ന കൃഷി വകുപ്പ് ഡയറക്ടറായ ശ്രീ. ബിജു പ്രഭാകറിന്റെ ഐ.എ.എസ്. വ്യാജമാണെന്നുവരെ ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ പറയുമ്പോൾ അത് നിസ്സാരമായി കാണുന്ന ഒരു മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളതെന്നത് ദൗർഭാഗ്യകരമാണ്. തന്റെ വകുപ്പിൽ വ്യവസായ വകുപ്പുമന്ത്രിയുടെ പി.എസ്.-ന്റെ ഭാര്യയെ അനധികൃതമായി നിയമിച്ചുവെന്ന ആരോപണവുമുണ്ട്. ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ സ്വജനപക്ഷപാതം കാണിച്ചുവെന്നുള്ള ആരോപണവും ശരിയാണോയെന്ന് സർക്കാർ വ്യക്തമാക്കണം. "വിശദീകരണം തേടും. പ്രകൃതി ചികിത്സയ്ക്കു വേണ്ടിയാണ് അവധിയെടുക്കുന്നതെന്നാണ് ശ്രീ. ബിജു പ്രഭാകർ പറഞ്ഞത്. ഇക്കാര്യം പൊതുവേദിയിൽ ചർച്ച ചെയ്യേണ്ടതല്ല. അത് സർക്കാരിനെ അറിയിക്കേണ്ടതാണ്. ഈ വിഷയം സർക്കാരുമായി ബന്ധമില്ലാത്തതാണ്. അതിനാൽ കൂടുതൽ ചർച്ചയ്ക്കില്ല" എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. ഇത് സർക്കാരുമായി ബന്ധമില്ലാത്ത വിഷയമാണോ; ഇത് ഡോ. രാജു നാരായണസ്വാമിയുടേയും ശ്രീ. ബിജു പ്രഭാകറിന്റേയും വീട്ടിലെ വിഷയമാണോ; ഇത് ഈ സർക്കാരുമായി ബന്ധപ്പെട്ട വിഷയമല്ലേ? "അഴിമതിക്കെതിരായി അന്ത്യശ്വാസം വരെ പോരാടും. സന്ദർശന വിസയിൽ വന്ന വിദേശിക്ക് ഒരു ലക്ഷം രൂപവരെ നൽകണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടു. ഇതിനെതിരെ കുറിപ്പെഴുതിയ ഡെപ്യൂട്ടി ഡയറക്ടറെ ആലപ്പുഴയിലേയ്ക്ക് സ്ഥലംമാറ്റി" എന്നാണ് ഡോ. രാജു നാരായണസ്വാമി പറയുന്നത്. കൃഷി വകുപ്പിനെതിരായി പ്രതിപക്ഷം അഴിമതി ആരോപണം ഉന്നയിച്ചിട്ടില്ല. അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ തന്നെയാണ് സ്വന്തം വകുപ്പിനെതിരായി ആരോപണം ഉന്നയിക്കുന്നത്. ഈ സർക്കാരിന് ഒരു കുഴപ്പവുമില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഇന്നലെ ശ്രീ. എം. എം. മണിയുടെ ഒരു പ്രസ്താവന വന്നു - "നിരോധന ഉത്തരവുമായി വന്ന കളക്ടറോട് പോയി വേറെ പണി നോക്കാൻ പറഞ്ഞത് വളരെ നന്നായെന്ന് മന്ത്രി എം. എം. മണി." പോളച്ചിറ ഏലായിൽ വെള്ളം വറ്റിക്കുന്നത് നിരോധിച്ച കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവ് ലംഘിച്ചതിനെ

സംബന്ധിച്ചായിരുന്ന മന്ത്രിയുടെ പരാമർശം. ജില്ലാ കളക്ടറുടെ ഉത്തരവ് ലംഘിച്ച ആളുകളെ മന്ത്രി അഭിനന്ദിക്കുന്നു. എന്തൊരു സർക്കാരാണിത്? എന്നിട്ട് പരസ്യം കൊടുത്തതുകൊണ്ട് മാത്രം കാര്യമുണ്ടോ? 'നമുക്ക് ഒരുമിച്ച് മുന്നേറാം, സർക്കാർ ഒപ്പമുണ്ട്'. ഇന്നലത്തെ എല്ലാ പത്രങ്ങളിലും പരസ്യംവന്നു. പാർപ്പിട പദ്ധതിയെക്കുറിച്ചാണ് പരസ്യം. പ്രായമായ രണ്ടാളുകളുടെയും രണ്ട് കുഞ്ഞുങ്ങളുടെയും ചിത്രം കാണിച്ചിട്ടുണ്ട്. (പത്രത്തിലെ പ്രസ്തുത ചിത്രം ഉയർത്തിക്കാണിച്ചു). ഇത് എറണാകുളം ജില്ലയിലെ ചെറായിയിൽ മുനമ്പം ബീച്ച് റോഡിലുള്ള മോഹനന്റേയും സുമതിയുടേയും കൊച്ചുമക്കളുടേയും ചിത്രമാണ്. എന്തായാലും ഈ സർക്കാർ അവർക്ക് വീട് കൊടുത്തിട്ടില്ല. അവർ ജില്ലാ ബാങ്കിൽ നിന്ന് നാലര ലക്ഷം രൂപ കടമെടുത്ത് വീടുപണി പൂർത്തിയാക്കി. അവരുടെ പടം കൊടുത്തിട്ട് അവർക്ക് വീട് കൊടുക്കുമെന്ന് ഈ സർക്കാർ പറയുന്നത് എന്ത് ദയനീയമാണ്. എന്താണ് ഇവിടെ നടക്കുന്നത്?

ഈ പ്രശ്നങ്ങൾ സർക്കാരിനെ ബാധിച്ചിട്ടില്ലെന്ന് കൃഷി വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറയുന്നു. 7-7-2016-ന് ഹോർട്ടികോർപ്പിന്റെ ആനയറയിലെ ജില്ലാ സംഭരണകേന്ദ്രം മന്ത്രി സന്ദർശിച്ചു. തമിഴ്നാട്ടിൽനിന്നും വരുന്ന പച്ചക്കറി കണ്ട് മന്ത്രി ഞെട്ടി. ഉടൻതന്നെ വേണ്ട നടപടിയെടുത്തു. ഹോർട്ടികോർപ്പിന്റെ എം.ഡി.-യെയും രണ്ട് പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെയും സസ്പെൻഡ് ചെയ്യുകയും ഇങ്ങനെയാണ് കഴിഞ്ഞ സർക്കാർ പച്ചക്കറി മുഴുവൻ വാങ്ങിയിരുന്നതെന്നും ഇതിനെതിരെ നടപടിയെടുക്കുമെന്നും പറഞ്ഞു. അഭിനന്ദിക്കാൻവേണ്ടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഫോണിൽ വിളിച്ചിട്ട് കിട്ടിയില്ല. മേയ് 17-ാം തീയതി ന്യൂസ് 18 ചാനലിൽ ഈ വാർത്ത ടെലികാസ്റ്റ് ചെയ്തു. മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായ ശ്രീമതി ഗീതാ ഗോപിനാഥിന്റെ അച്ഛൻ ഗോപിനാഥ് കർണ്ണാടകയിൽനിന്നും അയയ്ക്കുന്ന പച്ചക്കറികളാണ് വന്നുകൊണ്ടിരിക്കുന്നത്. അത് തികയാതെ വരുമ്പോൾ ചാല കമ്പോളത്തിലെ ഒരു കടയിൽനിന്നും പച്ചക്കറി വാങ്ങും. ഈ വാർത്ത വന്നുകഴിഞ്ഞപ്പോൾ 24 മണിക്കൂറിനകം നടപടിയെടുക്കുമെന്നും ഇതിന്റെ റിപ്പോർട്ട് വാങ്ങുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എത്ര ദിവസമായി; റിപ്പോർട്ടെന്തെങ്കിലും കിട്ടിയോ? ഒരു റിപ്പോർട്ടും കിട്ടിയിട്ടില്ല, ഒരു നടപടിയുമെടുത്തിട്ടില്ല. ഇതുസംബന്ധിച്ച് ഫിനാൻസിന്റെ ഇൻസ്പെക്ഷൻ വിംഗ് കൊടുത്ത റിപ്പോർട്ട് അവിടെയുണ്ട്. അതിനുമീതെ ആരോ കയറിയിരിക്കുകയാണ്. ഇതൊക്കെയാണ് വകുപ്പുകളിൽ നടക്കുന്നത്. ശ്രീ. ഗോപിനാഥിന് കറക്ട് പേമെന്റാണ്. ഒരു പൈസപോലും ബാക്കിയില്ല. വട്ടവടയിലെ സൊസൈറ്റികളിൽ പച്ചക്കറികൾ കെട്ടിക്കിടക്കുകയാണ്. എട്ട് മാസമായി അവർക്ക് പൈസ കൊടുക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് വിഷയത്തിൽനിന്നും മാറിപ്പോകുന്നു. ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കമല്ലേ അടിയന്തരപ്രമേയത്തിന്റെ വിഷയം. കൃഷി വകുപ്പിലെ അഴിമതിയല്ല അങ്ങ് എഴുതി തന്നിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നത് ശരിയല്ല. എന്റെ നോട്ടീസ് വായിച്ചുനോക്കണം. ഈ തർക്കം കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു എന്നാണ് നോട്ടീസിൽ പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ: കൃഷി വകുപ്പിലെ അഴിമതിയല്ല വിഷയം. ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കമാണ് എഴുതിത്തന്നിട്ടുള്ളത്. ആ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അഴിമതിയാരോപണം ഉന്നയിച്ചില്ല. അങ്ങ് ഇങ്ങനെയൊരു ഇടപെടൽ നടത്തുന്നത് ശരിയല്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഏത് കാര്യവും സംസാരിക്കാം. പക്ഷേ തന്ന നോട്ടീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ തന്ന നോട്ടീസ് അങ്ങ് വായിച്ചുനോക്കു. ഈ തർക്കം കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു എന്നാണ് എന്റെ നോട്ടീസിലുള്ളത്. വായിക്കാതെ അങ്ങ് പറയരുത്. ...(ബഹളം)......... ഞാൻ അഴിമതിയാരോപണമൊന്നും ഉന്നയിച്ചില്ല. .....(ബഹളം).........

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്...... ഇരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കെതിരായോ ഉദ്യോഗസ്ഥർക്കെതിരായോ അഴിമതി ആരോപണമൊന്നും ഉന്നയിച്ചില്ല. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു എന്ന എന്റെ നോട്ടീസിലെ ആക്ഷേപം ഞാൻ സബ്സ്റ്റാൻഷ്യേറ്റ് ചെയ്യുന്നു. അതിൽ അങ്ങ് ഇടപെടുന്നത് ശരിയല്ല.

മി. സ്പീക്കർ: ഉദ്യോഗസ്ഥർക്കിടയിലെ തർക്കം കൃഷി വകുപ്പിനെ ബാധിച്ചു എന്നുള്ളത് അങ്ങ് എഴുതിത്തന്നിട്ടുണ്ട്. പക്ഷേ അതിനപ്പുറത്ത് അങ്ങ് വേറെ പല കാര്യങ്ങളിലേയ്ക്കും പോകുകയാണ്. അത് ശരിയല്ല......(ബഹളം)......... പ്ലീസ്..........

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എഴുതിത്തന്നത് വായിക്കാം. ഈ ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളെ ഗൗരവതരമായി ബാധിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ഏജൻസികളുടെ മീറ്റിംഗ് നടക്കുന്നില്ല. ...........(ബഹളം).........

മി. സ്പീക്കർ: പ്ലീസ്...... ഇരിക്കു. പ്ലീസ്.....പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങാണ് പ്രശ്നമുണ്ടാക്കിയത്. ഇല്ലാത്ത പ്രശ്നമുണ്ടാക്കിയത് ബഹുമാനപ്പെട്ട ചെയറാണ്. ....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്....... ഇരിക്കൂ. എന്ത് പ്രശ്നമുണ്ടാക്കിയെന്നാണ് അങ്ങ് പറയുന്നത്. പ്ലീസ്......പ്ലീസ്..... ഇരിക്കൂ. ...(ബഹളം)......

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ശ്രീമതി ഗീതാ ഗോപിനാഥിന്റെ അച്ഛൻ ശ്രീ. ഗോപിനാഥിനെക്കുറിച്ച് പറഞ്ഞതാണ് നിങ്ങൾക്ക് പൊള്ളിയതെങ്കിൽ ഞാനത് പറയുന്നില്ല. ......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്......ഇരിക്കൂ.....

ശ്രീ. ഇ. പി. ജയരാജൻ: സർ, ചെയറിനെ ഇങ്ങനെ സമ്മർദ്ദത്തിലാക്കാൻ പറ്റില്ല. ......(ബഹളം)......(മൈക്ക് ഓഫ്). ശ്രീ. വി. ഡി. സതീശൻ എപ്പോഴും ചെയറിനെ സമ്മർദ്ദത്തിലാക്കാനാണ് ശ്രമിക്കുന്നത്. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്..........ഇരിക്കൂ....(ബഹളം)... എന്താണ് പ്രശ്നം..... (ബഹളം).... നിങ്ങളെല്ലാവരും അഭിപ്രായം പറയുന്നതുപോലെ ശ്രീ. ഇ. പി. ജയരാജനും അഭിപ്രായം പറഞ്ഞു. അത്രയല്ലേയുള്ളൂ. .....(ബഹളം)..... ദയവായി ഇരിക്കൂ. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. ....പ്ലീസ്... ....(ബഹളം)... പ്ലീസ്.... നിങ്ങളിരിക്കൂ. പ്ലീസ്........ മാസങ്ങൾക്കുമുമ്പ് നടന്ന ഒരു സംഭവമാണ് അദ്ദേഹം ഇപ്പോൾ പറഞ്ഞത്. അതാണ് പ്രകോപനമുണ്ടാക്കിയത്.....(ബഹളം)... കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കിടയിലുണ്ടായ തർക്കവുമായി ബന്ധപ്പെട്ട് പറയുമ്പോൾ മാസങ്ങൾക്കുമുമ്പുണ്ടായ കാര്യം അങ്ങ് എടുത്തുപറഞ്ഞതാണ് തർക്കമുണ്ടായത്. അടിയന്തരപ്രാധാന്യമുള്ള വിഷയമായി അങ്ങ് അവതരിപ്പിച്ചത് അതാണ്. ....(ബഹളം)... നോട്ടീസിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നാണ് ചെയർ പറഞ്ഞത്. ....(ബഹളം)... പ്ലീസ്....പ്ലീസ്.... ഇരിക്കൂ. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഒരു അംഗം അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ അദ്ദേഹത്തിന് ആ വസ്തുത സമർത്ഥിക്കാനായി ചില കാര്യങ്ങൾ ഉന്നയിക്കേണ്ടിവരും. അതിന് അങ്ങ് ഇടപെട്ടതാണ് ഇവിടെ ഈ പ്രകോപനമുണ്ടാക്കിയത്. അല്ലാതെ ഒരു പ്രശ്നവും ഇവിടെയുണ്ടായില്ല. ഇത് ശരിയായ നടപടിയല്ല. ....(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത് ശരിയല്ല. ചെയർ ഇടപെടേണ്ട സമയത്ത് ഇടപെടണ്ടേ? ....(ബഹളം)... നിങ്ങൾ സമ്മർദ്ദത്തിലാക്കണ്ട. ....(ബഹളം)... റൂൾ 50-ന് ചില നിബന്ധനകളുണ്ട്. ആ നിബന്ധനകൾ തെറ്റുമ്പോൾ അത് ഓർമ്മപ്പെടുത്തേണ്ട ബാധ്യത മാത്രമേ ചെയർ ചെയ്യുന്നുള്ളൂ. അതിന് പ്രകോപിതരാകേണ്ട കാര്യമില്ല. ....(ബഹളം)... ഇതിനുമുമ്പ് ഈ ചെയറിൽ ഇരുന്നവരും അത് ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ....(ബഹളം)... നിങ്ങൾ തീർത്തും അനാവശ്യമായിട്ടാണ് ഈ പ്രകോപനമുണ്ടാക്കുന്നത്. ....(ബഹളം)... ഒരു കാര്യവുമില്ലാത്തതാണ്. ....(ബഹളം)... ഞാൻ പ്രസംഗം നിർത്താൻ പറഞ്ഞിട്ടില്ല. ....(ബഹളം)... നോട്ടീസിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ പറഞ്ഞു. ....(ബഹളം)... അത് ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. പുതിയ കാര്യമല്ല. (പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.) ....(ബഹളം)... നിങ്ങൾ അങ്ങനെ സമ്മർദ്ദത്തിലാക്കണ്ട. സീറ്റുകളിലേയ്ക്ക് പോകൂ. നോട്ടീസിൽ ഒതുങ്ങിനിന്ന് സംസാരിക്കാനാണ് പറഞ്ഞത്..... പ്ലീസ്...... ഇടപെടേണ്ട സമയത്ത് ചെയർ ഇടപെടും. ....(ബഹളം)... ചട്ടത്തിൽ വേറെയും വകുപ്പുകളുണ്ട്. ....(ബഹളം)...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് ശരിയല്ല. സ്പീക്കറെ ഇങ്ങനെ ഭീഷണിപ്പെടുത്തുന്നത് ശരിയായ രീതിയല്ല. ....(ബഹളം)...

മി. സ്പീക്കർ: ആവശ്യത്തിനും അനാവശ്യത്തിനും ഇവിടെവന്ന് ബഹളമുണ്ടാക്കുന്നത് മര്യാദയല്ല. .....(ബഹളം)... പ്ലീസ്.... മുഖ്യമന്ത്രി സംസാരിക്കട്ടെ.....(ബഹളം)... പ്ലീസ്.... പ്ലീസ്...... ആരും അസ്വസ്ഥരാകണ്ട. ചെയറിന് എല്ലാവരെയും തൃപ്തിപ്പെടുത്തുന്ന നില സ്വീകരിക്കാൻ സാധ്യമല്ല........ (ബഹളം)... പ്ലീസ്........ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ......(ബഹളം)... നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകൂ. ..(ബഹളം)... മുഖ്യമന്ത്രി സംസാരിക്കുകയാണ്. പ്ലീസ്....പ്ലീസ്.....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന ഒരു സഭയാണിത്. ഇവിടെ സ്പീക്കറെ ഭീഷണിപ്പെടുത്താനാണ് ഒരുകൂട്ടം ആളുകൾ ഡയസ്സിന്റെ മുന്നിലേക്ക് വന്നത്. അങ്ങയുടെ നിലപാടിനെയാണ് ചോദ്യം ചെയ്യുന്നതായി കണ്ടത്. നിലപാടിനോട് എതിർപ്പ് തോന്നിയാൽ ചിലപ്പോൾ സഭ്യമായ ഭാഷയിൽ വിമർശിച്ചെന്നുവരും. എന്നാൽ എല്ലാ പരിധിയും വിട്ടുകൊണ്ടുള്ള ഒരു നടപടിയാണ് ഇവിടെയുണ്ടായത്. ഇത് സഭയുടെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമാണ്. ഉത്തരവാദപ്പെട്ട പ്രതിപക്ഷനേതാവും യു.ഡി.എഫ്.-ന്റെ മുതിർന്ന നേതാക്കളും ഇത് ഗൗരവമായി ആലോചിക്കേണ്ടതാണ്. ഇങ്ങനെ പോയാൽ സഭ എവിടെയെത്തും; ഇത്തരം രീതികൾ തുടരാൻ പറ്റുമോ; ഇത്തരം രീതികൾ തുടരുന്ന

നിലപാട് അനുവദിക്കുന്നത് ശരിയാണോ? ഇക്കാര്യം പ്രതിപക്ഷനേതാവും യു.ഡി.എഫ്. നേതാക്കളും ചിന്തിക്കേണ്ടതാണ്. ഒരുകൂട്ടം ആളുകൾക്ക് എന്തുമാകാമെന്നുള്ള അവസ്ഥയുണ്ടാകാൻ പാടില്ല. ഇവിടെവന്ന് ചെയറിനെതിരെ പരുഷമായ വാക്കുകൾ വിളിച്ചുപറയുന്നതായി കേട്ടു. എന്താണ് പറഞ്ഞതെന്ന് ഞാൻ ആവർത്തിക്കുന്നില്ല. അത് നമ്മുടെ സഭയുടെ അന്തസ്സിന് ചേർന്നതല്ല. (......ബഹളം...... ) ആ രീതിയിൽ പെരുമറിയവരുടെ അന്തസ്സ് ഇതിന്റെ ഭാഗമായി ഉയരുകയില്ലെന്ന് അവർ മനസ്സിലാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗൗരവമായ ഒരു വിഷയം... (........ബഹളം...... )

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... നിങ്ങൾ മിണ്ടാതിരിക്കു. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ....നിങ്ങൾ ഇരിക്കൂ....

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. വളരെ ഗൗരവമായ ഒരു വിഷയം ഇവിടെ അവതരിപ്പിക്കുകയായിരുന്നു. പരസ്യമായ ആരോപണങ്ങളും വെല്ലുവിളികളും വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നുവെന്ന് ഈ നോട്ടീസിൽ പറയുന്നുണ്ട്. പ്രതിപക്ഷ മെമ്പർമാരെയടക്കം എല്ലാവരെയും പ്രൊട്ടക്ട് ചെയ്യേണ്ടത് സ്പീക്കറാണ്. ശ്രീ. വി. ഡി. സതീശൻ ആ വിഷയം സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാൻവേണ്ടി ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. അല്ലാതെ ആരുടെപേരിലും അഴിമതിയാരോപണങ്ങൾ ഉന്നയിച്ചിട്ടില്ല. അങ്ങ് ആ സന്ദർഭത്തിൽ ഇടപെട്ടപ്പോഴാണ് മറ്റ് മെമ്പർമാർ ഇടപെടാൻ തുടങ്ങിയത്. ഞങ്ങൾ ഈ സഭയുടെ അന്തസ്സിനെ എന്നും പരിപാലിച്ചിട്ടുള്ളവരാണ്. ഈ സഭയെയും സ്പീക്കറെയും ഞങ്ങൾ ഒരിക്കലും അവഹേളിച്ചിട്ടില്ല. കഴിഞ്ഞകാലത്ത് അത്തരം അനുഭവങ്ങളുണ്ടായപ്പോൾ അതിനെ നിശിതമായി വിമർശിച്ചിട്ടുള്ളവരാണ് ഞങ്ങൾ. അന്നുണ്ടായ സംഭവങ്ങൾ ആവർത്തിക്കാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. സഭയുടെ അന്തസ്സും സ്പീക്കറുടെ നിഷ്പക്ഷതയും നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ഞങ്ങൾ അങ്ങയെ ചോദ്യം ചെയ്തിട്ടില്ല. എന്നാൽ ഇങ്ങനെയൊരു സംഭവമുണ്ടായപ്പോൾ ഞങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് ചെയ്തത്. ആ സന്ദർഭത്തിലാണ് ഇവിടെ അനാവശ്യമായ ബഹളമുണ്ടായത്. ബഹുമാന്യനായ സഭാനേതാവ് അവരെക്കൂടി നിയന്ത്രിക്കേണ്ടതായിരുന്നു. യു.ഡി.എഫ്. അംഗങ്ങൾ പ്രകോപിതരായാൽ ഞാൻ നിയന്ത്രിക്കാറുണ്ട്. സഭാനേതാവെന്ന നിലയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഭരണകക്ഷിയിലുള്ള ആളുകൾ ബഹളമുണ്ടാക്കുമ്പോൾ ഒരിക്കൽപ്പോലും നിയന്ത്രിച്ച് കണ്ടിട്ടില്ല. അങ്ങ് അവരെയും നിയന്ത്രിക്കണം. എന്നാൽ മാത്രമേ സഭ സുഗമമായി മുന്നോട്ടുപോകുകയുള്ളൂ എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സാമാജികരുടെയെല്ലാം ഇച്ഛയ്ക്കും ഇഷ്ടത്തിനും അനുസരിച്ചുള്ള നിലപാട് സ്വീകരിക്കാൻ ചെയറിന് സാധിക്കില്ല. ചോദ്യോത്തരവേള മുതൽ ഓരോരുത്തരുടെയും താല്പര്യത്തിനനുസരിച്ച് നിന്നില്ലെങ്കിൽ ഓരോരുത്തരും ക്ഷുഭിതരാകുന്നതായാണ് കാണുന്നത്. ഇവിടെ ആവശ്യത്തിനും അനാവശ്യത്തിനും ചെയറിന്റെ മുന്നിൽവന്ന് ആക്രോശിക്കുന്ന രീതി സ്വീകരിക്കുന്ന ചില സാമാജികരുണ്ട്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കണം. റൂളിൽ അവകാശങ്ങളുള്ളതുപോലെ ചെയറിന് അധികാരവുമുണ്ട്. 302 എന്ന അധികാരം പ്രയോഗിക്കാൻ ചെയറിന് സാധിക്കുമെന്ന് മനസ്സിലാക്കണം. ഇവിടെ എഴുതിത്തന്ന അടിയന്തരപ്രമേയം ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ളതാണ്. ആ വിഷയം പറയുന്നതിനിടയിൽ മാസങ്ങൾക്ക് മുമ്പുള്ള ഒരു കാര്യം അദ്ദേഹം പറയാൻ ശ്രമിച്ചപ്പോൾ, വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുകയാണ് ചെയ്തത്. അത് ആദ്യത്തെ അനുഭവമല്ല; ഇതിനുമുമ്പും ചെയറിലിരിക്കുന്നവർ സ്വീകരിച്ചിട്ടുള്ള നടപടിയാണ്. വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് ഓർമ്മപ്പെടുത്താനുള്ള അധികാരവും അവകാശവും ചെയറിനുണ്ട്. അതുപയോഗപ്പെടുത്തുകയാണ് ചെയ്തത്. അപ്പോഴേയ്ക്കും ഏത് നിലയിലാണ് പെരുമാറിയതെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂടി മനസ്സിലാക്കുന്നത് നല്ലതാണ്. ഇത് നിർഭാഗ്യകരമാണ്. (.....ബഹളം...) ഇരുപക്ഷത്തിനും അവരവരുടെ പ്രസംഗങ്ങൾ നടത്താനും...(.....ബഹളം...) ഇതാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ പെരുമാറുന്നതുകണ്ടോ? (.....ബഹളം... ) ഇരുപക്ഷത്തിനും ആവശ്യമായ സംവാദം നടത്താനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയാണ് ചെയർ ചെയ്യേണ്ടത്. അതിനുള്ള പരമാവധി ശ്രമങ്ങൾ നടത്തുന്നുണ്ട്. നടപടിക്രമങ്ങൾ പാലിച്ചും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിച്ചും പ്രതിപക്ഷം ആവശ്യപ്പെടുന്ന എല്ലാ സന്ദർഭങ്ങളിലും പരമാവധി സഹകരിച്ചും നിഷ്പക്ഷമായിട്ടുമാണ് നടപടികൾ നടന്നുപോകുന്നതെന്ന് അങ്ങേയ്ക്ക് നന്നായറിയാവുന്നതാണ്. ഇത് നന്നായി അറിയാവുന്ന ഒരാൾ ഇങ്ങനെ പറയുന്നത് ശരിയല്ല. ശ്രീ. വി. ഡി. സതീശന് പ്രസംഗം പൂർത്തീകരിക്കാം.

10.00 AM]

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ നോട്ടീസ് തന്നിരിക്കുന്ന വിഷയത്തിൽ, സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ഡോ. രാജു നാരായണസ്വാമി എക്സിക്യൂട്ടീവ് ചെയർമാനായും ബിജു പ്രഭാകർ ഐ.എ.എസ്. എം.ഡി.-യുമായിരിക്കുന്ന ഒരു സ്ഥാപനത്തെക്കുറിച്ച് മേയ് 17-ാം തീയതിയിലെ

പത്രത്തിൽ വന്നൊരു വാർത്തയെ സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അതുസംബന്ധിച്ച് മന്ത്രി റിപ്പോർട്ട് ആവശ്യപ്പെട്ടത് പരസ്പരം ആരോപണം ഉന്നയിക്കുന്ന ഈ ഉദ്യോഗസ്ഥരോടാണ്. 24 മണിക്കൂറുകൾക്കകം റിപ്പോർട്ട് നൽകുമെന്ന് പറഞ്ഞിട്ട് ഒരാഴ്ചയായിട്ടും റിപ്പോർട്ട് നൽകിയിട്ടില്ല. ആ വിഷയം പറയണ്ടേ; ഞാൻ വിഷയവുമായി ബന്ധപ്പെട്ടല്ലാതെ ഒരിക്കലും വിഷയത്തിന് പുറത്ത് സംസാരിക്കുന്ന ആളല്ല. വിഷയങ്ങളുമായി ബന്ധപ്പെട്ട് രാഷ്ട്രീയം പ്രസംഗിക്കാത്ത ആളാണ് ഞാൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ശ്രദ്ധിക്കണം. ഈ രണ്ട് ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം കൃഷി വകുപ്പിനെ ഗൗരവമായി ബാധിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. പ്രധാനപ്പെട്ട യോഗങ്ങൾ നടക്കുന്നില്ല. ഒരു വർഷം രണ്ടായിരം കോടി രൂപയുടെ പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യേണ്ട വകുപ്പും സർക്കാർ ഏജൻസിയുമാണ്. ഒരാൾ മീറ്റിംഗ് വിളിച്ചുചേർക്കുകയും മറ്റേയാൾ അത് നടപ്പാക്കുകയും വേണം. ഇവർ തമ്മിലുള്ള തർക്കം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. നാലഞ്ച് മാസമായി ഇവർ തമ്മിൽ തർക്കമാണ്. അവർ തമ്മിൽ വഴക്കിട്ടാൽ നമുക്കെന്താണ് കുഴപ്പമെന്ന് ചോദിക്കുന്നവരുണ്ടാകും; അവർ തമ്മിൽ വഴക്കിടുമ്പോൾ ഉണ്ടാകുന്ന ആരോപണ-പ്രത്യാരോപണങ്ങൾ സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും പ്രവർത്തനങ്ങളെ ബാധിക്കുമ്പോൾ അതിവിടെ ഉന്നയിക്കുന്നത് ഗൗരവമല്ലാത്ത വിഷയമാണോ? അതൊരു ഗൗരവമാർന്ന വിഷയമാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം ആവർത്തിച്ചുപറഞ്ഞപ്പോഴും ഉദ്യോഗസ്ഥർ തമ്മിൽ യാതൊരു കുഴപ്പവുമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. എല്ലാദിവസവും ഉദ്യോഗസ്ഥർ തമ്മിൽ വഴക്കാണ്. ഞാൻ പത്രങ്ങളിലെ പ്രധാനപ്പെട്ട തലക്കെട്ടുകളൊന്നും വായിക്കുന്നില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിൽ വീണ്ടും അടി, വീണ്ടും പോരാട്ടം, വീണ്ടും ചക്കളത്തിൽ പോരാട്ടം എന്നുപറയുന്ന പ്രധാനപ്പെട്ട തലക്കെട്ടുകളാണ് എല്ലാ പത്രങ്ങളിലുമുള്ളത്. കഴിഞ്ഞ ദിവസം "നിങ്ങൾ പറഞ്ഞാൽ ഉദ്യോഗസ്ഥർ അനുസരിക്കുന്നില്ലല്ലോ" എന്ന് ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ മുഖ്യമന്ത്രി വല്ലാതെ ക്ഷുഭിതനായി. ഞങ്ങൾ പറഞ്ഞാൽ അനുസരിക്കും, അനുസരിക്കാത്ത ഒരു ഉദ്യോഗസ്ഥനും ഇവിടെ ഉണ്ടാകില്ലെന്ന് മുഖ്യമന്ത്രി വളരെ രൂക്ഷമായ ഭാഷയിൽ മറുപടി പറഞ്ഞു. നാട്ടിൻപുറത്ത് ഒരു വർത്തമാനമുണ്ട്, ആണ്ടി വലിയ അടിക്കാരനാണ്, എല്ലാവരെയും അടിക്കും, എല്ലാവർക്കും ആണ്ടിയെ ഭയങ്കര പേടിയാണ്. ഇത് പറഞ്ഞുനടക്കുന്നതും ആണ്ടി തന്നെയാണ്. സർക്കാർ പറയുന്നത് കേൾക്കാത്ത ഒരുദ്യോഗസ്ഥനും അവിടെ ഇരിക്കില്ലെന്നുള്ള മുഖ്യമന്ത്രിയുടെ വാക്ക് കേട്ടിരുന്നെങ്കിൽ ഇന്നലെ ഈ രണ്ട് ഉദ്യോഗസ്ഥർ പത്രത്തിലും ടി.വി. ചാനലിലും തോന്നിയതുപോലെ കാര്യങ്ങൾ പറയുമോ; ഒരു ഐ.എ.എസ്.-കാരൻ പറയുന്നത് മറ്റേ ഐ.എ.എസ്.-കാരൻ കള്ള ഐ.എ.എസ്.-കാരനാണെന്നാണ്. ഇത് നിസ്സാരമായ കാര്യമാണോ; എന്റെ

താഴെയുള്ള ഉദ്യോഗസ്ഥർ അഴിമതി നടത്തിക്കൊണ്ടിരിക്കുകയാണെന്നാണ് പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറും പറയുന്നത്. അഴിമതിയാണ്, ഞാൻ അഴിമതിക്കെതിരായി പോരാടുമെന്ന് ഒരുദ്യോഗസ്ഥൻ പറയുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സെക്രട്ടറിയുടെ ഭാര്യയെ അനർഹമായി നിയമിച്ചുവെന്നാണ് പ്രിൻസിപ്പൽ സെക്രട്ടറി ആരോപണം ഉന്നയിക്കുന്നത്. അത് ശരിയാകാം, തെറ്റാകാം; പക്ഷെ ഇങ്ങനെയുള്ള ആരോപണങ്ങൾ വിളിച്ചുപറയുമ്പോൾ അങ്ങയെ ആർക്കെങ്കിലും പേടിയുണ്ടാകുമോ; ഒരാൾക്കും പേടിയില്ല. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ഒരുദ്യോഗസ്ഥനും പേടിയില്ല. അതാണ് ഒരു വർഷം പൂർത്തിയാകുമ്പോഴുള്ള സ്ഥിതി. ആണ്ടി വലിയ അടിക്കാരനാണെന്ന് ആണ്ടി മാത്രം പറഞ്ഞാൽ പോരാ; ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ഗൗരവപൂർവ്വം ചർച്ച ചെയ്യണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ വി.ഡി. സതീശൻ രണ്ടുമൂന്നു കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഏതോ ഒരു ആണ്ടിയെ പരിചയപ്പെട്ടതിന്റെ കാര്യവും അക്കൂട്ടത്തിൽ പറയുകയുണ്ടായി. വിടുവായനായ ഏതോ ഒരു ആണ്ടിയെ പരിചയപ്പെട്ടതിന്റെ രീതി തന്നെയാണ് ഇതിനകത്തും സ്വീകരിച്ചിട്ടുള്ളത്. ആണ്ടിയെ മാതൃകയാക്കാൻ പുറപ്പെടേണ്ട. അങ്ങനെയുള്ള വിടുവായന്മാർ പലരും നമ്മുടെ നാട്ടിലുണ്ട്. വിടുവായന്മാർക്കുള്ള ഏറ്റവും വലിയ പ്രത്യേകത അവരെന്താണോ ഉദ്ദേശിക്കുന്നത് അത് പറയാതെ മറ്റുകാര്യങ്ങൾ പറയാനാണ് ശ്രമിക്കുന്നത്. ആണ്ടിയുമായുള്ള പരിചയത്തിൽനിന്ന് ആണ്ടിയെ മാതൃകയാക്കാൻ ബഹുമാന്യനായ വി. ഡി. സതീശനും പുറപ്പെടുന്നുണ്ടോയെന്നൊരു സംശയമാണുള്ളത്. ഏതായാലും ആ പരിചയത്തിൽ നിന്നും ആ സ്വഭാവം കുറച്ച് കടന്നുകൂടിയിട്ടുണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് ആരും എതിർക്കാത്തൊരു കാര്യത്തെ അദ്ദേഹം ഇവിടെ എതിർക്കാൻ തയ്യാറായത്. കേരളത്തിൽ, ഈ മണ്ണിൽ ജീവിക്കുന്ന ഒരാളും ഇതുവരെ എതിർക്കാത്തൊരു കാര്യത്തെ എതിർക്കാൻ അദ്ദേഹം ഈ വിഷയത്തിലൂടെ തയ്യാറായി.

നമ്മുടെ നാട്ടിലുള്ള ഒരു കൂട്ടം ഹതഭാഗ്യർ വീടില്ലാത്തവരാണ്. അവർക്ക് വീട് വച്ചു നൽകുന്ന പദ്ധതിയെയും ഇവിടെ അപഹസിക്കുന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. അതുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങളെന്താണ്? ഏതോ ഒരു പേര് പറഞ്ഞു, ആ പേരുകാർക്ക് വീട് കൊടുത്തിരിക്കുന്നുവെന്നല്ലേ ഇവിടെ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിനാളുകൾ വീടില്ലാത്തവരുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

അവർക്ക് വീട് നൽകാനുള്ള ഒരു പദ്ധതിയാണ് ഗവൺമെന്റ് നടപ്പാക്കുന്നത്; അല്ലാതെ കേവലമൊരു സർക്കാർ പരിപാടിയല്ല. നാടിന്റെ പരിപാടിയെന്ന നിലയ്ക്ക് നമ്മൾ നടപ്പാക്കുന്നൊരു പദ്ധതിയാണിത്. എല്ലാവരും അതിനെ സ്വാഗതം ചെയ്യുകയാണ്. എന്തുകൊണ്ടാണ് അദ്ദേഹത്തിന് അതിനെ എതിർക്കണമെന്ന് തോന്നിയത്; ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ഈ വിഷയം എങ്ങനെയാണ് ബന്ധപ്പെടുന്നത്; രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഏതെങ്കിലും പത്രത്തിൽ പരസ്യമായി വന്നെങ്കിൽ അതും ലൈഫ് പദ്ധതിയുമായി എന്താണ് ബന്ധം; സാധാരണ ബഹുമാനപ്പെട്ട അംഗം കാര്യങ്ങൾ നല്ലരീതിയിൽ അവതരിപ്പിക്കുന്നതായിട്ടാണ് കാണാറുള്ളത്. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിലോ ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലോ ഉള്ള ഒരഭിപ്രായവ്യത്യാസവും സംസ്ഥാനത്തെ ഭരണ നടപടികളെ പ്രതികൂലമായി ബാധിക്കത്തക്കരീതിയിൽ ഉയർന്നുനിൽക്കുന്നില്ല. ഇവിടെ ചീഫ് സെക്രട്ടറി സുപ്രീംകോടതിയുടെ മുന്നിൽ മാപ്പപേക്ഷ കൊടുത്തുവെന്ന് പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് എത്രയോ മാപ്പപേക്ഷകൾ എഴുതിക്കൊടുത്തിട്ടുണ്ട്. കാലതാമസംനേരിടുന്ന കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാരും ഞാനുമെല്ലാം എഴുതിക്കൊടുക്കുന്നത് അതിദയനീയമായ ഭാഷയിലാണ്.

ശ്രീ. പി. ടി. തോമസ്: സർ, ആ രീതിയിലാണോ ശ്രീമതി നളിനി നെറ്റോ സുപ്രീം കോടതിയിൽ മാപ്പപേക്ഷ എഴുതിക്കൊടുത്തത്?

ശ്രീ. പിണറായി വിജയൻ: സർ, നിയമസഭയിലായാലും കോടതിയിലായാലും നാം സ്വീകരിക്കുന്ന പൊതുവായ സമീപനമുണ്ട്. കാലതാമസംവന്ന കാര്യം മാപ്പാക്കിത്തരണമെന്ന് സ്പീക്കറോട് അപേക്ഷിക്കുന്നു. അത് അതിഭയങ്കരമായ കുറ്റം ചെയ്തതിന്റെ മാപ്പപേക്ഷയല്ല. സാധാരണ നടപടിക്രമത്തിന്റെ ഭാഗമായുള്ള രീതിയാണ്. അത്തരമൊരു നിലപാട് കോടതിയിലും സ്വീകരിക്കാറുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സാധാരണഗതിയിൽ കാലതാമസമുണ്ടായാൽ താമസിച്ചുപോയി, ക്ഷമിക്കണമെന്ന് പറയും. ഇത് അതല്ലല്ലോ; സംസ്ഥാന സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറി നിരുപാധികം മാപ്പ് ചോദിക്കുകയാണുണ്ടായത്. എന്തുകൊണ്ടാണ് അങ്ങ് അതംഗീകരിക്കാത്തത്?

ശ്രീ. പിണറായി വിജയൻ: സർ, കോടതിക്ക് കോടതിയുടേതായ രീതികളുണ്ട്. കോടതിയിൽ നാമുപയോഗിക്കുന്ന ചില പദങ്ങളുണ്ട്. അത് ആ നിലയ്ക്ക് കാണാൻ കഴിയണം. ഇപ്പോൾ സെക്രട്ടേറിയറ്റാകെ ചീഞ്ഞു നാറുകയാണെന്നുപറയുന്ന ഒരവസ്ഥയും നിലനിൽക്കുന്നില്ല. സെക്രട്ടേറിയറ്റിന്റെ

കാര്യങ്ങൾ ഭദ്രമായിത്തന്നെ പോകുകയാണ്. ഭരണസിരാകേന്ദ്രമെന്ന നിലയ്ക്ക് നല്ല രീതിയിൽത്തന്നെയാണ് കാര്യങ്ങൾ നീങ്ങുന്നത്. ഒരുതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും ഭരണനടപടികളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഉയർന്നുവന്നിട്ടില്ല. അത്തരത്തിൽ അതിനെ കാണേണ്ടതുമില്ല.

ഇവിടെ പറഞ്ഞ രണ്ട് ഉദ്യോഗസ്ഥരും പ്രധാനപ്പെട്ടവരും നമുക്കെല്ലാവർക്കുമറിയാവുന്നവരുമാണ്. ഡോ. ബിജു പ്രഭാകറും ശ്രീ. രാജു നാരായണസ്വാമിയും ഇന്നലെ സർവ്വീസിൽ വന്നവരല്ല; ദീർഘകാലമായി സർവ്വീസിലുള്ളവരാണ്. അവർ തമ്മിൽ എന്തോ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായത്, ഇന്നത്തെ കാലത്ത് പലതും പത്രങ്ങളിൽ വരുന്നതായതുകൊണ്ട് അക്കാര്യവും മാധ്യമങ്ങളിൽ വന്നുവെന്നത് വസ്തുതയാണ്. അതൊന്നും ഏതെങ്കിലും തരത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതല്ല. ഇക്കാര്യത്തിൽ കൃഷി വകുപ്പുമന്ത്രി ശരിയായ രീതിയിൽ ഇടപെട്ടിട്ടുണ്ട്. രണ്ടുപേരിൽനിന്നും വിശദീകരണം വാങ്ങുന്ന നിലപാടിലേയ്ക്ക് പോകുന്നുമുണ്ട്. ഇനി ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രശ്നം ഒരുതരത്തിലും ഭരണനടപടികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള കരുതൽ കൃഷിവകുപ്പുമന്ത്രി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. അവർ പറഞ്ഞതായി റിപ്പോർട്ട് ചെയ്ത കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് നമ്മൾ ഇപ്പോൾ കടക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തന്നെ നടക്കുന്നുണ്ട്.

ശ്രീമതി ഗീതാ ഗോപിനാഥിനെ വിമർശിക്കേണ്ട യാതൊരു കാര്യവുമില്ല. സാമ്പത്തിക കാര്യങ്ങളിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പറയുന്നതിൽ തെറ്റില്ല. പക്ഷേ അവരുടെ അച്ഛനെ പറയേണ്ട കാര്യമുണ്ടോ? 'ഗീതാ ഗോപിനാഥിന്റെ അച്ഛൻ' എന്ന് ഇവിടെ പറയുന്നത് കേട്ടു. എന്തിനാണ് അങ്ങനെയൊക്കെയുള്ള നിലപാട് ഇതിന്റെ ഭാഗമായി സ്വീകരിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ പറയുന്നയാൾ എന്തെങ്കിലും നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ നിയമം അതിന്റെ വഴിക്ക് പോകും. അതിലൊന്നും നമുക്കൊരു പ്രശ്നവുമില്ല. ആരെയും സംരക്ഷിക്കാനല്ല നമ്മൾ നിലകൊള്ളുന്നത്. പക്ഷേ എന്തിനാണ് ഇതിന്റെ ഭാഗമായി അത്തരമൊരു നിലപാട് സ്വീകരിച്ചത്. അതാണ് ഞാൻ തുടക്കത്തിൽ പറഞ്ഞ വിഷയദാരിദ്ര്യത്തിന്റെ പ്രശ്നം ബഹുമാന്യനായ അംഗം കാര്യങ്ങൾ അറിയാത്ത ആളല്ല. ഇത് അവതരിപ്പിച്ചാൽ അത്രകണ്ട് ഏശില്ല എന്ന് അദ്ദേഹത്തിനുതന്നെ നിശ്ചയമായിരുന്നു. അപ്പോൾ വേറെ വഴിക്ക് പോയി. വിഷയത്തിന് ബലംകൂട്ടാൻ മറ്റ് ചില കാര്യങ്ങൾകൂടി ഏറ്റെടുക്കുന്ന നിലയാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ. രാജു നാരായണസ്വാമിയും ഡയറക്ടർ ശ്രീ. ബിജു പ്രഭാകറും തമ്മിലുണ്ടായ തർക്കമാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. അതിൽ പലതും വ്യക്തിപരമായ ആക്ഷേപങ്ങളാണ്. അതിനെ സംബന്ധിച്ച് ഗൗരവമായ ചർച്ച നടത്താൻ ഞാനുദ്ദേശിക്കുന്നില്ല. പക്ഷേ ഇത് കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒരു കാരണവശാലും ഈ രീതിയിലുള്ള തർക്കത്തിന്റെ പേരിൽ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടാൻ പോകുന്നില്ലെന്നുമാത്രമല്ല, കൂടുതൽ നല്ലനിലയിൽ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു സർക്കാരിന്റെ അവസാന വാക്ക് പറയേണ്ടത് മുഖ്യമന്ത്രിയാണ്.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് നൽകിയത് മുഖ്യമന്ത്രിക്കായതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇത് കൃഷി വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതിനാൽ വകുപ്പുമന്ത്രിക്ക് വിശദീകരണം നൽകണ്ടേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സീനിയർ അംഗമായ അങ്ങേയ്ക്ക് ഇതൊക്കെ അറിയാവുന്നതല്ലേ? വ്യവസായ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഭാര്യയെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. അവർ കൃഷി വകുപ്പിൽ അഡീഷണൽ ഡയറക്ടറായി ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. അവർക്ക് അഡീഷണൽ ചാർജ്ജ് കൊടുത്തിരിക്കുകയാണ്. ഇന്ന് ഹോർട്ടികോർപ്പിനെ സംബന്ധിച്ച് മലയാള മനോരമയിൽ വന്നിരിക്കുന്ന വാർത്ത അങ്ങ് വായിച്ചിരിക്കുമല്ലോ? കഴിഞ്ഞ സർക്കാരിന്റെകാലത്ത് തമിഴ്നാട്ടിൽ നിന്നും പച്ചക്കറി വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടിനെപ്പറ്റിയാണത്. ഈ വിഷയം സർക്കാർ ഗൗരവമായിട്ടെടുക്കുകയുണ്ടായി. അങ്ങ് പറഞ്ഞതുപോലെ ഫിനാൻസ് വിംഗിന്റെ റിപ്പോർട്ടും വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പും കൃഷിവകുപ്പും വി.എഫ്.പി.സി.കെ.-യും triangle രീതിയിൽ പോകണമെന്ന് തീരുമാനിക്കുകയും വകുപ്പിലെ ഉദ്യോഗസ്ഥരിൽ പലർക്കും ചാർജ്ജ് കൊടുത്ത് സ്ട്രീംലൈൻ ചെയ്യുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിൽനിന്നും പച്ചക്കറിയെടുക്കുകയില്ലെന്ന തീരുമാനം സർക്കാർ എടുത്തിട്ടില്ല. ഇപ്പോൾ 87 ഇനം പച്ചക്കറികൾ ഹോർട്ടികോർപ്പിന് ആവശ്യമാണ്. സഫിഷ്യന്റായി ഉണ്ടാക്കുന്ന 13 ഇനം പച്ചക്കറികളും ഭാഗികമായുണ്ടാക്കുന്ന 24 ഇനങ്ങളും കേരളത്തിലുണ്ട്. ഇവയെല്ലാം തന്നെ കൃഷിവകുപ്പ് വാങ്ങുന്നുണ്ട്. ഹോർട്ടികോർപ്പ്, നാല് മേഖലയിലെയും ഉദ്യോഗസ്ഥരുൾപ്പെടുന്ന ഒരു കമ്മിറ്റിയിൽ വച്ചാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും

ഏത് പച്ചക്കറി വാങ്ങണമെന്ന് തീരുമാനിക്കുന്നത്. അങ്ങനെ വാങ്ങുന്ന പച്ചക്കറികൾ, തമിഴ്നാട്ടിലേതാണെങ്കിൽ അവിടത്തെയാണെന്നും കേരളത്തിലേ താണെങ്കിൽ അക്കാര്യവും എഴുതിവച്ച് ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ വിൽക്കുകയാണ് ചെയ്യുന്നത്. ഇത് സുതാര്യമായിട്ടാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ കൊടുത്തിരിക്കുന്ന നിർദ്ദേശം കഴിയുന്നതും കൃഷിക്കാരുടെ സംഘടനകളിൽനിന്നും സൊസൈറ്റികളിൽനിന്നും പച്ചക്കറി വാങ്ങേണ്ട താണെന്നാണ്. റെയ്ഡ്കോ മിത്ര എന്ന ഒരു ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുണ്ട്, അതൊരു വ്യക്തിയുടെ സ്ഥാപനമല്ല. ആ സ്ഥാപനത്തിൽ നിന്നാണ് ഇവ വാങ്ങുന്നത്. പ്രൊസീഡ്യുവർ അനുസരിച്ചാണ് കാര്യങ്ങളെല്ലാം ചെയ്തിരിക്കുന്നത്.

ഉദ്യോഗസ്ഥരുടെ ഉദ്ദേശശുദ്ധിയിലും ഉത്തമ വിശ്വാസത്തിലും സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള അനുവാദം കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ അവർക്ക് കൊടുത്തിട്ടുണ്ട്. സർക്കാരിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവർ ചെയ്യുന്ന നല്ലകാര്യങ്ങളെ പിന്തുണയ്ക്കും; അല്ലാതെ ഉദ്യോഗസ്ഥരെ ഭയപ്പെടുത്തുന്ന നിലപാടല്ല സർക്കാരിനുള്ളത്. ആ നിലയ്ക്ക് സർക്കാർ ഇടപെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വവും സ്വാതന്ത്ര്യവും അവർ ദുരുപയോഗപ്പെടുത്തുകയോ അവരുടെ ബിസിനസ് റൂൾസ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയോ ചെയ്താൽ അക്കാര്യം ഗൗരവമായി കാണും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മറ്റ് വിഷയങ്ങളൊന്നുമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം ഉന്നയിച്ചതെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്നി ടത്തോളംകാലം ഞങ്ങൾക്ക് വിഷയദാരിദ്ര്യമുണ്ടാകില്ല. ഓരോ ദിവസവും പുതിയ വിഷയങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഏത് വിഷയമെടുക്കണമെന്ന ആശങ്കയാണ് ഞങ്ങൾക്കുള്ളത്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഒരുവർഷത്തെ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ഒരു നിർജ്ജീവമായ സർക്കാരാണ് ഇതെന്ന് പറയേണ്ടിവന്നിരിക്കുന്നു. ഐ.എ.എസ്.-കാർ തമ്മിലുള്ള പ്രശ്നം ഇന്നലെ ആരംഭിച്ചതല്ലല്ലോ? ഐ.എ.എസ്. ഉദ്യോഗസ്ഥർ കൂട്ട അവധിയെടുക്കുന്ന സംഭവമുണ്ടായി. അവർ സെക്രട്ടേറിയറ്റിൽ യോഗം ചേരുകയും മുഖ്യമന്ത്രിയെ കാണാൻ പോയപ്പോൾ അവരെ അദ്ദേഹം

ശാസിച്ചുവെന്നുമാണ് അറിയാൻ കഴിഞ്ഞത്. ഇത്രയും സംഭവങ്ങളുണ്ടായത് ഈ കേരളത്തിൽ തന്നെയല്ലേ? അടുത്ത കാലത്താണ് ഇവിടെ ഐ.പി.എസ്.-കാർ തമ്മിൽ വഴക്കുണ്ടായത്. അതോടൊപ്പം ഡി.ജി.പി.-യും എ.ഡി.ജി.പി.-യും തമ്മിൽ തർക്കമുണ്ടായ വാർത്തയും വന്നു. ഭരണത്തിന്റെ ഉന്നതതലങ്ങളിലുള്ള ആളുകൾ തമ്മിലുള്ള ശീതസമരവും അവർ തമ്മിലുള്ള വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങളും ഭരണത്തെ ബാധിക്കുമ്പോഴാണ് അതിൽ പ്രതിപക്ഷത്തിന് ഇടപെടേണ്ടി വരുന്നത്. വ്യക്തിപരമായി ശ്രീ. ബിജു പ്രഭാകറും ഡോ. രാജു നാരായണസ്വാമിയും തമ്മിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അതിവിടെ പ്രശ്നമല്ല. അത് ഭരണത്തെ ബാധിക്കുന്നു എന്നുള്ളതാണ്. രണ്ടായിരം കോടി രൂപ ബജറ്റുള്ള വിവിധ പദ്ധതികൾ നടപ്പാക്കാൻ ബാധ്യസ്ഥരായ കൃഷിവകുപ്പ് ഡയറക്ടറും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായവ്യത്യാസം നാല് മാസമായി തുടരുകയാണ്. ഈ നാല് മാസമായി തുടരുന്ന അഭിപ്രായവ്യത്യാസം പരിഹരിക്കാൻ എന്തുകൊണ്ട് ബഹുമാന്യരായ കൃഷിവകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും കഴിയുന്നില്ല? ഐ.എ.എസ്.-കാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് വരുത്തിത്തീർക്കാൻ ചില ആളുകൾ ശ്രമിക്കുന്നുണ്ടെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ അക്കാര്യം പരിശോധിക്കണം, ആരെങ്കിലും വരുത്തിത്തീർത്തിട്ടാണോ ഇവിടെ ഐ.എ.എസ്.-കാർ യോഗം ചേർന്നതും അങ്ങയെ കാണാൻവന്നതും അവധിയെടുക്കുമെന്ന് പറഞ്ഞതുമെന്ന കാര്യം പരിശോധിക്കണം. അതുപോലെ ഐ.പി.എസ്.-കാർ തമ്മിലുള്ള അഭിപ്രായ വ്യത്യാസവും വിജിലൻസ് ഡയറക്ടറും ഫിനാൻസ് സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായവ്യത്യാസവുമൊക്കെ ആരെങ്കിലും പറഞ്ഞതാണോ; ഇതൊക്കെ കേരളത്തിൽ നടന്നതല്ലേ? ഭരണത്തിന്റെ ഉന്നതതലങ്ങളിൽ നടക്കുന്ന ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങൾ കണ്ടില്ലെന്ന് നടിച്ച് മുഖ്യമന്ത്രി ഇരിക്കുന്നു വെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ബഹുമാന്യനായ മുഖ്യമന്ത്രി ഈ വിഷയത്തെ നിസ്സാരവത്ക്കരിക്കാൻ ശ്രമിക്കുകയാണ്. അങ്ങേയ്ക്ക് അങ്ങനെയേ പറയാൻ കഴിയുകയുള്ളുവെന്ന് എനിക്കറിയാം. പക്ഷേ അങ്ങ് ഞങ്ങളോട് എന്ത് മറുപടി പറഞ്ഞാലും, ഭരണരംഗത്ത് എന്ത് നടക്കുന്നുവെന്നുള്ളത് സംബന്ധിച്ച് ആത്മപരിശോധന നടത്താൻ അങ്ങ് തയ്യാറാകണം. വിവിധ വകുപ്പുകളിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങൾ കാണാൻ അങ്ങ് തയ്യാറാകണം. എം. എൻ. ഗോവിന്ദൻ നായർ ഇരുന്ന കസേരയിലാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ഇരിക്കുന്നത്, ആ മഹാനായ വ്യക്തി കൈകാര്യംചെയ്ത വകുപ്പാണ് അങ്ങ് കൈകാര്യം ചെയ്യുന്നത്. ഇവിടെ നാല് മാസമായി രണ്ട് ഉദ്യോഗസ്ഥന്മാർ തമ്മിലടിക്കുകയാണ്.

ശ്രീ. ബിജു പ്രഭാകറിനെ കുട്ടിക്കാലം മുതൽ എനിക്കറിയാം. അദ്ദേഹം അഴിമതി നടത്തുന്നയാളാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹത്തിന്റെ ഐ.എ.എസ്. വ്യാജമാണെന്ന് ഒരാൾ പറഞ്ഞാൽ ബഹുമാന്യനായ മന്ത്രിയും ബഹുമാന്യനായ മുഖ്യമന്ത്രിയും അത് കേട്ടിരിക്കുകയാണോ; ഒരുദ്യോഗസ്ഥന് confer ചെയ്ത് ഐ.എ.എസ്. കൊടുത്തുകഴിഞ്ഞാൽ, ഐ.എ.എസ്. കൊടുത്തത് വ്യാജമാണെന്ന് ഒരു പ്രിൻസിപ്പൽ സെക്രട്ടറി പറയുന്നത് ബഹുമാന്യനായ മുഖ്യമന്ത്രി കേട്ടുകൊണ്ടിരിക്കുകയാണോ; ഈ സംസ്ഥാനത്ത് ഐ.എ.എസ്. confer ചെയ്തിട്ടുള്ള എത്രയോ നല്ല ഉദ്യോഗസ്ഥരുണ്ട്. ഭരണകാര്യത്തിൽ, confer ചെയ്യുന്ന ഐ.എ.എസ്.-ഉം പരീക്ഷ പാസ്സായി വരുന്ന ഐ.എ.എസ്.-ഉം തമ്മിൽ വ്യത്യാസമൊന്നുമില്ല. ബഹുമാന്യനായ മുഖ്യമന്ത്രി അക്കാര്യം മനസ്സിലാക്കണം. ഇവർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായപ്പോൾ പരിഹരിക്കേണ്ടതായിരുന്നു. നാല് മാസമായി ശീതസമരം നടക്കുകയാണ്. ഇസ്രായേലിൽ നിന്ന് ഒരു കൂട്ടർ ഇവിടെ വന്നു. അവർക്ക് പണം കൊടുക്കുന്നതിനെ സംബന്ധിച്ചാണ് തർക്കം. പണം കൊടുക്കാത്തതിന്റെ പേരിൽ ഉദ്യോഗസ്ഥനെ മാറ്റുകയും ആ ഉദ്യോഗസ്ഥനെ മാറ്റിയ നടപടിയിൽ സ്റ്റേയുണ്ടാകുകയും ചെയ്യുന്നു. ഇതെല്ലാം ഭരണത്തിൽ നടക്കുന്ന കാര്യങ്ങളാണ്. ശ്രീ. വി. എസ്. സുനിൽ കുമാർ ഇതെല്ലാം ശ്രദ്ധിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിൽ അഭിപ്രായവ്യത്യാസമില്ല, ഇവിടെ യാതൊരു പ്രശ്നവുമില്ല, എല്ലാം ശാന്തമാണെന്ന് അങ്ങ് പറയുന്നതിൽ അർത്ഥമില്ല. സർക്കാരിന്റെ ഒന്നാം വാർഷികം ആഘോഷിക്കുമ്പോൾ അതിന്റെ നിറംകെട്ട നടപടിയായിപ്പോയി ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കമെന്നാണ് എനിക്ക് പറയാനുള്ളത്.

ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടാൽ ഞങ്ങളാണ് ഈ ആരോപണങ്ങളൊക്കെ ഉന്നയിച്ചതെന്ന് തോന്നും. ഞങ്ങളല്ല ആരോപണങ്ങൾ ഉന്നയിച്ചത്. ബഹുമാന്യനായ വി. ഡി. സതീശൻ ഇവിടെ അക്കമിട്ട് കാര്യങ്ങൾ പറഞ്ഞു. ശ്രീമതി ഗീതാഗോപിനാഥിനെപ്പറ്റി ഇവിടെ ആരും പറഞ്ഞില്ല. അവരുടെ കഴിവിനെ ഞങ്ങളാരും ചോദ്യം ചെയ്തിട്ടില്ല. അന്യസംസ്ഥാനത്തുനിന്ന് ഹോർട്ടികോർപ്പ് പച്ചക്കറി വാങ്ങുന്നു എന്നത് ന്യൂസ് 18-ൽ വന്ന വാർത്തയാണ്. ശ്രീമതി ഗീതാഗോപിനാഥിന്റെ പിതാവ് ശ്രീ. ഗോപിനാഥ് നടത്തിക്കൊണ്ടിരിക്കുന്ന കമ്പനിയിൽനിന്നും വാങ്ങിയെന്നാണ് പറഞ്ഞത്. അല്ലാതെ അവരെ ആരും ഇവിടെ ആക്ഷേപിച്ചിട്ടില്ല. അത് ന്യൂസ് 18-ൽ വന്ന വാർത്തയാണ്. ആ വാർത്ത ക്വാട്ട് ചെയ്യുകയാണുണ്ടായത്. ഇല്ലാത്ത കാര്യം മുഖ്യമന്ത്രി പറയരുത്. ഞങ്ങളാരും ശ്രീമതി ഗീതാഗോപിനാഥിനെയോ അവരുടെ പിതാവിനെയോ മോശക്കാരാക്കി ചിത്രീകരിച്ചിട്ടില്ല. ആ വാർത്ത

വന്നതിനെപ്പറ്റിയാണ് സൂചിപ്പിച്ചത്. അത് ശരിയാണോയെന്ന് പരിശോധിക്കാനാണ് മന്ത്രി തയ്യാറാകേണ്ടത്. കൃഷി വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും ഇതിൽ ഉത്തരവാദിത്വമില്ലേ? ബഹുമാന്യനായ വി. ഡി. സതീശൻ പറഞ്ഞ പരസ്യത്തെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞു, ലൈഫ് പദ്ധതിക്കോ ലൈഫ് ലോംഗ് പദ്ധതിക്കോ ഞങ്ങളാരും എതിരല്ല. അതൊക്കെ നല്ലകാര്യമാണ്. ഞങ്ങളെല്ലാം പിന്തുണയ്ക്കുന്നുണ്ട്. പക്ഷേ പത്രത്തിൽ വീടുള്ളവരുടെ പടം കൊടുത്തിട്ട് വീടില്ലാത്തവരുടെ പടമായി ചിത്രീകരിച്ചത് ശരിയാണോ; അങ്ങ് അക്കാര്യം പി.ആർ.ഡി.-യോട് ചോദിക്കണം. ചെറായിയിലുള്ള ഈ കുടുംബം വീടുള്ളവരാണ്. ആ കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ ലൈഫ് പദ്ധതിയെ ശ്രീ. വി. ഡി. സതീശൻ എതിർത്തുവെന്ന് പറയുന്നത് മോശമായിപ്പോയി എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. അങ്ങയുടെ വകുപ്പാണ് പി.ആർ.ഡി. ആ വകുപ്പിൽ വന്ന തെറ്റ് ചൂണ്ടിക്കാണിച്ചതിന് ലൈഫ് പദ്ധതിയെ ഞങ്ങൾ എതിർക്കുന്നുവെന്ന് പറയുന്നത് ബാലിശമാണ്. ഇവിടെ ഞങ്ങളാരും ആ പദ്ധതിയെ എതിർത്തിട്ടില്ല.

ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ മാപ്പപേക്ഷയെപ്പറ്റി പറഞ്ഞു. വളരെ വ്യക്തമായിട്ടല്ലേ മാപ്പപേക്ഷയെപ്പറ്റി കോടതിയിൽ പറഞ്ഞത്. ഞാൻ അതൊന്നും വായിക്കുന്നില്ല. "I tender my unqualified apology for any aspect on my conduct which this Honourable Court construes not to be in accordance with its order." ബഹുമാന്യനായ മുഖ്യമന്ത്രി ഇത് വായിക്കണം. സംസ്ഥാന ചീഫ് സെക്രട്ടറി കൊടുത്ത മാപ്പപേക്ഷയാണിത്. അല്ലാതെ late comer കൊടുക്കുന്ന അപേക്ഷയല്ല. ക്യാബിനറ്റിൽ വരാൻ ഒരു മിനിട്ട് താമസിച്ചാൽ ഞാൻ താമസിച്ചുപോയി, എനിക്കൊരു കാര്യമുണ്ടായിരുന്നുവെന്ന് മുഖ്യമന്ത്രിയോട് പറയും. അതുപോലെയാണോ ഇത്; സംസ്ഥാനത്തെ ചീഫ് സെക്രട്ടറി കൊടുത്ത unqualified ആയിട്ടുള്ള ക്ഷമാപണമാണ്. അതങ്ങ് മനസ്സിലാക്കേണ്ടതാണ്. മുൻ മുഖ്യമന്ത്രി ഇ. കെ. നായനാരുടെ മകൻ ഒരു ലേഖനത്തിൽ പറഞ്ഞത് അങ്ങ് വായിക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഈ സംസ്ഥാനത്തിന്റെ ഭരണത്തെപ്പറ്റി മുൻമുഖ്യമന്ത്രിയായ ഇ. കെ. നായനാരുടെ മകൻ എഴുതിയ ലേഖനം വായിച്ചാൽ മുഖ്യമന്ത്രിയുടെ സംശയം മുഴുവൻ തീരുമെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. കൃഷ്ണകുമാർ പറഞ്ഞ വാചകമെങ്കിലും അങ്ങ് വായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സംസ്ഥാനത്ത് ഭരണസ്തംഭനവും ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായവ്യത്യാസവും ഐ.എ.എസ്.-ഐ.പി.എസ് ഉദ്യോഗസ്ഥർ തമ്മിലുള്ള ശീതസമരവും നിലനിൽക്കുകയാണ്. ഇതൊന്നും നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കഴിയുന്നില്ല. ഈ വകുപ്പുകളിലൊക്കെ അരാജകത്വവും തമ്മിലടിയും നടക്കുന്നു. ഈ വിവരം

നിയമസഭയുടെ മുമ്പിൽ കൊണ്ടുവരാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. സർക്കാരിനെ തിരുത്താനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കില്ലേ? ഞങ്ങളത് ഉന്നയിക്കുമ്പോൾ അതിനെ നിസ്സാരവത്ക്കരിക്കുകയും ഇതൊന്നും ഒരു പ്രശ്നമല്ലെന്ന മനോഭാവം സ്വീകരിക്കുകയും ചെയ്യുന്നത് ഒരു ഉത്തമ ഭരണാധികാരിക്ക് ചേർന്ന നടപടിയല്ലെന്നാണ് എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോടും കൃഷി വകുപ്പുമന്ത്രിയോടും പറയാനുള്ളത്. നിങ്ങൾ ഇതിന്റെ ഗൗരവം മനസ്സിലാക്കണം. ശ്രീ. ബിജു പ്രഭാകർ ഈ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന തച്ചടി പ്രഭാകരന്റെ മകനാണ്. ഒരു തെറ്റും ചെയ്യാത്ത ആളാണ്, അദ്ദേഹത്തെ കുട്ടിക്കാലം മുതൽക്കേ എനിക്കറിയാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, എം.എൻ. ഗോവിന്ദൻ നായർ ഇരുന്ന കസേരയിലാണ് ഞാനിരിക്കുന്നതെന്ന ഉത്തരവാദിത്വത്തോടുകൂടിതന്നെയാണ് ഞാനിവിടെ ഇരിക്കുന്നത്. ഇവിടെ പ്രതിപക്ഷം ഗൗരവമായി ഉന്നയിച്ച ഒരു കാര്യവും സർക്കാർ ഗൗരവമില്ലാതെ കാണാൻ ഉദ്ദേശിക്കുന്നില്ല. ഒരുദ്യോഗസ്ഥർക്കും അവരുടെ തന്നിഷ്ടപ്രകാരം നടത്താൻ ഈ വകുപ്പ് വിട്ടുകൊടുക്കാൻ പോകുന്നില്ല. അതുകൊണ്ട് ആവശ്യമായ കാര്യങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അങ്ങയെ കുറ്റംപറഞ്ഞതല്ല. അങ്ങയുടെ വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയും ഡയറക്ടറും തമ്മിൽ നടക്കുന്ന ഇത്തരം നടപടികൾ അങ്ങേയ്ക്ക് നല്ലതാണോ; അങ്ങയുടെ വകുപ്പിന് ഇത് ഗുണം ചെയ്യുമോ എന്ന് അങ്ങ് പരിശോധിക്കണം. അക്കാര്യത്തിൽ ഗൗരവമായി ഇടപെടണം. ഈ സംസ്ഥാനത്ത് ഒരു മന്ത്രിയും അവരുടെ വകുപ്പിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ കണ്ടില്ലെന്ന് നടിക്കരുത്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞപ്പോൾ എനിക്ക് അല്പം വിഷമം തോന്നി. അദ്ദേഹം ഞങ്ങളെ കുറ്റപ്പെടുത്തിക്കോട്ടെ, അതിൽ പ്രശ്നമൊന്നുമില്ല. ഞങ്ങളുടെ മൗലികമായ ഉത്തരവാദിത്വം ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പക്ഷേ അതിന്റെ ഗൗരവത്തെ ബഹുമാന്യനായ മുഖ്യമന്ത്രി നിസ്സാരവത്ക്കരിച്ചത് ഒട്ടുംശരിയായില്ല. അങ്ങ് ഇക്കാര്യങ്ങൾ പരിശോധിക്കണം. ഈ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പിൽ നാലഞ്ചുമാസമായി നടക്കുന്ന ശീതസമരവും അഭിപ്രായവ്യത്യാസങ്ങളും വകുപ്പിന്റെ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, ഈ സർക്കാരിന്റെ ഒന്നാം വാർഷികം ഉദ്യോഗസ്ഥരുടെ കലാപരിപാടികളോടുകൂടി ആരംഭിച്ചിരിക്കുകയാണ്. പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പോലീസ് മേധാവികൾ തമ്മിലുള്ള കായികമത്സരം നടക്കുകയാണ്. ഇപ്പോൾ കൃഷി വകുപ്പിലേയ്ക്കും അത് പടർന്നിരിക്കുന്നു. കഴിഞ്ഞ കുറേനാളുകളായി ഐ.എ.എസ്.-ഐ.പി.എസ്. ഉദ്യോഗസ്ഥർക്കിടയിൽ നടക്കുന്ന പ്രശ്നങ്ങൾ മാത്രമാണ് നമ്മൾ പത്രത്തിൽ വായിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ വിജിലൻസ് വകുപ്പിനെ വ്യക്തിവൈരാഗ്യം തീർക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി ആലോചിക്കേണ്ട ഒരു കാര്യം, ഈ ഉദ്യോഗസ്ഥർ തമ്മിലുള്ള ചക്കളത്തിൽ പോരാട്ടത്തിന് പരിഹാരമുണ്ടാക്കാനുള്ള ഒരു വകുപ്പാണോ വിജിലൻസ്. കഴിഞ്ഞ കാലങ്ങളിലൊക്കെ ഇത്തരം കാര്യങ്ങൾ ഒരു സ്ക്രീനിംഗ് കമ്മിറ്റി നോക്കാറുണ്ടായിരുന്നു. ചീഫ് സെക്രട്ടറിയും എ.സി.എസ്.-ഉം വിജിലൻസ് ഡയറക്ടറുമൊക്കെ സ്ക്രീൻ ചെയ്തശേഷം വിഷയത്തിൽ കാമ്പുണ്ടോ എന്ന് പരിശോധിച്ചതിനുശേഷം മാത്രമേ ഉദ്യോഗസ്ഥരുടെപേരിലുള്ള കേസ് നോക്കാറുള്ളൂ. അല്ലാതെ എനിക്കൊരു ദേഷ്യമുണ്ടെന്നുവച്ച് കാര്യങ്ങൾ നോക്കാറില്ല. അതുകൊണ്ടാണ് 'ഞാനിവിടെ ഇരുന്നാൽ വിജിലൻസ് കേസ്സിൽ കുടുങ്ങി അകത്ത് പോകും, എന്നെ സഹായിക്കാൻ ഒരു സർക്കാരുമുണ്ടാകില്ല, ഒരു മന്ത്രിയുമുണ്ടാകില്ല' എന്ന് ഡോ. ബിജു പ്രഭാകർ പറഞ്ഞത്. ആ പേടിയിലാണ് അദ്ദേഹം പോകുന്നത്. ഇങ്ങനെ ലീവെടുത്ത് ഓരോ ആളുകളും പോകുകയാണ്. ഇനി നമ്മൾ നിർബന്ധിച്ചാൽ ചിലപ്പോൾ അദ്ദേഹം വന്നേയ്ക്കാം. പക്ഷേ ഒരുത്തരവ് ഇന്ന രീതിയിൽ ഇറക്കണമെന്ന് ഒരുദ്യോഗസ്ഥനോടും നിർബന്ധിച്ച് പറയാൻ നമുക്ക് കഴിയില്ല. അവർ വളരെ തന്ത്രപരമായി അതിലൊരു ക്വറിയിട്ട്, ആ ക്വറി കാലാകാലത്തേയ്ക്കുള്ള ക്വറിയായും ആ ഫയൽ ഒരിക്കലും എവിടെയും എത്താത്തരീതിയിൽ ഇല്ലാതാക്കാനും ഉദ്യോഗസ്ഥർക്ക് സാധിക്കും. അവരുടെ മേശപ്പുറത്ത് നോക്കിയാൽ ഒരു ഫയലുമുണ്ടാകില്ല. ആ രീതിയിൽ ഈ സർക്കാരിന്റെ മുഴുവൻ പ്രവർത്തനങ്ങളും നിശ്ചലമായിരിക്കുകയാണ്.

ഓരോ ഫയലും നീങ്ങാൻ എത്ര സമയമെടുക്കുന്നുണ്ടെന്നാണ് അങ്ങ് നോക്കേണ്ടത്. ഏതെങ്കിലും ഒരുദ്യോഗസ്ഥൻ റിസ്ക് എടുക്കുന്നുണ്ടോ; ഇങ്ങനെ പരസ്പരം കലഹങ്ങൾ നടക്കുന്നതാണ് റിസ്ക് എടുക്കാതിരിക്കാനുള്ള കാരണം. ഇവിടെ സൂചിപ്പിച്ചതുപോലെ ഡോ. രാജു നാരായണസ്വാമിയും ശ്രീ. ബിജു പ്രഭാകറും തമ്മിലുള്ള പോരാട്ടം തുടങ്ങിയിട്ട് എത്ര കാലമായി; അത് ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ എത്രയോതവണ വന്നിട്ടില്ലേ; ഇത്തരം കാര്യങ്ങളിൽ മന്ത്രിമാർ ഇടപെട്ട് ആരുടെയും പക്ഷം ചേരാത്ത രീതിയിൽ നിഷ്പക്ഷമായിനിന്ന് പ്രശ്നം പരിഹരിക്കണം. മുഖ്യമന്ത്രി ഉദ്യോഗസ്ഥരെ വിളിച്ച്

അവർക്കിടയിൽ പ്രശ്നമുണ്ടെങ്കിൽ അത് തീർക്കണം. അതിനുള്ള സമയം കണ്ടെത്തിയേ പറ്റൂ. ലീവിലിരിക്കുന്ന ഒരുദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ച് 'സ്രാവുകളോടൊപ്പം നീന്തുമ്പോൾ' എന്ന പുസ്തകം എഴുതുന്നു. പല ആളുകളെക്കുറിച്ചും അതിലെഴുതുന്നു. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പുസ്തകപ്രകാശന ചടങ്ങിൽ പങ്കെടുക്കാതിരുന്നത്. ശ്രീ. കെ. സി. ജോസഫിനെക്കൂടി അങ്ങ് ഉപദേശകനായി എടുക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. ആ ഉപദേശം കാരണമാണ് അങ്ങ് വലിയ കുഴപ്പത്തിൽനിന്ന് രക്ഷപെട്ടത്. പരസ്യമായി എല്ലാവർക്കും എല്ലാ ചാനലിലുംവന്ന് പറയാനും വിഴുപ്പലക്കാനും പറ്റുന്ന രീതിയിൽ ഉദ്യോഗസ്ഥരെ അഴിച്ചുവിടുകയും അവർ തമ്മിൽ കലഹിക്കുന്ന അവസ്ഥയുണ്ടാക്കുകയും ചെയ്തിട്ട് അങ്ങ് മിണ്ടാതിരുന്നാൽ അതിന്റെ ദോഷം സംസ്ഥാനത്തിനാണെന്നുള്ള ദുഃഖമാണ് ഞങ്ങളിവിടെ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അടിക്കും അടിക്കുമെന്ന് പറഞ്ഞാൽ പോരാ. രണ്ട് കാലുകളും തളർന്നിരിക്കുന്ന ഒരാൾ ഞാൻ എഴുന്നേറ്റാൽ നിന്നെ ബാക്കിവയ്ക്കില്ലെന്ന് പണ്ട് പറഞ്ഞിട്ടുണ്ട്. എഴുന്നേൽക്കാൻ സാധിക്കാത്ത ആളാണ്. അതുകൊണ്ട് അങ്ങ് എഴുന്നേൽക്കണം. എഴുന്നേറ്റ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഈ വിഷയത്തിൽ കാര്യമായ യാതൊരു മറുപടി ഇവിടെ കിട്ടാത്തതിനാലും വിഷയം ചർച്ചയ്ക്കെടുക്കാത്തതിനാലും ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, സിവിൽ സർവ്വീസ് പോര് ഭരണത്തെ ബാധിക്കുകയില്ലെന്ന ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ഭാഷ്യം വളരെ മോശമാണ്. സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ തമ്മിലുള്ള ചേരിപ്പോര് ഭരണത്തെ ബാധിക്കും. നിങ്ങളുടെ ഇമേജ് പോകരുതെന്നും ഭരണം നന്നാകണമെന്നും ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് ഇങ്ങനെയുള്ള പ്രശ്നങ്ങൾ സിവിൽ സർവ്വീസിൽ വരുമ്പോൾ അത് തീർക്കണം. അതിന് മുഖ്യമന്ത്രി തന്നെ അവരെ വിളിച്ച് രമ്യതയിൽ പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതല്ലാതെ ഇങ്ങനെ കയറൂരി വിടുന്നതും ഭരണത്തിൽ സ്തംഭനമുണ്ടാക്കുന്നതും ശരിയല്ല. ഈ തെറ്റായ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, സർക്കാരിന്റെ നയപരിപാടികൾ എത്ര നല്ലതാണെങ്കിലും അത് നടപ്പാക്കേണ്ടത് ഉദ്യോഗസ്ഥരാണ്. ആ ഉദ്യോഗസ്ഥർ തമ്മിൽ നടത്തുന്ന പോര് ഇന്നൊരു വാർത്തയായിത്തീർന്നിരിക്കുകയാണ്. പോലീസ് വകുപ്പിലായാലും പോലീസുദ്യോഗസ്ഥരും ഐ.എ.എസ്.-ഉം തമ്മിലായാലും ഐ.എ.എസ്.-കാർ തമ്മിലായാലും നിരന്തരം അങ്ങനെയുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇത് ഏറ്റവും ഒടുവിലത്തെ ഉദാഹരണം മാത്രമാണ്. ഇത് സർക്കാരിന്റെ പിടിപ്പുകേടിന്റെയും കഴിവില്ലായ്മയുടെയും വ്യക്തമായ തെളിവാണ്. ആ കാര്യം വിശദമായി ചർച്ച ചെയ്യേണ്ടതാണ്. അതിന് തയ്യാറാകാത്ത സാഹചര്യത്തിൽ ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## IV. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ

ശ്രീ. ആർ. രാമചന്ദ്രൻ: സർ, 2016-17-ലെ കേന്ദ്ര ബജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ 56,550 കോടി രൂപയുടെ ആസ്തി വിറ്റഴിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. നാളിതുവരെയായി 23528.73 കോടി രൂപയുടെ ആസ്തി വകകൾ വിറ്റഴിച്ചുകഴിഞ്ഞു. ഈ തീരുമാനത്തിന് പിന്നിൽ ഭ്രാന്തമായ കച്ചവടലക്ഷ്യങ്ങളാണുള്ളത്. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളായ മോഡേൺ ഫുഡ് ഇൻഡസ്ട്രീസിന്റെ 74 ശതമാനം ഓഹരി ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന് കൈമാറിയപ്പോൾ കേരളത്തിന്റെ പ്രധാന നഗരത്തിലെ ഹെക്ടർ കണക്കിന് ഭൂമിയാണ് സ്വകാര്യ കുത്തകകൾക്ക് കൈമാറ്റപ്പെട്ടത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെന്ന നിലയിൽ FACT, HNL, HMT, ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്നിവയുടെ ആസ്തി ബഹുരാഷ്ട്ര കുത്തകകൾക്ക് കൈമാറുമ്പോൾ കോടിക്കണക്കിന് വില വരുന്ന സർക്കാർ ഭൂമി വളരെ തുച്ഛമായ വിലയ്ക്ക് ബഹുരാഷ്ട്ര കുത്തകകളുടെ കൈകളിൽ എത്തിച്ചേരുകയാണ്. കാലാന്തരത്തിൽ കോടതി വിധികളുടെയും മറ്റും സഹായത്തോടെ വ്യവസായേതര പ്രവർത്തനങ്ങൾക്ക് പ്രസ്തുത ഭൂമി വൻ വിലയ്ക്ക് കൈമാറ്റം ചെയ്യുന്നതിനും അതുവഴി കുത്തകകൾക്ക് അമിത ലാഭമുണ്ടാക്കുന്നതിനുമാണ് കേന്ദ്ര സർക്കാർ കളമൊരുക്കുന്നത്. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി പൊന്നുംവിലയ്ക്കെടുത്ത് വ്യവസായ സ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമി ബഹുരാഷ്ട്ര കുത്തകകൾക്ക് കൈമാറുന്നതിന് അവസരമുണ്ടാക്കുന്ന പ്രസ്തുത നടപടിക്കെതിരെ സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായി, ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ അതിവേഗത്തിൽ കൈക്കൊണ്ടുവരികയാണ്. വിറ്റഴിക്കേണ്ടതും സ്വകാര്യവൽക്കരിക്കപ്പെടേണ്ടതുമായ പൊതുമേഖലാസ്ഥാപനങ്ങളേതെന്ന് നീതി ആയോഗ് തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. ഈ നിർദ്ദേശങ്ങൾ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് കേരളത്തെയാണ്. FACT സ്വകാര്യവൽക്കരിക്കാനും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും പോകുന്നുവെന്നാണറിയുന്നത്. ഒരു കേന്ദ്ര-സംസ്ഥാന സംരംഭമായ BHEL, EML കാസർഗോഡ് എന്ന സ്ഥാപനത്തിൽനിന്ന് പിൻവാങ്ങുന്നതിനുള്ള നടപടികൾ BHEL എടുത്തുവരുന്നുണ്ട്. ഇത് തൊഴിലാളികളെ ഗൗരവമായ രീതിയിൽ ബാധിക്കുന്നതും സംസ്ഥാനത്തിനെതിരായിട്ടുള്ള നിലപാടുമാണ്. ഇപ്പോൾ കേന്ദ്ര സർക്കാർ പ്രവർത്തനമൂലധനം നൽകാത്തതിനാൽ ഉത്പാദനം നടക്കാത്ത സ്ഥിതിയുമുണ്ട്. HLL ലൈഫ് കെയർ ലിമിറ്റഡിലെ തൊഴിലാളികളുടെ എണ്ണം വൻതോതിൽ വെട്ടിക്കുറയ്ക്കുകയാണ്. ഇറക്കുമതിച്ചുങ്കം എടുത്തുകളഞ്ഞതോടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. കൊച്ചിൻ റിഫൈനറിയിൽനിന്ന് അസംസ്കൃത വസ്തുക്കൾ നൽകാതെ വന്നതോടെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് എന്ന സ്ഥാപനത്തിന് ഉത്പാദനം നിർത്തിവയ്ക്കേണ്ട സാഹചര്യമാണുള്ളത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യം പരിഗണിച്ച് പാലക്കാട് യൂണിറ്റ് ഏറ്റെടുത്ത് നടത്തുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പാലക്കാട് സ്ഥിതി ചെയ്യുന്ന BEML എന്ന സ്ഥാപനം പ്രതിരോധമേഖലയ്ക്ക് ആവശ്യമുള്ള ട്രക്കുകളും റെയിൽവേ കോച്ചുകളുമാണ് ഉത്പാദിപ്പിക്കുന്നത്. ഈ സ്ഥാപനവും സ്വകാര്യവൽക്കരണത്തിന്റെ ഭീഷണിയിലാണ്.

BHEL - EML, SAIL - SCL, TELK - NTPC എന്നീ ജോയിന്റ് വെഞ്ച്വറുകളിൽനിന്നും പിൻമാറാനും ഓഹരി വിറ്റഴിക്കാനും കേന്ദ്ര സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടുള്ളത് സംസ്ഥാന താൽപ്പര്യത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ നടപടിയിൽനിന്നും പിന്മാറണമെന്നും സംയുക്ത സംരംഭങ്ങളുടെ നിബന്ധനകൾപ്രകാരം മുന്നോട്ടുപോകണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരും മുഖ്യമന്ത്രിയും കേരളത്തിൽ നിന്നുള്ള എം.പി.-മാരും യോജിച്ച നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ നയം സ്വകാര്യവൽക്കരണത്തിന്റേതാണെന്നുള്ളതുകൊണ്ട് ഈ മേഖല ഗൗരവമായ പ്രതിസന്ധിയാണ് നേരിടുന്നതെന്നുള്ളത് വസ്തുതയാണ്. ഇതിന്റെ ഭാഗമായി തൊഴിലാളി സംഘടനകൾ യോജിച്ച് ഈ സ്ഥാപനങ്ങളെ രക്ഷിക്കാൻവേണ്ടി സംയുക്ത പ്രക്ഷോഭത്തിലേയ്ക്ക് വരികയാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടിയുള്ള യോജിച്ച പോരാട്ടം ഇക്കാര്യത്തിൽ അനിവാര്യമാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> സർ, നീതി ആയോഗിന്റെ തീരുമാനപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിറ്റഴിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; അവയുടെ ഭൂമി വ്യവസായേതര പ്രവർത്തനങ്ങൾക്ക് ഭാവിയിൽ ഉപയോഗപ്പെടുത്തുന്നത് തടയുന്നതിന് സംസ്ഥാന സർക്കാർ ഇടപെടുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, FACT-യുടെ കാര്യം ഞാൻ മറുപടിയിൽ പറഞ്ഞു. ഷിപ്പ്‌യാർഡിന്റെ ഓഹരിയുടെ 25 ശതമാനം വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. അതുപോലുള്ള ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും വിറ്റഴിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അതത് അവസരത്തിൽ, മുഖ്യമന്ത്രിയുൾപ്പെടെ കേന്ദ്ര സർക്കാരുമായി നേരിട്ട് ചർച്ച ചെയ്യാനും കത്തയയ്ക്കാനും തയ്യാറായിട്ടുണ്ട്. സംസ്ഥാനത്തുള്ള എം.പി.-മാരും ഭരണ-പ്രതിപക്ഷഭേദമില്ലാതെ യോജിച്ചുനിന്ന് ഇതിനെതിരായുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. പക്ഷെ സ്വകാര്യവൽക്കരണവും പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയുന്നതുമാണ് കേന്ദ്ര സർക്കാരിന്റെ പൊതുനയം. ഇക്കാര്യത്തിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള യോജിച്ച സമീപനമുണ്ടാകണം.

### (2) <u>സർക്കാർ ആശുപത്രികളിലും ഫാർമസികളിലും അഴിമതി</u>

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലും ഫാർമസികളിലും കാലാവധി കഴിഞ്ഞതും ഗുണനിലവാരമില്ലാത്തതുമായ മരുന്നുകൾ വിൽപ്പന നടത്തുകയാണ്. ഇവയൊന്നും കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇന്ന് സംസ്ഥാനത്തില്ല.

ഈയടുത്തകാലത്ത് സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലെയും ജനറൽ ആശുപത്രികളിലെയും ഫാർമസികളിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് ലഭിച്ചത്. കാലാവധി കഴിഞ്ഞ മരുന്നുകൾ സൂക്ഷിക്കുന്നതായും സ്റ്റോക്ക് രജിസ്റ്ററിൽ വ്യാപകമായ കൃത്രിമം നടക്കുന്നതായും വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം പതിനാല് ജില്ലാ ആശുപത്രികളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലാണ് പൊതുജനങ്ങളുടെ ആരോഗ്യം വച്ച് പന്താടുന്ന ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ കണ്ടെത്തിയത്. വളരെ ലാഘവത്തോടുകൂടിയാണ് ആശുപത്രികളിൽ മരുന്നുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. വിവിധ കമ്പനികളുടെ പേരിലുള്ള മരുന്നുകളാണ് ഡോക്ടർമാർ എഴുതിനൽകുന്നത്. രോഗികൾക്ക് വിതരണം ചെയ്യുന്ന മരുന്നുകൾക്ക് കൃത്യമായ രേഖകൾ സൂക്ഷിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും അത് ഒരിടത്തും പാലിക്കപ്പെടുന്നില്ല. വിലകൂടിയ മരുന്നുകൾ രോഗികൾക്കോ മറ്റാവശ്യമുള്ള ആശുപത്രികൾക്കോ നൽകാതെ മാസങ്ങളോളം പല ആശുപത്രികളുടെയും സ്റ്റോറുകളിൽ കൈവശം വയ്ക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. മാത്രമല്ല, കാലാവധി കഴിഞ്ഞ മരുന്നുകൾ ആശുപത്രികളിൽ സൂക്ഷിക്കരുതെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ ഇതൊന്നും ഒരു സ്ഥലത്തും പാലിക്കപ്പെടുന്നില്ല എന്നതാണ് സത്യം. മിക്ക സ്ഥലങ്ങളിലും കാലാവധി കഴിഞ്ഞ മരുന്നുകൾ ഡ്യൂട്ടി നഴ്സിന്റെ മുറികളിൽ സൂക്ഷിക്കുകയാണെന്നാണ് വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയത്. സ്റ്റോക്ക് രജിസ്റ്ററുകളിൽ വ്യാപകമായ കൃത്രിമങ്ങളാണ് നടക്കുന്നത്. ഫാർമസിസ്റ്റുകൾ ഡ്യൂട്ടിസമയത്ത് മിക്ക ആശുപത്രികളിലുമില്ല എന്നുള്ളതായിരുന്നു സത്യം. ഇതെല്ലാം വിജിലൻസ് കണ്ടെത്തിയ കാര്യങ്ങളാണ്. ഈ സർക്കാരിന്റെ കാലത്ത് മാത്രമല്ല, മാറിവന്ന എല്ലാ സർക്കാരുകളുടെയും കാലത്ത് ഇങ്ങനെയുള്ള തട്ടിപ്പുകൾ നടന്നിട്ടുണ്ട്. അതുപോലെതന്നെ ഡോക്ടർമാർ ജനറിക് പേരുകളിൽത്തന്നെ മരുന്നുകളുടെ കുറിപ്പടി എഴുതണമെന്ന് സർക്കാരിന്റെ ഉത്തരവുണ്ട്. എന്നാൽ ആ ഉത്തരവ് മെഡിക്കൽ സ്റ്റോറുകളും ഡോക്ടർമാരും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥരുംചേർന്ന് അട്ടിമറിച്ചിരിക്കുകയാണ്. മരുന്നുകൾ വരുത്തുന്നത് ഗുജറാത്തിൽനിന്നും ഹിമാചൽപ്രദേശിൽനിന്നുമാണ്. നിലവിലുള്ള സംവിധാനത്തിൽ കാക്കനാടും തിരുവനന്തപുരത്തും മാത്രമാണ് അതിന്റെ പരിശോധനാസംവിധാനങ്ങളുള്ളത്. അയ്യായിരത്തോളം മരുന്നുകൾ മാത്രമേ സംസ്ഥാനത്ത് പരിശോധിക്കാൻ കഴിയുകയുള്ളൂ. രണ്ടര ലക്ഷം ബാച്ച് മരുന്നുകൾ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ട്. അവയൊന്നുംതന്നെ ശരിയായ പരിശോധനാ

സംവിധാനത്തിന് വിധേയമാക്കുന്നില്ലെന്ന് മാത്രമല്ല കെ.എം.എസ്.സി.എൽ. മുഖാന്തരമാണ് മരുന്നുകൾ വാങ്ങുന്നത്. ആദ്യം ഉപയോഗിച്ച ടാസ്ക് എന്ന സോഫ്റ്റ്‌വെയറിൽ അപാകത കണ്ടപ്പോൾ P.B.M. (Pharmacy Based Management) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചു. കാലാവധി കഴിഞ്ഞ മരുന്നുകൾ സർക്കാർ ആശുപത്രികളിൽനിന്നും കെ.എം.എസ്.സി.എൽ.-ൽ വരുമ്പോൾ അത് നശിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ എന്ന് പരിശോധിക്കണം. സർക്കാർ ഫാർമസികളിലും മെഡിക്കൽ കോളേജുകളിലും മറ്റ് സ്ഥലങ്ങളിലും കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കപ്പെടുന്നത് വ്യാപകമാണെന്ന് വിജിലൻസിന്റെ അന്വേഷണത്തിൽത്തന്നെ കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 1-3-2010-ലെ പ്രത്യേക നിർദ്ദേശപ്രകാരം സംസ്ഥാന ആരോഗ്യവകുപ്പിൽ അഡീഷണൽ ഡയറക്ടർ, വിജിലൻസിന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് യൂണിറ്റും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിലെ അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മൂന്ന് റീജിയണൽ വിജിലൻസ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിലെ ആശുപത്രികളിലും ഫാർമസികളിലുമുൾപ്പെടെയുള്ള അഴിമതി, ജീവനക്കാർക്കെതിരെയുള്ള സാമ്പത്തിക ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച പരാതികളിന്മേൽ അഡീഷണൽ ഡയറക്ടർ വിജിലൻസിന്റെയും റീജിയണൽ വിജിലൻസ് ഓഫീസർമാരുടെയും നേതൃത്വത്തിൽ അന്വേഷണം നടത്തി കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ പതിനാല് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെയും മിന്നൽപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിലോ ആരോഗ്യവകുപ്പ് തലത്തിലോ നടപടികൾ സ്വീകരിക്കാറുണ്ട്. അതോടൊപ്പം സർക്കാർ നിയമന ശിക്ഷണ അധികാരിയായിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിന്മേൽ അന്വേഷണം നടത്തി ഉചിതമായ ശിപാർശ ലഭിക്കുന്നമുറയ്ക്ക് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

മെഡിക്കൽ വിദ്യഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും ഫാർമസികളിലും വ്യാപകമായ അഴിമതിയും ക്രമക്കേടുകളും നടത്തുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും രേഖാമൂലമുള്ള പരാതികൾ ലഭിക്കുന്നപക്ഷം അതിന്മേൽ കൃത്യമായ അന്വേഷണവും ശക്തമായ നടപടിയും സ്വീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മരുന്ന് സംഭരണം, വിതരണം എന്നിവയിലെല്ലാം ക്രമക്കേടുകളുണ്ടാകാതെ നോക്കേണ്ടതുണ്ട്. 2017 മേയ് 17-ാം തീയതി പോലീസ് വിജിലൻസ് വിഭാഗം ഒരു ദ്രുതപരിശോധന മെഡിക്കൽ സ്റ്റോറുകളിലും ആശുപത്രികളിലും നടത്തുകയുണ്ടായി. യഥാർത്ഥത്തിൽ ആ പരിശോധന ആരോഗ്യ വകുപ്പ് നടത്തുന്ന കൃത്യമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്നാണ് കരുതേണ്ടത്. അപാകതകൾ തീരെ ഉണ്ടായിട്ടില്ലെന്നുള്ളതല്ല, ലോക്കൽ പർച്ചേസിലെ വിശദാംശങ്ങൾ, മരുന്ന് സംരഭരണത്തിലെ പോരായ്മകൾ, മരുന്ന് വിതരണത്തിൽ കൃത്രിമക്ഷാമം സൃഷ്ടിക്കൽ, ജനറിക് മരുന്ന് കുറിക്കുന്നതിലെ വീഴ്ച, മരുന്ന് സ്റ്റോക്ക് കീപ്പിംഗിലെ പോരായ്മ, ആശുപത്രിയിൽ ബദൽ മരുന്ന് ലഭ്യമാകുമ്പോഴും പുറത്തുനിന്ന് വാങ്ങാനായി നിർദ്ദേശിക്കൽ, കാലഹരണപ്പെട്ട മരുന്നുകൾ അശ്രദ്ധയോടെ കൈകാര്യം ചെയ്യൽ, ഹാബിറ്റ് ഫോമിംഗ് ഡ്രഗ്സ് കുറിച്ച് നൽകൽ തുടങ്ങിയ കാര്യങ്ങളാണ് അവർ പരിശോധിച്ചത്. ഞങ്ങൾക്ക് വളരെ സഹായകരമായ ഒരു പരിശോധനയാണ് നടത്തിയത്. തിരുവനന്തപുരം ജില്ലാ ആശുപത്രിയിലെ ലോക്കൽ പർച്ചേസ് വിഭാഗത്തിൽ കാലഹരണപ്പെട്ട ചില മരുന്നുകൾ കണ്ടെത്തിയിരുന്നു. അതുസംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുകയാണ്. എന്നാൽ കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്ന മറ്റ് മരുന്നുകളുടെ കണക്കുകൾ വളരെ കൃത്യത പുലർത്തുന്നവയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം കൃത്യമായി നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ ഒരു ക്രമക്കേടുമുണ്ടായിട്ടില്ല. കൊല്ലം ജില്ലയിൽ പരിശോധന നടത്തി ഫാർമസി രജിസ്റ്ററിലും D.D.M.S. (Digital Document Management System) സോഫ്റ്റ്‌വെയറിലും എന്റർ ചെയ്യാത്തതിന്റെ ഭാഗമായി സ്റ്റോക്കിൽ ചില മരുന്നുകളുടെ എണ്ണം കൂടുതലും കുറവുമായി കണ്ടെത്തിയിട്ടുണ്ട്. രജിസ്റ്ററിൽ എന്റർ ചെയ്തതിലുള്ള പ്രശ്നമാണെന്ന് പിന്നീട് രജിസ്റ്റർ പരിശോധിച്ചപ്പോൾ അവർക്കുതന്നെ ബോധ്യമായിട്ടുണ്ട്. പത്തനംതിട്ടയിൽ വളരെ കൃത്യമായാണ് ഇതെല്ലാം നടക്കുന്നതെന്നാണ് വിജിലൻസ് രേഖപ്പെടുത്തിയിട്ടുള്ളത്. ഞാൻ ഓരോ ജില്ലയെയും സംബന്ധിച്ച് പറയുന്നില്ല. എല്ലാ ജില്ലകളിലും പരിശോധന നടത്തി ചെറിയ പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ജില്ലാ ആശുപത്രിയിലാണ് പരിശോധന നടന്നത്. അവിടെ വളരെനന്നായി ഡി.ഡി.എം. സിസ്റ്റം പാലിക്കുന്നുണ്ടെന്നും എല്ലാ കാര്യങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ Antivenom-ത്തിന്റെ സ്റ്റോക്കിൽ അൽപ്പം

കുറവ് കാണിച്ചിരുന്നു. അതും കൃത്യമായി കണക്കിൽ എന്റർ ചെയ്യാത്തതിലെ പ്രശ്നമായിരുന്നു. കാത്ത് ലാബിൽനിന്നും വാർഡിൽനിന്നുമൊക്കെ മാറ്റിയത് കൃത്യമായി സ്റ്റോക്കിൽ കാണിക്കുന്നതിൽവന്ന പോരായ്മയായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. പൊതുവെ ആരോഗ്യ വകുപ്പ് ഇത്തരം കാര്യങ്ങളൊക്കെ പരിശോധിക്കുന്നുവെന്നതിന്റെ സാക്ഷ്യപത്രമായിട്ടാണ് ഇത് വന്നത്.

ആരോഗ്യ വകുപ്പിൽ പോരായ്മയൊന്നും ഇല്ലെന്ന് ഞാൻ പറയില്ല. പോരായ്മകളുണ്ടോയെന്ന് ഇനിയും പരിശോധിക്കുന്നതാണ്. ഡി.ഡി.എം. സിസ്റ്റം കൃത്യമായി നടപ്പിലാക്കിയാൽ നമുക്ക് കുഴപ്പമൊന്നും വരില്ല. ഇപ്പോൾ അഞ്ചുകോടി രൂപ ചെലവഴിച്ച് കെ.എം.എസ്.സി.എൽ.-ൽ പരിശോധനാ വിഭാഗം ആധുനികവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഇപ്പോൾ ആരംഭിച്ചിട്ടുള്ള ഇ-ഹെൽത്ത് പദ്ധതിയുമായി യോജിപ്പിച്ച് നടപ്പിലാക്കുമ്പോൾ വളരെ സുതാര്യമായ രീതിയിൽ എല്ലാ ജില്ലകളിലുമുള്ള സ്റ്റോക്കും വെരിഫിക്കേഷനും മറ്റ് കാര്യങ്ങളുമൊക്കെ പരിശോധിക്കും. ജനറിക് മരുന്ന് കുറിക്കണമെന്ന് നിർബന്ധമായി പറയുന്നുണ്ട്. അപൂർവ്വം ചിലയിടങ്ങളിൽ അത്തരം കാര്യങ്ങൾ അനുസരിക്കുന്നില്ലായെന്നുള്ളത് വസ്തുതയാണ്. അത് കണ്ടുപിടിച്ച് കർശനമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കാരുണ്യാ ഫാർമസികളിൽ ജനറിക് മരുന്നുകൾ പ്രത്യേകം വിതരണം ചെയ്യാൻ കേരള ജനറിക് കൗണ്ടറുകൾകൂടി ആരംഭിച്ചിട്ടുണ്ട്. കുറിപ്പടികളിലും ജനറിക് മരുന്നാണ് കുറിക്കേണ്ടതെന്നുള്ള നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുകയാണ്. കുറെക്കാലമായി തുടർന്നുവരുന്ന ഒരു രീതിയിൽ മാറ്റംവരുത്തിയതിനാൽ കുറച്ച് അസ്വസ്ഥതകൾ ചില മേഖലകളിലുണ്ടെങ്കിലും ഇതെല്ലാം പാലിക്കാൻ കർശനമായ നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സർക്കാർ ഫാർമസികളിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലും എത്തിച്ചേരുന്ന കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? അതത് ആശുപത്രികളിലെ കാലാവധി കഴിഞ്ഞ മരുന്നുകൾ തിരുവനന്തപുരത്തുള്ള കെ.എം.എസ്.സി.എൽ.-ൽ എത്തിക്കാനുള്ള സംവിധാനം ഒരുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതിനുള്ള നടപടി സ്വീകരിക്കാം. ഇത് പരിശോധിക്കേണ്ട ഒരു വിഷയമാണ്. ഡി.ഡി.എം. സിസ്റ്റം കൃത്യമായി നടപ്പിലാക്കിയാൽ എപ്പോഴാണ് മരുന്നുകളുടെ കാലാവധി കഴിയുകയെന്നത്

കൃത്യമായി മനസ്സിലാക്കാനും അപ്പോൾത്തന്നെ വിവരം കൊടുത്തുകൊണ്ട് അവ ഒഴിവാക്കാനും സാധിക്കും. ഒരു ഡിപ്പോയിൽ ഇത്തരത്തിൽ കാലാവധി കഴിഞ്ഞ മരുന്ന് നശിപ്പിക്കാൻ കാലതാമസം വന്നതിനാൽ ഡിപ്പോ നടത്തുന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എൽ. മുഖേന പരിശോധിച്ച് കാലാവധി കഴിഞ്ഞ മരുന്നുകൾ ഒഴിവാക്കാൻ കൂടുതൽ ശ്രദ്ധാന്തിയോടുകൂടി പ്രവർത്തിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭ്യർത്ഥനമാനിച്ച് ഇന്നും നാളെയും കറച്ച് സബ്മിഷനുകൾ അധികം അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് സമയനിഷ്ഠ പാലിക്കാൻ ദയവായി ശ്രദ്ധിക്കണം. നിയമസഭാജീവിതം ആരംഭിച്ചിട്ട് അൻപത് വർഷം പിന്നിട്ട ശ്രീ. കെ. എം. മാണി വാക്കൗട്ട് പ്രസംഗത്തിന് നാൽപ്പത് സെക്കന്റിനുമേൽ ഉപയോഗിക്കാറില്ല. അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങളെല്ലാം അതിൽ കൃത്യമായി പറയാറുമുണ്ട്. അതൊരു മാതൃകയായി എല്ലാവരും സ്വീകരിക്കുക.

## V. സബ്മിഷൻ

### (1) ജസ്റ്റിൻ ജോണിന്റെ വീടിന് നേരെയുണ്ടായ ആക്രമണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊല്ലം ചവറയിൽ ആർ.എസ്.പി. പ്രവർത്തകന്മാർക്ക് നേരെ നിരന്തരമായ അക്രമങ്ങൾ നടക്കുകയാണ്. മേയ് 20-ാം തീയതി ആർ.എസ്.പി. കൊല്ലം ജില്ലാ കമ്മിറ്റി അംഗവും കൊട്ടുകാട് ജമാഅത്ത് സെക്രട്ടറിയുമായ എം. എസ്. ഖാന്റെ വീട് സി.പി.ഐ.(എം.) പ്രവർത്തകർ ആക്രമിച്ചു. ഭിന്നശേഷിക്കാരിയായ ഭാര്യയും മകളും മാത്രമാണ് ആ സമയത്ത് വീട്ടിലുണ്ടായിരുന്നത്. ഈ സംഭവത്തിൽ പ്രതിഷേധിച്ച് 21-5-2017-ൽ ചവറ കൊട്ടുകാട് സംഘടിപ്പിച്ച യോഗത്തിൽ പ്രസംഗിച്ച ആർ.എസ്.പി. മണ്ഡലം സെക്രട്ടറി അഡ്വ. ജസ്റ്റിൻ ജോണിന്റെ വീട് 23-5-2017-ൽ അറിയപ്പെടുന്ന സി.പി.ഐ.(എം.) നേതാക്കൻമാരുടെ നേതൃത്വത്തിൽ അക്രമിച്ചു. അദ്ദേഹത്തിന്റെ വൃദ്ധയായ മാതാവ് വീട്ടിലുള്ളപ്പോഴായിരുന്നു അക്രമം. നീണ്ടകര പഞ്ചായത്ത് പ്രസിഡന്റിന്റെയും ഭർത്താവിന്റെയും പഞ്ചായത്ത് മെമ്പർ ആന്റണിയുടെയും നേതൃത്വത്തിൽ ഇരുപത്തിയഞ്ചോളം വരുന്ന സി.പി.ഐ. (എം.) പ്രവർത്തകർ ഓട്ടോറിക്ഷയിലും ബൈക്കിലുമെത്തിയാണ് വീട് ആക്രമിച്ചത്. രാഷ്ട്രീയമായി ഭിന്നാഭിപ്രായം പുലർത്തുന്നവരെ കായികമായി നേരിടുന്ന രീതി ശരിയല്ല. കുറേ ദിവസങ്ങളായി ചവറയുടെ പ്രാന്തപ്രദേശങ്ങളിൽ ആർ.എസ്.പി. പ്രവർത്തകർക്കുനേരെ

അക്രമങ്ങൾ നടക്കുകയാണ്. രണ്ടാഴ്ചയ്ക്കുമുമ്പ് ആർ.വൈ.എഫ്.-ന്റെ ജില്ലാ ജോയിന്റ് സെക്രട്ടറി മനോജിനെയും സി.പി.ഐ. (എം.) പ്രവർത്തകർ ക്രൂരമായി മർദ്ദിച്ചു. ഇക്കാര്യത്തിൽ പോലീസിന് നിസ്സംഗതയാണ്. ചവറയിൽ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിച്ചപ്പോൾ പ്രക്ഷോഭം നടത്തിയ സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ മർദ്ദിക്കാൻ പോലീസിന് യാതൊരു മടിയുമില്ലായിരുന്നു. അതേസമയം ആർ.എസ്.പി. പ്രവർത്തകന്മാരുടെ വീടിനുനേരെ ആക്രമണം നടത്തിയവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 23-5-2017-ന് കൊല്ലം ചവറ പോലീസ് സ്റ്റേഷൻ പരിധിയിലെ കരിത്തുറ പള്ളിക്ക് സമീപം താമസിക്കുന്ന ആർ.വൈ.എഫ്. സംസ്ഥാന വൈസ് പ്രസിഡന്റിന്റെ വീടിനകത്ത് ഒരു സംഘം ആളുകൾ അതിക്രമിച്ച് കയറി നാശനഷ്ടം വരുത്തുകയും ടിയാന്റെ അമ്മയെ അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ചവറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1736/17 ആയി കണ്ടാലറിയാവുന്ന 50 പേർക്കെതിരെ കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു. ഐ.പി.സി. 143, 147, 148, 294 (B), 506 (2), 452, 427, 149 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും നിഷ്ക്രിയത്വം ഉണ്ടായിട്ടില്ല. സംഭവം അറിഞ്ഞയുടൻതന്നെ പോലീസ് സ്ഥലത്തെത്തി നിയമ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(2) കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. കെ. വി. വിജയദാസ്: സർ, കാഷ്വൽ സ്വീപ്പർമാരെ പാർട്ട്ടൈം സ്വീപ്പർമാരായി സ്ഥിരപ്പെടുത്താൻ നടപടിയുണ്ടാകണം. സിവിൽ സർവ്വീസിൽ ഏതാണ്ട് 2,500-ഓളം കാഷ്വൽ സ്വീപ്പേഴ്സ് ജോലി ചെയ്യുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. മാസം 150 രൂപ ശമ്പളം ലഭിച്ചിരുന്ന ഈ ജീവനക്കാർക്ക് മാന്യമായ വേതനം നൽകിയത് എൽ.ഡി.എഫ്. സർക്കാരുകളാണ്. ഇപ്പോൾ 6,000 രൂപ മാത്രമാണ് അവരുടെ മാസ ശമ്പളം. കാഷ്വൽ സ്വീപ്പേഴ്സിനെ ഇപ്പോൾ നിയമിക്കുന്നില്ല. സ്വീപ്പിംഗ് ഏരിയ 100 സ്ക്വയർ മീറ്ററുള്ള സ്ഥലത്താണ് ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നത്. ഇതിൽ കൂടുതൽ ഏരിയയിൽ ഇപ്പോൾ കാഷ്വൽ സ്വീപ്പേഴ്സ് ജോലി ചെയ്യുന്നുണ്ട്. ചുരുങ്ങിയ ശമ്പളംകൊണ്ട് കുടുംബംപോറ്റുന്ന സാധാരണക്കാരായ ഇവരിൽ ഭൂരിഭാഗവും

പ്രായമായവരാണ്. ഇവരെ പാർട്ട് ടൈം സ്വീപ്പർമാരായി നിയമിക്കുകയാണെങ്കിൽ അവർക്ക് വലിയ ആശ്വാസമായിരിക്കും. അതുകൊണ്ട് കാഷ്വൽ സ്വീപ്പർമാരെ പാർട്ട്ടൈം സ്വീപ്പർമാരായി നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിലവിലെ ചട്ടം അനുസരിച്ച് കാഷ്വൽ സ്വീപ്പർമാരെ പാർട്ട്-ടൈം കണ്ടിൻജന്റ് സർവ്വീസിൽ ഉൾപ്പെടുത്തി പാർട്ട് ടൈം സ്വീപ്പർമാരായി നിയമിക്കാൻ കഴിയില്ല. സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിലാണ് പാർട്ട്-ടൈം കണ്ടിൻജന്റ് തസ്തിക അനുവദിക്കുന്നത്. നൂറ് സ്ക്വയർ മീറ്ററിൽ താഴെ സ്വീപ്പിംഗ് ഏരിയയുള്ള ഓഫീസുകളിലാണ് കാഷ്വൽ സ്വീപ്പർമാർ ജോലി നോക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ സീനിയോറിറ്റി, സംവരണം എന്നിവ മാനദണ്ഡമാക്കിയാണ് പാർട്ട്-ടൈം കണ്ടിൻജന്റ് തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ കഴിയില്ല. എന്നിരുന്നാലും വർഷങ്ങളായി കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്നവരുടെ കാര്യത്തിൽ പരിശോധന നടത്തുന്നതാണ്.

### (3) സെമിനാർ അലങ്കോലപ്പെടുത്തൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി സംഘടിപ്പിച്ച സെമിനാർ ഏതാനും സി.പി.ഐ.(എം.) നേതാക്കളുൾപ്പെടെ അമ്പതോളംപേർ ചേർന്ന് അലങ്കോലപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. 17-5-2017, ബുധനാഴ്ചയാണ് വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വികസന സെമിനാർ സംഘടിപ്പിച്ചത്. എല്ലാവിധ ചർച്ചകളും കഴിഞ്ഞ് ബ്ലോക്ക് പഞ്ചായത്ത് യോഗം ചേർന്ന് വർക്കിംഗ് ഗ്രൂപ്പും ആസൂത്രണ സമിതിയും രൂപീകരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ പ്രത്യേക യോഗം ചേർന്ന് നിർദ്ദേശങ്ങൾ അംഗീകരിച്ച് അതിന്റേതായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാണ് പദ്ധതിരേഖ അംഗീകരിച്ചത്. അവസാന ഘട്ടമെന്ന നിലയ്ക്ക് വികസന സെമിനാർ സംഘടിപ്പിച്ചപ്പോഴാണ് സി.പി.ഐ.(എം.)-ന്റെ അറിയപ്പെടുന്ന നേതാക്കൾ ഉൾപ്പെടെ അമ്പതോളം ആളുകൾ ബ്ലോക്ക് പഞ്ചായത്തിൽ തള്ളിക്കയറി സംഘർഷമുണ്ടാക്കുകയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജുവൈരിയയോട് വളരെ മോശമായി സംസാരിക്കുകയും ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഉമ്മർ, ബ്ലോക്ക് പഞ്ചായത്തംഗം

ശ്രീ. അബ്ദുൾ കരീം എന്നിവരെ കയ്യേറ്റം ചെയ്യുകയും ചെയ്തത്. ബ്ലോക്ക് പഞ്ചായത്തംഗമായിരുന്ന ശ്രീമതി ഷംന ടീച്ചർക്ക് ഇവരുടെ കയ്യേറ്റംമൂലം പരിക്കേറ്റ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ട സാഹചര്യംവരെയുണ്ടായി. വളരെ ആസൂത്രിതമായിട്ടാണ് ഇത് ചെയ്തത്. ഇതിന്റെ സി.സി.ടി.വി. ദൃശ്യങ്ങൾ അവിടെ ലഭ്യമാണ്. പക്ഷേ ഭരണസമിതി കൊടുത്ത കേസിനേക്കാൾ കൂടുതൽ പ്രാധാന്യത്തോടുകൂടി ക്ഷണിക്കപ്പെടാതെ വന്ന ആളുകൾ നടത്തിയ ഈ കയ്യേറ്റത്തിന്റെ പേരിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെതിരെയും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾക്കെതിരെയും കൊടുത്ത കേസാണ് യഥാർത്ഥത്തിൽ പോലീസ് ഗൗരവത്തോടുകൂടി അന്വേഷിക്കുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഭരണസമിതിക്ക് നല്ല രീതിയിൽ പ്രവർത്തിക്കുവാനുമുള്ള സാഹചര്യമുണ്ടാകണം. അതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. ഈ കയ്യേറ്റത്തിന് നേതൃത്വം നൽകിയവർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 17-5-2017-ന് വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽവച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന സെമിനാർ നടക്കവെ ഒരുകൂട്ടം ആളുകൾ ഓഡിറ്റോറിയത്തിലേയ്ക്ക് തള്ളിക്കയറി അസഭ്യം പറയുകയും കയ്യേറ്റം ചെയ്യുകയും വികസന സെമിനാറിന് തടസ്സം വരുത്തുകയും ചെയ്തുവെന്ന പ്രസിഡന്റിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 95/17 ആയി വണ്ടൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അതേദിവസം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി രാധാമണിയെ തടഞ്ഞുനിർത്തി കയ്യേറ്റം ചെയ്യുകയും ജാതിപ്പേര് വിളിച്ച് അപമാനിക്കുകയും ചെയ്തുവെന്ന പരാതിയിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. രണ്ട് കേസുകളുടെയും അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

## (4) റോളക്സ് ഏജൻസി സംബന്ധിച്ച അന്വേഷണം

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട്ടിൽനിന്ന് ഗൾഫിലേയ്ക്ക് സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്ന ഒരു ഏജൻസിയാണ് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന റോളക്സ് ടൂർസ് ആന്റ് ട്രാവൽസ്. ഈ ഏജൻസി നിരവധി സ്ത്രീകളെ ഗൾഫിലേയ്ക്ക് കൊണ്ടുപോയി. ആ സ്ത്രീകൾ അവിടെ അനുഭവിക്കുന്ന പ്രയാസങ്ങളും പീഡനങ്ങളും ബന്ധുക്കളെ അറിയിച്ചുകൊണ്ടിരിക്കുകയാണ്.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് അംഗമായി രണ്ട് പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ട സിസിലി മൈക്കിൾ അവിടെനിന്നും രക്ഷപ്പെടുത്തണമെന്ന് കാണിച്ച് ഏപ്രിൽ 20-ാം തീയതി കത്തയച്ചിരുന്നു. പക്ഷേ 24-ാം തീയതി ആകുമ്പോഴേയ്ക്കും അവർ മരിച്ച വിവരമാണ് വന്നിരിക്കുന്നത്. അവരുടെ കൂടെ പോയ ശ്രീമതി സെലീന, ശ്രീമതി ഗ്രേസി തോമസ്, ശ്രീമതി ജയന്തി എന്നിവർ നിരന്തരമായി വീടുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഏജൻസിയെകുറിച്ച് അന്വേഷിക്കാനും ഇവരെ തിരിച്ച് നാട്ടിലെത്തിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വയനാട് പള്ളിക്കുന്ന് മാവുങ്കൽ വീട്ടിൽ സിസിലി മൈക്കിൾ സൗദി അറേബ്യയിലേയ്ക്ക് ജോലിക്ക് പോയത് കോഴിക്കോട് പ്രവർത്തിക്കുന്ന റോളക്സ് ടൂർസ് ആന്റ് ട്രാവൽസിന്റെ മുംബൈയിലുള്ള ഓഫീസ് വഴിയാണ്. അവർക്ക് ജോലിസ്ഥലത്ത് കഠിനമായ ശാരീരിക, മാനസിക പീഡനം നേരിടേണ്ടിവരുന്നു എന്നുകാണിച്ച് ടിയാളുടെ മാതാവ് മുഖ്യമന്ത്രി മുമ്പാകെ പരാതി സമർപ്പിച്ചിരുന്നു. അതിൻപ്രകാരം സിസിലി മൈക്കിളിനെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 28-4-2017-ന് റിയാദിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനും കത്തയച്ചിരുന്നു. എന്നാൽ 24-4-2017-ന് സിസിലി മൈക്കിൾ ജോലിസ്ഥലത്ത് മരണപ്പെട്ടതായും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് സഹായം നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മാനന്തവാടി എം.എൽ.എ. ശ്രീ. ഒ. ആർ. കേളു മുഖ്യമന്ത്രിക്ക് 28-4-2017-ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റിയാദിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും പ്രവാസികാര്യ വകുപ്പിൽനിന്നും കത്ത്, ഫാക്സ്, മെയിൽ എന്നിവ അയയ്ക്കുകയുണ്ടായി. മരണമടഞ്ഞ സിസിലി മൈക്കിളിന്റെ മൃതശരീരം നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം നാട്ടിലെത്തിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതാണെന്ന് 1-5-2017-ന് ഇ-മെയിൽ പ്രകാരം റിയാദിലെ ഇന്ത്യൻ അംബാസിഡർ സർക്കാരിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിവരം ബന്ധപ്പെട്ടവരെ അറിയിക്കുകയും 14-5-2017-ന് സിസിലി മൈക്കിളിന്റെ മൃതശരീരം നാട്ടിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. മരണത്തിൽ ദുരൂഹതയുണ്ടെന്ന സഹോദരൻ ജോൺസൺ മൈക്കിളിന്റെ പരാതിപ്രകാരം ക്രൈം നമ്പർ 15/151/17 ആയി കമ്പളക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ഇൻക്വസ്റ്റും പോസ്റ്റ്മോർട്ടവും നടത്തിയിട്ടുണ്ട്. കേസന്വേഷണം നടത്തിവരുന്നു.

ശ്രീമതി ജയന്തി, ശ്രീമതി സെലീന എന്നിവരെ സംബന്ധിച്ച് ബന്ധുക്കളിൽനിന്ന് പരാതികളൊന്നുംതന്നെ പ്രവാസികാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. അവരുടെ കാര്യത്തിൽ ഇന്ത്യൻ എംബസിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയവും മുഖാന്തരം അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. റോളക്സ് ടൂർസ് ആന്റ് ട്രാവൽസ് എന്ന സ്ഥാപനത്തിനെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എങ്കിലും ഇപ്പോൾ ഉണ്ടായിരിക്കുന്ന പരാതി സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

11.00 AM]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(5) സമഗ്ര പാക്കേജ്

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്റെ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് വ്യവസായ മേഖല കേരളത്തിലെ രണ്ടാമത്തെ വ്യവസായശൃംഖലയാണ്. അവിടെ പഴയതും പുതിയതും കിൻഫ്രയുടെ ഭാഗമായിട്ടുള്ളതുമായ 500-ഓളം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. കാംകോ, മാരികോ, റൂഫ് വില്ല, ബി.ഇ.എം.എൽ., എം.പി. ഡിസ്റ്റലറി തുടങ്ങി 300-ഓളം വ്യവസായ സ്ഥാപനങ്ങൾ പുതിയ വ്യവസായമേഖലയിൽ സ്ഥിതിചെയ്യുന്നു. ഇതര സംസ്ഥാന തൊഴിലാളികളുൾപ്പെടെ ഏതാണ്ട് 25000 തൊഴിലാളികൾക്ക് തൊഴിൽ നൽകിവരുന്ന മേഖലയാണിത്. ആഭ്യന്തര കമ്പോളത്തിലും കയറ്റുമതി രംഗത്തും ഉല്പന്ന വിപണനം ചെയ്യുന്ന വ്യവസായങ്ങളാണ് ഇവിടെയുള്ളത്. റൂഫ് വില്ലാ ഇന്റർനാഷണൽ ഇലക്ട്രിക്, നൂലുൽപ്പാദന രംഗത്തെ മികച്ച കയറ്റുമതി സ്ഥാപനമാണ്. മാരികോയും മികവുറ്റ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ 13, 14, 15 വാർഡുകളിലായി സ്ഥിതിചെയ്യുന്ന ഈ വ്യാവസായികശൃംഖല 1980-കളിലാണ് പ്രവർത്തനമാരംഭിക്കുന്നത്. സ്റ്റീൽ ഉൽപ്പാദനരംഗത്ത് 35 കമ്പനികളാണുള്ളത്. മാസംതോറും 30000 ടൺ സ്റ്റീൽ ശരാശരി ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. സഞ്ചാരയോഗ്യമായ റോഡുകൾ, ഡ്രെയിനേജ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യമില്ലായ്മയ്ക്കുപുറമേ, ഇവിടെ തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണമോ രജിസ്ട്രേഷനോ നടപ്പിലാക്കിയിട്ടില്ല. ഭൂരിഭാഗം വ്യവസായങ്ങളിലും ഇ.എസ്.ഐ., ഇ.പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ട്. സർക്കാർ പ്രഖ്യാപിച്ച

മിനിമം വേതനംപോലും ഇവർക്ക് ലഭ്യമാകാത്ത സ്ഥിതിയുണ്ട്. അസുഖബാധിതരായ തൊഴിലാളികളെ ഇ.എസ്.ഐ. ആനുകൂല്യം നൽകി കിടത്തി ചികിത്സിപ്പിക്കാൻ ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയോ, വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനമോ, കഞ്ചിക്കോട് മേഖലയിൽ ലഭ്യമല്ല. സ്ത്രീ തൊഴിലാളികൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന മേഖല എന്നനിലയ്ക്ക് ക്രഷുകളുടെ അഭാവവും പരിഹരിക്കേണ്ടതുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്കും തൊഴിലെടുക്കുന്നവർക്കും പണമിടപാട് സുഗമമായി നടത്തുന്നതിനായി ഈ മേഖലയിൽ ബാങ്കിംഗ് കൺസോർഷ്യം വരേണ്ടതുണ്ട്. കൂടാതെ ആധുനികസൗകര്യങ്ങളോടുകൂടിയ പൊതുശൗചാലയങ്ങളും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിലുള്ളവർക്ക് സഹായകരമാകുംവിധം തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിലെ നിയമമനുശാസിക്കുന്ന കാര്യങ്ങൾ അവരുടെ ഭാഷയിലെഴുതി ആശയവിനിമയം നടത്താത്തതുമൂലം ധാരാളം തൊഴിൽ ചൂഷണങ്ങളും നിലനിൽക്കുന്നുണ്ട്. വ്യവസായശൃംഖല നിലനിൽക്കുന്ന പ്രദേശങ്ങളെ പരിസരമലിനീകരണത്തിൽനിന്നും പൂർണ്ണമായി മുക്തമാക്കുന്നതിനായി ശാസ്ത്രീയമായ മലിനീകരണ നിർമ്മാർജ്ജന പ്ലാന്റും നിർമ്മിക്കേണ്ടതാണ്. രാജ്യത്തിനകത്തും പുറത്തും നിന്നുള്ള വ്യവസായികൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും തൊഴിലാളികൾക്കും ഒത്തുകൂടാൻ ആധുനിക സൗകര്യങ്ങളോടുകൂടിയ കൺവെൻഷൻ സെന്ററും അത്യാവശ്യമാണ്. നിലവിലുള്ള കഞ്ചിക്കോട് റെയിൽവേസ്റ്റേഷന്റെ സൗകര്യം പരിമിതമായതിനാൽ ദീർഘദൂര തീവണ്ടികൾ നിർത്തുന്ന റെയിൽവേസ്റ്റേഷനായി ഇതിനെ മാറ്റുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സമാനസ്വഭാവമുള്ള വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് വ്യവസായത്തിന്റെ വളർച്ചയെ സഹായിക്കുന്ന നടപടികൾ സ്വീകരിക്കണം. ആയതിനാൽ കഞ്ചിക്കോട് വ്യവസായ മേഖലയുടെ നിലനിൽപ്പിനും വളർച്ചയ്ക്കുമാവശ്യമായ സമഗ്രമായ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കഞ്ചിക്കോട് വ്യവസായമേഖലയുടെ വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള കഞ്ചിക്കോട് വ്യവസായ എസ്റ്റേറ്റിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ എസ്റ്റേറ്റിലേയ്ക്കുള്ള 10 റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 70:30 പദ്ധതി അനുപാതപ്രകാരം പുതുശ്ശേരി വ്യവസായവികസന ഏരിയയിൽ 700 മീറ്റർ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 41.80 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയും കഞ്ചിക്കോട് വ്യവസായ ഫോറത്തിന്റെ സഹകരണത്തോടെ റോഡുകൾ

നവീകരിക്കുകയും ചെയ്യുന്നുണ്ട്. കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഭൂഗർഭ ജല വിനിയോഗം കുറയ്ക്കുന്നതിനായി മലമ്പുഴ ഡാമിൽനിന്ന് പൈപ്പ് ലൈൻവഴി ജലം പ്രദാനം ചെയ്യുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കിൻഫ്ര മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കഞ്ചിക്കോട് മേഖലയിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് അനുവദിച്ച സ്ഥലത്ത് ബഹുനില വ്യവസായ സമുച്ചയത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്കായി ഇവിടെ സ്ഥലം വാടകയ്ക്ക് നൽകുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 163 ഏക്കർ ഭൂമിയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ 45 വ്യവസായ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജവും 32 സംരംഭകരുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടത്തിലുമാണ്. കിൻഫ്ര ഒരു ബഹുനില ഫാക്ടറി സമുച്ചയവും സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 2 സംരംഭകർക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്; അവരുടെ യൂണിറ്റുകൾ പ്രവർത്തനസജ്ജമാണ്. കിൻഫ്രയുടെ പാലക്കാടുള്ള വ്യവസായ പാർക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.ഇ.എം.എൽ. (ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്) -ന് 374.59 ഏക്കർ ഭൂമി റോളിംഗ് സ്റ്റോക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ സംയുക്ത സംരംഭമായ വൈസ് പാർക്കിൽ 32 വ്യവസായ സംരംഭങ്ങൾ പ്രവർത്തനസജ്ജമാണ്. ഇവയ്ക്കുപുറമേ, 73 എക്കറിൽ കിൻഫ്ര ഒരു മെഗാപാർക്കും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. 119.02 കോടി രൂപ ആകെ ചെലവ് വരുന്ന പദ്ധതിക്ക് 50 കോടി രൂപ കേന്ദ്ര സഹായമായി ലഭിക്കും. ഇതിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ മേഖലയിലെ മിനിമം വേതനം, ഇ.എസ്.ഐ. ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട കാര്യം, ബാങ്കിംഗ് കൺസോർഷ്യം, പൊതുശൗചാലയം, മറുനാടൻ തൊഴിലാളികളുടെ സേവനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കൺവെൻഷൻ സെന്റർ, റെയിൽവേ സ്റ്റേഷനും അതുമായി ബന്ധപ്പെട്ടുണ്ടാകേണ്ട അനുബന്ധ സൗകര്യങ്ങളും, പരിസരമലിനീകരണമുണ്ടാക്കുന്ന മാലിന്യങ്ങളെ നീക്കംചെയ്യാനുള്ള പ്ലാന്റ് എന്നീ വിഷയങ്ങൾ സംബന്ധിച്ച് പൊതുവായി പരിശോധിക്കുന്നതിനായി അടിയന്തരയോഗം ചേർന്ന് തീരുമാനമെടുക്കുന്നതാണ്.

(6) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി വികസനവും ത്വക്ക് രോഗ ആശുപത്രിക്ക് കെട്ടിടവും

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിലെ പ്രധാനപ്പെട്ട ആരോഗ്യകേന്ദ്രമായ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ ആയിരത്തോളം പേർക്കും കിടപ്പുരോഗികളായി 150-ഓളം പേർക്കും ദിവസേന ചികിത്സ നൽകിവരികയാണ്. ഈ ആശുപത്രിയിൽ കഴിഞ്ഞ

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എം.എൽ.എ. മുഖേന സമാഹരിച്ച ട്രഷറി നിക്ഷേപഫണ്ടടക്കം ഉപയോഗിച്ച് നിരവധി വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി-തോട്ടം മേഖലകളിലും തൊട്ടടുത്ത മണ്ഡലങ്ങളിലും നിന്നുമെത്തുന്ന ആയിരക്കണക്കിന് രോഗികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ധാരാളം വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ദേശീയപാതയോട് ചേർന്നുകിടക്കുന്ന ഈ ആശുപത്രിയിൽ അനുവദിച്ച ട്രോമാ കെയർ യൂണിറ്റിനായി ഉപകരണങ്ങൾ ലഭ്യമായെങ്കിലും ആവശ്യമായ കെട്ടിടസൗകര്യവും ജീവനക്കാരെയും അനുവദിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. ആശുപത്രിയിൽ സർജിക്കൽ വാർഡ് നിർമ്മാണത്തിനായി എസ്റ്റിമേറ്റും റിപ്പോർട്ടും സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. മാലിന്യസംസ്കരണ യൂണിറ്റിന്റെ നിർമ്മാണത്തിനായി അനുവദിച്ചിരുന്ന തുക അപര്യാപ്തമായതിനാൽ ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ല; ഇതിനായി കൂടുതൽ തുക അനുവദിച്ച് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ചാലക്കുടി സർക്കാർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സി.ടി.സ്കാനറിനായി അനുവദിച്ചിരിക്കുന്ന 1.42 കോടി രൂപ തികച്ചും അപര്യാപ്തമാണ്. 2.62 കോടി രൂപ ആവശ്യമായതിനാൽ ബാക്കി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. ചാലക്കുടി താലൂക്കാശുപത്രിയിൽ C.S.S.D. (Central Sterile Services Department) ആരംഭിക്കുന്നതിനും നടപടിയുണ്ടാകണം.

ചാലക്കുടി മണ്ഡലത്തിലെ മറ്റൊരു പ്രധാന ആരോഗ്യകേന്ദ്രമായ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രിയുടെ 110 ഏക്കറോളം വരുന്ന സ്ഥലത്ത് ജീർണ്ണിച്ച കെട്ടിടങ്ങളിലായി പ്രവർത്തിച്ചുവരുന്ന വിവിധ വിഭാഗങ്ങളെ ഒരു കുടക്കീഴിലാക്കുന്നതിനായി കെട്ടിടസമുച്ചയം നിർമ്മിക്കേണ്ടതുണ്ട്. ബാക്കി സ്ഥലത്ത് ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട പ്രോജക്ടുകളിലൊന്ന് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനും ദേശീയപാത 47-നും അടുത്തായി മധ്യകേരളത്തിൽ ഏറെ സൗകര്യമായ പ്രസ്തുത സ്ഥലത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ശാഖയടക്കമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുന്നത് സംസ്ഥാനത്തിന് ഏറെ ഗുണകരമാകും. ചാലക്കുടി മണ്ഡലത്തിലെ ഈ രണ്ട് ചികിത്സാ കേന്ദ്രങ്ങളുടെയും വികസനത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഇതിനായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 1886-ൽ പ്രവർത്തനമാരംഭിച്ച വളരെയധികം ചരിത്ര പ്രാധാന്യമുള്ള ഒരാശുപത്രിയാണ് ചാലക്കുടി സർക്കാർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. ഇവിടെയുള്ള കിടക്കകളുടെ എണ്ണം നൂറ്റിനാല്പത്തിനാലും ശരാശരി ഒ.പി. ആയിരവും ഐ.പി. ഇരുനൂറുമാണ്. സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനായി 1 കോടി 42 ലക്ഷം രൂപ നേരത്തേ അനുവദിച്ചിരുന്നു. അത് K.M.S.C.L.( Kerala Medical Services Corporation Ltd.) -ന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ഇപ്പോൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനാവശ്യമായ പവർ, എച്ച്.ടി. ലൈൻ സൗകര്യം, റേഡിയേഷൻ സുരക്ഷ മാനദണ്ഡങ്ങൾക്കനുസൃതമായ കെട്ടിട സൗകര്യം തയ്യാറാക്കൽ എന്നിവയെല്ലാം കേന്ദ്രസർക്കാരിന്റെ eLORA (e-Licensing Of Radiation Applications) സൈറ്റിൽ രജിസ്റ്റർ ചെയ്യണം. ഈ നടപടിക്രമങ്ങളൊന്നും ചെയ്തിരുന്നില്ല. അവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എസ്റ്റിമേറ്റിലും പഴയതിൽനിന്നും വർദ്ധനവുണ്ടായിട്ടുണ്ട്. അക്കാര്യം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. 13-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കാൻ 30 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 10 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചുകിട്ടിയത്. ട്രോമാകെയർ യൂണിറ്റിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊന്നും ഒരുക്കിയിരുന്നില്ല. ഇപ്പോൾ 3.5 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതും സർജിക്കൽ വാർഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റുമടക്കം ആർദ്രം പദ്ധതിയുടെ ഭാഗമായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആ മാസ്റ്റർ പ്ലാൻ ലഭ്യമാകുന്നമുറയ്ക്ക് ഈ പറഞ്ഞ കാര്യങ്ങളെല്ലാം പരിഹരിക്കാൻ കഴിയും. കിഫ്ബിയിൽ ഉൾപ്പെടുത്തി പണം അനുവദിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.താലൂക്കാശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനാവശ്യമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ചാലക്കുടി മണ്ഡലത്തിലെ മറ്റൊരു ആരോഗ്യകേന്ദ്രമായ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രിയുടെ 110 ഏക്കറോളം വരുന്ന സ്ഥലത്ത് ചിതറിക്കിടക്കുന്നതും ജീർണ്ണിച്ച കെട്ടിടങ്ങളിലായി പ്രവർത്തിച്ചുവരുന്നതുമായ വിവിധ വിഭാഗങ്ങളെ ഒരു കുടക്കീഴിലാക്കുന്നതിനായി ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. 1385 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഗ്രൗണ്ട്ഫ്ലോർ, ഫസ്റ്റ്ഫ്ലോർ എന്നിവയുള്ള ഇരുനില

കെട്ടിടത്തിൽ ഡോക്ടർമാരുടെ റൂമുകൾ, നഴ്സ് റൂം, കിച്ചൻ, വാർഡുകൾ, ഓപ്പൺ ടെറസ് തുടങ്ങിയവ ഉൾപ്പെടുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനാണ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്. ആ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് അക്കാര്യവും പരിഗണിക്കുന്നതാണ്. ഈ രണ്ട് സ്ഥാപനങ്ങൾക്കും മികച്ച പരിഗണന നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

(7) ഭൂമിക്ക് നിശ്ചയിച്ച വില നല്കൽ

ശ്രീ. കെ. ആൻസലൻ: സർ, കഴക്കൂട്ടം-കാരോട് ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കുന്നതിന് നല്കുന്ന അവാർഡ് തുക സംബന്ധിച്ച് കുറേ പ്രശ്നങ്ങളുണ്ട്. 2014-ലെ ജില്ലാ പർച്ചേസ് കമ്മിറ്റി ഭൂമിക്ക് വില നിശ്ചയിച്ചിരുന്നു. അതിൽനിന്നും പർച്ചേസ് കമ്മിറ്റി പിന്മാറുകയും ഏകദേശം 1300-ഓളം വരുന്ന വസ്തു ഉടമകൾക്ക് ന്യായമായി ലഭിക്കേണ്ട തുക ലഭിക്കാത്ത അവസ്ഥയിലേയ്ക്കെത്തുകയും ചെയ്ത സാഹചര്യത്തിൽ അവർ കൂടുതൽ തുക ലഭിക്കുന്നതിനായി സമരരംഗത്താണ്. 2014-ൽ റോഡിന്റെ പ്രവർത്തനങ്ങൾ ധൃതിപിടിച്ച് നടത്തിയത് അന്നത്തെ പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടിയുടെ ഭാഗമായിരുന്നു. ഇപ്പോൾ ദേശീയപാതയുടെ പണി തടസ്സപ്പെടുന്ന അവസ്ഥയുണ്ടായിരിക്കുകയാണ്. ഈ ഘട്ടത്തിൽ റവന്യൂ വകുപ്പ് സത്വരമായി ഇടപെട്ട് ഒരു അദാലത്ത് സംഘടിപ്പിച്ച് ഈ വിഷയത്തിൽ അടിയന്തരമായി പരിഹാരമുണ്ടാക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കഴക്കൂട്ടം-കാരോട് ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഡി.എൽ.പി.സി.-യുടെ ശിപാർശ എസ്.എൽ.ഇ.സി. അംഗീകരിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് നിശ്ചയിച്ചിരിക്കുന്ന തുക ഭൂമിവിലയാകുന്നത്. എന്നാൽ 1956-ലെ ദേശീയപാത ആക്ട് (National Highways Act,1956) പ്രകാരം വില നിശ്ചയിക്കേണ്ടത് ഡി.എൽ.പി.സി. അല്ലെന്നും കോംപീറ്റന്റ് അതോറിറ്റിയാണെന്നുമുള്ള വസ്തുതയെ അടിസ്ഥാനമാക്കി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സബ് രജിസ്ട്രാർ ആഫീസുകളിൽ നടന്നിട്ടുള്ള ക്രയവിക്രയങ്ങളിൽ ഏറ്റവും ഉയർന്ന വില വാങ്ങിയ വസ്തുവിന്റെ പ്രമാണം അടിസ്ഥാന വില നിർണ്ണയാധാരമായി സ്വീകരിച്ച്, വില അടിസ്ഥാനപ്പെടുത്തി കോംപീറ്റന്റ് അതോറിറ്റി വില നിർണ്ണയിക്കുകയാണുണ്ടായത്. കോംപീറ്റന്റ് അതോറിറ്റി നിയമാനുസൃതമായി നിർണ്ണയിച്ച് പാസ്സാക്കിയ അവാർഡ് തുക

അനുവദിച്ചു കഴിഞ്ഞതിനാലും പാസ്സാക്കിയ അവാർഡ് പുനഃപരിശോധിക്കുന്നതിന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും അതിന്മേൽ ആക്ഷേപമുണ്ടാകുന്ന സാഹചര്യത്തിൽ ആക്ടിലെ വ്യവസ്ഥകൾപ്രകാരം ജില്ലാ കളക്ടർ കൂടിയായ ആർബിട്രേറ്റർക്കാണ് വില ഉയർത്തിക്കിട്ടുന്നതിന് അപ്പീൽ നൽകേണ്ടത്. ഈ വിഷയം സംബന്ധിച്ച് ആക്ഷൻ കൗൺസിൽ ഭാരവാഹികളോടൊപ്പം 18-5-2017-ൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.എൻ.എച്ച്.) കോംപീറ്റന്റ് അതോറിറ്റിയുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നടപടിക്കുറിപ്പ് പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയുമാണ്.

(8) പോക്കുവരവ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, എന്റെ മണ്ഡലത്തിലെ അരിയല്ലൂർ വില്ലേജിലെ കൊടക്കാട് കോട്ടേക്കുന്ന് നിവാസികളായ 146-ൽപ്പരം കുടുംബങ്ങൾ റവന്യൂവകുപ്പ് അധികൃതരുടെ അനാസ്ഥമൂലം അനുഭവിക്കുന്ന പ്രയാസങ്ങളാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടം എന്ന നിലയ്ക്ക് പരിരക്ഷ ലഭിച്ച അരിയല്ലൂർ വില്ലേജ് പരിധിയിലെ പട്ടയ നമ്പർ 126-ൽ 61.5 ഏക്കർ ഭൂമിയും പട്ടയ നമ്പർ 95-ൽ 1.57 ഏക്കർ ഭൂമിയും 1980-നുശേഷം തരിശായി കിടക്കുകയും നിരവധി കൈമാറ്റങ്ങളിലൂടെ ഇന്ന് 146-ഓളം കുടുംബങ്ങളുടെ കൈവശത്തിലുള്ളതുമാണ്. ഈ ഭൂമിയിൽ 146 കുടുംബങ്ങൾ കൂടാതെ വിദ്യാഭ്യാസ സ്ഥാപനം, ശ്മശാനം, സാമൂഹ്യക്ഷേമ വകുപ്പിന്റെ സ്ഥാപനങ്ങൾ, കുടിവെള്ള വിതരണപദ്ധതി, ആരാധനാലയങ്ങൾ എന്നിവ സ്ഥിതിചെയ്യുന്നുണ്ട്. ഈ ഭൂമിയിൽ താമസിച്ചിരുന്നവർ 2014 വരെ യാതൊരു തടസ്സവും കൂടാതെ ക്രയവിക്രയങ്ങൾ നടത്തുകയും ഭൂനികുതി അടയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ 2014 -ൽ ചുമതലയേറ്റ വില്ലേജ് ഓഫീസർ നികുതി സ്വീകരിക്കാൻ വിസമ്മതിക്കുകയും പോക്കുവരവ് നിർത്തിവയ്ക്കുകയും ചെയ്തു. 1980 മുതൽ 2014 വരെ യഥേഷ്ടം കൈവശം വയ്ക്കുകയും യാതൊരു തടസ്സങ്ങളും കൂടാതെ പോക്കുവരവ് നടത്തുകയും നികുതി അടയ്ക്കുകയും ചെയ്ത ഭൂമിയിൽ പെട്ടെന്ന് കൊണ്ടുവന്ന നിയന്ത്രണങ്ങൾ 146 കുടുംബങ്ങളെയും കണ്ണീരിലാഴ്ത്തിയിരിക്കുകയാണ്. അവർ ഈ ഭൂമിയുടെ രേഖകൾ സമർപ്പിച്ച് ബാങ്കുകളിൽ നിന്ന് ലോൺ സമ്പാദിക്കുകയും ആ രേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ധനസഹായ പദ്ധതികളും അവിടെ നടപ്പിലാക്കിയിട്ടുണ്ട്. 2014 -ലെ വില്ലേജാഫീസറുടെ തീരുമാനം കാരണം വസ്തു ക്രയവിക്രയം ചെയ്യുന്നതിനും

പണയപ്പെടുത്തുന്നതിനും വീട് വയ്ക്കുന്നതിനും ഈ പ്രദേശത്തെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ഈ 146 കുടുംബങ്ങളിൽ ഭൂരിഭാഗവും പാവപ്പെട്ട ആളുകളാണ്. വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിക്കാതെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുന്ന സമീപനമാണ് അധികൃതർ സ്വീകരിച്ചിരിക്കുന്നത്. ഇന്ന് ഈ പ്രദേശത്ത് കൃഷിയോ, കൃഷികൊണ്ട് ഉപജീവനം നടത്തുന്നവരോ ഇല്ലെന്നത് റവന്യൂ വകുപ്പിനും കൃഷിവകുപ്പിനും അറിവുള്ളതാണ്. മേൽ സാഹചര്യം പരിഗണിച്ച് പ്രസ്തുത ഭൂമിയിൽ 2014 വരെ നിലനിന്നിരുന്ന കൈവശാവകാശങ്ങളും ഭൂസംബന്ധമായ മറ്റ് അവകാശങ്ങളും നിലനിർത്തുന്നതിനും ഭൂനികുതി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകി ഇക്കാര്യത്തിൽ ശാശ്വതപരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽപ്പെട്ട അരിയല്ലൂർ വില്ലേജിലെ കൊടക്കാട് റബ്ബർ എസ്റ്റേറ്റ് കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിച്ച ഭൂമിയാണ്. ഇളവനുവദിച്ച ഭൂമിയായതിനാൽ പ്രസ്തുത ആവശ്യത്തിനുപയോഗിക്കാതെ പൂർണ്ണമായോ ഭാഗികമായോ തുണ്ടുവത്ക്കരിച്ച് തരംമാറ്റം നടത്തുന്നത് തടയുന്നതിനായി ഈ ഭൂമിയിന്മേൽ മറ്റ് ആവശ്യങ്ങൾക്കോ, നിർമ്മാണ പ്രവൃത്തികൾക്കോ, വൈദ്യുതി കണക്ഷൻ എടുക്കുന്നതിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ സർട്ടിഫിക്കറ്റുകൾ നല്കാൻ സാധിക്കില്ല. എന്നാൽ മറ്റാവശ്യങ്ങളായ വായ്പ, കാർഷിക കടാവശ്യങ്ങൾ എന്നിവയുടെ കൈവശ സർട്ടിഫിക്കറ്റുകൾ നല്കിവരുന്നുണ്ട്. കൂടാതെ കൈവശക്കാരായ നികുതിയടച്ചിരുന്ന ഭൂവുടമകളിൽനിന്ന് നിലവിൽ ഭൂനികുതിയും സ്വീകരിച്ചുവരുന്നുണ്ട്. പുതുതായി കൈമാറ്റംചെയ്ത ഭൂമിയിലാണ് നികുതി സ്വീകരിക്കാനും പോക്കുവരവിനും അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. ഭൂമി എസ്റ്റേറ്റിൽ നിന്നും തരംമാറ്റം ചെയ്തതിനാലാണ് പോക്കുവരവ് ചെയ്യുന്നതിന് താമസം നേരിടുന്നത്. മേൽസാഹചര്യത്തിൽ 63 ഏക്കർ വിസ്തീർണ്ണമുണ്ടായിരുന്ന തോട്ടം ഭൂമിയായിരുന്നതും പിന്നീട് അനന്തരാവകാശികൾ, 2093/95 ഭാഗപത്രാധാരപ്രകാരം ഭാഗിച്ചെടുത്തതും ആയതിൽ നിന്നും ചെറിയ വിസ്തീർണ്ണത്തിൽ തീറ് കൊടുത്തിട്ടുള്ളതുമായ ഭൂമി, ഇപ്പോഴത്തെ കൈവശക്കാരുടെ പേരിൽ പോക്കുവരവ് ചെയ്തു കൊടുക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഈ പ്രശ്നത്തിൽ കൈക്കൊള്ളേണ്ട അനന്തര നടപടികൾക്കായി വിഷയം ലാൻഡ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(9) സർട്ടിഫിക്കറ്റുകൾ നൽകൽ

ശ്രീ. പി. ടി. എ. റഹീം: സർ, സർക്കാരിന് അധികബാധ്യത വരാത്ത ഒരു കാര്യം സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിലെ ഏക സബ് താലൂക്കാണ് കുന്ദമംഗലം. അവിടത്തെ ഡെപ്യൂട്ടി തഹസിൽദാർക്ക് സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം നൽകി സബ്-താലൂക്കാഫീസ് സ്ട്രെംഗ്തൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കുന്ദമംഗലം സബ് താലൂക്കാഫീസിൽ നിലവിൽ ഒരു ഡെപ്യൂട്ടി തഹസിൽദാർ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഫുൾടൈം സ്വീപ്പർ എന്നിവരാണ് ജോലി ചെയ്തുവരുന്നത്. 2014 ജനുവരി 13-ന് കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ആസ്ഥാനമാക്കി ഒരു താലൂക്കാഫീസ് രൂപീകരിച്ചതോടെ കൊടുവള്ളി ഫർക്ക (ഒന്നിലധികം വില്ലേജുകൾ ചേർന്നത്) ഇപ്പോൾ നിർത്തലാക്കി. താമരശ്ശേരി താലൂക്കിന് കീഴിലായി കുന്ദമംഗലം ഫർക്കയിലുൾപ്പെട്ട പെരുവയൽ, പെരുമണ്ണ, പന്തീരാംകാവ്, കുന്ദമംഗലം, മാവൂർ, പൂളക്കോട്, ചാത്തമംഗലം എന്നീ വില്ലേജുകളിലുൾപ്പെട്ട സർക്കാർഭൂമിയുടെ സംരക്ഷണച്ചുമതലയും റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ കീഴിൽവരുന്ന വിഷയങ്ങളുടെ അന്വേഷണച്ചുമതലയുമാണ് നിലവിൽ ഈ ഓഫീസിൽ നിർവ്വഹിച്ചുവരുന്നത്. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം സബ്-താലൂക്കിനെ താലൂക്കായി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് റവന്യൂ വകുപ്പിന്റെ 24069/2013-ാം നമ്പർ ഫയലിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം സബ് താലൂക്കിലെ ഡെപ്യൂട്ടി തഹസിൽദാർക്കുകൂടി നൽകുന്നതുസംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അപേക്ഷയുമുണ്ടായിരുന്നു. അക്കാര്യം ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജന്മദിനമാണ്. അദ്ദേഹത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

മി. സ്പീക്കർ: പ്രതിപക്ഷനേതാവിന്റെ ആശംസകളിൽ സഭ ഒന്നാകെ ചേരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അദ്ദേഹത്തിന്റെ നക്ഷത്രം ചോതിയാണ്. ആര് വിചാരിച്ചാലും തകർക്കാൻ സാധിക്കില്ല.

(10) ഭൂമി സംബന്ധമായ പ്രശ്നങ്ങൾ

ശ്രീ. സണ്ണി ജോസഫ്: സർ, മുഖ്യമന്ത്രിക്ക് ഞാനും ജന്മദിനാശംസകൾ നേരുന്നു. കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന്, ആറളം, കൊട്ടിയൂർ പ്രദേശങ്ങളിലെ കൃഷിക്കാരുടെ ഭൂമി പ്രശ്നങ്ങളാണ് റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അവിടെ വർഷങ്ങൾക്കുമുമ്പ് വില കൊടുത്ത് ആധാരം രജിസ്റ്റർ ചെയ്ത് കൈവശംവച്ച് അതിൽ വീട് നിർമ്മിച്ച് കൃഷി ചെയ്തുവരുന്ന കുറെ സ്ഥലങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. കൂത്തുപറമ്പ് ലാൻഡ് ട്രിബ്യൂണലിൽ മാത്രം പട്ടയത്തിനുവേണ്ടിയുള്ള 16000 അപേക്ഷകൾ ഇപ്പോൾ പെൻഡിംഗാണ്. Suo moto proceedings-ൽപ്പോലും പട്ടയം ലഭിക്കാൻ വർഷങ്ങളുടെ കാലതാമസമുണ്ടാകുന്നു. ഇത് ജില്ലാ വികസന സമിതിയിൽ വളരെ ഗൗരവമായി ചർച്ച ചെയ്തതാണ്. പക്ഷേ ഈ കാലതാമസത്തിന് പരിഹാരമുണ്ടാകുന്നില്ല. അതുപോലെ മിച്ചഭൂമിയാണെന്നറിയാതെ വാങ്ങിയ വസ്തുക്കളുടെ കേസുകളിൽ ലാൻഡ് റിഫോംസ് 7-ഇ അമെന്റ്മെന്റ് നടപ്പിലാക്കിയെങ്കിൽപ്പോലും ആ അമെന്റ്മെന്റിന്റെ ഗുണം ലഭിക്കണമെങ്കിൽ 23-എ പ്രകാരമുള്ള അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷയും ഇതേ ലാൻഡ് ട്രിബ്യൂണലിൽത്തന്നെയാണ്. അതുകൊണ്ട് കൂത്തുപറമ്പ് ലാൻഡ് ട്രിബ്യൂണലിൽ പെൻഡിംഗുള്ള 16000-ത്തിൽപ്പരം കേസുകൾക്ക് തീർപ്പുണ്ടാക്കാനായി ഒരു പുതിയ ലാൻഡ് ട്രിബ്യൂണൽ ഇരിട്ടി താലൂക്കിൽ ആരംഭിക്കാനും അതുവഴി കൊട്ടിയൂർ, ആറളം, അയ്യൻകുന്ന് പ്രദേശങ്ങളിലെ കൃഷിക്കാർക്ക് ലഭിക്കേണ്ട പട്ടയപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും സാധിക്കും. അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ( ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കണ്ണൂർ ജില്ലയിലെ ആറളം വില്ലേജിലെ അമ്പലക്കണ്ടി പ്രദേശത്തെ മിച്ചഭൂമി കേസിലുൾപ്പെട്ടതും റീസർവ്വേ 238-ൽപ്പെട്ടതുമായ 134.3 ഏക്കർ ഭൂമിയിലെ കൈവശക്കാർക്കും അയ്യൻകുന്ന് വില്ലേജിലെ തുടിവരം, കടപ്പുഴ ഭാഗത്ത് 1293-ൽപ്പെട്ട മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ 48 കൈവശക്കാർക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ കൂത്തുപറമ്പ് ലാൻഡ് ട്രിബ്യൂണലിൽ നടന്നുവരുന്നു. കൊട്ടിയൂർ വില്ലേജിലെ പൊട്ടൻതോട് പ്രദേശത്ത് സർവ്വേ നമ്പർ

2387 മുതൽ 2370 വരെയുള്ള മിച്ചഭൂമി കേസിലുൾപ്പെട്ട ഭൂമിയിലെ ഏകദേശം 125 കൈവശക്കാരിൽ മിക്കവർക്കും പട്ടയം നൽകിയിട്ടുണ്ട്. ഇവരിൽനിന്നും താൽക്കാലികമായി ഭൂനികുതി സ്വീകരിച്ചുവരുന്നു. കൊട്ടിയൂർ വില്ലേജിലെ അമ്പായത്തോട് പ്രദേശത്തെ റീസർവ്വേ 1222-ൽപ്പെട്ടതും റിസർവ് വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതുമായ 25 ഏക്കറോളം ഭൂമി 95 വ്യക്തികൾ കയ്യേറിയിട്ടുണ്ട്. ഈ ഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തുന്നതിനായി റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഭൂമിക്ക് പട്ടയം അനുവദിക്കുകയോ നികുതി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ട്രിബ്യൂണലുകളിൽ ധാരാളം കേസുകൾ കെട്ടിക്കിടക്കുന്നത് തീർപ്പാക്കാൻ പ്രത്യേകമായ നിർദ്ദേശം എല്ലാ ട്രിബ്യൂണലുകൾക്കും നേരത്തെതന്നെ ലാൻഡ് ബോർഡുവഴി നൽകിയിട്ടുള്ളതാണ്. അടിയന്തരമായി ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾക്ക് തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതിനാവശ്യമായ മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടോ എന്നുള്ള കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

ശ്രീ. ഹൈബി ഈഡൻ: സർ, കെ.എസ്.ആർ.ടി.സി. ഗ്യാരേജ് നിർമ്മാണത്തിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് രണ്ട് കോടി രൂപ കൊടുത്തു. ഗ്യാരേജ് പണിതുകൊണ്ടിരിക്കെ, കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിംഗ് വിംഗിന്റെ മേൽനോട്ടത്തിൽ കുറ്റകരമായ അനാസ്ഥയുണ്ടായതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടത്തിൽ മുഴുവൻ വിള്ളലുണ്ടാകുകയും അതിന്റെ ഒരു വശം തകർന്നുപോകുന്ന സാഹചര്യവുമുണ്ടാവുകയും ചെയ്തു. 26-9-2014-ൽ അന്നത്തെ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇതിന്റെ നിർമ്മാണോദ്ഘാടനം നടത്തിയത്. എറണാകുളത്തെ ഏറ്റവും പുരാതനമായ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് 180-ഓളം സർവ്വീസുകൾ ഇന്നും നടത്തിക്കൊണ്ടിരിക്കുകയാണ്. മഴക്കാലത്ത് യാത്രക്കാർ വെള്ളക്കുഴിയിൽ ഇരിക്കേണ്ട ദുർഗതിയാണുള്ളത്. അതുകൊണ്ട് ബസ് ഗ്യാരേജ്, ടെർമിനൽ, ഡി.ടി.ഒ. ഓഫീസ്, ശുചിമുറി എന്നിവ ഉൾപ്പെടെ രണ്ടുകോടി രൂപയ്ക്ക് പണി പൂർത്തീകരിച്ച് നിലവിലുള്ള സ്റ്റാൻഡിന്റെ പ്രവർത്തനങ്ങൾ മറുവശത്തേയ്ക്ക് മാറ്റി പുതിയ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് എന്ന ആശയമാണ് മുന്നോട്ടുവച്ചത്. ആ പ്രോജക്ട് തയ്യാറായതിന്റെ അടിസ്ഥാനത്തിൽ റെന്റ് ഡെപ്പോസിറ്റ് സ്കീമിൽ ഇത് നടപ്പാക്കാൻ കഴിയുമെന്ന് കെ.എസ്.ആർ.ടി.സി.-

യിലെ ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ പണം പൊതുജനങ്ങൾക്കുവേണ്ടി നൽകിയത്. കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിംഗ് വിംഗ് ലാഘവബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ടാണ് ഇത്രയും ഗുരുതരമായ സാഹചര്യമുണ്ടായത്. ആ വർക്ക് ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.ഡി. ശ്രീ. എം. ജി. രാജമാണിക്യം അവിടം സന്ദർശിച്ചിരുന്നു. നേരത്തെയുണ്ടായിരുന്ന മന്ത്രി ഇക്കാര്യത്തിൽ യോഗം വിളിക്കുകയും പെറ്റീഷൻ കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ യാതൊരു നടപടിയും ഇത് സംബന്ധിച്ചുണ്ടായിട്ടില്ല. ഈ വർക്ക് എത്രയുംവേഗം പൂർത്തീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ അവിടേയ്ക്ക് ഷിഫ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, എറണാകുളം ഡിപ്പോയിലെ നിലവിലെ കെട്ടിടങ്ങളെല്ലാംതന്നെ കാലപ്പഴക്കം ചെന്നവയാണ്. സമീപ പ്രദേശങ്ങളെല്ലാം വികസനത്തിന്റെ ഭാഗമായി മണ്ണിട്ട് ഉയർത്തിയതിനാൽ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് ഉൾപ്പെടുന്ന പ്രദേശം താഴ്ന്ന അവസ്ഥയിലായി. ഇതുമൂലം മഴക്കാലത്ത് സമീപത്തെ കനാലിൽനിന്നും മറ്റുമുള്ള മലിനജലം ബസ് സ്റ്റേഷൻ കെട്ടിടത്തിനുള്ളിൽ കയറുന്ന സ്ഥിതിയാണുള്ളത്. ഈ വസ്തുതകൾ പരിഗണിച്ച് ഡിപ്പോയുടെ സമഗ്ര വികസനത്തിന് കെ.എസ്.ആർ.ടി.സി.-യിൽ എം-പാനൽ ചെയ്തിട്ടുള്ള ആർക്കിടെക്ടുകളിൽനിന്ന് തെരഞ്ഞെടുത്ത ഡിസൈൻ പ്രകാരം ബസ് ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് ഡയറക്ടർ ബോർഡ് തീരുമാനം കൈക്കൊള്ളുകയും ഭാഗികമായി ഒരു നില നിർമ്മിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷന്റെ നിർമ്മാണ അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ മുഖ്യ ബസ് സ്റ്റേഷൻ കെട്ടിടവും ഗ്യാരേജും നിർമ്മാണത്തിനായി പൊളിച്ചുമാറ്റേണ്ടിവരുമെന്നതിനാലും ഇതേത്തുടർന്ന് ഡിപ്പോയുടെ പ്രവർത്തനം തടസ്സപ്പെട്ടുമെന്നതിനാലും ശ്രീ. ഹൈബി ഈഡൻ എം.എൽ.എ.-യുടെ നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽനിന്നും രണ്ട് കോടി രൂപ വിനിയോഗിച്ച് 12 ബേയുള്ള ഗ്യാരേജ്-കം-അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം പണിയാൻ തുക അനുവദിക്കുകയുണ്ടായി. എസ്റ്റിമേറ്റ് തുകയെക്കാൾ 5.6 കുറഞ്ഞ നിരക്കിൽ ശ്രീ. ഐസക് മാത്യു എന്ന കരാറുകാരന് 8-10-2014-ൽ പ്രവൃത്തി അനുവദിച്ചു നൽകിയെങ്കിലും കരാറുകാരന്റെ മെല്ലെപ്പോക്കുകാരണം പ്രവൃത്തി വൈകി. ഗ്യാരേജിനും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിനും പൈൽ ഫൗണ്ടേഷനാണ് ഉൾപ്പെടുത്തിയിരുന്നത്. നിർമ്മാണം പുരോഗമിക്കവെ കെട്ടിടത്തിന്റെ ചുമരുകളിൽ വിള്ളലുകൾ രൂപപ്പെട്ടതായി കണ്ടെത്തിയതിനെത്തുടർന്ന് സ്ട്രക്ചറൽ എഞ്ചിനീയറിംഗ് കൺസൾട്ടന്റിന്റെ സഹായത്താൽ പരിശോധന നടത്തുകയും

പ്രദേശത്തെ മണ്ണിന്റെ പ്രത്യേകതമൂലം അടിസ്ഥാനത്തിന് സംഭവിച്ച ഡിഫറൻഷ്യൽ സെറ്റിൽമെന്റ് കാരണമാണ് ഭിത്തികളിൽ വിള്ളൽ രൂപപ്പെട്ടതെന്ന് കണ്ടെത്തുകയും ആയത് ബലപ്പെടുത്തുന്നതിന് അണ്ടർ സ്പിന്നിംഗ് ചെയ്യണമെന്ന് നിർദ്ദേശിച്ചതു പ്രകാരം അണ്ടർ സ്പിന്നിംഗ് ജോലികൾ നടന്നുവരികയും ചെയ്യുന്നു. ഈ ജോലിയുടെ ബാക്കിഭാഗവും മൊത്തം പ്രവൃത്തിയുടെ ബാക്കി 25 ശതമാനം പ്രവൃത്തികളും പൂർത്തിയാകുന്നമുറയ്ക്ക് കെട്ടിടം ഉപയോഗയോഗ്യമാക്കുവാൻ സാധിക്കും. 60,01,380 രൂപ കരാറുകാരന് 7-11-2015-ൽ നൽകിയിട്ടുണ്ട്. ബാക്കി 79 ലക്ഷം രൂപ ഈ ആഴ്ചതന്നെ കൈമാറി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതാണ്. കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ എറണാകുളത്ത് അർഹിക്കുന്ന രീതിയിലുള്ള ഒരു കെട്ടിടമില്ലെന്ന് എനിക്കറിയാം. തീർച്ചയായും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികനില ഏതാനും മാസങ്ങൾക്കുള്ളിൽ മെച്ചപ്പെടും. എറണാകുളത്തിന് അർഹതപ്പെട്ട ഒരു ബസ് സ്റ്റാൻഡ് ഉണ്ടാകുമെന്ന് ഞാൻ ഉറപ്പുതരുന്നു. ബഹുമാനപ്പെട്ട മെമ്പർ ആസ്തിവികസന ഫണ്ടിൽ നിന്നും നൽകിയ 2 കോടി രൂപ നഷ്ടപ്പെട്ടിട്ടില്ല.

## (12) ചരിത്ര പൈതൃക മ്യൂസിയം

ശ്രീ. പി. ഉബൈദുള്ള: സർ, സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഇടംപിടിച്ച നിരവധി മഹാരഥന്മാരുടെ പ്രവർത്തനമേഖലയായിരുന്ന മലബാറിൽ അവരുടെ സ്മരണ നിലനിർത്തുന്നതിനും മലബാറിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും സംബന്ധിച്ച് പുതിയ തലമുറയ്ക്ക് അറിവ് പകരുന്നതിനും മലപ്പുറത്ത് ഒരു ചരിത്ര പൈതൃക മ്യൂസിയം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1921-ൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന ഏറ്റവും ശ്രദ്ധേയമായ സമരങ്ങളായ മലബാർ കലാപവും ഖിലാഫത്ത് സമരവും മലപ്പുറത്തിന്റെ ചരിത്രപ്രാധാന്യം വർദ്ധിപ്പിക്കുന്നതാണ്. ബ്രിട്ടീഷ് ആധിപത്യത്തിനും ജന്മിമാർക്കെതിരെയും നടന്ന പ്രക്ഷോഭങ്ങൾ ഇന്ത്യാ ചരിത്രത്തിലെ നാഴികക്കല്ലാണ്. ബ്രിട്ടീഷുകാർക്കെതിരെ സന്ധിയില്ലാ സമരം നയിച്ച കലാപത്തിന്റെ ഓർമ്മകൾ അയവിറക്കാൻ മലപ്പുറത്ത് ഉചിതമായ ഒരു സ്മാരകവും ഇന്ന് നിലവിലില്ല. ഉയർന്ന സാംസ്കാരികബോധവും കറകളഞ്ഞ മതസൗഹാർദ്ദവും ഈ നാട്ടുകാരുടെ സവിശേഷതയാണ്. അനീതിക്കും അക്രമത്തിനുമെതിരെ അടിയുറച്ച് പോരാടിയ അനവധി വീരാത്മാക്കളുടെ ധന്യസ്മരണകൾ ഈ നാടിനെ സമ്പന്നമാക്കുന്നു. വിദേശവാഴ്ചയ്ക്കെതിരായി ആഞ്ഞടിച്ച ദേശീയ ബോധത്തിന്റെ തീക്കാറ്റ് ഈ പ്രദേശത്തെ ജ്വലിപ്പിച്ചിട്ടുണ്ട്. കുടിലും കൊട്ടാരവും തോളോടുതോൾ ചേർന്നുനിന്ന് ദേശഭേദങ്ങൾക്കും ജാതിമത

ചിന്തകൾക്കുമതീതമായി ദേശീയ പ്രസ്ഥാനത്തിൽ അണിനിരക്കുകയും പരസ്പര സാഹോദര്യവും സൗഹൃദവും പരിരക്ഷിക്കുകയും ചെയ്ത ചരിത്രമാണ് ഈ പ്രദേശത്തിനുള്ളത്. സ്വാതന്ത്ര്യസമര യോദ്ധാക്കളുടെ സ്മരണയ്ക്കായി ചുരുക്കം ചില കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചുവെന്നതൊഴിച്ചാൽ, പുതിയ തലമുറയ്ക്ക് മനസ്സിലാക്കാനും അഭിമാനിക്കാനും തക്ക രീതിയിലുള്ളതോ, നമ്മുടെ മുൻഗാമികളായ ധീരദേശാഭിമാനികളുടെ ത്യാഗോജ്ജ്വലമായ ജീവചരിത്രം പഠിക്കുന്നതിനാവശ്യമായ തരത്തിലുള്ള സ്മാരകങ്ങളോ ഇതുവരെയും ഉണ്ടായിട്ടില്ല. നിയമസഭയുടെ വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ സംഘടിപ്പിച്ച സാംസ്കാരിക സദസ്സും മ്യൂസിയം സന്ദർശനവും നമുക്കെല്ലാവർക്കും പാഠമാണ്. നമ്മുടെ മുൻഗാമികളെക്കുറിച്ച് മനസ്സിലാക്കാനും രാജ്യത്തിന്റെയും കേരളത്തിന്റെയും പിന്നിട്ട ചരിത്രം മനസ്സിലാക്കാനും അതുവഴി അവസരം ലഭിച്ചു. അതുപോലെ, സ്വാതന്ത്ര്യ സമരചരിത്രത്തിൽ ശ്രദ്ധേയമായ സമരം നടന്ന മലബാറിന്റെ ആസ്ഥാനമായ മലപ്പുറത്ത് ഇന്നത്തെ തലമുറയ്ക്ക് കഴിഞ്ഞകാല ചരിത്രവും ധീരദേശാഭിമാനികളെക്കുറിച്ചും മനസ്സിലാക്കാൻ അവസരമൊരുക്കുന്ന തരത്തിൽ ഒരു ചരിത്ര പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണം; 2016-17 വർഷത്തെ ബജറ്റിൽ ഇതിനായി ഒരു കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ അതിന്റെ സ്ഥലം കണ്ടെത്തുന്നതുൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങളിൽ യാതൊരു പുരോഗതിയും ഇതുവരെ നടന്നിട്ടില്ല. ആയതിനാൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള ഉന്നയിച്ച കാര്യങ്ങൾ ചരിത്രപ്രാധാന്യമുള്ളതാണ്. ഐതിഹാസികമായ സ്വാതന്ത്ര്യ സമരത്തിന്റെ സ്മരണകൾ നിറഞ്ഞുനിൽക്കുന്ന വിവിധ പ്രദേശങ്ങളും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ച ധീരദേശാഭിമാനികളായ പ്രമുഖരായ ധാരാളം നേതാക്കന്മാരും ഈ നാടിന്റെ സംഭാവനയാണ്. ഈ പ്രദേശം ശ്രദ്ധേയമായ സമരഭൂമിയാണ്. അതെല്ലാം നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും മതസൗഹാർദ്ദത്തിനും ഉപയുക്തമാകുന്ന നിലയിൽ പ്രയോജനപ്പെട്ടിട്ടുള്ളതുമാണ്. ഒരു ജില്ലയിൽ ഒരു ചരിത്ര പൈതൃക മ്യൂസിയമെന്നതാണ് സർക്കാരിന്റെ തീരുമാനം. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയമാക്കി സജ്ജീകരിക്കുന്നതിന് 5/8/2015-ലെ സർക്കാർ ഉത്തരവ് (സാധാരണ നമ്പർ 392/2015/ സിഎഡി.) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ജില്ലാ പൈതൃക മ്യൂസിയമാക്കി സജ്ജീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തിൽ

തിരൂരങ്ങാടി താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരികയാണ്. പ്രസ്തുത കെട്ടിടത്തിൽനിന്നും താലൂക്ക് ഓഫീസ് മാറ്റിസ്ഥാപിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് 5-10-2016-ൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ഓഫീസ് മാറ്റുന്ന മുറയ്ക്ക് ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ സഹായ സഹകരണങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. കൂടി ഇടപെട്ട് ലഭ്യമാക്കിയാൽ കാലതാമസമില്ലാതെ, എല്ലാ ജില്ലയിലും പൈതൃക മ്യൂസിയം നിർമ്മിക്കണമെന്ന സർക്കാരിന്റെ നയമനുസരിച്ച് ശ്രേഷ്ഠമായ നിലയിൽ ഈ ഭൂതകാല ചരിത്രത്തെ ഉപയുക്തമാക്കുന്ന ഒരു മ്യൂസിയം അവിടെ സ്ഥാപിക്കുന്നതാണ്.

(13) ഡെയറി സയൻസ് കോളേജ്

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കേരളത്തിലെ അനേകായിരം ക്ഷീര കർഷകർക്കും സാധാരണ ജഴ്സിഫാം തൊഴിലാളികൾക്കും യുവാക്കൾക്കും ഗുണകരമാകുന്ന ഒരു പദ്ധതിയായാണ് കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ വിതുരയിൽ ചെറ്റച്ചൽ ജഴ്സി ഫാമിനോട് ചേർന്ന് ഡെയറി സയൻസ് കോളേജ് ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചത്. ക്ഷീര സാങ്കേതികവിദ്യ (ബി.ടെക്. ഇൻ ഡയറി ടെക്നോളജി) പഠിച്ചാൽ കേരളത്തിനകത്തും പുറത്തും ലോകമെമ്പാടും ധാരാളം തൊഴിൽ സാധ്യതയുണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലൊരു സ്ഥാപനം തുടങ്ങാമെന്ന ആശയം വന്നത്. ചെറ്റച്ചൽ ക്യാമ്പസിനോട് ചേർന്ന് സ്ഥിരം ക്യാമ്പസ് തുടങ്ങാത്തതുകൊണ്ട് താൽക്കാലിക ക്യാമ്പസ് പ്രവർത്തിക്കുന്നത് തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിലുള്ള കെൽട്രോൺ കോംപ്ലക്സിലാണ്. 2015-ലെ എൻട്രൻസ് പരീക്ഷയിൽ നല്ല റാങ്ക് ലഭിച്ച 35-ഓളം കുട്ടികൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുകയാണ്. 4 വർഷമുള്ള ഈ കോഴ്സ് പഠിപ്പിക്കാൻ ഈ സ്ഥാപനത്തിന് പൈലറ്റ് ഡെയറി പ്ലാന്റും മോഡൽ ഡെയറി ഫാമും തീറ്റപ്പുൽ കൃഷിത്തോട്ടവും അക്കാഡമിക് ബ്ലോക്കും അഡ്മിനിസ്ട്രേഷൻ ബ്ലോക്കും ഹോസ്റ്റലും ലൈബ്രറിയും ആവശ്യമാണ്. ഇപ്പോൾ പ്രവർത്തിക്കുന്ന താൽക്കാലിക ക്യാമ്പസ്സിൽ ഈ സൗകര്യങ്ങളൊന്നുമില്ലെന്ന് മാത്രമല്ല, കെൽട്രോണിന് പ്രതിമാസം രണ്ടുലക്ഷം രൂപ വാടകയാണ് കോളേജ് കൊടുത്തുകൊണ്ടിരിക്കുന്നത്. കോളേജ് ഫണ്ടിന്റെ ഭൂരിഭാഗവും വാടകയിനത്തിൽ ചെലവാകുകയാണ്. ചെറ്റച്ചൽ ഫാമിനോട് ചേർന്ന് പുതിയ ക്യാമ്പസ് വരേണ്ടത് അത്യന്താപേക്ഷിതമാണ്. 75 ഏക്കറിൽ 200-ഓളം തൊഴിലാളികൾ പ്രവർത്തിക്കുന്ന നൂറുശതമാനം എഫിഷ്യൻസിയുള്ള ഫാമാണിത്. അതിനോട് ചേർന്ന് റവന്യൂ വകുപ്പിന്റെ 10 ഏക്കർ ഭൂമി ഐഡന്റിഫൈ ചെയ്തിട്ടുണ്ടായിരുന്നു.

ഫാമിനോട് ചേർന്ന ആ സ്ഥലത്ത് അവിടെയുള്ള തൊഴിലാളികൾക്കും മറ്റാളുകൾക്കും ഗുണപ്പെടുന്ന രീതിയിൽ സ്ഥലം ട്രാൻസ്ഫർ ചെയ്ത് അടിയന്തരമായി ചെറ്റച്ചൽ ഡെയറി സയൻസ് കോളേജിന്റെ പ്രവർത്തനം ആരംഭിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഗൗരവമായിട്ടെടുക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ പുതുതായി പ്രവർത്തനം തുടങ്ങിയ ഡെയറി സയൻസ് കോളേജ് സ്ഥലപരിമിതിമൂലം ഇപ്പോൾ കരകുളം കെൽട്രോൺ ക്യാമ്പസിലാണ് പ്രവർത്തിച്ചുവരുന്നത്. ഡെയറി സയൻസ് കോളേജിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉചിതമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് സർവ്വകലാശാലയുടെ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി കോളേജിന്റെ സ്വന്തം കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (14) സർക്കാർ ആശുപത്രികളുടെ വികസനം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നേരത്തെ നിവേദനം സമർപ്പിക്കുകയും ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തിരുന്നു. അതിന്റെ തുടർനടപടികൾക്ക് വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മുൻരാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ നാമധേയത്തിലുള്ള ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 6 നിലയുള്ള കെട്ടിട സമുച്ചയത്തിന്റെ പണി പൂർത്തീകരിക്കുകയുണ്ടായി. അവിടെ ഇപ്പോൾ സ്പെഷ്യാലിറ്റി വിംഗ് പ്രവർത്തനമാരംഭിക്കണമെങ്കിൽ പുതിയ തസ്തികകൾ അനുവദിക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള ഫയൽ ആരോഗ്യ വകുപ്പ് പരിശോധിച്ച് സർക്കാരിന്റെ പരിഗണനയിലാണ്. ആവശ്യമായ തസ്തികകൾ അടിയന്തരമായി അനുവദിക്കണമെന്നും കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ നിന്നുള്ള പുതിയ തസ്തിക അനുവദിക്കാനുള്ള ആശുപത്രികളുടെ ലിസ്റ്റിൽ ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുകയാണ്. കുറവിലങ്ങാട് താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്തപ്പോൾ പുതിയ കെട്ടിട സമുച്ചയം ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇപ്പോൾ

ചോർന്നൊലിക്കുന്ന കെട്ടിടം എം.എൽ.എ. ഫണ്ടുപയോഗിച്ച് നവീകരിച്ച് രോഗികളെ ശുശ്രൂഷിക്കുകയാണ്. അവിടെയുള്ള അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ സബ്മിഷനിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകുകയുണ്ടായി. അതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. കടുത്തുരുത്തി മണ്ഡലത്തിലെ കുറുപ്പംതറ, വെളിയന്നൂർ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിരുന്നു. അതിനുള്ള തുടർനടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഉഴവൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തെ 20-2-2006-ലാണ് കെ. ആർ. നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തിയത്. അന്ന് 53 തസ്തികകൾ സൃഷ്ടിച്ചിരുന്നു. സാമൂഹ്യാരോഗ്യ കേന്ദ്രമായിരുന്നപ്പോഴുള്ള 59 തസ്തികകളുംകൂടി ചേർന്ന് നിലവിൽ 112 തസ്തികകളാണ് അവിടെ അനുവദിച്ചിട്ടുള്ളത്. ഇവിടെ അസിസ്റ്റന്റ് സർജൻ -9, സിവിൽ സർജൻ-2 എന്നീ നിലയിൽ 11 ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. ഈ സ്ഥാപനം ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 150 കിടക്കകളോടുകൂടിയ ഈ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രതിദിന ഒ.പി. 200 ആണ്. ഈ ആശുപത്രിക്കായി പുതിയ 6 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും കെട്ടിടത്തിന് അഗ്നിശമന വിഭാഗത്തിന്റെ എൻ.ഒ.സി.-യും കെട്ടിട നമ്പരും ലഭിച്ചിട്ടുമുണ്ട്. ഹൈ ടെൻഷൻ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. കൂടാതെ എം.എൽ.എ. ഫണ്ടിൽനിന്ന് 50 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് അടിയന്തരമായി പൂർത്തീകരിക്കേണ്ട നിർമ്മാണങ്ങൾ നടന്നുവരുന്നു. താലൂക്കാശുപത്രിയായി കടുത്തുരുത്തി മണ്ഡലത്തിൽ അംഗീകരിച്ചിട്ടുള്ളത് ഈ ആശുപത്രിയെ അല്ല. 'ആർദ്രം' പദ്ധതിയുടെ ഭാഗമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കെ. ആർ. നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നുള്ള നിലയിൽ ഇതിന് പ്രത്യേകമായി തസ്തികകൾ സൃഷ്ടിക്കാനുള്ള ഫയൽ നീക്കാൻ സാധിക്കും. നിലവിലുള്ള തസ്തിക ഉപയോഗിച്ചുതന്നെ ഏറ്റവും നല്ലൊരു ആശുപത്രിയായി ഇതിനെ പ്രവർത്തിപ്പിക്കാനുള്ള സമീപനം സർക്കാർ സ്വീകരിക്കാം. അധിക തസ്തികകളുടെ പ്രൊപ്പോസലിനെക്കുറിച്ച് സർക്കാർ പരിഗണിച്ചുവരികയാണ്. ഉഴവൂർ ആശുപത്രിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ആവശ്യമായ മറ്റ് സൗകര്യങ്ങളൊരുക്കുകയും ചെയ്യാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. താലൂക്ക് ഹോസ്പിറ്റലായി അനുവദിച്ച

ആശുപത്രിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് എം.എൽ.എ.-കൂടി മുൻകയ്യെടുത്താൽ കിഫ്ബിയിൽ സമർപ്പിച്ച് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും തസ്തിക സൃഷ്ടിക്കുന്നതിനും ശ്രമിക്കാം. പ്രാഥമികാരോഗ്യ കേന്ദ്രമായി കണക്കാക്കിയിട്ടുള്ളതിന്റെ ടൈപ്പ് ഡയഗ്രം കൊടുത്തയച്ചിട്ടുണ്ട്. അതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, എം.എൽ.എ. ഫണ്ട്, നാട്ടുകാരിൽനിന്ന് ലഭിക്കുന്ന ധനസഹായം എന്നിവയിലൂടെ പശ്ചാത്തലസൗകര്യമൊരുക്കണം. 680 തസ്തികകൾ സൃഷ്ടിച്ചതിൽ ഡോക്ടർമാരെയും നഴ്സുമാരെയും ഇപ്പോൾ വീതിച്ച് നൽകിയിട്ടുണ്ട്. ഡോക്ടർമാരെ അടിയന്തരമായി നിയമിക്കുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ള ഒരു അധികഡോക്ടറുടെ തസ്തികയും രണ്ട് ബ്ലോക്കുകളിലുള്ള പി.എച്ച്.സി.-കളിൽ ലഭ്യമാകും. അതോടുകൂടി ഒരു നല്ല കുടുംബാരോഗ്യ കേന്ദ്രമായി അത് മാറും. എം.എൽ.എ.തന്നെ നാട്ടുകാരുടെ സമിതി വിളിച്ചുചേർത്ത് ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനം ശ്രദ്ധിക്കണം.

### 15) സ്കൂൾ ഓഫ് ഹെൽത്ത് സയൻസിലെ കോഴ്സുകൾ

ശ്രീ. എ. എൻ. ഷംസീർ: സർ, കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പാലയാട് യൂണിവേഴ്സിറ്റി സെന്ററിൽ മെഡിക്കൽ ബയോ കെമിസ്ട്രി, മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ലബോറട്ടറി ടെക്നോളജി തുടങ്ങി 24-ഓളം ബാച്ചുകൾ ഇപ്പോൾ കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങിയിട്ടുണ്ട്. ഈ കോഴ്സുകൾ നിർത്തലാക്കണമെന്ന് ഇപ്പോൾ ഒരുത്തരവ് ഇറങ്ങിയിരിക്കുന്നു. ഈ കോഴ്സുകൾ നിർത്തലാക്കുമ്പോൾ സ്വാഭാവികമായും അത് കുട്ടികളുടെ ഭാവിയെ വല്ലാത്ത രീതിയിൽ ബാധിക്കും. KUHS-ഉം (Kerala University of Health Sciences) കണ്ണൂർ യൂണിവേഴ്സിറ്റിയും തമ്മിലുള്ള ചില തർക്കങ്ങളാണ് ഈ കോഴ്സ് നിർത്തലാക്കുന്നതിനുള്ള കാരണമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ഈ കുട്ടികളുടെ ഭാവി ആലോചിച്ചെങ്കിലും കണ്ണൂർ യൂണിവേഴ്സിറ്റിയുടെ സർവ്വകലാശാലാ കേന്ദ്രമായ പാലയാട് കാമ്പസിനകത്ത് ഈ കോഴ്സ് തുടർന്ന് നടത്താനുള്ള അനുവാദം സംസ്ഥാന സർക്കാർ ഇടപെട്ട് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ ആരോഗ്യ മേഖലയിലുള്ളതും തൊഴിൽസാധ്യത ഏറിയതുമായ മെഡിക്കൽ ബയോ കെമിസ്ട്രി, മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ലബോറട്ടറി ടെക്നോളജി എന്നീ കോഴ്സുകൾ നടത്തിയിരുന്നു. എന്നാൽ, കേരള ആരോഗ്യ സർവ്വകലാശാല ചട്ടം 50(1) പ്രകാരം പ്രൊഫഷണൽ

ഹെൽത്ത് സയൻസ് കോഴ്സുകൾ നടത്തുന്നതിന് വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള 22-10-2016-ലെ നമ്പർ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സർവ്വകലാശാല പാലയാട് കാമ്പസിലെ സ്കൂൾ ഓഫ് ഹെൽത്ത് സയൻസിൽ നടത്തിയിരുന്ന കോഴ്സുകൾക്ക് 2017 വർഷം മുതൽ പ്രവേശനം നടത്തേണ്ടതില്ലെന്ന് കണ്ണൂർ സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനിക്കുകയുണ്ടായി. ഈ കോഴ്സുകളുടെ തുടർനടത്തിപ്പിനുവേണ്ടി വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട ഗവർണ്ണർക്കും മുഖ്യമന്ത്രിക്കും അയച്ച നിവേദനങ്ങൾ പരിഗണിച്ച് 28-4-2017-ന് നടന്ന സിൻഡിക്കേറ്റ് യോഗം മെഡിക്കൽ ബയോ കെമിസ്ട്രി, മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ലബോറട്ടറി ടെക്നോളജി എന്നീ കോഴ്സുകൾ നിർത്തലാക്കാനുള്ള മുൻതീരുമാനം റദ്ദ് ചെയ്തിട്ടുണ്ട്.

(16) <u>ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്വിപ്മെന്റ് ഓർഗനൈസേഷന്റെ പ്രവർത്തനം</u>

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഗ്രാമവികസന വകുപ്പിന്റെ കേരളത്തിലെ ഒരേയൊരു വർക്ക്ഷോപ്പാണ് 1970-ൽ മൂവാറ്റുപുഴയിൽ ആരംഭിച്ചത്. കേരളത്തിലെ ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള 500-ലധികം വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനുവേണ്ടിയാണ് ഈ വർക്ക്ഷോപ്പ് ആരംഭിച്ചത്. ഈ സ്ഥാപനം ഇന്ന് ശോച്യാവസ്ഥയിലാണ്. 1992-ൽ കൊട്ടാരക്കരയിൽ ഇതുമായി ബന്ധപ്പെട്ട് മറ്റൊരു യൂണിറ്റ് ആരംഭിച്ചുവെങ്കിലും 2013-ൽ അതിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. ഈ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗത്തിൽ 24 ജീവനക്കാരുണ്ടായിരുന്നുവെങ്കിൽ ഇന്ന് ജീവനക്കാരുടെ കടുത്ത അപര്യാപ്തതയുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ജനറൽ ഫോർമാൻ മാത്രമാണ് സ്ഥിരം ജീവനക്കാരനായി അവിടെയുള്ളത്. വളരെ പ്രാധാന്യമുള്ള ഈ സ്ഥാപനത്തെ വകുപ്പുതന്നെ ശ്രദ്ധിക്കുന്നില്ലെന്ന ആക്ഷേപമാണ് എനിക്കുള്ളത്. 2015-16-ൽ 108 വാഹനവും 2016-17-ൽ 134 വാഹനവും അറ്റകുറ്റപ്പണി ചെയ്ത് നൽകാൻ കഴിഞ്ഞു. എന്നാൽ സർക്കാരിന് വളരെയധികം പ്രയോജനം ലഭ്യമാകുന്ന ഈ സ്ഥാപനം രക്ഷപ്പെടുത്തേണ്ടത് ഗ്രാമവികസന വകുപ്പിന്റെ പ്രധാന കടമയാണ്. കാലഹരണപ്പെട്ട കെട്ടിടങ്ങളും ഓഫീസും വർക്ക്ഷോപ്പും നീക്കം ചെയ്ത് പുതിയവ നിർമ്മിക്കേണ്ടതുണ്ട്. ആധുനിക വാഹനങ്ങൾക്കനുസൃതമായ ആധുനിക ഉപകരണങ്ങൾ വർക്ക്ഷോപ്പിലെത്തേണ്ടതുണ്ട്. 23 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് നികത്താൻ അടിയന്തര നടപടിയുണ്ടാകണം. പി.എസ്.സി. വഴി സ്ഥിരനിയമനം നടത്തണം. നിയമനം, യോഗ്യത, പ്രൊമോഷൻ എന്നിവ കാലോചിതമായി പരിഷ്കരിച്ച് സമഗ്രമായ സ്പെഷ്യൽ റൂൾ എത്രയുംവേഗം രൂപീകരിക്കണം. ജില്ലകൾ കേന്ദ്രീകരിച്ച് ഇത്തരം വർക്ക്ഷോപ്പുകൾ ആരംഭിച്ചാൽ

സ്വകാര്യ വർക്ക്ഷോപ്പുകളിൽ വാഹനങ്ങൾ റിപ്പയർ ചെയ്യാലുണ്ടാകുന്ന കനത്ത ചെലവ് ഒഴിവാക്കാൻ കഴിയും. പോലീസ്, ആരോഗ്യം, കൃഷി എന്നീ വകുപ്പുകളിൽ ജില്ലകൾതോറും ഇത്തരം വർക്ക്ഷോപ്പുകളുണ്ട്. എന്നാൽ അവഗണന പരിപൂർണ്ണമായും നേരിടുന്ന ഒരേയൊരു വർക്ക്ഷോപ്പാണ് ഗ്രാമവികസന വകുപ്പിന്റെ മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്മെന്റ് ഓർഗനൈസേഷൻ. ഈ സ്ഥാപനത്തെ രക്ഷപ്പെടുത്താൻ സജീവമായ പ്രവർത്തനങ്ങളും ഇടപെടലും ബന്ധപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഗ്രാമവികസന വകുപ്പിലെ എല്ലാ ഓഫീസുകളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും വാഹനങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 1970-ൽ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന് സമീപം സ്ഥാപിച്ച വർക്ക്ഷോപ്പ് യൂണിറ്റാണ് ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്മെന്റ് ഓർഗനൈസേഷൻ. ഇപ്പോൾ ഈ സ്ഥാപനത്തിൽ ഒരു ജനറൽ ഫോർമാൻ, ഒരു മെക്കാനിക്, 3 സ്കിൽഡ് അസിസ്റ്റന്റ്, ഒരു സ്ഥിരം ലേബറർ എന്നിവരാണ് ജോലി ചെയ്യുന്നത്. ഫോർമാൻ ഒഴികെയുള്ള ജീവനക്കാർ ദിവസവേതനക്കാരാണ്. വാഹനങ്ങളുടെ പാച്ച്വർക്ക്, എഞ്ചിൻ പണി, അപ്ഹോൾസ്റ്ററി വർക്ക്, മറ്റ് മെക്കാനിക്കൽ വർക്കുകൾ എന്നിവയാണ് വാഹന കസ്റ്റോഡിയന്മാരുടെ ആവശ്യപ്രകാരം ചെയ്തുകൊടുക്കുന്നത്. 2015-16-ൽ 108 വാഹനങ്ങളും 2016-17-ൽ 134 വാഹനങ്ങളും ഇവിടെ റിപ്പയർ ചെയ്തിട്ടുണ്ട്. കൂടാതെ മൈലേജ് സർട്ടിഫിക്കറ്റും ഈ സ്ഥാപനം നൽകിവരുന്നു. 6.5 ലക്ഷം രൂപ മാത്രമാണ് പ്രതിവർഷ ബജറ്റ് അലോക്കേഷൻ. സ്പെയർ പാർട്സിന്റെ വിലവർദ്ധനവുകാരണം ഈ തുക അപര്യാപ്തമാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഗ്രാമവികസന കമ്മീഷണറേറ്റ്, എ.ഡി.സി. ഓഫീസ് എന്നിവിടങ്ങളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ മാത്രമാണ് ഇപ്പോൾ ഇവിടെ ഏറ്റെടുക്കുന്നത്. ഈ സ്ഥാപനത്തിന് ധാരാളം വെള്ളം ആവശ്യമുണ്ട്. വാട്ടർ അതോറിറ്റിയിൽനിന്നും സ്ഥിരമായി വെള്ളം ലഭിക്കാത്തത് ഇതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 41,54,000 രൂപയുടെ എ.എസ്.-ഉം റ്റി.എസ്.-ഉം ലഭിച്ചിട്ടുണ്ട്. ടി ആവശ്യത്തിന് 2016-17-ൽ അനുവദിച്ച 8,31,000 രൂപ e-LAMS-ലേയ്ക്ക് (Electronic Ledger Account Monitoring System) മാറ്റി നിക്ഷേപിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(17) തസ്തികകൾ സൃഷ്ടിക്കൽ

ശ്രീ. സി. കൃഷ്ണൻ: സർ, 54.63 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കേരളത്തിലെ ഏറ്റവും വലിയ നഗരസഭയായ പയ്യന്നൂർ നഗരസഭയിൽ ഏകദേശം എൺപതിനായിരത്തിലധികം ജനങ്ങൾ അധിവസിക്കുന്നുണ്ട്. കോടിക്കണക്കിന് രൂപയുടെ വാർഷിക പദ്ധതികളാണ് നഗരസഭ നടപ്പിലാക്കുന്നത്. അറുപത് കോടി രൂപയുടെ UIDSSMT (Urban Infrastructure Development Scheme for Small and Medium Towns) കുടിവെള്ള പദ്ധതി, IHSDP (Integrated Housing and Slum Development Programme), ആശ്രയ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, മുപ്പത് കോടി രൂപയോളം വരുന്ന തനത് വാർഷിക പദ്ധതി പ്രവർത്തനങ്ങൾ എന്നിവ ദ്രുതഗതിയിൽ ഈ നഗരസഭയിൽ നടന്നുവരുന്നു. ഈ സാഹചര്യത്തിലും ഗുണനിലവാരം ഉറപ്പുവരുത്താൻ പലപ്പോഴും കഴിയുന്നില്ല. നിലവിലെ സ്റ്റാഫ് പാറ്റേൺപ്രകാരം ഭീമമായ ജോലിഭാരം സമയബന്ധിതമായി ചെയ്തുതീർക്കാൻ ഏറെ പ്രയാസപ്പെടുകയാണ്. ജീവനക്കാരുടെ അപര്യാപ്തതമൂലം ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പോലും നടത്താൻ സാധിക്കുന്നില്ല. മൂന്നാം ഗ്രേഡിലുള്ള പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡിലേയ്ക്ക് ഉയർത്തിക്കൊണ്ട് 22-7-2014-ന് സർക്കാർ ഉത്തരവായെങ്കിലും നാളിതുവരെയായിട്ടും ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് അനുവദിക്കേണ്ട ഒരു തസ്തികപോലും പയ്യന്നൂർ നഗരസഭയ്ക്ക് അനുവദിച്ചിട്ടില്ല. ഈ സാഹചര്യം കണക്കിലെടുത്ത് ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് അനുവദിക്കേണ്ട എല്ലാ തസ്തികകളും പയ്യന്നൂർ നഗരസഭയ്ക്ക് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, പയ്യന്നൂർ നഗരസഭ ഉൾപ്പെടെ 27 നഗരസഭകളെ ഒന്നാം ഗ്രേഡ് നഗരസഭകളാക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഒന്നാം ഗ്രേഡിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള പയ്യന്നൂർ ഉൾപ്പെടെയുള്ള നഗരസഭകളിലേയ്ക്ക് ഒന്നാം ഗ്രേഡ് നഗരസഭയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അതുമായി ബന്ധപ്പെട്ട ശിപാർശ ധനകാര്യ ഡയറക്ടറേറ്റിൽ നിന്ന് അംഗീകരിച്ച് കിട്ടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കും.

# VI. മേശപ്പുറത്തുവച്ച കടലാസുകൾ

## (1) ലിസ്റ്റ് 1 പ്രകാരം

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ. | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 155/2017 | ജി.ഒ.(ആർറ്റി.) നമ്പർ186/2017/ഹോം. | 25-1-2017 | അല്ല |
| 2 | 178/2017 | ജി.ഒ.(ആർറ്റി.) നമ്പർ709/2017/ഹോം. | 25-3-2017 | അല്ല |
| 3 | 179/2017 | ജി.ഒ.(ആർറ്റി.) നമ്പർ710/2017/ഹോം. | 25-3-2017 | അല്ല |
| 4 | 183/2017 | ജി.ഒ.(എംഎസ്.) നമ്പർ77/2017/ഹോം. | 7-4-2017 | അല്ല |
| 5 | 209/2017 | ജി.ഒ.(ആർറ്റി.) നമ്പർ766/2017/ഹോം. | 30-3-2017 | അല്ല |
| 6 | 210/2017 | ജി.ഒ.(പി.) നമ്പർ282/2016/ഹോം. | 8-11-2016 | അല്ല |
| 7 | 227/2017 | നമ്പർ 60903/ എസ്എസ്എ 2/2016/ ഹോം. | 3-5-2017 | അല്ല |

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ . ഒ. നമ്പർ. | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 232/2017 | ജി.ഒ.(എംഎസ്.) നമ്പർ2/2017/പിഎഡി. | 21-4-2017 | അല്ല |
| 2 | 233/2017 | ജി.ഒ.(എംഎസ്.) നമ്പർ3/2017/പിഎഡി. | 22-4-2017 | അല്ല |
| 3 | 234/2017 | ജി.ഒ.(എംഎസ്.) നമ്പർ4/2017/പിഎഡി. | 22-4-2017 | അല്ല |
| 4 | വിജ്ഞാപനം | നമ്പർ 373/ ഡി1/2017/കെൽസ. | 6-3-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി | 2015-16 | ഭരണ റിപ്പോർട്ട് | അതെ |
| 2 | സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST) | 2015-16 | വാർഷിക റിപ്പോർട്ടും ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടും | അതെ |

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 207/2017 | ജി ഒ.(പി) നമ്പർ31/2017/റ്റിഡി. | 19-4-2017 | അല്ല |
| 2 | 208/2017 | ജി.ഒ.(പി) നമ്പർ32/2017/റ്റിഡി. | 19-4-2017 | അല്ല |
| 3 | 252/2017 | ജി.ഒ.(പി)നമ്പർ 43/ 2017/ റ്റിഡി. | 11-5-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2010-11 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും | അതെ |
| 2 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2011-12 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2012-13 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും | അതെ |
| 4 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2013-14 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും | അതെ |
| 5 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2014-15 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും | അതെ |

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 720/2016 | ജി.ഒ.(പി) നമ്പർ104/2016/നി.വ. | 26-11-2016 | അതെ |
| 2 | 198/2017 | ജി.ഒ.(പി) നമ്പർ29/2017/റ്റിഡി. | 18-4-2017 | അല്ല |
| 3 | 199/2017 | ജി.ഒ.(പി) നമ്പർ30/2017/റ്റിഡി. | 18-4-2017 | അല്ല |
| 4 | 200/2017 | ജി.ഒ.(പി) നമ്പർ33/2017/റ്റിഡി. | 20-4-2017 | അല്ല |
| 5 | 201/2017 | ജി.ഒ.(പി) നമ്പർ34/2017/റ്റിഡി. | 20-4-2017 | അല്ല |
| 6 | 214/2017 | ജി.ഒ.(പി) നമ്പർ37/2017/റ്റിഡി. | 26-4-2017 | അല്ല |

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 204/2017 | ജി.ഒ.(പി) നമ്പർ25/2017/എൽബിആർ. | 11-4-2017 | അല്ല |
| 2 | 206/2017 | ജി.ഒ.(പി) നമ്പർ27/2017/എൽബിആർ. | 11-4-2017 | അല്ല |
| 3 | 217/2017 | ജി.ഒ.(പി) നമ്പർ30/2017/എൽബിആർ. | 26-4-2017 | അല്ല |
| 4 | 229/2017 | ജി.ഒ.(പി) നമ്പർ33/2017/എൽബിആർ. | 3-5-2017 | അല്ല |
| 5 | 230/2017 | ജി.ഒ.(പി) നമ്പർ38/2017/റ്റിഡി. | 6-5-2017 | അല്ല |
| 6 | 231/2017 | ജി.ഒ.(പി) നമ്പർ39/2017/റ്റിഡി. | 6-5-2017 | അല്ല |
| 7 | 240/2017 | ജി.ഒ.(പി) നമ്പർ40/2017/റ്റിഡി. | 8-5-2017 | അല്ല |
| 8 | 242/2017 | ജി.ഒ.(പി) നമ്പർ34/2017/എൽബിആർ. | 6-5-2017 | അല്ല |
| 9 | 243/2017 | ജി.ഒ.(പി) നമ്പർ35/2017/എൽബിആർ. | 9-5-2017 | അല്ല |
| 10 | 256/2017 | ജി.ഒ.(പി) നമ്പർ 38/2017/എൽബിആർ. | 9-5-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2012-13 | ഭരണ ആഡിറ്റ് റിപ്പോർട്ട് | അതെ |

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 129/2017 | ജി.ഒ.(പി) നമ്പർ10/2017/കോ-ഓപ്. | 15-2-2017 | അല്ല |
| 2 | 197/2017 | ജി.ഒ.(പി) നമ്പർ12/2017/കോ-ഓപ്. | 3-3-2017 | അല്ല |
| 3 | 222/2017 | ജി.ഒ.(പി) നമ്പർ11/2017/കോ-ഓപ്. | 2-3-2017 | അല്ല |

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 74/2017 | ജി.ഒ.(പി) നമ്പർ1/2017/എഫ്&ഡബ്ല്യൂഎൽഡി. | 30-1-2017 | അതെ |

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ

മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 210/2015 | സ.ഉ.(കൈ) നമ്പർ 126/2015/തസ്വഭവ. | 4-4-2015 | അതെ |
| 2 | 149/2017 | ജി.ഒ.(പി) നമ്പർ 15/2017/എൽഎസ്ജിഡി. | 24-3-2017 | അല്ല |
| 3 | 203/2017 | ജി.ഒ.(പി) നമ്പർ 16/2017/എൽഎസ്ജിഡി. | 24-3-2017 | അല്ല |
| 4 | 205/2017 | ജി.ഒ.(പി) നമ്പർ 17/2017/എൽഎസ്ജിഡി. | 24-3-2017 | അല്ല |
| 5 | 215/2017 | ജി.ഒ.(പി) നമ്പർ 1186/2017/എൽഎസ്ജിഡി. | 18-4-2017 | അല്ല |

(2) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് 2 പ്രകാരം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 152, പതിനാലാം സമ്മേളനത്തിലെ 3035, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4420, 5243, 5334, നാലാം സമ്മേളനത്തിലെ 1, 30, 55, 82, 95, 1941, 3422, 3504, 3614, അഞ്ചാം സമ്മേളനത്തിലെ 151 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 894, രണ്ടാം സമ്മേളനത്തിലെ 2253 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5081, നാലാം സമ്മേളനത്തിലെ 1621, 3258 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5081, നാലാം സമ്മേളനത്തിലെ 1621, 3258 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2877, 2895 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 4169-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 725-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയും അതിന്

യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2622, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5952 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3349, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2289, 2350 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1616-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII. റിപ്പോർട്ട് സമർപ്പണം

### (1) സബ്ജക്ട് കമ്മിറ്റി II-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II -ന്റെ അദ്ധ്യക്ഷനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി III-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III- ന്റെ അദ്ധ്യക്ഷനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി V-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി VIII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII- ന്റെ അദ്ധ്യക്ഷനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(5) സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ശ്രീ.രാജു എബ്രഹാം: സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ മുഖ്യമന്ത്രിക്കുവേണ്ടി സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

(6) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(7) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

12.00 Noon]

# VIII. ഗവൺമെന്റ് പ്രമേയം

## റബ്ബർ മേഖലയുടെ സംരക്ഷണം

ശ്രീ. കെ. എം. മാണി: സർ, ഈ പ്രമേയത്തെ സ്വാഗതം ചെയ്യുകയാണ്. പക്ഷെ ഈ പ്രമേയം ഏത് റൂൾ അനുസരിച്ചാണ് അവതരിപ്പിക്കുന്നതെന്ന് ക്വാട്ട് ചെയ്തിരുന്നുവെങ്കിൽ ഞങ്ങൾക്ക് എളുപ്പമാകുമായിരുന്നു. എത്ര സമയത്തെ ചർച്ചയാണ്, ഭേദഗതി അവതരിപ്പിക്കണമോ എന്നെല്ലാം മനസ്സിലാക്കണമെങ്കിൽ ഏത് റൂൾ പ്രകാരമാണ് ബഹുമാനപ്പെട്ട മന്ത്രി ഈ പ്രമേയം അവതരിപ്പിക്കുന്നതെന്ന് പറയേണ്ടതായിരുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ചട്ടം 118-ൽ, ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അംഗത്തിനോ മന്ത്രിക്കോ സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതിയെ സംബന്ധിക്കുന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചട്ടം 118 അനുസരിച്ച് ബഹു. മന്ത്രിക്ക് പ്രമേയം അവതരിപ്പിക്കാം. ചട്ടം 118 അനുസരിച്ചുള്ള പ്രമേയമാണ് അവതരിപ്പിക്കുന്നതെന്ന് നേരത്തേ അറിഞ്ഞെങ്കിൽ ഞങ്ങൾക്കതിന് ഭേദഗതി കൊടുക്കാൻ സാധിക്കുമായിരുന്നു. ചട്ടം 300 അനുസരിച്ചാണെങ്കിൽ ഞങ്ങൾക്ക് അതുമായി ബന്ധപ്പെട്ട് സംസാരിക്കാനാകില്ല. ഈ പ്രമേയം ചട്ടം 118 പ്രകാരമായതുകൊണ്ട് അങ്ങയുടെ അധികാരം വിനിയോഗിച്ച് അത് വേവ്ചെയ്ത് ഞങ്ങൾക്ക് ഭേദഗതി സമർപ്പിക്കാനുള്ള സാവകാശം നൽകണം.

മി. സ്പീക്കർ: ഈ പ്രമേയം സർക്കുലേറ്റ് ചെയ്യുകയും അതിന്റെ ഭാഗമായി ഭേദഗതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ……(മൈക്ക് ഓഫ്)…… ഭേദഗതി കൊടുക്കാനുള്ള അംഗങ്ങളുടെ അവകാശം നിഷേധിക്കരുത്.

മി. സ്പീക്കർ: ഭേദഗതി നൽകാനുള്ള അംഗങ്ങളുടെ അവകാശത്തിന്മേൽ ഇടപെട്ടിട്ടില്ല. ഭേദഗതി തരാനുള്ള അവകാശമാണ് ശ്രീ. കെ. സി. ജോസഫ് ഉപയോഗപ്പെടുത്തിയത്.

ശ്രീ. മോൻസ് ജോസഫ്: സർ, ……(മൈക്ക് ഓഫ്)…… ഞങ്ങൾക്ക് കിട്ടിയിട്ടില്ല.

മി. സ്പീക്കർ: ആർക്കെങ്കിലും നിർബന്ധമായും ഭേദഗതി അവതരിപ്പിക്കണമെന്നുണ്ടെങ്കിൽ പ്രമേയം അവതരിപ്പിച്ചശേഷം വാക്കാൽ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. കെ. സി. ജോസഫിന് മാത്രമായി പ്രമേയം കൊടുത്തിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ……(മൈക്ക് ഓഫ്)…… ചട്ടലംഘനം നടത്തിയിട്ട് വീണ്ടും തർക്കിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഞാൻ പറഞ്ഞത് അങ്ങയുടെ തൊട്ടടുത്തിരിക്കുന്ന ശ്രീ. കെ. സി. ജോസഫ് തന്നിരിക്കുന്ന ഭേദഗതി എന്റെ കയ്യിലുണ്ടെന്നാണ്. അത് അദ്ദേഹം ഏത് ചട്ടപ്രകാരമാണ് തന്നതെന്ന് അറിയാമല്ലോ. നിങ്ങളെല്ലാം ഞങ്ങളെക്കാൾ സീനിയറും മന്ത്രിമാരുമായിരുന്നവരുമാണ്. അങ്ങേയ്ക്ക് ഇതറിയാം.

ചട്ടം 118 അനുസരിച്ചാണ് പ്രമേയം അവതരിപ്പിക്കാനുദ്ദേശിക്കുന്നത്. ഈ പ്രമേയം കഴിഞ്ഞദിവസം അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയത്തിന് മറുപടിയായി സർക്കാർ പറഞ്ഞതനുസരിച്ചുള്ളതാണ്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടും സർക്കാർ പ്രമേയമായി ഇത് അവതരിപ്പിക്കുമ്പോൾ അതിനൊരു ഔപചാരികതയുണ്ടാകുമെന്നതിനാലുമാണ് ചട്ടം 118 അനുസരിച്ച് പ്രമേയം അവതരിപ്പിക്കാൻ അനുമതി തേടിയത്. അത് പ്രകാരമാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്.

“ 1995-ൽ ലോക വാണിജ്യ കരാർ നിലവിൽ വന്നതുമുതൽ ഇന്ത്യയും ഈ കരാറിൽ അംഗമാണ്. സ്വാഭാവിക ഉണക്ക റബ്ബറിന് അന്ന് ഇന്ത്യ അംഗീകരിച്ച കൂടിയ ചുങ്കം 25% ആയിരുന്നു. 25% ചുങ്കമോ 30 രൂപയോ ഏതാണ് കുറവ് എന്നതാണ് സ്വാഭാവിക റബ്ബറിന് ഇന്ത്യ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം. ലോക

വ്യാപാര കരാറിനുശേഷം റബ്ബർ മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രഹരമേൽപ്പിച്ച ഒരു കരാറാണ് ഇന്ത്യ-ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ. പ്രസ്തുത കരാറിൽ അംഗങ്ങളായ മലേഷ്യ, തായ്‌ലാൻഡ്, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങൾ സ്വാഭാവിക റബ്ബറിന്റെ വൻ ഉത്പാദകരും സ്വാഭാവിക റബ്ബറിന്റെ ഉത്പാദന ചെലവ് കുറഞ്ഞ രാജ്യങ്ങളുമാണ്. പ്രസ്തുത രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി നടക്കുന്നുണ്ട്.

റബ്ബർ വിലയിടിവ് നേരിടുവാൻ ഇറക്കുമതി നിയന്ത്രണം ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾ ആവശ്യമായതിനാൽ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ യഥാസമയം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മേക്ക് ഇൻ ഇന്ത്യയിൽ റബ്ബർ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തടയുക, സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം കൂട്ടുന്നതിനായി കയറ്റുമതി സബ്‌സിഡി അനുവദിക്കുക, വിലയിടിവ് തടയുന്നതിനായി താങ്ങുവില പ്രഖ്യാപിക്കുക എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങളടങ്ങിയ നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെ മാത്രമാണ് ഇറക്കുമതി താൽക്കാലികമായി തടഞ്ഞിരുന്നത്.

എന്നാൽ ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധത കാരണം ഇറക്കുമതി ചുങ്കം 25%-ത്തിലധികം വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും രാജ്യത്ത് നിലവിലുള്ള ഉൽപ്പാദന ഉപഭോഗ സാഹചര്യം കാരണം വൻതോതിലുള്ള കയറ്റുമതിക്ക് സാധ്യതയില്ലെന്നും കച്ചവടനിയന്ത്രണവും നേരിട്ടുള്ള സംഭരണവും വഴി സ്വതന്ത്ര വിപണിയിൽ ഇടപെട്ട് സ്വാഭാവിക റബ്ബറിന് ഉയർന്ന നിരക്കിലുള്ള താങ്ങുവില നിശ്ചയിക്കുകയെന്നത് ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധതയുമായി ഒത്തുപോകാത്തതിനാൽ ആയത് പ്രായോഗികമല്ലെന്നും കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് വിവിധ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ചുള്ള നിർദ്ദേശത്തിൽ മാത്രമാണ് കേന്ദ്ര സർക്കാരിൽനിന്ന് അനുകൂല പ്രതികരണമുണ്ടായിട്ടുള്ളത്. അതുതന്നെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പരിശോധനയ്ക്ക് നൽകാമെന്ന് മാത്രമാണ് പറഞ്ഞിരിക്കുന്നത്.

റബ്ബർ വിപണിയിലെ അനിശ്ചിതാവസ്ഥ പരിഗണിച്ച് കർഷകന് ന്യായവില ഉറപ്പാക്കുന്നതിനുവേണ്ടി വിഭാവന ചെയ്ത് 2015-16 സാമ്പത്തികവർഷം മുതൽ സംസ്ഥാന സർക്കാർ വളരെ കാര്യക്ഷമമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വ്യത്യാസമനുസരിച്ചുള്ള തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറി വരുന്നു. സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യമാണ്.

ഈ സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ ജീവനോപാധിയായ റബ്ബറിന് ന്യായവില ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്നും ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുവാൻ വാണിജ്യ കരാറുകളിൽ അനുവദിച്ചിട്ടുള്ള വ്യവസ്ഥകൾ ഉപയോഗപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബറിനെ ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ബോക്സിൽ ഉൾപ്പെടുത്തണമെന്നും ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിന് ഡബ്ല്യു.ടി.ഒ. ഉൾപ്പെടെയുള്ള കരാറുകളിൽ അംഗീകരിച്ചിട്ടുള്ള സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്നും ആർ.സി.ഇ.പി. കരാറുൾപ്പെടെ സ്വാഭാവിക റബ്ബറിനെ സംരക്ഷിക്കുവാൻ 'നെഗറ്റീവ് ലിസ്റ്റ്' അഥവാ സംരക്ഷിത ഉൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്തണമെന്നും കർഷകർക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ ദേശീയനയം രൂപീകരിക്കണമെന്നും റബ്ബർ ആക്ട് പിൻവലിക്കുകയോ കർഷകദ്രോഹ നടപടികൾ അതിൽ ഉൾപ്പെടുത്തുകയോ ചെയ്യരുതെന്നും റബ്ബർ ബോർഡ് നിർത്തലാക്കുകയോ സ്വാഭാവിക റബ്ബറിന്റെ ഏറ്റവും കൂടുതൽ ഉൽപ്പാദനം നടത്തുന്ന കേരളത്തിൽനിന്ന് റബ്ബർ ബോർഡിന്റെ ആസ്ഥാനമന്ദിരം അന്യസംസ്ഥാനത്തേയ്ക്ക് മാറ്റുകയോ ചെയ്യരുതെന്നും റീജിയണൽ ഓഫീസുകൾ നിർത്തലാക്കുകയും കൂട്ടിയോജിപ്പിക്കുകയും ചെയ്ത നടപടി പിൻവലിച്ച് റീജിയണൽ ഓഫീസുകൾ പുനഃസ്ഥാപിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

പ്രമേയത്തിന്റെ അവസാനത്തെ വരിയിൽ "കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്നതിനുപകരം "കേന്ദ്ര സർക്കാരിനോടും, സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ട് പ്രകാരം കിലോയ്ക്ക് 150 രൂപയായി നിശ്ചയിച്ച സംഭരണവില, ഉല്പാദനച്ചെലവും ആഗോള മാർക്കറ്റിലെ മാന്ദ്യവും കണക്കിലെടുത്ത് 200 രൂപയായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു" എന്ന് ചേർക്കുക.

ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഈ പ്രമേയത്തിന്റെ ഉള്ളടക്കം കേരളത്തിന്റെ പൊതുവികാരമാണ്. കേരളത്തിലെ പ്രധാനപ്പെട്ട നാണ്യവിളയായ റബ്ബറിനോട് കടുത്ത അവഗണനയാണ് കേന്ദ്രം ഇന്ന് വച്ചുപുലർത്തുന്നത്. കേരളത്തിലെ റബ്ബർ ബോർഡിന്റെ ഓഫീസുകൾ നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകളുൾപ്പെടെയുള്ള ജീവനക്കാരെ ത്രിപുര, ആസാം എന്നിവിടങ്ങളിലേയ്ക്ക് സ്ഥലം മാറ്റുകയാണ്. അതുപോലെതന്നെ റബ്ബറിനുള്ള ആനുകൂല്യങ്ങളും സബ്സിഡിയും വെട്ടിക്കുറയ്ക്കുന്നു. ഈ പ്രമേയത്തിൽ 'റബ്ബർ ബോർഡിന്റെ ആസ്ഥാന മന്ദിരം മാറ്റുന്നു' എന്നല്ല, 'ആസ്ഥാനം മാറ്റുന്നു' എന്നുപറയണം. കാരണം, മന്ദിരം മാറ്റാൻ പറ്റില്ലല്ലോ. 'റബ്ബർ ബോർഡിന്റെ ആസ്ഥാന മന്ദിരം' എന്നുള്ളത് തിരുത്തണം. കേന്ദ്ര സർക്കാരിനോട് ഇത്രയും കാര്യങ്ങൾ ചെയ്യാൻ പറയുമ്പോഴും കേരളം ചെയ്യേണ്ട കാര്യങ്ങളിൽ അങ്ങ് മൗനം പാലിക്കുകയാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി റബ്ബർ വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിക്കുമ്പോൾ റബ്ബറിന്റെ വില 85 രൂപയായിരുന്നു. 65 രൂപ സബ്സിഡി കൊടുത്താണ് 150 രൂപയായി വില നിശ്ചയിച്ചത്. ആ 150 രൂപ ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. കേന്ദ്ര സർക്കാരിനോട് നമ്മൾ ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ സംസ്ഥാന സർക്കാർ വിലസ്ഥിരതാ ഫണ്ട് പ്രകാരം കിലോയ്ക്ക് 150 രൂപയായി നിശ്ചയിച്ച സംഭരണവില ഉല്പാദനച്ചെലവും ആഗോള മാർക്കറ്റിലെ മാന്ദ്യവും കണക്കിലെടുത്തുകൊണ്ട് 200 രൂപയായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു എന്ന് വരണം. നന്മ ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നമ്മളും നന്മ ചെയ്യണം. ഇത് സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്. അതുകൊണ്ട് ഈ പ്രമേയത്തിന്റെ അവസാന ഭാഗത്ത് റബ്ബറിന്റെ വില സ്ഥിരതാഫണ്ടിലെ വില 150-ൽ നിന്ന് 200 ആക്കുന്നു എന്നുകൂടി ചേർക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ പ്രമേയത്തിൽ, 'റീജിയണൽ ഓഫീസുകൾ നിർത്തലാക്കുന്നതിനുള്ള നീക്കം പ്രതിഷേധാർഹമാണെന്നും ഈ നടപടിയിൽനിന്ന് കേന്ദ്ര വാണിജ്യ വകുപ്പ് അടിയന്തരമായി പിന്മാറണമെന്നും അഭ്യർത്ഥിക്കുന്നു' എന്നുകൂടി ചേർക്കണം. റബ്ബർ ബോർഡിന്റെ ഹെഡ് ഓഫീസ് എന്റെ മണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ വലിയ സമരം നടക്കുകയാണ്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ ഓഫീസ് മാറ്റുന്നു, ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റുന്നു. കേരളത്തിന്റെ പൊതുവായ ഹൃദയ വികാരം കേന്ദ്രത്തെ അറിയിക്കുന്നതിനുവേണ്ടി ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ധനകാര്യമന്ത്രിയായിരിക്കുമ്പോൾ 65 രൂപ നഷ്ടം സഹിച്ചാണ് റബ്ബറിന്റെ സംഭരണവില പ്രഖ്യാപിച്ചത്. ഇപ്പോഴും അത്രയും നഷ്ടം സഹിച്ചാൽ മതി. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ സംഭരണവില 200 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നു. റബ്ബറിന് 125 രൂപയോളം മാർക്കറ്റിൽ കിട്ടുന്നുണ്ട്. 25 രൂപയേ സർക്കാരിന് നഷ്ടപ്പെടുന്നുള്ളൂ. ഇപ്പോളത് 129 രൂപയോളം വന്നിട്ടുണ്ട്. 20-21 രൂപയേ ഇപ്പോൾ നഷ്ടം വരികയുള്ളൂ. മുൻസർക്കാർ 85 രൂപയോളം നഷ്ടം സഹിച്ചാണ് കൊടുത്തിരുന്നത്. 200 രൂപയായി വിലസ്ഥിരതാ ഫണ്ട് മാറ്റുകയെന്നുള്ളത് അത്യാവശ്യമാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ പൊതുവായി റബ്ബറിന്റെ വില 200 രൂപ എന്നാണ് വന്നിട്ടുള്ളത്. ഒരു റബ്ബർതൈ നട്ടാൽ പത്താമത്തെ വർഷമാണ് ആദായം കിട്ടുന്നത്. ഒരേക്കർ റബ്ബർ കൃഷി ചെയ്യണമെങ്കിൽ ലക്ഷക്കണക്കിന് രൂപ മുടക്കണം. ആ സാഹചര്യത്തിൽ നിർബന്ധമായും 200 രൂപയെങ്കിലും കിട്ടിയേ മതിയാകൂ. വില നിശ്ചയിക്കുമ്പോൾ റബ്ബർ പാലിന്റെ വില നിശ്ചയിച്ചാൽ മാത്രം പോരാ. അതിന്റെ ഉല്പാദനച്ചെലവ് കണക്കാക്കുമ്പോൾ വസ്തുവിനൊരു വിലയുണ്ട്, ആ വില കിട്ടണ്ടേ; ആ വിലയുടെ പലിശയെങ്കിലും കണക്കാക്കിയാൽ പ്രശ്നം പരിഹരിക്കപ്പെടും. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെപ്പറ്റി നല്ല അഭിപ്രായമാണ് എനിക്കുള്ളത്. പക്ഷെ, 200 രൂപ എന്നത് കുറയ്ക്കാൻ ശ്രമിച്ചാൽ അങ്ങയെപ്പറ്റി നല്ലത് പറയാൻ കഴിയാതെ പോകും. വില 200 രൂപയെന്ന് തീരുമാനിക്കണമെന്ന ഭേദഗതി അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫിന്റെ ഭേദഗതിക്കെതിരെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഒരു തടസ്സവാദം എഴുതി നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് അത് ഉന്നയിക്കാവുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ഭേദഗതി അവതരിപ്പിക്കുന്നതിനുമുമ്പ് ഈ തടസ്സവാദം പറയണമായിരുന്നു. പൊതുവികാരമെന്ന നിലയിൽ അവതരിപ്പിക്കുന്നതിൽ എനിക്ക് തർക്കമില്ല. ഞാൻ ഉന്നയിക്കാൻ ഉദ്ദേശിച്ച ആശയം ഒരു കടുത്ത സാങ്കേതിക വാദമല്ല. നിയമസഭ പ്രമേയം പാസ്സാക്കിയാൽ അത് നിയമസഭയുടെ പ്രമേയമാണ്. ഇത് സംസ്ഥാന സർക്കാർ അവതരിപ്പിക്കുന്ന ഒരു പ്രമേയമാണ്. സംസ്ഥാന സർക്കാരിനോടുതന്നെ ഒരു നിവൃത്തി ചോദിച്ചുകൊണ്ട് സർക്കാരിന്റെ

പ്രതിനിധിയായ മന്ത്രി ഒരു പ്രമേയം അവതരിപ്പിക്കുന്നതിൽ അഭംഗിയുണ്ട്, അത് ചട്ടവിരുദ്ധമാണ്. പക്ഷെ ഇവിടെ പറഞ്ഞ വികാരത്തോട് യോജിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കുന്ന ഒരു പ്രമേയത്തിൽ സംസ്ഥാന സർക്കാർ ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്നുള്ള നിർദ്ദേശം വരുന്നത് അനൗചിത്യമാണ്. അത് ശ്രീ. കെ. സി. ജോസഫിന് മനസ്സിലാകുമെന്ന് കരുതുന്നു. രണ്ടാമത്തെ വിഷയം, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയം 1995-ലെ ലോക വാണിജ്യ കരാർ, 2009-ലെ ആസിയാൻ കരാർ തുടങ്ങി കേന്ദ്ര ഗവൺമെന്റ് എടുത്ത നടപടികൾ...., എന്നതിൽ തുടങ്ങി റബ്ബർ ബോർഡിന്റെ ആസ്ഥാന മന്ദിരം അന്യസംസ്ഥാനത്തേയ്ക്ക് മാറ്റാൻ പാടില്ലായെന്നും അത് ഇവിടെത്തന്നെ നിലനിർത്തണമെന്നുള്ളതുമാണ്... എന്നു പറഞ്ഞാണ് അവസാനിച്ചത്. സംസ്ഥാന സർക്കാർ ചെയ്യേണ്ട ഒരു വിഷയം ഈ പ്രമേയത്തിൽ ചേർക്കുമ്പോൾ മൂലപ്രമേയത്തിന്റെ വിഷയത്തിന്റെ പരിധിക്കപ്പുറത്താണ് ബഹുമാന്യരായ കെ.സി. ജോസഫും മാണിസാറും മോൻസ് ജോസഫും തിരുവഞ്ചൂർ രാധാകൃഷ്ണനും അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ. അത് സംസ്ഥാന സർക്കാർ പരിഗണിക്കേണ്ട മറ്റൊരു വിഷയമാണ്. യോജിച്ച് ഒരു പ്രമേയം പാസ്സാക്കുന്ന വിഷയമെന്ന നിലയിൽ ഇക്കാര്യത്തിൽ എന്തുചെയ്യണമെന്ന് ശ്രീ. കെ. സി. ജോസഫ് തീരുമാനിക്കണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയല്ല. സഭയുടെ സെൻസ് ഇതാണ്. സഭയുടെ സെൻസ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു, കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അത് ഞങ്ങളുടെ അവകാശമാണ്. അതിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ല.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സംസ്ഥാന സർക്കാരിലെ ഒരു മന്ത്രിയാണ് പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന ഒരു പ്രമേയമാണിത്. കേന്ദ്ര സർക്കാർ നയാപൈസ തരുന്നില്ല. 200 രൂപ എന്ന ഓറൽ അമെന്റ്മെന്റ് ദൗർഭാഗ്യവശാൽ പ്രചരണത്തിനുവേണ്ടിയുള്ള ഒരു ഭേദഗതിയായിപ്പോയി. അത് ഈ പ്രമേയത്തിലല്ല വേണ്ടത്. കേന്ദ്രത്തിലെ വിലസ്ഥിരതാ ഫണ്ടുകൂടി വാങ്ങി 200 രൂപ കൊടുക്കണമെന്ന് മാറ്റുകയാണെങ്കിൽ അത് ന്യായമാണ്. ഇന്നലെ കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശം റബ്ബർ ഇറക്കുമതിയിൽ കേന്ദ്ര സർക്കാരിനുള്ള നിയന്ത്രണം പൂർണ്ണമായും എടുത്തുകളയാൻ പോകുന്നു എന്നതാണ്. അത് പാടില്ല. അതോടുകൂടി ഓപ്പൺ മാർക്കറ്റിൽ റബ്ബർ വരികയാണ്. അക്കാര്യംകൂടി ഈ പ്രമേയത്തിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതിയുടെ സത്തയോട് വിയോജിപ്പുണ്ടായിട്ടില്ല. ശ്രീ. കെ. സി. ജോസഫ് 'ആസ്ഥാന മന്ദിരം' എന്നുള്ളത് 'ആസ്ഥാനം' എന്നാക്കി ഭേദഗതി ചെയ്യണമെന്നാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നടപടികളിൽ കേരളത്തിന്റെ പ്രതിഷേധം അറിയിക്കണം. നമ്മൾ കയ്യും കാലും പിടിക്കുന്ന രീതിയിൽ നിയമസഭയിൽ പ്രമേയം പാസ്സാക്കരുത്. നമ്മുടെ അന്തസ്സ് ഉയർത്തിപ്പിടിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രതിഷേധത്തിന്റെ ഒരു വാക്ക് ഇതിനകത്ത് ചേർക്കുന്നതുകൊണ്ട് വിരോധമില്ല. സംസ്ഥാന നിയമസഭയുടെ പ്രതിഷേധത്തിലാണല്ലോ ഈ പ്രമേയം അവതരിപ്പിക്കുന്നത്. എങ്കിൽപ്പോലും അങ്ങ് പറഞ്ഞതുപോലെ പ്രതിഷേധം അറിയിക്കുകയും അത് പിൻവലിക്കാൻ പാടില്ലെന്ന് പറയുകയും ചെയ്യുന്ന രീതിയിൽ തന്നെയാണ് വന്നിരിക്കുന്നത്. അതുംകൂടി ചേർക്കുന്നതാണ്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞ പ്രധാനപ്പെട്ട പ്രശ്നം 200 രൂപയാക്കുക എന്നുള്ളതാണ്. ഈ പ്രമേയത്തിൽ സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യമാണെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീ. കെ. എം. മാണി മന്ത്രിയായിരിക്കെ സംസ്ഥാന സർക്കാർ ഏകപക്ഷീയമായി ആരംഭിച്ച ഒരു പദ്ധതിയാണിത്. വാസ്തവത്തിൽ ഈ വിലയിടിവിന് കാരണക്കാർ കേന്ദ്ര സർക്കാരാണ്. ഇപ്പോൾ ആർ.സി.ഇ.പി. കരാർകൂടി വന്നാൽ ചുങ്കരഹിതമായി പൂർണ്ണമായും ഇറക്കുമതി ചെയ്യാൻ പോകുന്ന ഒരു ഇനമാണ് റബ്ബർ. സംസ്ഥാന സർക്കാരും ജനങ്ങളും ഈ അടിസ്ഥാന പ്രശ്നങ്ങളിലേയ്ക്ക് ഒറ്റക്കെട്ടായി പിൻപോയിന്റ് ചെയ്യേണ്ട സമയത്ത് സംസ്ഥാന സർക്കാർ ചെയ്യുന്ന സഹായം പോരാ എന്നുകൂടി ചേർത്ത് മന്ത്രിയെക്കൊണ്ടുതന്നെ പ്രമേയം അവതരിപ്പിക്കുന്നത് അനൗചിത്യമാണ്. നേരത്തെ ഇതുസംബന്ധിച്ച് അടിയന്തരപ്രമേയവും ശ്രദ്ധ ക്ഷണിക്കലും അവതരിപ്പിച്ചിരുന്നു. ശ്രീ. പി. സി. ജോർജ്ജും ശ്രീ. മോൻസ് ജോസഫുമടക്കമുള്ള എല്ലാവരും തുക വർദ്ധിപ്പിക്കണമെന്ന വിഷയം ഉന്നയിച്ചതാണ്. ഈ പ്രമേയം കേന്ദ്രത്തിലേയ്ക്ക് മാത്രമുള്ള ഒരു പ്രമേയമെന്ന നിലയിലാണ് സംസ്ഥാന സർക്കാർ അവതരിപ്പിക്കുന്നത്. അതുകൊണ്ട് തുക വർദ്ധിപ്പിക്കുന്നതിന് സർക്കാർ എതിരാണെന്ന നിലയിലുള്ള വ്യാഖ്യാനമുണ്ടാകുന്നത് ശരിയല്ല. സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്ന രീതിയിലേയ്ക്ക് ഈ പ്രമേയം

വരുന്നത് പ്രമേയത്തിന്റെ ഫോക്കസ് നഷ്ടപ്പെടാൻ ഇടയാക്കും. ഇന്ന് ഇന്ത്യയിൽ 90 ശതമാനം റബ്ബറുല്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. ആസിയാൻ കരാറിന്റെയും വരാൻപോകുന്ന ആർ.സി.ഇ.പി. കരാറിന്റെയും കാര്യത്തിൽ മന്ത്രിതല ചർച്ചയ്ക്ക്മുമ്പ് സ്റ്റേറ്റുകൾക്കുകൂടി അഭിപ്രായം പറയാൻ അവസരമുണ്ടാകണമെന്നുള്ളതാണ് സംസ്ഥാനം ആവശ്യപ്പെട്ടിരിക്കുന്നത്. കാരണം, ഈ വിഷയം കാര്യമായി ബാധിക്കുന്നത് കേരളത്തെയാണ്. നമ്മുടെ അഭിപ്രായങ്ങളൊന്നുംതന്നെ അവർ മനസ്സിലാക്കുന്നില്ല. ഇത്തരം നിരവധി കാര്യങ്ങളടങ്ങുന്ന ഒരു കത്ത് കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ട് ആ കത്തിന് ആകെ കിട്ടിയിരിക്കുന്ന മറുപടി റബ്ബറൈസ്ഡ് റോഡുകളുടെ നിർമ്മാണത്തിന് റബ്ബറുപയോഗിക്കാൻ ആലോചിക്കുന്നുവെന്നും അത് വിദഗ്ദ്ധ സമിതി പരിശോധിക്കുന്നുവെന്നുള്ളതുമാണ്.

സഭ അറിയാൻവേണ്ടി ഒരു കാര്യംകൂടി പറയുകയാണ്, വരുംദിവസങ്ങളിൽ കേരളത്തിലേയ്ക്ക് പാമോയിൽ ഇറക്കുമതി ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു കത്ത് സർക്കാരിന് ലഭിച്ചിരിക്കുകയാണ്. പാമോയിൽ ഇറക്കുമതി ചെയ്യുന്നതിലുള്ള സർക്കാരിന്റെ അഭിപ്രായമാണ് ചോദിച്ചിരിക്കുന്നത്. കേരളത്തിലെ പോർട്ടുകളിലേയ്ക്ക് പാമോയിൽ ഇറക്കുമതി ചെയ്യുന്നതിനെതിരെ നിരവധി സമരങ്ങളുണ്ടായിട്ടുണ്ട്. അതിനെത്തുടർന്ന് കേസും നടന്നു. സുപ്രീം കോടതിയിലടക്കം പോയി കേസ് നടത്തി ആ തീരുമാനം തെറ്റാണെന്ന് പറഞ്ഞതിനുശേഷം വീണ്ടും ബി.ജെ.പി. സർക്കാർ രാഷ്ട്രീയമായി അത് മാറ്റാൻ തീരുമാനമെടുത്തപ്പോൾ ബഹു. മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും അതിനെതിരായി കത്തയച്ചിട്ടുണ്ട്. സഭയിൽ ചർച്ച ചെയ്യാൻപോലും സമയം കിട്ടിയില്ല. ഇനിയിത് നാളികേര കൃഷിക്കാരെയും ബാധിക്കാൻപോകുന്ന നില വരികയാണ്. കേന്ദ്ര സർക്കാർ നിരന്തരമായി കാർഷിക മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഈ ജനവിരുദ്ധ നയങ്ങൾക്കെതിരായി നമ്മളൊറ്റക്കെട്ടായി നിൽക്കേണ്ടതാണ്. ഇവിടെ ഒരഭിപ്രായവ്യത്യാസവും നമുക്കുണ്ടാകേണ്ട കാര്യമില്ല.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഈ അടിയന്തര സാഹചര്യം മുൻനിർത്തി ഒരു സർവ്വകക്ഷി നിവേദകസംഘം ഡൽഹിയിലേയ്ക്ക് പോകാമെന്ന് സഭയിൽ പറഞ്ഞിട്ട് കുറേ ദിവസങ്ങളായി. അങ്ങനെയാണെങ്കിൽ അടിയന്തരമായി ഡൽഹിയിലേയ്ക്ക് അഖിലകക്ഷിസംഘം പോയി കേന്ദ്ര സർക്കാരിനെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തണം.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ അഭിപ്രായം മാനിച്ചുകൊണ്ട് ചോദിക്കുകയാണ്, വിലസ്ഥിരതാ ഫണ്ടിനാവശ്യമായ തുക അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ പാടില്ലേ; സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വില സ്ഥിരതാഫണ്ട് പ്രകാരം കിലോയ്ക്ക് 150 രൂപയായി നിശ്ചയിച്ച സംഭരണവില ഉല്പാദനച്ചെലവും ആഗോളമാർക്കറ്റിലെ മാന്ദ്യവും കണക്കിലെടുത്ത് 200 രൂപയായി വർദ്ധിപ്പിക്കാനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന കാര്യം ഇവിടെ ഉൾപ്പെടുത്താം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, രണ്ടാമത്തെ പേജിലെ അവസാനത്തെ വരിയിൽ ഭേദഗതി വരുത്തിക്കൊണ്ട് അത് ചേർക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. എം. മാണി പറഞ്ഞതുപോലെ കഴിഞ്ഞതവണ ഈ വിഷയം ചർച്ച ചെയ്തപ്പോൾ സർവ്വകക്ഷി നിവേദകസംഘം പോകാമെന്ന് പറഞ്ഞതാണ്. അതിനുള്ള നടപടി സ്വീകരിക്കണം. കേന്ദ്രത്തിനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. മേയ്ക്ക് ഇൻ ഇന്ത്യയിൽ ഉൾപ്പെടുത്താമെന്നും നയം രൂപീകരിക്കാമെന്നും ഇപ്പോൾ പ്രധാനമന്ത്രി പറഞ്ഞു. പക്ഷെ യാതൊന്നും അവർ ചെയ്യുന്നില്ല. സംസ്ഥാനത്തെ റബ്ബർ കർഷകരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനുമുണ്ട്. റബ്ബറിന്റെ വില 80 രൂപയായപ്പോൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ് അത് 150 രൂപയാക്കിയത്. ഇപ്പോൾ വില കുറഞ്ഞുകൊണ്ടിരിക്കുന്ന സമയമാണ്. മാത്രമല്ല, മലേഷ്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ ഇപ്പോൾ ടാപ്പിംഗ് ആരംഭിച്ചുകഴിഞ്ഞു. അപ്പോൾ വീണ്ടും വില കുറയാനുള്ള സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് വിലസ്ഥിരതാ ഫണ്ട് 200 രൂപയാക്കണമെന്ന ആവശ്യം കേന്ദ്രത്തിന്റെകൂടി സഹായത്തോടെ നടപ്പാക്കുക എന്നുള്ള നിലയിലേയ്ക്ക് വരുന്നതായിരിക്കും അഭികാമ്യമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീ. കെ. സി. ജോസഫിന്റെ ഓറൽ അമെന്റ്മെന്റുകൂടി ചേർത്ത് ഭേദഗതി വരുത്തണം.

ശ്രീ. സി. എഫ്. തോമസ്: സർ, 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ആവശ്യമായ ധനസഹായം നൽകണമെന്നാണ് ആവശ്യപ്പെടേണ്ടത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, 200 രൂപ എന്ന് പറയേണ്ട. കേന്ദ്രം 200 രൂപയിൽ കൂടുതൽ തരികയാണെങ്കിൽ നല്ലതല്ലേ; വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാൽ പോരേ, ഇത്ര തുകയെന്ന് പറയാതിരിക്കുന്നതാണ് നല്ലത്.

ശ്രീ. കെ. എം. മാണി : സർ, വർദ്ധിപ്പിക്കണമെന്ന് പറഞ്ഞാൽ 10 രൂപ വർദ്ധിപ്പിച്ചാൽ പോരാ, 200 രൂപയെങ്കിലും വർദ്ധിപ്പിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സഭ പൊതുവായി റബ്ബർ കൃഷിക്കാരുടെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന ആത്മാർത്ഥമായ സമീപനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങ് പറഞ്ഞ പ്രതിഷേധം ഇതിൽ സൂചിപ്പിക്കുന്നുണ്ട്. ഏറ്റവും ചുരുങ്ങിയത് 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ സഹായിക്കണമെന്ന ഭേദഗതി ഇതിൽ ചേർക്കുന്നുണ്ട്. 'ആസ്ഥാനമന്ദിരം' എന്നത് 'ആസ്ഥാനം' എന്നാക്കി മാറ്റുന്നുണ്ട്. ഈ രീതിയിൽ ഈ പ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്നതിനുമുമ്പായി കർഷകരുടെ മീറ്റിംഗ് സഭ കഴിഞ്ഞയുടനെ വിളിച്ചുചേർക്കുമെന്ന് പറഞ്ഞിരുന്നു. ആ മീറ്റിംഗ് കഴിഞ്ഞതിനുശേഷം സർവ്വകക്ഷി സംഘം പോകാമെന്നാണ് സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നത്.

ശ്രീ. സണ്ണി ജോസഫ് : സർ, പലതവണ ചർച്ച നടത്തിയതല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷിക്കാരുമായി ചർച്ച ചെയ്യേണ്ടതുണ്ട്. റബ്ബർ കൃഷിക്കാരുടെ സംഘടനകൾ പലതും നിവേദനം തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് യോഗം വിളിക്കാൻ തീരുമാനിച്ചത്. സഭ പൊതുവായി ആലോചിച്ച് അതിനുമുമ്പ് പോകണമെന്നുണ്ടെങ്കിൽ അങ്ങനെ ആലോചി ക്കാവുന്നതാണ്. ഇതിൽ തർക്കിക്കേണ്ട വിഷയങ്ങളില്ല. നമുക്ക് എല്ലാവർക്കും ഇക്കാര്യത്തിൽ ഒറ്റ അഭിപ്രായമേയുള്ളൂ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതിചെയ്ത പ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

ഭേദഗതികൾ സഭ അംഗീകരിച്ചു; ഭേദഗതിചെയ്തപ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## IX. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,02,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,01,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 68,25,64,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,04,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 46,48,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,10,43,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,64,97,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,02,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,00,01,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അവരവരുടെ വകുപ്പിലുള്ള ഉപധനാഭ്യാർത്ഥന അവതരിപ്പിക്കുമ്പോൾ ആ വകുപ്പുമന്ത്രിമാർ വേണ്ടേ? Moral obligation അല്ലേ? അതിവിടെ പ്രെസന്റ് ചെയ്യാനെങ്കിലും അവർ ഉണ്ടാകണ്ടേ; അങ്ങ് ഇക്കാര്യത്തിൽ ഡയറക്ഷൻ കൊടുക്കണം; റൂളിംഗ് ഉണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, മുൻ സർക്കാരിന്റെ കാലത്ത് തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വകുപ്പിലുള്ള ഉപധനാഭ്യർത്ഥന അവതരിപ്പിച്ചത് ശ്രീ. കെ. സി. ജോസഫാണ്.

<u>മി. സ്പീക്കർ</u>: ചട്ടപ്രകാരം മന്ത്രിമാർക്ക് വേറൊരാളെ represent ചെയ്യാനുള്ള അവകാശമുണ്ട്. അങ്ങയുടെ moral obligation എന്ന വാക്ക് മനസ്സിലാക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,01,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 357,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 165,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ സർക്കാർ അഭിമാനിക്കാൻ വകനൽകുന്ന എന്ത് കാര്യമാണ് ചെയ്തതെന്ന് ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇന്നലെ ചോദിക്കുകയുണ്ടായി. സർ, അഭിമാനികൾക്ക് മാത്രമേ അഭിമാനിക്കാൻ വകയുള്ളൂ. യു.ഡി.എഫ്.-ന് അങ്ങനെ പറയാനെന്താണ് അവകാശം? നഷ്ടപ്പെട്ടുപോയ ഒരു വർഷം എന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി ഇന്നലെ പറഞ്ഞത്. നഷ്ടപ്പെട്ടുപോയ വർഷമല്ല, കേരളത്തിന്റെ ഗതകാലപ്രതാപം വീണ്ടെടുക്കുന്ന ഒരു വർഷമാണ്

കടന്നുപോയത്. കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി ഒട്ടേറെ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. " A journey of thousand miles begins with a single step" എന്നൊരു ചൈനീസ് പഴമൊഴിയുണ്ട്. കേരളത്തിൽ ഒരു വർഷക്കാലം നടന്ന കാര്യങ്ങളെ ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്? ഇന്ത്യയിലെ അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് centre for media studies-ന്റെ സർവ്വേ കണ്ടെത്തിയിരിക്കുകയാണ്. ക്രമസമാധാനപാലനത്തിൽ ഇന്ത്യാടുഡേ ഏറ്റവും മികച്ച സംസ്ഥാനമായി തെരഞ്ഞെടുത്തത് കേരളത്തെയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം പൊള്ളയായ വാഗ്ദാനങ്ങൾ മാത്രമാണ് കേട്ടത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരിക്കലും നടക്കില്ലെന്ന് കരുതിയ പദ്ധതികൾ യാഥാർത്ഥ്യമാകാൻ പോവുകയാണ്. ദേശീയപാതാ വികസനം സംബന്ധിച്ച് ചർച്ച ചെയ്യാൻ കഴിഞ്ഞ അഞ്ച് വർഷക്കാലം മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം ചായ കുടിച്ച് പിരിയുകയല്ലാതെ എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിഞ്ഞോ? ഈ സർക്കാർ ഉത്തരകേരളത്തിൽ 45 മീറ്റർ വീതികൂട്ടി ഹൈവേ വികസിപ്പിക്കാനുള്ള ടെണ്ടർ നടപടികളിലേയ്ക്ക് കടന്നിരിക്കുകയാണ്.

കേരളത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്നതാണ് ഗ്യാസ് പൈപ്പ് ലൈൻ. നിങ്ങളുടെ കാലത്ത് ഒരു കിലോമീറ്റർ പൈപ്പിടാൻ കഴിഞ്ഞോ? ഒരാഴ്ചയ്ക്കകം 131 കിലോമീറ്റർ പൈപ്പിടൽ ആരംഭിക്കാൻ പോകുകയാണ്; അതിന്റെ കരാർ ആയിക്കഴിഞ്ഞു. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ കോർത്തിണക്കിക്കൊണ്ട് മലയാളികളുടെ ഒരു സ്വന്തം ബാങ്ക് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികളായി. കൊച്ചി മെട്രോ മാത്രമല്ല വാട്ടർ മെട്രോ ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായും വെളിയിട വിസർജ്ജ്യവിമുക്ത സംസ്ഥാനമായും കേരളത്തെ മാറ്റാൻ ഒരു വർഷം കൊണ്ട് ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം ഭരണത്തിന്റെ പേരിൽ ഇവിടെ നടന്നത് വെറും പൊറാട്ട് നാടകമല്ലേ? അതിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ആടിത്തിമിർത്തു, അതിനെ പ്രോത്സാഹിപ്പിക്കാൻ ഫോൺ വിളിച്ച് എം.എൽ.എ.-മാരുമുണ്ടായിരുന്നു; അത്തരം കാര്യങ്ങളെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല.

ഇപ്പോൾ പ്രതിപക്ഷാംഗങ്ങൾക്ക് ഉന്നയിക്കാൻ വിഷയമുണ്ടോ? അടിയന്തരപ്രമേയത്തിന് വിഷയമില്ലാതെ ഇരുട്ടിൽ തപ്പുന്നതല്ലേ ഇവിടെ കാണുന്നത്. ഉദ്യോഗസ്ഥർ തമ്മിൽ തർക്കമാണെന്ന വിഷയമാണ് ഇന്നിവിടെ

അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ സ്ഥിതി എന്തായിരുന്നു? ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. ഇ. കെ. ഭരത്ഭൂഷനെതിരെ മറ്റൊരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ; ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കിടയിൽ തമ്മിലടി. അന്ന് അത് സംബന്ധിച്ച് സഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നത് ശ്രീ. മാത്യു ടി. തോമസാണ്. അന്ന് എന്തെല്ലാം പ്രശ്നങ്ങളുണ്ടായിരുന്നു? ആ സ്ഥിതി ഇന്നുണ്ടോയെന്ന് ചിന്തിക്കണം.

ഈ സർക്കാർ നൂറ് വർഷമാണ് മുന്നിൽ കാണുന്നത്. മണ്ണ്, മനുഷ്യൻ, വായു, ആകാശം, വെള്ളം എന്നിവയെല്ലാം നവീകരിക്കാനുതകുന്ന ഒരു സമഗ്രമായ പദ്ധതിക്കാണ് സർക്കാർ തുടക്കംകുറിച്ചിരിക്കുന്നത്. കൃഷിയാണ് നമ്മുടെ അടിത്തറ. കൃഷിയെക്കുറിച്ച് തിരുക്കുറളിലെ 1033-ാം ശ്ലോകത്തിൽ അദ്ധ്യായം 104-ൽ

"ഉഴുതുണ്ട് വാഴ്വാരേ വാഴ്വാർ മറ്റെല്ലാം

തൊഴുതുണ്ട് പിൻചെൽപവർ"

എന്ന് പറയുന്നുണ്ട്. എല്ലാവർക്കുംവേണ്ടി കൃഷിചെയ്ത് ജീവിക്കുന്നവനാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്. ആ തിരുക്കുറളിലെ വാക്കുകൾ കേരളത്തിന്റെ മണ്ണിൽ അന്വർത്ഥമാകാൻ പോകുകയാണ്. കാർഷികരംഗത്ത് വലിയൊരു മുന്നേറ്റമുണ്ടാകാൻ പോകുന്നു. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തരിശിട്ട 15000 ഏക്കർ ഭൂമി പുതുതായി കൃഷി ചെയ്യാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസമാണ് ആറന്മുള അരി വിപണിയിലിറക്കിയത്. യു.ഡി.എഫ്.-കാർക്ക് വേണമെങ്കിൽ ഓരോ കിലോ അരി ഫ്രീയായി നൽകാൻ തയ്യാറാണെന്ന് ഞാൻ അറിയിക്കുകയാണ്.

അതുപോലെയാണ് വിദ്യാഭ്യാസരംഗം. വളരെ പ്രസിദ്ധമായ ഒരു ചൈനീസ് പഴമൊഴിയുണ്ട്. "നിങ്ങൾ ഒരു വർഷമാണ് മുന്നിൽ കാണുന്നതെങ്കിൽ നിങ്ങൾ ഒരു വിത്തിടുക. പത്ത് വർഷമാണ് നിങ്ങൾ മുന്നിൽ കാണുന്നതെങ്കിൽ നിങ്ങളൊരു തൈ നടുക. നൂറ് വർഷമാണ് നിങ്ങൾ മുന്നിൽ കാണുന്നതെങ്കിൽ ഒരു തലമുറയെ പഠിപ്പിക്കുക" എന്നാണ്. വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന മാറ്റത്തെ ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ഒരു വർഷം എന്ത് ചെയ്തുവെന്ന് ചോദിക്കുന്നവരോട് ഞങ്ങൾ പറയുന്നു, ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ്, നാല് മണ്ഡലങ്ങൾ സമ്പൂർണ്ണമായും ഹൈടെക്കായി. 'എയർ കേരള' എന്നൊക്കെയുള്ള പ്രഖ്യാപനങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലം കേട്ടു. പക്ഷേ ഒന്നും നടന്നില്ല. അതുകൊണ്ട് യു.ഡി.എഫ്. എം.എൽ.എ.-മാരെ, ഞങ്ങളുടെ ചെലവിൽ ഈ നാല് മണ്ഡലങ്ങളിലും കൊണ്ടുപോകാം. ഈ നാല് മണ്ഡലങ്ങളും സമ്പൂർണ്ണമായി ഹൈടെക്കാണ്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം സമ്പൂർണ്ണമായും ഹൈടെക്കാക്കുന്ന സംസ്ഥാനമായി കേരളം മാറുകയാണ്.

അശ്ലീലം, അഴിമതി, അധാർമ്മികത, അഹങ്കാരം, അസാന്മാർഗ്ഗികത എന്നിവ പൊതുജീവിതത്തിന്റെ അടയാളമാക്കി കേരളരാഷ്ട്രീയത്തെ ജീർണ്ണതയുടെ നിലയില്ലാക്കയത്തിലേയ്ക്ക് മുക്കിത്താഴ്ത്തിയ യു.ഡി.എഫ്.-നെ കുഴിച്ചുമൂടി പുതിയൊരു രാഷ്ട്രീയ സംസ്കാരം ഉയർത്തിക്കൊണ്ടുവരികയാണ് ഈ സർക്കാർ ചെയ്തത്. പണ്ട് സ്വാമി വിവേകാനന്ദൻ യൂറോപ്പിൽ പോയപ്പോൾ ഒരു സായ്പ് വിവേകാനന്ദനെ നോക്കി പരിഹസിച്ചു. അപ്പോൾ വിവേകാനന്ദസ്വാമി പറഞ്ഞു, " In your country tailor makes gentleman; in my country culture makes gentleman." അതാണ് ഞങ്ങളിവിടെ ചെയ്യുന്നത്. കഴിഞ്ഞ അഞ്ച് വർഷം എന്തായിരുന്നു? ഇസ്തിരിയിട്ട വെള്ള വസ്ത്രമിട്ടിട്ട് യാതൊരു കാര്യവുമില്ല, ഉള്ളിൽ വിശുദ്ധിയും നന്മയും പ്രവൃത്തിയിൽ സത്യസന്ധതയും വേണം. സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ കേരളത്തിന്റെ ഏറ്റവും മഹത്തായ സംസ്കാരം വീണ്ടെടുക്കാനാണ് ഈ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

സ്വാശ്രയത്തിന്റെ കാര്യത്തിൽ നിങ്ങളുടെ നിലപാടെന്താണ്? സ്വാശ്രയ വിഷയവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ, സർക്കാരിന് അക്കാര്യത്തിൽ ഒട്ടേറെ പരിമിതികളുണ്ടെന്നറിയാമെന്ന് ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു. നിങ്ങളുടെ നിലപാടെന്താണ്? എനിക്കുശേഷം സംസാരിക്കുന്നത് ശ്രീ. കെ. സി. ജോസഫാണ്. ശ്രീ. ഉമ്മൻ ചാണ്ടി പറയുന്നതാണോ ശ്രീ. രമേശ് ചെന്നിത്തല പറയുന്നതാണോ നിങ്ങളുടെ നിലപാട്. സ്വാശ്രയ വിഷയത്തിൽ നിങ്ങൾക്കെന്തെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നോ? ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ സംസ്ഥാന സർക്കാർ 2006-ൽ കൊണ്ടുവന്ന നിയമത്തിന്റെ പ്രധാനപ്പെട്ട വ്യവസ്ഥകൾ സുപ്രീംകോടതി ഇല്ലാതാക്കിയപ്പോൾ വേണമെങ്കിൽ അന്ന് കേന്ദ്രത്തിന് നിയമം കൊണ്ടുവരാമായിരുന്നു. അന്ന് കേന്ദ്രവും കേരളവും ഭരിച്ചത് നിങ്ങളാണ്. നിങ്ങൾക്ക് ഈ കാര്യത്തിൽ ഒരാത്മാർത്ഥതയുമില്ല.

അതുപോലെയാണ് റബ്ബറിന്റെ കാര്യം. ആസിയാൻ കരാർ ഒപ്പുവച്ചത് ആരാണ്? തമിഴ്നാട്ടിലൊക്കെ ആരെങ്കിലും മരിച്ചാൽ കരയാനായി ആളുകളെ വാടകയ്ക്ക് കൊണ്ടുവരും. അതുപോലെയാണ് റബ്ബറിന്റെ പേരിൽ ഇവിടെ കുറേ ആളുകൾ ചില പേക്കൂത്തുകൾ കാണിക്കുന്നത്. റബ്ബറിന്റെ കാര്യത്തിൽ നിങ്ങൾക്ക് എന്ത് ആത്മാർത്ഥതയാണുള്ളത്? ബഹുമാന്യനായ ശ്രീ. പി. ടി. തോമസ് ഉൾപ്പെടെ പിന്തുണ കൊടുത്ത യു.പി.എ. സർക്കാരാണ് ആസിയാൻ കരാറിൽ ഒപ്പുവച്ചത്. ആസിയാൻ കരാർപ്രകാരം 25 ശതമാനം തീരുവ ചുമത്താം; ബൗണ്ട് റേറ്റ് കൂട്ടാൻ പാടില്ല. പക്ഷേ കുറയ്ക്കാതിരിക്കാനെങ്കിലും ശ്രമിക്കാമായിരുന്നു. 25

ശതമാനം തീരുവ 20 ശതമാനമായി കുറച്ചത് യു.പി.എ. സർക്കാരാണ്. എന്നിട്ടിപ്പോൾ റബ്ബർ, റബ്ബർ എന്ന് മാറത്തടിച്ച് നിലവിളിക്കുകയാണ്. കേരളത്തിൽ നിങ്ങൾ ഈ പൊറാട്ട് നാടകം കളിക്കുന്നത് ആരെ ബോധ്യപ്പെടുത്താനാണ്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മേഖലയിലും മാറ്റമുണ്ടാകുകയാണ്. വളരെ ശക്തമായൊരു ഭരണമാണ് ഇവിടെ നടക്കുന്നത്. തിരുക്കുറളിലെ 384-ാം ശ്ലോകത്തിൽ

"അരനിഴ്ക തല്ലവൈ നീക്കി മറനിഴ്ക
മാനം ഉടയത് അരസ്സ് "

എന്നാണ് പറയുന്നത്. തനിക്ക് പറഞ്ഞിട്ടുള്ള ന്യായത്തിൽനിന്നും മാറാതെ ന്യായമറ്റ ക്രൂരതകൾ തന്റെ നാട്ടിൽ നടക്കാതെ നോക്കി സർവ്വവീര്യത്തോടെ അഭിമാനത്തെ ഉയർത്തിപ്പിടിക്കുന്നവനാണ് ഭരണാധികാരി എന്നാണ്. സഖാവ് പിണറായി വിജയന്റെ ഭരണം ഈ കേരളത്തിലെ ജനങ്ങൾ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. തെറ്റ് ചെയ്തവർ ആരായാലും മുഖംനോക്കാതെ നടപടിയെടുക്കുകയാണ്. അല്ലാതെ തെറ്റ് ചെയ്തത് ഗൺമാൻ ആണെങ്കിൽ അദ്ദേഹത്തിന് ഒരു നീതി, മറ്റുള്ളവർക്ക് മറ്റൊരു നീതി എന്നുള്ളതല്ല. സലിംരാജ് കള്ള പ്രമാണമുണ്ടാക്കി മറ്റുള്ളവരുടെ ഭൂമി തട്ടിയെടുക്കാൻ ശ്രമിച്ചതിന് ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ അന്നത്തെ അഡ്വക്കേറ്റ് ജനറലിന്റെ നിലപാട് നമ്മൾ കണ്ടതല്ലേ? ഇപ്പോഴുള്ളത് അത്തരമൊരു സ്ഥിതിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ദിവസങ്ങൾക്കുള്ളിൽ ജിഷയുടെ ഘാതകരെ അറസ്റ്റ് ചെയ്തു. സിനിമാനടിയെ പീഡിപ്പിച്ചവരെ അഴിക്കുള്ളിലാക്കി. പീഡിപ്പിച്ച അച്ഛനും മദ്രസ അദ്ധ്യാപകനും അകത്തായി. വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടിയായി. മദ്രസയിൽ കയറി അദ്ധ്യാപകനെ കൊന്ന വർഗ്ഗീയവാദികളെ മണിക്കൂറുകൾക്കകം കൂട്ടിലാക്കാൻ കഴിഞ്ഞു. സ്വാശ്രയ കച്ചവടക്കാരുടെ മൂക്കിൽ കയറിടാനുള്ള സമഗ്രമായൊരു നിയമനിർമ്മാണത്തിന് കേരളത്തിൽ വഴിയൊരുക്കുകയാണ്.

ഇവിടെ ജിഷ്ണു പ്രണോയിയെക്കുറിച്ച് പറഞ്ഞു. ജിഷ്ണു പ്രണോയിയുടെ കുടുംബത്തോട് നീതിപുലർത്താനാണ് ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയെ ഈ സർക്കാർ നിയോഗിച്ചിരിക്കുന്നത്. ഈ സർക്കാർ മുന്നേറുമ്പോൾ സർക്കാരിനെതിരായി വിവാദങ്ങളുണ്ടാക്കുകയാണ്. ആരൊക്കെയാണ് ഒന്നിച്ചത്? എവിടെ ബി.ജെ.പി. ഉണ്ടോ അവിടെ യു.ഡി.എഫ്. ഉണ്ട്, എവിടെ യു.ഡി.എഫ്. ഉണ്ടോ അവിടെ ബി.ജെ.പി. ഉണ്ട്. ലാ അക്കാഡമിയുടെ മുന്നിൽ രണ്ടുപേരെയും

കണ്ടു. ജിഷ്ണു പ്രണോയിയുടെ വിഷയം വന്നപ്പോൾ ഹർത്താൽ പ്രഖ്യാപിക്കാൻ രണ്ടുപേരും ഒന്നിച്ചു. വയനാട് ഹർത്താലിന്റെ കാര്യത്തിലും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒന്നിച്ചു. ഇങ്ങനെയായാൽ കെ.പി.സി.സി. ഓഫീസിനും മാരാർ ജി ഭവനും രണ്ട് ഓഫീസിന്റെ ആവശ്യമുണ്ടോ; ഒരു ഓഫീസ് പോരേ? ഇന്നലെ കോൺഗ്രസിന്റെ ഒരു സാമാജികൻ ഇവിടെ പ്രസംഗിച്ചത് ആരുടെ ഭാഷയിലാണെന്ന് നമ്മൾ ചിന്തിക്കണം. ഇത് ഗുണകരമാണോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, നാളെ യുവമോർച്ചയും യൂത്ത് കോൺഗ്രസും ഒന്നിച്ച് മാർച്ച് വച്ചിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഇന്നലെ ദേവസ്വം വകുപ്പുമന്ത്രി കൊണ്ടുവന്ന ഒരു ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പറവൂർ അംഗം ഒരു പ്രസംഗം നടത്തി. യഥാർത്ഥത്തിൽ ബി.ജെ.പി.-ക്ക് എന്തിനാണ് ഒന്നിലേറെ അംഗം? ഒരു സതീശനുണ്ടായാൽ പോരേ; എന്തൊരു പ്രസംഗമായിരുന്നു; അഷ്ടമി രോഹിണി സമയത്ത് ബി.ജെ.പി.-ക്കാരും ആർ.എസ്.എസ്.-കാരും എല്ലാകാലത്തും ശോഭായാത്ര നടത്തുന്നതിന് സി.പി.ഐ(എം) പബ്ലിസിറ്റി കൊടുക്കുകയാണെന്നാണ് പറയുന്നത്. നിങ്ങൾ കണ്ണൂരിലേയ്ക്ക് വരണം; ആർ.എസ്.എസ്.-നുമുന്നിൽശക്തമായ അഭിപ്രായം പറയണം. ആർ.എസ്.എസ്.-ന്റെ മനുഷ്യത്വവിരുദ്ധമായ അജണ്ട തുറന്നുകാണിക്കണം. അതിന് നിങ്ങൾക്ക് കഴിയില്ല. അതുകൊണ്ടാണ് കോൺഗ്രസ്സ് അഖിലേന്ത്യാടിസ്ഥാനത്തിൽ ഉപ്പുവച്ച കലം പോലെയായത്. നെഹ്റുവിന്റെയും വല്ലഭായ് പട്ടേലിന്റെയും സുഭാഷ് ചന്ദ്രബോസിന്റെയും നാട്ടിൽ കോൺഗ്രസ്സുണ്ടോ; കോൺഗ്രസ്സിന് ഈ ഗതി വന്നതെന്തുകൊണ്ടാണ്? പകൽ കോൺഗ്രസ്സ്, രാത്രി ബി.ജെ.പി.; കോൺഗ്രസ്സ് എന്ന് ഇത്തരത്തിലുള്ള അസംബന്ധം അവസാനിപ്പിക്കുന്നുവോ അന്നേ നിങ്ങൾ രക്ഷപ്പെടുകയുള്ളൂ. നിങ്ങൾ നശിച്ചുപോകണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ; പക്ഷെ നിങ്ങളെ രക്ഷിക്കാൻ ദൈവത്തിനുപോലും കഴിയില്ല. അതാണ് നിങ്ങളുടെ അവസ്ഥ. പാർലമെന്റിൽ ശ്രീ. നരേന്ദ്രമോദിയുടെ മുന്നിൽ എഴുന്നേറ്റ്നിന്ന് കാര്യമായി നാല് വർത്തമാനം പറയാൻ കഴിയുന്ന ഒരു നേതാവിനെ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുണ്ടോ? അത്രയ്ക്ക് ദയനീയമാണ് നിങ്ങളുടെ സ്ഥിതി.

കേരളം ഇൻഡ്യയ്ക്ക് വഴികാട്ടുകയാണ്. ഈ സർക്കാർ 5 വർഷമല്ല, 100 വർഷം കേരളം ഭരിക്കും. അതിനുള്ള അടിത്തറയാണ് ഇവിടെ ഒരുങ്ങുന്നത്. അതുകൊണ്ട് അതിൽ അസഹിഷ്ണുത കാണിക്കേണ്ട യാതൊരു കാര്യവുമില്ല. 1989-ൽ ബാബറി മസ്ജിദിൽ ശിലാസ്ഥാപനം നടത്താൻ അനുമതി കൊടുത്തത് നിങ്ങളല്ലേ? ബി.ജെ.പി.-യെ രണ്ടിൽ നിന്ന് ഇത്രയും നമ്പരിലേയ്ക്ക്

ഉയർത്തിയതിന് ഉത്തരവാദി കോൺഗ്രസ്സാണ്. ഇനിയെങ്കിലും നിങ്ങൾ ഈ നയം തിരുത്തണം. രാജ്യത്തിന്റെ യാഥാർത്ഥ്യങ്ങൾ കണ്ണും കാതും തുറന്ന് മനസ്സിലാക്കി നേർവഴിയിലേയ്ക്ക് വരൂ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ ശക്തമായി പിന്തുണയ്ക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, നേരത്തെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിമാരുടെ അസാന്നിദ്ധ്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ പ്രധാനപ്പെട്ട ഉപധനാഭ്യർത്ഥനയെ സംബന്ധിച്ച ചർച്ച നടക്കുമ്പോൾ ഗ്യാലറി ശൂന്യമാണ്. ബഹുമാനപ്പെട്ട സ്പീക്കർ പലതവണ റൂളിംഗ് നൽകിയിട്ടും അതിന് യാതൊരു വിലയും കൽപ്പിക്കുന്നില്ല. ഉദ്യോഗസ്ഥർപോലും ഹാജരാകുന്നില്ലെങ്കിൽ ആർക്ക് കേൾക്കാനാണ് ഈ ചർച്ച നടത്തുന്നത്. ഇതുസംബന്ധിച്ച് അങ്ങ് ശക്തമായ റൂളിംഗ് നൽകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: .....യെസ്.... ഇത് ഗൗരവമായിത്തന്നെ എടുക്കുന്നു. നിരവധി പ്രാവശ്യം റൂളിംഗ് നൽകിയിട്ടുള്ള വിഷയമാണിത്. തീർച്ചയായും ആവശ്യമായ നടപടിയെടുക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ വിവാദങ്ങളിൽ മുങ്ങിക്കുളിച്ച സർക്കാരാണിത്; ഒരു non-performing Government. സർക്കാരിന്റെ ഒന്നാം വാർഷികദിനത്തിൽ മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനം കാണാനിടയായി. "അധികാരം, അഴിമതി, അനാശാസ്യത എന്നിവ കൂടിക്കലർന്ന് രൂപപ്പെട്ട അത്യന്തം ജീർണ്ണമായ രാഷ്ട്രീയ സാഹചര്യത്തിൽനിന്നും രാഷ്ട്രീയരംഗത്തെ ശുദ്ധീകരിക്കാൻ ഒരു വർഷംകൊണ്ട് കഴിഞ്ഞു" എന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. അനാശാസ്യത, സ്വജനപക്ഷപാതം, അഴിമതി എന്നിവയുടെ പേരിൽ ഒരു കൊല്ലത്തിനിടയിൽ രണ്ട് മന്ത്രിമാർ പുറത്തുപോയ സർക്കാരാണ് നാടിനെ ശുദ്ധീകരിച്ചെന്ന് പറയുന്നത്. അങ്ങയുടെ ചങ്കൂറ്റം സമ്മതിക്കേണ്ടതാണ്. ഇങ്ങനെ പറയുമ്പോൾ കേരളത്തിലെ ജനങ്ങൾ അങ്ങയെ പരിഹസിക്കുകയാണ്. കേരളം ഭരിച്ച ഒരു സർക്കാരിന്റെ കാലത്തും ആദ്യത്തെ ഒരു വർഷം ഇത്രയേറെ വിവാദപൂർണ്ണമായിരുന്നില്ല. 1957-ലെ ഇ.എം.എസ്. സർക്കാർ മുതലുള്ള എല്ലാ സർക്കാരുകളുടെയും ആദ്യത്തെ ഒരു കൊല്ലം നല്ല സമയമാണ്. എന്നാൽ ഈ സർക്കാരിന് വിവാദങ്ങളിൽ മുങ്ങിക്കുളിച്ച് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. സാധാരണ ജനങ്ങളെപ്പോലും നിരാശരാക്കിയ ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ സാധിക്കില്ല. ഒരു കൊല്ലം കഴിഞ്ഞപ്പോൾ നിയമവാഴ്ച തകരുകയും രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിക്കുകയും അരി വിതരണം തകരാറിലാകുകയും ഉദ്യോഗസ്ഥതലത്തിൽ അഴിമതി വർദ്ധിക്കുകയും

ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇന്ന് രാവിലെയുണ്ടായ അടിയന്തരപ്രമേയം ഉദ്യോഗസ്ഥർ തീരുമാനങ്ങളെടുക്കുന്നില്ല എന്നത് സംബന്ധിച്ചായിരുന്നു. സെക്രട്ടേറിയറ്റിൽ എല്ലാം ഭംഗിയായി നടക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ ഒരു ഫയലും നീങ്ങുന്നുമില്ല; ഉദ്യോഗസ്ഥർ തീരുമാനമെടുക്കുന്നുമില്ല. കാരണം, ഉത്തമവിശ്വാസത്തോടെ തീരുമാനമെടുത്താൽ അവരെ ഡിഫന്റ് ചെയ്യാൻ സർക്കാരില്ല. അവരെ വിജിലൻസ് കുറ്റപ്പെടുത്തുന്നു, പീഡിപ്പിക്കുന്നു. അതുകൊണ്ട് ഫലത്തിൽ ഇന്ന് ഉദ്യോഗസ്ഥർ ഫയലുകളിന്മേൽ തീരുമാനമെടുക്കാതെ മാറ്റിവയ്ക്കുകയാണ്;

സ്റ്റേറ്റ് പോലീസ് ചീഫ് ശ്രീ. ടി. പി. സെൻകുമാർ സുപ്രീംകോടതിയിൽ പോയി കേസ് നടത്തി ജയിച്ച് പോലീസ് ചീഫായി. ഇപ്പോൾ അദ്ദേഹത്തിന്റെ ഉത്തരവുകളെല്ലാം മരവിപ്പിക്കുകയാണ്. ഒരു ക്ലാർക്കിനെയോ പ്യൂണിനെയോ മാറ്റുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന പോലീസ് തലവന്റെ ഉത്തരവിൽപ്പോലും ഇടപെട്ട് തടയുന്ന നിങ്ങൾ 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട് വാശി' കാണിക്കുകയാണ്. ഈ ഭരണത്തിന് ദിശാബോധമില്ല. മുഖ്യമന്ത്രിയുടെ 'ദുരിതാശ്വാസസഹായം' 'കാരുണ്യ ചികിത്സാ' പദ്ധതി എന്നിവ പൂർണ്ണമായി സ്തംഭിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ ചോദ്യോത്തരവേള കഴിഞ്ഞാൽ രാവിലെ ഒമ്പതര മണി മുതൽ മുഖ്യമന്ത്രിയുടെ കസേരയുടെ ചുറ്റും ഓരോ അപേക്ഷ കൊടുക്കാൻ എം.എൽ.എ.-മാരുടെ സംഘമുണ്ടാകും. എന്നാൽ ഇന്ന് ഒരാളെയും കാണാനില്ല. മാത്രമല്ല, അപേക്ഷ കൊടുത്താൽ ഒരു മാസം കഴിയുമ്പോൾ പരിശോധിക്കാമെന്ന് പറഞ്ഞ് മറുപടി കിട്ടും. തീരുമാനങ്ങളെടുക്കാതെ എല്ലാം മാറ്റിവയ്ക്കുന്ന സർക്കാരായി ഈ സർക്കാർ മാറിയിരിക്കുകയാണ്. മുഖ്യമന്ത്രി മാധ്യമങ്ങളിൽനിന്നും അകൽച്ച പാലിക്കുന്നു. ക്യാബിനറ്റ് തീരുമാനങ്ങൾപോലും ബ്രീഫ് ചെയ്യുന്നില്ല. ക്യാബിനറ്റിൽ എന്ത് തീരുമാനമെടുത്തെന്ന് അറിയാൻ സാധിക്കുന്നില്ല. എന്തിനാണ് ഈ ഒളിച്ചോട്ടം; സർക്കാരിന്റെ പ്രവർത്തനങ്ങളിൽ സുതാര്യത വേണ്ടേ; ക്യാബിനറ്റിന്റെ തീരുമാനം ജനങ്ങളോട് പറയാൻ മുഖ്യമന്ത്രിക്ക് ചുമതലയില്ലേ; പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് പറയാമല്ലോ. മുഖ്യമന്ത്രിതന്നെ പറയണമെന്നില്ല; ഇങ്ങനെ ഒഴിഞ്ഞുമാറുന്നത് ശരിയല്ല?

കഴിഞ്ഞ ഒരു കൊല്ലത്തിനിടയിൽ സമരങ്ങളോടുള്ള നിങ്ങളുടെ സമീപനം എന്തായിരുന്നു? ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയോട് കാണിച്ച ക്രൂരത മാതൃത്വത്തെ തകർക്കുന്നതാണ്. ജിഷ്ണുവിന്റെ അച്ഛൻ ഡി.ജി.പി.-യെ കാണാൻ ഇന്ന് പോയിരിക്കുകയാണ്. മധ്യസ്ഥരെ വിട്ട് ധാരണയുണ്ടാക്കിയിട്ട് അത് പാലിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. എല്ലാ സമരങ്ങളെയും നിങ്ങൾ

അവഗണിക്കാനും അടിച്ചമർത്താനും ശ്രമിക്കുന്നു. 'ലാ അക്കാഡമി സമരം' 'പൊമ്പിളൈ ഒരുമൈ' സമരം എന്നിവയിലെല്ലാം നിങ്ങളുടെ സമീപനം അതാണ്. സൂചികൊണ്ട് എടുക്കാനുള്ളത് തൂമ്പ കൊണ്ടെടുക്കുന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. കഴിഞ്ഞ സർക്കാർ എന്തു ചെയ്തുവെന്ന് ശ്രീ. പിണറായി വിജയൻ ചോദിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കണ്ണൂർ വിമാനത്താവളത്തിന്റെ 80 ശതമാനം പ്രവൃത്തിയും പൂർത്തിയായിരുന്നു. ഇപ്പോൾ അത് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. അതുപോലെ 'കൊച്ചി മെട്രോ' യു.ഡി.എഫ്.-ന്റെ നേട്ടമാണ്. കേരളത്തിലെ വൻകിട ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളെല്ലാം മുമ്പോട്ടുകൊണ്ടുപോയത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. എന്നാൽ കഴിഞ്ഞ ഒരു കൊല്ലമായി ഒരു പദ്ധതിയെങ്കിലും അംഗീകരിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ആകെ പറയുന്ന കാര്യം കിഫ്ബിയാണ്. ഞാൻ കിഫ്ബിക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു. ഒരു കൊല്ലം കഴിയുമ്പോഴും കേരളത്തിലെ സമഗ്ര വികസനത്തിന് ഒരു പദ്ധതി പ്രഖ്യാപിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല എന്നത് നിങ്ങളുടെ പരാജയമാണ്.

പ്രവാസികളാണ് കേരളത്തിന്റെ സമ്പത്ത്. ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 231-ൽ, 'ഈ പശ്ചാത്തലത്തിൽ പ്രവാസിക്ഷേമ പെൻഷൻ 500 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിക്കുന്നു' എന്ന് പ്രഖ്യാപിച്ചു. എന്നാൽ ആനുകൂല്യം വർദ്ധിപ്പിച്ചത് സപ്ലിമെന്ററി ഡിമാന്റിൽ വകയിരുത്തിയിട്ടുണ്ടോ? പ്രഖ്യാപനങ്ങളല്ലാതെ യാതൊന്നും നടക്കാൻ പോകുന്നില്ല. പ്രവാസി സമൂഹം കേരളത്തിലെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. അവരുടെ ഒരു കൊല്ലത്തെ റെമിറ്റൻസ് ഒന്നേകാൽ ലക്ഷം കോടി രൂപയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ച പ്രവാസി പുനരധിവാസ പദ്ധതി പൂർണ്ണമായും വിജയിച്ചില്ലെങ്കിലും കുറേ മുന്നോട്ടുപോയി. എന്നാൽ നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി ക്ഷേമത്തിനുവേണ്ടി എന്തു ചെയ്തു? സൗദി അറേബ്യയിൽ പ്രാദേശികവൽക്കരണം ആരംഭിച്ചിരിക്കുന്നു. അവിടെ ജോലി നഷ്ടപ്പെട്ടവർ മടങ്ങിവരാൻ പോകുന്നു. മടങ്ങിവരുന്നവർക്കെല്ലാം സഹായം കൊടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പറഞ്ഞതല്ലാതെ അവർക്കുവേണ്ടി പൈസ മാറ്റിവച്ചിട്ടുണ്ടോ? കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഏറ്റവും വലിയ സംഭാവന നൽകിയ പ്രവാസി സമൂഹത്തെ അവഗണിക്കുന്ന സർക്കാരാണിത്.

മലയോരവികസന ഏജൻസി കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്. കേരളത്തിലെ മലയോര മേഖലയിലെ 200-ഓളം പഞ്ചായത്തുകൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണത്. അങ്ങ് അത് നിർത്തലാക്കാൻ തീരുമാനിച്ചു. മലയോരത്തിന്റെ സമഗ്രമായ വികസനം

ലക്ഷ്യമാക്കിയ പദ്ധതി എന്തിനാണ് നിർത്തലാക്കുന്നത്? ഇത്തരത്തിൽ സമഗ്രമായ വികസനത്തിന് വിഘാതമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിഴിഞ്ഞം തുറമുഖ പദ്ധതിയെ സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് ഒരു ചോദ്യം ചോദിച്ചു. വിഴിഞ്ഞം തുറമുഖം സംബന്ധിച്ച് സി.&എ.ജി.-യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അവർ നടപടി സ്വീകരിക്കട്ടെ, ഞങ്ങൾക്കൊന്നും ഭയപ്പെടാനില്ല. അന്വേഷണം നടക്കട്ടെയെന്ന് ഞങ്ങൾ ആവർത്തിച്ചു പറയുകയാണ്. മടിയിൽ പൊതിയുള്ളവർ വഴിയിൽ പേടിച്ചാൽ മതി. അന്ന് വിഴിഞ്ഞം പദ്ധതി ആരംഭിച്ചില്ലായിരുന്നുവെങ്കിൽ വിഴിഞ്ഞം ഉണ്ടാകുമായിരുന്നില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലം മുതൽ രണ്ട് പതിറ്റാണ്ടായി ആരംഭിച്ച പദ്ധതിയാണത്. ഈ കാലമത്രയും ഒരു നടപടിയും ഉണ്ടായില്ല. ആരും ടെണ്ടർ എടുക്കുന്നില്ല. 2014-ൽ യു.ഡി.എഫ്. സർക്കാർ ആരംഭിച്ച പദ്ധതി പൂർത്തിയാകാൻ പോകുകയാണ്. ഞങ്ങൾക്കൊന്നും മറച്ചുവയ്ക്കാനില്ല. അന്വേഷണം നടക്കട്ടെ, നടപടി പൂർത്തിയാക്കട്ടെ. ഈ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞതിൽ യു.ഡി.എഫ്. സർക്കാരിന് അഭിമാനമാണുള്ളത്.

മറ്റൊരു കാര്യം, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും രണ്ട് നയമുണ്ടാകാൻ പാടില്ലെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. കിഫ്ബിയിലെ പദ്ധതികൾ അനുവദിക്കുമ്പോൾ ഏകപക്ഷീയമായ നിലപാടാണ് സ്വീകരിക്കുന്നത്. ഭരണകക്ഷി എം.എൽ.എ.-മാർക്ക് മാത്രം ആനുകൂല്യങ്ങൾ വാരിക്കോരി കൊടുക്കുന്നു; പ്രതിപക്ഷത്തെ അവഗണിക്കുന്നു. ഞങ്ങളുടെ മണ്ഡലത്തിൽ വികസനം നടക്കുന്നില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, വികസന പ്രവർത്തനങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ ഇല്ലയോയെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് ചോദിക്കു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങയുടെ മണ്ഡലത്തിലെ പഴയങ്ങാടി-പിലാത്തറ റോഡ് ആരംഭിച്ചത് ആരുടെ കാലത്താണ്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവേചനമില്ലാതെ എല്ലാവരോടും തുല്യമായ പരിഗണന കാണിച്ചു. എന്നാൽ ഇന്നതല്ല സ്ഥിതി. ഞങ്ങളോട് ചോദിക്കുന്നില്ല. ഈ സമീപനം ശരിയല്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, അങ്ങയുടെ മണ്ഡലത്തിലെ പോളിടെക്നിക്കിന് പണം അനുവദിച്ചതാരാണ്?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, പോളിടെക്നിക്കിന് സ്ഥലം അനുവദിച്ചത് ഞങ്ങളാണ്. എന്നാൽ സ്ഥലം നൽകാനെടുത്ത തീരുമാനം ശ്രീ. എ. കെ. ബാലൻ ചെയർമാനായ കമ്മിറ്റി പുനഃപരിശോധനയ്ക്ക് അയച്ചു. ഇതുവരെയും അതിന്റെ ഓർഡർ ആയിട്ടില്ല. ദയവായി ഇത്തരം സമീപനം സ്വീകരിക്കരുത്. കഴിഞ്ഞ കുറേ നാളുകളായി വിവാദങ്ങളിൽപ്പെട്ട് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിയാത്ത ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കെ. രാജൻ:</u> സർ, ശ്രീ. കെ. സി. ജോസഫ് വർഷങ്ങളായി എം.എൽ.എ. ആയിരിക്കുന്ന ഒരാളാണെന്ന് എനിക്കറിയാം. പക്ഷെ ഇത്ര വലിയ തമാശക്കാരനാണെന്ന് എനിക്ക് ഇതുവരെ മനസ്സിലായില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിങ്ങൾ ഉണ്ടാക്കിയ വിപ്ലവമൊക്കെ ഇവിടെ പറഞ്ഞല്ലോ? ഈ സർക്കാരും മുൻ യു.ഡി.എഫ്. സർക്കാരും ഒരു വർഷക്കാലത്തിനിടയിൽ നടത്തിയ നടപടികളെല്ലാം ഞാൻ പരിശോധിച്ചു. അത് ഓരോന്നായി പറയാം. ശ്രീ. കെ. സി. ജോസഫ് പറഞ്ഞു, കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചുറ്റും ആൾക്കൂട്ടമായിരുന്നു എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്നിടത്ത് മാത്രമല്ല പുറത്ത് മറ്റു മന്ത്രിമാർ ഇരിക്കുന്ന സ്ഥലത്തും വലിയ ആൾക്കൂട്ടമായിരുന്നു. ഫ്രാൻസിലെ തെരഞ്ഞെടുപ്പ് കണ്ട് പഠിക്കണമെന്നാണ് എനിക്ക് കോൺഗ്രസ്സുകാരോട് ആഭ്യർത്ഥിക്കാനുള്ളത്. ഫ്രാൻസിൽ 61.5 ശതമാനം വോട്ട് നേടി Emmanuel Macron ജയിച്ചപ്പോൾ നവ ഫാസിസ്റ്റ് കക്ഷിയുടെ നേതാവായിരുന്ന Marine Le Pen-ആണ് തോറ്റത്. അവിടെ കമ്മ്യൂണിസ്റ്റുകാർ ഉൾപ്പെടെയുള്ള ഇടതുപക്ഷ കക്ഷികൾക്ക് മൊത്തം കിട്ടിയത് 19.50 ശതമാനം വോട്ടാണ്. മക്രോമിന് അനുകൂലമായി വോട്ട് ചെയ്തവരിൽ 35 ശതമാനം ആളുകൾ മക്രോമിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരായിട്ടുള്ള പോരാട്ടം നടത്തിയതിന്റെ ഭാഗമായിട്ടുള്ള സമരത്തിൽ പങ്കെടുത്തുവെന്നാണ് പറയുന്നത്. ഇവിടെയാണ് കണ്ടുപഠിക്കേണ്ടത്. നിങ്ങൾ ഒരു ഘട്ടത്തിൽ നിൽക്കക്കള്ളിയില്ലാതെ വീണുപോയപ്പോൾ കോമൺ മിനിമം പ്രോഗ്രാം ഉണ്ടാക്കി. ഇടതുപക്ഷം ഈ രാജ്യത്ത് നടത്തിയ വികസന പ്രവർത്തനങ്ങളുടെ കണക്കെടുത്ത് നിങ്ങൾ നോക്കുന്നത് നന്നായിരിക്കും. അത് കണ്ടു പഠിക്കണമെങ്കിൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിക്കണം. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിച്ചില്ലെങ്കിലും കുഴപ്പമില്ല, ഏറ്റവും ചുരുങ്ങിയത് ഒരച്ഛൻ മകൾക്കയച്ച കത്തുകളെങ്കിലും വായിക്കണം. ഇപ്പോൾ ഒരു പണിയുമില്ലാതെ ഇരിക്കുകയാണ്, ഒരു സമരവുമില്ല. അതുകൊണ്ട് മുസ്ലീം ലീഗുകാർക്കും കോൺഗ്രസുകാർക്കും അതെല്ലാം വായിക്കാം. 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' വായിച്ചാൽ ഈ നാട്ടിൽ എങ്ങനെ രാഷ്ട്രീയ പ്രവർത്തനം നടത്തണമെന്ന് മനസ്സിലാകും. ഒരച്ഛൻ മകൾക്കയച്ച കത്തുകൾ വായിച്ചുനോക്കണമെന്ന് ഞാൻ കോൺഗ്രസുകാരോട് പറയുമ്പോൾ, ജോപ്പൻ സരിതയ്ക്ക് അയച്ച കത്ത് വായിച്ച് തീർന്നിട്ടില്ല, പിന്നെ എങ്ങനെയാണ് നെഹ്റു അയച്ച കത്ത് വായിക്കാൻ പോകുന്നതെന്നാണ് അവർ പറഞ്ഞത്. കേരളത്തിന്റെ രാഷ്ട്രീയപ്രശ്നം പരമമായ ദാരിദ്ര്യമാണെന്നാണ് പറയുന്നത്. ഒരമ്മയുടെ രണ്ട് മുലകൾ പോലെ എപ്പോഴും പാൽ ചുരത്താവുന്ന രണ്ട് പദ്ധതികൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുണ്ട്. ഒന്ന് കിഫ്ബി; മറ്റൊന്ന് കേരള ബാങ്ക്. ഒരിക്കലും ഉറവ വറ്റാത്ത മുലപ്പാൽ പോലെ നിങ്ങൾക്കാവശ്യമായ, ദാരിദ്ര്യം തീർക്കാൻ കഴിയുന്ന രണ്ട് പദ്ധതികളാണ് നടപ്പാക്കാൻ പോകുന്നത്. കേരളത്തിൽ ചങ്കൂറ്റത്തോടെ ഭരിക്കാൻ ഭരണപക്ഷത്ത് ഒരു മുഖ്യമന്ത്രിയേയുള്ളൂ. അത് സഖാവ് പിണറായി വിജയനാണെന്നാണ് എനിക്ക് പറയാനുള്ളത്. പക്ഷെ പ്രതിപക്ഷത്തെ കാര്യമോ,

ഒന്നാമത്തെ നിരയിൽ ഒരു പ്രതിപക്ഷനേതാവും ഒരു ഉപനേതാവുമുണ്ട്. രണ്ടാമത്തെ നിരയിൽ ഒരു പ്രതിപക്ഷ നേതാവും അഞ്ച് ഉപനേതാക്കളുമുണ്ട്. മൂന്നാമത്തെ നിരയാണ് ഏറ്റവും തമാശ, പ്രതിപക്ഷ നേതാവും ഉപനേതാവും മാത്രമല്ല രണ്ട് സ്പീക്കർമാർ കൂടി ഇരിക്കുന്നു. നാലും അഞ്ചും നിര ഞാൻ പറയുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ ആദ്യത്തെ ഒരു വർഷം ഞാൻ ഓർക്കുകയാണ്. നിങ്ങളുടെ കാലത്ത് പ്രോട്ടെം സ്പീക്കർ വോട്ട് ചെയ്ത് സ്പീക്കറെ വിജയിപ്പിച്ച സഭയാണിത്. പ്രോട്ടെം സ്പീക്കർ എന്നെങ്കിലും ഒരു equality ഇല്ലാതെ, ഭരണഘടനയുടെ 180 (1) അനുച്ഛേദത്തിൽ തുല്യമായി വരാതെ വോട്ട് ചെയ്ത ചരിത്രമുണ്ടോ? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പീക്കറെ വിജയിപ്പിക്കാൻ പ്രോട്ടെം സ്പീക്കർ വോട്ട് ചെയ്തു. നിങ്ങൾ ഓർഡിനൻസിനെക്കുറിച്ച് പറഞ്ഞല്ലോ? കഴിഞ്ഞ സർക്കാരിന്റെ ഭരണം ഒരു വർഷം തികഞ്ഞപ്പോൾ 52 ദിവസമാണ് സഭ നടത്തിയത്. 52 ദിവസത്തിനിടയിൽ 30-ലേറെ ഓർഡിനൻസ് കൊണ്ടുവന്നവരാണ് ഇപ്പോൾ ഈ അഭിപ്രായങ്ങൾ പറയുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ 191 ഓർഡിനൻസുകൾ കൊണ്ടു വന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടത്. ഈ നാട് നന്നാക്കാൻ വേണ്ടിയുള്ള ഓർഡിനൻസ് ആയിരുന്നില്ല നിങ്ങൾ കൊണ്ടുവന്നത്. ഈ സർക്കാരിന്റെ ആദ്യത്തെ ഒരു വർഷത്തെക്കുറിച്ചാണ് ഇവിടെ ചർച്ച നടക്കുന്നത്. ആദ്യത്തെ ഒരു വർഷത്തെ 35 ഓർഡിനൻസിൽ 12 ഓർഡിനൻസും കോൺഗ്രസിനും ലീഗ് നേതാക്കന്മാർക്കും സിൻഡിക്കേറ്റ് വീതം വയ്ക്കാനുള്ളതായിരുന്നു. ബാക്കി മൂന്നെണ്ണം സഹകരണ മേഖലയിലെ ജനാധിപത്യത്തെ കൊന്ന് കൊലവിളിക്കാൻ വേണ്ടിയിട്ടുള്ളതായിരുന്നു. യു.ഡി.എഫ്. സർക്കാർ 36 അടിയന്തര പ്രമേയങ്ങൾ 52 ദിവസത്തിനുള്ളിൽ അവതരിപ്പിച്ചു. ഒരു വർഷത്തിനിടയിൽ 200 അൺ-എയ്ഡഡ് സ്കൂളുകൾക്ക് നിങ്ങൾ അംഗീകാരം നൽകി. ഇപ്പോൾ കേരളത്തിൽ മാറ്റമുണ്ട്. കേരളം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വലിയ മുന്നേറ്റത്തിലാണ്. അതിന്റെ ഭാഗമായി 4 പരിപാടികൾ സർക്കാർ പ്രഖ്യാപിച്ചു. 45000 ക്ലാസ് മുറികൾ പുതിയതായി ഹൈടെക് ആക്കുമെന്ന് പ്രഖ്യാപിച്ചു. 2018 മാർച്ച് 31 ആകുമ്പോൾ മണ്ണാർക്കാട് മണ്ഡലത്തിലുൾപ്പെടെ കേരളത്തിലെ 140 മണ്ഡലങ്ങളിലും 8, 9, 10, 11, 12 ക്ലാസുകൾ ഹൈടെക് ആക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുകയാണ്.

ഞാൻ രണ്ടുമൂന്ന് കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 2012 ജൂലൈ 9 കേരള നിയമസഭയിൽ ബഹുമാനപ്പെട്ട അബ്ദുൾ സമദ് സമദാനി നടത്തിയ ഒരു പ്രസംഗത്തെ സംബന്ധിച്ചുള്ളതാണ്. ഭക്ഷ്യസുരക്ഷ ഗുണനിലവാര പരിശോധന അതോറിറ്റിയുടെ പരിശോധനയിൽ ദക്ഷിണേന്ത്യയിൽ കേരളത്തിലാണ് ഏറ്റവും മോശപ്പെട്ട പാൽ വിതരണം ചെയ്യുന്നതെന്ന കണ്ടെത്തൽ ഗൗരവമായി കാണണമെന്നും മായവും മാലിന്യവും

കലർന്ന ഭക്ഷണം സമൂഹത്തെ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണെന്നുമാണ് അദ്ദേഹം പ്രസംഗിച്ചത്. കേരളത്തിൽ മൃഗപരിപാലന രംഗത്ത് അത്ഭുതകരമായ മാറ്റമുണ്ടാക്കിയ സർക്കാരാണിത്. എസ്.എൻ.എഫ്. (Solid not Fat) 8.5 ആയി നിൽക്കുമ്പോൾ 3 ശതമാനം ഫാറ്റ് മതിയെന്നു പറഞ്ഞ് കേരളത്തിൽ മായമില്ലാത്ത പാൽ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയ സർക്കാരാണിത്.

1.00 PM]

2012 ജൂലൈ 10-ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നടത്തിയ ഒരു പ്രസംഗമുണ്ട്. 'ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു, വയനാട് ജില്ലയിൽ ഈ വർഷം ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു' എന്നാണ്. എവിടെയാണ് മെഡിക്കൽ കോളേജ് വന്നത്? ഇത് അവതരിപ്പിച്ച് ആറ് വർഷം കഴിഞ്ഞിട്ടും മെഡിക്കൽ കോളേജ് വന്നില്ല. അതുപോലെ, 2012 ജൂലൈ 10-ന് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ആനാട് പഞ്ചായത്തിൽ നാഗച്ചേരി, കല്ലടക്കുന്ന് അശോകൻ-രേണുക ദമ്പതിമാരുടെ മകൾ കീർത്തിയെ 9-7-2012-ന് പ്രസവത്തിനായി തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും തുടർന്ന് മരിക്കാൻ ഇടയാകുകയും ചെയ്ത സംഭവത്തെക്കുറിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അതും അന്വേഷിച്ച് ഉത്തരവാദികൾക്കെതിരെ നടപടിയെടുത്തിട്ടില്ല. 'ആർദ്രം' പദ്ധതിയിലൂടെ കേരളം ആരോഗ്യമേഖലയിൽ അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കാനുള്ള ഇടപെടൽ നടത്തുകയാണ്. 2012 ജൂലൈ 9-ന് ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ പറയുന്നത്, " 2011-ൽ 38 വ്യവസായ സ്ഥാപനങ്ങളിൽ 31 എണ്ണവും ലാഭത്തിലാക്കാൻ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന് കഴിഞ്ഞു എന്നാണ്. ഇപ്പോൾ 18 ആയി കുറഞ്ഞിരിക്കുകയാണ്. 'ടെൽക്കി'-നെ ഇന്ത്യയുടെ മാതൃകാ സ്ഥാപനങ്ങളിൽ ഒന്നാക്കി മാറ്റാനും സ്മാർട്ട് സിറ്റി കരാർ പുതുക്കി തത്തുല്യമായ മൂന്ന് സ്മാർട്ട് സിറ്റി ഉറപ്പുവരുത്താനും കഴിയുന്നവിധത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്താനും കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്" എന്നാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ മറുപടിയെന്താണ്? സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ 18 അല്ല, 19 എണ്ണമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നാണ്. എൽ.ഡി.എഫ്. ഉള്ളപ്പോൾ എത്രയാണ്? മുപ്പത്തിയൊന്ന്, ഇപ്പോഴത്തെ സ്ഥിതി നിങ്ങൾ മനസ്സിലാക്കണ്ടേ? ശ്രീ. എ. സി. മൊയ്തീൻ കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ കേരളത്തിൽ ലാഭത്തിലായ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം എട്ടിൽനിന്നും പതിമൂന്നാക്കാൻ

കഴിഞ്ഞു. കേരളത്തിന്റെ സഞ്ചിതനഷ്ടം 131 കോടി രൂപയിൽനിന്നും 70 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യമല്ലേ? കേരളത്തിന്റെ ഭക്ഷ്യവിതരണ രംഗവുമായി ബന്ധപ്പെട്ട്, 2012 ജൂലൈ 20-ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയ ഒരു പ്രധാനപ്പെട്ട പ്രശ്നം, മണ്ണെണ്ണ കമ്പോളവിലയ്ക്ക് വാങ്ങുകയും അതിന്റെ സബ്സിഡി ബാങ്കുകളിലെത്തിക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു എന്നാണ്. അന്ന് യു.പി.എ. സർക്കാരാണ് കേന്ദ്രം ഭരിച്ചിരുന്നത്. ശ്രീ. അനൂപ് ജേക്കബ് പറഞ്ഞ മറുപടി, നെയ്യാറ്റിൻകര, കൊച്ചി താലൂക്കുകളിൽ ഇത് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുകയാണെന്നാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് ഒരു മാസക്കാലത്തിനുള്ളിൽ അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു.

കഴിഞ്ഞ കുറേദിവസങ്ങളായി ഇവിടെ ചർച്ച ചെയ്യുന്ന പ്രധാനപ്പെട്ട കാര്യം ശ്രീ. കാനം രാജേന്ദ്രനും ജനയുഗവുമാണ്. അതിൽ സന്തോഷമുണ്ട്. കേരളത്തിലെ പ്രതിപക്ഷ നേതാക്കൾക്ക് ഓരോ ദിവസവും ജനയുഗം വായിച്ച് ബുദ്ധി കൂടട്ടെ. വേണമെങ്കിൽ ഒരു വാർഷിക വരിസംഖ്യയെടുക്കാം, ജനയുഗത്തിന്റെ വാർഷിക വരിസംഖ്യ അടയ്ക്കുന്ന സമയമാണിപ്പോൾ. നിങ്ങൾക്ക് ഇത്തിരി ബുദ്ധികൂടുകയും ചെയ്യും. ഒരു കാര്യം ഞാൻ പറയാം, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ രാഷ്ട്രീയം പഠിപ്പിക്കാൻ കോൺഗ്രസ്സും മുസ്ലീംലീഗും ഇപ്പോൾ വരേണ്ട. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തായിരുന്നു ചെയ്തത്? അഞ്ചാം മന്ത്രിസ്ഥാനത്തെക്കുറിച്ച് ലീഗുണ്ടാക്കിയ തർക്കത്തിനെതിരെ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കെ. മുരളീധരനും പറഞ്ഞ അഭിപ്രായമെന്തായിരുന്നു? കേരളത്തിൽ ഒരു മന്ത്രിയെ എം.വി രാഘവൻ ഏഭ്യൻ എന്ന് വിളിച്ചപ്പോൾ കേട്ടിരുന്ന രാഘവനും നമ്മുടെ മുന്നണിയിലാണെന്ന് പറയുന്ന കോൺഗ്രസ്സ് ഈ കേരളത്തിലെ രാഷ്ട്രീയത്തിനെക്കുറിച്ച് അഭിപ്രായം പറയേണ്ട. സി.പി.ഐ.-യും സി.പി.ഐ.(എം.)-ഉം രണ്ട് പാർട്ടികളാണ്, വ്യത്യസ്ത അഭിപ്രായമുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി തകർന്നുവെന്ന് വിചാരിക്കുകയല്ല വേണ്ടത്. കോൺഗ്രസ്സിന് അത് മനസ്സിലാവുകയില്ല, കാരണം ഇടതുപക്ഷത്തിലെ തർക്കം ആശയപരവും കോൺഗ്രസ്സിലെ തർക്കം ആമാശയപരവുമാണ്. ആശയപരവും ആമാശയപരവും തമ്മിൽ വ്യത്യാസമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാൻ നിങ്ങൾക്ക് സാധിക്കില്ല. കോൺഗ്രസ്സ് പുനഃസംഘടന നടത്താൻ പോകുകയാണ്. ഞങ്ങളുടെ നാട്ടിൽ ഒരു തമാശയുണ്ടായി, ഉയരം കൂടിയ ഒരാളും ഉയരം കുറഞ്ഞ ഒരു പെൺകുട്ടിയും കല്യാണം കഴിഞ്ഞ് വീട്ടിലേയ്ക്ക് കയറുകയാണ്, വീട്ടിലേയ്ക്ക് കയറുമ്പോൾ ചെറുക്കന് കുനിയാതെ അകത്തേയ്ക്ക് കടക്കാൻ കഴിയില്ല. അതുപോലെ വീട്ടിനകത്ത്

കയറുന്നതിന് കാല് വെട്ടണോ തല വെട്ടണോയെന്ന് കോൺഗ്രസ്സുകാരെപ്പോലെയുള്ള കുറേ ആളുകൾ ഒത്തുകൂടി ചർച്ച നടത്തുകയാണ്, അവസാനം ഒരാൾ ഇടപെട്ടു. വേദനിപ്പിക്കേണ്ട, കാലാണ് വെട്ടുന്നതെങ്കിൽ രണ്ടുതവണ വെട്ടണം, തലയാണെങ്കിൽ ഒറ്റത്തവണ വെട്ടിയാൽ മതി. അങ്ങനെ തലവെട്ടി അകത്തുകയറ്റാൻ തീരുമാനിച്ചു. ഒന്ന് കുനിഞ്ഞാൽ മാത്രം മതിയെന്ന് ചിന്തിക്കാത്ത ഒരു പാർട്ടിയാണിത്.

ഒരു നാട്ടിൽ വലിയൊരു കുളത്തിന്റെ നടുവിൽ ഒരു ബോർഡ് വച്ചിരിക്കുകയാണ്. കോൺഗ്രസുകാരെപ്പോലെ കണ്ണിന് വേണ്ടത്ര കാഴ്ചയില്ലാത്ത ഒരാൾ ആ ബോർഡ് വായിച്ചിട്ട് കുളത്തിലിറങ്ങാമെന്ന് വിചാരിച്ചു. ഷർട്ടും മുണ്ടും മാറ്റി കുളത്തിലിറങ്ങി, കുളത്തിൽ കടിക്കുന്ന മുതലയുണ്ട് എന്ന വാർത്തയാണ് അദ്ദേഹം വായിച്ചത്. അതുപോലെ, കോൺഗ്രസ്സ് ബി.ജെ.പി.-യെ കൂട്ടുപിടിച്ച് കമ്മ്യൂണിസ്റ്റുകാർക്കെതിരെ നടത്തുന്ന സമരം കടിക്കുന്ന മുതലയുടെ താവളത്തിലേയ്ക്കുള്ള സമരമാണെന്ന് തിരിച്ചറിയണം. ഇടതുപക്ഷം ഒരു മനസ്സായി, ഒരു ശക്തിയായി, ഒരു സംഘമായി ഈ കേരളത്തിലെ പാവപ്പെട്ടവന്റെ ജീവിത പ്രശ്നങ്ങൾക്കുവേണ്ടി അടരാടുമെന്ന് തിരിച്ചറിയുക. ഈ ഉപധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ നാട്ടിലെ അമ്മമാർ ചെറിയ കുട്ടികളെ ഉറക്കാൻ കിടത്തുമ്പോൾ സാധാരണ താരാട്ടുപാടിയാണ് ഉറക്കാറുള്ളത്. പാട്ട് കേട്ട് ചില കുട്ടികൾ വേഗത്തിലുറങ്ങും. ചില കുസൃതിക്കുട്ടികൾ അമ്മമാരെ ബുദ്ധിമുട്ടിച്ച് കളിച്ചുകൊണ്ടേയിരിക്കും, ഉറങ്ങില്ല. അവരെ പേടിപ്പിച്ച് വേഗത്തിൽ ഉറക്കാൻ വേണ്ടി അമ്മമാർ പറയും മകനേ വേഗം ഉറങ്ങിക്കോളൂ, ഇല്ലെങ്കിൽ പോത്താമ്പി വന്ന് പിടിച്ചുകൊണ്ടുപോകുമെന്ന്. ഈ പോത്താമ്പി ഒരു അദൃശ്യജീവിയാണ്, ആരും ഇതുവരെ കണ്ടിട്ടില്ല. ഇതുകേട്ട് പേടിച്ച് കുട്ടികൾ കളിനിർത്തി അമ്മമാരെ കെട്ടിപ്പിടിച്ച് പെട്ടെന്ന് കിടന്നുറങ്ങും. പക്ഷേ ഇപ്പോൾ അമ്മമാർ പഴയ പോത്താമ്പി പ്രയോഗം നിർത്തി. കാലത്തിനനുസരിച്ച് അവരും മാറി, അവർ ഇപ്പോൾ പറയുന്നത് വേഗം ഉറങ്ങിക്കോളൂ, ഇല്ലെങ്കിൽ കിഫ്ബി വന്ന് പിടിച്ചുകൊണ്ടുപോകുമെന്നാണ്. എന്തിനും ഏതിനും കിഫ്ബി. റേഷൻ പീഠികയിൽ അരിയില്ല, കിഫ്ബി ശരിയാക്കും. സാധനങ്ങൾക്ക് വില കൂടുമ്പോൾ കിഫ്ബി വന്ന് വില കുറയ്ക്കും. സംസ്ഥാനത്തെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയായി കിഫ്ബിയെയാണ് കണക്കാക്കുന്നത്. എന്താണ് കിഫ്ബി; ഇത്രയൊക്കെ ചർച്ച ചെയ്തിട്ടും സഭയിലുള്ള എം.എൽ.എ.-മാർക്കും മന്ത്രിമാർക്കുമൊക്കെ കുറേ അധികം സംശയങ്ങളും ചോദ്യങ്ങളും ഇപ്പോഴും ബാക്കി നിൽക്കുകയാണ്. സംസ്ഥാനത്തിന്റെ ബജറ്റിതരപ്രവർത്തനങ്ങൾ നടത്താൻ

ഫണ്ടിംഗ് ആവശ്യമാണ്. പക്ഷേ നമ്മൾ വെറും കടത്തെ മാത്രമാണ് ആശ്രയിക്കുന്നത്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ മറ്റ് മാർഗ്ഗങ്ങൾ എന്തൊക്കെയുണ്ട്; കേരളത്തിൽ ബി.ഒ.ടി., പി.പി.പി. അടിസ്ഥാനത്തിലുള്ള കുറേയധികം പദ്ധതികൾ ആരംഭിച്ചു. അതല്ലേ കേരളത്തിൽ ഏറ്റവും നല്ലത്. ഇത്തരം പദ്ധതികളൊന്നും സർക്കാരിന് ഒരു ബാധ്യതയുമുണ്ടാക്കില്ല.

അതുമാത്രമല്ല, നിയമത്തിന്റെ നൂലാമാലകളില്ലാതെ നമ്മൾ നടപ്പിലാക്കുന്നതിനേക്കാൾ വേഗത്തിൽ അവർക്ക് നടപ്പിലാക്കാനും സാധിക്കും. കിഫ്ബിയിലെ പ്രോജക്ടുകൾ വലിയ പദ്ധതികളായതിനാൽ അത് നടപ്പാക്കാൻ കുറച്ച് സമയമെടുക്കുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

വൻകിട പ്രോജക്ടുകൾ പൂർത്തീകരിച്ചശേഷമേ പണം നൽകൂ എന്ന കിഫ്ബിയിലെ വ്യവസ്ഥ കരാറുകാരെ പിന്തിരിപ്പിക്കുന്നതാണ്. പണം മുഴുവൻ കിട്ടാതെ അവർ വർക്ക് ചെയ്യുമോ? ഇപ്പോൾ പാർട്ട് ബില്ലുകൾക്ക് പണം നൽകുന്ന രീതിയുണ്ട്. കിഫ്ബിയിൽ വേണ്ടത്ര പണമില്ലാതിരിക്കുകയും കടമെടുത്ത് പദ്ധതി പൂർത്തീകരിച്ചശേഷം പണം നൽകാമെന്ന് പറയുകയും ചെയ്താൽ കരാറുകാർ ആരെങ്കിലും പദ്ധതി ഏറ്റെടുക്കാൻ തയ്യാറാകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, പാർട്ട് ബില്ലുകൾക്ക് പണം കൊടുക്കും.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പാർട്ട് ബില്ലുണ്ടെങ്കിൽ രണ്ടോ മൂന്നോ പേരെങ്കിലും വരും. അല്ലെങ്കിൽ ടെണ്ടർ തന്നെ രണ്ടോമൂന്നോ പ്രാവശ്യം വിളിക്കേണ്ടിവരും. അവസാനം ആരെയെങ്കിലും നിർബ്ബന്ധിപ്പിച്ച് എടുപ്പിക്കേണ്ടിവരും. ആദ്യം പറഞ്ഞിരുന്നത് പാർട്ട് ബില്ലില്ല, പണി പൂർത്തീകരിച്ചെങ്കിൽ മാത്രമേ പണം കൊടുക്കൂ എന്നാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതിൽ പറഞ്ഞത്, നിർവ്വഹണ ഏജൻസിക്ക് പണം അഡ്വാൻസായി കൊടുക്കുകയില്ല എന്നാണ്. മറിച്ച്, പണി പൂർത്തിയാക്കിയാൽ പാർട്ടായാലും ഫുൾ ആയാലും നിർവ്വഹണം നടത്തുന്ന ആളുകൾക്ക് നേരിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അത് നല്ലതാണ്. പാർട്ട് ബിൽ കൊടുക്കുകയില്ലെന്നാണ് ആദ്യം മുതൽ പറഞ്ഞ് കേട്ടിരുന്നത്. കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളിൽനിന്ന് സെസ്സോ ടോളോ പിരിക്കാൻ

കഴിയാത്തതിനാൽ അധികം വരുമാനമുണ്ടാകുകയുമില്ല. അതുകൊണ്ട് നികുതി വരുമാനത്തിൽ നിന്നാണ് തിരിച്ചടയ്ക്കേണ്ടത്. അടുത്ത പതിനഞ്ച് വർഷത്തേയ്ക്ക് വേറൊരു തരത്തിലുള്ള പ്രവൃത്തികൾക്കും സംസ്ഥാനത്തിന്റെ വരുമാനം ഉപയോഗിക്കാൻ കഴിയില്ല. തുടർന്നുവരുന്ന സർക്കാരുകൾക്ക് ഇതെങ്ങനെ താങ്ങാനാകും. മാത്രമല്ല എക്സൈസ്-മോട്ടോർവാഹന-പെട്രോളിയം നികുതികൾ ഭാവിയിൽ ജി.എസ്.ടി.-യിൽ വരില്ലെന്ന് നമുക്ക് ഉറപ്പുപറയാൻ കഴിയില്ല. സർക്കാരുകൾ മാറുന്നതനുസരിച്ച് അതിനും മാറ്റം വരാം. അങ്ങനെയാണെങ്കിൽ തിരിച്ചടവ് പ്രയാസമാവും. അവസാനം കെ.എസ്.ആർ.ടി.സി-യെപ്പോലെ നികുതി തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. അങ്ങ് ധനമന്ത്രിയായിരുന്ന കാലത്ത് കിഫ്ബി പോലെതന്നെ അങ്ങയുടെ സ്വപ്നപദ്ധതിയായിരുന്ന ഇസ്ലാമിക് ബാങ്ക്. ആ കാലത്ത് അങ്ങയുടെ പ്രസംഗവും നടപ്പുമെല്ലാം ഒരു ഷെയ്ക്കിനെപ്പോലെയായിരുന്നു. പക്ഷേ കേന്ദ്ര സർക്കാരും സെബിയും അതിന് സമ്മതം തന്നോ; കിഫ്ബിയിലും കേന്ദ്രത്തിന്റെ എന്തെല്ലാം നൂലാമാലകളാണ് നമുക്ക് മറികടക്കാനുള്ളത്. കിഫ്ബിയിലെ ഡയറക്ടർമാരെ നോക്കിയാണോ കേന്ദ്രസർക്കാർ നമുക്ക് സമ്മതം നൽകുക, അതോ അതൊരു പൊളിറ്റിക്കൽ ഡിസിഷനാകുമോ; ഇന്നലെ ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതുപോലെ വികസനത്തിന് ബജറ്റിതര സോഴ്സ് ആവശ്യമാണെന്ന് സർക്കാർ മനസ്സിലാക്കിയത് ഏറെ ആശ്വാസമാണ്. ഏകദേശം 10 വർഷം മുമ്പ് എ.ഡി.ബി. ലോണിനെതിരായി എൽ.ഡി.എഫ് നടത്തിയ സമരങ്ങളിൽ എ.ഡി.ബി. ഉദ്യോഗസ്ഥരെ കരിഓയിൽ ഒഴിക്കുക, കളക്ടേറ്റ് വളയുക, കരിങ്കൊടി കാണിക്കുക തുടങ്ങിയ പ്രവൃത്തികളാണ് നടന്നത്. 10 വർഷം കഴിഞ്ഞെങ്കിലും കടം വാങ്ങിക്കാമെന്ന് സമ്മതിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ആ കാലത്ത് ചെയ്ത സമരങ്ങൾക്കൊക്കെ ആരോടാണ് നമ്മൾ മറുപടി പറയുക?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന് ശ്രീ. വി. ഡി. സതീശൻ ചെയർമാനായ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ നിഗമനം എന്തായിരുന്നുവെന്ന് അറിയാമോ; കൊള്ളയാണ് നടത്തിയിട്ടുള്ളതെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ, ശ്രീ. പാലോളി മുഹമ്മദ്കുട്ടി ആരുമറിയാതെ ഡൽഹിയിൽ പോയി ഒപ്പുവയ്ക്കുകയാണ് ചെയ്തത്. അന്ന് സമരംചെയ്ത ഞങ്ങളെയൊക്കെ നിങ്ങൾ വിഡ്ഢികളാക്കി. അതുകൊണ്ട് നിങ്ങളിപ്പോൾ എ.ഡി.ബി.-യെപ്പറ്റി മാത്രം

മിണ്ടരുത്. അന്തരിച്ച സഖാവ് എം.വി.ആർ. 10 കൊല്ലം കഴിഞ്ഞാലെ സി.പി.ഐ.(എം)-ന് ബുദ്ധിവരൂ എന്ന് സ്ഥിരമായി പറയാറുണ്ടായിരുന്നു. ഇപ്പോൾ പത്തുകൊല്ലം കഴിഞ്ഞു, നിങ്ങൾക്ക് ബുദ്ധിവന്നു, നിങ്ങൾ ബജറ്റിതര ഫണ്ടുകൾ കൊണ്ടുവന്നു. 1057 കോടി രൂപയുടെ ധനാഭ്യർത്ഥനകളാണ് സപ്ലിമെന്ററി ഡിമാന്റിലുള്ളത്. കഴിഞ്ഞ പ്രാവശ്യം സഭ പാസ്സാക്കിയ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാത്ത സർക്കാരിന് എന്തിനാണ് വീണ്ടും തുക പാസ്സാക്കികൊടുക്കുന്നത്. കഴിഞ്ഞ മാർച്ചുവരെ പോർട്ട്-20%, റവന്യൂ-50%, വാട്ടർ റിസോഴ്സ്-68%, എൽ.എസ്.ജി.ഡി. -68%, ഹോം-56%, ഹയർ എഡ്യൂക്കേഷൻ-42% എന്നീ നിരക്കിലാണ് ചെലവഴിച്ചിട്ടുള്ളത്. പണം മുഴുവനും ചെലവഴിക്കാത്ത ആൾക്കാർക്ക് എന്തിനാണ് വീണ്ടും പണം പാസ്സാക്കിക്കൊടുക്കുന്നത്. ആധുനികവൽക്കരണത്തിന്റെ പേരിൽ പോലീസ് വകുപ്പിന് എന്തിനാണ് ഇത്രയും തുക വകയിരുത്തുന്നത്. പോലീസ് സ്റ്റേഷൻ പെയിന്റടിക്കാനാണോ; പെയിന്റടിയെക്കുറിച്ച് എന്തെല്ലാം വിവാദങ്ങളാണ് ഇപ്പോൾ നടക്കുന്നത്? അഡ്വാൻസ് തുകയായി 1.75 കോടി രൂപ കൊടുത്തെന്നും പെയിന്റ് കമ്പനിയുടെ ഫ്രാഞ്ചൈസി ചില ഉന്നതർക്ക് വേണ്ടപ്പെട്ടവരാണെന്നുമുള്ള കാര്യങ്ങളാണ് കേൾക്കുന്നത്. പുതിയ പോലീസ് അഡ്വൈസർക്ക് കാറും ഓഫീസുമൊന്നും വേണ്ട, ഡ്രൈവർ മാത്രം മതിയെന്നാണ് പറയുന്നത്, അത് വളരെ നല്ലതാണ്. എന്തുകൊണ്ടാണ് ഇതുപോലെയുള്ള വിവാദ റിട്ടയേർഡ് ഓഫീസർമാരെ ഈ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. വിവാദങ്ങൾ ഉണ്ടാക്കാൻവേണ്ടി മാത്രമല്ലേ? ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ഉപദേശകർ വേണ്ട, എനിക്ക് ബുദ്ധിയുണ്ടെന്നാണ് അവർ പറയുന്നത്. മാത്രമല്ല എല്ലാമൊന്നും ഇവിടെ ശരിയാകില്ലായെന്നും അവർ സമ്മതിച്ചു. ഇന്ത്യയിൽ കമ്മ്യൂണിസം വരില്ലായെന്നും അവർ തുറന്നുപറഞ്ഞു. അവരുടെ വകുപ്പ് ചെലവാക്കിയത് 90 ശതമാനം മാത്രമാണ്. 150 കോടി രൂപയോളം ചെലവാക്കാൻ കഴിഞ്ഞില്ല. എനിക്ക് ബഹുമാനപ്പെട്ട ടീച്ചറോട് അഭ്യർത്ഥിക്കാനുള്ളത്, എന്റെ മണ്ഡലത്തിലെ പെരിന്തൽമണ്ണ താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയാക്കി കഴിഞ്ഞ സർക്കാർ ഉയർത്തിയിരുന്നു. ഈ ആശുപത്രിയിൽ 1520 -ഓളം ഒ.പി.-യും 250-ഓളം ഐ.പി.-യും മാസത്തിൽ 20-ഓളം പ്രസവങ്ങളും 200-ഓളം മേജർ സർജറികളും നടക്കുന്നുണ്ട്. അവിടേയ്ക്ക് അഡീഷണലായി ജീവനക്കാരെ ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുറച്ച് ജീവനക്കാരെ നിയമിച്ചു. ബാക്കിയുള്ളവരെ നിയമിക്കാൻ കഴിയില്ലെന്നാണ് സർക്കാർ ഇപ്പോൾ പറയുന്നത്. കേന്ദ്രസഹായത്തോടുകൂടി നിർമ്മിച്ച അഞ്ച് കോടി രൂപയുടെ മനോഹരമായ ഒരു കെട്ടിടം അവിടെ ഒഴിഞ്ഞുകിടക്കുകയാണ്. ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറിയും മറ്റുള്ളവരുംകൂടി ജില്ലാപഞ്ചായത്ത് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം അടിയന്തരമായി

വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിക്കുകയും പലവട്ടം ഓർമ്മപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇതുവരെയും അതിന് സമയം തന്നിട്ടില്ല. വളരെ പെട്ടെന്നുതന്നെ യോഗം വിളിച്ചുചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ സർക്കാർ നാളെ, അതായത് 25-5-2017-ൽ ഒന്നാം വാർഷികം ആഘോഷിക്കുകയാണ്. ധനാഭ്യർത്ഥന ചർച്ചകളിൽ ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ.-മാർ സംസ്ഥാന സർക്കാരിനെ പ്രശംസിക്കുന്നതും കയ്യടിക്കുന്നതും കണ്ടാൽതോന്നും അവർ ഈ ലോകത്തല്ല ജീവിക്കുന്നതെന്ന്. എന്താണ് കഴിഞ്ഞ വർഷം കേരളത്തിൽ നടന്നത്, യു.ഡി.എഫ്. സർക്കാരിന്റെ ഒരു വർഷവും ഈ സർക്കാരിന്റെ ഒരു വർഷവും തമ്മിൽ താരതമ്യം ചെയ്താൽ ആനയും അണ്ണാറക്കണ്ണനും പോലെയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

ടി.വി.-യിൽ ഒന്നാം വാർഷികത്തിന്റെ പരസ്യത്തിൽ കാണുന്നത് വിഴിഞ്ഞം പദ്ധതി, കണ്ണൂർ എയർപോർട്ട്, കൊച്ചിൻ മെട്രോ എന്നൊക്കെയാണ്. രണ്ടാം വർഷത്തിൽ നിങ്ങൾ എന്താണ് പരസ്യം ചെയ്യുക? സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു മുഖ്യ പ്രതിപക്ഷം. ഇന്ത്യയിൽ മിക്ക സംസ്ഥാനങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടി നല്ല രീതിയിൽ വളർന്നുവന്നു. ഇന്ത്യയിൽ ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നത് ആന്ധ്രാപ്രദേശിലാകുമെന്നാണ് അന്ന് കണക്കാക്കിയിരുന്നത്. ഇപ്പോൾ സ്ഥിതി എന്താണ്? ആന്ധ്രാപ്രദേശിലില്ല, ബംഗാളിലില്ല, തമിഴ്നാട്ടിലില്ല, റഷ്യയിലില്ല, ക്യൂബയിലില്ല, ചൈനയിലില്ല, കേരളത്തിലൊഴികെ എവിടെയുമില്ല, എല്ലായിടത്തും തകർന്ന് തരിപ്പണമായി. ഈ തകർച്ചയ്ക്ക് കാരണം സി.പി.ഐ.(എം)-ന്റെ കമ്മിറ്റികളാണ്. പാർട്ടിയുടെ അധികാരം കമ്മിറ്റികൾ കയ്യടക്കി, കമ്മിറ്റിയുടെ അധികാരം സെക്രട്ടറിമാർ കയ്യടക്കി, സെക്രട്ടറിമാരുടെ കയ്യിൽനിന്നും അധികാരം ഒരാളിൽ കേന്ദ്രീകരിച്ചു. ബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി 30 വർഷം തുടർച്ചയായി ഭരണം നടത്തിയെങ്കിൽ, ഇവിടത്തെ ഭരണം ഇതേരീതിയിൽ പോവുകയാണെങ്കിൽ 3 കൊല്ലംകൂടി എടുക്കില്ല എന്നത് ഉറപ്പാണ്, പാർട്ടി ഇല്ലാതാകും, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. മഞ്ഞളാംകുഴി അലി ചില കാര്യങ്ങൾ പഠിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം പഠിച്ചതൊക്കെ തെറ്റായിപ്പോയി എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെയും അതിനെ നയിക്കുന്ന പാർട്ടികളെയും ആക്ഷേപിക്കാനായി അദ്ദേഹം

കൊണ്ടുവന്നത് അദ്ദേഹത്തെതന്നെ തിരിഞ്ഞുകുത്തുകയാണ്. അദ്ദേഹത്തിന്റെ പാർട്ടി ഇന്ന് കേരളത്തിൽ കൂട്ടുകൂടിയിട്ടുള്ളത് കോൺഗ്രസ്സുമായിട്ടാണ്. കോൺഗ്രസ്സിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? മൺകലത്തിൽ ഉപ്പുവച്ചാൽ ആ മൺകലത്തിന് സംഭവിക്കുന്നതെന്താണോ ആ അവസ്ഥയിലേക്ക് ഇന്ത്യയിൽ കോൺഗ്രസ്സ് ആയില്ലേ, ഔദ്യോഗിക തലത്തിൽ ഇന്ത്യൻ പാർലമെന്റിൽ 10 ശതമാനം സീറ്റുകിട്ടിയാലേ പ്രതിപക്ഷ നേതൃസ്ഥാനം കൊടുക്കൂ. ഇപ്പോൾ ഇന്ത്യയിൽ പ്രതിപക്ഷ നേതൃസ്ഥാനം അവകാശപ്പെടാൻപോലും കഴിയാത്ത പാർട്ടിയായി മാറി എന്നതല്ലേ യാഥാർത്ഥ്യം. ബി.ജെ.പി.-ക്കാരുടെ ഔദാര്യംകൊണ്ട് പ്രതിപക്ഷനേതാവെന്ന് പറഞ്ഞ് ചില ആളുകൾ അവിടെ ഉണ്ടെന്നല്ലാതെ കോൺഗ്രസ്സിന്റെ ദയനീയസ്ഥിതി അങ്ങെന്താണ് കാണാത്തത്? മതനിരപേക്ഷത കെട്ടിപ്പടുക്കണമെന്നാണ് ലീഗ് പറയുന്നത്. ഇന്ത്യയ്ക്കകത്ത് മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ കഴിയാത്ത കോൺഗ്രസ്സുമായി ലീഗ് ചേർന്നാൽ "നാറിയവനെ ചുമന്നാൽ ചുമക്കുന്നവനും നാറുമെന്ന" അവസ്ഥയിലേക്ക് ലീഗിനെ കൊണ്ടുപോയെത്തിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ദയവുചെയ്ത് ഇത്തരത്തിലുള്ള നാണംകെട്ട ഇടപാടിൽനിന്നും ലീഗ് നേതാക്കന്മാരും ലീഗിന്റെ അണികളും പിന്മാറണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

ഇവിടെ ഒരു വിഷയവും കിട്ടാത്തതുകൊണ്ടാണ് ഇന്നൊരു അടിയന്തരപ്രമേയം കൊണ്ടുവന്നത്. അതിനുകാരണമെന്താണ്; നാളെ ഇടതുമുന്നണി സർക്കാരിന്റെ ഒന്നാം വാർഷികം ആഘോഷിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലത്തെ സർക്കാരിന്റെ നേട്ടങ്ങളെ തമസ്കരിക്കാനും സർക്കാരിനെതിരെ പുകമറ സൃഷ്ടിക്കാനുമായി അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ചുകൊണ്ടാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്.

കേരളത്തിലെ ഇന്നത്തെ സ്ഥിതിയെന്താണ്; ഇന്നലെ ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സംസാരിച്ചപ്പോൾ കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്തെടുത്ത ചില തീരുമാനങ്ങളെ സംബന്ധിച്ച് ഈ സർക്കാർ അന്വേഷണം നടത്തിയെങ്കിലും അതിലൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് തന്റെ ഭാഗം ന്യായീകരിക്കാൻവേണ്ടി പറഞ്ഞു. എന്നെ കണ്ടാൽ കിണ്ണം കട്ടവനാണോ എന്ന് തോന്നുംമട്ടിലുള്ള അദ്ദേഹത്തിന്റെ വർത്തമാനം യഥാർത്ഥത്തിൽ തെറ്റിദ്ധാരണയായിരുന്നു. 2016 മാർച്ചിൽ അവസാനിച്ച സി.&എ.ജി.-യുടെ റവന്യൂ സെക്ടറുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിൽ എന്താണ് പറയുന്നത്; നിയമവ്യവസ്ഥകൾ പാലിക്കാതെ ഭൂമി തരംമാറ്റാൻ അനുമതി നൽകിയതുമായി ബന്ധപ്പെട്ടാണ് ഖണ്ഡിക 4(5)-ലും 5(4)-ലും പറയുന്നത്. പ്രസ്തുത ഖണ്ഡികയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മെഡിക്കൽ

കോളേജിനായി ഏറ്റെടുത്ത സ്ഥലം, കോട്ടയം ഇടനാഴി പദ്ധതിക്കായി കോട്ടയം ടൗണിനോട് ചേർന്ന് ഏറ്റെടുത്ത സ്ഥലം, കോടിമത മൊബിലിറ്റി ഹബ്ബിനായി നാട്ടകം വില്ലേജിൽ നിന്നും ഏറ്റെടുത്ത സ്ഥലം തുടങ്ങിയവയെക്കുറിച്ച് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10(2) വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികത്തുവാൻ അനുമതി നൽകിയതായിട്ടാണ് സി.&എ.ജി.-യുടെ റിപ്പോർട്ട്. അതുപോലെ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി അന്നത്തെ അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മുഖ്യമന്ത്രി എന്നിവരാണ് അതിന് അനുമതി നൽകിയിട്ടുള്ളത്. ഇക്കാര്യം അന്വേഷിക്കണ്ടേ; ഇത്തരത്തിലുള്ള അന്വേഷണങ്ങളുണ്ടായാൽ അത് തങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് അറിഞ്ഞതുകൊണ്ടല്ലേ അതിനെതിരായി ഇപ്പോൾ മുൻകൂർ ജാമ്യമെടുക്കാൻ തയ്യാറാകുന്നത്. പത്രങ്ങളിലെ ഇന്നത്തെ പ്രധാനപ്പെട്ട വാർത്ത വിഴിഞ്ഞം പദ്ധതിയെക്കുറിച്ചാണ്. ഇന്നലെ വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഇവിടെ സംസാരിച്ചു. വിഴിഞ്ഞം പദ്ധതിക്കുവേണ്ടി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ കരാറുകൾ ഓരോന്നായി പരിശോധിച്ചു നോക്കണം. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്താണ് പറഞ്ഞിരിക്കുന്നത്? അതിന്റെ അടിസ്ഥാനത്തിൽ 2017-ലെ 4-ാം നമ്പർ റിപ്പോർട്ടിൽ എന്താണ് പറയുന്നത്; 91 മുതൽ 100 വരെയുള്ള പേജുകൾ മുഴുവൻ ഞാൻ വായിക്കുന്നില്ല. കരാർ കാലാവധി 10 വർഷം നീട്ടിയതിന്റെ ഫലമായി കരാറേറ്റെടുത്ത അദാനി കമ്പനിക്ക് 29,000-ൽപ്പരം കോടി രൂപ അധികമായുണ്ടാക്കാൻ സഹായകരമായവിധത്തിൽ കരാറിൽ ആരാണ് വ്യവസ്ഥ വച്ചത്; സി.&എ.ജി.-യുടെ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. വിഴിഞ്ഞം പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികളുടെയും മറ്റൊരു തുറമുഖത്തിനു വേണ്ടി ഇറക്കിയ യന്ത്രസാമഗ്രികളുടെയും വില പരിശോധിച്ചാൽ അനേകം കോടി രൂപയുടെ വ്യത്യാസം കാണുന്നു. പാറയുടെ കാര്യത്തിൽ കളിയിക്കാവിളയിലെ പോർട്ടിനുവേണ്ടി ക്വാട്ട് ചെയ്ത പാറയുടെ ഏതാണ്ട് ഇരട്ടി സംഖ്യയാണ് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി ക്വാട്ട് ചെയ്തിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. ജോൺ ഫെർണാണ്ടസ് പറയുന്ന വികാരത്തോട് യോജിക്കുകയാണ്. ഇത് വിഴിഞ്ഞം പദ്ധതിയാണോ; സത്യത്തിൽ അദാനി പദ്ധതിയല്ലേ; അദാനിക്ക് വിറ്റില്ലേ; ശ്രീ. ഉമ്മൻ ചാണ്ടി വിറ്റതിന് നിങ്ങളും കൂട്ടുനിൽക്കുകയാണ്. ഇനി അദാനിയുടെ കയ്യിൽനിന്നും നമുക്കത് ലഭിക്കുമോ; നമ്മുടെ മക്കൾക്ക് ലഭിക്കുമോ; നിങ്ങളെന്താണ് ചെയ്യുന്നത്? അപ്പുറവും ഇപ്പുറവും ഇരുന്ന് വർത്തമാനം പറഞ്ഞ് നിങ്ങൾ രണ്ടുകൂട്ടരും ചേർന്ന് കേരളത്തെ അദാനിക്ക് കച്ചവടം ചെയ്തു. അതാണ് സത്യം.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, വിഴിഞ്ഞം പദ്ധതിയിൽ യു.ഡി.എഫ്. ഉണ്ടാക്കിയ കരാർ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് നിരക്കുന്നതല്ല. വലിയ തോതിലുള്ള അഴിമതി അതിന്റെ പിന്നിലുണ്ട്. അതിനെ എതിർത്തപ്പോൾ ഞങ്ങളെ വികസന വിരോധികളായി ചിത്രീകരിച്ച് ഇടതുപക്ഷ രാഷ്ട്രീയക്കാർ ഈ നാട്ടിലൊരു വികസനപ്രവർത്തനവും കൊണ്ടുവരാൻ സമ്മതിക്കാത്തവരാണെന്ന തോന്നൽ കേരളത്തിലെ ജനങ്ങൾക്കിടയിൽ ചില മാധ്യമങ്ങളുടെ സഹായത്തോടുകൂടി നിങ്ങൾ സ്വീകരിച്ചു. ഇതുസംബന്ധിച്ച് ഗൗരവമായി അന്വേഷിക്കണം. ആ പദ്ധതിയിൽ ജനങ്ങൾക്കെതിരായി, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി ഏതെല്ലാം നിബന്ധനകളുണ്ടോ, അതെല്ലാം പരിശോധിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ വിഴിഞ്ഞം പദ്ധതി കൊണ്ടുവന്നത് ഞങ്ങളാണെന്ന് മേനിനടിക്കുമ്പോൾ, ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ഹനിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കണം. കൊച്ചി മെട്രോ കൊണ്ടുവന്നത് ഞങ്ങളാണെന്ന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞു. 1998-ൽ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ. കെ. നായനാർ കൊച്ചിയിൽ മെട്രോ വരണമെന്നാവശ്യപ്പെട്ട് അതിനുവേണ്ടിയുള്ള പഠനം നടത്താൻ നാറ്റ്പാക്-നെ ചുമതലപ്പെടുത്തിയിരുന്നു. അതിനുശേഷം 2006-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് അദ്ദേഹം ഡൽഹി മെട്രോ സന്ദർശിക്കുകയും അതുസംബന്ധിച്ച നടപടികൾ നീക്കുകയും ചെയ്തു. പക്ഷേ കേന്ദ്രസർക്കാർ മെട്രോയ്ക്ക് അനുമതി കൊടുത്തില്ല. എന്നിട്ടുപോലും 2006-ലെ സർക്കാർ അവസാന വർഷമായ 2011-ൽ അവതരിപ്പിച്ച ബജറ്റിൽ 156 കോടി രൂപ മെട്രോ പദ്ധതിയുടെ അനുബന്ധ പ്രവർത്തനങ്ങൾ നടത്താനായി നീക്കിവച്ചു. മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി വലിയ സമരം ഞങ്ങൾ നടത്തിയിട്ടില്ലേ; നിങ്ങളുടെ ഭരണകാലത്തെന്താണ് ചെയ്തത്; മെട്രോ പദ്ധതി ഡി.എം.ആർ.സി.-യെ ഏൽപ്പിക്കാതിരിക്കാനാണ് നിങ്ങൾ ശ്രമിച്ചത്. അതിനെതിരെ വലിയ ജനകീയ അഭിപ്രായം ഉയർന്നപ്പോൾ ഡി.എം.ആർ.സി.-യെ ഏൽപ്പിക്കാൻ തയ്യാറായി. പക്ഷേ ശ്രീ. ഇ. ശ്രീധരനെ മുഖ്യഉപദേഷ്ടാവാക്കാൻ തയ്യാറായില്ല. ശ്രീ. ഇ. ശ്രീധരനെ മുഖ്യഉപദേഷ്ടാവാക്കണമെന്നാവശ്യപ്പെട്ട് ഞങ്ങൾ സമരം നടത്തിയപ്പോൾ അദ്ദേഹത്തെ മുഖ്യഉപദേഷ്ടാവാക്കി. ശ്രീ. ഉമ്മൻ ചാണ്ടി അന്ന് എന്താണ് ചെയ്തത്; കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട ബാങ്കിടപാടുകൾ കൊച്ചിയിലെ ഏതെങ്കിലുമൊരു ദേശസാൽകൃത ബാങ്കിൽ കൊടുക്കാതെ, അദ്ദേഹത്തിന്റെ ബന്ധു മാനേജരായിട്ടുള്ള ആക്സിസ് ബാങ്കിൽ അക്കൗണ്ട് തുറന്നു. മെട്രോ പദ്ധതി ആദ്യം തങ്ങൾക്കനുകൂലമാക്കി, തങ്ങളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അടക്കമുള്ള പ്രമുഖർ ഇടപെട്ടാണ് ഇന്ന് കാണുന്ന നിലയിലേയ്ക്ക് മെട്രോ പദ്ധതി മാറിയത്. ഈ സർക്കാർ അത് പൂർത്തീകരിക്കുകയാണ്. മെട്രോ പദ്ധതി മാത്രമല്ല, അതുമായി ബന്ധപ്പെട്ട അനുബന്ധ മേഖലയിലെ ജലപദ്ധതികളടക്കമുള്ളവ നടപ്പിലാക്കാൻ പോകുകയാണ്.

ഇവിടെ ഞങ്ങളുടെ രണ്ട് മന്ത്രിമാർ രാജിവച്ചതിനെക്കുറിച്ചാണ് പറയുന്നത്. കേരളത്തിൽ രാഷ്ട്രീയ ധാർമ്മികത ഉയർത്തിപ്പിടിച്ചാണ് രണ്ട് മന്ത്രിമാർ രാജിവച്ചത്. അങ്ങനെയൊരു രാഷ്ട്രീയ മര്യാദ കാണിച്ചിരുന്നെങ്കിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്രയോ മന്ത്രിമാർ രാജിവയ്ക്കേണമായിരുന്നു. ഈയടുത്തദിവസം ഒരു പെൺകുട്ടി സന്യാസിയോട് ചെയ്ത ധീരകൃത്യം സംബന്ധിച്ച് ഫെയ്സ്ബുക്കിൽ ഒരു ട്രോൾ വന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു വിവാദനായികയുണ്ടായിരുന്നു, ആ നായിക സ്വയം പറയുന്നത്, എനിക്ക് ആ പെൺകുട്ടിയെപ്പോലെ ചെയ്യണമെങ്കിൽ എത്രയോ കത്തികൾ വാങ്ങേണ്ടിവരും; അങ്ങനെ കത്തികൾ വാങ്ങാൻ മാത്രം ലോൺ എടുക്കേണ്ടി വരുമായിരുന്നുവെന്ന് ആ നായിക സ്വയം പറയുന്ന ഒരു ട്രോളാണ്. യു.ഡി.എഫ്.-ന്റെ അധാർമ്മിക രാഷ്ട്രീയമല്ല ഇന്ന് കേരളത്തിലുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിന്റെ രാഷ്ട്രീയ സംശുദ്ധി ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. അഴിമതിയും കൊള്ളരുതായ്മയും തുടച്ചുനീക്കി സംശുദ്ധമായ, വികസനോന്മുഖമായ ഒരു സർക്കാരെന്ന നിലയിലാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കേരളം നിലനിൽക്കുന്നിടത്തോളം കാലം ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെ ഭരണമായിരിക്കും കേരളത്തിലുണ്ടാകാൻ പോകുന്നത്. അതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അധികധനാഭ്യർത്ഥന നടത്തുമ്പോൾ അനുവദിച്ച തുക വിനിയോഗിക്കാൻ എത്ര വകുപ്പുകൾക്ക് ഫലപ്രദമായി കഴിഞ്ഞിട്ടുണ്ടെന്നത് പലപ്പോഴും പരിശോധിക്കാൻ കഴിയാതെ പോകുന്ന ഒരു കാര്യമാണ്. അനുവദിച്ച തുക ഓരോ വർഷവും ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; പ്രത്യേകിച്ച് ഒരു സർക്കാരിന്റെ കാലഘട്ടത്തെയല്ല ഞാൻ സൂചിപ്പിക്കുന്നത്. ഇത് സ്ഥിരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു നടപടിയായിട്ടാണ് സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയിൽ കാണാൻ കഴിയുന്നത്. ഈ സർക്കാർ ആദ്യത്തെ ഒരു വർഷം പൂർത്തിയാക്കുമ്പോൾ വകുപ്പുകൾക്ക് അനുവദിച്ച തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നൊരു പരിശോധന സർക്കാർതലത്തിൽ പ്രത്യേകമായി നടക്കേണ്ടതുണ്ടെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അധികതുക ആവശ്യപ്പെടുമ്പോൾ ബജറ്റ് അലോട്ട്മെന്റുപോലും വിനിയോഗിക്കാൻ കഴിയാതെ പോകുന്ന പ്രശ്നം ഒരു ഭാഗത്തുണ്ട്. രാവിലെ സഭയിൽ റബ്ബറുമായി ബന്ധപ്പെട്ട പ്രമേയം പാസ്സാക്കി.

മറുഭാഗത്ത് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് കിട്ടാനുള്ള ഫണ്ട് വാങ്ങിയെടുക്കുന്നതിൽ നമുക്കുണ്ടാകുന്ന പരാജയം വളരെ ഗൗരവമുള്ള പ്രശ്നമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കൃഷി - ജലവിഭവ വകുപ്പുകൾ സംയുക്തമായി കൊണ്ടുവരേണ്ട പി.എം.കെ.എസ്.വൈ. (പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന) പദ്ധതിയുടെ നടപടിക്രമങ്ങളൊന്നുമായിട്ടില്ല. സംസ്ഥാനത്ത് ഈ പദ്ധതി ഗൗരവമായി ഏറ്റെടുക്കാൻ കഴിഞ്ഞാൽ, കാർഷിക മേഖലയ്ക്ക് വലിയൊരനുഗ്രഹമാകും.

Per drop, more crop എന്ന വിഷയം ബഹുമാനപ്പെട്ട അംഗം കെ. കൃഷ്ണൻകുട്ടി സഭയിൽ പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ളത് ഞാൻ ഓർക്കുകയാണ്. ഇവിടെ ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനും സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനുമുണ്ടാകണം. ഇത് രണ്ടും ഉണ്ടായിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിക്കേണ്ടതാണ്. ഇവിടെ നടക്കേണ്ട കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങൾ ചെയ്തിരിക്കുന്നത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. തമിഴ്നാട് 52,000 കോടി രൂപയുടെ പ്രോജക്ട് ഇതിനോടകം പി.എം.കെ.എസ്.വൈ. പദ്ധതിയിൽ കൊടുത്തു കഴിഞ്ഞതായാണ് കാണുന്നത്. അതുപോലെ മറ്റ് സംസ്ഥാനങ്ങളും കൊടുത്തു കഴിഞ്ഞു. കേരളം ജില്ലാതലത്തിലുള്ള പദ്ധതികളിൽത്തന്നെ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ പ്രോജക്ട് തയ്യാറാക്കാനായി 10 ലക്ഷം രൂപ വീതം കഴിഞ്ഞ വർഷം കൊടുത്തിട്ടുണ്ട്. എന്തുകൊണ്ട് ഇത് നടക്കുന്നില്ല. ഇതിൽ കോ-ഓർഡിനേഷന്റെ അഭാവമുണ്ടായിട്ടുണ്ട്. കൃഷി-ജലവിഭവ വകുപ്പുകൾ ചേർന്ന് കോ-ഓർഡിനേഷൻ നടത്തി എത്രയും പെട്ടെന്ന് ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനും സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനും അംഗീകരിക്കാനും അതിലൂടെ പി.എം.കെ.എസ്.വൈ. പ്രോജക്ട് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കാനും നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട തുക വാങ്ങിയെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ പ്രത്യേകം സൂചിപ്പിക്കുകയാണ്.

എന്താണ് കർഷകരോട് മാത്രം ഒരു വിവേചനം; ഇവിടെ ഓരോ പ്രശ്നങ്ങളും പരിശോധിച്ചാൽ കർഷകരോടുള്ള വിവേചനം കാണാൻ കഴിയും. 15 മാസമായി കർഷക പെൻഷൻ കൊടുക്കുന്നില്ല. അതിന് അലോട്ട്മെന്റ് കൊടുക്കേണ്ടതല്ലേ; ബാക്കി എല്ലാ പെൻഷനുകളും കൃത്യമായി കൊടുക്കാനുള്ള ശ്രമം നടക്കുമ്പോഴും കർഷകർക്കുമാത്രം പെൻഷനില്ല. അതിന് കൃഷി വകുപ്പുമന്ത്രി ചില ന്യായങ്ങൾ പറയുകയുണ്ടായി. കുറെ അപാകതകളുള്ളത് പരിഹരിക്കണമെന്ന് പറയുകയുണ്ടായി. അതിനൊക്കെ ഒരു സമയപരിധിയില്ലേ; പക്ഷെ കഴിഞ്ഞ സർക്കാരിന്റെകാലത്ത് കർഷക പെൻഷൻ കൊടുക്കുന്നതിന് ബഹുമാന്യനായ മുൻ

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ പ്രഖ്യാപനമുണ്ടായപ്പോൾ കേരളത്തിലെ കർഷക ജനതയ്ക്ക് അതൊരു വലിയ അനുഗ്രഹമാകുന്ന പദ്ധതിയായി മാറി. അത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകേണ്ട ഉത്തരവാദിത്വം ഈ സർക്കാരിനുണ്ട്. പതിനാലും പതിനഞ്ചും മാസമായി കർഷക പെൻഷൻ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണ്. ഇലക്ഷൻ സമയം മുതലുള്ള പെൻഷൻ മുടങ്ങിക്കിടക്കുകയാണ്. എത്രയും പെട്ടെന്ന് കർഷക പെൻഷൻ കൊടുക്കാനുള്ള സാഹചര്യമുണ്ടാകണം.

നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ, വരമ്പത്ത് കൂലിയെന്ന് പറയുന്നതുപോലെ എത്രയുംവേഗം കാശ് കൊടുക്കുമെന്ന് സർക്കാർ പറഞ്ഞത് നല്ല കാര്യമാണ്. അടുത്ത വർഷം കൊടുക്കുന്നതിനെക്കുറിച്ചും പറഞ്ഞു. ഈ വർഷം സംഭരിച്ചതിന്റെ കാശ് ആദ്യം കൊടുക്കണ്ടേ; നെൽകർഷകരുടെ അദ്ധ്വാനത്തിന്റെ ഫലമായുള്ള നെല്ല് കൊയ്തുകൊണ്ടുപോയതിനുശേഷം കാശിന് കാത്തിരിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. വളരെ ഗുരുതരമായ ഈ പ്രശ്നം ശ്രീ. സി. എഫ്. തോമസ് കഴിഞ്ഞ ദിവസങ്ങളിൽ പല പ്രാവശ്യം സഭയിലുന്നയിച്ചു. ശ്രീ. കെ. എം. മാണി പ്രത്യേക പ്രമേയം കൊണ്ടുവന്നു. പക്ഷെ പരിഹാര നടപടികളായിട്ടില്ല. എത്രയുംപെട്ടെന്ന് സംഭരിച്ച നെല്ലിന്റെ പണം കൊടുക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റബ്ബറിന്റെ വിഷയം ഇന്ന് രാവിലെ ചർച്ച ചെയ്തു. അക്കാര്യത്തിൽ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ പോകുകയാണ്. ഒരു പ്രചരണത്തിനുവേണ്ടിയാണോ 200 രൂപയെന്ന് പറയുന്നതെന്ന് ശ്രീ. രാജു എബ്രഹാം ചോദിച്ചു. അദ്ദേഹം ഒരിക്കലും അങ്ങനെ പറയാൻ പാടില്ലായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. കാരണം, അദ്ദേഹവും റബ്ബർ മേഖലയിൽനിന്ന് വരുന്ന ഒരാളാണ്. കഴിഞ്ഞ ദിവസം റബ്ബറിന്റെ കാര്യത്തിൽ കേരള കോൺഗ്രസ്സിനെ ആക്ഷേപിച്ചുകൊണ്ട് ഇവിടെ ചില അംഗങ്ങൾ സംസാരിക്കുകയുണ്ടായി. ഞങ്ങൾക്ക് ഒരു കാര്യത്തിൽ ചാരിതാർത്ഥ്യമുണ്ട്. റബ്ബർ കർഷകർക്കുവേണ്ടിയും കേരളത്തിലെ കർഷകർക്ക് വേണ്ടിയും ഞങ്ങൾ സംസാരിച്ച കാലങ്ങളിൽ റബ്ബർ മുതലാളിമാരുടെയും കായൽ രാജാക്കന്മാരുടെയൊക്കെ പാർട്ടിയാണെന്ന് കേരള കോൺഗ്രസ്സിനെ ആക്ഷേപിച്ചിട്ടുണ്ട്. ഞങ്ങളുന്നയിച്ച വിഷയത്തിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം സജീവമായി റബ്ബർ കർഷകർക്കുവേണ്ടി സംസാരിക്കുന്നത് കാണുമ്പോൾ ഞങ്ങൾക്ക് സന്തോഷമുണ്ട്. പക്ഷെ, ആത്മാർത്ഥതയോടു കൂടിയാണെങ്കിൽ റബ്ബർ വിലസ്ഥിരതാ ഫണ്ട് 200 രൂപയാക്കണം. കാരണം, കേന്ദ്രത്തിൽനിന്ന് നമ്മൾ പണം ചോദിക്കുകയും കേന്ദ്രത്തിന് പ്രമേയം അയച്ചുകൊടുക്കുകയും സർവ്വകക്ഷി സംഘം പോകുകയുമൊക്കെ ചെയ്യുന്നു. ആസിയാൻ കരാർ ഒപ്പിട്ടപ്പോൾ കേരള കോൺഗ്രസ്സിന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ശ്രീ. കെ. എം. മാണി മന്ത്രിയായിരുന്നപ്പോൾ റബ്ബർ ലൈവ്‌ലിഹുഡാണെന്ന് പറഞ്ഞ് സെൻസിറ്റീവ് ലിസ്റ്റിൽ കൊണ്ടുവരാൻ എന്തുകൊണ്ട് കേരള കോൺഗ്രസ് മുൻകയ്യെടുത്തില്ല?

ശ്രീ. മോൻസ് ജോസഫ്: സർ, യു.ഡി.എഫ്.-നകത്തുനിന്ന് ആസിയാൻ കരാറിനെതിരെ പ്രതികരിച്ച പാർട്ടിയാണ് ഞങ്ങളുടേത്. അങ്ങ് പറഞ്ഞത് ഞാൻ സമ്മതിച്ചു. ലൈവ്‌ലിഹുഡെന്ന നിലയിൽ റബ്ബറിനെ നെഗറ്റീവ് ലിസ്റ്റിലുൾപ്പെടുത്തി സഹായിക്കണമെന്ന് പറഞ്ഞുകൊണ്ട് സംസ്ഥാന സർക്കാർ നീക്കം നടത്തിയിട്ടുണ്ട്. പക്ഷെ, കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങനെയൊരു നീക്കം നടന്നിട്ടില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷമായി. നെഗറ്റീവ് ലിസ്റ്റിനുവേണ്ടി ഈ സർക്കാർ ചെറുവിരലെങ്കിലും അനക്കിയിട്ടുണ്ടോ; ഈ വിഷയത്തിൽ പരിണിതപ്രജ്ഞനായിട്ടുള്ള ആളാണ് അങ്ങ്. തായ്‌ലന്റ് ഇത് ലൈവ്‌ലിഹുഡാണെന്ന് ബോധ്യപ്പെടുത്തി നെഗറ്റീവ് ലിസ്റ്റിൽ കൊണ്ടുവന്നു. നമ്മളിപ്പോൾ പ്രമേയത്തിലേയ്ക്ക് കടന്നിട്ടേയുള്ളൂ. അതുകൊണ്ട് സർക്കാർ ഉണരണം. ഈ വിഷയങ്ങൾ കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തണം. കേരളത്തിലെ റബ്ബർമേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ ആത്മാർത്ഥമായ ഇടപെടൽ നടത്തണം. സർവ്വകക്ഷി സംഘത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായി ഇത് മാറണം. നമ്മളാവശ്യപ്പെടുന്ന ഫണ്ട് കേന്ദ്ര സർക്കാർ തരുമോയെന്നറിയില്ല. പക്ഷെ സംസ്ഥാന സർക്കാരിന് ചെയ്യാവുന്ന ഒരു കാര്യമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രീ. കെ. എം. മാണി ബജറ്റിലൂടെ 180 രൂപയാക്കിയപ്പോൾ റബ്ബറിന്റെ വില 80 രൂപയും 85 രൂപയുമായിരുന്നു. സംസ്ഥാന സർക്കാരിന് 65 രൂപ കൊടുക്കേണ്ടി വന്നിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 5 വർഷം നിങ്ങൾ ഭരിച്ചിട്ട് റബ്ബർ മേഖലയിൽ സബ്സിഡിയായി കൊടുത്തിട്ടുള്ളത് ആകെ 300 കോടി രൂപയാണ്. അതാണ് യാഥാർത്ഥ്യം. ഈ വർഷത്തെ ബജറ്റിൽ 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, അങ്ങ് പറഞ്ഞ ഭാഗം ഇന്നലെ ചൂണ്ടിക്കാണിച്ചപ്പോൾ ഞങ്ങൾ മറുപടി പറഞ്ഞിരുന്നു. ഞങ്ങൾ ഭരിച്ച ആദ്യത്തെ മൂന്ന് വർഷത്തിൽ, ആദ്യ വർഷം റബ്ബറിന് 200 രൂപ വരെ വിലയുണ്ടായിരുന്നു. രണ്ടാമത്തെ വർഷം മുതൽ വിലയിടിഞ്ഞു. വിലയിടിഞ്ഞ സാഹചര്യത്തിൽ ആദ്യം

ചെയ്ത നടപടി റബ്ബർ സംഭരണമായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെയും യു.ഡി.എഫ്. സർക്കാരിന്റെയും സമയത്ത് റബ്ബർ സംഭരണം നടത്തിയെങ്കിലും ഫലപ്രദമായി വിജയിച്ചില്ല. മൂന്നാമത്തെ വർഷാവസാനം ഗുരുതരമായ സ്ഥിതിയിലേയ്ക്കെത്തിയപ്പോഴാണ് ബദൽമാർഗ്ഗം അന്വേഷിച്ചത്. അക്കാര്യം നിയമസഭയിൽ ചർച്ച ചെയ്യുകയും ഒരു പൊതുധാരണയിലെത്തുകയും അവസാനം 2014-15 വർഷത്തെ ബജറ്റിലൂടെ ബഹുമാനപ്പെട്ട കെ. എം. മാണി 300 കോടി രൂപ മാറ്റിവയ്ക്കുകയും വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തുകയും ചെയ്തു.

ഞാൻ ചൂണ്ടിക്കാണിച്ചത്, 300 കോടി രൂപ അന്നത്തെ ബജറ്റിൽ മാറ്റിവയ്ക്കുകയും 180 രൂപയുടെ വിലസ്ഥിരതാ ഫണ്ട് സർക്കാരിന്റെ നാലാമത്തെ വർഷം പ്രഖ്യാപിച്ച് നടപ്പാക്കുകയും ചെയ്തു. കർഷകന്റെ വീട്ടിലെത്തുന്ന സാഹചര്യമുണ്ടായി. പിന്നീട് ശ്രീ. ഉമ്മൻ ചാണ്ടി വന്നപ്പോൾ 500 കോടി രൂപയാക്കി മാറ്റി. അങ്ങും അത് തുടരുമെന്ന് പറഞ്ഞതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷെ അതനുസരിച്ച് പൈസ കിട്ടുന്നില്ല. രണ്ടാമത്തെ പ്രശ്നം, ഇപ്പോൾ സർക്കാരിന് എത്ര രൂപ കൊടുക്കേണ്ടി വരുന്നു; ഇപ്പോൾ റബ്ബറിന് 125 രൂപ വിലയുള്ളതിനാൽ 25 രൂപയിൽ കൂടുതൽ സർക്കാരിന് കൊടുക്കേണ്ടി വരുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, സംസ്ഥാന സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ 200 രൂപയാക്കി മാറ്റിയാൽ കർഷകന് വലിയ അനുഗ്രഹമാകും. അതിന് കഴിയുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ:</u> യെസ്..... പ്ലീസ്.....

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഒരു കാര്യംകൂടി. നമുക്കെല്ലാവർക്കും വേണ്ടിയാണ് പറയുന്നത്. ഇവിടെ റോഡ് പണി നടക്കണം. വികസനത്തെക്കുറിച്ച് പറയുമ്പോൾ എല്ലാം കിഫ്ബിക്കുവേണ്ടി കാത്തിരിക്കാൻ പറ്റുമോ; കിഫ്ബി നല്ല കാര്യം. ധാരാളം പദ്ധതികൾ നമുക്ക് വരും.

<u>മി. ചെയർമാൻ:</u> അങ്ങൊരു സീനിയർ മെമ്പറാണ്, സഹകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഞാൻ ചുരുക്കുകയാണ്. ഇപ്പോൾ പ്രീ-മൺസൂൺ നടക്കുകയാണ്. ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കുറച്ചുകാലം പൊതുമരാമത്ത് വകുപ്പുമന്ത്രിയാകാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ടെന്നത് ഞാൻ അഭിമാനത്തോടെ ഓർക്കുന്നു. അന്ന് കരാറുകാരുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻ കഴിയുന്ന ഒരു കാലഘട്ടമായിരുന്നു. ഇന്ന് 1,500 കോടി രൂപ കുടിശ്ശികയുണ്ട്. ഇന്നലെ സർക്കാർ കോൺട്രാക്ടർമാരുടെ സമരം ഇവിടെ നടന്നു. വർക്ക് മുഴുവൻ നിർത്തി

വയ്ക്കുകയാണെന്ന് അവർ അറിയിച്ചിരിക്കുകയാണ്. ആ സാഹചര്യം കണക്കിലെടുത്ത് കരാറുകാരുടെ കുടിശ്ശികയായ 1,500 കോടി രൂപ കൊടുത്തു തീർക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം.

അതുപോലെ മറ്റ് വകുപ്പുകളിൽ നടപ്പിലാക്കിയ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം കൊണ്ടുവരണം. ഞാൻ കരാറുകാർക്കുവേണ്ടി വാദിക്കുകയല്ല. സംസ്ഥാനത്ത് ജലവിതരണ പൈപ്പുകൾ ഇടുന്ന വർക്കുകൾ മുഴുവൻ നിർത്തിവച്ചിരിക്കുന്നത് പുനരാരംഭിക്കണമെങ്കിൽ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കണമെന്നുകൂടി ആഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട മുതിർന്ന അംഗങ്ങൾ സമയത്തിന്റെ കാര്യത്തിൽ സഹകരിക്കണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഒന്നാം വാർഷികം ആഘോഷിക്കുകയാണ്. ഒരു വർഷം തികയുന്നത് നാളെയാണ്. ഈ സർക്കാരിന്റെ പ്രകടനപത്രികയിൽ പറഞ്ഞ വാഗ്ദാനങ്ങൾ പാലിച്ചിട്ടുണ്ടോ ഇല്ലയോ എന്നതാണ് യഥാർത്ഥത്തിൽ ഇപ്പോൾ നമ്മൾ ചർച്ച ചെയ്യേണ്ടത്. പക്ഷെ, ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിയെപ്പോലെയുള്ളവർ സി.പി.ഐ.(എം.)-ൽ നടക്കുന്ന കാര്യങ്ങളും അതിന്റെ യോഗങ്ങളെ സംബന്ധിച്ചുമൊക്കെയാണ് ഇവിടെ പ്രതിപാദിച്ചത്. സി.പി.ഐ.(എം.)-ന് എന്തെങ്കിലും അപചയം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ശ്രീ. മഞ്ഞളാംകുഴി അലിയെപ്പോലുള്ളവർ ഇടയ്ക്ക് വലിഞ്ഞുകയറിയതു കൊണ്ടാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശരിയായ വിഷയങ്ങളിൽനിന്ന് ശ്രദ്ധതിരിച്ചുവിടാനുള്ള കുറുക്കുവഴികൾ തേടുകയാണ് പ്രതിപക്ഷം. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഇന്നലെ സൂചിപ്പിച്ചതുപോലെ, വീണുകിട്ടുന്ന ചെറിയ കാര്യങ്ങൾ തേച്ചുമിനുക്കി പർവ്വതീകരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

വിദേശ മലയാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് വിമാന ചാർജ്ജിലെ കൊള്ള. ചരിത്രത്തിലാദ്യമായാണ് ഒരു മുഖ്യമന്ത്രി വിമാനക്കമ്പനികളുടെ യോഗം വിളിച്ചുകൂട്ടിയത്. വ്യോമയാന വിഷയം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ടെന്ന് നമുക്കറിയാം. എന്നിട്ടും ഇക്കാര്യത്തിൽ നല്ലൊരു നീക്കം നടത്താൻ മുഖ്യമന്ത്രിക്ക് സാധിച്ചുവെന്നുള്ളതും സംസ്ഥാനത്ത് ഒരു സിവിൽ

ഏവിയേഷൻ വകുപ്പ് രൂപീകരിക്കാനുള്ള ശ്രമം നടക്കുന്നുവെന്നുള്ളതും സ്വാഗതാർഹമാണ്. ഈ സർക്കാരിനെതിരെ പ്രതിപക്ഷം കൊണ്ടുവരുന്ന എല്ലാ സമരങ്ങളും പ്രചരണങ്ങളും പരാജയപ്പെടുന്നതിന്റെ കാരണം ജനങ്ങൾ പ്രതിപക്ഷത്തിനൊപ്പം ഇല്ലെന്നുള്ളതുതന്നെയാണ്. കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിലും മലപ്പുറത്ത് നടന്ന പാർലമെന്റ് ഉപതെരഞ്ഞെടുപ്പിലും ജനങ്ങൾ പ്രതിപക്ഷത്തിന് നൽകിയ പിന്തുണ ഇതിന് മികച്ച ഉദാഹരണമാണ്. ഈ സർക്കാരിന്റെ നേട്ടം ഇതൊന്നുമല്ല. മത-സാമുദായിക സംഘടനാ നേതാക്കളുടെ നിയന്ത്രണം ഈ സർക്കാരിന്റെമേൽ ഇല്ലെന്നുള്ളതുതന്നെയാണ് ഏറ്റവും വലിയ നേട്ടം. മതത്തിന്റെയും ജാതിയുടെയും ഉപജാതിയുടെയും പേരിൽ അവകാശവാദങ്ങൾ ഇപ്പോൾ ആരും ഉന്നയിക്കുന്നില്ല എന്ന ഒരൊറ്റകാര്യം മതി ഈ സർക്കാരിന്റെ നേട്ടമായി പറയാൻ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യു.ഡി.എഫ്. മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും ജാതിയും മതവും നോക്കിയുള്ള സമ്മർദ്ദവും മറ്റ് കാര്യങ്ങളുമൊക്കെയാണ് ഇവിടെ നടന്നുകൊണ്ടിരുന്നത്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് ഒരു മന്ത്രിസ്ഥാനം കൊടുക്കാൻവേണ്ടി കഴിഞ്ഞ പ്രാവശ്യമുണ്ടായ പ്രശ്നങ്ങളെന്തൊക്കെ യായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് അവർ ചില ഓഫറുകൾ കൊടുത്തിരുന്നു, അത് നടപ്പാക്കാൻവേണ്ടി ആരൊക്കെ എന്തെല്ലാം ബുദ്ധിമുട്ടുകൾ സഹിച്ചുവെന്ന് നമുക്കറിയാം. ബഹുമാനപ്പെട്ട പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളോടാണ് എല്ലാകാര്യങ്ങളും പറയാറുള്ളത്. അദ്ദേഹം ഒരു കോട്ടയം യാത്ര നടത്തേണ്ടിവന്നു എന്നുള്ളതും നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. മാത്രമല്ല അങ്ങയെ അഞ്ചാം മന്ത്രിയാക്കിയാൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കേരളത്തിലെ അവസാനത്തെ കോൺഗ്രസ് മുഖ്യമന്ത്രിയായിരിക്കുമെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുകൂടി അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, അതൊക്കെ ഞാൻ സമ്മതിച്ചു. എനിക്കൊരു കാര്യം ചോദിക്കാനുള്ളത്, കഴിഞ്ഞ കുറെ ദിവസമായി അങ്ങ് ആരോടും ഒന്നും മിണ്ടാതെ ഇരിക്കാനുള്ള കാരണമെന്താണ്?

ശ്രീ. പി. ടി. എ. റഹീം. : സർ, എന്റെ കാര്യത്തിൽ ഇത്രയും വലിയ ശ്രദ്ധ അങ്ങ് കാണിക്കുന്നതിലുള്ള സന്തോഷം ഞാൻ അറിയിക്കുകയാണ്. നിങ്ങളുടെ മനോഭാവമെന്താണ്? ഗെയിൽ വാതക പൈപ്പ് ലൈൻ ഇടാൻവേണ്ടി തീരുമാനിച്ചത് ആരാണ്? സർവ്വകക്ഷിയോഗം വിളിച്ച് അങ്ങുകൂടി മന്ത്രിസഭയിലുണ്ടായിരുന്ന കാലത്തല്ലേ തീരുമാനിച്ചത്? എന്നിട്ട് നിങ്ങളിപ്പോൾ ആ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനങ്ങളെ ലംഘിച്ചുകൊണ്ട് അപ്പുറത്ത്

നിൽക്കുകയാണ്. അതുപോലെതന്നെ ദേശീയപാതയുടെ കാര്യവും സർവ്വ കക്ഷിയോഗം വിളിച്ച് തീരുമാനിച്ചതാണ്. ഇപ്പോൾ അതിനും നിങ്ങളെതിരാണ്. കോഴിക്കോട് വിമാനത്താവളത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ നൽകുന്ന നഷ്ടപരിഹാരം പോരാതെ വന്നാൽ പണം പിരിവെടുത്ത് കൊടുക്കുമെന്ന് ശ്രീ. മഞ്ഞളാംകുഴി അലി ഉൾപ്പെടെയുള്ളവർ പറഞ്ഞതാണ്. വീണുകിട്ടുന്ന ചെറിയ കാര്യങ്ങൾ ഊതിവീർപ്പിക്കാനുള്ള ശ്രമത്തിലാണ് നിങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ചെറിയ രീതിയിലുള്ള വർഗ്ഗീയത കൊണ്ടുവരാൻവേണ്ടി ലീഗ് പരമാവധി ശ്രമിക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ആദ്യംതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബി.ജെ.പി. സർക്കാർ മുത്തലാഖിനെ സംബന്ധിച്ച് ശരിഅത്ത് നിയമത്തിന് മുകളിൽ കയറിപ്പിടിച്ചു. മുത്തലാഖിനെ സംബന്ധിച്ച് മുസ്ലീംലീഗിന് അറിയേണ്ടത് സി.പി.ഐ. (എം.)-ന്റെ അഭിപ്രായമെന്താണെന്നാണ്. സി.പി.ഐ.(എം.) വളരെ വ്യക്തമായി പറഞ്ഞു, മുത്തലാഖ് നിരുത്സാഹപ്പെടുത്തേണ്ടതാണ്. എന്നാൽ ബി.ജെ.പി. ഈ വിഷയമെടുത്തിരിക്കുന്നത് നല്ല ഉദ്ദേശ്യത്തോടുകൂടിയല്ല, അതുകൊണ്ട് അതിന്റെ കൂടെ നിൽക്കാൻ ഞങ്ങൾ തയ്യാറല്ലെന്നാണ് പറഞ്ഞത്. ശരിഅത്തിന് എതിരാണെന്ന ഒരു സമീപനമാണ് സി.പി.ഐ.(എം.) സ്വീകരിച്ചത്. ഇപ്പോൾ മുത്തലാഖിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ മൂക്കുകൊണ്ട് 'ക്ഷ' വരയ്ക്കുകയാണ് ചില ആളുകൾ. സി.പി.ഐ.(എം.) പറഞ്ഞതായിരുന്നു യഥാർത്ഥ അഭിപ്രായം. ഇപ്പോൾ എല്ലാവരും ഏകകണ്ഠമായി സുപ്രീം കോടതിയിൽ പറയുന്നത് മുത്തലാഖ് മോശമായ ഒരു കാര്യമാണ്, അത് പാപമാണ് എന്നാണ്. പാപമായ ഒരു കാര്യം എന്തിനാണ് ചെയ്യുന്നതെന്നുവരെ സുപ്രീംകോടതി ചോദിച്ച സ്ഥിതിയിൽവരെ എത്തിനിൽക്കുകയാണ്. ഏറ്റവും അവസാനം ഞങ്ങൾ ഈ മുത്തലാഖിന് എതിരാണെന്ന് കോടതിയിൽ സ്റ്റേറ്റുമെന്റ് കൊടുക്കേണ്ട സാഹചര്യമുണ്ടായി. അതുകൊണ്ട് നിങ്ങളെക്കാൾ നല്ലപോലെ ഇക്കാര്യങ്ങളൊക്കെ പഠിക്കുന്നത് ശ്രീ. സീതാറാം യെച്ചൂരിയാണെന്നാണ് എനിക്ക് തോന്നുന്നത്.

നിങ്ങളിപ്പോൾ പറയുന്നത് കാസർഗോഡ് ജില്ലയിലെ റിയാസ് മൗലവി വധമാണ്. ആ വധത്തിന് ഉത്തരവാദികളായവരെയെല്ലാം പോലീസ് പിടിച്ചു. പക്ഷെ നിങ്ങളിപ്പോൾ വീണ്ടും ആ വിഷയത്തിൽ പ്രശ്നമുണ്ടാക്കുകയാണ്. കേരളത്തിന് പുറത്തുള്ള കുടകിലാണ് റിയാസ് മൗലവിയുടെ വീട്. പോസ്റ്റ്മോർട്ടം നടന്ന് അവിടേയ്ക്ക് കൊണ്ടുപോകുന്നതിനുപകരം നിങ്ങൾ സംഭവസ്ഥലത്തേയ്ക്ക് തന്നെ കൊണ്ടുവരണമെന്ന് നിർബന്ധം പിടിക്കുകയും നിങ്ങളുടെ എം.എൽ.എ. ഉൾപ്പെടെയുള്ള ആളുകൾ സി.ഐ. ഓഫീസിൽ ധർണ്ണ നടത്തുകയും ചെയ്തു.

എന്തായിരുന്ന അതിന്റെ ആവശ്യം? നിങ്ങൾ പ്രശ്നമുണ്ടാക്കാൻ ശ്രമിക്കുകയാണ്. പ്രശ്നങ്ങളില്ലാതാക്കാൻ ശ്രമിക്കുന്നതിനുപകരം പ്രശ്നങ്ങളുണ്ടാക്കി സർക്കാരിനെ പ്രതിക്കൂട്ടിലാക്കാൻ ശ്രമിക്കുകയാണ്. കൊടിഞ്ഞി ഫൈസൽ വധത്തിലും നിങ്ങളെന്താണ് ചെയ്തത്? എല്ലാ പ്രതികളെയും പിടിച്ചതിനുശേഷവും നിങ്ങൾ തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൊടിഞ്ഞി ഫൈസലിന്റെ വധവുമായി ബന്ധപ്പെട്ട് ദേശീയപാത ഉപരോധിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ നേതൃത്വം കൊടുക്കുകയായിരുന്നു. നിങ്ങൾ പറയുന്നത് ഗൂഢാലോചന നടത്തിയ സ്കൂൾ പൂട്ടണമെന്നാണ്. ഗൂഢാലോചന നടത്തിയവരെ പിടിക്കുകയെന്നല്ലാതെ ആ സ്കൂൾ പൂട്ടിക്കാനാണ് നിങ്ങൾ സമരം ചെയ്തുകൊണ്ടിരിക്കുന്നത്. ഏതെങ്കിലുമൊരു ചെറിയ വിഷയം കിട്ടുകയാണെങ്കിൽ അതൊക്കെ സർക്കാരിനെതിരായുള്ള കാര്യങ്ങൾക്കായി പ്രയോഗിച്ചു കൊണ്ടിരിക്കുകയാണ്. മൂന്നാറുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു കുരിശ് തകർക്കപ്പെട്ടു. എന്ത് സാധനമായാലും അവയെല്ലാം എടുത്ത് മാറ്റേണ്ടതുതന്നെയാണ്. പക്ഷെ കുരിശ് താഴെ വീണപ്പോൾ നിങ്ങളെല്ലാവരും സടകുടഞ്ഞെഴുന്നേറ്റ് ഈ കുരിശും സർക്കാരിന് ഒരു കുരിശാകുമെന്ന പ്രചരണം നടത്തി. രണ്ട് മണിക്കൂർ മാത്രമാണ് ആ പ്രചരണം നീണ്ടുനിന്നത്. വീണ്ടും നിങ്ങൾ പറയുന്നത് ശ്രീ. പിണറായി വിജയൻ കുരിശിന്റെ ആളായി മാറിയെന്നാണ്. കഴിഞ്ഞ ദിവസം മഞ്ചേരി മെഡിക്കൽ കോളേജിനെ സംബന്ധിച്ച പ്രശ്നം അവതരിപ്പിച്ചപ്പോഴും നിങ്ങൾ ഇതേ സമീപനമാണ് സ്വീകരിച്ചിരുന്നത്. മഞ്ചേരി മെഡിക്കൽ കോളേജ് അറബി കോളേജാണോ? മെരിറ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രവേശനം കൊടുക്കുന്ന ഒരു സ്ഥാപനമാണത്. പാലക്കാട് മെഡിക്കൽ കോളേജാണെങ്കിൽ അവിടെ ഏതെങ്കിലുമൊരു വിഭാഗത്തിന് അറുപത് ശതമാനം സംവരണമുണ്ടെന്ന് പറയാം. മഞ്ചേരി മെഡിക്കൽ കോളേജിൽ ആർക്കും സംവരണമില്ല. അവിടെ മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം ബഹുമാനപ്പെട്ട എം. ഉമ്മർ ഇവിടെ പ്രസംഗിച്ചപ്പോൾ വികാരാധീനനായി വർഗ്ഗീയ ചുവയോടുകൂടി വലിയ രൂപത്തിൽ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഏതൊരു കാര്യം കിട്ടിയാലും നിങ്ങൾ ഇതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സ്കൂൾ സമയമാറ്റവുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് ഒരു സബ്മിഷൻ ഉന്നയിക്കാൻപോലും അവസരമില്ലാത്ത രൂപത്തിൽ മന്ത്രി കാര്യം വ്യക്തമാക്കി. നിങ്ങൾ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്തും സ്കൂൾ സമയമാറ്റവുമായി ബന്ധപ്പെട്ട് രാത്രി ഒരുമണിക്കും രണ്ടുമണിക്കുമൊക്കെ വലിയ രൂപത്തിലുള്ള സമ്മേളനങ്ങൾ ചേർന്നു. എല്ലായിടങ്ങളിലും ഇല്ലാത്ത കാര്യത്തെ സംബന്ധിച്ച് നിങ്ങൾ പാതിരാസമ്മേളനങ്ങൾ നടത്തി. സർക്കാർ ആലോചിച്ചിട്ടുപോലുമില്ലാത്ത ഒരു കാര്യത്തെ സംബന്ധിച്ച് നിങ്ങൾ സർവ്വകക്ഷിയോഗങ്ങൾ വിളിച്ചുകൂട്ടി

സർക്കാരിനെതിരെ ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം വ്യക്തമാക്കിയപ്പോൾ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ നിങ്ങൾ ആ സമരം അവസാനിപ്പിച്ചു. ഇത് നിങ്ങൾ ഇപ്പോൾ തുടങ്ങിയതൊന്നുമല്ല. മുൻ കാലഘട്ടത്തിലും ഭാഷാസമരമെന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ സമരം ചെയ്തു. അതിപ്പോൾ നടക്കുമോ? ഭാഷാസമരം നിങ്ങൾ നടത്തുകയും മൂന്നാളുകൾ രക്തസാക്ഷികളാകുകയും ചെയ്തു. ഞാനും അക്കൂട്ടത്തിലുണ്ടായിരുന്നു. നിങ്ങൾ ഭാഷാസമരം നടത്തിയതെന്തിനാണ്? അക്കോമഡേഷനുവേണ്ടിയാണ് നിങ്ങൾ സമരം നടത്തിയത്. അക്കോമഡേഷനെന്ന് പറഞ്ഞാൽ മലയാളം ക്ലാസ്സിൽനിന്നും അറബി പഠിക്കേണ്ട കുട്ടികൾ വേറെ ക്ലാസ്സിൽപോയി പഠിക്കണം. അതിനവിടെ സ്ഥലമുണ്ടാകണമെന്ന് സർക്കാർ പറഞ്ഞുവെന്നാണ് പറയുന്നത്. സ്ഥലമൊന്നും വേണ്ട, ആ കുട്ടികൾ മലയാളം ക്ലാസ്സെടുക്കുമ്പോൾ പുറത്ത് പൊയ്ക്കോട്ടെ, ഒരു പ്രശ്നവുമില്ല എന്നുള്ളതാണ്. അതുപോലെതന്നെ നല്ല യോഗ്യതയുള്ള അദ്ധ്യാപകർ വേണമെന്ന് പറഞ്ഞപ്പോൾ, യോഗ്യതയൊന്നും വേണ്ട ഏഴാം സ്റ്റാൻഡേർഡ് മതി, എസ്.എസ്.എൽ.സി. വരെ പഠിപ്പിക്കാമെന്ന് പറഞ്ഞു. ഇതെല്ലാം ആർക്കുവേണ്ടിയാണ്? ഒരു സ്കൂളിലെ മൊത്തം മുസ്ലീംകുട്ടികളുടെ എണ്ണമെടുത്ത് അറബി അദ്ധ്യാപകരെ നിശ്ചയിക്കണമെന്നാണ് പൊതുവായിട്ടുള്ളത്. അറബി പഠിക്കാൻ താൽപര്യമുള്ള കുട്ടികളുടെ ഒരു ഡിക്ലറേഷൻ എടുത്തിട്ട് ചെയ്താൽപോരെ എന്ന് സർക്കാർ ചോദിച്ചു. ഈ മൂന്ന് കാര്യങ്ങളും സ്വകാര്യ മാനേജ്മെന്റുകൾക്ക് അദ്ധ്യാപകരെ നിശ്ചയിക്കാനുള്ള കുറുക്കുവഴിയാണെന്ന് അന്നെനിക്ക് മനസ്സിലായില്ല. അതുകൊണ്ട് ഞാനും ആ സമരത്തിന് പോയിരുന്നു വെന്നുള്ളതാണ് സത്യം. പക്ഷെ ജനങ്ങൾക്ക് ബുദ്ധിവന്നിട്ടുണ്ട്. അതുകൊണ്ടാണ് മലപ്പുറം തെരഞ്ഞെടുപ്പിൽ ഒരു ലക്ഷത്തിലധികം വോട്ട് ഇടതുപക്ഷത്തിന് കൂടുതൽ കിട്ടിയത്. നിങ്ങളുടെ എല്ലാ സമരവും പൊളിയുകയാണ്. മൂന്നാറിൽ പൊമ്പിളൈ ഒരുമൈ സമരം, മെഡിക്കൽ പി.ജി. സമരം, മഹിജാ കേസ് എന്നിവയെല്ലാം പൊളിഞ്ഞു. അതുകൊണ്ട് ഈ സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനത്തെ വിലയിരുത്താൻ നമുക്ക് സാധിക്കണം.

ഒരുകാര്യംകൂടി പറയാനുണ്ട്. ഇന്ന് രാവിലെ ലൈഫ് പദ്ധതിയുടെ ഒരു പരസ്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ആ പരസ്യത്തിലുള്ള ആൾക്ക് വീട് കിട്ടിയിട്ടുണ്ടെന്നാണ് പറഞ്ഞത്. പി.ആർ.ഡി. ഒരു പരസ്യം കൊടുക്കുമ്പോൾ ആരുടെയെങ്കിലും ഫോട്ടോ കൊടുക്കും. പക്ഷേ ആ ഫോട്ടോ ഏറ്റവും നന്നായി എന്നാണ് എനിക്ക് തോന്നുന്നത്. കാരണം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ആ ഫോട്ടോയിൽ കാണിച്ച കുടുംബത്തിന്റെ വീടിന്റെ പാലുകാച്ചൽ

കഴിഞ്ഞയാഴ്ച കഴിഞ്ഞിട്ടേയുള്ളൂ എന്നാണ്. അവരുടെ ഫോട്ടോ തന്നെയാണ് കൊടുക്കേണ്ടത്. അവരുടെ സന്തോഷമാണ് ലൈഫ്. ലൈഫ് പദ്ധതി വരുമ്പോൾ എല്ലാവർക്കും ഇതുപോലെ സന്തോഷമുണ്ടാകും. 'ആർദ്രം' പദ്ധതിയുടെ ഒരു പരസ്യമുണ്ട്. ഒരു വൃദ്ധയായ സ്ത്രീക്ക് മരുന്ന് കൊടുക്കുന്നതാണ് അതിലുള്ളത്. അവർക്ക് അസുഖമുണ്ടോ ഇല്ലയോ എന്ന് അന്വേഷിച്ചിട്ട് ഈ ഫോട്ടോയും തെറ്റാണെന്ന് പറയണം. ഇത്തരം ബാലിശമായ കാര്യങ്ങൾ പറയുന്നതിനുപകരം ഈ സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നാളെ ഇടതുപക്ഷ സർക്കാരിന്റെയല്ല, ശ്രീ. പിണറായി സർക്കാരിന്റെ ഒന്നാമത്തെ വാർഷികമാണ്. ഞാൻ അങ്ങനെയാണ് കാണുന്നത്. ഞാൻ വെറുതെ പറയുന്നതല്ല. ഞാൻ ചോദ്യോത്തരവേള ശ്രദ്ധിക്കാറുണ്ട്. മാറുന്നെങ്കിൽ മാറാൻവേണ്ടി പറയുകയാണ്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനോട് ചോദ്യം ചോദിക്കുമ്പോൾ, പ്രിന്റ് ചെയ്ത് വരുന്ന ചോദ്യമല്ലാതെ പിന്നൊരു ചോദ്യം ആ ഭാഗത്തുനിന്നുള്ള ഒരംഗംപോലും അദ്ദേഹത്തോട് ചോദിക്കാറില്ല. അദ്ദേഹത്തെ അത്രമാത്രം ഭയമാണ്. എന്തിനാണ് നിങ്ങളിങ്ങനെ ഭയപ്പെടുന്നത്; അത് മാറണ്ടേ. അതിനുവേണ്ടിയാണ് ഇത് പറയുന്നത്. പ്രതിപക്ഷവും ഭരണപക്ഷവും കണക്കാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് പിണറായി ഭരണം എന്ന് ഞാൻ പറഞ്ഞത്.

അറുപത് കൊല്ലം യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറിമാറി ഭരിച്ച് ഈ സംസ്ഥാനത്തെ ഒരു പരുവമാക്കി എന്ന അഭിപ്രായക്കാരനാണ് ഞാൻ. സംശയമുണ്ടോ? എനിക്ക് ഈ സഭയിൽ പറയാനുള്ളത്, ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ കേൾക്കണം. നിങ്ങൾ നിർബന്ധമായും അതിരപ്പിള്ളി പദ്ധതിയെക്കുറിച്ച് ആലോചിക്കണം. അതിരപ്പിള്ളി പദ്ധതിക്ക് 2007 ജൂലൈ 18-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം രേഖാമൂലം അനുമതി നൽകിയതാണ്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്രഗത്ഭ ശാസ്ത്രജ്ഞർ നടത്തിയ പരിസ്ഥിതി പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്. പിന്നീടത് മരവിപ്പിച്ചിരിക്കുകയാണ്. പക്ഷേ അതംഗീകരിക്കാൻ സാധിക്കില്ല. അതിരപ്പിള്ളി, പൂയംകുട്ടി ജലവൈദ്യുത പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നത് സംബന്ധിച്ച പഠനം പശ്ചിമഘട്ടത്തെക്കുറിച്ച് പഠിക്കുന്ന മാധവ് ഗാഡ്ഗിൽ സമിതിക്ക് ഇപ്പോൾ വിട്ടിരിക്കുകയാണ്. ഇത് അപകടമാണ്. സർക്കാർ ഇച്ഛാശക്തിയോടെ പ്രവർത്തിച്ച് നിർബന്ധമായും അതിരപ്പിള്ളി പദ്ധതി നടപ്പാക്കണം. ആരെതിർത്താലും എനിക്കംഗീകരിക്കാൻ സാധിക്കില്ല. എതിർക്കുന്ന ആളുകളെപ്പറ്റി ഒരു വാക്കുകൂടി പറയാം. വിജയൻ എന്ന ഒരു

പരിസ്ഥിതി പ്രവർത്തകനാണ് എതിർക്കുന്നത്. കേരളത്തിന്റെ അഭിമാന ജലവൈദ്യുത പദ്ധതിയായ ഇടുക്കി ആർച്ച് ഡാമിനെ സംബന്ധിച്ച് അയാളുടെ ഒരു കമന്റുണ്ട്. ഏറ്റവും വലിയ പദ്ധതിയാണ്. അതിന്റെ സ്ഥാപിതശേഷി 750 മെഗാവാട്ടാണ്. അതിരപ്പിള്ളി പദ്ധതിയെ എതിർക്കുന്ന വിജയൻ ടി. വി. ചർച്ചയിൽ പറഞ്ഞത്, " ഞാനുണ്ടായിരുന്നുവെങ്കിൽ ഇടുക്കി ഡാം നിർമ്മിക്കാൻ സമ്മതിക്കില്ലായിരുന്നു" എന്നാണ്. ഇദ്ദേഹം ഗാഡ്ഗിൽ കമ്മിറ്റിയിലെ ശാസ്ത്രജ്ഞനാണ്. പിന്നെ എങ്ങനെ നന്നാകും. അദ്ദേഹം പറയുന്നത്, ഇടുക്കി ഡാം വന്നതുകൊണ്ട് പാറയിടുക്കിലൂടെ വെള്ളമൊഴുകി കടലിലേയ്ക്ക് വരുമ്പോൾ, അതിലൂടെ പായലുൾപ്പെടെ കടന്നുവന്ന് ചാളയുടെ ഭക്ഷണം പോയി എന്നാണ്. ഡാം പണിതതുകൊണ്ടെന്നാണ് പറയുന്നത്. ഇതുപോലുള്ളവരൊക്കെ പറയുന്നത് കേട്ട് പദ്ധതി വേണ്ടെന്ന് വയ്ക്കാൻ നിങ്ങൾക്കെന്താണ് കാര്യം. നിർബന്ധമായി ഈ പദ്ധതി നടപ്പിലാക്കണം. അതിരപ്പിള്ളി പദ്ധതി രാജ്യത്തിനാവശ്യമാണ്. ഷോളയാർ, അപ്പർ ഷോളയാർ ഡാമുകളിൽ മഴക്കാലത്ത് വെള്ളം ശേഖരിച്ച് വൈദ്യുതി ഉൽപ്പാദനത്തിന് ശേഷംവരുന്ന വെള്ളം പുറന്തള്ളുന്നതാണ് അതിരപ്പിള്ളി വെള്ളച്ചാട്ടമായി മാറുന്നത്. അല്ലാതെ സ്വയമുള്ളതല്ല. വൈദ്യുതി ഉൽപ്പാദിപ്പിച്ചതിന് ശേഷമുള്ള വെള്ളമാണ് അതിരപ്പിള്ളി പദ്ധതി. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നിലവിൽ വന്നാൽ 160 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷം വരുന്ന വെള്ളം കണ്ണംകുഴി തോട്ടിലൂടെ ചാലക്കുടി പുഴയിൽ വന്നുചേരുന്നു. അതോടൊപ്പം മുഴുവൻസമയവും അതിരപ്പിള്ളി ഡാമിനോട് ചേർന്നുള്ള ഒന്നര മെഗാവാട്ടിന്റെ രണ്ട് ജനറേറ്റർ പ്രവർത്തിപ്പിച്ച് മൂന്ന് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷം പുറന്തള്ളുന്ന ജലം വാഴച്ചാൽ വഴി അതിരപ്പിള്ളി വെള്ളച്ചാട്ടമായി രൂപംകൊണ്ട് വേനൽക്കാലത്ത് കാണുന്ന വെള്ളച്ചാട്ടം നിലനിർത്തുകയും ചെയ്യുന്നു. വൈദ്യുതി ഉൽപ്പാദനം മാത്രമല്ല. ഒരു മേഖലയിലെ കുടിവെള്ളം, കൃഷി ഉൾപ്പെടെയുള്ള മുഴുവൻ ആവശ്യത്തിനും ആവശ്യമായ ഈ അതിരപ്പിള്ളി പദ്ധതി അടിയന്തരമായി നടപ്പാക്കാനുള്ള ഇച്ഛാശക്തി സർക്കാർ പ്രകടിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിൽനിന്ന് എന്തെങ്കിലും പ്രതീക്ഷിക്കുന്നത് ആ നാട്ടിലെ പാവപ്പെട്ട ജനവിഭാഗങ്ങളാണ്. പണക്കാർക്ക് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സ്വകാര്യമേഖലകളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഓരോ വാർഡുകളിലെയും വൈദ്യുതിയില്ലാത്ത കുടുംബങ്ങൾക്ക് വൈദ്യുതി നൽകി. നാടിന്റെ വിവിധ ഭാഗങ്ങളിലെ അനേകം ആളുകൾക്ക് വീടില്ലായിരുന്നു. സ്വന്തമായി ഒരു വീട് എന്നത് അവർ വളരെ കാലമായി ആഗ്രഹിക്കുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അവർക്ക് സ്വന്തമായി വീട് നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ സർക്കാർ

ജീവനക്കാർക്ക് അസുഖം ബാധിച്ചാൽ പെൻഷനാകുമ്പോൾ കിട്ടുന്ന ആനുകൂല്യങ്ങളിൽ സിംഹഭാഗവും സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി ആരോഗ്യ പരിപാലനരംഗം സാധാരണക്കാരന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന രൂപത്തിലാണ് മുന്നോട്ടുപോകുന്നത്. അഭിമാനകരമാകുംവിധം ആരോഗ്യ മേഖല നേട്ടങ്ങൾ കൈവരിച്ചിരിക്കുകയാണ്.

വിദ്യാഭ്യാസ മേഖല, കൂലിപ്പണിയെടുക്കുന്നവരടക്കമുള്ള പാവപ്പെട്ട ആളുകൾ തങ്ങളുടെ മക്കളെ നല്ല വിദ്യാഭ്യാസത്തിന് പബ്ലിക് സ്കൂളുകളിലേയ്ക്ക് അയയ്ക്കണമെന്നാണ് ധരിച്ചിരുന്നത്. കഴിഞ്ഞ ഒരു വർഷം യു.പി., എൽ.പി., എയ്ഡഡ് വിദ്യാലയങ്ങളടക്കം സർക്കാർ വിദ്യാലയങ്ങളിൽ ജനകീയ പിന്തുണയോടുകൂടി ആയിരക്കണക്കിനാളുകൾ ഓരോ ഹയർ സെക്കണ്ടറി സ്കൂളിലും വന്നുചേരുകയും അവരുടെ സഹായത്തോടുകൂടി വിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടായിരിക്കുകയുമാണ്. അതിന്റെ ഫലമായി മക്കളെ പഠിപ്പിക്കാൻ പബ്ലിക് സ്കൂൾ വേണ്ട, എയ്ഡഡ് വിദ്യാലയങ്ങളും സർക്കാർ വിദ്യാലയങ്ങളും മതിയെന്ന് ജനങ്ങൾ ചിന്തിക്കുന്ന ഒരു കാലഘട്ടമാണ്.

പാവപ്പെട്ടവരുടെ മക്കൾ ഉന്നതവിദ്യാഭ്യാസത്തിന് ബാങ്കിൽനിന്ന് ലോൺ വാങ്ങി പഠിച്ച് പാസ്സായെങ്കിലും ജോലി ലഭിച്ചില്ല. ജോലി ലഭിക്കാതായപ്പോൾ ബാങ്കുകാർ ലോൺ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് രക്ഷിതാക്കൾ ആത്മഹത്യചെയ്ത സംഭവമടക്കം നമ്മൾ വായിച്ചു. രാജ്യത്തെ സാധാരണക്കാരായ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. സർക്കാർ ഈ പ്രശ്നം മനസ്സിലാക്കുകയും ഇത് പരിഹരിക്കാൻ ആവശ്യമായ സമീപനം സ്വീകരിക്കുകയും ചെയ്തു. മക്കൾക്ക് പഠിക്കാൻ ബാങ്ക് ലോണെടുത്തത് തിരിച്ചടയ്ക്കാൻ സാധിക്കാത്ത രക്ഷിതാക്കൾക്ക് മനസ്സമാധാനത്തോടെ കിടന്നുറങ്ങാൻ സാഹചര്യമൊരുക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചു. അതുപോലെ ഓരോ മേഖലയിലും ഓരോ വകുപ്പുകളുമായി ബന്ധപ്പെട്ട് ജനക്ഷേമകരമായ നടപടികളെടുത്തു.

കേന്ദ്ര സർക്കാർ ഭക്ഷ്യവിതരണരംഗത്ത് സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചിരുന്നു. അതിന്റെ ഫലമായി റേഷൻ വിതരണ രംഗത്ത് വലിയൊരു പ്രതിസന്ധിയുണ്ടായി. പക്ഷേ ഇപ്പോൾ ആ പ്രതിസന്ധിയിൽനിന്ന് മാറി ഭക്ഷ്യ വിതരണരംഗം മാന്യമായ രൂപത്തിലേയ്ക്ക് കൊണ്ടുപോകാൻ സർക്കാരിന് സാധിക്കുന്നു. ഒരു കാര്യം എല്ലാവരും ആലോചിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇവിടെ പ്രധാനമായും ചർച്ചകൾ നടക്കുന്നത് സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ടും അതിന്റെ ഫീസ് ഘടനയെ സംബന്ധിച്ചുമാണ്. സ്വാശ്രയ വിദ്യാഭ്യാസവുമായി

യു.ഡി.എഫ്. സർക്കാർ വന്നപ്പോൾ ഇത് നമുക്ക് അപകടമാണ്, ഇത് നമുക്ക് ആവശ്യമില്ല, നാട്ടിലെ പാവങ്ങൾ കുത്തുപാളയെടുക്കുന്ന രൂപത്തിലുള്ള നടപടിയാണിതെന്നുപറഞ്ഞുകൊണ്ട് അതിനെതിരായി മാസങ്ങളോളം ഇടതുപക്ഷ ജനാധിപത്യ മുന്നണി സമരം ചെയ്തു.

2.00 PM]

അപ്പുറത്തിരിക്കുന്ന പല വിദ്യാർത്ഥിനേതാക്കളും ആ സമരത്തിൽ പങ്കെടുത്ത് മർദ്ദനമേറ്റവരാണ്. ശ്രീമാൻ ആന്റണിയെപ്പോലെയുള്ള ഒരു മുഖ്യമന്ത്രി വാക്കുകൊടുത്തതിന്റെ ഫലമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അതിന്റെ കൂടെ നിൽക്കേണ്ടി വന്നത്. അനുഭവം എന്തായി, ഇന്ന് എവിടെ എത്തിച്ചിരിക്കുന്നു. ഇനി ഇതവസാനിപ്പിക്കാൻ സാധിക്കുമോ, ആരാണ് ഇതിന് ഉത്തരവാദികൾ? കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഗുണപരമല്ലാത്ത നിലപാടുകളുണ്ടാക്കിയത് യു.ഡി.എഫ്. ആണ്. അതുപോലെതന്നെ റബ്ബറിന്റെ വിലക്കുറവിനെക്കുറിച്ചൊക്കെ നമ്മളിവിടെ ചർച്ച ചെയ്തു. കേരളത്തിൽ വ്യവസായങ്ങൾ വേണ്ടേ? കേരളത്തിൽ പുതിയ കോളേജുകളും, ഐ.ടി. സ്ഥാപനങ്ങളുമെല്ലാം വരുന്നു. മറ്റൊരു കാര്യം എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, റബ്ബറിന്റെ വിലയുമായി ബന്ധപ്പെട്ടാണ്. ഒരു ഭാഗത്ത് റബ്ബറുപയോഗിച്ചുണ്ടാക്കുന്ന ടയർ പോലുള്ളവയ്ക്കെല്ലാം വില വർദ്ധിക്കുന്നു, എന്നാൽ റബ്ബർ കൃഷിക്കാർക്ക് റബ്ബറിന് വില ലഭിക്കുന്നില്ല. റബ്ബറധിഷ്ഠിത വ്യവസായങ്ങളെ സംബന്ധിച്ച് ആലോചിച്ച് റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായ ഒരു സംവിധാനത്തിലേയ്ക്ക് നീങ്ങണം.

ഞാൻ സൂചിപ്പിക്കുന്നത്, കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നവർ അംബാനിയുടെയും അദാനിയുടെയും കുത്തകക്കാരുടെയും താൽപ്പര്യങ്ങൾ മാത്രം സംരക്ഷിക്കാൻ നിൽക്കുന്നവരാണ്. ആ ഭരണകൂടത്തിൽ നിന്ന് കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കാൻ സാധിക്കണമെങ്കിൽ അവരുടെ പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് മാർക്കറ്റുണ്ടാക്കാൻ സാധിക്കുന്ന സംവിധാനത്തെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ദേശീയ സാമ്പത്തികരംഗത്ത് കേരളത്തിന്റെ താൽപ്പര്യങ്ങൾ തകർക്കാൻ ശ്രമിക്കുന്ന ഭരണകൂടത്തിനെതിരായി നമ്മുടെ സർക്കാർ വേണ്ട രൂപത്തിലുള്ള വിലയിരുത്തൽ നടത്തണം. ഇന്ന് നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ്? സ്വകാര്യമേഖലയിലുള്ള സ്കൂളുകൾ ഒരു ഭാഗത്ത്, ഇന്ത്യാരാജ്യത്ത് മറ്റൊരു സ്ഥലത്തും കാണാത്ത വൻകിട ആശുപത്രികൾ, അവിടെ ലക്ഷക്കണക്കിന്, കോടിക്കണക്കിന് രൂപ ചെലവാക്കേണ്ടി വരുന്നു. ഇതാണ് നമ്മുടെ നാട്ടിലെ സ്ഥിതി. ഇത് മാറി നമ്മുടെ സംസ്ഥാനത്ത് കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരാൻ സാധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. രാമായണം മുഴുവൻ വായിച്ചിട്ടും രാമന്റെ ആരാണ് സീത എന്ന് ചോദിക്കുന്ന അവസ്ഥയാണ് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്കുള്ളത്. കിഫ്ബിയെ സംബന്ധിച്ചുള്ള അവരുടെ സംശയങ്ങൾ തീരുന്നില്ല. ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങളോട് ഞാൻ ചോദിക്കുകയാണ്, കിഫ്ബിയെ നിയമസഭയിൽ വിമർശിക്കുകയും പൊതുയോഗങ്ങളിൽ എതിർക്കുകയും ചെയ്തിട്ട് കിഫ്ബിയിൽ ഞങ്ങളുടെ ഈ പദ്ധതി ഉൾപ്പെടുത്തണേ എന്നുപറഞ്ഞുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ മുൻപിൽ ക്യൂ നിൽക്കാൻ നിങ്ങൾക്ക് അൽപ്പംപോലും ലജ്ജയില്ലേ? അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് കിഫ്ബിയിൽ പദ്ധതിവേണ്ട എന്നു പറയുവാനുള്ള ആർജ്ജവം നിങ്ങൾ കാണിക്കണം. നെപ്പോളിയൻ ബോണപ്പാർട്ട് ചൈനയെക്കുറിച്ച് പറഞ്ഞ ഒരു കാര്യമുണ്ട്, China is a sleeping giant; let her sleep, if she wakes up, she will shake the world. ഇതാണ് കേരളത്തിന് സംഭവിച്ചിരിക്കുന്നത്. 2011 മുതൽ 2016 വരെ അഴിമതിയുടെ കരിമ്പടം പുതച്ച്, അഴിമതിയുടെ ഇരുട്ടിൽ ഉറങ്ങുകയായിരുന്ന കേരള സർക്കാരിനെ മോചിപ്പിച്ചത് ഇടതുപക്ഷ സർക്കാരാണ്. എന്തായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇവിടെ നടന്നുകൊണ്ടിരുന്നത്. ഏത് വകുപ്പിലായിരുന്നു അഴിമതി ഇല്ലായിരുന്നത്, ഒരു സ്ത്രീയുടെ ഫോൺ കോളുകളുടെ മുമ്പിലും അവരുടെ വായിൽ നിന്നുവരുന്ന വാക്കുകൾക്ക് മുമ്പിലും അമ്പരന്ന് നിൽക്കുകയായിരുന്നില്ലേ ഇവിടത്തെ നേതാക്കൾ? കഴിഞ്ഞ ഒരു വർഷം എൽ.ഡി.എഫ്. സർക്കാർ കേരളത്തിന്റെ യഥാർത്ഥ രാഷ്ട്രീയസംസ്കാരം തിരിച്ചു കൊണ്ടുവരികയാണ് ചെയ്തത്. ലോകം നിരീക്ഷിക്കുന്ന ഒരു സർക്കാരാണ് കേരളത്തിലുള്ളത്. ഒരു ബദൽരാഷ്ട്രീയവും ബദൽഭരണവും സാധ്യമാണെന്നുള്ളതാണ് പിണറായി വിജയൻ സർക്കാർ ലോകത്തിന് കാട്ടിക്കൊടുത്തുകൊണ്ടിരിക്കുന്നത്. ഇവിടെ പെയിന്റടിയെക്കുറിച്ച് പറയുന്നു, ഞാൻ ചോദിക്കുന്നത്, യു.ഡി.എഫ്. സർക്കാരിന്റെകാലത്ത് ധൈര്യത്തോടെ പെൺകുട്ടികൾക്ക് പോലീസിൽ ഒരു പരാതി കൊടുക്കാനോ പോലീസ് സ്റ്റേഷനുകളിൽ പോകുവാനോ സാധിക്കുമായിരുന്നോ? ബഹുമാന്യനായ അനൂപ് ജേക്കബ് പ്രതിനിധാനം ചെയ്യുന്ന പിറവം മണ്ഡലത്തിൽ ഒരു പെൺകുട്ടി കൊല്ലപ്പെടുകയുണ്ടായി. ആ പെൺകുട്ടിയുടെ മാതാപിതാക്കൾ ഒരു പോലീസ് സ്റ്റേഷനിൽ പോയപ്പോൾ അവരുടെ ജൂറിസ്ഡിക്ഷനിൽ വരുന്നതല്ല എന്നുപറഞ്ഞ് മറ്റൊരു പോലീസ് സ്റ്റേഷനിലേയ്ക്ക് അവർക്ക് പോകേണ്ടിവന്നു, ആഭ്യന്തരവകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മുഖ്യമന്ത്രി ഇതിന്മേൽ തീരുമാനമെടുത്തതിനെത്തുടർന്ന് ഏത് പോലീസ് സ്റ്റേഷനിൽ വേണമെങ്കിലും പരാതി കൊടുക്കുവാനുള്ള സാഹചര്യം

ഇന്നുണ്ട്. എത്ര പെൺകുട്ടികൾ റെയിൽവേ ട്രാക്കിൽ കൊല്ലപ്പെടുന്നു, അതിനൊന്നും ഒരു തെളിവുമില്ല, ഞാൻ കേസ്സുകളുടെ പേരൊന്നും പറയുന്നില്ല. പെൺകുട്ടികൾക്കും സ്ത്രീകൾക്കും മാന്യമായി സഞ്ചരിക്കുവാനും അവർ പരാതിപ്പെട്ടാൽ അതിൽ നടപടിയെടുക്കുന്നതിനും കഴിയുന്ന ഒരു സാഹചര്യം കേരളത്തിൽ കഴിഞ്ഞ ഒരു വർഷമായി ഉണ്ടായിരിക്കുകയാണ്. അതുപോലെ, 1990 -ൽ പോലീസ് വകുപ്പിൽ നടപ്പിലാക്കി ഒരു വർഷംകൊണ്ട് നിർത്തലാക്കിയ ഇൻ-ഡെപ്ത്ത് ഇൻസ്പെക്ഷൻ 25 വർഷമായി പൂഴ്ത്തിവയ്ക്കപ്പെട്ട കേസ്സുകൾ ചികഞ്ഞെടുത്ത് വെളിച്ചം കാണുകയാണ്. രാഷ്ട്രീയ സ്വാധീനവും ധനവും ഉപയോഗിച്ച് പൂഴ്ത്തിവയ്ക്കപ്പെടുന്ന കേസ്സുകളാണ് 25 വർഷത്തിനുശേഷം വെളിച്ചം കാണുന്നത്. വിപ്ലവകരമായ മാറ്റമാണുണ്ടാകുന്നത്. ഈ നാട്ടിലെ സാധാരണക്കാർക്കും ദരിദ്രർക്കും പാവപ്പെട്ടവർക്കും ശബ്ദമില്ലാത്തവർക്കുംവേണ്ടി, ശബ്ദിക്കുവാൻ ഒരു സർക്കാർ ഇവിടെയുണ്ടായിരിക്കുന്നു എന്നുള്ളതാണ് കാണേണ്ടത്. പ്രതിപക്ഷാംഗങ്ങൾ വിജിലൻസിനെക്കുറിച്ച് പറയുന്നുണ്ടല്ലോ, യു.ഡി.എഫ്. ഭരണകാലത്ത് എത്ര വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് ബഹുമാന്യരായ അംഗങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? 408 കേസ്സുകൾ മാത്രമാണ്. എത്ര കേസ്സുകളിൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്? 7 പേർ മാത്രമാണ് വിജിലൻസ് കേസ്സുകളിൽ പ്രതിയായി ശിക്ഷിക്കപ്പെട്ട് ജയിൽവാസം അനുഭവിച്ചിട്ടുള്ളത്. ഈ സർക്കാർ ഒരു വർഷംകൊണ്ട് 1600 വിജിലൻസ് കേസ്സുകൾ രജിസ്റ്റർചെയ്ത് ചാർജ്ജ് ഷീറ്റ് സമർപ്പിച്ചു. കൃത്യമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ ഒന്നാം വാർഷികം ആഘോഷിക്കുമ്പോൾ കേരളത്തിന്റെ ക്രമസമാധാനനില ഭദ്രമാണ്. ജയിൽ പരിഷ്കരണ നടപടികൾ നടപ്പിലാക്കി. ജയിലുകളിൽ നിന്നുള്ള വരുമാനം യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 9 കോടി രൂപയായിരുന്നുവെങ്കിൽ ഒരൊറ്റ വർഷം കൊണ്ട് അത് 14 കോടി രൂപയാക്കി. ജോബ് ട്രെയിനിംഗ് പ്രോഗ്രാമുകൾ ശക്തമാക്കിയതിലൂടെ ജയിലുകളിലെ വനിതാ അംഗങ്ങളുടെ എണ്ണം പകുതിയായി കുറഞ്ഞു.

രാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ തമ്മിൽപ്പോരിനെക്കുറിച്ച് പറഞ്ഞു. ഞാൻ ആറന്മുള നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധിയാണ്. ആറന്മുള നിയോജകമണ്ഡലത്തിൽ തരിശ്ശായിക്കിടന്ന ഹെക്ടർ കണക്കിന് ഭൂമിയിലാണ് ഒരു വർഷം കൊണ്ട് നെൽകൃഷി നടത്തിയത്. കഴിഞ്ഞ ദിവസം നെല്ലിന് സംഭരണവില ഉൾപ്പെടെ കർഷകർക്ക് കൊടുത്തു. സംഭരണവില കൊടുക്കുന്നില്ലെന്ന് ശ്രീ. മോൻസ് ജോസഫ് പറഞ്ഞു. സംഭരണവില ഉൾപ്പെടെ

കർഷകർക്ക് കൊടുത്തുകഴിഞ്ഞു. കൃഷി വകുപ്പ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുകയാണ്. ഞാൻ ബഹുമാന്യരായ അംഗങ്ങളോട് ഒരു കാര്യം ചോദിക്കുകയാണ്, പൊതുപണത്തിന്റെ ദുർവിനിയോഗം അഴിമതിയാണ്, സാധാരണക്കാരുടെ നികുതിപ്പണം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ നിയമസഭയിൽ ഇത്തരത്തിലുള്ള അടിസ്ഥാനമില്ലാത്ത കാര്യങ്ങളിന്മേൽ അടിയന്തരപ്രമേയം ഉന്നയിച്ച്, സമയം മെനക്കെടുത്തി ഈ രീതിയിലുള്ള പാഴ് ചെലവുകൾ നടത്തുന്നത് ശരിയാണോ എന്ന് ബഹുമാന്യരായ അംഗങ്ങൾ ചിന്തിക്കണം.

വിദ്യാഭ്യാസ വകുപ്പിന്റെ കാര്യം എടുക്കാം. പത്തനംതിട്ട ഡി.ഇ.ഒ. ഓഫീസിൽ കെട്ടുകണക്കിന് പുസ്തകങ്ങളാണ് കഴിഞ്ഞയാഴ്ച നശിപ്പിച്ചത്. മുൻ വർഷങ്ങളിൽ പത്തനംതിട്ട ജില്ലയിലെ വിവിധ സ്കൂളുകളിൽ വിതരണം ചെയ്യാനായി കാലംതെറ്റി ഡിസംബറിലും ജനുവരിയിലും അദ്ധ്യയന വർഷത്തിന്റെ അവസാനവും പരീക്ഷ കഴിഞ്ഞും എത്തിയ പുസ്തകങ്ങൾ കത്തിച്ചുകളഞ്ഞു. ഇത്തവണ വിദ്യാഭ്യാസ വകുപ്പ് എല്ലാ പാഠപുസ്തകങ്ങളും നേരത്തെ എത്തിച്ചു. ഇത് നേട്ടമാണോ, കോട്ടമാണോ?

ആരോഗ്യ വകുപ്പിൽ ആഡിറ്റിംഗിലൂടെ മരുന്നുകൾ എവിടെയാണെന്ന് കൃത്യമായി കണ്ടെത്തുകയും അവ ആവശ്യമുള്ളിടത്ത് എത്തിക്കുകയും ചെയ്തു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പെൻഷൻ നേരിട്ട് വീടുകളിൽ എത്തിക്കുന്ന ലോകത്തെ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. നേരത്തേ സ്വിറ്റ്സർലൻഡിൽ മാത്രമേ ഈ സംവിധാനമുണ്ടായിരുന്നുള്ളൂ. ഇത്തരത്തിലുള്ള വിപ്ലവകരമായ തീരുമാനമെടുക്കുവാനും അത് പ്രാവർത്തികമാക്കുവാനും എൽ.ഡി.എഫ്. സർക്കാരിന് മാത്രമേ കഴിയുകയുള്ളൂ. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. ഈ സർക്കാർ 13 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. പി.എസ്.സി. വഴി ആരോഗ്യ വകുപ്പിൽ മാത്രം മൂവായിരത്തോളം നിയമനങ്ങൾ നടത്തി. വിഴിഞ്ഞം പദ്ധതിയെപ്പറ്റി ശ്രീ. പി. സി. ജോർജ് പറഞ്ഞത്, ആ പദ്ധതിക്ക് അദാനി പദ്ധതി എന്ന് പേരുമാറ്റണമെന്നായിരുന്നു. എന്നാൽ ഞാൻ ആവശ്യപ്പെടുന്നു, ആ പദ്ധതിയെ അദാനി - ഉമ്മൻ ചാണ്ടി പരസ്പരസഹായ പദ്ധതിയെന്നാക്കണം. സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് എതിരായിരുന്നു ഈ കരാർ. നിങ്ങൾ സി.ആന്റ്.എ.ജി. റിപ്പോർട്ട് വായിച്ചു നോക്കണം. ബഹുമാന്യരായ ശ്രീ. വി. ഡി. സതീശനും ശ്രീ. പി. ടി തോമസും ഉൾപ്പെടെയുള്ള മുതിർന്ന എം.എൽ.എ.-മാർ ഇതുസംബന്ധിച്ച് നിശ്ശബ്ദത പാലിക്കുകയാണ്, അവർക്ക് ശബ്ദിക്കാൻ കഴിയുകയില്ല. യന്ത്രസാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങിക്കുന്നതിൽ വലിയ രീതിയിലുള്ള ക്രമക്കേട് നടന്നു.

തദ്ദേശീയമായി ലഭിക്കുന്ന പാറക്കല്ല് വാങ്ങിക്കുന്നതിനുപോലും വിദേശ വിനിമയ നിരക്ക് ഏർപ്പെടുത്തി. Net Present Value എന്നൊരു കാൽക്കുലേഷനുണ്ട്. അതായത്, ഇപ്പോഴത്തെ രൂപയുടെ വിനിമയ നിരക്കിൽ ചെലവുകളും നമുക്ക് ലഭിക്കുന്ന വരവുംകൂടി കാൽക്കുലേറ്റ് ചെയ്താണ് ഇത് കണക്കാക്കുന്നത്. വിഴിഞ്ഞം പദ്ധതിയുടെ ഒരു ഘട്ടത്തിലും NPV കണക്കാക്കിയിരുന്നില്ല. അത് എത്രയാണെന്നത് ഇപ്പോഴത്തെ രൂപയുടെ വിനിമയ നിരക്കിൽ കണക്കാക്കിയാൽ സംസ്ഥാനത്തിന് ഒരു കാലത്തും വിഴിഞ്ഞം പദ്ധതിയിൽനിന്ന് ഒരു രൂപപോലും ലാഭമുണ്ടാകുകയില്ല എന്നത് വളരെ വ്യക്തമാണ്.

പ്രതിപക്ഷാംഗങ്ങൾ മൂന്നാറിനെക്കുറിച്ച് പറഞ്ഞു. റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ സഭയിലുണ്ട്, അദ്ദേഹത്തിന് പിന്നീട് റവന്യൂ വകുപ്പ് ഒഴിയേണ്ടി വന്നുവെങ്കിലും, അന്ന് അദ്ദേഹം രണ്ട് വർഷത്തിനുള്ളിൽ പട്ടയ വിതരണം ചെയ്യുമെന്ന് പറഞ്ഞിരുന്നു. ശ്രീ. പി. ടി. തോമസ് അടക്കമുള്ളവർ ഇടുക്കിയിൽ ബോർഡുവയ്ക്കാൻ പോയി, പിന്നീട് ശ്രീ. പി. ടി തോമസിന് ഇടുക്കിയിലേയ്ക്ക് കയറാൻ സാധിച്ചില്ലെന്നത് വേറേ കാര്യം. 1977-ന് മുമ്പുള്ള കൈവശാവകാശ ഭൂമിക്ക് പട്ടയം നല്കുമെന്ന് പറഞ്ഞിരുന്നു. ഇവരെന്തു നല്കി? ഒരു ചെറുവിരൽപോലും അനക്കിയില്ല. ഈ രീതിയിലുള്ള ഇരട്ടത്താപ്പാണ് പ്രതിപക്ഷം കാണിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ബജറ്റ് അലോക്കേഷനിൽ വകുപ്പുകൾക്ക് ലഭിച്ചിരുന്ന പണത്തിൽ നിന്ന് വിവിധ വകുപ്പുകൾ ഇന്നുവരെ എത്ര ചെലവഴിച്ചു എന്നൊരു ചോദ്യമുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നോളം ഒരു വകുപ്പും ചെയ്തിട്ടില്ലാത്തവിധം ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പ്, ബജറ്റ് അലോക്കേഷന്റെ 150% ചെലവഴിച്ചിട്ടുണ്ട്. നിങ്ങൾ കാര്യങ്ങൾ പരിശോധിക്കണം. ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സ്റ്റേറ്റ് ഹൈവേകൾ ഉൾപ്പെടെയുള്ളവയുടെ സ്ഥിതി വളരെ മോശമായിരുന്നു. അടിയന്തരമായി ഇതുസംബന്ധിച്ച എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കി അവ സഞ്ചാരയോഗ്യമാക്കി. മാത്രമല്ല, പത്തനംതിട്ട ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് വലിയ ആക്ഷേപങ്ങളുണ്ടായിരുന്നു. 25-ഉം 30-ഉം ലക്ഷം രൂപ കൈക്കൂലി കൊടുത്താൽ മാത്രമേ പത്തനംതിട്ട ജില്ലയിലേയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറായി വരാൻ സാധിക്കുകയുള്ളൂ, അങ്ങനെ ചെയ്യുന്നുണ്ട് എന്നൊക്കെ കേട്ടിരുന്നു. പക്ഷേ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഒരു രൂപ ആരിൽ നിന്നെങ്കിലും വാങ്ങി സ്ഥലംമാറ്റം നടത്തിയതായി കേട്ടിട്ടുണ്ടോ എന്ന് പ്രതിപക്ഷാംഗങ്ങൾ പറയണം.

ഞാൻ വെല്ലുവിളിക്കുകയാണ്. ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് പുകമറ സൃഷ്ടിക്കുന്നതുകൊണ്ട് ഒരു കാര്യവുമില്ല. സാധാരണക്കാരായ ആളുകളെ ബാധിക്കുന്ന, അവരുടെ ക്ഷേമത്തിനായുള്ള വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിരിക്കുന്നത്. അതിനുദാഹരണമാണ് സമ്പൂർണ്ണ ശൗചാലയ നിർമ്മാണവും സമ്പൂർണ്ണ വൈദ്യുതീകരണവും. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ സംബന്ധിച്ചിടത്തോളം അടുത്ത നാല് വർഷങ്ങൾകൂടി കഴിയുമ്പോൾ ഞങ്ങൾ വിഭാവന ചെയ്യുന്ന നവകേരളം സൃഷ്ടിക്കാൻ കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവരോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, ക്രിയാത്മകമായ പ്രതിപക്ഷമാണ് ജനാധിപത്യത്തിന്റെ വലിയ കരുത്ത്. ഇല്ലാത്ത കാര്യങ്ങളിൽ, ഇല്ലാത്ത ആക്ഷേപങ്ങൾ ഉന്നയിക്കാതെ കാര്യങ്ങളെ ക്രിയാത്മകമായി കണ്ടുകൊണ്ട്, അതിനെ യഥാർത്ഥത്തിൽ വിമർശിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വികസനത്തിനും ക്ഷേമത്തിനുംവേണ്ടി ഒന്നിച്ചുനില്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു; ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഈ സർക്കാർ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പ്രധാനമായും, ഒരു മന്ത്രി നടത്തിയ അശ്ലീല സംഭാഷണത്തെക്കുറിച്ച് അന്വേഷണം നടത്താൻ റിട്ടയേർഡ് ജഡ്ജി വി. എസ്. ആന്റണിയെ നിയമിച്ചതിനാണ് ഒരു ധനാഭ്യർത്ഥന ഇവിടെ പാസ്സാക്കാൻ പോകുന്നത്. ശ്രീമതി വീണാ ജോർജ്ജ് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിച്ചു, കിഫ്ബി വർക്കുകൾ നിങ്ങൾക്ക് ഉപേക്ഷിച്ചുകൂടേ, കിഫ്ബിയെ വിമർശിക്കുമ്പോൾ എന്തിനാണ് ആ തുക ചെലവഴിക്കാൻ നിങ്ങൾ ക്യൂ നിൽക്കുന്നത് എന്നെല്ലാം ചോദിച്ചു. ഞങ്ങളുടെ ക്യൂ വളരെക്കുറവാണ്. സർക്കാർ പദ്ധതികൾ ഞങ്ങളുടെയും അവകാശമാണ്. കിഫ്ബിയെ വിമർശിക്കുന്നത് അത് നേരെയാകാനാണ്, ആ വിമർശനംകൊണ്ട് അത് നേരെയായാൽ നല്ലതാണ്, സ്വാഭാവികമായും സർക്കാർ കൊണ്ടുവരുന്ന പദ്ധതികളിൽ ഞങ്ങൾക്കും അവകാശമുള്ളതാണ്. ഇത്തരം പദ്ധതികളൊന്നും ആരുടേയും വീട്ടിൽനിന്ന് കൊണ്ടുവരുന്നതോ, തറവാട് സ്വത്തോ ഒന്നുമല്ല. സർക്കാർ കാഴ്ചപ്പാട് ശരിയല്ലെങ്കിൽ, അത് നേരേയാകാൻ ഞങ്ങൾ സ്വാഭാവികമായും എതിർക്കും. ഡോ. തോമസ് ഐസക് നല്ല ധനകാര്യ വകുപ്പുമന്ത്രിയാണ്, അതിൽ ഞങ്ങൾക്കാർക്കും ഒരു സംശയവുമില്ല. ചില കാര്യങ്ങളെ ഞങ്ങൾ വിമർശിക്കുക തന്നെ ചെയ്യും. കഴിഞ്ഞ സർക്കാരിന്റെകാലത്ത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ മണ്ഡലത്തിൽ ഒരു സർക്കാർ കോളേജ് കൊടുത്തു. അദ്ദേഹം ശ്രീ. ഉമ്മൻ ചാണ്ടിയേയും അന്നത്തെ സർക്കാരിനെയും രൂക്ഷമായി

വിമർശിച്ചപ്പോഴും അപ്പുറത്തുള്ള ആളുകൾ ഒന്നുംവേണ്ട എന്ന് പറഞ്ഞിരുന്നില്ല. ഇപ്പോൾ അസറ്റ് ഫണ്ടിന്റെ കാര്യം പറയുന്നുണ്ട്, 5 കോടി രൂപ നിങ്ങൾക്കും കിട്ടുന്നുണ്ട്. കഴിഞ്ഞ സർക്കാരിന് രണ്ട് എം.എൽ.എ.-മാരുടെ ഭൂരിപക്ഷമേ ഉണ്ടായിരുന്നുള്ളൂ, ആ വ്യത്യാസം മാത്രമുള്ളപ്പോഴും അന്നത്തെ ഉമ്മൻ ചാണ്ടി സർക്കാർ ഇച്ഛാശക്തിയോടെ കേരളത്തിലെമ്പാടും വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് തീരുമാനിച്ചു. ഇവിടെ ജയിച്ചുവന്ന പല എം.എൽ.എ.-മാരും കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ സ്വന്തം മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ ഒറ്റക്കാരണത്താലാണ് വീണ്ടും ജയിച്ചു വന്നതെന്നത് ഓർക്കണം. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

ഇവിടെ നേരത്തേ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. വി. ഡി. സതീശനെക്കുറിച്ച് വലിയ പ്രസംഗം നടത്തുന്നത് കേട്ടു. ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്, ശ്രീ. വി. ഡി. സതീശൻ ആർ.എസ്.എസ്-നും, ബി.ജെ.പി.-യ്ക്കുമെതിരെ എടുക്കുന്ന നിലപാടിന്റെ അയലത്ത് വരാൻ നിങ്ങൾക്ക് സാധിക്കില്ല, അതിനായി നിങ്ങൾ ഏഴു ജന്മം തപസ്സിരിക്കേണ്ടി വരും. ശ്രീ. വി. ഡി. സതീശൻ പറവൂർ മണ്ഡലത്തിൽ നിന്ന് ജയിച്ചത് ആരെയൊക്കെ എതിർത്തിട്ടാണെന്നും ഏത് രീതിയിലുള്ള നിലപാടെടുത്തിട്ടാണെന്നും എറണാകുളം ജില്ലയിലെ സഖാക്കളോട് ചോദിച്ചാലറിയാം. ശ്രീ. റ്റി. വി. രാജേഷ് ജയിച്ചു വന്നത് സി.പി.ഐ.(എം.)-ന്റെ ശക്തികേന്ദ്രമായ കല്യാശ്ശേരിയിൽ നിന്നാണ്, സി.പി.ഐ.(എം.) ഏത് പുൽക്കൊടിയെ നിർത്തിയാലും ജയിക്കുന്ന സ്ഥലം. നാളെ ആരെങ്കിലും കോൺഗ്രസിൽ നിന്നോ ബി.ജെ.പി.-യിൽ നിന്നോ രാജിവച്ച് സി.പി.ഐ.(എം.)-ൽ ചേർന്ന് മത്സരിച്ചാലും, പത്ത് നാല്പതിനായിരം വോട്ടിന് ജയിക്കുന്ന ഒരു പ്രദേശത്താണ് ശ്രീ. റ്റി. വി. രാജേഷ് മത്സരിച്ച് ജയിച്ചത്. അവിടെ അദ്ദേഹം ആർ.എസ്.എസ്സിനെതിരെയോ എൻ.ഡി.എഫ്.-നെതിരേയോ ഒരു വാക്കെങ്കിലും പറയുന്നത് ഞാൻ കേട്ടിട്ടില്ല. ശ്രീ. വി. ഡി. സതീശൻ ഇന്ന് ശശികല ടീച്ചർക്കെതിരേയും ആർ.എസ്.എസ്. നിലപാടുകൾക്കെതിരേയും നിശിതമായ വിമർശനം നടത്താറുണ്ട്. നമുക്കറിയാം അമ്പലങ്ങളുടെ തുക സർക്കാർ ചെലവഴിക്കുന്നതിനെതിരെ ശക്തമായ നിലപാടെടുത്തയാളാണ് ശ്രീ. വി. ഡി. സതീശൻ. അന്ന് നിങ്ങളാരും അക്കാര്യങ്ങളെക്കുറിച്ച് പറഞ്ഞില്ല. ഇടതുപക്ഷത്തിന് ബി.ജെ.പി.-യെ എതിർക്കുന്നത് അവരാണെന്ന ഒരു വിചാരമുണ്ട്, കോൺഗ്രസും ബി.ജെ.പി.-യും തമ്മിൽ ധാരണയിലാണെന്ന വിമർശനം നിങ്ങൾ നടത്തുന്നത് ബി.ജെ.പി.- യെ സഹായിക്കാൻ മാത്രമാണ്.

ഇവിടെ ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം തമ്മിൽ സംഘർഷമുണ്ടാകുകയും പാവപ്പെട്ടവർ കൊല്ലപ്പെടുകയും ചെയ്യുന്നു. അങ്ങനെ പാവപ്പെട്ടവർ കൊല്ലപ്പെടുമ്പോൾ ബി.ജെ.പി.-ക്കും സി.പി.ഐ. (എം) -നും ഗുണം ചെയ്യുന്നു, രക്തസാക്ഷികളുണ്ടാകുന്നു. പരസ്പരം തല്ലുകൂടിയിട്ട് ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം അതിന്റെ ഗുണഭോക്താക്കളായി മാറുകയാണ്. ഇതൊക്കെ നിങ്ങളുടെ രഹസ്യ നാടകമാണെന്ന് ഞങ്ങൾക്കറിയാം.

എനിക്കൊരു കഥയാണ് ഇപ്പോൾ ഓർമ്മവരുന്നത്. ഒരിക്കൽ അയൽക്കാരൻ ഖ്വാജയോട്, ഇന്നലെ രാത്രി വീട്ടിൽ വലിയൊരു ശബ്ദം കേട്ടതെന്താണെന്ന് ചോദിച്ചു. ഖ്വാജ നിസാരമട്ടിൽ മറുപടി പറഞ്ഞു, ഭാര്യ എന്റെ പാന്റും ഷർട്ടും വെളിയിലേയ്ക്കെറിഞ്ഞതാണെന്ന്. ഷർട്ടും പാന്റും വെളിയിലേയ്ക്കെറിഞ്ഞാൽ ഇത്രയും വലിയ ശബ്ദം കേൾക്കുമോയെന്ന് അയൽക്കാരൻ ചോദിച്ചപ്പോൾ ആ ഷർട്ടിനും പാന്റിനുമുള്ളിൽ ഞാനും കൂടിയുണ്ടായിരുന്നു എന്നാണ് ഖ്വാജ മറുപടി പറഞ്ഞത്. മുഖ്യമന്ത്രിയെയും സി.പി.ഐ.(എം.)-നെയും സി.പി.ഐ. സെക്രട്ടറി കാനം രാജേന്ദ്രൻ എടുത്തെറിയുന്നതിനെ സംബന്ധിച്ച്, ഷർട്ടും പാന്റും മാത്രമാണ് പുറത്തേയ്ക്കെറിഞ്ഞതെന്ന് ഖ്വാജ പറയുന്നതുപോലെയാണ് സി.പി.ഐ.(എം) പറയുന്നത്. സി.പി.ഐ.-യുടെ വിമർശനം, പാർട്ടികൾ തമ്മിലുള്ള ചെറിയ അഭിപ്രായവ്യത്യാസമാണ്, അത് ഞങ്ങൾ എൽ.ഡി.എഫ്.-ൽ ചർച്ച ചെയ്ത് തീർക്കുമെന്നാണ് സി.പി.ഐ.(എം.)-ന്റെ നേതാക്കൾ പറയുന്നത്. നാളെ ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികയുകയാണ്. പാവപ്പെട്ടവർ ഏറ്റവും കൂടുതലുപയോഗിക്കുന്ന റേഷൻ കാർഡിനുപോലും വില കൂട്ടിയ സർക്കാരാണിത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി റേഷൻ മുടക്കിയെന്ന ബഹുമതി ഈ സർക്കാരിന് ഒരു വർഷംകൊണ്ട് ലഭിച്ചു. ക്രമക്കേടുകൾ പരിഹരിച്ച് പുതിയ റേഷൻ കാർഡ് നൽകാൻ സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ല. പുതിയ റേഷൻ കാർഡ് വിതരണം തുടങ്ങിയെന്ന് പറയുന്നു. റേഷൻ കാർഡ് വിതരണത്തിന്റെ ഉദ്ഘാടന മാമാങ്കം നടത്തി നാലഞ്ച് റേഷൻ കാർഡുകൾ പേരിന് വിതരണം ചെയ്യുമെന്നല്ലാതെ യാതൊന്നും നടക്കുമെന്ന് തോന്നുന്നില്ല. ഈ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ ജനങ്ങൾ ചീത്തപറയുന്ന സാഹചര്യത്തിലേയ്ക്കാണ് എത്തിച്ചേർന്നിരിക്കുന്നത്. അടിയന്തരപ്രമേയം കൊണ്ടുവരുന്നതിനെക്കുറിച്ച് ഇന്ന് ശ്രീമതി വീണാ ജോർജ്ജ് ഇവിടെ സൂചിപ്പിച്ചു. അടിയന്തരപ്രമേയത്തിൽ സർക്കാരിന്റെ വീഴ്ചകൾ ചൂണ്ടിക്കാണിക്കും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രതിപക്ഷത്തിരുന്നവർ അടിയന്തര പ്രമേയത്തിൽ പറയാൻ പാടില്ലാത്ത പല കാര്യങ്ങളും പറയുകയുണ്ടായി. ബഹുമാനപ്പെട്ട ഇന്നത്തെ സ്പീക്കർപോലും അടിയന്തരപ്രമേയത്തിൽ 22 മിനിട്ട്

സംസാരിച്ചു. നിങ്ങളെല്ലാവരും അന്ന് അത് കണ്ടുകാണും. അദ്ദേഹം 22 മിനിട്ടും ആ വിഷയത്തിൽ ഒതുങ്ങിനിന്നല്ല സംസാരിച്ചത്. ഇന്ന് ശ്രീ. വി. ഡി. സതീശൻ സംസാരിച്ചപ്പോൾ നിങ്ങളെല്ലാവരും പൊട്ടിത്തെറിച്ചു എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, രാവിലെ ശ്രീ. മോൻസ് ജോസഫ് എന്റെ പേര് പറഞ്ഞുകൊണ്ട് ഒരു പരാമർശം നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞത്, ഒരു പ്രചരണത്തിനുവേണ്ടിയാണ് റബ്ബറിന്റെ വിലയെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഞാൻ കേരളാ കോൺഗ്രസിന്റെ പേര് പറഞ്ഞതെന്നാണ്. ഞാൻ വെറുതെ പറഞ്ഞതല്ല. 2011-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ അധികാരമൊഴിയുമ്പോൾ ഒരു കിലോ റബ്ബറിന്റെ വില 230 രൂപയായിരുന്നു. 2011-ൽ ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ വന്നപ്പോൾ വില കുറഞ്ഞുതുടങ്ങി. 2012, 2013, 2014 വർഷങ്ങളിൽ ഞങ്ങൾ 5 തവണ ശ്രദ്ധക്ഷണിക്കലായും അടിയന്തരപ്രമേയമായും ഈ വിഷയം സഭയിൽ കൊണ്ടുവന്നെങ്കിലും അന്നത്തെ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. 2014-ലാണ് ശ്രീ. കെ. എം. മാണി ഒരു കിലോ റബ്ബറിന് 2 രൂപ കൂട്ടിയെടുക്കാമെന്നുപറഞ്ഞത്. തെരഞ്ഞെടുപ്പ് വർഷമായ 2015-ലാണ് 150 കോടി രൂപ പ്രഖ്യാപിച്ചത്. ശ്രീ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരിക്കുമ്പോൾ ഇതുസംബന്ധിച്ച നിവേദനം കേന്ദ്രത്തിൽ കൊടുക്കണമെന്ന് ഞങ്ങൾ പറഞ്ഞു. നാല് വർഷം ശ്രീ. ഉമ്മൻ ചാണ്ടിയോ ശ്രീ. കെ. എം. മാണിയോ കേന്ദ്രത്തിൽ റബ്ബറിന്റെ പേരിൽ ഒരു നിവേദനവും കൊടുത്തില്ല. കോൺഗ്രസും കേരള കോൺഗ്രസും റബ്ബർ കൃഷിക്കാരോട് കൊടുംചതിയല്ലേ ചെയ്തത്. മൻമോഹൻ സിംഗല്ലേ മുഴുവനും ഇറക്കുമതി ചെയ്തത്; അത് തടയണമെന്ന് ഞങ്ങളല്ലേ പറഞ്ഞത്. എന്നിട്ട് ഇവിടെ വന്നു പറഞ്ഞത് റബ്ബറിന് 200 രൂപ എന്നാണ്. ഞാൻ പറഞ്ഞത് റബ്ബറിന് 200 രൂപയല്ല 250 രൂപയാക്കണമെന്നാണ്. അതിൽ എന്ത് തെറ്റാണുള്ളത്. റബ്ബറിന് കിലോയ്ക്ക് 250 രൂപയാക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യം.

ഡോ. എൻ. ജയരാജ്: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശ്രീ. കെ. എം. മാണി ധനകാര്യ മന്ത്രിയായിരുന്നപ്പോൾ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനുൾപ്പെടെയുള്ള വിവിധ ഏജൻസികൾ മുഖേന റബ്ബർ എടുക്കാൻ ശ്രമിച്ചതാണ്. ആ ശ്രമം പരാജയപ്പെട്ടപ്പോഴാണ് 2014-ൽ വിലസ്ഥിരതാ ഫണ്ട് എന്ന ആശയം കൊണ്ടുവന്നത്. പക്ഷേ അതും പരാജയപ്പെട്ടുപോയി. അല്ലാതെ താല്പര്യക്കുറവുകൊണ്ടല്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, വിലസ്ഥിരതാ ഫണ്ട് കൊണ്ടുവരുന്നതിനുമുമ്പ് ഒരു കിലോ റബ്ബറിന് മാർക്കറ്റ് വിലയേക്കാൾ 2 രൂപ കൂടുതൽ കൊടുക്കുന്ന നടപടി സ്വീകരിച്ചിരുന്നു. അങ്ങ് അത് മറന്നുപോയത് ദൗർഭാഗ്യകരമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിൽവച്ച് ചർച്ച നടത്തിയിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയുമുണ്ടായിരുന്നു. ആ ചർച്ചയിൽ ഞാനും പങ്കെടുത്തിരുന്നു. റബ്ബറിന് 5 രൂപ കൂട്ടിയെടുക്കണമെന്ന് ഞാൻ പറഞ്ഞപ്പോൾ നോക്കാം, നോക്കാം എന്നുപറഞ്ഞതല്ലാതെ ശ്രീ. കെ. എം. മാണി പ്രഖ്യാപിച്ചപ്പോൾ 2 രൂപയായി. കർഷകരെ ഇതുപോലെ നശിപ്പിച്ച മറ്റൊരു രാഷ്ട്രീയ നേതാവുണ്ടായിട്ടില്ല. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻവഴി കൊടുത്തു എന്നുപറഞ്ഞു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രസിഡന്റ് ഈ മാന്യന്റെ പാർട്ടിയുടെ എം. പി.-യാണ്. 300 കോടി രൂപ കർഷകന് കൊടുക്കാനുണ്ട്. കർഷകർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഓഫീസിലേയ്ക്ക് മാർച്ച് നടത്തുകയാണ്. ഈ പാർട്ടി പിരിച്ചുവിടേണ്ട സമയം കഴിഞ്ഞു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, റബ്ബർ കമ്പനിക്കാരുടെ കമ്മീഷൻ ഏജന്റായിട്ടാണ് കോൺഗ്രസും കേരള കോൺഗ്രസും അന്ന് പ്രവർത്തിച്ചത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ കിഫ്ബിയെപ്പറ്റി വലിയ ആക്ഷേപമാണ് ഉന്നയിക്കുന്നത്. ശ്രീ. മഞ്ഞളാംകുഴി അലിയാണ് ഏറ്റവും ഒടുവിൽ കിഫ്ബിയെ തള്ളിപ്പറഞ്ഞത്. ഇതാരുടെ കുഞ്ഞാണ്? കഴിഞ്ഞ ദിവസം ഒരു മുൻധനകാര്യ മന്ത്രിയുടെ ലേഖനം കണ്ടു. അദ്ദേഹത്തിന് പിറന്ന കുഞ്ഞിനെപ്പറ്റി അദ്ദേഹം തന്നെ പറഞ്ഞത് ചാപിള്ളയായിപ്പോയി എന്നാണ്. കരപ്പനും ചൊറിയും പിടിപെട്ട് ഒരു മൂലയിലിരുന്ന ആ കുട്ടിയെ ഡോ. ടി. എം. തോമസ് ഐസക് കുളിപ്പിച്ച് പൗഡർ പൂശി, യൂഡികൊളോണിട്ട് നല്ല വസ്ത്രവും ഭക്ഷണവും വിരയ്ക്കുള്ള മരുന്നും നൽകിയപ്പോൾ ആ കുട്ടിയുടെ പിന്നാലെ ചില പെൺകുട്ടികൾ കല്യാണാലോചനയുമായി നടക്കുകയാണ്. ഞാൻ പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നില്ല, പ്രതിപക്ഷത്തിന്റെ അവകാശമാണ്. കഴിഞ്ഞ 5 വർഷക്കാലം റാന്നി നിയോജകമണ്ഡലത്തിൽ 5 പൈസപോലും ബജറ്റ് നിർദ്ദേശമായി ലഭിച്ചിട്ടില്ല. ശബരിമല റോഡിന് ആനുവൽ മെയിന്റനൻസിനാണ് ലഭിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഞാൻ വെല്ലുവിളിക്കുന്നു, യു.ഡി.എഫ്. ഭരണകാലത്തെ 5 വർഷത്തെ ബജറ്റിൽ റാന്നി നിയോജകമണ്ഡലത്തിൽ 5 പൈസയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് നിങ്ങൾ പരിശോധിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങയുടെ വെല്ലുവിളി ഞാൻ സ്വീകരിക്കുന്നു. നിയോജകമണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ അങ്ങ് മുൻപന്തിയിലാണ്. പക്ഷേ ശബരിമല ധർമ്മശാസ്താവിന് കിട്ടുന്ന തുകയിൽ 75 ശതമാനവും അങ്ങയുടെ നിയോജകമണ്ഡലത്തിലേയ്ക്കാണ് കൊണ്ടുപോകുന്നതെന്ന സത്യം മനസ്സിലാക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, അവിടെ ആനുവൽ റോഡ് മെയിന്റനൻസ് മാത്രമേ നടത്തിയിട്ടുള്ളൂ. ഡോ. ടി. എം. തോമസ് ഐസക് ബജറ്റ് അവതരിപ്പിക്കുമ്പോൾ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും തുല്യമായി പരിഗണിക്കണമെന്നതാണ് എന്റെ അഭിപ്രായം. ആ പരിഗണന ഇവിടെ ലഭിച്ചു. കേരളത്തിൽ ഇനി നിങ്ങൾ അധികാരത്തിൽ വരില്ലെങ്കിൽപ്പോലും യു.ഡി.എഫ്.-ന്റെ മണ്ഡലങ്ങളിലേയ്ക്ക് വലിയ തുക ഒഴുകുന്നത് നിങ്ങൾ കണ്ടുപഠിക്കണം. 15000 കോടി രൂപയുടെ ഭരണാനുമതി കൊടുത്തപ്പോഴല്ലേ നിങ്ങൾക്ക് കിഫ്ബിയിൽ വിശ്വാസം വന്നുതുടങ്ങിയത്. ധനകാര്യമന്ത്രി പ്രഖ്യാപിച്ചതിന്റെ ഇരട്ടിയിലധികം പ്രവൃത്തികൾ 5 വർഷംകൊണ്ട് നടപ്പാക്കാൻ സാധിക്കും. ഒരുകാലത്ത് കേരളം ഇന്ത്യക്ക് മാതൃകയായിരുന്നു. വീണ്ടും കേരളം ഇന്ത്യക്ക് മാതൃകയാകാൻ പോകുകയാണ്. കേരളത്തിന്റെ അഭിമാന മുഹൂർത്തമായി നാളെ ഒന്നാം വാർഷികമാഘോഷിക്കുന്ന ഈ സർക്കാരിനെപ്പറ്റി 'അഴിമതിയില്ലാത്ത ഒരു മന്ത്രിസഭ കേരളത്തിൽ' എന്ന് നമുക്കെല്ലാം ഒരുമിച്ച് പറയാം. മലയാളികളായ നമ്മൾ ഇക്കാര്യത്തിൽ അഭിമാനിക്കേണ്ടതല്ലേ?

ഇച്ഛാശക്തിയുള്ള ഒരു സർക്കാരാണിത്. മുടങ്ങിക്കിടന്ന GAIL പദ്ധതിക്ക് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുത്ത് പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. 400 മെഗാവാട്ടിന്റെ കൂടംകുളം പവർ ഹൈവേയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 12 തവണ കൂടിയ യോഗത്തിൽ ഞാൻ പങ്കെടുത്തതാണ്. ശ്രീ. പിണറായി വിജയൻ ആദ്യത്തെ മീറ്റിംഗിൽത്തന്നെ എല്ലാവരേയും പങ്കെടുപ്പിക്കുകയും സമവായത്തിലൂടെ കൂടംകുളം പവർ ഹൈവേയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഇവിടെ മെട്രോയെക്കുറിച്ച് പറഞ്ഞു. 100 ശതമാനവും നിങ്ങൾ അവകാശപ്പെടേണ്ട. ഡോ. ടി. എം. തോമസ് ഐസക് 156 കോടി രൂപ മേൽപ്പാലത്തിനായി മാറ്റിവച്ചത് സംബന്ധിച്ച് ശ്രീ. ജോൺ ഫെർണാണ്ടസ് ഇവിടെ പറഞ്ഞു. അന്ന് കേന്ദ്രസർക്കാർ അനുമതി കൊടുത്തപ്പോൾ എൽ.ഡി.എഫ്.-ന് നേട്ടമുണ്ടാകും, കൊടുക്കരുതെന്ന് പറഞ്ഞ് പാരവച്ചു. വിഴിഞ്ഞം പദ്ധതി ടെണ്ടർ ചെയ്തപ്പോൾ ചൈനീസ് കമ്പനിയെന്ന് പറഞ്ഞ് പുറത്തുനിർത്തി. അല്ലെങ്കിൽ ആ കാലഘട്ടത്തിൽ അതും നടക്കുമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അങ്ങനെ മുടങ്ങിക്കിടന്ന പദ്ധതികളെല്ലാം പൂർത്തീകരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഇ. കെ. നായനാർ കൊണ്ടുവന്ന കണ്ണൂർ എയർപോർട്ട് സമയബന്ധിതമായി പൂർത്തിയാക്കുകയാണ്. കളിമണ്ണിന്റെ പുറത്ത് വിമാനമിറക്കിയുള്ള ഉദ്ഘാടനമല്ല നടത്തുന്നത്.

യഥാർത്ഥത്തിലുള്ള കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമാകാൻ പോകുകയാണ്. അതാണ് ഇച്ഛാശക്തിയുള്ള ഒരു മുഖ്യമന്ത്രി എന്ന് പറഞ്ഞത്. ഡോ. ഡി. ബാബുപോൾ ഈ സർക്കാരിനെപ്പറ്റി കൗമുദിയിൽ പറഞ്ഞത് "പിണറായി സർക്കാരിന്റെ ഏറ്റവും ശ്രദ്ധേയമായ മുഖം മുഖ്യമന്ത്രിയുടെ നേതൃത്വം തന്നെയാണ്. ജോപ്പനും ജിക്കുമോനും സലിംരാജും മേയുന്ന പുൽപ്പുറമാകാൻ സർക്കാരിനെ വിട്ടുകൊടുക്കാതിരിക്കുമ്പോൾ അത് ധാർഷ്ട്യമായോ അധികാര കേന്ദ്രീകൃതമായോ വ്യാഖ്യാനിക്കേണ്ടതില്ല" എന്നാണ്. സർക്കാരിന്റെ അച്ചടക്കമാണ് ഓരോ മന്ത്രിമാരും നല്ല നിലയിലുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിനുള്ള കാരണം. ശ്രീ. പിണറായി വിജയൻ രണ്ട് വർഷം മാത്രമേ മന്ത്രിയായി ഇരുന്നുള്ളൂ. കേരളത്തിൽ പകൽ മൂന്നും രാത്രി മൂന്നും മണിക്കൂറുകൾ പവർകട്ടും ലോഡ്ഷെഡ്ഡിംഗുമായിരുന്നു. അദ്ദേഹം അദ്ധ്യക്ഷനായ സബ്ജക്ട് കമ്മിറ്റിയിൽ അംഗമായി പ്രവർത്തിക്കാൻ എനിക്ക് അവസരം കിട്ടുകയും ആ പ്രവർത്തനം ഞാൻ കാണുകയും ചെയ്തതാണ്. കരാറുകാരും ഉദ്യോഗസ്ഥരും തമ്മിലുള്ള അവിഹിതബന്ധം കാരണം എന്റെ നിയോജകമണ്ഡലത്തിൽ കക്കാട് 18 വർഷമായി ഒരു പദ്ധതി മുടങ്ങിക്കിടക്കുകയായിരുന്നു. ഇന്നത് ശ്രീ. അടൂർ പ്രകാശിന്റെ മണ്ഡലമാണ്. അന്ന് അദ്ദേഹം സ്ഥലം എം.എൽ.എ. എന്നുള്ള നിലയിൽ എന്നെ ചെയർമാനും അന്നത്തെ ജില്ലാ കളക്ടർ ശ്രീ. ഇന്ദ്രസിംഗിനെ കൺവീനറുമാക്കി ഒരു സമിതിയുണ്ടാക്കി. എല്ലാ മാസവും അവലോകനയോഗം കൂടും. ആറ് മാസത്തിലൊരിക്കൽ ശ്രീ. പിണറായി വിജയൻ ആ യോഗത്തിൽ പങ്കെടുത്ത് തടസ്സങ്ങളുണ്ടെങ്കിൽ അത് മാറ്റും. 18 വർഷം പണി മുടങ്ങിക്കിടന്ന പദ്ധതി ഒറ്റവർഷം കൊണ്ട് കമ്മീഷൻ ചെയ്തു. 1086 മെഗാവാട്ട് ഉല്പാദിപ്പിക്കാൻ കഴിയുന്നത് ലോകചരിത്രത്തിൽ ആദ്യമാണ്. പിന്നീട് ശ്രീ. എസ്. ശർമ്മ വൈദ്യുതി മന്ത്രിയായി വന്നു. 1086 മെഗാവാട്ട് ഉല്പാദിപ്പിച്ച് ആറ് മണിക്കൂർ ഇരുട്ടിലായിരുന്ന കേരളത്തെ വെളിച്ചത്തിലേയ്ക്ക് നയിച്ചു. അതാണ് ശ്രീ. പിണറായി വിജയൻ. ആ പിണറായി വിജയനാണ് ഈ സർക്കാരിനെ നയിക്കുന്നത്. ഒറ്റ സങ്കടം മാത്രമാണ് എനിക്കുള്ളത്. ഇന്നലെ വന്ന സി. ആന്റ് എ. ജി. റിപ്പോർട്ട് ഇവിടെ ചർച്ചയ്ക്ക് വന്നതാണ്. കൽക്കരി, സ്പെക്ട്രം കുംഭകോണങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ട്. ലാവ്‌ലിൻ കുംഭകോണത്തെക്കുറിച്ച് പറയുമ്പോൾ സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ട് നിങ്ങൾ അംഗീകരിക്കുമോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ആദ്യമായി അന്വേഷണം ആവശ്യപ്പെട്ടത് ഞങ്ങളാണ്. എന്തെങ്കിലും മറച്ചുവയ്ക്കാനുണ്ടായിരുന്നെങ്കിൽ ഞങ്ങൾ അന്വേഷണം ആവശ്യപ്പെടുമായിരുന്നോ? അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കെ.പി.സി.സി. പ്രസിഡന്റും ശ്രീ. രമേശ് ചെന്നിത്തലയും ഉൾപ്പെടെയുള്ളവർക്ക് വിഴിഞ്ഞവുമായി ബന്ധപ്പെട്ട 80,000 കോടി രൂപയുടെ കുംഭകോണത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് ഞങ്ങൾക്കറിയണം. എന്റെ കാലഘട്ടത്തിൽ വിഴിഞ്ഞം പദ്ധതി കേരളത്തിന്

കിട്ടില്ല. എന്റെ മക്കളുടെ കാലത്തെങ്കിലും വിഴിഞ്ഞം പദ്ധതി കേരളത്തിന് കിട്ടുമോ? കേരളത്തെയല്ലേ ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ പണയപ്പെടുത്തിയത്. കേരളത്തെ പണയപ്പെടുത്തിയ നിങ്ങൾക്ക് കേരളജനത മാപ്പ് തരുമോ? പദ്ധതി മുടക്കാൻ പാടില്ല, എന്നാൽ അന്വേഷിക്കുകയും വേണം. കൽത്തുറുങ്കിൽ കിടക്കേണ്ടവർ കൽത്തുറുങ്കിൽ കിടക്കണം. കൊട്ടുംചതിയാണ് കേരളത്തോട് കാണിച്ചിരിക്കുന്നത്. 80,000 കോടി രൂപയുടെ പാപക്കറ മായ്ച്ചുകളയാൻ നിങ്ങൾക്ക് കഴിയില്ല. അതിനെക്കുറിച്ച് ഗൗരവമായ അന്വേഷണം സർക്കാർ നടത്തണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വിഴിഞ്ഞം പദ്ധതിയെക്കുറിച്ചാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ശ്രീ. വി. എം. സുധീരൻ അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പോസ്റ്റിൽ ഈ പദ്ധതിയുടെ കരാറിലുള്ള ദുരൂഹതയെക്കുറിച്ച് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, വലിയ പൊട്ടിത്തെറിയിലേയ്ക്ക് കാര്യങ്ങൾ വരാൻ പോവുകയാണ്. കേരളത്തിൽ കോൺഗ്രസ് പാർട്ടിക്ക് തലയിൽ പുതപ്പിട്ട് നടക്കേണ്ട സ്ഥിതിയാണ്. ഒരു കരിമ്പടത്തിനെങ്കിലും ഈ പാർട്ടിയെ രക്ഷിക്കാൻ കഴിയുമോ? കോൺഗ്രസ്സിന്റെ ഇന്നത്തെ സ്ഥിതി അപമാനവും നാണക്കേടുമാണെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചു കൊണ്ട് നിർത്തുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. രാജ്യം ഇന്ന് നേരിടുന്നത് സംഭ്രമജനകമായ രാഷ്ട്രീയ കാലാവസ്ഥയാണ്. നമ്മളിവിടെ അങ്ങോട്ടുമിങ്ങോട്ടും പോരടിക്കുമ്പോൾ ഇന്ത്യാ മഹാരാജ്യത്തെപ്പറ്റി ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ അവകാശങ്ങളും ലംഘിക്കപ്പെടുകയാണ്. എന്റെ പ്രിയപ്പെട്ട ദേശാഭിമാനികളായ കോൺഗ്രസ്സുകാർക്ക് അതുസംബന്ധിച്ച് ഒരു ദു:ഖവും കാണുന്നില്ല. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടുകയാണ്. വടക്കേ ഇന്ത്യയിൽ വീണ്ടും രാമക്ഷേത്രത്തിന്റെ ശബ്ദം ഉയരുകയാണ്. രാഷ്ട്രീയരംഗത്ത് ജനങ്ങളാഗ്രഹിക്കാത്ത പല കാര്യങ്ങൾക്കും നേതൃത്വം കൊടുക്കുന്ന നരേന്ദ്ര മോദി സർക്കാർ ഈ രാജ്യത്തെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഭരണഘടനയിലെ ജനാധിപത്യ അവകാശങ്ങൾ ലംഘിക്കപ്പെടുകയാണ്. ഏത് കോൺഗ്രസ്സുകാരനാണ് ഇതിനെയെല്ലാം എതിർക്കുന്നത്? ഒരു സിനിമയുടെ പേര് എന്തായിരിക്കണമെന്ന് തീരുമാനിക്കാൻ ആർക്കാണ് അവകാശം? രണ്ടാമൂഴം എന്നായിരിക്കണം, മഹാഭാരതം എന്ന പേര്

പറ്റില്ല എന്നൊക്കെ പറയാൻ മഹാഭാരതം ആരുടെയെങ്കിലും കുത്തകയാണോ? ഞാൻ മട്ടനോ, ചിക്കനോ, മത്സ്യമോ കഴിക്കണമെന്ന് തീരുമാനിക്കുന്നതും സൂര്യനമസ്കാരമോ യോഗാഭ്യാസമോ ചെയ്യണമെന്ന് തീരുമാനിക്കുന്നതും ശ്രീ. നരേന്ദ്ര മോദിയാണോ? സംഘ്പരിവാർ അഴിഞ്ഞാടുകയാണ്. കേരളം അതിൽനിന്ന് വിമുക്തമാണെന്ന് എനിക്ക് തോന്നുന്നില്ല. എന്റെ പ്രിയപ്പെട്ട, ഉത്തവാദിത്വമുള്ള സഹപ്രവർത്തകർ, ഡൽഹിയിൽ നിങ്ങൾക്ക് അധികാരമില്ലാത്തതുകൊണ്ട് അങ്ങോട്ട് നോക്കാതിരിക്കരുത്; നിങ്ങൾ ഡൽഹിയിലേയ്ക്ക് നോക്കണം. വടക്കേ ഇന്ത്യ മുഴുവൻ ഭീകരമായ അവസ്ഥയാണ്. മരണപ്പെട്ട ഭാര്യയുടെ ശവശരീരം പായിൽ കെട്ടിപ്പൊതിഞ്ഞ് തോളത്തെടുത്ത് മകളെയുംകൊണ്ട് കിലോമീറ്ററുകൾ നടക്കുന്ന ഭർത്താവിന്റെ ചിത്രം നമ്മൾ കണ്ടതാണ്. നിങ്ങളുടെ ആത്യന്തികമായ ആഗ്രഹം എൽ.ഡി.എഫ്. സർക്കാരിനെ എങ്ങനെയെങ്കിലും ശരിപ്പെടുത്തണമെന്നുള്ളതാണ്. അതിന് ഉള്ളതും ഇല്ലാത്തതുമായ കഥകളാണ് പറയുന്നത്. പ്രിയപ്പെട്ട ലീഗിന്റെ സഹോദരന്മാർകൂടി അതിൽ ചേരുന്നത് കാണുമ്പോൾ നിങ്ങളുടെ കാര്യം വലിയ കഷ്ടമാവുകയാണ്. കമ്മ്യൂണിസ്റ്റ് വിരോധത്തെക്കുറിച്ച് അലർജിയാണെന്ന മട്ടിൽ എന്റെ സുഹൃത്ത് ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു. ലോകത്തെവിടെയും ഇസ്ലാം രാഷ്ട്രങ്ങളുടെമേൽ ബോംബ് വർഷിച്ചപ്പോൾ അന്നും ഇന്നും പ്രതിഷേധിക്കുന്നത് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളാണ്, വേറെയാരുമല്ല. മറ്റുള്ളവരൊക്കെ കസേരയ്ക്ക് വേണ്ടിമാത്രം ഇരിക്കുന്നവരാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞങ്ങളൊരിക്കലും കമ്മ്യൂണിസ്റ്റ് പാർട്ടി തകരണമെന്ന് ആഗ്രഹിക്കുകയില്ല; ഈ പാർട്ടി ഉണ്ടാകണമെന്ന് നിർബന്ധമാണ്. പക്ഷേ നിങ്ങളുടെ പ്രവൃത്തികളെയാണ് ഞങ്ങൾ വിമർശിക്കുന്നത്. ശ്രീ. കാനം രാജേന്ദ്രൻ ഇന്നലെ എന്താണ് പറഞ്ഞതെന്ന് അങ്ങേയ്ക്കറിയാമല്ലോ. ആലോചിക്കുമ്പോൾ ചിലപ്പോൾ അത് ശരിയാണെന്ന് തോന്നും ഈ സർക്കാരിന്റെയും പാർട്ടിയുടേയും പോക്ക് ആ രീതിയിലാണ്. ഞങ്ങൾ ഈ പാർട്ടി നശിക്കണമെന്ന് ഒരിക്കലും ആഗ്രഹിക്കില്ല.

ശ്രീ. സി. ദിവാകരൻ: സർ, ആഗ്രഹം കാണില്ല. കാരണം ശ്രീ. മഞ്ഞളാംകുഴി അലി ഒരുപാട് കാലം ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ആളാണ്. എന്റെ പാർട്ടിയിലെ പല ആളുകളും ഇപ്പോൾ നിങ്ങളുടെ കൂടെയാണ്. അതുകൊണ്ട് പാർട്ടി മോശമാണെന്ന് നിങ്ങളൊരിക്കലും പറയില്ല. യഥാർത്ഥ വസ്തുതകൾ എന്താണ്; അതിന്റെ നേർക്ക് നിങ്ങളുടെ പ്രതികരണമെന്താണ് എന്നാണ് ഞാൻ ഉന്നയിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു കൊല്ലമായതേയുള്ളൂ. നിങ്ങൾക്ക് കുറച്ചെങ്കിലും സഹിഷ്ണുത വേണ്ടേ; ജനാധിപത്യത്തിൽ ഏറ്റവും വലുത് സഹിഷ്ണുതയാണ്. കേന്ദ്ര സർക്കാർ തന്നിഷ്ടംപോലെ, പാർലമെന്റിൽ ചർച്ച ചെയ്യാതെ, ലോകത്തൊരു ജനാധിപത്യ രാജ്യത്തും ചെയ്യാൻ പാടില്ലാത്ത രീതിയിൽ, 1,000 രൂപയുടെയും 500 രൂപയുടെയും കറൻസി നോട്ടുകൾ ഒരു സുപ്രഭാതത്തിൽ പിൻവലിച്ചു. അന്ന് ഞങ്ങളധികാരത്തിലിരുന്നതുകൊണ്ട് യു.ഡി.എഫ്.-ന് സന്തോഷമായിരുന്നു, ഇവർ വെള്ളം കുടിക്കും; ഡോ. ടി. എം. തോമസ് ഐസക് ഇതോടെ തീരുമെന്ന് ഇവർ കരുതി. കാരണം ഖജനാവിൽ ഉൾപ്പെടെ ഒരിടത്തും നോട്ടില്ല; കറൻസിയില്ല, കാര്യങ്ങളൊന്നും നടക്കുന്നില്ല; ഭരണസ്തംഭനമാണ്. കേന്ദ്രത്തിനെതിരായി സമരം ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു. കോൺഗ്രസ്സും അനുകൂലിച്ചു. അവരും സമരത്തിന് വരാമെന്ന് സമ്മതിച്ചു. പക്ഷെ സമയമായപ്പോൾ അവർ പിൻവലിഞ്ഞു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളുടെ മുഖമുദ്രയാണ് കറൻസി. നമുക്കൊന്നിച്ച് സമരം ചെയ്യാമെന്ന് കേരളത്തിലെ ജനങ്ങളും ഇടതുപക്ഷവും നിങ്ങളോട് പറഞ്ഞു, നിങ്ങളാദ്യം സമ്മതിച്ചു, പിന്നീട് നിങ്ങളുടെ ഒരു നേതാവ് പറഞ്ഞു, ഞങ്ങളൊറ്റയ്ക്ക് സമരം ചെയ്യാമെന്ന്. ഇവിടെ ഒരു പ്രശ്നവുമുണ്ടായില്ല. ആ പ്രതിസന്ധിയാണ് ഒരു ബുദ്ധിമുട്ടുമില്ലാതെ ഈ സർക്കാർ പരിഹരിച്ചത്. എന്നിട്ട് നിങ്ങളൊരു നല്ല വാക്ക് പറഞ്ഞോ? ബി.ജെ.പി.-യുടെ നോട്ട് കച്ചവടത്തെ അതിജീവിച്ച എൽ.ഡി.എഫ്. സർക്കാരിനെ ഞങ്ങൾ അഭിനന്ദിക്കുന്നു എന്നൊരു വാക്ക് നിങ്ങൾ പറഞ്ഞോ? അപ്പുറവും ഇപ്പുറവുമിരിക്കുന്ന എന്ന വ്യത്യാസമല്ലേ നമ്മൾ തമ്മിലുള്ളൂ. ഇതിന്റെ റിയാലിറ്റി എന്താണ്? ബി.ജെ.പി. കൊണ്ടുവന്ന ജനദ്രോഹപരമായ സാമ്പത്തിക സമീപനത്തെ എതിർത്തുകൊണ്ട് ഒരു വർഷം എല്ലാ വികസന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ട് ഒരു സർക്കാർ ഇവിടെ നിലനിൽക്കുകയാണ്. യു.ഡി.എഫ്.-ന്റെ നേട്ടങ്ങൾ ഞാൻ പറയുന്നില്ല. അതെല്ലാം ഇതിലുണ്ട്. (സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ട് ഉയർത്തിക്കാട്ടി). ഇതാണ് യു.ഡി.എഫ്.-ന്റെ നേട്ടം. ഇത് ഞങ്ങളാരും പറയുന്നതല്ല. ഇന്ത്യാമഹാരാജ്യത്തെ എല്ലാ വരവുചെലവ് കണക്കുകളും അഴിമതികളും കണ്ടെത്തുന്ന ഗവൺമെന്റ് ഓഫ് ഇന്ത്യ നിയമിച്ച ഭരണഘടനാപരമായ ഒരു സ്വതന്ത്ര സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ തയ്യാറാക്കിയതാണ്. നിങ്ങൾക്കതിന് എന്തെങ്കിലും മറുപടിയുണ്ടോ; നൂറുതവണ പത്രസമ്മേളനം വിളിക്കുന്നവരാണല്ലോ; ഒരു പത്രസമ്മേളനം വിളിച്ച് വിഴിഞ്ഞം തുറമുഖം പദ്ധതി സംബന്ധിച്ച് സി. ആന്റ് എ.ജി. പറഞ്ഞിരിക്കുന്നത് വിവരക്കേടാണെന്ന് പ്രതിപക്ഷനേതാവിന് പറയാൻ സാധിക്കുമോ? ഞങ്ങൾ ഏതന്വേഷണത്തെയും നേരിടുമെന്ന് ശ്രീ. അൻവർ സാദത്ത് പറഞ്ഞു.

അന്വേഷണം നേരിട്ടാൽ മതിയോ; എ. ജി. ഉന്നയിച്ചിരിക്കുന്ന ഓരോ കാര്യങ്ങളായി പറയണം. നിങ്ങൾ പറയുന്ന നിങ്ങളുടേതാണ് വിഴിഞ്ഞം തുറമുഖമെന്ന്; കുറച്ചുകൂടി കഴിഞ്ഞാൽ പറയാൻ പറ്റില്ല. അടുത്തകാലത്ത് കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ഗൗരവമായ ക്രമക്കേടുകളാണ് എ. ജി. റിപ്പോർട്ട് ചെയ്തിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ മറ്റു കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല; നിങ്ങളുടെ പ്രവർത്തനങ്ങളുടെ നേർചിത്രമാണ് ഈ റിപ്പോർട്ട്. ഇതിൽ വേറെ ധാരാളം അഴിമതിയെക്കുറിച്ചും പറയുന്നുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ അംഗം ഇവിടെ കേന്ദ്ര സർക്കാരിന്റെ പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. ഈ പറഞ്ഞ കാര്യങ്ങളൊക്കെ നിങ്ങളുടെ പാർട്ടി സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രന്റെ അഭിപ്രായങ്ങളാണോ; അതോ സ്വന്തം അഭിപ്രായങ്ങളാണോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. അടൂർ പ്രകാശിന്റെ മനോധർമ്മംപോലെ ഏത് രീതിയിൽ വേണമെങ്കിലും എടുക്കാം. ഞാനും ശ്രീ. കാനം രാജേന്ദ്രനും ശ്രീ. പിണറായി വിജയനും ശ്രീ. വി. എസ്. അച്യുതാനന്ദനും പറയുന്നത് ഒരേ അഭിപ്രായം തന്നെയാണ്. നിങ്ങൾ തലകുത്തി നിന്നാലും വേറെയൊന്നും ചെയ്യാൻ നിവൃത്തിയില്ല. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന മായാവലയത്തിൽ ശ്രീ. അടൂർ പ്രകാശിനെപ്പോലെയുള്ളവർ വീഴരുത്. നിങ്ങൾക്ക് കുറച്ച് രാഷ്ട്രീയ മൊക്കെയുണ്ടന്നാണ് എനിക്ക് തോന്നുന്നത്. ഒരു കേന്ദ്രമന്ത്രി ഇവിടെ വന്ന് പറയുന്നു, ഇവിടെ കുഴപ്പമാണ്, കേന്ദ്രം ഇടപെടുമെന്ന്. ഇന്ത്യൻ ജനാധിപത്യത്തിൽ അത് ശരിയാണോ; നിങ്ങളാരെങ്കിലും അതിനെ അപലപിച്ചോ. തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ഭരിക്കുന്ന സംസ്ഥാനത്തിൽ കേന്ദ്രത്തിലെ ബി.ജെ.പി. മന്ത്രി കണ്ണൂരിൽവന്ന് 'ഞങ്ങൾ ഇടപെടും' എന്നുപറയുന്നത് ശരിയാണോ? നിങ്ങൾ അപലപിക്കില്ല. കാരണം, കേരളത്തിൽ പുരോഗമനപരമായ വിദ്യാഭ്യാസം, ഭൂപരിഷ്കരണം, വ്യവസായം, പോലീസ് തുടങ്ങിയ അടിസ്ഥാനപരമായ നയങ്ങൾ ആവിഷ്കരിച്ച 1957-ലെ ഇ.എം.എസ്. ഗവൺമെന്റിനെ ഭരണഘടനയുടെ 356-ാം വകുപ്പനുസരിച്ച് ഈ രാജ്യത്ത് ആദ്യത്തെ ജനാധിപത്യ കൊലപാതകം നടത്തിയവരല്ലേ? രണ്ടാമത്തെ കൊലപാതകം നടത്തിയവരാണ് ഇപ്പോൾ രാജ്യം ഭരിക്കുന്നത്. മഹാത്മാഗാന്ധിയെ കൊന്നവർ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നെക്കൊണ്ട് ഒരുപാട് കാര്യങ്ങൾ പറയിപ്പിക്കരുത്, അങ്ങേയ്ക്ക് ഈ കാര്യങ്ങളൊക്കെ അറിയാമല്ലോ. എന്തിനാണ് 1957-ലെ ഗവൺമെന്റിനെ ഡിസ്മിസ് ചെയ്തത്. അത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ; വിമോചനസമരം അംഗീകരിക്കുന്നുണ്ടോ?

നിങ്ങളാണോ ജനാധിപത്യത്തിന്റെ അപ്പോസ്തലൻമാർ. ഇവിടെ കഴിഞ്ഞ ഒരു വർഷമായി പ്രതിപക്ഷത്തിന് എല്ലാ ജനാധിപത്യ അവകാശങ്ങളും അനുവദിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിമോചന സമരം നടന്നപ്പോൾ 356-ാം വകുപ്പനുസരിച്ച് അന്നത്തെ സർക്കാരിനെ പിരിച്ചുവിട്ടു. അത് ശരിയോ തെറ്റോ എന്ന് തീരുമാനിക്കുന്നതിന് പിന്നീട് നടന്ന തെരഞ്ഞെടുപ്പിലെ ജനങ്ങളുടെ വിധിയാണ് പ്രധാനപ്പെട്ടത്. 1960-ലെ ജനങ്ങളുടെ വിധിയിലൂടെ വന്ന തീരുമാനം കറക്റ്റാണ് എന്നുള്ളത് കൊണ്ടാണല്ലോ അത് പിരിച്ചുവിടാൻ സമരം നടത്തിയ ആളുകളെത്തന്നെ കേരളത്തിൽ ഭരണത്തിൽ കൊണ്ടുവന്നതെന്നുള്ളത് അങ്ങേയ്ക്കറിയില്ലേ?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ചലഞ്ച് ചെയ്യുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയ്ക്ക് തെറ്റിപ്പോയി. നിങ്ങൾ ആ തെരഞ്ഞെടുപ്പിന്റെ മൊത്തം വോട്ടിന്റെ ശതമാനം നോക്കണം. 1957-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഞങ്ങളുടെ ജനസ്വാധീനം വർദ്ധിച്ചു. അതുകൂടി നോക്കണം..

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വിമോചന സമരം വേണ്ടായിരുന്നുവെന്ന് ശ്രീ. എ. കെ. ആന്റണി പരസ്യമായി പിന്നീട് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. എ. കെ. ആന്റണി മാത്രമല്ല, ശ്രീ. വയലാർ രവിയും പറഞ്ഞു. അമേരിക്കയുടെ അംബാസിഡർ പണം വാങ്ങിയാണ് അട്ടിമറി നടത്തിയതെന്ന് ശ്രീ. വയലാർ രവി അവസാനം സമ്മതിച്ചു. ഇതൊക്കെ അറിയാവുന്ന കാര്യങ്ങളല്ലേ.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അങ്ങ്, വിമോചന സമരത്തെയും കോൺഗ്രസിനെയും കുറ്റപ്പെടുത്തുകയാണല്ലോ; ഇത്രയും വലിയ ദ്രോഹം ചെയ്ത കോൺഗ്രസ്സുമായി പിന്നീട് അച്യുതമേനോൻ സർക്കാർ ഒന്നിച്ചുനിൽക്കുകയും ആ മധുവിധുകാലം നമ്മളൊന്നിച്ച് കൊണ്ടാടിയതും അങ്ങ് മറന്നുപോയോ?

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങളുടെകൂടെ വന്നതുകൊണ്ട് നിങ്ങൾക്ക് മേൽവിലാസമുണ്ടായി ഇപ്പോഴും നിൽക്കുന്നു, അല്ലെങ്കിൽ അതുമുണ്ടാവില്ല. ഞാനൊരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നികുതി പിരിക്കാതെ 3,900 കോടി രൂപയാണ് നിങ്ങൾ

മുതലാളിമാർക്കുവേണ്ടി നീക്കിക്കൊടുത്തത്. സ്വർണ്ണ വ്യാപാരമേഖലയിൽ വിവാദമായതല്ലേ; ആ വിഷയം സഭയിലുന്നയിച്ചതല്ലേ, ബജറ്റ് വിറ്റതാണെന്ന് ഞങ്ങൾ പറഞ്ഞില്ലേ; നിങ്ങൾ അംഗീകരിച്ചോ? അഴിമതി നടന്നുവെന്ന് അന്ന് എൽ.ഡി.എഫ്. സഭയിൽ പറഞ്ഞില്ലേ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇല്ലായിരുന്നോ? നിങ്ങളുടെ ഭരണകാലത്തെ എല്ലാ മന്ത്രിമാരും ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ വരാന്തയിലുറങ്ങുകയല്ലേ; ഞങ്ങൾ പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിയായിരുന്നു. എല്ലാ അഴിമതികളും അക്കമിട്ടുപറഞ്ഞു, അതെല്ലാം കോടതിയിലാണ്. നിരവധി കേസുകളുണ്ട്. അഴിമതിരഹിതമായ ഭരണമാണ് ഒരു വർഷമായി നടക്കുന്നത്. അത് മുന്നോട്ടുകൊണ്ടുപോകാൻ സദാചാര രാഷ്ട്രീയ ബോധമുള്ള പ്രതിപക്ഷം ഞങ്ങളെ സഹായിക്കണം.

വലിയ മാറ്റങ്ങൾ വരുന്നുവെന്ന് ഇവിടെ പലരും പറഞ്ഞു. പക്ഷെ ഈ മാറ്റങ്ങളെല്ലാം വരുന്നത് ചില ജില്ലകളിലാണ്. തിരുവനന്തപുരം ജില്ല വ്യാവസായികമായി വളരെ പുറകിലാണ്. ഏറ്റവും കൂടുതൽ റബ്ബർ കൃഷിക്കാരുള്ള സ്ഥലമാണ് തിരുവനന്തപുരം. തിരുവനന്തപുരത്തിന്റെ പകുതി പ്രദേശവും മലയോരമാണ്. വാമനപുരം, അരുവിക്കര, നെടുമങ്ങാട്, പാറശ്ശാല എന്നിവിടങ്ങളിലുള്ള റബ്ബർ കൃഷിക്കാരെ സഹായിക്കാൻ റബ്ബറടിസ്ഥാനത്തിലൊരു വ്യവസായം നെടുമങ്ങാട് ആരംഭിക്കണം. അത് വന്നാൽ നല്ലതായിരിക്കും. വാമനപുരത്തായാലും എനിക്ക് പരാതിയില്ല. അങ്ങനെയൊരു വ്യവസായം തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് സംസ്ഥാന പോലീസ് ചീഫ് ആരാണെന്ന ചോദ്യം ഞങ്ങളുന്നയിച്ചപ്പോൾ അതിന് മറുപടി പറയാൻ കഴിയാതിരുന്ന ഒരു സർക്കാരാണിത്. ഒരുവർഷം പിന്നിടുന്ന ഈ സർക്കാരിൽ ആ അവ്യക്തത ഇന്നും മാറിയിട്ടില്ലെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ഡിമാൻഡ് ചർച്ചകളിലും ഇന്ന് ഉപധനാഭ്യർത്ഥന ചർച്ചകളിലും ഭരണകക്ഷി അംഗങ്ങൾ കഴിഞ്ഞ കാലത്തെക്കുറിച്ച് ഒരു താരതമ്യ പഠനം മാത്രമാണ് നടത്തുന്നത്. ഇവരുടെ ഒരു വർഷക്കാലത്തെ പരാജയങ്ങൾ ഞങ്ങൾ അക്കമിട്ട് നിരത്തുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്നുണ്ടായിരിക്കുന്ന അരക്ഷിതാവസ്ഥ എല്ലാ മേഖലകളിലും നമുക്ക് കാണാൻ സാധിക്കും. ക്രമസമാധാന പരിപാലനം, ആരോഗ്യം തുടങ്ങി ഏത് മേഖല പരിശോധിച്ചാലും അവ്യക്തത ഇന്നും നിലനിൽക്കുകയാണ്. ക്ഷേമ പെൻഷനുകൾ വീടുകളിലെത്തിക്കുമെന്നത് ഇടതുപക്ഷ സർക്കാരിന്റെ പ്രഖ്യാപിത

നയങ്ങളിലൊന്നായിരുന്നു. ഓണത്തിനുമുമ്പ് അത്തരത്തിലുള്ള കാര്യങ്ങൾ നടന്നുവെന്നത് വസ്തുതയാണ്. ഓണത്തിനുശേഷം ക്ഷേമ പെൻഷനുകളുടെ വിതരണം എങ്ങനെ നടക്കുന്നു എന്നൊരു ആത്മപരിശോധന നടത്താൻ സർക്കാർ തയ്യാറാകണം. എന്റെ നിയോജകമണ്ഡലത്തിൽ പെൻഷനുകൾ വീടുകളിലെത്തിക്കുന്ന പരിപാടിയിൽ ഞാനും അതിനോടൊപ്പം നിന്നതാണ്. പിന്നീട് മാസങ്ങളുടെ കുടിശ്ശിക ആ ഇനത്തിൽ വരികയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ അനന്തമായി നീണ്ടുപോകുന്നത് നമുക്ക് കാണാൻ കഴിയും. അതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പെൻഷനായവർക്കുണ്ടായിരിക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ, അവർക്കുണ്ടാകുന്ന സാമൂഹികമായ വിഷയങ്ങൾ എന്നിവയെ ചെറുതായി കാണാൻ കഴിയില്ല. അതൊന്നും ഈ സർക്കാരിന് അഡ്രസ് ചെയ്യാൻ കഴിയുന്നില്ല. യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന സന്ദർഭത്തിൽ കൊണ്ടുവന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രഥമ പരിഗണന കൊടുക്കാൻ കഴിഞ്ഞുവെന്നത് മികവായി പറയാൻ കഴിയുന്ന കാര്യങ്ങളാണ്. കാരുണ്യ ഫണ്ടുകൾ, കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിപോലുള്ള അനവധി നൂതന ആശയങ്ങളുണ്ട്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 100 ദിവസം കൊണ്ട് സാധാരണക്കാരന് ഒരു രൂപയ്ക്ക് അരി കൊടുത്തിരുന്നത് സമ്പൂർണ്ണമായും സൗജന്യമാക്കിക്കൊണ്ടാണ് യു.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിഞ്ഞത്. ഇന്ന് കാരുണ്യ ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതികളുടെ തുക കിട്ടാൻ വളരെയധികം കാലതാമസം നേരിടുന്നുണ്ട്. എന്റെ സഹപ്രവർത്തകരായ സാമാജികർക്കും സമാനമായ അനുഭവമാണുള്ളത്. കാരുണ്യ ഫണ്ടുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് എം.എൽ.എ.-മാർ അപേക്ഷ നൽകിയാൽ അത് വീണ്ടും വില്ലേജ് ഓഫീസുകളിലേയ്ക്ക് പോയി മറ്റ് നടപടികൾ പൂർത്തിയാക്കി മൂന്നും നാലും മാസം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ രോഗിയുടെ അവസ്ഥയെന്താകും; എം.എൽ.എ.-മാർ നൽകുന്ന അപേക്ഷകൾ തീർച്ചയായും അവർക്ക് ഉത്തമബോധ്യമുള്ളവയായിരിക്കും. ആ അപേക്ഷകൾ വീണ്ടും വില്ലേജ് ഓഫീസുകളിൽ പോയി കളക്ടേറ്റിലെയും വില്ലേജ് ഓഫീസിലെയും ഇൻബോക്സിൽ കിടക്കുന്നുവെന്നാണ് പിന്നീട് അറിയുന്നത്. ഇത് അനന്തമായി നീണ്ടുപോകുന്നതുകൊണ്ട് ആർക്ക് എന്ത് പ്രയോജനമാണുള്ളത്? 642 പേർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ സമയത്ത് ചെയ്തുകൊടുക്കാൻ കഴിഞ്ഞു. ഇപ്പോഴത്തെ സാഹചര്യമെന്താണെന്ന് സർക്കാർ ആത്മപരിശോധന നടത്തണം. ഇന്ന് റബ്ബർ കർഷകരും നെൽകർഷകരും നേരിടുന്ന പ്രശ്നങ്ങളും നെല്ല് സംഭരണത്തിന്റെ കാര്യവും ചർച്ച ചെയ്തപ്പോൾ കഴിഞ്ഞ കാലത്തെ

കുടിശ്ശികയെക്കുറിച്ചാണ് പറഞ്ഞത്. പക്ഷെ നിങ്ങൾ പറഞ്ഞത്, വരമ്പത്ത് കൂലി കൊടുക്കുമെന്നാണ്. രണ്ടുമാസം പിന്നിടുമ്പോഴും കർഷകർക്ക് നെല്ലിന്റെ വില നൽകാത്ത സാഹചര്യം കേരളത്തിലുണ്ട് എന്നത് വിസ്മരിക്കരുത്. നിങ്ങൾ കൊടുക്കുന്നുണ്ടെങ്കിൽ അതിന്റേതായ കാലതാമസവുമുണ്ടാകുന്നുണ്ട്. ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുമ്പോൾ നിങ്ങളുടെ നേരെ മൂന്നുവിരലുകൾ തിരിച്ച് ചൂണ്ടപ്പെടുന്നുവെന്നുള്ളത് നിങ്ങൾ തിരിച്ചറിയണം.

കഴിഞ്ഞ ദിവസം മത്സ്യബന്ധന വകുപ്പുമന്ത്രി അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ കാഷ്യൂ ബോർഡ് രൂപീകരിക്കുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ഇന്ന് റബ്ബർ ബോർഡിന്റെ സ്ഥിതി നമുക്കറിയാം. കേന്ദ്രത്തിൽനിന്ന് അനുകൂലമായൊരു സമീപനമുണ്ടാകുമെന്ന് നമ്മൾ കരുതേണ്ട. ക്ഷേമ പെൻഷനുകൾ കിട്ടാനുള്ള ബുദ്ധിമുട്ടിനെക്കാളേറെ പരിതാപകരമായ സാഹചര്യത്തിലേയ്ക്ക് ഇന്ന് റബ്ബർ കർഷകർ പോകുന്നു. ഇവിടെ ശ്രീ. സി. ദിവാകരൻ ആവശ്യപ്പെട്ടതുപോലെ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്ന കാര്യം ഒരുഭാഗത്ത് നിൽക്കുമ്പോൾ റബ്ബർ ബോർഡിന്റെ സോണൽ ഓഫീസുകളടക്കം അടച്ചുപൂട്ടുകയാണ്. ഇന്ന് കൊടുക്കുന്ന 150 രൂപ ഏകീകരിച്ച് കൊടുക്കാൻ കഴിയുന്ന ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ കേരളത്തിൽനിന്ന് അപ്രത്യക്ഷമാകുകയാണ്. ഇക്കാര്യത്തിൽ ഇടപെട്ട് സർക്കാരിന്റെ ഫണ്ടിംഗ് വഴി റബ്ബർ ബോർഡുകളുടെ നിലനിൽപ്പിനുള്ള സാഹചര്യമൊരുക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നികുതിപിരിവ് സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വാണിജ്യനികുതി പിരിക്കാൻപോയ ഉദ്യോഗസ്ഥരെ വളഞ്ഞിട്ട് ആക്രമിച്ച ചരിത്രം കേരളത്തിലുണ്ട്. അത്രമാത്രം അപഹാസ്യമായ കാഴ്ചയും കേരളത്തിൽ നമ്മൾ കണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള അനവധി കാര്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞാൻ ആദ്യമായി മുഖ്യമന്ത്രിക്ക് ജന്മദിനാശംസകൾ നേരുന്നു. അതോടൊപ്പം ഒരു വർഷം കൊണ്ടുതന്നെ മൃതപ്രായമായ ഈ സർക്കാരിന് ഞാൻ മുൻകൂട്ടി അനുശോചനവും രേഖപ്പെടുത്തുകയാണ്. യു.ഡി.എഫ്.-നെ പല രീതിയിലും കഴിഞ്ഞ അഞ്ചുവർഷം ആക്രമിച്ചു. പക്ഷെ ഒരു കാര്യത്തിൽ ഞങ്ങളെ നിങ്ങൾ അഭിനന്ദിക്കുന്നു. നിങ്ങൾക്ക് ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി ഞങ്ങൾ കുറേ പദ്ധതികൾ തന്നില്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഈ ഒരു വർഷം ആഘോഷിക്കാൻ ഒന്നുമുണ്ടാകില്ലായിരുന്നു. മെട്രോ, സൈബർ പാർക്ക് അങ്ങനെ ഏത് വിഷയമായാലും ഉദ്ഘാടനം ചെയ്യാൻ പാകത്തിൽ 90 ശതമാനവും കഴിഞ്ഞ

സർക്കാരിന്റെ കാലഘട്ടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അത് ഉദ്ഘാടനം ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ, കാരണം 'പ്രസവമെടുക്കുന്ന ഡോക്ടറെ ആരും വാപ്പ എന്ന് വിളിക്കാറില്ലല്ലോ'; അതുകൊണ്ട് ഇതിന്റെ യഥാർത്ഥ പിതാവ് ആരാണെന്നുള്ളത് ജനങ്ങൾക്കറിയാം.

3.00 PM]

ഓടിയതിനുമാത്രം കിതച്ചാൽ മതി എന്നുള്ളതാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഏതായാലും ഇതിനിടയിൽ ചില തറക്കല്ലിടലുകളെങ്കിലും ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു. ഇവിടെ നമുക്ക് ആകെയൊരു പ്രതീക്ഷയുള്ളത് കിഫ്ബിയാണ്. കിഫ്ബിയെ ഞങ്ങൾ എതിർക്കുന്നുവെന്നൊരു ധാരണയുണ്ട്. കിഫ്ബിയെ എതിർക്കുകയല്ല, കിഫ്ബിയിൽ ഒളിഞ്ഞുകിടക്കുന്ന ചില പ്രശ്നങ്ങൾ ഞങ്ങൾ ഉയർത്തിയെന്നുമാത്രമേയുള്ളൂ. അത് ഞങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അങ്ങേയറ്റത്തെ താല്പര്യമുള്ളതുകൊണ്ടാണ്. അദ്ദേഹം 2009-ൽ നടത്തിയ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യം, ആപത്തിനെ അവസരമാക്കണമെന്നാണ്. അതാണ് ഞാൻ അപകടമായി കാണുന്നത്. ഇപ്പോൾ ആപത്തിനെ അവസരമാക്കുകയാണോയെന്ന് ഞാൻ സംശയിക്കുകയാണ്. Naomi Klein എഴുതിയ Shock Doctrine എന്ന പുസ്തകത്തിൽ പറയുന്നത്, ഒരു രാജ്യത്തേയ്ക്ക് ഫ്രീ മാർക്കറ്റ് കടന്നുവരുന്നത് ആ രാജ്യം ആപത്തിനെ നേരിടുന്ന സമയത്താണെന്നാണ്. അങ്ങനെയാണ് കത്രീന കൊടുങ്കാറ്റായാലും ഏവിയൻ ഫ്ലൂ ആയാലും Tiananmen square ആയാലും അവിടെയുണ്ടായിട്ടുള്ള ഷോക്കിനിടയിലാണ് ഫ്രീ മാർക്കറ്റ് ആ രാജ്യങ്ങളിലേയ്ക്ക് കയറിയിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്ന് പറഞ്ഞ ആപത്തിനെ ഉപയോഗപ്പെടുത്തുമ്പോൾ ഈ രാജ്യത്തേയ്ക്ക് കടന്നുവരാൻ പോകുന്നത് ഫ്രീ മാർക്കറ്റും രാജ്യത്തെ തകർക്കണമെന്ന് ആഗ്രഹിക്കുന്ന സാമ്രാജ്യത്വ ശക്തികളുമാണ്. കാരണം, അങ്ങ് കൊണ്ടുവന്ന ബില്ലിലെ ഭേദഗതി പ്രകാരം നമുക്ക് പുതിയതായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് കൊണ്ടു വരാമെന്നാണ് എഴുതിയിരിക്കുന്നത്. In India, Alternative Investment Funds(AIFs) are defined in Regulation 2 (1) (b) of Securities and Exchange Board of India (AIFs) Regulations, 2012. It refers to any privately pooled investment fund, (whether from Indian or foreign source), in the form of a trust or a company or a body corporate or a Limited Liability Partnership(LLP), which are not presently covered by any regulation of

semi governing fund management not coming under the direct regulation of any other sectoral regulator of India IRDA, PFRDA, RBI. Hence, in India, AIFs (Alternative Investment Funds) are private funds which are otherwise not coming under the jurisdiction of any regulatory agency in India. ആർ.ബി.ഐ.-ക്കോ സെബിക്കോ ഇടപെടാൻ കഴിയാത്ത ശക്തമായ ഒരു ഫണ്ട് കൊണ്ടുവന്ന് അതിനെ സർക്കാരിന്റെപോലും നിയന്ത്രണമില്ലാതെ ഒരു ബോർഡ് കൈകാര്യം ചെയ്യുമ്പോൾ സർക്കാരിന് ഇനി വായ്പയെടുക്കണമെങ്കിൽ അതിന് സർക്കാർ ഈട് കൊടുക്കണം. മറ്റൊന്നിലും ഇടപെടാൻ കഴിയില്ല. അതിനർത്ഥം വിദേശത്തുള്ള ലോക ബാങ്ക്, യു.എൻ. എയ്ഡ് എന്നിവ പോലെയുള്ളവരിൽ നിന്നും പണമെടുത്താൽ നമ്മുടെ സംസ്ഥാനംതന്നെ തീറെഴുതി കൊടുക്കുന്ന അവസ്ഥയിലേയ്ക്ക് വരുമോയെന്നൊരു ഭയം ഞാൻ ഈ സന്ദർഭത്തിൽ പങ്കുവയ്ക്കുകയാണ്. ഇതിന് അങ്ങയുടെ മറുപടി പ്രതീക്ഷിക്കുന്നു. ഞാൻ കിഫ്ബിയിൽനിന്നും കിട്ടുന്ന പണം എം.എൽ.എ. എന്ന നിലയ്ക്ക് വാങ്ങില്ല എന്നൊന്നും പറയുന്നില്ല. കാരണം, അത് ഞങ്ങളുടെയും അവകാശമാണ്. നിങ്ങൾ തരികയാണെങ്കിൽ ഞങ്ങൾ വാങ്ങുകതന്നെ ചെയ്യും. പക്ഷെ തരുമോ എന്നകാര്യത്തിൽ ഇപ്പോഴും സംശയമുണ്ട്. കാരണം, രണ്ട് തരത്തിൽ ഇതിനെ കൈകാര്യം ചെയ്യാം. ഒന്ന്, ഡി.പി.ആർ. തയ്യാറായില്ലെന്നുപറഞ്ഞ് കുറെ പദ്ധതി shelve ചെയ്യാം, അല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കി കുറെ ആളുകൾക്ക് കൊടുക്കാം. എന്റെ മണ്ഡലത്തിൽ കോൺഗ്രസിന്റെയും സി.പി.ഐ.(എം.)-ന്റെയും മറ്റെല്ലാ പാർട്ടികളുടെയും പാർട്ടി ഇല്ലാത്തവരുടെയും മതമുള്ളവരുടെയും മതമില്ലാത്തവരുടെയുമൊക്കെ ഒരു പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ഒന്നര വർഷമായി ഞാൻ കയറിയിറങ്ങുകയാണ്. അതുകിട്ടുമോ ഇല്ലയോയെന്നുള്ളതല്ല പ്രശ്നം, പക്ഷെ അവകാശപ്പെട്ട ഒരു പാലം കിട്ടിയില്ലെങ്കിൽ അതെങ്ങനെ നേടിയെടുക്കണമെന്നതിനെക്കുറിച്ച് ജനകീയമായി അവിടെ ആലോചനകൾ നടക്കുന്നു എന്നുള്ളൊരു സൂചന ഞാൻ അങ്ങേയ്ക്ക് തരികയാണ്. അതുസംബന്ധിച്ച് അങ്ങയിൽനിന്നും ഒരു മറുപടി പ്രതീക്ഷിക്കുകയാണ്.

ഇവിടെ ഐ.എ.എസ്., ഐ.പി.എസ്. തർക്കങ്ങളെക്കുറിച്ച് രാവിലെ പറഞ്ഞു. എനിക്ക് പറയാനുള്ളത്, ഐ.എ.എസ്., ഐ.പി.എസ്. തർക്കങ്ങളെക്കുറിച്ചല്ല, ഒരു മന്ത്രിയാകണമെങ്കിൽ അദ്ദേഹത്തിന് ഇൻസാനിറ്റി ഉണ്ടാകാൻ പാടില്ല. ഇതേ കാര്യംതന്നെ ഉദ്യോഗസ്ഥർക്കും ബാധകമാണെന്ന് സൂചിപ്പിക്കുകയാണ്. തീരുമാനങ്ങളെടുക്കുമ്പോൾ അവർ ഡിപ്രഷനോ ഇൻസാനിറ്റിയോ അതുപോലുള്ള മറ്റ് രോഗങ്ങൾക്കോ വിധേയമാകുന്നവരാണോ എന്നുള്ളത് ഇടയ്ക്കിടയ്ക്ക് പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. അത്

ജഡ്ജായാലും പരിശോധിക്കേണ്ടതുണ്ട്. കാരണം, വിധി പ്രഖ്യാപിക്കുന്ന സമയത്ത് അദ്ദേഹത്തിന് ഭ്രാന്തിളകിയാൽ പിന്നെ ഏത് രീതിയിലായിരിക്കും വിധിവരികയെന്ന് നമുക്കറിയാമല്ലോ. അതുപോലെയുള്ള വിഷയങ്ങൾ നമ്മുടെ ഉദ്യോഗസ്ഥർക്കും ബാധകമാണെന്നുള്ള രീതിയിൽ അവർ ഓരോ തീരുമാനമെടുക്കുമ്പോഴും അവരുടെ മാനസികാവസ്ഥ നോർമലാണോ എന്ന് പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. സിനിമയിലൊക്കെ കാണിക്കുന്നതു പോലെ, "ഇത് ജീവിച്ചിരിക്കുന്നവരോ അല്ലെങ്കിൽ മരിച്ചുപോയവരോ ആയ ആരുമായും ബന്ധമില്ല" എന്നൊരു ജനറൽ പ്രഖ്യാപനമായി നടത്തുകയാണെന്നുമാത്രം ഇതുസംബന്ധിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാർ ഒരു വർഷം നടത്തിയ കാര്യങ്ങളെ ഞാൻ വിലയിരുത്തുന്നില്ല. എനിക്ക് പറയാനുള്ളത്, കഴിഞ്ഞ സർക്കാരിനെ നിങ്ങൾ എത്രവേണമെങ്കിലും കുറ്റപ്പെടുത്തിക്കൊള്ളൂ. പക്ഷെ നിങ്ങളെ ജനങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത് സർക്കാരിന്റെ കാര്യങ്ങൾ നടപ്പാക്കാനാണ്. അപ്പോൾ കഴിഞ്ഞ സർക്കാർ അങ്ങനെ ചെയ്തു, അതുകൊണ്ട് ഈ സർക്കാരും ഇങ്ങനെയേ ചെയ്യൂ എന്നുള്ളതല്ല വേണ്ടത്. ഈ സർക്കാർ പുതുതായി എന്തെങ്കിലും ചെയ്യുന്നുണ്ടോയെന്നാണ് ജനങ്ങൾ നോക്കുന്നത്. ആ അർത്ഥത്തിൽ ഈ സർക്കാർ യഥാർത്ഥത്തിൽ എന്താണ് ചെയ്യുന്നതെന്ന് പരിശോധിക്കണം. നമുക്ക് ഉപദേഷ്ടാക്കളുള്ളത് നല്ലതാണ്. പക്ഷെ ഉപദേഷ്ടാക്കൾ നമുക്ക് പാരയാകാതെ നോക്കണം. പണ്ടൊരു അച്ഛനും മകനുംകൂടി യാത്ര പോകുമ്പോൾ വഴിയിലിരിക്കുന്ന ആളുകളോട് എന്റെ അച്ഛനെ ആരെങ്കിലുമൊന്നുവന്ന് തൊട്ടുനോക്കെന്നുപറഞ്ഞ് ഈ മകൻ വെല്ലുവിളിക്കും. അവരൊക്കെ വന്ന് അച്ഛനെ തല്ലും. അപ്പോൾ മകൻ നോക്കി നിൽക്കും. കുറച്ചുകൂടി അപ്പുറത്തോട്ടുപോകുമ്പോൾ വീണ്ടും മകൻ വെല്ലുവിളിക്കും. അപ്പോഴും ആളുകൾ അച്ഛനെ തല്ലും. കുറേക്കഴിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു, മോനെ ഇനി എന്നെക്കുറിച്ച് നീ വെല്ലുവിളിക്കണ്ട, എനിക്ക് ഇനി ഒരടി നടക്കാൻ കഴിയില്ല എന്ന്. അതുകൊണ്ട് ഈ ഉപദേശകരോട് എനിക്കിനി ഉപദേശം താങ്ങാൻ കഴിയില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. ഇവർ നിങ്ങൾക്ക് തല്ലുവാങ്ങിത്തരികയാണ്. അതുകൊണ്ട് ഇനി എന്റെ തീരുമാനം ഞാൻ സ്വന്തമായി എടുക്കുമെന്ന് പറയാനുള്ള ആർജ്ജവം അങ്ങ് ഇനിയെങ്കിലും കാണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ചില ആളുകൾ, മുന്നണി ബന്ധങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ രാഷ്ട്രീയത്തിലേയ്ക്കൊന്നും പോകുന്നില്ല. ഞങ്ങളും ബി.ജെ.പി.-യും തമ്മിൽ സഖ്യത്തിലാണെന്ന് ഇവിടെ ഇടയ്ക്കിടെ പറയാറുണ്ട്. അവരോട് എനിക്ക് പറയാനുള്ളത്, ശ്രീ. എൽ. കെ. അദ്വാനി എഴുതിയ My Country My Life എന്ന പുസ്തകം വായിക്കണമെന്നാണ്.

അതിൽ പറഞ്ഞിരിക്കുന്നത്, I should recount an interesting incident that transpired six months after the formation of V.P. Singh's government. One day, Jyoti Basu sent a message to us from Calcutta through a common friend: 'This government is not functioning properly. I feel that the three of us-Atalji, you and I- should meet to discuss the situation. Why don't we meet for dinner at Viren Shah's residence in Delhi? ആരാണ് ഈ വിരൻ ഷാ? The message had come from Viren Shah, a well-known Mumbai-based industrialist who, though an office-bearer of the BJP for some time, was also a good acquaintance of Basu. ബസു എന്ന മാർക്സിസ്റ്റ് നേതാവിന്റെ വളരെയടുത്ത ആളാണ് വീരൻ ഷാ എന്ന ബി.ജെ.പി.-യുടെ പഴയ നേതാവ്. അവരുടെ വീട്ടിൽ ദിവസവും പ്രാതലിന് കൂടാറുണ്ടായിരുന്നുവെന്നാണ് പറയുന്നത്. അപ്പോൾ ബസുവിനോട് നമുക്ക് ഇടയ്ക്ക് ഡൽഹിയിൽ അടൽജിയുടെ വീട്ടിൽത്തന്നെ കൂടിക്കൂടെയെന്ന് അദ്ദേഹം ചോദിച്ചപ്പോൾ, Basu said, 'No one should know about our meeting. Especially, people in my party would not like it.' എന്റെ പാർട്ടിക്കാർ അറിയാതെ നമുക്കൊരുമിച്ചിരുന്ന് സംസാരിക്കാം. ഇതിനുശേഷം ലോബിയിലുള്ള മാർക്സിസ്റ്റ് എം.പി.-മാർ, ...Their MPs would tell us: 'We should try to isolate the Congress on this matter.' To which, we would say, 'Fine, let's meet. Either we'll come to your office or you come to the BJP's parliamentary office.' Their response would invariably be in the negative. 'No, no, we can't come to your office, nor can you come to our office. Let's meet in the Parliament lobby!'

അതായത്, കോൺഗ്രസ്സിനെ ഒറ്റപ്പെടുത്തലാണ് നമ്മുടെ പ്രധാന ജോലി. അതുകൊണ്ട് നമുക്ക് ഒന്നാകാം, പക്ഷെ നിങ്ങളുടെ ഓഫീസിലോ ഞങ്ങളുടെ ഓഫീസിലോ വരേണ്ട, പാർലമെന്റ് ലോബിയിൽ ഇരുന്നാൽ മതി, എന്നുപറയുന്ന എൽ. കെ. അദ്വാനിയുടെ ഈ പുസ്തകത്തിന് മാർക്സിസ്റ്റ് പാർട്ടി ഇതുവരെ ഒരു മറുപടി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ, ഈ രാജ്യത്ത് കോൺഗ്രസ്സാണ് നിങ്ങൾക്ക് ബി.ജെ.പി.-യെക്കാൾ അസ്പൃശ്യമായ സംഘടനയെന്ന് വന്നിട്ടുണ്ടെങ്കിൽ......

ശ്രീ. സി. കെ. നാണു: സർ, അങ്ങ് പറഞ്ഞ ആ ബി.ജെ.പി.-യാണ് കോൺഗ്രസ്സിന്റെയൊപ്പം ചേർന്ന് മണ്ഡൽ കമ്മീഷന്റെ പേരിൽ വി. പി. സിംഗ് ഗവൺമെന്റിനെ തകർത്തതെന്ന കാര്യം താങ്കൾക്കറിയാമോ? അദ്ദേഹം ഇക്കാര്യം എഴുതിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷെ അത് ചരിത്രമാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ഡോ. എം. കെ. മുനീർ: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. ബഹുമാന്യരായ എൻ. എ. നെല്ലിക്കുന്ന്, പി. ബി. അബ്ദുൽ റസ്സാക്ക്, കെ. മുരളീധരൻ, ഷാഫി പറമ്പിൽ എന്നിവരെല്ലാം ആരെ തോല്പിച്ചാണ് നിയമസഭയിലെത്തിയത്; ആരുമായാണ് ഇവർ പോരാടിയിട്ടുള്ളത്? ബി.ജെ.പി.-യുമായി മുഖാമുഖം പോരാടി അവരെ അടിച്ചുവീഴ്ത്തി നിയമസഭയിലേയ്ക്ക് വരാനുള്ള ആർജ്ജവം കാണിച്ചിട്ടുള്ളത് ഐക്യജനാധിപത്യ മുന്നണിയുടെ എം.എൽ.എ.-മാരാണ്. അതിനാൽ ഞങ്ങളെ ബി.ജെ.പി.-യുമായി കൂട്ടിക്കെട്ടേണ്ടതില്ല. എന്റെ പിതാവിന്റെ വാക്കുകൾ ഇതാണ്; ബഹറിൽ മുസല്ലയിട്ട് നമസ്കരിച്ചാലും ആർ.എസ്.എസ്.-നെ നിങ്ങൾ വിശ്വസിക്കരുതെന്ന് പറയുന്ന തത്വം ഞങ്ങളുടെ സിരകളിലുള്ള കാലത്തോളം അവരുടെ മുന്നിൽ മുട്ടുമടക്കേണ്ട ആവശ്യം ഞങ്ങൾക്കില്ല. പക്ഷെ അവരുടെ ബി ടീമായി കളിക്കാൻ ആരെങ്കിലും എവിടെയെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അത് നിർത്താൻ മാർക്സിസ്റ്റ് പാർട്ടി ശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ഡോ. എം. കെ. മുനീർ പ്രസംഗം ഉപസംഹരിച്ചത് ശ്രീ. എൽ. കെ. അദ്വാനി ഒരു പുസ്തകത്തിൽ പരാമർശിച്ച ഭാഗം ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. പാർലമെന്റ് ലോബിയിൽ നടന്ന ഒരു ചർച്ചയെ അടിസ്ഥാനമാക്കി ജ്യോതിബസുവിന്റെ പേരെല്ലാം ക്വാട്ട് ചെയ്ത് പുസ്തകത്തിലുള്ള എൽ. കെ. അദ്വാനിയുടെ വാചകം മാത്രം വിശ്വസിച്ച് അതിനെ മുഖവിലയ്ക്കെടുത്ത് അദ്ദേഹം വായിക്കുകയുണ്ടായി. അദ്വാനിയെ ബീഹാറിലെ സമസ്തിപ്പൂരിൽവച്ച് അറസ്റ്റുചെയ്ത് ജയിലിലടയ്ക്കുന്നത് ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടുകൂടി വി. പി. സിംഗ് ഇന്ത്യ ഭരിക്കുന്ന സന്ദർഭത്തിലായിരുന്നു. പിന്നീട് ആ ഗവൺമെന്റ് വീഴാൻ ബി.ജെ.പി. നൽകിയിരുന്ന പിന്തുണ പിൻവലിച്ചപ്പോൾ ആ ഗവൺമെന്റിനെതിരായി വോട്ട് രേഖപ്പെടുത്തി ചരിത്രത്തിൽ മാപ്പർഹിക്കാത്ത കുറ്റമാണ് കോൺഗ്രസ്സ് പാർട്ടി ചെയ്തത്. അതുകൊണ്ട് ബി.ജെ.പി.-യും സി.പി.ഐ.(എം.)-മായിട്ടുള്ള പ്രശ്നങ്ങളെ അടിസ്ഥാനമാക്കി കൊണ്ട് ഏതെല്ലാം തരത്തിൽ വ്യാഖ്യാനിച്ചാലും മൂക്ക് കീഴോട്ടുള്ള ഒരു മനുഷ്യനും അത് വിശ്വസിക്കില്ലെന്ന കാര്യത്തിൽ ഒരു സംശയവുംവേണ്ട. ഡോ. എം. കെ. മുനീർ സംസാരിച്ചപ്പോൾ ഫോക്കസ് ചെയ്ത ഒരു പോയിന്റിന് ഞാൻ മറുപടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

അദ്ദേഹം കിഫ്ബിയെക്കുറിച്ചൊക്കെ പറയുകയുണ്ടായി. അക്കാര്യങ്ങളൊക്കെ ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കും. ബജറ്റിതര ഫണ്ട് ഉപയോഗിക്കാനുള്ള ഒരു സിസ്റ്റമാണ് കിഫ്ബി. അതിപ്പോഴും ഉപയോഗിക്കുന്നുണ്ട്. അടുത്ത ദിവസങ്ങളിൽ മുഖ്യമന്ത്രിയും കഴിയുമെങ്കിൽ പ്രധാനമന്ത്രിയും പങ്കെടുത്ത് ഉദ്ഘാടനം ചെയ്യാൻ പോകുന്ന കൊച്ചി മെട്രോയുടെ ഫണ്ട് എവിടെ നിന്നാണ്; മെട്രോ റെയിലിന് 2800 കോടി രൂപ ചെലവഴിച്ചത് ഏത് ബജറ്റ് ഫണ്ടിൽ നിന്നാണ്? അനുവാദം കിട്ടുമെന്ന് പ്രതീക്ഷിച്ച് അന്നത്തെ എൽ.ഡി.എഫ്. സർക്കാർ 156 കോടി രൂപ മുടക്കി, അതിന്റെ പശ്ചാത്തലസൗകര്യം ഒരുക്കാനുള്ള ടെണ്ടറിനായി കുറച്ച് ഫണ്ട് നീക്കിവച്ചു. 2800 കോടി രൂപയുടെ ആ പ്രോജക്ടിനുള്ള ഫണ്ടിംഗ് സിസ്റ്റം സംസ്ഥാന ബജറ്റാണോ; അല്ല. ബജറ്റിതര ഫണ്ടിംഗിലൂടെ ഒരു ബൃഹത്തായ വികസനപദ്ധതി ആവിഷ്കരിക്കാനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നുള്ള നിലയിൽ കൊച്ചി മെട്രോ റെയിലിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കി. അതുപോലെയാണ് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജലമെട്രോയ്ക്കു വേണ്ടിയുള്ള എഗ്രിമെന്റ് വച്ചത്; ജർമനിയിൽനിന്ന് 750 കോടി രൂപയാണ് അതിനായി വാങ്ങുന്നത്. സംസ്ഥാനത്തിന്റെ പൊതുവികസനതാല്പര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി തികച്ചും സദുദ്ദേശ്യത്തോടുകൂടി സംസ്ഥാനതാല്പര്യത്തെ അടിസ്ഥാനമാക്കി ഈ രാജ്യത്തിന്റെ വളർച്ചയിൽ പങ്കുവഹിക്കുക, അത്തരമൊരു സമഗ്രമായ വികസന വീക്ഷണത്തെ സമൂഹത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് മാതൃകാപരമായ ഒരു മെക്കാനിസം എന്നതിനപ്പുറത്ത് രാജ്യം പണയപ്പെടുത്തുന്ന എന്ത് പ്രശ്നമാണ് അതിലുള്ളത്; അങ്ങനെയൊരു പ്രശ്നവുമില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്ന വിധത്തിൽ എത്രതന്നെ പ്രചരണം നടത്തിയാലും ആ പ്രചരണം അസ്ഥാനത്തായിപ്പോകുമെന്ന് മാത്രമേ പറയാനുള്ളൂ. കേസുകളുടെ എണ്ണവും ക്രിമിനൽ കേസുകളും അഴിമതിയും വർദ്ധിച്ചുവെന്ന് രാവിലെ മുതലുള്ള ചർച്ചയിൽ ഇവിടെ പറയുകയുണ്ടായി. ഒരു വർഷത്തിനുള്ളിൽ ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ സർവ്വേ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യാടുഡേ നടത്തിയ സർവ്വേപ്രകാരം ക്രമസമാധാനപാലനത്തിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനം കേരളമാണ്. ഒരു വർഷക്കാലത്തിനുള്ളിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ നടത്തിയ പരിശ്രമത്തിന്റെ ഫലമായാണ് ഇപ്പോൾ മുമ്പത്തേതിൽനിന്ന് വ്യത്യസ്തമായ ഫലമുണ്ടായത്.

മറ്റൊരു കാര്യം, ഇന്ത്യാ ചരിത്രത്തിലാദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം നേടിയ സംസ്ഥാനമെന്ന പദവി കേരളം ഏതാനും ദിവസത്തിനകം ആർജ്ജിക്കുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി 355000-ത്തോളം ആളുകൾക്ക് ആറേഴ് മാസങ്ങൾക്കുള്ളിൽ പുതുതായി കണക്ഷൻ നൽകുകയുണ്ടായി.

മുമ്പ് വൈദ്യുതി വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രനും പിന്നീട് ചുമതലയേറ്റ ശ്രീ. എം. എം. മണിയും നടത്തിയ ശ്രമങ്ങൾ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിൽ പ്രധാന പങ്കുവഹിച്ചു. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജ്യ വിമുക്ത സംസ്ഥാനമെന്ന നിലയിലേയ്ക്കും ദാരിദ്ര്യവത്ക്കരിക്കപ്പെട്ടവർക്ക് സഹായകരമായവിധത്തിലുള്ള പദ്ധതികളും നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മുമ്പ് തുടങ്ങിവച്ചതിന്റെ തുടർച്ചയാണെങ്കിലും അത് പൂർത്തീകരിക്കുന്നതിന് കഴിഞ്ഞു.

രാജ്യം പണയപ്പെട്ട് പോകുമോയെന്ന ഉത്കണ്ഠയുള്ള ഡോ. എം. കെ. മുനീറിനോട് എനിക്ക് ചോദിക്കാനുള്ളത്, കേരളത്തിന്റെ ഒരു ഭാഗം മുറിച്ച് വിറ്റതിനെ സംബന്ധിച്ചുള്ള സി.&എ.ജി. റിപ്പോർട്ടല്ലേ ഇന്ന് പുറത്തുവന്നിട്ടുള്ളത്. എൽ.ഡി.എഫ്. സർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ പേരിൽ സംസ്ഥാനത്തിനൊരു പോറൽപോലും സംഭവിക്കില്ല. പക്ഷെ കേരളത്തിന്റെ തന്ത്രപ്രധാനമായ ഒരു മേഖലയെ ഇന്ത്യയിലെ ഏറ്റവും വലിയ കുത്തക കളിലൊരാളായ അദാനിക്ക് പണയം വച്ചതിന്റെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളുടെ പൂർണ്ണചിത്രമാണ് സി.&എ.ജി. റിപ്പോർട്ടിലൂടെ പുറത്തു വന്നിരിക്കുന്നത്. 30 വർഷത്തേയ്ക്കാണ് ലോകത്തെ എല്ലാ പദ്ധതികളും പി.പി.പി.-ക്ക് കൊടുക്കുന്നത്. ഇവിടെ 10 വർഷം കൂട്ടിക്കൊടുത്തു. ആ കരാറിനെക്കുറിച്ച് സി.&എ.ജി. എഴുതിവച്ചിരിക്കുന്നതാണ്. സി.&എ.ജി. പറഞ്ഞതിൽ ഏറ്റവും രസകരമായൊരു സംഭവം, കൺസെഷൻ കരാറിലെ ക്ലാസ് 3(1)(1) പ്രകാരം കൺസെഷൻ കാലാവധി 40 വർഷമായിരിക്കുമെന്നാണ്. 30 വർഷം എന്നുള്ളത് 40 വർഷമാക്കിയതിലൂടെ 29712 കോടി രൂപയാണ് ആ കമ്പനിക്ക് നേട്ടമുണ്ടാകുന്നത്. കൺസെഷൻ കാലാവധിയുടെ 30-ാം വർഷത്തിനകം പദ്ധതിശേഷി 3 എം.ടി.ഇ. ആയി ഉയർത്തിയാൽ കൺസെഷൻ കാലാവധി 20 വർഷംകൂടി നീട്ടിനൽകാവുന്നതാണ്. കൺസെഷൻ കാലാവധിയുടെ 36-ാം വർഷം ഒരപേക്ഷ സമർപ്പിച്ചാൽ ഇപ്പോഴുള്ള 40 വർഷം കൂടാതെ 20 വർഷവുംകൂടി അവർക്ക് നൽകാവുന്നതാണെന്ന് പറഞ്ഞാൽ അദാനിക്ക് കേരളത്തിന്റെ ഒരു കഷണം വീതിച്ചുകൊടുക്കുന്നതിന് തുല്യമായിട്ടല്ലേ കാര്യങ്ങൾ സംഭവിച്ചത്?

ഇത് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടാണ്. യഥാർത്ഥത്തിൽ ഇന്ന് അടിയന്തരപ്രമേയത്തിൽ സി.ആന്റ് എ.ജി. റിപ്പോർട്ടാണല്ലോ ചർച്ചയ്ക്ക് വരേണ്ടത്. സംസ്ഥാനത്തിന്റെ ഉത്തമതാല്പര്യം സംരക്ഷിക്കുന്ന നയവും നിലപാടുമാണ് പ്രതിപക്ഷം സ്വീകരിക്കുന്നതെങ്കിൽ സി.ആന്റ്.എ.ജി. ഇന്നലെ പത്ര സമ്മേളനത്തിൽ പറഞ്ഞ കാര്യം എന്തുകൊണ്ടാണ് അടിയന്തരപ്രമേയമായി എടുക്കാതിരുന്നത്? അതിന് നിങ്ങൾക്ക് കഴിയില്ല; അപ്പോൾ നിങ്ങൾ പ്രതിയായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നത് വളരെ വ്യക്തമല്ലേ. വിഴിഞ്ഞം കരാറിൽ അഴിമതിയുണ്ടെന്ന് അടിസ്ഥാനപരമായി, ഡോക്യുമെന്ററി എവിഡൻസിന്റെ പശ്ചാത്തലത്തിൽ പ്രൂവ് ചെയ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യം സർക്കാർ

ഗൗരവമായി പരിശോധിക്കുമെന്ന് രാവിലെ അടിയന്തരപ്രമേയത്തിന്റെ ഘട്ടത്തിൽ മുഖ്യമന്ത്രി പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സ് പണയപ്പെടുത്തി രാജ്യത്തെ അപകടത്തിലേയ്ക്ക് കൊണ്ടുപോകുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ളവരാരാണെങ്കിലും പദ്ധതിക്ക് തടസ്സമില്ലാത്തവിധം അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കും. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഇച്ഛാശക്തിയോടുകൂടിയുള്ള സമീപനം സ്വീകരിക്കുമെന്ന് പൂർണ്ണവിശ്വാസമുണ്ട്; തീർച്ചയായും ആ നടപടി സ്വീകരിക്കുക തന്നെ ചെയ്യും.

ബഹുമാന്യനായ വി. ഡി. സതീശൻ ഐ.എ.എസ്.-കാരുടെ പ്രശ്നം ഇന്ന് അടിയന്തരപ്രമേയമായി കൊണ്ടുവന്നു. ഐ.എ.എസ്. അസോസിയേഷനിലുള്ളവർക്കെതിരെയും ഐ.എ.എസ്.-കാർ ചീഫ് സെക്രട്ടറിക്കെതിരെയും പരസ്പരം പഴിചാരുകയും ഉദ്യോഗസ്ഥർക്കിടയിൽ ചേരിതിരിവ് അതിരൂക്ഷമാകുകയും സ്വന്തം സംഘടന പരാതി നൽകിയതിന്റെ പേരിൽ ഒരു ഐ.എ.എസ്. ഓഫീസർക്കെതിരെ അന്വേഷണത്തിന് മന്ത്രിസഭ ഉത്തരവ് പുറപ്പെടുവിച്ചതും 20-6-2014-ൽ ഈ നിയമസഭ വിഷയം ചർച്ച ചെയ്ത കാര്യവും നിങ്ങൾ മറക്കരുത്. അങ്ങനെ ചർച്ച ചെയ്തപ്പോൾ കണ്ടതെന്താണ്; സംസ്ഥാനത്തെ ചീഫ് സെക്രട്ടറി തന്നെ ഒരു വിഭാഗം ഐ.എ.എസ്.-കാർക്കെതിരെ പട നയിക്കുന്നു. മറ്റൊരു വിഭാഗം ഉന്നത ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചീഫ് സെക്രട്ടറിക്കെതിരെ പട നയിക്കുന്നു. അതിന്റെ പേരിലുണ്ടാകുന്ന ആരോപണം എന്തൊക്കെയാണ്? അനധികൃത സ്വത്ത് സമ്പാദനം, മൂന്നാർ ഒഴിപ്പിക്കലിന്റെ അവിഹിത ഇടപെടലിനെക്കുറിച്ചുള്ള ഗുരുതരമായ ആക്ഷേപങ്ങൾ; ഇങ്ങനെ ഇരുചേരിയിലുമുള്ള സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥർ പരസ്പരം ആരോപണമുന്നയിക്കുന്നത് നിരന്തരം പുറത്തുവന്നുകൊണ്ടിരുന്നു. അങ്ങനെ ഉന്നയിച്ച് ഒരു എ.ഡി.ജി.പി.-യുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഡി.ജി.പി. എഴുതിയത് അന്നത്തെ ചീഫ് സെക്രട്ടറി തിരുത്തി. ബഹുമാന്യനായ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ ഫയൽ കാണിക്കാതെ മുഖ്യമന്ത്രി ഒപ്പിട്ട് അയച്ച കാര്യം ഈ നിയമസഭ ചർച്ച ചെയ്തത് മറന്നോ? ആ വിഷയം ഈ നിയമസഭയല്ലേ ചർച്ച ചെയ്തത്. നാണംകെട്ട എത്രയോ നിലപാടുകൾ സ്വീകരിച്ച ഭൂതകാലത്തിന്റെ സ്മരണയിൽ നിന്നുകൊണ്ട്; വർത്തമാനകാലത്ത് രാജ്യത്തിന്റെ വികസനോന്മുഖമായ, ഇന്ത്യയിൽ അഴിമതി കുറഞ്ഞ സംസ്ഥാനമെന്ന ഖ്യാതി നേടിയ, ക്രമസമാധാന സംരക്ഷണത്തിൽ ഒന്നാം സംസ്ഥാനമെന്ന് അംഗീകാരം നേടിയ ഒരു സർക്കാരാണിത്. നാളെ നേരം വെളുക്കുമ്പോൾ ഒരു വർഷക്കാലത്തെ മഹത്തായ നേട്ടത്തിന്റെ വിജയപതാക ഉയർത്തിപ്പിടിക്കുമ്പോൾ അതിനെ അപകീർത്തിപ്പെടുത്താനും സമൂഹമദ്ധ്യത്തിൽ തിരസ്കരിക്കാനും കഴിയത്തക്ക വിധത്തിലുള്ള നിലപാട് സ്വീകരിക്കുന്നുവെങ്കിൽ ആ നിലപാടുകൾക്കെതിരായി അതിശക്തമായ പ്രതികരണം സംസ്ഥാനത്തെ ജനങ്ങളുടെ ഭാഗത്തു

നിന്നുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ നാടിന്റെ നന്മ നിറഞ്ഞ, വികസനോന്മുഖമായ, ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങളുണ്ട്. സമയക്കുറവുമൂലം അതിലേയ്ക്ക് കടക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിന്റെ വൻവികസന കുതിപ്പിന് ഒരു പ്രധാനപ്പെട്ട ചുവടുവയ്പ്പ് ഈ സർക്കാർ നടത്തിയിട്ടുണ്ട്. ഇന്ത്യൻ റെയിൽവേയും സംസ്ഥാന സർക്കാരും തമ്മിൽ ഒരു ജോയിന്റ് വെഞ്ച്വറിൽ ഒപ്പുവച്ചിട്ടുണ്ട്. അത് അദാനിയുമായി വിഴിഞ്ഞം പദ്ധതിക്ക് ഒപ്പുവച്ചതുപോലെയല്ല. കൊച്ചി-മധുര റെയിൽവേ, തലശ്ശേരി-മൈസൂർ ലൈൻ; ഇപ്രകാരമുള്ള വിവിധങ്ങളായിട്ടുള്ള റെയിൽവേ ലൈനുകൾ കേന്ദ്ര റെയിൽവേയും സംസ്ഥാന സർക്കാരുംകൂടി ജോയിന്റ് വെഞ്ച്വറിൽ 51:49 അനുപാതത്തിൽ നിർവ്വഹിക്കുന്നതിന് ധാരണയായിട്ടുണ്ട്. അങ്ങനെ കേരളത്തിന്റെ വിശാലമായ വികസനവീക്ഷണത്തിന്; സമഗ്രമായ കാഴ്ചപ്പാടിന് രൂപംകൊടുത്ത് വിജയകരമായി മുന്നോട്ടുപോകുന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിൽ ജനങ്ങൾക്കുള്ള വിശ്വാസം ആവർത്തിച്ച് വ്യക്തമാക്കി, നാളെ ഒരു വർഷം പിന്നിടുമ്പോൾ ഈ ധനാഭ്യർത്ഥനമുഖേനയുള്ള തുക പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ പോകുകയാണ്. ഞാൻ ഇതിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇവിടെ ശ്രീ. രാജു എബ്രഹാം എന്നെ വെല്ലുവിളിച്ചു. ആ വെല്ലുവിളി ഞാൻ സ്വീകരിക്കുകയും ചെയ്തു. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഒന്നും കിട്ടിയില്ലെന്ന് പറഞ്ഞു. കോട്ടാങ്ങൽ പഞ്ചായത്തിലുള്ള മണിമലയാറ്റിലെ ഏഴരക്കോടി രൂപയുടെ മുണ്ടോലിക്കടവ് പാലം അങ്ങയുടെ മണ്ഡലത്തിലാണ്.

ശ്രീ. എസ്. ശർമ്മ പ്രസംഗം ആരംഭിച്ചതുതന്നെ ബി.ജെ.പി. ബന്ധം ആരോപിച്ചാണ്. അതിന്റെ പൂർവ്വകാല പശ്ചാത്തലമാണ് ഡോ. എം. കെ. മുനീർ ഇവിടെ ഓർമ്മിപ്പിച്ചത്. വി. പി. സിംഗിന്റെ ഗവൺമെന്റിൽ വി. പി. സിംഗിനോടൊപ്പമുള്ള 141 അംഗങ്ങൾ, 50 ഇടതുപക്ഷ എം.പി.-മാർ, 86 ബി.ജെ.പി. അംഗങ്ങൾ എന്നിവർ ചേർന്നാണ് അന്ന് സർക്കാരുണ്ടാക്കിയതെന്നുള്ള യാഥാർത്ഥ്യം മറക്കരുത്.

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ പന്ത്രണ്ട് മാസം തികയുമ്പോൾ പന്ത്രണ്ട് വിവാദങ്ങൾ മുന്നിൽ നിൽക്കുകയാണ്. യഥാർത്ഥത്തിൽ വിവാദങ്ങൾകൊണ്ട് പൊങ്കാലയിട്ട 365 ദിവസമാണ് ഇവിടെയുണ്ടായത്. മുല്ലപ്പെരിയാർ പ്രശ്നം, 18 രാഷ്ട്രീയ കൊലപാതകങ്ങൾ, കണ്ണൂരിൽമാത്രം 8 കൊലപാതകമുണ്ടായില്ലേ; നടിയെ തട്ടിക്കൊണ്ടുപോയ സംഭവമുണ്ടായില്ലേ; വിവാദത്തിൽ ചാടിയ മന്ത്രിമാർ രണ്ടെണ്ണം, സ്വാശ്രയ മുതലാളിമാരോടുള്ള സർക്കാരിന്റെപക്ഷം, കൊടി സുനിയടക്കമുള്ള ആളുകൾക്ക് പരോൾ, ചോദ്യപേപ്പർ ചോർച്ച - കണക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നപ്പോൾ ഒരു ദിവസത്തെ

പരീക്ഷ ക്യാൻസൽ ചെയ്തു, ഇതെല്ലാം സത്യമല്ലേ? അതുപോലെ ശ്രീ. എം. എം. മണി; ഇപ്പോൾ ബന്ധനസ്ഥനായ ശ്രീ. എം. എം. മണിയാണ് നമ്മുടെ മുമ്പിൽ നിൽക്കുന്നത്. നാവ് ഉറക്കരുതെന്ന് അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട്. ഇവിടെ അങ്ങയെ നിരീക്ഷിക്കാൻ ആളിനെ വച്ചിട്ടുണ്ടെന്നാണ് മാധ്യമത്തിൽ കണ്ടത്. അങ്ങ് അത് നിഷേധിച്ചിട്ടുമില്ല. ഇവിടെ ബജറ്റ് ചോർന്നു എന്നൊരു വിവാദമുണ്ടായിരുന്നല്ലോ. നിലമ്പൂരിലെ മാവോയിസ്റ്റ് വേട്ട, അതിനെ സംബന്ധിച്ച് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പാർട്ടി എന്താണ് പറഞ്ഞത്; അത് ശരിയല്ല എന്നല്ലേ? ഇക്കാര്യത്തിൽ തെറ്റായ നടപടിയാണെടുത്തതെന്ന് സി.പി.ഐ.-യുടെ ദേശീയ കമ്മിറ്റി പറഞ്ഞില്ലേ; സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള പോര്; നിങ്ങൾ തമ്മിൽ ഇപ്പോൾ ഒന്നുമില്ല എന്ന് എന്നോട് പറയുകയും ഇവിടെനിന്ന് ഇറങ്ങിയാൽ ആ പോര് തുടരുകയും ചെയ്യും. കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന് പ്രധാനമന്ത്രിയെ വിളിക്കണോ വേണ്ടയോ; നിങ്ങൾ തീരുമാനിച്ചോ? വിളിക്കണമെങ്കിൽ വിളിക്കണം, വിളിക്കണ്ടെങ്കിൽ വിളിക്കേണ്ട. 364 ദിവസവും, ഇന്ന് 24 മണിക്കൂർ കൂടി കഴിഞ്ഞാൽ 365 ദിവസവും എന്ത് തൊട്ടാലും വിവാദത്തിൽ കൊണ്ടുചെന്നെത്തിച്ചതാണ് കേരളത്തിൽ നമുക്ക് കാണാൻ സാധിച്ചത്.

ഒരു സർക്കാരിന്റെ ഏറ്റവും വലിയ ശക്തി കാണിക്കുന്നത് ക്രൈസിസ് മാനേജ്മെന്റിലാണ്. ക്രൈസിസ് മാനേജ്മെന്റിൽ എന്തുചെയ്തു? ക്രൈസിസുണ്ടാക്കാൻ ആർക്കും പറ്റും. പനി നിയന്ത്രണം, കുടിവെള്ളപ്രശ്നം എന്നിവയ്ക്കായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ; ഇവിടെ വെള്ളത്തേക്കാൾ സ്പീഡിലുള്ള പ്രസംഗം കേട്ടിട്ടുണ്ട്. പക്ഷേ ഒന്നും കാര്യമായി ചെയ്തില്ല. തെരുവുനായ അക്രമം കൂടുന്നു. ഇന്നലെയും രണ്ടാളുകളെ കടിച്ചുകൊന്നു. എന്ത് നടപടിയുണ്ടായി? വില നിയന്ത്രണത്തിന്റെ കാര്യത്തിൽ ഫലപ്രദമായ എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ? ഉദ്യോഗസ്ഥരുടെ പോർവിളിയും കാര്യമായി നടക്കുകയാണ്. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മജിസ്റ്റീരിയൽ പവറുള്ള ആളല്ലേ; അദ്ദേഹത്തിന് പോലീസിനുമേൽ ആധിപത്യമില്ലേ? മൂന്നാറിലെ ചില സംഭവങ്ങളുടെ പേരിൽ, അവിടത്തെ രണ്ട് എസ്.ഐ.-മാർ ജില്ലാ കളക്ടറുടെ മുമ്പിൽ ഹാജരാകണമെന്ന് പറഞ്ഞ് സമൻസ് അയച്ചിരിക്കുകയാണ് Disobedience എന്താണെന്നുള്ളത് പോലീസ് മാനുവലിൽ നോക്കണം. Disobedience-ന് എന്താണ് ശിക്ഷ? സർവ്വീസിൽനിന്ന് പിരിച്ചുവിടാൻപോലും കഴിയുന്ന അതീവഗുരുതരമായ പ്രശ്നമാണ്. ആ Disobedience ആണ് ഡി.ജി.പി. ഓഫീസിലുണ്ടായത്. ഡി.ജി.പി. ഓഫീസിൽ ഡി.ജി.പി.-യെ ചോദ്യംചെയ്യുന്ന എ.ഡി.ജി.പി.; അവിടെ Disobedience നിൽക്കുകയല്ലേ; എന്ത് നടപടിയാണുണ്ടായത്? സർക്കാർ യാതൊന്നും ചെയ്തിട്ടില്ല. നമ്മുടെ നാട്ടിൽ അക്രമങ്ങൾ വർദ്ധിച്ചു. പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന 25-4-2017-ലെ

ശ്രീ. റോജി എം. ജോണിന്റെ ചോദ്യത്തിന്, 1671 കേസ്സുകൾ എടുത്തിട്ടുണ്ടെന്നാണ് മുഖ്യമന്ത്രിയുടെ മറുപടി. നിയന്ത്രണംവിട്ട ക്രമസമാധാനമല്ലേ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന് എത്ര കേസ്സെടുത്തിട്ടുണ്ടെന്ന
25-4-2017-ലെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ-ന്റെ ചോദ്യത്തിന്, 8847 കേസ്സുകൾ എടുത്തിട്ടുണ്ടെന്നാണ് മുഖ്യമന്ത്രി മറുപടി നൽകിയിരിക്കുന്നത്. ചാർജ് ചെയ്ത കേസ്സുകൾ 3874 എണ്ണവും അതിൽ ശിക്ഷിക്കപ്പെട്ടത് 337 പേരുമാണ്. 8847 കേസ്സുകളുണ്ടായപ്പോൾ കേവലം 8.69 ശതമാനം ആളുകളെയാണ് കോടതിയുടെ മുമ്പിലെത്തിച്ചത്. നമ്മുടെ സംസ്ഥാനം വളരെ അഭിമാനകരമായി മുന്നോട്ടുപോകുന്നെന്ന് പറയാൻ സാധിക്കുമോ?

വിജിലൻസ് വിഭാഗം ചില വകുപ്പുകളിലെല്ലാം കയറിയിറങ്ങി നോക്കിയെന്നാണ് പറയുന്നത്. തദ്ദേശസ്വയംഭരണം, റവന്യൂ, പൊതുമരാമത്ത്, ആരോഗ്യക്ഷേമം, സാമൂഹ്യക്ഷേമം, ഗതാഗതം, പൊതുവിദ്യാഭ്യാസം, പോലീസ്, ജലവിഭവം തുടങ്ങിയ വകുപ്പുകളിലെല്ലാം വിജിലൻസ് തപ്പിപ്പെറുക്കി. അഴിമതിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണെന്ന് അവർ കണ്ടെത്തി. ഇത്രയും ഗംഭീരമായി 364 ദിവസവും ഈ വകുപ്പിനെ കൊണ്ടുപോയതിന് അദ്ദേഹത്തിന് നല്ലൊരു പതക്കംകൂടി നൽകണം. നമ്മുടെ നാട്ടിൽ പണമില്ലാതെ ആളുകൾ വിഷമിക്കുകയല്ലേ; സാമ്പത്തിക ക്ലേശമുണ്ടെന്നല്ലേ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. സാമ്പത്തിക ക്ലേശത്തിൽ നിൽക്കുമ്പോഴാണ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന് 25 ലക്ഷം രൂപയുടെയും സെക്രട്ടറിക്ക് 23 ലക്ഷം രൂപയുടെയും കാറുകൾ വാങ്ങിയത്. കാർ വാങ്ങുന്നതിന് എന്തെങ്കിലും അനുമതി വാങ്ങിയിട്ടുണ്ടോ? ഇക്കാര്യത്തിന് ധനകാര്യ വകുപ്പുമന്ത്രിയുടെ അനുമതിയില്ല. ഇത് അങ്ങയുടെ കുറ്റമല്ല, അങ്ങയുടെ മുമ്പിൽ ഫയൽ വന്നില്ല. അവർ അവരുടേതായ രീതിയിൽ ചെയ്തു. ഈ പണം സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള നീന്തൽ കുളത്തിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും വരുമാനത്തിൽനിന്ന് വകമാറ്റി ചെലവഴിച്ചതാണ്. 48 ലക്ഷം രൂപ വഴിവിട്ട് ചെലവാക്കിയതിനെക്കുറിച്ച് ഒരക്ഷരം ധനകാര്യവകുപ്പ് ചോദിച്ചിട്ടുണ്ടോ? ഈ സർക്കാരിന് പിടിപ്പുകേടുണ്ടെന്നാണ് പറയുന്നത്. അങ്ങനെ പറയാൻ കാരണം, കേന്ദ്ര ഫണ്ടിൽനിന്ന് കിട്ടാനുള്ള രണ്ടായിരം കോടി രൂപ വാങ്ങാൻ കഴിഞ്ഞിട്ടില്ല. സമയബന്ധിതമായി വരവുചെലവ് കണക്കുകളും നടത്തിപ്പ് റിപ്പോർട്ടും സമർപ്പിക്കാത്തതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടിൽനിന്ന് കേരളത്തിന് 2,000 കോടി രൂപ ലഭിക്കാതെ കെട്ടിക്കിടക്കുകയാണ്. എന്തെങ്കിലും നടപടിയെടുത്തോ? നമ്മൾ ലോകത്തെ ഒന്നാം നമ്പർ സംസ്ഥാനമാണെന്ന് സ്വയം പറഞ്ഞിട്ട് കാര്യമുണ്ടോ? ഇത്തരം കാര്യങ്ങളെക്കുറിച്ചുകൂടി ആലോചിക്കണ്ടേ?

പാവപ്പെട്ട കുട്ടികൾക്ക് വേണ്ടിയാണ് ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും എന്നും ബഹളമുണ്ടാക്കുന്നത്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ 2394 തസ്തികകൾ കെട്ടിക്കിടക്കുകയാണ്. അതുസംബന്ധിച്ച് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നിട്ട് ഇവിടെ എല്ലാ ഗംഭീരമാണെന്നാണ് പറയുന്നത്.

എസ്.എസ്.എൽ.സി. കണക്ക് പരീക്ഷ റദ്ദാക്കിയിട്ട് 30-ന് വീണ്ടും പരീക്ഷ നടത്തി. ഇത് കേരളത്തിൽ ആദ്യത്തെ സംഭവമല്ലേ ? കേരളത്തിൽ ആദ്യമായിട്ടല്ലേ ചോദ്യം പകർത്തുന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നുവെന്ന് പറഞ്ഞത്. അതിന്റെ നടപടി എന്തായി? ഇവിടത്തെ കൊലപാതകങ്ങൾ, ലാ ആന്റ് ഓർഡർ എന്നിവയെപ്പറ്റി പറയാതിരിക്കാൻ സാധിക്കുമോ? സർക്കാർ എന്ത് നടപടിയാണെടുത്തത്? കൊലപാതകങ്ങൾ നടക്കുന്നതിന്റെ പിറ്റേദിവസം നിങ്ങളൊരു ഏകോപന സമിതി പോലെ ആൾ പാർട്ടി കോൺഫറൻസ് നടത്തി പിരിയും, പിറ്റേ ദിവസം വീണ്ടും കൊല്ലും. ഈ രൂപത്തിൽ കേരളം കൊലപാതകത്തിന്റെ നാടാവുകയാണ്.

ഈ സർക്കാരിന് സർട്ടിഫിക്കറ്റ് കൊടുത്ത രണ്ടാളുകളുണ്ട്. ഈ സർക്കാരിനെക്കുറിച്ച് ബി.ആർ.പി. ഭാസ്കർ 'മലയാളം' വാരികയിൽ 'തകർന്ന പ്രതിച്ഛായ' എന്ന നോവൽ എഴുതിയിട്ടുണ്ട്. അതിൽ, 'ബംഗാൾ പാർട്ടിയുടെ ദുരനുഭവത്തിൽ നിന്ന് പാഠം ഉൾക്കൊള്ളാതെ സർക്കാർ മുന്നോട്ടുപോകുന്നത് അപകടകരമാണെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുകയാണ്. പി. ഗോവിന്ദപ്പിള്ള എനിക്ക് ആദരണീയനായിട്ടുള്ള ആളാണ്. അദ്ദേഹത്തിന്റെ വിജ്ഞാനം, സമീപനം, വാത്സല്യം അതെല്ലാം നേരിട്ട് അനുഭവിച്ച വ്യക്തിയാണ് ഞാൻ. എനിക്ക് ആ കുടുംബവുമായി നല്ല ബന്ധമുണ്ട്. മാതൃഭൂമി വാരികയുടെ പുതിയ എഡിഷനിൽ പി. ഗോവിന്ദപിള്ളയുടെ മകൻ ശ്രീ. എം. ജി. രാധാകൃഷ്ണന്റെ ലേഖനത്തിൽ അദ്ദേഹം പറയുന്നത്, 'ഒരു വർഷത്തെ സർക്കാരിന്റെ ദയനീയ പ്രകടനവും ബി.ജെ.പി.-യുടെ വളർച്ചയും സൂചിപ്പിക്കുന്നത് കേരളത്തിലും ഇടതുപക്ഷത്തിന്റെ ചിത ഒരുങ്ങുന്നുവെന്ന് തന്നെയാണ്." ഭരണരംഗത്ത് ഇത്രവേഗം ഇത്ര പരാജയമായ മറ്റൊരു സർക്കാരും കേരളത്തിലുണ്ടായിട്ടേയില്ല. ബംഗാൾ ഇന്ന് ചിന്തിക്കുന്നത് കേരളം നാളെ ചിന്തിക്കുമോയെന്ന് ചോദിച്ചാൽ എല്ലാ സീറ്റിലും കെട്ടിവച്ച കാശ് ഇടതുപക്ഷത്തിന് നഷ്ടപ്പെടുന്ന രൂപത്തിലേയ്ക്ക് കേരളവും പോകുമോ' എന്നുള്ളതാണ്. അദ്ദേഹത്തിന്റെ ലേഖനത്തിലുള്ളതാണ്. 'പറച്ചിലിൽ മാത്രമല്ല, പ്രവർത്തിയിലും ഇതുവരെ ഒരു മന്ത്രിയും കാര്യമായ മുദ്ര പ്രദർശിപ്പിച്ചിട്ടില്ല. വി. എസ്. സർക്കാരിന്റെ കാലത്തെ മുൻകാല മന്ത്രിമാരിൽ മിക്കവരും മികവിന് പേരെടുത്തവരായിരുന്നു. ഇക്കുറിയും കഴിവുള്ളവരുണ്ടെങ്കിലും ആർക്കുമൊന്നും ചെയ്യാൻ കഴിയുന്നില്ല'. ഇതാണ് നിങ്ങളുടെ പ്രശ്നം.

ഈ സർക്കാർ ഒരു വർഷം തികയുമ്പോൾ സ്വാഭാവികമായും ശരിയേത് തെറ്റേത് എന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ. നിങ്ങൾക്ക് കൈപ്പത്തി ചിഹ്നത്തോട് ദേഷ്യമുള്ളതുകൊണ്ട് നിങ്ങളുടെ കൈ ഉയർത്തി ഡെസ്കിന്റെ പുറത്ത് അടിക്കും, അത് പൊട്ടിയാലും പോകട്ടെ എന്ന രീതി നിങ്ങൾ വയ്ക്കും. അതുകൊണ്ടൊന്നും കാര്യം തീരില്ല. ഈ സർക്കാർ പോകുന്ന ട്രാക്ക് തെറ്റാണ്. തെറ്റായ ട്രാക്കിൽ പോകുന്ന സർക്കാർ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ പ്രതിക്കൂട്ടിലാണ്. ഈ സർക്കാരിനെ ജനങ്ങൾ ഒരു കാരണവശാലും ഇനി മുന്നോട്ട് ഉൾക്കൊള്ളാൻ പോകുന്നില്ല. അതുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്നലെ ഞാൻ മറുപടി പറഞ്ഞതിൽനിന്നും വ്യത്യസ്തമായി ചെറിയ പ്രശ്നങ്ങൾ മാത്രമേ ഇന്ന് ഉന്നയിക്കപ്പെട്ടിട്ടുള്ളൂ. അത് മുഖ്യമായും കിഫ്ബിയെ കുറിച്ചുള്ളതാണ്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് ഇതുവരെയും സംശയം മാറിയിട്ടില്ല. ഇതിനെക്കുറിച്ചൊക്കെ അദ്ദേഹത്തിന് അറിയാമെന്നാണ് എന്റെ ധാരണ. കിഫ്ബി എല്ലാ പ്രശ്നങ്ങൾക്കും പ്രതിവിധിയല്ലെന്നും ശമ്പളം കൊടുക്കാനും പെൻഷൻ കൊടുക്കാനും പൈസയില്ലെങ്കിൽ അതിനും കിഫ്ബിയാണെന്നാണ് അദ്ദേഹം പറയുന്നത്. ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന് സർക്കാരിന് പുറത്തുമാത്രമേ കിഫ്ബി വഴി ഉപയോഗിക്കാൻ പറ്റുകയുള്ളൂയെന്നും ഒരു സർക്കാർ ചെലവിനും പറ്റില്ലെന്നുമാണ് പറയുന്നത്. അതുകൊണ്ടാണ് എസ്റ്റിമേറ്റും മറ്റും ഉണ്ടാക്കുന്നതിന് സെന്റേജ് ചാർജ്ജായി നൽകുന്നതിനുവേണ്ടി ഇന്ന് സഭ പരിഗണിക്കുന്ന ഉപധനാഭ്യർത്ഥനയിൽ 100 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. കാരണം അതുണ്ടാക്കുന്നത് ഡിപ്പാർട്ട്മെന്റുകളാണ്. ഡിപ്പാർട്ടുമെന്റ് ഏജൻസിയെ വയ്ക്കുകയാണ്. ഡിപ്പാർട്ട്മെന്റ് എടുത്ത ഒരു തീരുമാനത്തിന് കിഫ്ബിയിൽനിന്നും പണം പോകുന്നുവെന്നുള്ള വിമർശനമുണ്ട്. അത് നമ്മൾ പാസ്സാക്കിയ നിയമപ്രകാരം പാടില്ലാത്തതാണ്. ഡിപ്പാർട്ട്മെന്റുകൾ എസ്റ്റിമേറ്റുണ്ടാക്കാനും ഡി.പി.ആർ. തയ്യാറാക്കാനും കൺസൾട്ടന്റിനെയോ അപ്രൂവ്ഡ് ഏജൻസിയെയോ നിയമിക്കുമ്പോൾ അവർക്ക് നൽകാൻവേണ്ടി 100 കോടി രൂപ ഉൾക്കൊള്ളിക്കുകയാണ്. കിഫ്ബി എല്ലാ പ്രശ്നങ്ങൾക്കും പ്രതിവിധിയാണെന്നുള്ള തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നത്.

മറ്റ് സംസ്ഥാനങ്ങളിലൊക്കെ ദേശീയ വരുമാനത്തിന്റെ മൂന്ന് ശതമാനം ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സർക്കാർ നടത്തുന്നുണ്ട്. പത്ത് വർഷംമുമ്പുവരെ

കേരളത്തിൽ ഒരു ശതമാനത്തിൽ താഴെയായിരുന്നു. ഇപ്പോൾ അത് ഒന്നര ശതമാനമായി. അതുകൊണ്ട് വലിയ ക്യാപ്പിറ്റൽ ഡെഫിസിറ്റുണ്ട്. അത് ബജറ്റിൽനിന്ന് മീറ്റ് ചെയ്യുക, ഗ്യാപ്പ് ഫിൽ ചെയ്യുക എന്നിവയ്ക്ക് കൂടുതൽ സമയമെടുക്കും. നമുക്ക് അത്രയും കാത്തുനിൽക്കാൻ കഴിയില്ല. അതുകൊണ്ട് കിഫ്ബിവഴി ബജറ്റിന് പുറത്തുനിന്നും പണമെടുക്കുന്നു. ഇതിനേക്കാൾ വളരെ ചെലവുകുറഞ്ഞ ഫലപ്രദമായ മാർഗ്ഗങ്ങൾ നാം ഉപയോഗിച്ചിരുന്നല്ലോ എന്നാണ് ശ്രീ. മഞ്ഞളാംകുഴി അലിയുടെ വാദം. ആന്വിറ്റിയും പി.പി.പി.-യും ബി.ഒ.ടി.-യുമാണ് താങ്കൾ പറഞ്ഞത്. റോഡ് ഫണ്ട് ബോർഡിന്റെ പല കാര്യങ്ങളും ചെയ്തത് ആന്വിറ്റി മോഡലിലാണ്. പക്ഷേ പണം കൊടുക്കണ്ടേ; ബാദ്ധ്യത ഇല്ലാതാകുന്നുണ്ടോ? ഭാവി ബാധ്യതയെ അമോർട്ടൈസ് ചെയ്ത് ഇന്നെന്ത് വരുന്നുവെന്ന് നോക്കി ഇന്നത്തെ എസ്റ്റിമേറ്റിന്റെ പല മടങ്ങാണ് പല ആന്വിറ്റിക്കും വരുന്നതെന്നാണ് ധനകാര്യ വകുപ്പിന്റെ വിമർശനം ഇത് അധികച്ചെലവുണ്ടാക്കുന്ന ഏർപ്പാടാണ്, ഭാവിയിൽ വരുന്നതിന് പൈസ തന്നേയ്ക്കാം, ഇപ്പോൾ ചെയ്തോളൂ എന്ന് പറയാൻ എളുപ്പമാണ്.

പി.പി.പി. മോഡലിലാണ് വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നത്. ഒരിനത്തിൽ മാത്രം 29,000 കോടി രൂപയാണ് അധികലാഭം കൊടുക്കുന്നത്. സി.&.എ.ജി. പറഞ്ഞതാണിത്. ഒരു ബാധ്യതയുമില്ലെന്ന് പറയുന്നതിന്റെ 75 ശതമാനവും നമ്മളാണ് ചെയ്യുന്നത്. ഇതാണ് എക്സ്പീരിയൻസ്. ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യുന്നെങ്കിൽ അതിന് വരുമാനമുണ്ടാകണം. സ്കൂളുകളുടേയും ആശുപത്രികളുടേയും റോഡുകളുടേയും വർക്കുകൾ എങ്ങനെയാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യാൻ കഴിയുക? അതുകൊണ്ട് കിഫ്ബിയേക്കാൾ വളരെ ഭേദമായ മാർഗ്ഗങ്ങളുണ്ടായിട്ടുണ്ടെന്ന് പറയുന്നത് ശരിയായ വാദമല്ല. ശ്രീ. മഞ്ഞളാംകുഴി അലി ഏറ്റവും വലിയ ബിസിനസുകാരിൽ ഒരാളാണ്. അങ്ങേയ്ക്ക് അത് കൃത്യമായും മനസ്സിലാകേണ്ടതാണ്. നമ്മൾ ഏകകണ്ഠമായി നിയമം പാസ്സാക്കിയതല്ലേ. ആര് ഭരിച്ചാലും അതനുസരിച്ച് കിഫ്ബിക്ക് ഗ്രാന്റ് നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇപ്പോൾ കൊടുത്തതിന്റെ റീ-പേമെന്റിന് നമ്മൾ നൽകുന്ന ഗ്രാന്റ് മാത്രം മതി. അതിൽനിന്നും റിട്ടേൺ കിട്ടുന്ന പ്രോജക്ടുകളെടുത്താൽ ഇനിയും കൂടുതലാകാം. പക്ഷേ ഇന്നത്തേയ്ക്ക് ഏറ്റവും സുരക്ഷിതമായ ഒന്നാണിത്. അപ്പോഴാണ് മുനീർ സാഹിബ് ആപത്ത് അവസരമാക്കുകയാണെന്ന് പറഞ്ഞത്. നവമിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ രാജ്യം മുഴുവൻ ഒരാപത്ത് വന്ന് ഞെട്ടിയിരിക്കുമ്പോഴാണ് ഇങ്ങനെയുള്ള അപകടകരമായ പരിഷ്കാരങ്ങൾ കൊണ്ടുവരിക എന്നുള്ള രീതിയിലാണ് അദ്ദേഹത്തിന്റെ വാദം. അത് ശരിയാണ്.

1991-ൽ എങ്ങനെയാണ് ഇത് കൊണ്ടുവന്നത്? നിങ്ങളെല്ലാം പിന്താങ്ങുന്ന ഉദാരവത്ക്കരണ നയങ്ങൾ ഇന്ത്യയിൽ അടിച്ചേല്പിച്ചത് എങ്ങനെയാണ്. ഇലക്ഷൻ കഴിഞ്ഞ് മന്ത്രിമാർ കസേരയിൽ വന്നിരിക്കുന്നതിനുമുമ്പ് ഐ.എം.എഫ്.-ന്റെ പ്രശ്നം, വിദേശ വിനിമയകുഴപ്പം എന്നിവയൊക്കെ എങ്ങനെയെങ്കിലും തീർക്കാനായി പരിഷ്കാരങ്ങളിലേയ്ക്ക് പോയി. ഇതുതന്നെയാണ് ചെയ്യുന്നത്. പക്ഷേ ഈ ആപത്തുകളെക്കുറിച്ച് വേവലാതിപ്പെടാൻ ഡോ. എം. കെ. മുനീറിന് എന്തവകാശമാണുള്ളത്? നിങ്ങളല്ലേ ഇതിന്റെയൊക്കെ വലിയ വക്താക്കൾ. ഇപ്പുറത്തുള്ള ആരെങ്കിലുമാണ് എന്നോട് ചോദിച്ചതെങ്കിൽ എനിക്ക് മറുപടി പറയേണ്ടതുണ്ട്. നിങ്ങൾ ചോദിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഈ അപകടത്തെ ഇന്ത്യയിലേയ്ക്ക് ക്ഷണിച്ചു കൊണ്ടുവന്നവരല്ലേ നിങ്ങൾ. അത് ഫലപ്രദമായി നടപ്പാക്കിയാൽ ഇന്നത്തെ കാലഘട്ടത്തിന് അതാവശ്യമാണെന്ന് വാദിച്ചുകൊണ്ടിരിക്കുന്നവരല്ലേ? ഇങ്ങനെയൊരപകടം ഈ രാജ്യത്തേയ്ക്ക് കൊണ്ടുവരാൻ വേണ്ടി ഞാൻ ആപത്ത് അവസരമാക്കുകയാണെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്. അത് ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിനെക്കുറിച്ചുള്ള നീണ്ട ഉദ്ധരണിയാണ്. എന്റെ ബജറ്റ് പ്രസംഗത്തിൽ ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്, ഇൻവിറ്റ് ഇങ്ങനെയുള്ള പല സ്ട്രക്ച്ചേഴ്സുണ്ട്. ഇതെല്ലാം 2012-ലെ സെബി റെഗുലേഷൻ പ്രകാരം നിലവിൽ വന്നിട്ടുള്ളതാണ്. ഇത് പ്രത്യേക തരത്തിലുള്ള ഫണ്ടുകൾ സമാഹരിക്കുന്നതിനു വേണ്ടിയുണ്ടാക്കിയിട്ടുള്ള ഇൻവെസ്റ്റ്മെന്റ് സ്ട്രക്ച്ചേഴ്സാണ്. ആൾട്ടർനേറ്റീവ് ഇൻവെസ്റ്റുമെന്റ് ഫണ്ടിന്റെ സുപരിചിതമായ രൂപമാണ് വെൻച്വർ ക്യാപ്പിറ്റൽ ഫണ്ട്. അത് നമ്മുടെ സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ളതാണ്. പുതിയ കമ്പനികൾ തുടങ്ങുമ്പോൾ അവർക്ക് സഹായം കൊടുക്കാൻവേണ്ടി ബജറ്റിൽ രണ്ടുപ്രാവശ്യം വെൻച്വർ ക്യാപ്പിറ്റൽ ഫണ്ട് വച്ചിട്ടുണ്ട്. പണം മുടക്കുന്നത് ലാഭമായാൽ കിട്ടും ഇല്ലെങ്കിൽ മുതൽമുടക്ക് പോകും. ഇതിന് പ്രത്യേക സെക്യൂരിറ്റിയൊന്നുമില്ല. ഇതൊരു ഫണ്ടാണ്. അതിന്റെ ബോണ്ട് വാങ്ങിക്കലല്ല, വേണമെങ്കിൽ ആ ഫണ്ടിലേയ്ക്ക് നിക്ഷേപിക്കാം. ഫണ്ട് ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യും. കിഫ്ബിക്ക് വിദേശത്തുപോയി വായ്പയെടുക്കാൻ സാധിക്കില്ല. വിദേശത്തുനിന്നും കിഫ്ബിക്ക് വായ്പയെടുക്കണമെങ്കിൽ FEMA (Foreign Exchange Management Act) റെഗുലേഷൻപ്രകാരം വിദേശ പണം ഇന്ത്യയിലേയ്ക്ക് വന്നിട്ട് ബാങ്കോ മറ്റ് സംവിധാനമോ ഉപയോഗിച്ച് ബോണ്ട് വാങ്ങി ചെലവാക്കണം. എന്നാൽ കിഫ്ബി രൂപംനൽകുന്ന ഇൻവെസ്റ്റുമെന്റ് ഫണ്ടിന് എൻ.ആർ.ഐ.-ൽ നിന്നും വാങ്ങാം. ഇപ്പോൾ അതിന് കഴിയില്ല.

പക്ഷേ അവിടത്തെ മലയാളികളുടെ എൻ.ആർ.ഐ. ഫണ്ട് ഉപയോഗപ്പെടുത്തണമെങ്കിൽ ഇങ്ങനെയൊരു സ്ട്രക്ച്ചറുണ്ടെങ്കിലേ സാധിക്കൂ. ഇതൊന്നും എടുത്തുചാടി ചെയ്യാൻ പോകുന്ന കാര്യമല്ല. കഴിഞ്ഞ മൂന്നുമാസം പ്ലാനിംഗ് ബോർഡ് സെക്രട്ടറി ശ്രീ. വി. എസ്. സെന്തിൽ ഇതെല്ലാം പഠിച്ച് അതിനെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് ക്യാബിനറ്റും കിഫ്ബി ബോർഡും പരിശോധിക്കും. അതിന്റെ അടിസ്ഥാനത്തിൽ സെബിയുടെ അംഗീകാരമുണ്ടെങ്കിലേ പോകാൻ സാധിക്കുകയുള്ളൂ. ഇത് ആദ്യമായി തമിഴ്നാട് സർക്കാരാണുണ്ടാക്കിയിട്ടുള്ളത്. അവർക്ക് കിഫ്ബി പോലെയുള്ള സംവിധാനമില്ല. എന്നാൽ അവർ നേരിട്ട്, ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിന് രൂപം നൽകിയതിന്റെ അടിസ്ഥാനത്തിൽ അവിടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഇതിന്റെ സാങ്കേതിക വശങ്ങളിലേയ്ക്കൊന്നും കടക്കാൻ ഉദ്ദേശിക്കുന്നില്ല. വളരെ വിശദമായി പരിശോധിച്ച് ഇങ്ങനെയുള്ള അപകടങ്ങളൊന്നുമുണ്ടാകില്ലെന്ന് ഉറപ്പുവരുത്തിയേ കാര്യങ്ങൾ ചെയ്യുകയുള്ളൂ. ശ്രീ. വിനോദ്റായ്, ശ്രീമതി ഉഷാ തൊറാട്ട് എന്നിവരാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള അപകടങ്ങളൊന്നും കിഫ്ബിയിലൂടെ ഉണ്ടാകില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മനസ്സിലായി. പക്ഷെ, ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുന്ന കാര്യത്തിൽ സെബിയുടെയോ ആർ.ബി.ഐ.-യുടെയോ കൺട്രോളോ സാംഗ്ഷനോ ആവശ്യമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് വേണം. ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിന് രൂപംനൽകിയാൽ നിങ്ങൾക്കിഷ്ടമുള്ളതുപോലെ ചെയ്യാൻ സാധിക്കില്ല. സെബി അംഗീകരിക്കണം. സെബിയുടെ മേൽനോട്ടത്തിൽ മാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കൂ. 2012-ലെ സെബിയുടെ റെഗുലേഷൻ അതിനുവേണ്ടിയുള്ളതാണ്.

ഡോ. എം. കെ. മുനീർ: സർ, ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് സംബന്ധിച്ച ആക്ടിലെ ക്ലോസ്സിൽ സെബിയുടെയോ ആർ.ബി.ഐ.-യുടെയോ യാതൊരു തരത്തിലുള്ള നിബന്ധനകളുമില്ലാതെ എടുക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, 2012-ലെ സെബിയുടെ റെഗുലേഷൻസിലെ സ്ട്രക്ച്ചേഴ്സിൽപ്പെട്ടതാണ് ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്. മാത്രമല്ല, അവരുടെ അനുവാദമില്ലാതെ ഈ കമ്പനിയിൽ രജിസ്റ്റർ ചെയ്യാനും സാധിക്കില്ല. അതിന്റെ രീതികളെന്താണെന്ന് സർക്കാർ പഠിച്ചുവരികയാണ്. അതിന് വിശദമായ റിപ്പോർട്ടുണ്ട്; അത് പരിശോധിക്കും.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞങ്ങൾ വീണ്ടും സംശയങ്ങൾ ചോദിക്കുന്നതും കൺസേൺ പ്രകടിപ്പിക്കുന്നതും ഇതുസംബന്ധിച്ച് ഒരു റിസ്ക് ഫാക്ടർ ഉള്ളതുകൊണ്ടാണ്. അത് അങ്ങ് ഒരിക്കൽ സമ്മതിച്ചതാണ്. 13th Finance Commission -ഉം RBI-ഉം സർക്കാർ ഇത്തരം എസ്.പി.വി.-കൾക്ക് ഗ്യാരന്റി നൽകുന്നതിനെ സംബന്ധിച്ച് കൺസേൺ രേഖപ്പെടുത്തിയിട്ടുണ്ട്. 13th Finance Commission-ൽ പറയുന്നത്, " While contingent liabilities do not form part of the state's debt obligations, but in the event of default by borrowing entities, the states are required to meet the debt service obligations of these defaulting entities" എന്നാണ്. അതായത് Burden of remitting the amount will be in the shoulders of the Government; അതാണ് ഇതിനകത്ത് നമ്മൾ ഇതുവരെ ഉത്തരം പറയാത്ത പ്രധാനപ്പെട്ട പ്രശ്നം 2020-2021 ആകുമ്പോഴേയ്ക്കും അത് വലിയ ലയബിലിറ്റിയായി മാറുമോ എന്നുള്ള പ്രശ്നമാണ് ഇവിടെ എല്ലാവരും കൺസേണായി പറയുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ഓരോ വർഷവും പ്രഖ്യാപനങ്ങൾ വർദ്ധിക്കുകയാണെങ്കിൽ നിങ്ങൾ പറഞ്ഞ കൺസേൺ ശരിയാണ്. നിയമപരമായി കിഫ്ബിക്ക് ഓരോ വർഷവും കൊടുക്കേണ്ട തുകയുണ്ടെങ്കിൽ ഇന്ന് പ്രഖ്യാപിച്ച കാര്യങ്ങൾക്ക് റീ-പേമെന്റ് നടത്താൻ ഒരു തടസ്സവുമുണ്ടാകില്ലെന്ന് കൃത്യമായ കണക്കുവച്ച് ഞാനിവിടെ പറഞ്ഞു. പ്രസ്തുത കണക്കിനെ സംബന്ധിച്ച് ഞാനൊരു സ്റ്റേറ്റുമെന്റ് വിതരണം ചെയ്യാം. നിങ്ങൾക്ക് കണക്കുകൂട്ടി നോക്കാം. മോട്ടോർ വെഹിക്കിൾ ടാക്സും മറ്റും 15 ശതമാനംവച്ച് ഉയരുകയാണെങ്കിൽ അതിന്റെ 50 ശതമാനം കിഫ്ബിക്ക് കിട്ടിയാൽ 2020-30 ആകുമ്പോഴേയ്ക്കും ഇപ്പോൾ കടം വാങ്ങിയതിന്റെ പലിശയടക്കം തിരിച്ചുകൊടുക്കാൻ കഴിയും. ക്ലോസ്സില്ലാതെ വായ്പ എടുക്കാൻ പോയിരുന്നെങ്കിൽ ഇപ്പോൾ പറഞ്ഞ റിസ്ക് ശരിയാണ്. ഇതിന്റെ ബാധ്യത സർക്കാരിന് തന്നെയാണ്. 30 വർഷംകൊണ്ട് ആ ബാധ്യത തീർക്കാൻ സർക്കാർ നിയമമുണ്ടാക്കിയിട്ടുണ്ട്. കിഫ്ബിക്ക് കിട്ടുന്ന ഭാവി വരുമാനം കാണിച്ച് കിഫ്ബിയിൽനിന്നും വായ്പയെടുക്കുകയാണ്. ഇതുകൊണ്ടുള്ള ഗുണം രണ്ടാണ്. ഒന്ന്, ഇൻഫ്രാസ്ട്രക്ചർ വരുന്നതുകൊണ്ട് വളർച്ചയുടെ വേഗത കൂടും. രണ്ട്, പണമുണ്ടാകുന്ന കാലത്ത് ഇൻഫ്രാസ്ട്രക്ചർ പണിയാൻ തീരുമാനിച്ചാൽ അന്ന് ഇതിന്റെ പത്തിരട്ടി ചെലവുവരും. ഇതുസംബന്ധിച്ച് കൂടുതലൊന്നും സംസാരിക്കാനില്ല. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി):

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. ആർ. രാജേഷ്

47. ശ്രീ. റ്റി. വി. രാജേഷ്

48. ശ്രീ. കെ. രാജു

49. ശ്രീ. രാജു എബ്രഹാം

50. ശ്രീ. ആർ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

54. ശ്രീ. മുല്ലക്കര രത്നാകരൻ

55. പ്രൊഫ. സി. രവീന്ദ്രനാഥ്

56. ശ്രീ. കാരാട്ട് റസാഖ്

57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. വി. ശശി

60. ശ്രീ. ഐ. ബി. സതീഷ്

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഒരു ദിവസം രാവിലെ ഞാനും എന്റെ പിതാവും വീട്ടിൽ സഹായത്തിന് നിൽക്കുന്ന പയ്യനുമായി വീട്ടിൽ നിന്ന് പുറത്തിറങ്ങി. ഞാൻ പുറത്തിറങ്ങിയ സമയത്ത് എന്റെ ഉമ്മ എന്നെ ഫോണിൽ വിളിച്ച് ധർമ്മേന്ദ്രയുടെ (വീട്ടിൽ സഹായത്തിന് നിൽക്കുന്ന പയ്യൻ) കയ്യിൽ ഫോൺ കൊടുക്കാൻ പറഞ്ഞു. എന്താണ് കാര്യമെന്ന് ഞാൻ ചോദിച്ചപ്പോൾ ഉമ്മ പറഞ്ഞു ധർമ്മേന്ദ്രയുടെ ഫോൺ ഇവിടെ മറന്നുവച്ചിട്ടുണ്ട് അത് പറയാൻ വേണ്ടിയാണെന്ന്. ഞാനത് പറയാനുള്ള റിസ്ക് എടുത്തില്ല. ഞാൻ അവന്റെ കയ്യിൽ ഫോൺ കൊടുത്തു. അവന് മനസ്സിലാകണമെങ്കിൽ അത് ഹിന്ദിയിലോ ബംഗാളിയിലോ പറയണം. ഈ ചെറുപ്പക്കാരൻ കുറച്ചുദിവസമായി വീട്ടിൽ സഹായത്തിനുള്ളതുകൊണ്ട് എന്റെ ഉമ്മയ്ക്ക് കുറച്ചറിയാവുന്ന ഭാഷ വികസിപ്പിച്ച് അവർക്ക് സംസാരിക്കാവുന്ന നിലയിലേയ്ക്കെത്തി. ആദ്യം എന്തെങ്കിലും കാര്യം ചെറുപ്പക്കാരനോട് പറയണമെങ്കിൽ ഉപ്പപോലും ഉമ്മയുടെ സഹായമാണ് തേടിയിരുന്നതെങ്കിലും ഉപ്പ തന്നെ കാര്യങ്ങൾ നേരിട്ട് പറയാൻ തുടങ്ങിയിട്ടുണ്ട് എന്നതാണ് ഇപ്പോൾ കുറച്ചുദിവസങ്ങളായി വീട്ടിൽ പോകുമ്പോൾ കാണുന്നത്. ഭാഷയുടെ വ്യാപനം ആരെങ്കിലും അടിച്ചേൽപ്പിക്കുന്നതിലൂടെയോ നിർബന്ധമായി പറഞ്ഞയയ്ക്കുന്നതിലൂടെയോ ഭാഷ വളരും, സംരക്ഷിക്കപ്പെടുമെന്നുള്ള ഒരു തെറ്റിദ്ധാരണയുമില്ലാത്ത ആളെന്ന നിലയ്ക്കാണ് ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. നിർബന്ധിതഭാഷ എന്ന വാചകം എടുത്തുമാറ്റിയതിനെ ഞാൻ അനുകൂലിക്കുന്നു, സ്വാഗതം ചെയ്യുന്നു. മലയാള ഭാഷാ പഠന ബിൽ എന്നാക്കിയതിനെ അനുകൂലിക്കുന്ന ഒരാളാണ് ഞാൻ. വേറൊന്നും കൊണ്ടല്ല. ഇന്ന് കാലത്ത് ഇന്റർനെറ്റിൽ സെർച്ച് ചെയ്യുമ്പോൾ NDTV-യിൽ സാറ എന്ന ആങ്കർ നടത്തുന്ന We the people എന്നൊരു ഇന്റർവ്യൂ ഉണ്ടായിരുന്നു. അതിൽ പലയാളുകളെ വിളിച്ചിരുത്തി നടത്തുന്ന ചർച്ചയുടെ താഴെ ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കാൻ കേന്ദ്രസർക്കാർ നടത്തുന്ന ശ്രമത്തിനെതിരായി ഒരു വികാരം പറയുന്നുണ്ട്. അത് പറഞ്ഞതിനെതിരായി ഒരു കമന്റ് വന്നിരിക്കുന്നു. South India should split and become like South Korea and North Korea എന്ന ഒരു കമന്റ് ഇതിനടിയിൽ വന്നതാണ്. അതായത് ഈ ഭാഷയ്ക്കെതിരായി സംസാരിക്കുന്നയാളുകൾ വേറെ ഒരു പ്രദേശമായി പോയി, രണ്ട് കൊറിയപോലെ ഇന്ത്യ സൗത്തും നോർത്തുമായി മാറണമെന്നുള്ളതാണ് ഇതിന്റെ താഴെ വരുന്ന കമന്റുകൾ. ഹിന്ദി, തമിഴ്, മലയാളം എന്നിവയെന്നല്ല, ഒരു ഭാഷയുടെ മൗലികവാദത്തെ അംഗീകരിക്കാൻ ഇന്ത്യപോലെ ബഹുസ്വരമായ ഒരു സമൂഹത്തിന് സാധിക്കില്ലെന്നാണ് നമ്മൾ നോക്കിക്കാണേണ്ട പ്രധാനപ്പെട്ട വസ്തുത. മലയാളി മലയാളം പഠിക്കണമെന്നുള്ള കാര്യത്തിൽ ആർക്കും

സംശയമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. മലയാളി മലയാളം പഠിക്കണമെന്നുള്ള വാദത്തോട് 101 ശതമാനം യോജിപ്പാണ്. അതുപോലെതന്നെ മലയാളക്കരയിൽ ജീവിക്കുന്ന മുഴുവനാളുകളും പെട്ടെന്നൊരു ദിവസം മലയാളം പഠിക്കണമെന്നുള്ള നിർബന്ധബുദ്ധി അവരിൽ അടിച്ചേൽപ്പിക്കുന്നതും ശരിയാണെന്ന് ഞാൻ കരുതുന്നില്ല. കാരണം, നമ്മുടെയിടയിൽ ജീവിക്കുന്നതും നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുന്നതും ഇവിടെ ജോലിക്കാര്യങ്ങളുമായി ബന്ധപ്പെട്ട് വരുന്നതും മലയാളികൾ മാത്രമല്ല. ഈ രാജ്യത്ത് 42 കോടിയോളം ജനങ്ങൾ ഹിന്ദി സംസാരിക്കുന്നു, 125 മില്യൺ ആളുകൾ ഇംഗ്ലീഷ് സംസാരിക്കുന്നു, 83 മില്യൺ ആളുകൾ ബംഗാളി സംസാരിക്കുന്നു, 74 മില്യൺ ആളുകൾ തെലുങ്ക് സംസാരിക്കുന്നു, 71 മില്യൺ ആളുകൾ മറാത്തി സംസാരിക്കുന്നു, 60 മില്യൺ ആളുകൾ തമിഴ് സംസാരിക്കുന്നു, അങ്ങനെ പല ഭാഷകൾ സംസാരിക്കുന്നയാളുകൾ, ലോകത്ത് മറ്റൊരു രാജ്യത്തിനും സങ്കൽപ്പിക്കാൻ കഴിയാത്ത ബഹുസ്വരത നിലനിൽക്കുന്നത് ഇൻഡ്യയിലാണെന്നതാണ് അഭിമാനകരമായ അസ്തിത്വം. നമ്മളെ ഒരുമിപ്പിച്ച് നിർത്താൻ ഭാഷ അനിവാര്യമാണെന്നുള്ള തരത്തിൽ ഈ രാജ്യത്ത് ഒരു പ്രചരണം ഇപ്പോൾ നടക്കുന്നുണ്ട്. ഒരു ബിൽ പ്രസിഡന്റിന്റെ പരിഗണനയിലുണ്ട്. ഏപ്രിൽ 17-ാം തീയതി പ്രസിഡന്റിന്റെ പരിഗണനയിലെത്തിയ ബിൽ പാർലമെന്റിനകത്ത് ചില അംഗങ്ങൾ സംസാരിക്കേണ്ട ഭാഷപോലും മുൻകൂട്ടി നിശ്ചയിക്കത്തക്ക തരത്തിലുള്ള ബില്ലാണെന്ന് അറിയാൻ സാധിക്കുന്നു. തമിഴ്നാട്ടിൽ ചില പ്രതികരണങ്ങളുണ്ടായി. ദേശീയപാതയിലെ സൈൻ ബോർഡുകളിൽ ചില മാറ്റങ്ങൾ അവർ വരുത്തിയിരിക്കുന്നു. ഇംഗ്ലീഷ് മാറ്റി ഹിന്ദിയിൽ കാര്യങ്ങൾ എഴുതാൻ തുടങ്ങിയിരിക്കുന്നു. അവിടെ പ്രതിഷേധമുണ്ടായി. എല്ലാ സിനിമയും പ്രദർശിപ്പിക്കുമ്പോൾ ഓരോ പ്രാദേശിക ഭാഷയിലുള്ള സിനിമയിലും ഹിന്ദിയിലുള്ള സബ്റ്റൈറ്റിലുകൾ വേണമെന്നുള്ളത് നിർബന്ധമാണ്. ഞാൻ പറയുന്നു, ഹിന്ദി ഇപ്പോൾ ആരും നിർബന്ധിക്കാതെതന്നെ പലരും പഠിക്കുന്നുണ്ട്. ഞാൻ നേരത്തേ എന്റെ വീട്ടിലെ സാഹചര്യം സൂചിപ്പിച്ചിരുന്നു. ഭാഷാ വ്യാപനത്തിലെ രണ്ടാമത്തെ ഘടകം അതിന്റെ ഇക്കണോമിക് ഡ്രൈവാണ്. ഒരു മലയാളി അറബി പഠിക്കുന്നത് ഒരു ഭാഷകൂടി പഠിച്ച് അതിൽ സംസ്കാര സമ്പന്നനാകാനുള്ള ആഗ്രഹം കൊണ്ടായിരിക്കില്ല. ഒരു പക്ഷേ തൊഴിലുമായും വരുമാനവുമായും ബന്ധപ്പെട്ട കാര്യത്തിനായിരിക്കും. ഒരു മലയാളി ചില വാചകങ്ങളും വാക്കുകളും പഠിക്കുന്നത് ആരും നിർബന്ധിച്ചതു കൊണ്ടായിരിക്കില്ല. അത് അവർ ജീവിക്കുന്ന സാഹചര്യത്തിലൂടെയും ഇടപെടുന്ന കാര്യങ്ങളിലൂടെയും തീർച്ചയായും അവരിലേയ്ക്ക് വരും. നിർബന്ധിത ഭാഷ ബിൽ എന്നുപറയുമ്പോൾ ഭാവിയിൽ

നമ്മുടെ മേൽ എന്തെങ്കിലും അടിച്ചേൽപ്പിക്കപ്പെടുമ്പോൾ അതിനെതിരെ ശബ്ദമുയർത്തണമെങ്കിൽ, കേരളം എക്കാലത്തും ഉയർത്തിപ്പിടിച്ചിരിക്കുന്ന മൗലികവാദങ്ങൾക്കെതിരായിട്ടുള്ള നിലപാടുകളെ അരക്കിട്ടുറപ്പിക്കണമെങ്കിൽ വിശാലമായൊരു കാഴ്ചപ്പാട് ഈ ബില്ലിന്റെ കാര്യത്തിലും നമ്മൾ കാണിക്കുന്നതുകൊണ്ടാണ് അത്തരം പദങ്ങൾ ഒഴിവാക്കുന്നത് ഗുണകരമായിരിക്കുമെന്ന് വിശ്വസിക്കുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, നമ്മൾ ഈ ബില്ലിലൂടെ നിഷ്കർഷിക്കുന്ന ഒരു കാര്യം, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാതൃഭാഷയായ മലയാളം പഠിപ്പിക്കണമെന്നുള്ളതാണ്. അതൊരിക്കലും മൗലികവാദമല്ല. മറ്റ് ഭാഷകളെ നിഷേധിക്കുന്നതുമല്ല. മലയാളിയെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലയാളം മാത്രം ഉപേക്ഷിക്കുന്നതിന്റെ ഒരു നിഷേധാത്മകത്വമുണ്ട്. അതിനെതിരായിട്ടുള്ള മലയാളിയുടെ ആത്മാഭിമാനത്തിന്റെ ഒരു പ്രകടനമാണ് ഈ ബിൽ എന്നതല്ലേ സത്യം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇത് താത്വികമായ ഒരു ചർച്ച മാത്രമല്ല പ്രായോഗികമായ വിഷയം കൂടിയാണ്. കാസർഗോഡ്, മഞ്ചേശ്വരം എന്നീ നിയോജകമണ്ഡലങ്ങളിൽ കന്നടഭാഷ മാത്രം അറിയാവുന്ന വലിയൊരു ജനവിഭാഗമുണ്ട്. അവരുടെ ഇടയിൽ വലിയ ആശങ്കയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മറ്റ് പലരെയും കാണാനുള്ള ശ്രമവും അവർ നടത്തി. ഇപ്പോൾ ഈ ബില്ലുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചതിനെത്തുടർന്ന് നിർബന്ധിച്ച് പഠിപ്പിക്കുന്നു, അത് ഞങ്ങൾക്ക് വേണ്ട എന്നുപറഞ്ഞ് അവിടെ വലിയ agitations തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ചിറ്റൂരിന്റെ തെക്കൻ ഭാഗത്ത് തമിഴ് ബോർഡറിലും ഇതേ പ്രശ്നംതന്നെ വരാം. മലയാളഭാഷ പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നുള്ളത് ശരിയാണ്. അതേയവസരത്തിൽ നിർബന്ധമായി വേണമെന്ന് പറയുമ്പോൾ പ്രശ്നമുണ്ടാകും. സംസ്ഥാനത്ത് മലയാളം മാതൃഭാഷയായി പഠിപ്പിക്കണമെന്നുള്ള ആശയം നല്ലതാണ്. ഞാനതിനെ എതിർക്കുന്നില്ല. പക്ഷേ ന്യൂനപക്ഷ വിഭാഗങ്ങളുടെ ആശങ്കയ്ക്ക് പ്രായോഗികമായ പരിഹാരം കണ്ടെത്താൻ വേണ്ടിയുള്ള വ്യവസ്ഥയുണ്ടാകണം. വലിയ പ്രശ്നങ്ങൾ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് കുറച്ചുകൂടി ചിന്തിച്ച് മുന്നോട്ടുപോകുന്നതായിരിക്കും നല്ലതെന്ന് എനിക്ക് തോന്നുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, മന്ത്രി മറുപടി പറയുമ്പോൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ചട്ടങ്ങളെ സംബന്ധിച്ച് പറയുമെന്നുള്ളതുകൊണ്ട് ഞാൻ

അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത് ഇവിടെ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ചും പുറത്തുനിന്നുവരുന്നവരെ സംബന്ധിച്ചും പ്രിയപ്പെട്ട ശ്രീ. കെ. സി. ജോസഫ് ഉൾപ്പെടെയുള്ളവർ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് തന്നെയാണ്. നമ്മൾ ഭാഷാ ന്യൂനപക്ഷമെന്ന് വിളിക്കുന്ന അത്തരം വിഭാഗക്കാർക്കിടയിലുള്ള ആശങ്കകളെ തീർച്ചയായും വളരെ ഗൗരവത്തോടുകൂടി ഈ സഭ നോക്കിക്കാണേണ്ടതാണെന്നുള്ള കാര്യത്തിൽ തർക്കമില്ല.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, മലയാളഭാഷ വേണമെന്നുള്ള അഭിപ്രായത്തോട് എനിക്കും യോജിപ്പാണ്. ഞാൻ കന്നട മേഖലയിൽനിന്നും ജയിച്ചുവന്ന ഒരു പ്രതിനിധിയാണ്. കന്നട ഭാഷയിലാണ് നിയമസഭയിൽ ഞാൻ സത്യപ്രതിജ്ഞ ചെയ്തത്. ഈ ബില്ലിൽ മലയാളം പഠിക്കാൻ അവസരമുണ്ടാക്കിയെന്നുള്ളത് സ്വാഗതാർഹമാണ്. എല്ലാവരും മലയാളം പഠിക്കണമെന്ന് തന്നെയാണ് എന്റെയും അഭിപ്രായം. പക്ഷേ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ 8 പഞ്ചായത്തുകളുള്ളതിൽ 6 പഞ്ചായത്തുകളും കർണ്ണാടകയുമായി അതിർത്തി പങ്കിടുന്നവയാണ്. മലയാളം നിർബന്ധമായി പഠിക്കണമെന്ന് പറയുമ്പോൾപ്പോലും മലയാളം മീഡിയം സ്കൂളുകളില്ലാത്ത പഞ്ചായത്തുകളുമുണ്ട്. മഞ്ചേശ്വരത്ത് 7 ഭാഷകൾ നിലവിലുണ്ടായിരുന്നത് ഇപ്പോൾ എട്ടായി. എട്ടാകാനുള്ള കാരണം അവിടെ മലയാളം പറയുന്നത് 7 ഭാഷയിലും നിന്ന് കടമെടുത്താണ്. അതിനൊരു പുതിയ പേരിട്ടിട്ടുണ്ട് - ബ്യാരി ഭാഷ. അത് സിനിമക്കാർ ഏറ്റെടുത്ത്, ആ ഭാഷയിൽ സിനിമ എടുത്തു. ഇപ്പോൾ നല്ല രീതിയിൽ പോകുകയാണ്. ഓടെ പോണ്ട്, എന്ത്'രിക്ക് ബേണ്ട്, എന്ത്'രിക്ക് പോറ്, തണ്ണി കുടിക്കണോരാ, നീ കിറ്റ്യോ എന്നൊക്കെയാണ് ആ ഭാഷയിൽ ചോദിക്കുന്നത്. ഒരു സ്കൂളിൽനിന്ന് പഠിച്ച് പുറത്തിറങ്ങിയാൽ ഏഴെട്ട് ഭാഷ സംസാരിക്കണം. 8 ഭാഷയും കലർത്തിയിട്ടുള്ളതാണ് മലയാളഭാഷ. അതുപോലെ മലയാളം നിർബന്ധമാക്കിയാൽ ഒമ്പത് ഭാഷയാകും. ഇതാണ് മഞ്ചേശ്വരത്ത് സംഭവിക്കുന്നത്. അതിർത്തി പങ്കിടുക മാത്രമല്ല അവരുടെ സംസ്കാരം, തുടർ വിദ്യാഭ്യാസം, ബിസിനസ്, ജോലി തുടങ്ങിയ എല്ലാ കാര്യങ്ങളും കർണ്ണാടകവുമായി ബന്ധപ്പെട്ടാണ്. തുടർവിദ്യാഭ്യാസത്തിന് കന്നട കോഴ്സിനുവേണ്ടി 6 വർഷമായി ഞാൻ മുറവിളി കൂട്ടുകയാണ്. തുടർ വിദ്യാഭ്യാസത്തിന് അവർക്ക് അവസരം കൊടുക്കുന്നില്ല. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് എല്ലാ ആനുകൂല്യങ്ങളും നമ്മൾ കൊടുക്കുന്നുണ്ടെന്ന് എപ്പോഴും പറയുന്നുണ്ട്. എവിടെ കൊടുത്തു?

മി. സ്പീക്കർ: ഇപ്പോൾ പ്രസംഗിക്കുന്നതാരാണ്?

ശ്രീ. ഷാഫി പറമ്പിൽ: ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്, ഒന്ന് വഴങ്ങുമോ;

മി. സ്പീക്കർ: അത് അദ്ദേഹത്തിന്റെ വിഷയമാണ്. ദയവായി തിരിച്ചുകൊടുക്കു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഭാഗ്യവശാലോ നിർഭാഗ്യവശാലോ കേരളത്തിൽ പെട്ടുപോയതന്നെല്ലാതെ അവർക്ക് അർഹതപ്പെട്ടത് കന്നട തന്നെയാണ്. കന്നട പഠിക്കണം. മലയാളം നിർബന്ധമാക്കുന്നത് ശരിയല്ല. കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ ആശങ്കയകറ്റണം. ഇത് നിർബന്ധമാക്കരുത്. അതുപോലെതന്നെ പ്രധാനാദ്ധ്യാപകർക്ക് പിഴ ചുമത്തുന്നത് ഒഴിവാക്കണം. കന്നട ഭാഷാ ന്യൂനപക്ഷങ്ങൾ ഒരു സമരം സംഘടിപ്പിച്ചിരുന്നു. എട്ട് കവാടങ്ങളും അവർ തടയുകയും കളക്ടേറ്റിൽ ഒരാൾപോലും കയറാൻ അവർ അനുവദിക്കാത്തതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാനും ലിംഗിസ്റ്റിക് മൈനോറിറ്റി പ്രദേശമായ കാസർഗോഡ് നിന്ന് വരുന്നയാളാണ്. ഒരാൾ പുതിയതായി എങ്ങനെയാണ് ഭാഷ പഠിക്കുന്നതെന്ന് ശ്രീ. ഷാഫി പറമ്പിൽ ഇവിടെ വിശദീകരിച്ചു. ശ്രീ. ഷാഫി പറമ്പിലിന്റെ ഉമ്മ ബംഗാളി ഭാഷ പഠിച്ചത് എങ്ങനെയാണെന്നും ഇവിടെ വിശദീകരിച്ചു. എനിക്ക് സാമാന്യം നല്ല രീതിയിൽ ഹിന്ദി സംസാരിക്കാനും എഴുതാനും അറിയാം. അതിന് കാരണം 7-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഹിന്ദി പഠിപ്പിച്ച അദ്ധ്യാപകൻ എന്റെ മുഖത്ത് തന്ന അടിയാണ്. അല്ലെങ്കിൽ ഒരിക്കലും ഞാൻ ഹിന്ദി പഠിക്കില്ലായിരുന്നു. അങ്ങനെ അടിച്ച് ഇപ്പോൾ കന്നട പഠിപ്പിക്കാൻ സാധിക്കുമോ;, മലയാളം പഠിക്കാൻ തീരെ താൽപ്പര്യമില്ലാത്ത ഒരു കുട്ടിയെ ഇന്നത്തെ കാലത്ത്, പണ്ട് എന്റെ അദ്ധ്യാപകൻ എന്റെ മുഖത്തടിച്ചതുപോലെ ഏതെങ്കിലും അദ്ധ്യാപകന് മലയാളം പഠിക്കാൻ താൽപ്പര്യമില്ലാത്ത ഒരു കുട്ടിയെ അടിച്ച് പഠിപ്പിക്കാൻ സാധിക്കുമോ;

മി. സ്പീക്കർ: അങ്ങനെ അടിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് പറഞ്ഞല്ലോ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അതൊരിക്കലും സാധിക്കില്ല. കാസർഗോഡിന്റെ പ്രത്യേക സാഹചര്യം എന്റെ സഹപ്രവർത്തകൻ ഇവിടെ വിശദീകരിക്കുകയുണ്ടായി, ഒരു തീപ്പൊരി മതി കാസർഗോഡ് കത്താൻ. ചില ആളുകൾ കാസർഗോഡ് കത്തിക്കാൻ പെട്രോളുമായി നടക്കുകയാണ്. അതാരാണെന്ന് രാജേട്ടന് നന്നായറിയാം. അതുകൊണ്ടാണ് അദ്ദേഹം അക്കാര്യം ഇവിടെ നന്നായി വിശദീകരിച്ചത്. കാസർഗോഡിന്റെ സാഹചര്യം അതാണ്. അവിടെ ഭാഷാസമരം വന്നാലും ഏത് സമരം വന്നാലും അവസാനം ചെന്നെത്തുന്നത് എവിടെയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ടാണ് ഇത് നിർബന്ധമാക്കരുതെന്ന് പറയുന്നത്.

മി. സ്പീക്കർ: ഉച്ചഭാഷിണി നഷ്ടപ്പെട്ട ഉടമസ്ഥൻ അവിടെ കാത്തുനിൽക്കുന്നുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ കൂടുതലായി വഴങ്ങിയത് മറ്റൊന്നും കൊണ്ടല്ല, ഈ ആശങ്കകൾ തീർച്ചയായും ഇവിടെ പ്രകടിപ്പിക്കപ്പെടണം. നിർബന്ധിത ഭാഷയെന്ന അടിച്ചേൽപ്പിക്കലിനു പകരം മലയാളം പഠിക്കാൻ ഒരുക്കുന്ന ഈ അവസരത്തെ തീർച്ചയായും സ്വാഗതം ചെയ്യേണ്ടത് തന്നെയാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് നിർബന്ധിത ഭാഷയെന്ന അടിച്ചേൽപ്പിക്കൽ ഒഴിവാക്കണമെന്ന തീരുമാനത്തിലേയ്ക്ക് സബ്ജക്ട് കമ്മിറ്റി എത്തിയതെന്നും ഞാൻ വിശ്വസിക്കുന്നു. അതോടൊപ്പം ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, ഒരു ചെറിയ തീപ്പൊരി വീണാൽ അതിനെ കത്തിക്കാൻ തയ്യാറായി ആളുകൾ നിൽക്കുന്നുവെന്നതാണ്. ആ കത്തിക്കലിനെ പ്രോത്സാഹിപ്പിക്കൽ നമ്മുടെ ആരുടെയും ഉത്തരവാദിത്വമല്ല. നേരെമറിച്ച് അനാവശ്യമായ ആശങ്ക പടർത്താൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വം ഈ സഭയിലുള്ള എല്ലാവർക്കുമുണ്ടെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട ഷാഫി പറമ്പിലിനോടും മറ്റ് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതിനോടും യോജിച്ചുകൊണ്ട് ഭാഷാ ന്യൂനപക്ഷങ്ങളുടെയും വിദേശത്ത് പഠിക്കുന്നവരുടെയും ആശങ്കകൾ ദൂരീകരിച്ചു കൊണ്ടുതന്നെ നമ്മൾ പോകണം. അതാണ് എല്ലാവരുടെയും നിലപാട്. അതിൽ തർക്കമില്ല. പക്ഷെ ഇവിടെ ആലോചിക്കേണ്ടത്, നമ്മുടെ ഇംഗ്ലീഷ് സ്കൂളുകൾ, വിദേശഭാഷ അടിച്ചേൽപ്പിച്ച സ്കൂളുകൾ, നമ്മുടെ സ്വന്തം ഭാഷ സംസാരിക്കാൻ അനുവദിക്കാത്ത സ്കൂളുകൾ എന്നിവയുള്ള ഒരു സാഹചര്യം ഇവിടെ നിലനിൽക്കുന്നു. അതിൽ അസ്വസ്ഥതകളൊന്നും ആർക്കുമില്ലെന്ന് മനസ്സിലാക്കണം. അതായത്, മലയാളഭാഷ നിർബന്ധമാക്കുമ്പോഴാണ് ഈ പറയുന്ന ആശങ്കകളും മറ്റും വരുന്നത്. അതേസമയം ഇംഗ്ലീഷ് നിർബന്ധമാക്കിയിട്ടുള്ള സ്ഥലങ്ങളുണ്ട്. അതല്ലാതെ മറ്റൊരു ഭാഷ ഉച്ചരിക്കാൻ പാടില്ല. ഓടുമ്പോൾ വീഴുന്ന കുട്ടി അമ്മേ എന്ന് വിളിച്ചാൽ ഫൈൻ ഈടാക്കുന്ന സ്കൂളുകളുണ്ട്. അതിനെതിരെ ഒരു തീപ്പൊരിയും എവിടെയുമുണ്ടാകുന്നില്ല. ആ കാര്യത്തിൽ അടിമത്തമാണ്. അത്തരത്തിലുള്ള എല്ലാ അസഹിഷ്ണുത പ്രകടനങ്ങളുടെയും പുറകിൽ നിക്ഷിപ്ത താൽപ്പര്യങ്ങളാണ്. നമ്മുടെ മൗലികമായ ഭാഷ ഇവിടെ വ്യാപിക്കുന്നതിനെതിരെയുള്ള നിക്ഷിപ്ത താൽപ്പര്യങ്ങളാണ് അതിന്റെ പിന്നിലുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ഈ അസഹിഷ്ണുതയുടെ പുറകിൽ നിക്ഷിപ്ത താൽപര്യക്കാരാണെന്ന അങ്ങയുടെ വാദത്തോട് ഞാൻ യോജിക്കുന്നു. പക്ഷെ ആശങ്ക പ്രകടിപ്പിക്കുന്നവരുടെ പിറകിൽ അത്തരം നിക്ഷിപ്ത താൽപര്യങ്ങളല്ല. അവർ ജീവിച്ചുവന്ന സാഹചര്യങ്ങളും ഇത്രയും കാലമായുള്ള അവരുടെ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ചുണ്ടാകുന്ന ആശങ്കകളാണ്. ഈ ബിൽ വായിച്ചാൽ അങ്ങേയ്ക്കത് ബോദ്ധ്യംവരും. ആ അടിച്ചേൽപ്പിക്കലിനെതിരെ ഒരു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാള ഭാഷ സംസാരിക്കാൻ പാടില്ലെന്നോ മലയാള ഭാഷ ഉപയോഗിക്കാൻ പാടില്ലെന്നോ ഉള്ള ഒരു തരത്തിലുള്ള നിബന്ധനകളെയും നിയമവശാൽ അംഗീകരിക്കുന്നില്ലെന്നുള്ള വ്യക്തമായ നിലപാടുതന്നെ അക്കാര്യത്തിൽ നമുക്കുണ്ട്. അത് ബില്ലിന്റെ ഭാഗമായി വരുന്നുമുണ്ട്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, എറണാകുളം പോലൊരു കോസ്മോപൊളിറ്റൻ നഗരത്തിൽ, പ്രത്യേകിച്ച് പശ്ചിമകൊച്ചി അടങ്ങുന്ന 16 സ്ക്വയർ കിലോമീറ്ററിൽ 20 ഭാഷകൾ സംസാരിക്കുന്ന, ഇതരസംസ്ഥാന തൊഴിലാളികളടക്കമുള്ള ആളുകൾ ജീവിക്കുന്നു. സതേൺ നേവൽ കമാൻഡന്റിന്റെ ആസ്ഥാനമെന്ന നിലയിൽ ഇന്ത്യയിലെ ധാരാളം സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ആളുകൾക്ക് അവരുടെ കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം പലപ്പോഴും മലയാളത്തിൽ തട്ടിനിൽക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അതിനെ ഉൾക്കൊള്ളുന്നുവെന്ന് മനസ്സിലാക്കുന്നതിൽ സന്തോഷമുണ്ട്. എന്നാൽ പല സി.ബി.എസ്.ഇ. സ്കൂളുകളും ഇന്റർനാഷണൽ സിലബസിൽ പഠിപ്പിക്കുന്ന സ്കൂളുകളും വളരെ വേഗത്തിൽ വളർന്നുവരുന്നുണ്ട്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. കൂടാതെ ഇന്റർനാഷണൽ സിലബസും പഠിപ്പിക്കുന്ന സ്കൂളുകളാണത്. അത്തരം സ്കൂളുകളിലും മലയാളം പഠിപ്പിക്കണമെന്നുള്ളത് കർശനമായി നടപ്പാക്കേണ്ട കാര്യമാണ്. ചെറിയ ക്ലാസ്സുകളിൽ നിന്നുതന്നെ മലയാളം പഠിപ്പിക്കണം. എന്നാൽ ഇവിടെ പറഞ്ഞതുപോലുള്ള എക്സപ്ഷണൽ കേസുകളിൽ അതിനുവേണ്ട ആനുകൂല്യം കൊടുക്കേണ്ട സാഹചര്യവും നിലനിൽക്കുന്നുണ്ട്. ആ യാഥാർത്ഥ്യംകൂടി ഉൾക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായിരുന്ന കാൽപ്പനിക ദേശീയതപോലെ, ഒരു റൊമാന്റിക് നാഷണലിസം എന്നുപറയുന്നതുപോലെ അമിതമായ ഒരു വാദമോ തീവ്രവാദമോ അല്ല നമുക്ക് വേണ്ടത്. പക്ഷെ നമ്മുടെ അമ്മമലയാളത്തെ മുറുകെ പിടിക്കാനും മലയാളക്കരയിൽ ജനിച്ചുവീണ കുഞ്ഞുങ്ങളാണെങ്കിലും ഇനി അൽപ്പം വൈകിപ്പോയവരിലേയ്ക്കാണെങ്കിലും ഒന്നാം ക്ലാസ് മുതൽ തുടങ്ങി അവർക്ക്

പ്രയാസകരമല്ലാത്ത രീതിയിൽ ക്രമാനുഗതമായി അവർ വളർന്നുവരുമ്പോൾ മലയാളം പകർന്ന് കൊടുക്കാനും കഴിയണം. അമ്പത് വർഷങ്ങൾക്കുള്ളിൽ ഏതാണ്ട് 250 ഭാഷകൾ മരിച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. മരണത്തിന്റെ പട്ടികയിലല്ല, എല്ലാ കാലത്തും നിലനിൽക്കുന്ന ഭാഷകളുടെ പട്ടികയിൽത്തന്നെ മലയാളമുണ്ടാകണം. അതിന് ആദ്യമൊരു ചട്ടക്കൂടുണ്ടാക്കുകയും അതിനുള്ള സാഹചര്യമുണ്ടാക്കുകയും പ്രോത്സാഹനങ്ങൾ നൽകുകയും നമ്മുടെ ഭാഷയോടൊപ്പം സഞ്ചരിക്കുന്നത് അഭിമാനമാണെന്ന് ഇനിവരുന്ന തലമുറകളിലേയ്ക്ക് പകർന്നു കൊടുക്കുവാനും കഴിയുന്ന തരത്തിലുള്ള ഇടപെടലുകളാണുണ്ടാകേണ്ടത്. അതോടൊപ്പംതന്നെ മലയാളഭാഷയിൽത്തന്നെ പലതരത്തിലുള്ള ഭാഷാ ഭേദങ്ങളുണ്ട്. അതും സംരക്ഷിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. ഉത്തർപ്രദേശിൽ മാത്രം 46 തരം ഹിന്ദി സംസാരിക്കുന്നുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. ഡൽഹിയിൽ അഞ്ചുതരം ഹിന്ദി സംസാരിക്കുന്നുണ്ട്. ഞാൻ കല്യാണം കഴിച്ചിരിക്കുന്നത് മാഹിയിൽനിന്നാണ്. നമ്മുടെ നാട്ടിൽ 'ഇറങ്ങുക' എന്നുപറയുന്നത് മാഹിയിൽ 'കിയാ' എന്നാണ്. ഒരു ദിവസം വീടിന് താഴെ നിൽക്കുമ്പോൾ മുകളിൽനോക്കി ഉപ്പ 'കീ കീ' എന്നുപറയുന്നത് കേട്ട് ഞാൻ വണ്ടിയുടെ താക്കോലാണെന്ന് വിചാരിച്ച് 'കീ' ഉയർത്തിക്കാണിച്ചപ്പോൾ ഉപ്പ പറഞ്ഞു 'കീ' അല്ല വേഗം ഇറങ്ങിവരാൻ പറഞ്ഞതാണെന്ന്. 'ബേയിംഗ് കീ' എന്നുപറഞ്ഞാൽ വേഗം ഇറങ്ങിവരുക എന്നാണർത്ഥം. ഇത് നല്ല മലയാളമെന്നോ മോശം മലയാളമെന്നോ ഉള്ളതല്ല. അതത് പ്രദേശത്തെ മലയാളത്തിന് ആ ഡയലക്റ്റിന് പ്രാധാന്യമുണ്ട്. കാസർഗോഡും പാലക്കാടും തിരുവനന്തപുരത്തുമുള്ള ഭാഷയുടെ വ്യത്യാസത്തെയും ഭാഷാഭേദങ്ങളെയും സംരക്ഷിക്കണമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല; അത് സംരക്ഷിക്കപ്പെടേണ്ടതാണ്. ഇതെല്ലാം ഇതിനുമുമ്പും ധാരാളം ചർച്ച ചെയ്ത കാര്യമാണ്. ഈ ബില്ലിലൂടെ സഭ ആഗ്രഹിക്കുന്നതും ഒന്നും ആരുടെ മേലിലും അടിച്ചേൽപ്പിക്കാനല്ല, നേരെമറിച്ച് മലയാളഭാഷയെ പ്രോത്സാഹിപ്പിക്കാനും അത് പഠിക്കാൻ പുതിയ തലമുറ കടന്നുവരാനും അതിന്റെ അഭിമാനബോധം അവർക്കുണ്ടാകുവാനുമാണ്. അതിർത്തികൾ ഉണ്ടാക്കാനല്ല, നേരെമറിച്ച് പാലങ്ങൾ കെട്ടാനാണ് ഭാഷയെന്ന ഉത്തമബോദ്ധ്യത്തോടെ, ഭാഷകളെ നോക്കിക്കാണാൻ കഴിയുന്ന ബഹുസ്വരതയെ സംരക്ഷിക്കാൻ കഴിയുന്ന മാനസികാവസ്ഥ നിലനിർത്താൻ നമുക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇവിടെ ധാരാളം ചർച്ചകൾ നടന്നു. 2015-ലെ മലയാള ഭാഷ വ്യാപനവുമായി ബന്ധപ്പെട്ട ബില്ലിനെക്കുറിച്ച് ഇവിടെ പല കാര്യങ്ങളും പറഞ്ഞു. അന്ന്

മൊത്തത്തിലുള്ള മലയാളഭാഷാ പഠനമാണ് ഉദ്ദേശിച്ചതെങ്കിൽ ഇത് സ്കൂളുകളിലേയ്ക്ക് മാത്രമുള്ള ഒരു സംവിധാനമാണ്. അതിൽത്തന്നെ സബ്ജക്ട് കമ്മിറ്റിയിൽ പോയതിനുശേഷം കുറച്ച് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽത്തന്നെയും പൂർണ്ണമായ രീതിയിൽ പല കാര്യങ്ങളിലും വ്യക്തത വന്നിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ഒന്നാം ക്ലാസ് മുതൽ പുതിയ പാഠപുസ്തകം കൊടുക്കുമെന്ന് പറയുന്നുണ്ട്. ഒന്നാം ക്ലാസ്സിലേയ്ക്ക് വേറൊരു പുതിയ പാഠപുസ്തകം കൊടുക്കേണ്ട കാര്യമില്ല. ക്ലാസ്സുകൾ തുടങ്ങുന്നത് സാധാരണ ഒന്നാം ക്ലാസ് മുതലാണ്. ആദ്യമായി സ്കൂളിലെത്തുന്ന ഒരു കുട്ടി ഒന്നാം ക്ലാസ്സിലെ പാഠപുസ്തകം പഠിക്കുന്നത് 'അ ആ ഇ ഈ ഉ ഊ' എന്ന് തന്നെയായിരിക്കും. പുസ്തകം എങ്ങനെ മാറ്റിയാലും അതിനേക്കാൾ സിമ്പിളായി ഒരു പുസ്തകമുണ്ടാക്കാൻ കഴിയില്ല. അത് തുടർന്നുകൊണ്ട് ഒന്ന്, രണ്ട് ഇങ്ങനെ ഓരോ കൊല്ലവും ഓരോ ക്ലാസ്സ് തുടങ്ങുമെന്നാണ് മന്ത്രി പറഞ്ഞത്. അങ്ങനെ ചെയ്യുകയാണെങ്കിൽ ഓരോ കൊല്ലവും, പത്ത് വർഷംകൊണ്ട് സാധാരണഗതിയിലുള്ള മലയാളം മീഡിയത്തിലെ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള പുസ്തകങ്ങളുമായിത്തന്നെ നമുക്ക് മുന്നോട്ടുപോകാൻ കഴിയും. മാത്രമല്ല, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലൊക്കെ എട്ടാം ക്ലാസ്സ് മുതലേ സി.ബി.എസ്.ഇ.-യുടെ സിലബസ് വരുന്നുള്ളൂ. ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിൽ അവരെല്ലാം പ്രൈവറ്റ് ബുക്ക് പബ്ലിക്കേഷൻസുകളുടെ പുസ്തകംവച്ച് പഠിപ്പിക്കുകയാണ്. അതിന്റെകൂടെ ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾക്കും നമ്മൾ തയ്യാറാക്കുന്ന ഒന്നാം ക്ലാസ്സിലെ പുസ്തകംതന്നെ മതിയാകും. അതേ അവസരത്തിൽ പുറത്തുനിന്നും വരുന്ന കുട്ടികളെ സംബന്ധിച്ച് മാത്രമാണ് ഒരു മാറ്റം വരുത്തേണ്ടി വരുന്നത്. നമ്മൾ നിർബന്ധമാക്കിയാലും ഇല്ലെങ്കിലും കുട്ടികൾ മലയാളം പഠിക്കണമെന്ന ഉദ്ദേശ്യമാണ് നമുക്കുള്ളത്. ആ ഉദ്ദേശ്യം പൂർത്തീകരിക്കണമെങ്കിൽ പേരിനാണെങ്കിൽപ്പോലും ഒരു പരീക്ഷ വേണം. പരീക്ഷയെ സംബന്ധിച്ച് ഈ ബില്ലിൽ യാതൊന്നും പറയുന്നില്ല. എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ടതില്ലെന്ന് മാത്രമേ പറയുന്നുള്ളൂ. അതേ അവസരത്തിൽ മറ്റ് ക്ലാസ്സുകളിൽ പരീക്ഷയില്ലാത്ത ഒരു വിഷയമാണെങ്കിൽ സാധാരണഗതിയിൽ കുട്ടികൾക്ക് പഠിക്കാനുള്ള വലിയ ആഗ്രഹമുണ്ടാകില്ല. അതിനാൽ പരീക്ഷകൂടി നടത്തുന്ന രീതിയുണ്ടാകണം. എസ്.എസ്.എൽ.സി.-യുടെ കാര്യത്തിൽ എന്ത് ചെയ്യണമെന്ന കാര്യം നമുക്ക് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ ബില്ലിൽ ഒരു കൺഫ്യൂഷനുണ്ട്. ഈ ബില്ലിൽ പറയുന്നത്, ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ മലയാളഭാഷ വരുമെന്നാണ്. മന്ത്രിയിൽനിന്നും വന്നിരിക്കുന്ന വിശദീകരണം ക്രമാനുഗതമായി

പത്താം ക്ലാസ്സിലേയ്ക്ക് എത്തുമെന്നാണ്. പക്ഷെ ബില്ലിൽ പറയുന്നത് 2017 മുതൽ എന്നാണ്. അതിലൊരു വ്യക്തതയുണ്ടായില്ലെങ്കിൽ പിന്നീട് നാട്ടിൽ വലിയ പ്രശ്നങ്ങളുണ്ടാകും; കുട്ടികളിലും വലിയ കൺഫ്യൂഷനുണ്ടാകും. എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വ്യക്തതയുടെ കാര്യം തന്നെയാണ് ഞാനും പറഞ്ഞത്. ചില കാര്യങ്ങളിൽ അവ്യക്തതയുണ്ട്. ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള എല്ലാ ക്ലാസ്സുകളിലും മലയാളഭാഷ പഠിപ്പിക്കണമെന്നുള്ളത് ഒരു നിബന്ധനയാക്കേണ്ടതാണെന്നും 2017-2018 അദ്ധ്യയനവർഷം മുതൽ മലയാളം ഒരു നിർബന്ധിത ഭാഷയായി പഠിപ്പിക്കേണ്ടതാണെന്നും ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ പരീക്ഷയില്ലാത്ത വിഷയമെന്ന് പറയുമ്പോൾ കുട്ടികളെ സംബന്ധിച്ച് അത് പഠിക്കുന്ന കാര്യത്തിൽ അലംഭാവമുണ്ടാകുമെന്നത് ഒരു വസ്തുതയാണ്. അതിനാൽ പേരിനെങ്കിലും പരീക്ഷ വേണം. അതേ അവസരത്തിൽ എസ്.എസ്.എൽ.സി-യുടെ പൊതു പരീക്ഷയിൽ അതിന്റെ മാർക്ക് കൂട്ടേണ്ടെങ്കിൽ കൂട്ടാതിരിക്കാം. പക്ഷെ ഒന്നാംക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഈ പാഠപുസ്തകം പഠിച്ച കുട്ടിക്ക് പത്താം ക്ലാസ്സിലെ പരീക്ഷ എഴുതുന്നതിന് ബുദ്ധിമുട്ടില്ല. അപ്പോൾ ഈ കാര്യത്തിൽ ഒരു ഡിഫറൻസിയേഷൻ വേണ്ടിവരും. ഇടയ്ക്കുവരുന്ന കുട്ടികളെ സംബന്ധിച്ച് ഒരു തീരുമാനവും ഒന്നാം ക്ലാസ്സ് മുതൽ ഇവിടെ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് മറ്റൊരു തീരുമാനവും എടുക്കേണ്ടിവരും. ഇപ്പോൾ ഗൾഫിൽനിന്നും വരുന്ന കുട്ടികളെ സംബന്ധിച്ച് എട്ടാം ക്ലാസ് മുതലാണ് സി.ബി.എസ്.ഇ.-യുടെ പ്രശ്നം വരുന്നത്. അവിടെ സി.ബി.എസ്.ഇ.-യുടെ പുസ്തകങ്ങൾ പഠിക്കുമ്പോൾ, ഇവിടെ ഒന്നുമുതൽ ഏഴാം ക്ലാസ് വരെയുള്ളത് അവർ പ്രൈവറ്റ് പബ്ലിക്കേഷൻസിന്റെ പുസ്തകങ്ങളാണ് പഠിക്കുന്നത്. അത് പല സ്കൂളുകളിലും പല രീതിയിലാണ്. അവർ മാർക്ക് കൊടുക്കുന്നതും ആ രീതിയിലാണ്. അതിന് ഏകീകൃതമായ ഒരു രൂപമുണ്ടാക്കാൻ കഴിയണം.

ശ്രീ. കെ. എം. ഷാജി: സർ, നമ്മൾ മലയാളഭാഷ വേണമെന്ന് പറയുമ്പോഴും ഭാഷാപരമായ റിസർച്ച് നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. നമ്മളിപ്പോൾ ഉപയോഗിക്കുന്ന ഭാഷകളിൽ ഏകദേശം 40-50%-ഉം ഇംഗ്ലീഷ് കടന്നുവരികയാണ്. എന്തിനാണ് റിസർച്ച് നടത്തുന്നത്? ഇവിടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. ഒരു ഭാഷാനിഘണ്ടു രൂപീകരിക്കണമെന്ന് പറഞ്ഞിട്ട് ഒരുപാട് കാലമായി, ഇരുപത് വർഷത്തോളമായിട്ടും ഒരു ഭാഷാനിഘണ്ടു പൂർത്തീകരിച്ചിട്ടില്ല. മലയാളം യൂണിവേഴ്സിറ്റിയുമുണ്ട്. എന്ത് റിസർച്ചാണ് മലയാളഭാഷയുമായി ബന്ധപ്പെട്ട് നടക്കുന്നത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അത് നമ്മുടെ വിഷയവുമായി ബന്ധപ്പെട്ട കാര്യമല്ല. ഇക്കാര്യം എന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത് റിസർച്ചുമായി ബന്ധപ്പെട്ട വിഷയമാണ്. ഞാൻ പറഞ്ഞുവന്നത്, ഭാഷാ ന്യൂനപക്ഷങ്ങൾ, ഓറിയന്റൽ സ്കൂളുകൾ എന്നിവയെ സംബന്ധിച്ച ആശങ്കകളാണ്. ഇക്കാര്യങ്ങളിൽ ഒരു വ്യക്തതയുമില്ല. ബില്ലിൽ പറഞ്ഞിട്ടുള്ളത്, മലയാളപഠനത്തിന് നിർണ്ണയിക്കാവുന്ന രീതിയിൽ സൗകര്യം ചെയ്തു കൊടുക്കേണ്ടതാണെന്നാണ്. അതെങ്ങനെയാണെന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തതയുമില്ല. അതൊരു പോരായ്മയാണ്. ഇവിടെ സൂചിപ്പിച്ചത്, സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികളും ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ മലയാളം പഠിച്ചിരിക്കണമെന്നുള്ളതുതന്നെയാണ്. അത് രണ്ടുമൂന്ന് രീതിയിലുള്ള കാറ്റഗറി വരുമ്പോൾ എങ്ങനെ ചെയ്യണമെന്നും എൻഫോഴ്സ് ചെയ്യാൻ കഴിയുമോയെന്നുള്ളതും ഇതിന്റെ ചട്ടങ്ങളുണ്ടാക്കുമ്പോൾ കാര്യമായ രീതിയിൽ ശ്രദ്ധിച്ചുകൊണ്ടുതന്നെ ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മയ്ക്ക് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലർ ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

5.00 PM]

ശ്രീ. എസ്. ശർമ്മ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുമുമ്പ് നടന്ന ചർച്ചയിൽ ഈ വിഷയം സംബന്ധിച്ച് വിശദമായി ഞാൻ സംസാരിച്ചിരുന്നതുകൊണ്ട് കൂടുതൽ സമയമെടുക്കുന്നില്ല. മാതൃഭാഷയിൽ എഴുതാനും വായിക്കാനും അറിയാതെ ഏത് ബിരുദവും കരസ്ഥമാക്കാൻ കഴിയുന്ന ലോകത്തിലെ അപൂർവ്വ സ്ഥലങ്ങളിലൊന്നാണ് കേരളം. എന്നാൽ ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും അപ്രകാരമില്ല. ലോകത്തിലെ അപൂർവ്വം സ്ഥലങ്ങളിലൊന്നാണ് കേരളം. ഇത്തരമൊരു പശ്ചാത്തലത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ സിലബസിന് വിധേയമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നമ്മുടെ സംസ്കാരത്തിന്റെയും ഭാഷയുടെയും അവിഭാജ്യഘടകമായി ഇത് മാറ്റുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ യഥാർത്ഥത്തിൽ മലയാളം പഠിപ്പിക്കുന്നില്ല. അതുകൊണ്ടാണല്ലോ ഈ ബിൽ ആവശ്യമായി വന്നത്. അത് അടിച്ചേൽപ്പിക്കലല്ല.

മാതൃഭാഷ എന്നത് ഒരു നാടിന്റെ, ജീവിക്കുന്ന ജനതയുടെ പൗരാവകാശത്തിന്റെയും മനുഷ്യാവകാശത്തിന്റെയും അംശമായി കണക്കാക്കേണ്ട കാര്യമാണ്. അങ്ങനെ അവരുടെ പൗരാവകാശം സംരക്ഷിക്കാനുള്ള ഒരു സർക്കാരിന്റെ സാക്ഷരതയിൽ അധിഷ്ഠിതമായ നേതൃത്വപരമായ, മഹത്തായ ദൗത്യമാണ് ഈ ബില്ലിലൂടെ വിഭാവന ചെയ്യുന്നത്.

പഠനമാധ്യമം മാതൃഭാഷ ആയിരിക്കണമെന്നുള്ള കാഴ്ചപ്പാടിൽ ഇന്ത്യയിൽ നിരവധി കമ്മീഷനുകൾ വന്നിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് തന്നെ പാസ്സാക്കിയ നിയമത്തിൽ എട്ടാം ക്ലാസ് വരെ മാതൃഭാഷ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. പക്ഷേ അത് നമ്മുടെ നാട്ടിൽ നടപ്പാക്കുന്നില്ലെന്നതാണ് ഒരു പ്രത്യേകത. പഠനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് എല്ലാ വിദ്യാഭ്യാസ കമ്മീഷനുകളും നിർദ്ദേശിച്ചിട്ടുള്ളതാണ്. വിദേശഭരണത്തിന്റെ മേധാവിത്വം നിലനിന്ന രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും അതിന്റെ അവശിഷ്ടങ്ങളുണ്ടായിരുന്ന പ്രദേശങ്ങളിലുമൊക്കെയാണ് യഥാർത്ഥത്തിൽ മാതൃഭാഷയുടെ ജനാധിപത്യപരമായ വികസനം അതിന്റെ ലക്ഷ്യപ്രാപ്തിയിലേയ്ക്ക് എത്തിക്കുന്നതിന് തടസ്സമായി വന്നത്. കേരളത്തിൽ ഡോ. ആർ. വി. ജി. മേനോന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി 2011-ൽ നൽകിയ റിപ്പോർട്ടിൽ ഇക്കാര്യം നിർദ്ദേശിച്ചിരുന്നു. എല്ലാത്തരം വിദ്യാലയങ്ങളിലും പഠനമാധ്യമം മലയാളമാക്കണമെന്ന് വ്യക്തമാക്കുകയും അങ്ങനെയുള്ള വിദ്യാലയങ്ങൾക്കേ എൻ.ഒ.സി. കൊടുക്കാൻ പാടുള്ളൂ എന്നും ഡോ. ആർ.വി.ജി. മോനോൻ കമ്മിറ്റിയുടെ ശിപാർശയിലുണ്ടായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് പ്രായോഗികമല്ല. സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷന് പ്രത്യേക സിലബസും ക്രമീകരണങ്ങളുമാണ്. അതിന്റെ നിയമം ഗവൺമെന്റ് ഓഫ് ഇന്ത്യ കൊണ്ടുവന്ന സെൻട്രൽ ആക്ടാണ്. നമ്മളിവിടെ കൊണ്ടുവരുന്ന സംസ്ഥാന സർക്കാരിന്റെ നിയമത്തിൻകീഴിൽ സംസ്ഥാന സിലബസും സംസ്ഥാനത്തിന്റെ ക്രമീകരണങ്ങളുമാണ്. ഇതുരണ്ടും ഒരിക്കലും ചേരില്ലെന്നുമാത്രമല്ല, നിലനിൽക്കുന്ന സെൻട്രൽ ആക്ടിന് വിരുദ്ധമായി നമ്മളൊരു നിയമം പാസ്സാക്കിയാൽ ഇവിടെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒരു സബ്ജക്ടാണെന്നുള്ളതുകൊണ്ട് അതിന് പ്രസിഡന്റ് ഓഫ് ഇന്ത്യയുടെ അസന്റ് കിട്ടില്ല. നമ്മളൊരു നിയമം പാസ്സാക്കുമ്പോൾ പ്രസിഡന്റ് ഓഫ് ഇന്ത്യയുടെ അസന്റുകൂടി കിട്ടത്തക്കവിധത്തിൽ കൃത്യമായി പാസ്സാക്കണം. അങ്ങനെ പാസ്സാക്കണമെങ്കിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ വിഭാഗത്തെ ഇതിൽനിന്നും ഒഴിവാക്കേണ്ടി വരും.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങനെ വരുമ്പോൾ നമ്മുടെ ഉദ്ദേശ്യം നടപ്പിലാക്കാൻ കഴിയില്ല. സർക്കാർ, എയ്ഡഡ് മേഖലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളമുണ്ട്. അത് രക്തയോട്ടംപോലെ എല്ലാ സബ്ജക്ടിലും പങ്കുവഹിക്കുന്നുണ്ട്. ഇംഗ്ലീഷ് ഭാഷ പഠിച്ചാലേ ജോലി കിട്ടുകയുള്ളൂ എന്നതിനാലാണ് അതിലേയ്ക്ക് കമ്പംവരുന്നത്. ഇംഗ്ലീഷ് പഠിക്കേണ്ടത് അനിവാര്യമാണ്. ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടിലും ഇന്ത്യയിൽ നടന്നിട്ടുള്ള മറ്റ് പഠന റിപ്പോർട്ടുകളിലും 1966-68 കാലയളവിലെ കോത്താരി കമ്മീഷൻ റിപ്പോർട്ടിലും ത്രിഭാഷാ സംവിധാനത്തെ സംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറയുന്ന ഈ ജനറൽ തീമിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. പക്ഷേ എഡ്യൂക്കേഷൻ ലാംഗ്വേജ് എന്നത് പഠനഭാഷയും അതോടൊപ്പം പേഴ്സണാലിറ്റി ഡെവലപ്മെന്റിനുവേണ്ടി വിനിയോഗിക്കുന്ന ഒരു മാധ്യമവുമാണ്. ഇത് രണ്ടും നമ്മുടെ ഭാഷയ്ക്കുള്ളിൽ തന്നെയാണ്. ഇതിലൊരു ഭാഗം കൊട്ടിയടച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യം വന്നാൽ ഭാവിതലമുറയോട് നമ്മൾ കാണിക്കുന്ന ഏറ്റവും വലിയ തെറ്റായി നാളെ ചരിത്രം രേഖപ്പെടുത്തും.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങനെ കാണിക്കാൻ പാടില്ല. സമാന്തരമായിട്ടാണ്. ത്രിഭാഷാ സംവിധാനത്തിൽ ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണന്റെ റിപ്പോർട്ടിലും കോത്താരി കമ്മീഷൻ റിപ്പോർട്ടിലും മാതൃഭാഷയ്ക്കാണ് പ്രയോറിറ്റി കൊടുത്തിരിക്കുന്നത്. സാർവ്വദേശീയ അടിസ്ഥാനത്തിലുള്ള ഭാഷ എന്നുള്ള നിലയ്ക്കാണ് ഇംഗ്ലീഷിനെ കാണുന്നത്. ദേശീയ അടിസ്ഥാനത്തിൽ പ്രിഫറബിളായ ഭാഷ എന്ന നിലയ്ക്കാണ് ഹിന്ദിയെ കണക്കാക്കുന്നത്.

ശ്രീ. ഒ. രാജഗോപാൽ: സർ, കോത്താരി കമ്മീഷൻ റിപ്പോർട്ടിലും മറ്റ് വിവിധ റിപ്പോർട്ടുകളിലും മാതൃഭാഷയിൽക്കൂടി പഠിപ്പിക്കണമെന്ന തത്വം പറഞ്ഞിട്ടുണ്ട്. പക്ഷേ ഇവിടെ പ്രായോഗികമായി വരുന്ന ഒരു പ്രശ്നം കന്നഡയും തമിഴും സംസാരിക്കുന്ന പ്രദേശങ്ങളിൽ അവരുടെ മാതൃഭാഷ കന്നഡയും തമിഴുമാണ്. അപ്പോൾ നമ്മൾ ഏത് ഭാഷയിൽ പഠിപ്പിക്കുമെന്നുള്ളതൊരു പ്രശ്നമാണ്. രണ്ടാമത്തെ പ്രശ്നം, അവർക്ക് ഭാഷ പരിചയപ്പെടുന്നതിന് താൽപ്പര്യമുണ്ട്. പക്ഷേ ഒരു മീഡിയമായി വരുന്നതിൽ അവർക്ക് എതിർപ്പുണ്ട്. വെറുതെ ഭാഷ പരിചയപ്പെടാനും പഠിക്കാനും വേണ്ടിയുള്ളതാണെങ്കിൽ അതൊരു പ്രശ്നം, പരീക്ഷ പാസ്സാകണമെന്നുവരുന്നത് വേറൊരു പ്രശ്നം മാതൃഭാഷയിൽ ആകണമെന്നുള്ളത് സംബന്ധിച്ച് ഇവിടെ പൊതുവെ ആർക്കും തർക്കമില്ല.

മി. സ്പീക്കർ: അക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരിക്കുമ്പോൾ വ്യക്തമാകും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഏതെങ്കിലുമൊരു ഭാഷയെ എതിർക്കുക, അല്ലെങ്കിൽ ഏതെങ്കിലും ഭാഷയെ നിരാകരിക്കുക എന്നത് ഈ ബില്ലിലുള്ളതായി എനിക്ക് തോന്നുന്നില്ല. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞപ്പോൾ ഇംഗ്ലീഷ് പഠിച്ചാലേ എല്ലാമാകൂ എന്നൊരു ധ്വനി ഉണ്ടെന്ന് എനിക്ക് തോന്നുന്നു. ലോകത്ത് ഇംഗ്ലീഷ് എന്താണെന്നറിയാത്ത രാജ്യങ്ങളുമുണ്ട്. സ്പാനിഷ് ഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽ പോയി നോക്കണം. അവർക്ക് ഇംഗ്ലീഷ് അറിയില്ല. അവർക്ക് സ്പാനിഷ് മാത്രമേ അറിയുകയുള്ളൂ. ചൈനീസ് സംസാരിക്കുന്ന സ്ഥലത്ത് ചൈനീസ് ഭാഷ മാത്രമേ അറിയുകയുള്ളൂ. മോസ്കോ എയർപോർട്ടിൽ പോയപ്പോൾ ഞങ്ങൾ ക്ലോക്ക് റൂം ചോദിച്ച് ഒരു മണിക്കൂർ കറങ്ങിനടന്നു. അറിയില്ല. സത്യത്തിൽ നമ്മുടെ മാതൃഭാഷയെ പഠനോപാധി ആക്കണമെന്ന് നിർദ്ദേശിക്കുന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. അതിനെ നിരാകരിക്കലല്ല.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ ബഹുമാനപ്പെട്ട ശ്രീ. ഒ. രാജഗോപാൽ പറഞ്ഞ പോയിന്റിനെ എതിർക്കുന്നില്ല. കാരണം, മൈനോറിറ്റി സ്കൂളിലാണെങ്കിൽ മൈനോറിറ്റിയുടെ ഭാഷ ഏതാണോ അതാണ് മാതൃഭാഷ. പക്ഷേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമെന്നുള്ളനിലയ്ക്ക് ഇവിടത്തെ പൊതുഭാഷ, മാതൃഭാഷ മലയാളമാണെന്നിരിക്കെ അതുകൂടി അവർ അറിഞ്ഞിരിക്കണം.

ഡോ. എൻ. ജയരാജ്: സർ, ഇതുമായി ബന്ധപ്പെട്ട ചർച്ചയുടെ തുടക്കം മുതൽ വളരെയേറെ ആശങ്കകൾ അനാവശ്യമായി ഉണ്ടാകുന്നോ എന്നെനിക്ക് സംശയമുണ്ട്. ഞാൻ പറഞ്ഞ ഒരാശയം, മാതൃഭാഷ പഠിക്കുന്നതിനുള്ള നിയമം നാളെ ആരെങ്കിലും വായിച്ചുനോക്കുമ്പോൾ മലയാളി സ്വന്തം മാതൃഭാഷ പഠിക്കാൻവേണ്ടി അത് നിർബന്ധിത ഭാഷയാക്കി, ഒരു നിയമമുണ്ടാക്കി എന്നുപറയുന്നത് ഭാഷയ്ക്കും നമുക്കും അൽപ്പം മോശമല്ലേ എന്നുള്ളതുകൊണ്ട് ആ വാക്ക് ഒഴിവാക്കണമെന്നുള്ള നിർദ്ദേശമാണ് ഞാൻ സബ്ജക്ട് കമ്മിറ്റി ചർച്ചയിൽ പങ്കുവച്ചത്. അത് ശരിയാണെന്ന് എനിക്ക് തോന്നുന്നു. നിർബന്ധിതം എന്ന വാക്ക് ഒഴിവാക്കിയത് നന്നായെന്ന് തോന്നുന്നു. രണ്ടാമതായി, യഥാർത്ഥത്തിൽ എന്താണ് ഈ മാതൃഭാഷ എന്ന വിഷയമുണ്ട്. പലപ്പോഴും ചർച്ച ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന കുഴപ്പം ജൈവീകമായ, ജനികതമായിട്ടുള്ള ഒരു സ്വഭാവമല്ല

അതിനുള്ളതെന്നതാണ്. സത്യത്തിൽ അതിന് സാമൂഹികപരമായ ഒരു ബോധമുണ്ട്. അമ്മയുടെ പൊക്കിൾക്കൊടിയിലൂടെ കടന്നുവന്നുണ്ടായിട്ടുള്ളതല്ല യഥാർത്ഥത്തിൽ മാതൃഭാഷ. ഒരു പരിചാരക ശിശുവിനോട് സംസാരിക്കുന്ന ഭാഷയാണ് ആ കുട്ടിയുടെ മാതൃഭാഷ എന്നാണ് നവോത്ഥാന പ്രവർത്തനങ്ങൾക്ക് ഏറെ നേതൃത്വം നൽകിയ ദാന്തെ പറഞ്ഞത്. യഥാർത്ഥത്തിൽ മാതൃഭാഷ ഒരു സാമൂഹ്യപരമായ അവസ്ഥയാണ്. നാം ജീവിക്കുന്ന ചുറ്റുപാടുകളോടും അതിനോടുള്ള പ്രതികരണത്തിൽനിന്നും സ്വയം ആർജ്ജിക്കുന്നതായ ഒരു ബോധത്തിൽ നിന്നാണ് യഥാർത്ഥത്തിൽ നമ്മളിൽ മാതൃഭാഷയുണ്ടാകുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ സ്വത്വബോധത്തെ നിലനിർത്താനും നമ്മുടെ പരിസരങ്ങളോട് കുറേക്കൂടി അടുത്തിടപെടാനുമൊക്കെ മാതൃഭാഷ വളരെ പ്രധാനപ്പെട്ടൊരു ഘടകമാണ്. പക്ഷേ അത് ആരുടെയെങ്കിലും അവകാശങ്ങളെ നിഷേധിക്കുന്നതിനപ്പുറത്ത് നമ്മുടെ അവകാശങ്ങളെ കുറേക്കൂടി ശക്തിപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമല്ലേ ഈ ബിൽ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഓരോരുത്തർക്കും അവരുടെ ഭാഷ മാതൃഭാഷയാണ്. മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്, മാതൃഭാഷയിൽ പഠിക്കുന്നതിന്റെ ആറിരട്ടി സമയമുണ്ടെങ്കിലേ ആ ജ്ഞാനം വേറൊരു ഭാഷയിൽനിന്ന് നമുക്ക് കൈവരിക്കാൻ സാധിക്കൂ എന്ന്. അതുകൊണ്ട് മാതൃഭാഷയിൽ പഠിക്കുമ്പോൾ ഒരു മൂല്യവും, സംഗീതവും അതിന്റെ താളവും, ചുറ്റുപാടുകളും, കാലാവസ്ഥയുമൊക്കെ കൂടിയാണ് നാം പഠിക്കുന്നത്. ശൂരനാട് കുഞ്ഞൻപിള്ള സാർ മഹാനിഘണ്ടുവിന്റെ അഞ്ച് വാല്യം സൃഷ്ടിച്ചതിനുശേഷം, അതായത് 1988-നുശേഷം നമുക്ക് ഭാഷയെ അങ്ങനെ വളർത്താൻ കഴിഞ്ഞിട്ടില്ല. സത്യത്തിൽ കർണ്ണാടകവും തമിഴ്നാട്ടുമായി ചേർന്നുനിൽക്കുന്നതുകൊണ്ട് ദ്രാവിഡഭാഷയിലെ വാക്കുകൾ ചേർത്ത് നമ്മുടെ ഭാഷ കൂടുതലായി വളരേണ്ടതാണ്. നാല് ഭാഷകൾ ചേർന്ന തമിഴും മലയാളവും കർണ്ണാടകവും തെലുങ്കുമൊക്കെ ചേർന്ന ഭാഷകളിൽ നിന്ന് വാക്കുകൾ സ്വീകരിച്ച് ഒരു പൊതുഭാഷയായി വളരുന്നതിനുള്ള വലിയ ശ്രമം ശൂരനാട് കുഞ്ഞൻപിള്ള സാറിനുശേഷം ഉണ്ടായില്ല എന്നതും, ഇപ്പോൾ ഇറക്കിയ മഹാനിഘണ്ടു തെറ്റുകളുടെ ഒരു ഉൽസവമായി മാറിയെന്നതും പരിഗണിച്ച് അതിന് വേണ്ടത്ര തരത്തിലുള്ള ശ്രമം ഈ കാലത്ത് ഉണ്ടാകേണ്ടതല്ലേ?

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ബില്ലിൽ നിർബന്ധമെന്ന പദം ഒഴിവാക്കിയത് നല്ലകാര്യമാണ്. അതുപോലെ ഇത് പഠിപ്പിച്ചില്ലെങ്കിൽ 5,000 രൂപ പ്രധാന അദ്ധ്യാപകന് പിഴ ചുമത്തുമെന്നതുകൂടി ഒഴിവാക്കണം. എങ്കിൽ മാത്രമേ, ഈ പറഞ്ഞ ആശങ്ക അകറ്റാൻ കഴിയൂ. അതംഗീകരിക്കണം.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച് ബിൽ ഇൻട്രൊഡ്യൂസ് ചെയ്ത സന്ദർഭത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മലയാളഭാഷ വ്യാപരിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ് ഈ ബിൽ. പിഴ ഈടാക്കുക എന്നുള്ളതല്ല ആത്യന്തിക ലക്ഷ്യം, പക്ഷെ പിഴ ഈടാക്കേണ്ടി വരുമെന്ന തോന്നൽ പഠിക്കുന്നതിന് പ്രചോദനം ഉണ്ടാക്കുന്നതിൽ പങ്കുവഹിക്കും, ആ കൺസെപ്റ്റാണുള്ളത്. മലയാളഭാഷയുടെ വികസനത്തിന്റെ ഒരു ചരിത്രപശ്ചാത്തലം ഇവിടെ പറഞ്ഞു, കർണ്ണാടക, ആന്ധ്ര, തമിഴ്നാട് തുടങ്ങിയ ദ്രാവിഡ സംസ്കാരത്തിന്റെ അവിഭാജ്യഘടകമായി വികസിച്ചു വന്ന ഒരു ഭാഷ എന്ന നിലയ്ക്ക് ആ സംസ്കാരത്തിന്റെ സ്വാധീനം മലയാളഭാഷയെ സ്വാധീനിച്ചിട്ടുണ്ട്, ഇപ്പോഴും അതിന്റെ ബെയ്സുണ്ട്. പക്ഷെ, കുറേക്കൂടി മുൻപോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മലയാളഭാഷയുടെ വികസനത്തിനും ചരിത്രപരമായ വളർച്ചയും സാംസ്കാരികമായ ഉയർച്ചയും അടിസ്ഥാനമാക്കി കൊണ്ടുള്ള പുസ്തകങ്ങളും രചനകളും പ്രസിദ്ധീകരണങ്ങളുമൊക്കെ ഒരു പ്രത്യേക മാനദണ്ഡത്തിലേയ്ക്കെത്തിയപ്പോഴാണ് മലയാളഭാഷ ശ്രേഷ്ഠഭാഷയായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത്. പക്ഷെ ശൂരനാട് കുഞ്ഞൻപിള്ള സാറിന്റെയൊക്കെ കാലത്ത് നിശ്ചയിക്കപ്പെട്ടിട്ടുള്ള രൂപത്തിലേയ്ക്കുള്ള വളർച്ച പിൽക്കാലത്തുണ്ടായിട്ടില്ല എന്നുള്ള ഒരു നിരീക്ഷണത്തിൽ ഏറെക്കുറെ ശരിയുമുണ്ട്. ഡോ. എൻ. ജയരാജ് പറഞ്ഞ കാര്യം ശരിയാണ്, അത് അർത്ഥവത്തായി തന്നെ കണക്കാക്കേണ്ടതാണ്. നിർബന്ധിതം എന്നുള്ളത് ഒഴിവാക്കപ്പെടുകയും അതേ അവസരത്തിൽ ഇതിന്റെ അനിവാര്യതയിലേക്ക് വിരൽചൂണ്ടുകയും ചെയ്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകാര്യമായിട്ടുള്ളതായിട്ടാണ് എനിക്ക് തോന്നുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഭാഷയുടെ പേഴ്സണാലിറ്റിയും അതിന്റെ ഡെവലപ്മെന്റും സംബന്ധിച്ച് പറഞ്ഞത് കറക്ടാണ്, അതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷെ ഇംഗ്ലീഷിനോട് അമിതകമ്പമുണ്ട്, ഇംഗ്ലീഷ് പഠിച്ചാലേ ജോലി കിട്ടുകയുള്ളൂ എന്നൊക്കെ പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇംഗ്ലണ്ടിൽ മാതൃഭാഷ ഇംഗ്ലീഷാണല്ലോ; തൊഴിലില്ലായ്മ രൂക്ഷമായപ്പോൾ, യൂറോപ്യൻ യൂണിയനിൽ നിന്ന് ഇംഗ്ലണ്ട് വിട്ടുപോകണമെന്ന ഹിതപരിശോധന വച്ചപ്പോൾ അവിടത്തെ അടിസ്ഥാനപ്രശ്നം തൊഴിലില്ലായ്മയാണ്. അവിടത്തെ മാതൃഭാഷ ഇംഗ്ലീഷാണ്. പക്ഷെ ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാനത്തിലല്ല, ഇക്കണോമിക് പോളിസിയെ ബെയ്സ് ചെയ്താണ് തൊഴിൽ ലഭിക്കുന്നതെന്ന് ആ പാവങ്ങൾ അറിയുന്നില്ല. അല്ലെങ്കിൽ ഒരു പക്ഷെ അറിഞ്ഞിട്ടായിരിക്കാം, പ്രതികരണം രേഖപ്പെടുത്തി ഹിതപരിശോധനയിൽ മെജോറിറ്റി വിട്ടുപോകാൻ നിശ്ചയിച്ചു. ഇംഗ്ലണ്ടിലെ സുപ്രീംകോടതി

നിർദ്ദേശിച്ചിരിക്കുന്നത് വീണ്ടും പാർലമെന്റിൽ പോയി തീരുമാനമെടുക്കാനാണ്. യഥാർത്ഥത്തിൽ പാർലമെന്റ് തീരുമാനിച്ചിട്ടാണ് ഹിതപരിശോധനയ്ക്ക് പോയത്. അമേരിക്കയിലെ മാതൃഭാഷ ഇംഗ്ലീഷാണ്. അമേരിക്കയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. ജിയോ മോട്ടോഴ്സിലുൾപ്പെടെയുള്ള 10 ലക്ഷം തൊഴിലാളികളാണ് പണിമുടക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ അവിടെ നടന്ന തെരഞ്ഞെടുപ്പിൽ ലോകത്തിലെ ഒന്നാമത്തെ റിയൽ എസ്റ്റേറ്റ് ഭീമനായിട്ടുള്ള ട്രംപ് വിജയം കൈവരിച്ചത് തൊഴിലില്ലായ്മയെ ചൂഷണം ചെയ്തിട്ടാണ്. കറുത്തവരുടെ ഇടയിൽ കുടിയേറ്റം ശക്തമാണെന്നുള്ളതുകൊണ്ട് അമേരിക്കൻ പൗരന്മാർക്ക് തൊഴിൽ നഷ്ടപ്പെടുന്നു; വിഭാഗീയതയും വംശീയതയും അടിച്ചേൽപ്പിക്കപ്പെടുന്ന ക്യാമ്പയിൻ നടത്തുകയും പാവങ്ങൾ അതിൽ വിശ്വസിക്കുകയും ചെയ്തു. പക്ഷെ ലോകചരിത്രത്തിലാദ്യമായി ഒരു ഭരണാധികാരി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ 45 ലക്ഷം പേരാണ് പ്രതിഷേധം രേഖപ്പെടുത്തിയത്. ആ രൂപത്തിലുള്ള പ്രത്യേകതകളും ലോകത്ത് വളർന്നുവരുന്നുണ്ട്.

ഞാൻ പറഞ്ഞ പോയിന്റ്, ഇംഗ്ലീഷ് ഭാഷ ഉപയോഗപ്പെടുത്തുന്നത് മുൻപോട്ടുള്ള പ്രയാണത്തിന് അനിവാര്യമാണ്. പേഴ്സണാലിറ്റി ഡെവലപ്മെന്റെന്നുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നിരീക്ഷണം പൂർണ്ണമായും ശരിയാണ്. പക്ഷെ നമ്മളെ സംബന്ധിച്ചിടത്തോളം സമാന്തരമായി, ഒരു മാതൃസ്ഥാനീയ ദൗത്യമാണ് നമ്മുടെ ഭാഷയ്ക്കുള്ളത്. അത് നഷ്ടപ്പെടാതെ സൂക്ഷിക്കണം. പഠനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് റിപ്പോർട്ട് നൽകിയ ജ്ഞാനപീഠം ജേതാവ് V. K. Gokak-ന്റെ വ്യക്തിത്വം ശ്രദ്ധേയമാണ്. ഇംഗ്ലീഷ് പ്രൊഫസറായിരുന്ന അദ്ദേഹം ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ ചരിത്രവിഭാഗത്തിൽ, ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാം റാങ്ക് നേടിയിട്ടുള്ള വെള്ളക്കാരനല്ലാത്ത ആദ്യത്തെ വിദ്യാർത്ഥിയായിരുന്നു. അദ്ദേഹം ഹൈദ്രാബാദിലെ കേന്ദ്ര ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ ഡയറക്ടർ, ബാംഗ്ലൂർ സർവ്വകലാശാലയുടെ വൈസ് ചാൻസിലർ എന്നിവയെല്ലാമായിരുന്ന പണ്ഡിതനാണ്. അദ്ദേഹം മാതൃഭാഷയ്ക്കാണ് പ്രയോറിറ്റി കൊടുത്തുകാണുന്നത്. ഇംഗ്ലണ്ടിലെ ഇംഗ്ലീഷ് പ്രൊഫസറായ റോബർട്ട് ഫിലിപ്സൺ ആണ് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ ഇംഗ്ലീഷ് പഠനമാധ്യമമായി അടിച്ചേൽപ്പിക്കുന്നതിനെതിരെ രംഗത്ത് വന്നത്. അദ്ദേഹത്തിന്റെ ചരിത്ര പ്രസിദ്ധമായ പുസ്തകമാണ് Linguistic Imperialism; ഭാഷാപരമായിട്ടുള്ള സാമ്രാജിത്വം. ആ കൃതിയിലൂടെ അദ്ദേഹം നിർദ്ദേശിച്ചത് മാതൃഭാഷയെ ക്കുറിച്ചായിരുന്നു, വിദ്യാഭ്യാസ നയം എപ്രകാരമായിരിക്കണമെന്നാണ് നിർദ്ദേശിച്ചത്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതോട്ടുകൂടി പ്രാഥമികതലം മുതൽ ഉന്നതവിദ്യാഭ്യാസം വരെ മാതൃഭാഷയാക്കാനുള്ള ശിപാർശയുണ്ടായിരുന്നു.

വിദ്യാഭ്യാസത്തിൽ മാതൃഭാഷ അഥവാ പ്രാദേശികഭാഷ എന്ന നിലയിലും ഇംഗ്ലീഷ് ലോകഭാഷ എന്നുള്ള നിലയിലും ഹിന്ദി ദേശീയഭാഷ എന്നുള്ള നിലയിലും ഉൾപ്പെടുന്ന ത്രിഭാഷാ പദ്ധതി ഡോ. രാധാകൃഷ്ണനായിരുന്നു നിർദ്ദേശിച്ചത്. അദ്ദേഹം മലയാളമടക്കമുള്ള ഭാഷകളെ ഇന്ത്യൻ ഭരണഘടനയുടെ 8-ാം പട്ടികയിൽ ഉൾപ്പെടുത്തുകയും 13 വർഷം കഴിഞ്ഞ് ചേർന്ന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ, കോത്താരി കമ്മീഷൻ റിപ്പോർട്ട് ചർച്ചയ്ക്കെടുക്കുകയും അംഗീകാരം കൊടുക്കുകയും നിയമമാക്കുകയുമാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ 1968-ൽ ഇന്ത്യൻ പാർലമെന്റ് ഇതിനെ ആസ്പദമാക്കി പ്രമേയവും പാസ്സാക്കി. ഭാഷാപരമായ മനുഷ്യാവകാശം രാഷ്ട്രീയവുമായി ബന്ധപ്പെട്ടുയർന്നുവന്ന സുപ്രധാനമായ സങ്കൽപ്പമാണ്. ഐക്യരാഷ്ട്രസഭയും അതംഗീകരിച്ചിട്ടുണ്ട്. സ്വന്തം ഭാഷയിൽ തൊഴിലെടുക്കാനും വിദ്യാഭ്യാസം ചെയ്യാനുമുള്ള അവകാശമാണ് ഭാഷാപരമായ മനുഷ്യാവകാശം. ഭാഷാപരമായ വിദ്യാഭ്യാസ അവകാശം ഭാഷാപരമായ മനുഷ്യാവകാശത്തിന്റെ ഭാഗമാണ്. അതേസമയം അത് വിദ്യാഭ്യാസ അവകാശത്തിന്റേയും ഭാഗമാണ്. ഇന്ത്യയിലെ വിദ്യാഭ്യാസ അവകാശ നിയമത്തിലും ഇത് പറയുന്നുണ്ട്. വംശീയവിവേചനം, ലിംഗവിവേചനം, ഭാഷാപരമായ വിവേചനം എന്നുള്ളത് മനുഷ്യാവകാശ ലംഘനത്തിന്റെ ഭാഗമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേരളം ഇന്ന് ഹിന്ദുവെന്നോ, ഇസ്ലാമെന്നോ, ക്രിസ്ത്യാനിയെന്നോ വ്യത്യാസമില്ലാതെ തലയുയർത്തി നിൽക്കുന്നതിന്റെ അടിസ്ഥാനപരമായ ഘടകം ഭാഷയാണെന്ന കാര്യം നമുക്കറിയാം. അത് സംരക്ഷിക്കപ്പെടുകയും ജനാധിപത്യബോധത്തെ എല്ലാ നിലയിലും ഉയർത്തിപ്പിടിക്കുകയും ചെയ്യുമ്പോൾ അതിൽ പൂർണ്ണമായി നമുക്ക് പങ്കു വഹിക്കാൻ കഴിയും. മാതൃഭാഷ അറിയാത്ത കുട്ടിക്ക് പാരിസ്ഥിതിക വൈവിധ്യം തിരിച്ചറിയാൻ കഴിയണമെന്നില്ല. അക്കാദമിക മേഖലകളിൽ ഇതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക ഭാഷാശാസ്ത്രമെന്ന ശാഖ ഇപ്പോൾ വളർന്നുവരുന്നുണ്ട്. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണം ഉറപ്പിക്കപ്പെടുന്നത് മാതൃഭാഷാ വിദ്യാഭ്യാസത്തിലൂടെയും മാതൃഭാഷ സംരക്ഷണത്തിലൂടെയുമാണ്. ആ നിലയ്ക്ക് മാതൃഭാഷയെ നമ്മുടെ നാടിന്റെ എല്ലാ അർത്ഥത്തിലുമുള്ള ഒരു മാതൃസംസ്കാരത്തിന്റെ സമ്പന്നമായ അടിത്തറയായി കണക്കാക്കി ആ ഭാഷയിലൂടെ ജനങ്ങൾക്ക് അറിവിന്റെ ജ്ഞാനം പകർന്നുകൊടുക്കുന്നതിൽ പങ്കു വഹിക്കാൻ ചരിത്രപരമായ മഹത്വവും പ്രാധാന്യവുമുള്ള ഒരു ബിൽ എന്നുള്ള നിലയ്ക്ക് ഇതിന്റെ ഉള്ളടക്കത്തെ അംഗീകരിക്കുകയും എന്റെ നിർദ്ദേശം സമർപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആദ്യമായി സബ്ജക്ട് കമ്മറ്റി അംഗങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പൊതുവേ ഒരു ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയാൽ കുത്തും കോമയും മാത്രം മാറ്റിയാണ് തിരിച്ചുവരാറുള്ളത്. സഭയുടെ പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് ബില്ലിൽ കാര്യമായ മാറ്റങ്ങൾ വരുത്തി തിരിച്ചുവന്നു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഞാൻ തത്വത്തിൽ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. മലയാളത്തിനും മലയാളിക്കും ചില പരിമിതികളുണ്ടെന്ന് നമുക്കറിയാം. ആ പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് ചില മാറ്റങ്ങളൊക്കെ വരുത്തിയിട്ടുള്ളത്. അതിലേയ്ക്ക് വരുന്നതിനുമുൻപ് ഒരു കാര്യം സൂചിപ്പിക്കട്ടെ, 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ എന്റെ കൈവശമുണ്ട്. ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യമാണ് ശ്രീ. കെ. എം. മാണിയും ശ്രീ. കെ. സി. ജോസഫും ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഈ ബിൽ 2015-ൽ നമ്മൾ പാസ്സാക്കി, ഞാനുംകൂടിയുള്ള സർക്കാരിന്റെ ഭാഗമായാണ് അന്നത് പാസ്സാക്കിയത്. ആ ബിൽ അല്പം തീവ്രമാണെന്ന അഭിപ്രായമാണ് അന്നും ഇന്നും എനിക്കുള്ളത്. ആ ബിൽ നമ്മൾ ഗവർണർക്കയച്ചു, ഗവർണർ രാഷ്ട്രപതിക്കയച്ചു. പക്ഷേ ഇന്നുവരെ അംഗീകാരം കിട്ടി തിരിച്ച് വന്നിട്ടില്ല എന്നുള്ള കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്. അതിന് മറുപടിയായി നിയമ വകുപ്പുമന്ത്രി പറഞ്ഞത്, ഇപ്പോൾ അവതരിപ്പിക്കുന്ന ബിൽ രാഷ്ട്രപതിക്ക് അയയ്ക്കേണ്ട സാഹചര്യമുണ്ടാകില്ല എന്നാണ്. അത് നമ്മുടെ പരിധിയിൽപ്പെട്ട കാര്യമല്ല. നമ്മൾ ബിൽ പാസ്സാക്കി ഗവർണ്ണർക്ക് അയച്ചുകഴിഞ്ഞാൽ ബിൽ നമുക്ക് തിരിച്ചുതരണമോ രാഷ്ട്രപതിക്കയയ്ക്കണമോ, അംഗീകാരം വാങ്ങണമോ എന്ന കാര്യം ഗവർണറുടെ അധികാര പരിധിയിലുള്ളതാണ്. അതല്ലാതെ ഗവർണർ മാത്രം കണ്ട് തിരിച്ചുവരുമെന്നുള്ള രീതിയിൽ നിയമവകുപ്പുമന്ത്രി പറഞ്ഞത് ശരിയല്ല.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, കഴിഞ്ഞ സർക്കാർ അയച്ച ബിൽ തിരിച്ചയയ്ക്കാൻ കാരണം, ഇതിനുമുൻപ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരായിരുന്ന ആദ്യമായി ശ്രേഷ്ഠഭാഷാ പദവിക്കുവേണ്ടി ശ്രമിച്ചതും അതിനുവേണ്ടി പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചാണ് പ്രധാനമന്ത്രിയെ കണ്ടത്. ഒ. എൻ. വി. കുറുപ്പും സുഗതകുമാരി ടീച്ചറുമടക്കം പ്രമുഖരായ സാഹിത്യകാരന്മാരെല്ലാം ആ സംഘത്തിലുണ്ടായിരുന്നു. മലയാള ഭാഷയ്ക്കാവശ്യമായ ഡോക്യുമെന്റില്ല, അത് തയ്യാറാക്കിയശേഷം വരൂ, ശ്രേഷ്ഠഭാഷാ പദവി തരാമെന്നാണ് അന്നത്തെ പ്രധാനമന്ത്രി പറഞ്ഞത്. കാരണം, തമിഴ്നാട്ടിൽ 86.71 ശതമാനം ആളുകൾ തമിഴ് സംസാരിക്കുന്നു, ആന്ധ്രയിൽ 84.77 ശതമാനം ആളുകൾ തെലുങ്ക് സംസാരിക്കുന്നു, കർണ്ണാടകയിൽ 66.22 ശതമാനം ആളുകൾ

കന്നട സംസാരിക്കുന്നു, കേരളത്തിൽ 96.95 ശതമാനം ആളുകൾ മലയാളം സംസാരിക്കുന്നു. എന്നിട്ടുപോലും അന്ന് തിരിച്ചയച്ചത് നമുക്ക് വേണ്ടത്ര ഡോക്യുമെന്റേഷൻ ഇല്ലാത്തതുകൊണ്ടാണ്. ഇന്നും ഡൽഹിയിൽ മലയാളഭാഷയെ സംബന്ധിച്ച് ഒരാൾ അന്വേഷിച്ചാൽ വേണ്ടത്ര ഗഹനം കിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങിവിടെ സൂചിപ്പിക്കുന്നത്, ശ്രേഷ്ഠ ഭാഷയായി അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ചെയ്ത കാര്യങ്ങളാണ്. അതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പറഞ്ഞതുപോലെ കഴിഞ്ഞ സർക്കാർ രേഖകൾ സമർപ്പിക്കുകയും നമുക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഞാൻ സൂചിപ്പിച്ചത് അതല്ല. നമ്മുടെ ബിൽ രാഷ്ട്രപതിക്ക് അയച്ചു, അംഗീകാരം കിട്ടിയില്ല. ഈ ബിൽ അങ്ങനെ അയയ്ക്കേണ്ടിവരില്ലെന്ന് നിയമ വകുപ്പുമന്ത്രി പറഞ്ഞു. ഞാൻ ഈ ബില്ലിനെ നൂറുശതമാനം സ്വാഗതം ചെയ്യുകയാണ്, നമുക്ക് ഈ ബിൽ പാസ്സാക്കണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷേ മന്ത്രി പറഞ്ഞത് ശരിയായ നടപടിക്രമമല്ല, ഗവർണറാണ് അത് തീരുമാനിക്കേണ്ടത്. മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ 2015-ൽ ഇതിനകത്തുള്ള ധാരാളം കാര്യങ്ങൾ വരുന്നുണ്ട്. കോടതി നടപടികൾപോലും മലയാളത്തിലാക്കണമെന്ന് ഇതിൽ നിർദ്ദേശമുണ്ട്. മലയാളം തീവ്രനിലപാടിലേയ്ക്ക് പോകുന്ന രീതിയിലാണ് കഴിഞ്ഞ സർക്കാരിന്റെ ബിൽ എന്നാണ് എനിക്ക് തോന്നിയത്. ഇങ്ങനെ വരുന്നത് മലയാളത്തോടുള്ള നമ്മുടെ താല്പര്യംകൊണ്ടാണ്. കഴിഞ്ഞ സർക്കാർ മാത്രമല്ല, 1957-ലെ ഇ.എം.എസ് സർക്കാർ മുതൽ ഈ സർക്കാർവരെ ഓരോ ഘട്ടങ്ങളിലും മലയാളഭാഷയെ ഭരണഭാഷയാക്കി മാറ്റുന്നതിനും കൂടുതൽ വ്യാപിപ്പിക്കുന്നതിനും ധാരാളം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ തുടർച്ചയാണ് ഈ സർക്കാരും നടത്തുന്നതെന്നുള്ളതുകൊണ്ടാണ് അക്കാര്യങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നത്. എനിക്ക് സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം, 'നിർബന്ധിത ഭാഷ' എന്നത് മാറ്റിയെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ സബ്ജക്ട് കമ്മറ്റി പരിശോധിച്ച് വന്നതിന് ശേഷവും ആമുഖത്തിൽ അതുതന്നെയാണ് നിലനിൽക്കുന്നതെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി പറയുകയാണ്. അത് മാറ്റണം. ഒരു ബില്ലിൽ ആദ്യം കാണുന്നത് ആമുഖമാണ്. ബില്ലിനകത്ത് ഇക്കാര്യം ഒഴിവാക്കിയിട്ടുണ്ട്, പക്ഷേ ആമുഖത്തിലും പീഠികയിലും നിർബന്ധിത ഭാഷ എന്നുള്ളത് നിലനിൽക്കുകയാണ്. അതെങ്ങനെ വന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല, മാറ്റി എന്ന് പറയുന്നുണ്ടെങ്കിലും സബ്ജക്ട് കമ്മറ്റിയിൽ നിന്ന് തിരിച്ച് സഭയിൽ വന്നപ്പോഴും അതുപോലെ തന്നെയുണ്ട്. അതുമാറ്റാനുള്ള നടപടികൂടിയുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. ഇന്ന് കേരളത്തിൽ ജോലി ചെയ്യുന്നതിനേക്കാളും എത്രയോ ഇരട്ടി മലയാളികൾ ഗൾഫ്, യൂറോപ്യൻ

രാജ്യങ്ങൾ എന്നീ പുറംനാടുകളിൽ ജോലിചെയ്യുന്നു. ഇപ്പോൾ സൗദി അറേബ്യയിലൊക്കെ ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്, അവിടത്തെ സർക്കാർ എടുക്കുന്ന നിലപാടുകൾകൊണ്ട് ആയിരക്കണക്കിനാളുകളാണ് കുടുംബസമേതം തിരിച്ചുവരുന്നത്. പ്രത്യേകിച്ച് 7, 8 ക്ലാസുകൾ കഴിഞ്ഞ് വരുമ്പോൾ അവർ ഇവിടെ എന്തു ചെയ്യും, എന്തു പഠിക്കും, പാതിവഴിയിലുള്ള പഠനത്തിന്റെ സ്വാഭാവികമായ ആശങ്കകളൊക്കെയുണ്ടായിരുന്നു. വളരെ വ്യക്തമായി ഈ ആശങ്കകൾ ബില്ലിൽ നിന്ന് മാറ്റുകയും അങ്ങനെയുള്ള കുട്ടികൾ "മലയാളം" പരീക്ഷയ്ക്ക് പഠിക്കേണ്ടതില്ല എന്നുപറഞ്ഞതും സ്വാഗതാർഹമാണ്. എന്നാൽ അവർക്കാവശ്യമെങ്കിൽ പഠിക്കുന്നതിനായി പ്രത്യേകം സജ്ജമാക്കിയ പാഠപുസ്തകം നല്കുമെന്ന് പറയുന്നത് അവരെ മലയാളം പഠിക്കാനുള്ള ഒരു പ്രേരിപ്പിക്കൽ കൂടിയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അത് പ്രസക്തമാണ്, അതായത് നിർബന്ധിതം എന്ന ഭാഗം എടുത്തുകളയുമ്പോൾ തന്നെ ആശ്വാസമാകും. എന്നാൽ അങ്ങ് പറഞ്ഞതുപോലെ ഇതിന്റെ ആമുഖത്തിലും പീഠികയിലും അങ്ങനെ ചേർത്തിട്ടുമുണ്ട്. ബഹുമാന്യരായ പി. ബി. അബ്ദുൽ റസ്സാക്കും എൻ. എ. നെല്ലിക്കുന്നും പറഞ്ഞത് അവരുടെ നാട്ടിൽ എതിർപ്പുണ്ടാകുന്നത് നിർബന്ധിതമാക്കുമ്പോഴാണ് എന്നാണ്. അവർ ഭാഷ പഠിക്കാൻ തയ്യാറാണ്, അടിച്ചേൽപ്പിക്കുമ്പോഴാണ് എതിർക്കുന്നത്. ഇതുപോലെ തന്നെയാണ് പാലക്കാടിന്റെയും സ്ഥിതി. അടിച്ചേൽപ്പിക്കാതെ ഭാഷ പഠിപ്പിക്കുക. അതുപോലെ പീഠികയിലും ആമുഖത്തിലുമുള്ള 'നിർബന്ധം' എടുത്തുകളഞ്ഞില്ലെങ്കിൽ ആ നിർബന്ധത്തിന്റെ ഫലം നിലനിൽക്കുകയും ചെയ്യും. ഇക്കാര്യത്തിൽ അങ്ങ് പറഞ്ഞത് ശരിയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സബ്ജക്ട് കമ്മറ്റിക്ക് പോയപ്പോൾ ഒഴിവാക്കേണ്ട കാര്യങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. മൈനോറിറ്റിയുടെ ആശങ്കകളൊക്കെ ദൂരീകരിക്കാനുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ സംസാരിക്കുമ്പോഴും അതൊക്കെ പറയുന്നുണ്ട്. എന്നാൽ മലയാളഭാഷ നിർബന്ധമായും പഠിക്കണമെന്ന് പറയുമ്പോൾ എന്തിനാണ് ഇത്ര അസ്വസ്ഥത? ഞാൻ നേരത്തേ പറഞ്ഞത് അതാണ്; ഇംഗ്ലീഷ് നിർബന്ധമാക്കി മലയാളം ഉച്ചരിക്കാൻ സമ്മതിക്കാത്ത അന്തരീക്ഷം നിലവിലുണ്ട്, അത് പടിപടിയായി മാറ്റേണ്ടതാണ്. അതിനെതിരായി ഇതുവരേയും ആരും കലാപമുണ്ടാക്കിയിട്ടില്ല. ഇവിടെയുള്ള പ്രശ്നം ബഹുമാനപ്പെട്ട ചെയർകൂടി അറിയണം, ലോകത്തിൽ സ്വന്തം മാതൃഭാഷയിലല്ലാതെ പ്രാഥമിക വിദ്യാഭ്യാസം നടത്തുന്ന ഒരേയൊരു രാജ്യം ഇന്ത്യയാണ്. സ്വന്തം

മാതൃഭാഷയിലല്ലാതെ പ്രാഥമിക വിദ്യാഭ്യാസം മറ്റ് വിദേശ ഭാഷയിൽ നടത്തുന്ന ഒരു രാജ്യത്തെക്കുറിച്ച് നിങ്ങൾക്കാർക്കെങ്കിലും പറയാൻ പറ്റുമോ? ഇതെല്ലാം തുടർച്ചയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ടതാണ്, അത് മാറ്റേണ്ടതുമാണ്. ഇംഗ്ലീഷ് മീഡിയത്തിൽ തന്നെയുള്ള വിദ്യാഭ്യാസ രീതികൾ മാറ്റണം. ഇപ്പോൾ മാതൃഭാഷകൂടി പഠിക്കണമെന്നേ പറയുന്നുള്ളൂ. വളരെ ചെറിയ മൃദുവായ കാര്യം പറഞ്ഞുവയ്ക്കുമ്പോഴേയ്ക്കും വിഷമവും അസ്വസ്ഥതയും പല തരത്തിൽ തോന്നുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്തിനാണ് ശ്രീ. എ. പ്രദീപ്കുമാർ ഇങ്ങനെ പറയുന്നതെന്ന് മനസ്സിലാകുന്നില്ല. ഞാനിതിനെ നൂറുശതമാനം സ്വാഗതം ചെയ്യുകയാണ്.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാറിന്റേത് പ്രത്യയശാസ്ത്ര ക്ഷോഭമാണ്, വ്യക്തിപരമല്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ അങ്ങയോടോ, ശ്രീ. എ. പി. അനിൽ കുമാറിനോടോ ചൂടായതല്ല, ഞാൻ ഈ വ്യവസ്ഥിതിയോട് ചൂടായതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഇതിൽ പറയുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ വിദേശത്തുനിന്നും മടങ്ങി വരുന്നവർക്കുള്ള ആശങ്ക പൂർണ്ണമായും പരിഹരിക്കുന്ന രൂപത്തിലാണ് ഇപ്പോൾ ബില്ലിലുള്ള കാര്യങ്ങൾ. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, ഖണ്ഡിക 7-ൽ ഒരു ക്ലാരിറ്റി കുറവുണ്ട്. അതിൽ പറയുന്നത്, ന്യൂനപക്ഷ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനുള്ള സൗകര്യം ചെയ്യുമെന്നാണ്, പരീക്ഷ നടത്തുമെന്നല്ല. അത് ആശങ്ക ഉണ്ടാക്കുന്നതാണ്. പരീക്ഷയല്ല, മറിച്ച് പ്രത്യേക പാഠപുസ്തകം നല്കി പഠിക്കാനുള്ള അവസരം കൊടുക്കും എന്നാക്കിയാൽ ഇത്ര പ്രയാസമുണ്ടാകുമെന്ന് തോന്നുന്നില്ല, ഇപ്പോൾ പറയുന്നത്, പഠിപ്പിക്കാനുള്ള സൗകര്യമൊരുക്കുമെന്നാണ്. അതിന്റെ പേരിൽ പരീക്ഷയും മറ്റ് കാര്യങ്ങളുമാകാം എന്നുവന്നാൽ പ്രയാസമാണ്, അങ്ങനെയൊരു നിർബന്ധബുദ്ധി കാണിക്കാതെ മറ്റ് മേഖലയിലുള്ളതുപോലെ പഠിക്കാനുള്ള അവസരം കൊടുക്കുമെന്ന് വരുത്തുന്നതായിരിക്കും കൂടുതൽ നല്ലത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളുടെ കാര്യം ഒഴിവാക്കിയാൽ ബാക്കിയുള്ളത് തത്വത്തിൽ അംഗീകരിക്കാമല്ലോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ന്യൂനപക്ഷങ്ങളുടെ കാര്യവും ഞാൻ അംഗീകരിക്കുന്നുണ്ട്. പക്ഷേ വായിക്കുമ്പോൾ കുറച്ചുകൂടി ക്ലാരിറ്റി വരുന്നതിന് ചില കാര്യങ്ങൾകൂടി ചെയ്യേണ്ടതാണെന്നാണ് സൂചിപ്പിച്ചത്. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിൽ മലയാളഭാഷാ പഠനം അടിച്ചേൽപ്പിക്കുന്നില്ല. പക്ഷേ ഇത് വായിക്കുമ്പോൾ മലയാളഭാഷാ പഠനം അടിച്ചേൽപ്പിക്കുന്നു എന്ന തോന്നലുണ്ടാകാത്ത രീതിയിൽ വ്യക്തത വരുത്തുന്നത് നന്നായിരിക്കുമെന്നാണ് പറഞ്ഞത്. ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞതുപോലെ ഭാഷാമൗലിക വാദമായി ഇതിനെ കാണേണ്ട കാര്യമില്ല. ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചതുപോലെ ചൈന, റഷ്യ, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ സാഹചര്യമല്ല കേരളത്തിലുള്ളത്. കേരളത്തിന്റെ സാഹചര്യം വ്യത്യസ്തമാണ്. സ്വാഭാവികമായും നമ്മൾ മലയാളം പഠിക്കണം. എന്നാൽ നമ്മൾ ഇംഗ്ലീഷിനെതിരായി പറയേണ്ട കാര്യവുമില്ല. നമ്മുടെ സ്കൂളുകൾ മറ്റ് എയ്ഡഡ് സ്കൂളുകളുമായി മത്സരം നടത്തുന്നതുതന്നെ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചുകൊണ്ടാണ്. അതും സ്ട്രെംഗ്തെൻ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ മലയാളി ഒരുകാലത്തും ഭാഷാമൗലികവാദത്തിനുപിന്നാലെ പോയിട്ടില്ല. കാരണം മലയാളിയുടെ വളർച്ച കേരളത്തിന് വെളിയിലാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ ഉദ്ദേശിച്ചത് ഭാഷാ മൗലികവാദമൊന്നുമല്ല. ഇംഗ്ലീഷോ മറ്റേതെങ്കിലും ഭാഷകളോ പഠിക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നു. ഞാൻ പറഞ്ഞത് പ്രാഥമിക വിദ്യാഭ്യാസം സ്വന്തം മാതൃഭാഷയിലല്ലാതെ നടത്തുന്ന വൈകൃതം നമ്മുടെ നാട്ടിൽ മാത്രമാണുള്ളതെന്നാണ്. ലോകത്ത് മറ്റൊരു രാജ്യത്തും ഇങ്ങനെയില്ല. നമ്മൾ ഒരു വസ്തുവിനെക്കുറിച്ച് പഠിക്കുമ്പോൾ ആ വസ്തുവിനും മനസ്സിനുമിടയിൽ ഭാഷ എന്ന മാധ്യമമുണ്ടെന്ന തോന്നൽ ആ വസ്തുവിനെക്കുറിച്ചുള്ള ജ്ഞാനം അപൂർണ്ണമാക്കുന്നു എന്ന കാഴ്ചപ്പാട് ലോകപ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണൻമാർ മുന്നോട്ടുവച്ചിട്ടുണ്ട്. ഉദാഹരണമായി, അങ്ങയുടെ കാലിൽ ചാണകം എന്നുപറഞ്ഞാൽ ചാണകമുണ്ടാക്കുന്ന ജുഗുപ്സാവഹമായ അനുഭവം കാരണം അങ്ങ് കാല് പിന്നിലേയ്ക്ക് വലിക്കും. എന്നാൽ അങ്ങയുടെ കാലിൽ cowdung എന്നുപറഞ്ഞാൽ ഒരു പ്രശ്നവുമുണ്ടാകില്ല. Cowdung എന്നുപറയുമ്പോൾ ചാണകം എന്നുപറയുമ്പോഴുണ്ടാകുന്ന അനുഭവം ഉണ്ടാകുന്നില്ല. ഈയൊരു പ്രശ്നമുള്ളതു കൊണ്ടാണ് സ്വന്തം ചുറ്റുപാടും പ്രകൃതിയും സാമൂഹ്യചലനങ്ങളുമൊക്കെ മനസ്സിലാക്കിവരുന്ന കൊച്ചുകുട്ടി മാതൃഭാഷയിലൂടെ അത് മനസ്സിലാക്കണമെന്ന് പറയുന്നത്. പിന്നെ ഏത് ഭാഷയും പഠിക്കാവുന്നതാണ്. ഈ വിവരക്കേട് ഇവിടെ മാത്രമേയുള്ളൂ. ഇവിടെ വിദേശഭാഷയിലുള്ള അദ്ധ്യാപനം അവസാനിപ്പി ക്കേണ്ടതുസംബന്ധിച്ച് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. അപ്പോഴാണ് മലയാളഭാഷ നിർബന്ധമാക്കുന്നു എന്നുപറയുമ്പോൾത്തന്നെ വേവലാതി തോന്നുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഭാഷാമൗലികവാദം കേരളത്തിന്റെ സാഹചര്യത്തിന് യോജിക്കുന്നതല്ല. ലോകത്ത് മറ്റ് രാജ്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഭാഷാമൗലികവാദമാണോ എന്ന പ്രശ്നമല്ല ഇവിടെയുള്ളത്. കേരളത്തിൽ ധാരാളം തെറ്റിദ്ധാരണകൾ ഇംഗ്ലീഷ് ഭാഷയെയും മാതൃഭാഷയെയുംകുറിച്ച് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് കാരണം നമ്മുടെ വിദ്യാലയങ്ങളാണ്. ഇംഗ്ലീഷ് ഭാഷ പഠിച്ചാൽ മാത്രമേ ജോലി ലഭിക്കുകയുള്ളൂ എന്നത് ശരിയായ കാര്യമല്ല. മലയാളികൾ ഏറ്റവും കൂടുതൽ ജോലിചെയ്യുന്നത് ഗൾഫിലാണ്. അപ്പോൾ ജോലി ലഭിക്കാൻവേണ്ടി അറബിഭാഷ പഠിക്കാത്തതെന്താണ്? എല്ലാ രാജ്യങ്ങളിലുംകൂടി ജോലിചെയ്യുന്ന മലയാളികളേക്കാൾ കൂടുതൽ മലയാളികൾ ഗൾഫ് രാജ്യങ്ങളിലുണ്ട്. ഗൾഫിലെ സ്കൂളുകളിൽ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ അറബിയാണ്. അവിടെയൊക്ക സ്പെഷ്യൽ സ്കൂളുകളുണ്ടാകും. ഞാൻ പറഞ്ഞത്, ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കാനാണെങ്കിൽ അറബി പഠിച്ചാൽ മതി. നമ്മൾ എന്ത് തീരുമാനമെടുക്കുമ്പോഴും വിശദമായി ചർച്ച ചെയ്യണം. ആദ്യമായി ശൂന്യാകാശത്തിൽ പോയത് ബ്രിട്ടീഷുകാരല്ല, റഷ്യാക്കാരാണ്. ഇന്നും അവിടത്തെ യൂണിവേഴ്സിറ്റികളിൽപ്പോലും ഔദ്യോഗികഭാഷ റഷ്യനാണ്. ജർമ്മനിയിൽ ജർമ്മനും ഫ്രാൻസിൽ ഫ്രഞ്ചും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ സ്പാനിഷുമാണ്. യൂറിഗഗാറിൻ അയച്ച എല്ലാ സന്ദേശവും റഷ്യൻ ഭാഷയിലാണ്. ഇംഗ്ലീഷ് മാതൃഭാഷയായ ബ്രിട്ടീഷുകാർക്ക് എന്തുകൊണ്ട് ശൂന്യാകാശത്ത് പോകാൻ കഴിഞ്ഞില്ല. ശാസ്ത്ര സാങ്കേതിക വികാസത്തിന് ഇംഗ്ലീഷ് ഭാഷ ആവശ്യമാണെന്നത് കൊളോണിയൽ പാരമ്പര്യം അടിച്ചേൽപ്പിക്കുന്ന വിശ്വാസമാണ്. അത് മാറാൻ ബുദ്ധിമുട്ടുണ്ടാകും. രസകരമായ ഒരു ഇന്റർനാഷണൽ ഫലിതമുണ്ട്. റഷ്യക്കാർ ആദ്യം പട്ടിയെയാണ് ശൂന്യാകാശത്തേയ്ക്കയച്ചത്. പട്ടി കുരച്ചത് റഷ്യൻ ഭാഷയിലാണെന്നാണ് പറയുന്നത്. ഓരോ രാജ്യത്തെയും പട്ടികൾക്ക് പ്രത്യേക ഭാഷയുണ്ട്. അതുകൊണ്ട് മൗലികവാദമല്ല, നമ്മൾ ഇതിനുവേണ്ടി വാദിക്കണം. മലയാളത്തിനെതിരായ ഒരാക്രമണത്തെയും നമ്മൾ വച്ചുപൊറുപ്പിക്കാൻ പാടില്ല എന്നതാണ് എന്റെ അഭിപ്രായം. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എന്നെ ഒരു മലയാള വിരുദ്ധനായി ചിത്രീകരിക്കരുത്. നമ്മൾ മലയാളത്തെ സംരക്ഷിക്കുന്നതോടൊപ്പം അതിന്റെ സാധ്യതകൾ വിനിയോഗിക്കുകയും വേണം. കുട്ടികളാണ് നമ്മുടെ സമ്പത്ത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇത്തരമൊരു നിയമനിർമ്മാണത്തിന്റെ ആവശ്യകത അനിവാര്യമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇപ്പോൾ പുതിയ തലമുറയിലും ഐ.ടി. മേഖലയിലും ഇംഗ്ലീഷിന്റെ ആധിപത്യമാണ്. യഥാർത്ഥത്തിൽ മലയാളം അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ നിലയിൽ നമ്മുടെ നാട് മുന്നോട്ടുപോയാൽ 15 വർഷം കഴിയുമ്പോൾ മലയാളം മരിക്കും. മലയാള ഭാഷയെ കാത്തുസൂക്ഷിക്കാനും പുതിയ തലമുറയെ പഠിപ്പിക്കാനും ആ ഭാഷയുടെ സവിശേഷത നിലനിർത്താനും ഇത്തരമൊരു നിയമനിർമ്മാണം ആവശ്യമാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യംകൂടി പരിഗണിച്ചുകൊണ്ട് പഠനഭാഷ എന്ന നിലയിൽ കാലോചിതമായ, ബുദ്ധിപൂർവമായ ചർച്ചയായിരിക്കും സബ്ജക്ട് കമ്മിറ്റിയിൽ നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ അഭിപ്രായം ആർക്കുമില്ല. ഇത് മലയാളഭാഷയെ ശക്തിപ്പെടുത്താൻ ഉപകരിക്കുന്നതായിരിക്കും.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ അതിനോട് യോജിക്കുകയാണ്. പക്ഷേ അങ്ങ് സൂചിപ്പിച്ചതുപോലെ 15 വർഷം കഴിയുമ്പോൾ മലയാള ഭാഷ മരിക്കുമെന്ന അഭിപ്രായം എനിക്കില്ല. മലയാളഭാഷ ധാരാളം പ്രതിസന്ധികളിലൂടെ കടന്നുവന്നതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വായനാശീലമുള്ളവർ കേരളത്തിലാണ്. ബംഗാളിലാണെന്നൊക്കെ പറയാറുണ്ടെങ്കിലും അവിടെ കേന്ദ്രീകൃതമായ നഗരങ്ങളിലാണ് വായനാശീലമുള്ളവർ കൂടുതലുള്ളതെങ്കിൽ ഇവിടെ നാട്ടിൻപുറത്തും ഗ്രാമങ്ങളിലും പട്ടണങ്ങളിലുമൊക്കെ വായനാശീലമുള്ളവരുണ്ട്. ഇവിടെ ഒന്നോ രണ്ടോ ദൃശ്യമാധ്യമങ്ങൾ വന്നപ്പോൾത്തന്നെ അച്ചടി മാധ്യമങ്ങളുടെ പ്രസക്തിയില്ലാതാകുമെന്ന് നമ്മൾ ആശങ്കപ്പെട്ടു. എന്നാൽ ഇപ്പോൾ ഇരുപതിലധികം ദൃശ്യമാധ്യമങ്ങൾ കേരളത്തിലുണ്ടെങ്കിലും അച്ചടിമാധ്യമങ്ങളും അതുപോലെ വളരുന്നുണ്ട്. മലയാളിയുടെ വായനാസംസ്കാരം നിലനിൽക്കുന്നിടത്തോളം മലയാള ഭാഷയ്ക്ക് പറയത്തക്ക പ്രശ്നങ്ങളുണ്ടാ കില്ലെന്നാണ് എന്റെ വിശ്വാസം. മറ്റ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾപോലും ഇപ്പോൾ മലയാളഭാഷയോടുള്ള താൽപ്പര്യം നിലനിർത്തുന്നുണ്ടെങ്കിലും അക്കാര്യത്തിൽ ഒരു മുൻകരുതൽ സ്വീകരിക്കുന്നത് നല്ലതാണ്. ഭാഷ ഏറ്റവും വൈകാരികമായ ഒന്നാണ്. അതിനെ ശരിയായ രീതിയിൽ കൈകാര്യം ചെയ്തില്ലെങ്കിൽ അത് പെട്ടെന്ന് ആളിക്കത്തും. അതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം തിരിച്ചുവന്ന ഈ ബിൽ ആ രീതിയിൽ മാറ്റിയതിനെ ഞാൻ അഭിനന്ദിച്ചത്. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം ലഭിച്ച പാകിസ്ഥാനെ രണ്ടായി വിഭജിച്ചത് ഭാഷയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് വളരെ സൂക്ഷിച്ചായിരിക്കണം ഭാഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത്. ആ അവധാനത തീർച്ചയായും നമുക്കുണ്ടാകേണ്ടതുണ്ട്.

ബില്ലിന്റെ തുടക്കത്തിൽ 'വിദ്യാലയങ്ങൾ' എന്ന വാക്കിനുപകരം 'സ്കൂളുകൾ' എന്നാക്കണം എന്നുപറഞ്ഞിട്ടുള്ളത് നല്ല കാര്യമാണ്. നമ്മുടെ കുട്ടികൾ അങ്കണവാടിയിൽനിന്ന് ടേക്ക് ഓഫ് ചെയ്ത് മലയാളത്തിൽ ലാൻഡ് ചെയ്യണമെങ്കിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെത്തണം. അങ്കണവാടി കഴിഞ്ഞാൽ നഴ്സറി സ്കൂൾ, എൽ.പി. സ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിങ്ങനെയാണ്. അവിടെയൊന്നും വിദ്യാലയം എന്ന വാക്കിന്റെ കാര്യമില്ല. അവിടെയൊക്കെ സ്കൂൾ എന്നാക്കി മാറ്റാനുള്ള തീരുമാനമെടുത്തത് കാര്യങ്ങൾ നല്ല രീതിയിൽ കാണുന്നു എന്നുള്ളതുകൊണ്ടാണ്. എല്ലാ അർത്ഥത്തിലും ഈ ബിൽ ഏറ്റവും നല്ലതാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ഡോ. എൻ. ജയരാജ്: സർ, മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കാൻ ധാരാളം തടസ്സങ്ങളുണ്ടായിരുന്നു. യഥാർത്ഥത്തിൽ മുൻ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും അന്നത്തെ സർക്കാരും എടുത്ത തീരുമാനത്തിന്റെ ഭാഗമായാണ് അത് ലഭിച്ചത്. അതിനുശേഷം ഏതാണ്ട് 100 കോടി രൂപ ശ്രേഷ്ഠ ഭാഷാപദവി ലഭിച്ച സംസ്ഥാനങ്ങൾക്ക് ഭാഷയുടെ പരിപോഷണവുമായി ബന്ധപ്പെട്ട് ലഭിക്കുന്നുണ്ട്. ആ ഫണ്ട് ലഭ്യമാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം 2013 മേയ് 21 വളരെ പ്രധാനപ്പെട്ട ദിവസമാണ്. അന്നാണ് കേന്ദ്ര സാഹിത്യഅക്കാദമി മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നൽകിയത്. ഫെബ്രുവരി 21-നാണ് ലോക മാതൃഭാഷാദിനം മലയാള ഭാഷയുടെ പ്രധാന ബിൽ പാസ്സാക്കുന്ന ഈ സന്ദർഭത്തിൽ ശ്രേഷ്ഠഭാഷാ പദവി ലഭിച്ച മേയ് 21-ാം തീയതി മലയാള ഭാഷാദിനമായി ആചരിക്കാൻ, മലയാളം ഐച്ഛിക വിഷയമായെടുത്ത ഒരാളെന്ന നിലയിൽ ബഹുമാനപ്പെട്ട സ്പീക്കറുംകൂടി മുൻകയ്യെടുക്കണമെന്ന കാര്യത്തെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ അക്കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിലെങ്കിലും മലയാളപദങ്ങൾ പരമാവധി ഉപയോഗിക്കുന്നത് നല്ലതല്ലേ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതിൽ നമുക്ക് പല പരിമിതികളുമുണ്ട്. മലയാള ഭാഷ രൂപപ്പെട്ടുവന്ന സാഹചര്യം പരിശോധിച്ചാൽ തമിഴ്, സംസ്കൃതം, മലബാറിലാണെങ്കിൽ അറബി ഭാഷ ഉൾപ്പടെയുള്ള ഭാഷകളുടെ സ്വാധീനവും

സങ്കലനവുമുണ്ട്. അതിനെ വേർതിരിച്ച് കാണേണ്ട. അതുകൊണ്ടാണ് "വിദ്യാലയം" എന്നത് "സ്കൂൾ" ആക്കുന്നത് നല്ലതാണെന്ന് പറയുന്നത്. നമ്മളെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ് പൂർണ്ണമായും ഇല്ലാതാക്കലല്ല, മറിച്ച് മലയാളത്തെ ശക്തമായി നിലനിർത്തലാണ് ഉദ്ദേശിക്കുന്നത്. മലയാളത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് ലോകത്തിലെ മുഴുവൻ ഭാഷകളും ഉൾക്കൊള്ളാൻ മലയാളിക്ക് കഴിയുമ്പോഴാണ് യഥാർത്ഥത്തിൽ കേരളം വളരുന്ന സാഹചര്യമുണ്ടാകുന്നത്. ആ വളർച്ചയ്ക്കുവേണ്ടി നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും ശക്തമായ അടിത്തറയുണ്ടാക്കുന്നതിന് ഈ ബിൽ ഉപകരിക്കുമെങ്കിൽ അതിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം ഞാൻ ആമുഖമായി ഉന്നയിച്ച അശങ്ക പരിഹരിക്കാൻ കഴിയണം. ബിൽ ഇവിടെ പാസ്സാക്കുന്നതുകൊണ്ട് കാര്യമില്ല. അതിന് അംഗീകാരം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുകയും എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടുപോകുകയും ചെയ്യണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വളരെ സാർത്ഥകമായിട്ടുള്ള ചർച്ചയാണ് ഇവിടെ നടന്നത്. സംസ്ഥാന സർക്കാർ ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ എന്തെല്ലാമെന്നത് ചർച്ചയിലൂടെ വളരെ കൃത്യമായി പുറത്തുവന്നിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് മലയാളം അറിയില്ലെങ്കിലും പത്താം ക്ലാസും ഡിഗ്രിയും പാസ്സാകാമെന്ന അവസ്ഥ നിലനിൽക്കുകയാണ്. തുടർന്നുവരുന്ന രണ്ടോ നാലോ വർഷങ്ങളിൽ കേരളത്തിൽ പുതിയൊരു തലമുറ വളർന്നുവരുമ്പോൾ എല്ലാവർക്കും മലയാളം എഴുതാനും വായിക്കാനും പഠിക്കാനും കഴിയണമെന്ന ദീർഘവീക്ഷണത്തോടുകൂടി വളരെ സൂക്ഷ്മമായി സബ്ജക്ട് കമ്മിറ്റിയിൽ ഈ ബിൽ പരിശോധിച്ചാണ് നിയമസഭയിൽ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇവിടെ പങ്കുവച്ച ആശങ്കകളും സമൂഹത്തിൽ ഉയർന്നുവന്ന മറ്റ് കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ആർക്കും ആശങ്കയും പ്രശ്നവുമില്ലാതെ പുതിയ തലമുറയെ മലയാളമറിയുന്നവരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യമാണുള്ളത്. ഇവിടെ ആരുടെയും ഒരവകാശവും ഹനിക്കപ്പെടുന്നില്ല. മലയാളം അറിയാവുന്നവരായി വളർത്തിയെടുക്കുന്നത് പല ലക്ഷ്യത്തിലാണ്. ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ പല ഭാഷകളും മാതൃഭാഷയായോ പഠിക്കുന്നതായോ ഉണ്ടാകാം. സമൂഹത്തിലെ ആവാസ വ്യവസ്ഥയുമായി സാംസ്കാരികമായും സാമൂഹികമായും ബന്ധപ്പെടുന്നതിന് ചുറ്റുമുള്ള ഭാഷ അറിഞ്ഞിരിക്കണമെന്നുള്ളത് സ്വാഭാവികമായ ലളിത ഗവേഷണത്തിലൂടെ മനസ്സിലാകുന്ന കാര്യമാണ്. മലയാളം അറിയുന്ന ഒരു സമൂഹത്തിൽ മലയാളം

അറിയാത്തവർ പഠിച്ചുവളർന്നാൽ അവർ പല തരത്തിലും ആ സമൂഹത്തിന്റെ സംസ്കാരവുമായി ബന്ധപ്പെടില്ല. മലയാളം അറിഞ്ഞാൽ മാത്രമേ മലയാളത്തിന്റെ സാഹിത്യത്തെക്കുറിച്ചോ, ചരിത്രത്തെക്കുറിച്ചോ, മറ്റ് പലതരത്തിലുള്ള പ്രാദേശികതയെക്കുറിച്ചോ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അങ്ങനെ മനസ്സിലാക്കാതെ മറ്റ് ഭാഷകൾ പഠിച്ചുവളർന്നവർ, 'ഓഡ്മാൻ ഔട്ട്' പോലെ ഒരു സമൂഹത്തിൽ വളർന്നുവരുന്നതിന്റെ പ്രശ്നങ്ങൾ നമുക്ക് കാണാൻ കഴിയും. അതുകൊണ്ട് ആവാസവ്യവസ്ഥയ്ക്കകത്ത് ജീവിക്കുന്നവർ പൊതുവിൽ ഉപയോഗിക്കുന്ന ഭാഷ പഠിക്കുമ്പോൾ സഹജീവികളുമായി പലതരത്തിലുള്ള ബന്ധത്തിന് സാധ്യത വളരുകയും ആ വളർച്ചയിലൂടെ ഉണ്ടാകുന്ന മാനസികമായ വളർച്ച മറ്റ് തരത്തിലുള്ള പഠനത്തിന് വഴിയൊരുക്കുകയും ചെയ്യും. കേരളത്തിൽ താമസിച്ച് മലയാളം പഠിക്കുമ്പോൾ കേവലം മലയാളം പഠിച്ചുവെന്ന് മാത്രമല്ല, ആ കുട്ടിയുടെ എല്ലാ തരത്തിലുമുള്ള സമഗ്രമായ വളർച്ചയ്ക്ക് വഴിയൊരുങ്ങുകകൂടി ചെയ്യുകയാണ് ഈ ബിൽ എന്ന് വിശ്വസിക്കുകയാണ്. അത് വലിയൊരു ലക്ഷ്യമാണ്. മലയാളമറിയാതെ കേരളത്തിൽനിന്ന് മറ്റ് ഭാഷകളും വിഷയങ്ങളും പഠിച്ച് വളരുമ്പോഴുണ്ടാകുന്ന മാനസികതലവും ചുറ്റുപാടുമുള്ള എല്ലാ തരത്തിലുമുള്ള സാംസ്കാരിക-സാമൂഹിക ബന്ധങ്ങൾകൂടി മനസ്സിലാകത്തക്കവിധത്തിൽ മലയാളം കൂടി അറിയുന്നതും ആ കുട്ടിക്കുണ്ടാകുന്ന വളർച്ച നാം പ്രതീക്ഷിക്കുന്നതിനപ്പുറമാകും. മൂന്ന് തരത്തിലുള്ള ബന്ധങ്ങളാണ് സമൂഹത്തിൽ പ്രധാനമായുള്ളത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സ്ഥൂലസൂക്ഷ്മബന്ധങ്ങളുടെയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്ഥൂലസൂക്ഷ്മബന്ധങ്ങളുടെയും മനുഷ്യനും ഇതരജീവികളും തമ്മിലുള്ള സ്ഥൂലസൂക്ഷ്മബന്ധങ്ങളുടെയും സമന്വയവും അതിന്റെ സമഗ്രതയുമാണ് ഒരു ആവാസവ്യവസ്ഥയിൽ വളരുന്ന മനുഷ്യന്റെ വളർച്ചയുടെ ഭൂമിക. അത് സാധ്യമാകണമെങ്കിൽ ആ സമൂഹത്തിൽ ബഹുഭൂരിപക്ഷം സംസാരിക്കുന്ന ഭാഷ അവൻ അറിഞ്ഞിരിക്കേണ്ടതാണ്. അതുകൊണ്ട് മലയാളം പഠിക്കണമെന്ന് പറയുന്നത് കേവലം അർത്ഥത്തിൽ മാത്രമല്ല, പഠനത്തിന്റെ സമഗ്രതയുണ്ടാകാത്ത രീതിയിൽക്കൂടി ഓരോ കുട്ടിയും കേരളത്തിൽ പഠിച്ചുവരുമ്പോൾ മലയാളത്തെക്കുറിച്ചും മലയാള സാഹിത്യത്തെക്കുറിച്ചും സാഹിത്യ കാരന്മാരെക്കുറിച്ചും നവോത്ഥാനത്തെക്കുറിച്ചും നവോത്ഥാന നായകന്മാരെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും മനസ്സിലാകണമെങ്കിൽ, മലയാളത്തിലാണ് സംസാരിക്കുന്നതും പ്രസംഗിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും എന്നുള്ളതുകൊണ്ട് മലയാളം ആ കുട്ടിക്ക് അറിഞ്ഞിരിക്കണമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട ഘടകം. രണ്ടാമത്തെയും മൂന്നാമത്തെയും കാര്യങ്ങൾ ഇവിടെ പലതവണ പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. മലയാളം പഠിക്കുക എന്നുള്ളത് കേവലമൊരു

ഭാഷ പഠിക്കുന്നതിനപ്പുറം സംസ്കാരം പഠിക്കുകയും സാംസ്കാരികമായ വളർച്ചയ്ക്ക് സാധ്യതയുണ്ടാക്കാനുംകൂടിയാണ്. അതുകൊണ്ട് കേരളത്തിൽ ഇനിയൊരു തലമുറ വളർന്നുവരുമ്പോൾ എല്ലാവരും മലയാളമറിയുന്നവരാകണമെന്ന ലക്ഷ്യത്തോടെയാണ് ഈ ബില്ലിൽ ഒരു പ്രധാനപ്പെട്ട കാര്യം വിഭാവന ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് കേരളത്തിൽ എല്ലാവരും ഒന്നാം ക്ലാസ് മുതൽ മലയാളം പഠിക്കണമെന്ന് പറയുന്നത്. ഭാഷയുടെ സ്വാഭാവികമായ ഒഴുക്കാണ് ഭാഷയുടെ ഭംഗിയും ശക്തിയും. അവിടെയാണ് എല്ലാവരും മലയാളം പഠിക്കണമെന്ന് നമ്മൾ പറയുന്നത്. മലയാളം പഠിപ്പിക്കണമെന്ന് സമൂഹംകൂടി തീരുമാനിക്കുകയും പഠിക്കേണ്ടതാണെന്ന രീതിയിൽ പറഞ്ഞുകൊടുക്കുകയും ചെയ്യുമ്പോൾ അവർ സ്വാഭാവികമായും പഠിക്കും. അതുകൊണ്ട് ഒന്നാം ക്ലാസ്സുമുതൽ കേരളത്തിലെല്ലാവരും മലയാളം പഠിക്കണമെന്നാണ് നമ്മളുദ്ദേശിക്കുന്ന പ്രധാനപ്പെട്ട കാര്യം. വളരെ ചുരുക്കിമാത്രമേ കാര്യങ്ങൾ പറയുന്നുള്ളൂ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ വ്യക്തമായി കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു, പക്ഷെ ഈ ചർച്ചയിലുടനീളം പറഞ്ഞ ഒരു വാക്ക് അടിച്ചേൽപ്പിക്കൽ എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസ രീതിതന്നെ ഒരുതരം അടിച്ചേൽപ്പിക്കലല്ലേ; സ്കൂളിൽ പോകാൻ ഇഷ്ടമില്ലാത്ത ഒരു കുട്ടിയെ നിർബന്ധിച്ച് സ്കൂളിൽ വിടുക, കണക്ക്/സയൻസ് പഠിക്കാനിഷ്ടമില്ലെങ്കിലും പഠിപ്പിക്കുക, ആ വാദഗതിയോട് യോജിക്കാൻ കഴിയുമോ; ഒരു കുട്ടിയുടെ അവകാശലംഘനമായി ഇതിനെ കാണാൻ കഴിയുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കുട്ടിയുടെ അവകാശമാണ്, അതാണ് ഞാൻ നേരത്തെ പറഞ്ഞത്. പലപ്പോഴും മലയാളം പഠിക്കുന്നത് എന്തിനാണെന്ന് മനസ്സിലാക്കാത്തതുകൊണ്ടാണ് നിർബന്ധിക്കേണ്ടിവരുന്നത്. അതാണ് ഞാൻ വിശദീകരിച്ചത്. അതൊരു ഭാഷാപഠനം മാത്രമല്ല, ഒരു സാംസ്കാരിക പഠനംകൂടിയാണ്. ഒരു ചരിത്രത്തിലേയ്ക്കുള്ള വഴിതുറക്കലാണ്. കേരളത്തിൽ പഠിക്കുന്ന ഒരു കുട്ടിയുടെ മനസ്സ് ചരിത്രത്തിലേയ്ക്ക് വഴിതുറക്കണമെങ്കിൽ മലയാളം പഠിച്ചുകൊണ്ടുമാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് സമഗ്രപഠനത്തിനുള്ള ഭൂമികയായിട്ടാണ് നമ്മളിതിനെ കാണുന്നത്. കേരളത്തിൽ ഒന്നുമുതൽ പത്തുവരെ ക്ലാസുള്ള സ്കൂളുകളുണ്ട്. അതിൽത്തന്നെ മൂന്നുഭാഷ (ത്രിഭാഷ) പഠിക്കുന്ന സ്കൂളുകളും നാല് ഭാഷ പഠിക്കുന്ന സ്കൂളുകളുമുണ്ട്. 30 ശതമാനത്തിലധികം സ്കൂളുകൾ അത്തരത്തിലുള്ളതാണ്. അതുപോലെതന്നെ ഭാഷാന്യൂനപക്ഷ സ്കൂളുകൾ, ഓറിയന്റൽ സ്കൂളുകൾ, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നീ വിഭാഗങ്ങളുമുണ്ട്. ഇതിൽ ക്രമാനുഗതമായി മലയാളം പഠിക്കണമെന്നുപറയുന്നത് ഓറിയന്റൽ സ്കൂളിലും ഭാഷാ ന്യൂനപക്ഷ സ്കൂളിലും മാത്രമാണ്. അതിന്റെ

ആവശ്യമേയുള്ളൂ. കാരണം, ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ ഇവിടെ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ ഇപ്പോഴും മലയാളം പഠിപ്പിക്കുന്നുണ്ട്, മലയാളം പഠിപ്പിക്കണമെന്ന് നിർബന്ധിക്കേണ്ട കാര്യമില്ല. ഈ സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് എങ്ങനെയാണ് വിഭാവന ചെയ്യുന്നതെന്ന് ഞാൻ പറയാം. അതിന്റെ വ്യക്തത കൃത്യമായി ഈ ബില്ലിലുണ്ട്. അതിനുശേഷം റൂൾ വരുമ്പോൾ കുറേക്കൂടി കാര്യങ്ങൾ വ്യക്തമാകും. അതിപ്രകാരമാണ്. ഭാഷാ ന്യൂനപക്ഷ സ്കൂളുകളിൽ ഇപ്പോൾ മൂന്ന് ഭാഷകൾ പഠിച്ചുകൊണ്ടിരിക്കുന്നു. ഈ മൂന്ന് ഭാഷ അവരുടെ മാതൃഭാഷയാണെങ്കിൽ അത് പഠിക്കുന്നതിന് ആരും എതിരല്ല, അത് പഠിക്കാം, പഠിച്ചോട്ടെ. അതിനൊരു എതിർപ്പുമില്ല. മാതൃഭാഷയിലൂടെ പഠിക്കണം എന്നുള്ളത് പ്രത്യേകം പറയേണ്ടതില്ല, അത് ഭരണഘടനാപരമാണ്. ഞാൻ നേരത്തെ പറഞ്ഞ സങ്കൽപ്പത്തിൽ അവരുടെ പഠനം പൂർണ്ണമാകണമെങ്കിലും ഈ സമൂഹത്തോടും സംസ്കാരത്തോടും ബന്ധപ്പെടണമെങ്കിലും ഒരു ലിങ്ക് കൊടുക്കുന്നതുപോലെ സ്വാഭാവികമായും അവിടെ മലയാള ഭാഷകൂടി പഠിക്കണം. ഇത് മനസ്സിലാക്കിയാൽ മതി. അങ്ങനെ മലയാളഭാഷ പഠിക്കണമെങ്കിൽ നമ്മുടെ ഒന്നാം ക്ലാസ്സിലെ സാധാരണ പാഠപുസ്തകംതന്നെ പോരേയെന്ന് ശ്രീ. പി. കെ. അബ്ദു റബ്ബ് ചോദിക്കുകയുണ്ടായി, അതുപോരാ. കാരണം, മലയാളത്തിൽ സംസാരിച്ചും കളിച്ചും ചിരിച്ചും വളർന്ന് ഒന്നാം ക്ലാസ്സിൽ മലയാളം പഠിക്കുന്നതുപോലെ മലയാളം ചുറ്റുവട്ടത്ത് ഇല്ലാത്ത സ്ഥലത്ത് ഒന്നാം ക്ലാസ്സിൽ മലയാളം പഠിക്കാൻ സാധിച്ചുവെന്ന് വരില്ല. അതുകൊണ്ട് അത്തരം സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ മലയാളം പഠിക്കാൻ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഒരു മലയാള പാഠപുസ്തകം തയ്യാറാക്കും. അപ്പോൾ അവർക്ക് പഠിക്കാനുള്ള പാഠപുസ്തകം ലഭിക്കുമെന്ന് മാത്രമല്ല, അവിടെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകരുടെ ജോലിക്കും ഒരു പ്രശ്നവും വരില്ല. നിലനിൽക്കുന്ന അദ്ധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന് പലരും ഭയപ്പെടുകയുണ്ടായി, അതും നഷ്ടപ്പെടില്ല. തൊഴിൽ നഷ്ടപ്പെടാതെ, അവർ ഇപ്പോൾ പഠിക്കുന്ന ഭാഷ പഠിക്കുന്നതിനുള്ള അവകാശം നിഷേധിക്കാതെ പഠനത്തിന്റെ സമഗ്രതയ്ക്കും മലയാളത്തിന്റെ നിലനിൽപ്പിനും അവരുടെതന്നെ നിലനിൽപ്പിനും മലയാളംകൂടി അവിടെ ഒന്നാം ക്ലാസിൽ ഈ വർഷം പഠിപ്പിക്കണം. അടുത്ത വർഷം രണ്ടാം ക്ലാസിലും പിന്നെ മൂന്നാം ക്ലാസിലും എന്നിങ്ങനെ വരുമ്പോൾ പിന്നീട് എങ്ങനെ വേണമെന്നുള്ളത് കാലത്തിന്റെ സ്വഭാവമനുസരിച്ച് പഠിക്കേണ്ടതായി വരും. അതാണ് ക്രമാനുഗതമായി എന്ന വാക്ക് പറഞ്ഞത്. ഓറിയന്റൽ സ്കൂളിൽ അഞ്ചാം ക്ലാസ്സുമുതലാണ് മലയാളം പഠിപ്പിച്ചുതുടങ്ങുന്നത്. അവിടെ അഞ്ചാം ക്ലാസ്സിൽ മലയാളം പഠിച്ചിട്ടില്ലെങ്കിൽ

അവർക്ക് അഞ്ചാം ക്ലാസ്സിൽ മലയാളം ആദ്യമായി പഠിക്കത്തക്ക രീതിയിൽ ഒരു പാഠപുസ്തകം വേണ്ടിവരും. അത് തയ്യാറാക്കികൊടുക്കാം. ഇങ്ങനെ തയ്യാറാക്കി കൊടുക്കുമ്പോൾ അവിടെ പഠിപ്പിക്കാൻ അദ്ധ്യാപകരും അതിനുള്ള സൗകര്യങ്ങളുമില്ലെങ്കിൽ തസ്തിക സൃഷ്ടിച്ച് അവിടെ മലയാളം പഠിപ്പിക്കാനുള്ള സൗകര്യം സർക്കാർ ഒരുക്കികൊടുക്കും. ഇതിനപ്പുറം മനോഹരമായി ഭാഷ പഠിക്കാനുള്ള സൗകര്യം വേറെ എന്താണ് ചെയ്യാൻ സാധിക്കുന്നത്?

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ ഇപ്പോൾത്തന്നെ 8-ാം ക്ലാസ്സുവരെ പലതരത്തിലുള്ള പാഠപുസ്തകങ്ങളിലൂടെ മലയാളം പഠിപ്പിക്കുന്നുണ്ട്. 1 മുതൽ 8 വരെ ത്രിഭാഷയാണ്. പക്ഷെ 9-ാം ക്ലാസിലും 10-ാം ക്ലാസിലും ദ്വിഭാഷാ സംവിധാനമാണ്. പരീക്ഷയും അതനുസരിച്ചാണ് വരുന്നത്. അതുകൊണ്ട് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ്സുവരെ മലയാളം പഠിക്കണമെന്നുള്ളത് അവിടെയും പ്രാവർത്തികമാക്കത്തക്ക രീതിയിൽ ഈ വർഷം 9-ാം ക്ലാസിൽ മലയാളം പഠിപ്പിക്കാൻ മറ്റൊരു പുസ്തകം തയ്യാറാക്കികൊടുക്കുന്നതാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ സി.ബി.എസ്.ഇ.-യുടെ നിയമത്തിലോ അവരുടെ പരീക്ഷാ രീതിയിലോ ഒന്നും ഇടപെടുന്നില്ല. പക്ഷെ നമ്മൾ നിരാക്ഷേപ പത്രം കൊടുക്കുമ്പോൾ ഒരു നിബന്ധന വയ്ക്കും. അങ്ങനെയാണ് അവരെ നമ്മൾ പ്രോത്സാഹിപ്പിക്കുന്നത്. ഇതൊരു സമൂഹത്തിന്റെ ഇടപെടൽ കൂടിയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടക്കുകയാണ്. സമൂഹത്തിന്റെ ഇത്തരത്തിലുള്ള സ്നേഹപൂർവ്വമായ തലോടലിലൂടെയാണ് ഇതൊക്കെ നടക്കുന്നത്. ആ രീതിയിലൊരു സാംസ്കാരിക വളർച്ചയായി ഇതിനെ കാണണം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഭാഷ ക്രമാനുഗതമായി പഠിപ്പിക്കാൻ ശ്രമിക്കുന്നതും അതിനുള്ള വ്യവസ്ഥ ചെയ്യുന്നതും നല്ല കാര്യമാണ്. എനിക്കറിയേണ്ടത്, അവിടെ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ, പ്രത്യേകിച്ച് മറ്റ് ഭാഷകളായ തമിഴ്, കന്നട എന്നിവയുള്ള സ്ഥലങ്ങളിൽ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ ആ രീതിയിൽ തുടരുകയാണ്. അതിൽ മാറ്റം പ്രതീക്ഷിക്കുന്നുണ്ടോ എന്നാണറിയേണ്ടത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അങ്ങനെയൊരു മാറ്റം പ്രതീക്ഷിക്കുന്നില്ല. അവിടെ എന്ത് മീഡിയത്തിലാണോ പഠിക്കുന്നത് അത് തുടരാം, മീഡിയം മാറ്റാനല്ല ഇപ്പോൾ ശ്രമിക്കുന്നത്. മലയാളത്തിൽ പഠിക്കുക എന്നത് ആത്യന്തിക ലക്ഷ്യമാണെന്ന് ഇവിടെ പറഞ്ഞത് അതിലേയ്ക്കുള്ള യാത്ര തുടങ്ങുന്നതേയുള്ളൂ. അതിലേയ്ക്ക് യാത്ര തുടങ്ങണമെങ്കിൽ എല്ലാവരും മലയാളം പഠിക്കണം. അതിനുള്ള അടിസ്ഥാനമിടുകയാണ്. ഭാവിയിൽ അവിടെയെത്തണം. ഇപ്പോൾ എന്തു

മീഡിയത്തിലാണോ അവർ പഠിക്കുന്നത് അതേ മീഡിയത്തിൽത്തന്നെ പഠിക്കാം.

മി. സ്പീക്കർ: മലയാളഭാഷ പഠിക്കുന്നതിന് സഹായകരമാകുന്ന ഒരു പുസ്തകംകൂടി കുട്ടികൾ പഠിക്കും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, രണ്ടുമൂന്ന് തരത്തിലുള്ള പുസ്തകങ്ങളും അവ പഠിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപകരെയും നൽകും. ഇത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ ഒരു ബില്ലാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. കേരളത്തിലെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നത് ജനങ്ങളാണ്, സർക്കാർ നേരിട്ടല്ല. സർക്കാർ ജനങ്ങളോടൊപ്പം നിൽക്കുക മാത്രമാണ് ചെയ്യുന്നത്. ആ വികാരവും സംസ്കാരവും ഈ സാംസ്കാരിക വളർച്ചയ്ക്ക് കരുത്തുനൽകിയാൽ കേരളത്തിലെല്ലാവരും മലയാളം പഠിക്കും, ആരും നിർബന്ധിക്കേണ്ടിവരില്ല. മറ്റൊരു കാര്യം, ഈ ബിൽ അവതരിപ്പിച്ചപ്പോൾ മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നത് നിലനിൽക്കുമെന്ന് ശ്രീ. കെ. സി. ജോസഫ് പറഞ്ഞു. ബിൽ അവതരിപ്പിച്ചപ്പോഴുള്ള പീഠികയിൽ മാറ്റംവരാതെ തുടർന്ന് ഇത് ആക്ടായി മാറുമ്പോൾ ചുരുക്കപ്പേരും പ്രാരംഭവും എന്ന് വ്യക്തമായി കൊടുത്തിട്ടുണ്ട്. ഈ ആക്ടിന് 2017-ലെ മലയാള ഭാഷാപഠന ആക്ട് എന്നാണ് പേര്. അതുകൂടി വ്യക്തമാക്കാനാഗ്രഹിക്കുകയാണ്.

6.00 PM]

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങ് പറഞ്ഞതിനോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു. കേരളത്തിൽ ജനിച്ച ഒരു കുട്ടി അഞ്ച് വയസ്സ് പൂർത്തിയായശേഷം ഒന്നാം ക്ലാസ്സിലേയ്ക്ക് പോകുമ്പോൾ മലയാളം പഠിക്കണമെന്ന കാര്യത്തിൽ നമുക്കാർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷെ കാസർഗോഡുള്ളവർ പറയുന്നത് നമ്മളെന്ത് സൗകര്യം ചെയ്തുകൊടുത്താലും മലയാളം പഠിക്കാൻ അവർ തയ്യാറല്ലെന്നാണ്. അത്തരം ആളുകളോട് ഇപ്പോൾ അങ്ങ് വിശദീകരിച്ച കാര്യങ്ങൾ പറഞ്ഞുകൊടുക്കാൻ ശ്രമിക്കാം. ബഹുമാനപ്പെട്ട രാജേട്ടനും കാര്യമായ ഇടപെടൽ ഇതിൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഒരു തെറ്റിദ്ധാരണയുണ്ടാക്കരുത്. ഭരണഘടനാപരമായി 350(എ) പ്രകാരം ഭാഷാന്യൂനപക്ഷങ്ങൾ ഏത് ഭാഷയിലാണോ പഠിക്കുന്നത് അത് പരിപൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുമാത്രമേ ഈ നിയമം നടപ്പിലാക്കൂ. അവരുടെ ബോധനഭാഷ മാറ്റി ഇവിടെ മലയാളഭാഷ അടിച്ചേൽപ്പിക്കുന്നുവെന്ന് തെറ്റായൊരു ധാരണയുണ്ടാക്കിക്കൊടുക്കരുത്. ഭാഷാന്യൂനപക്ഷങ്ങൾക്ക് ഭരണഘടനയുടെ

ആർട്ടിക്കിൾ 350 (എ) പ്രകാരം അവരുടെ മാതൃഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൗകര്യം ഈ നിയമപ്രകാരം പ്രൊട്ടക്ട് ചെയ്യുന്നുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, മലയാളം പഠിക്കാത്ത കുട്ടികൾ മലയാളം പഠിക്കണമെന്നതല്ലാതെ ആ കുട്ടികൾ ഇപ്പോൾ എന്തെല്ലാം ആസ്വദിച്ചുകൊണ്ടിരിക്കുന്നുവോ അതെല്ലാം നിലനിൽക്കുമെന്ന് ഒരിക്കൽക്കൂടി പറയുകയാണ്. മലയാളംകൂടി പഠിക്കണമെന്ന് മാത്രമേയുള്ളൂ.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതി അവതരിപ്പിച്ച അംഗം സീറ്റിലില്ല).

ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2017- ലെ മലയാളഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(149) ഖണ്ഡം 2(1)-ൽ (എ) ആയി താഴെപ്പറയുന്നത് ചേർക്കുകയും നിലവിലുള്ള ഇനങ്ങളെ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

“ (എ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിന്റെ ഭരണ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥനോ അദ്ദേഹം അധികാരപ്പെടുത്തിയ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു.”

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(150) ഖണ്ഡം 2(1) (എ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് (എഎ)ആയി ചേർക്കുക:

" (എഎ) "ഭാഷാ ന്യൂനപക്ഷം" എന്നാൽ പരമ്പരാഗതമായി ആശയവിനിമയത്തിന് തമിഴ്, കന്നട, കൊങ്ങിണി, തുളു എന്നീ ഭാഷകൾ ഉപയോഗിക്കുന്നവരും കേരള സംസ്ഥാനത്തിൽ അധിവസിക്കുന്നവരുമായ ജനങ്ങൾ എന്നർത്ഥമാകുന്നു."

<u>ഡോ. എം. കെ. മുനീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(152) ഖണ്ഡം 2(1) (ബി)യിൽ " "സ്കൂളുകൾ" എന്നാൽ "സംസ്ഥാനത്തെ" എന്നതിനു പകരം "പാഠശാലകൾ" എന്നാൽ സംസ്ഥാനത്തെ ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്നഭേദഗതികൾ അവതരിപ്പിക്കുന്നു:

(153) ഖണ്ഡം 2(1) (ബി)യിൽ " സ്കൂളുകൾ " എന്ന വാക്ക് കാണപ്പെടുന്ന ഇടങ്ങളിലെല്ലാം അതതു സംഗതിപോലെ " വിദ്യാലയങ്ങൾ" എന്ന വാക്ക് ചേർക്കുക.

(154) ഖണ്ഡം 2(1) (ബി)യിൽ "എന്നാൽ" എന്നും "സംസ്ഥാനത്തെ" എന്നും ഉള്ള വാക്കുകൾക്ക് ഇടയിൽ " ഒന്നാംതരം മുതൽ പത്താം തരം വരെ പഠനം നടത്തുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്നഭേദഗതികൾ അവതരിപ്പിക്കുന്നു:

(155) ഖണ്ഡം 2(1)(ബി)യിൽ "സംസ്ഥാനത്തെ" എന്നതിന് ശേഷം "സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന" എന്ന് ചേർക്കുക.

(161) ഖണ്ഡം 2(1)(ബി)യിൽ "അഫിലിയേറ്റ് ചെയ്തിട്ടുള്ള" എന്നതിന് ശേഷം "എല്ലാ" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്നഭേദഗതികൾ അവതരിപ്പിക്കുന്നു:

(156) ഖണ്ഡം 2(1)(ബി)യിൽ "എല്ലാ" എന്ന വാക്ക് ഒഴിവാക്കുക.

(166) ഖണ്ഡം 2(1) (ഡി) -യ്ക്കു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക.

" (ഇ) " ഭാഷാന്യൂനപക്ഷം" എന്നാൽ ആശയ വിനിമയത്തിനായി പരമ്പരാഗതമായി തമിഴ്, കന്നട എന്നീ ഭാഷകൾ ഉപയോഗിക്കുന്ന കേരള നിവാസികൾ എന്നർത്ഥമാകുന്നു.

(എഫ്) " പ്രധാന അദ്ധ്യാപകൻ" എന്നാൽ ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള സ്കൂളിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകൻ എന്നർത്ഥമാകുന്നതും അതിൽ ഹയർ സെക്കന്ററി വിഭാഗത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പാൾ ഉൾപ്പെടാത്തതുമാകുന്നു."

(167) ഖണ്ഡം 2(2) -ൽ "ആക്റ്റിൽ" എന്നതിനു പകരം "ആക്ടിൽ" എന്ന് ചേർക്കുക.

(168) ഖണ്ഡം 2(2) -ൽ "6 ാം ആക്റ്റ്" എന്നതിനു പകരം "6-ാം ആക്ട്" എന്ന് ചേർക്കുക.

(169) ഖണ്ഡം 2(2) -ൽ " 1959 -ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും" എന്നീ വാക്കുകൾ ഒഴിവാക്കുക.

സർ, 166-ാം നമ്പർ ഭേദഗതിയിൽ ഭാഷാന്യൂനപക്ഷം എന്നും പ്രധാന അദ്ധ്യാപകനെന്നും പറയുന്നുണ്ട്. ഇതുരണ്ടും ഡിഫൈൻ ചെയ്തിട്ടില്ല. 2015 -ലെ മലയാള ഭാഷ വ്യാപനവും പരിപോഷണവും ബില്ലിൽ എന്താണ് ഭാഷാന്യൂനപക്ഷം എന്ന് ഡിഫൈൻ ചെയ്തിട്ടുണ്ട്. അതിൽ ജനറൽ ക്ലോസുകൾ കൃത്യമായി പറയുന്നുണ്ട്. ഞാൻ ജനറൽ ക്ലോസസ് ആക്ടിന്റെ പ്രസക്തഭാഗം വേണമെങ്കിൽ വായിക്കാം. എന്റെ ഭേദഗതി, ഭാഷാന്യൂനപക്ഷം എന്നാൽ ആശയ വിനിമയത്തിനായി പരമ്പരാഗതമായി തമിഴ്, കന്നട എന്നീ ഭാഷകളുപയോഗിക്കുന്ന കേരള നിവാസികൾ എന്നർത്ഥമാകുന്നു. പ്രധാന അദ്ധ്യാപകൻ എന്നാൽ ഒന്നാം തരം മുതൽ പത്താംതരം വരെയുള്ള സ്കൂളിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകൻ എന്നർത്ഥമാകുന്നതും അതിൽ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പാൾ ഉൾപ്പെടാത്തതുമാകുന്നു. ഇതിൽ പറയുന്നത് ഫൈൻ ഊടാക്കേണ്ടത് പ്രധാന അദ്ധ്യാപകൻ എന്നാണ്. ചില സ്ഥലങ്ങളിൽ ഹയർ സെക്കണ്ടറിയിലും ഹൈസ്കൂളിലും പ്രധാന അദ്ധ്യാപകനുണ്ട്. അപ്പോൾ അതിലൊരു വ്യക്തത വരുത്തുന്നതിനുവേണ്ടി ഇതിൽ പറഞ്ഞിരിക്കുന്ന രണ്ട് സംഗതികളും ഡിഫൈൻ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ഭാഷാന്യൂനപക്ഷമെന്ന് ഇടയ്ക്കിടയ്ക്ക് പറയുന്നുണ്ട്. എന്നാൽ

ഡിഫൈൻ ചെയ്യാൻ വിട്ടുപോയിട്ടുണ്ട്. എന്റെ ഡെഫനിഷനിൽ തമിഴ്, കന്നട എന്നീ രണ്ട് ഭാഷകൾ മാത്രമേ വന്നിട്ടുള്ളൂ. ഇനി അതിനപ്പുറം വേണമെങ്കിൽ മന്ത്രിയുടെ വാക്കാൽ ഭേദഗതിയിലൂടെ അതിനൊരു ക്ലാരിഫിക്കേഷനുണ്ടാകുന്നത് നല്ലതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(158) ഖണ്ഡം 2(1)(ബി)യിൽ "അൺ-എയ്ഡഡ്, സ്കൂളുകൾ" എന്നതിനു പകരം "അൺ-എയ്ഡഡ് സ്കൂളുകൾ, ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ " എന്ന് ചേർക്കുക.

162. ഖണ്ഡം 2(1)(ബി)യിൽ "അൺ-എയ്ഡഡ് സ്കൂളുകളും" എന്ന വാക്കുകൾക്ക് ശേഷം "കേന്ദ്രീയ വിദ്യാലയ സംഘാന് കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളും" എന്ന വാക്കുകൾ ചേർക്കുക.

164. ഖണ്ഡം 2(1) (ബി) ക്ക് പകരം താഴെപ്പറയുന്നത് ചേർക്കുക.

"(ബി) "സ്കൂളുകൾ" എന്നാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ എന്നർത്ഥമാകുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(159) ഖണ്ഡം 2(1)(ബി)യിൽ "ബോർഡുകളുമായി" എന്നതിനു പകരം "ബോർഡുകളിലേതെങ്കിലുമായി " എന്ന് ചേർക്കുക.

സർ, ഇതിൽ സി.ബി.എസ്.ഇ., സി.ഐ.എസ്.ഇ. എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതെന്നാണ് ഒറിജിനിൽ ബില്ലിൽ പറഞ്ഞിരിക്കുന്നത്. 'ബോർഡുകളിൽ' എന്നതിനുപകരം 'ബോർഡുകളിലേതെങ്കിലുമായി' എന്നാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. രണ്ടിലുംകൂടി അഫിലിയേഷൻ വേണ്ട. ഏതെങ്കിലുമൊന്നിൽ മതി എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(160) ഖണ്ഡം 2(1)(ബി)യിൽ "അഫിലിയേറ്റ് ചെയ്തിട്ടുള്ള" എന്ന വാക്കുകൾക്കു പകരം "അഫിലിയേറ്റ് ചെയ്തിട്ടുള്ളതും സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതുമായ എല്ലാ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(163) ഖണ്ഡം 2(1) (ബി) യിൽ "ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കിനു മുമ്പായി "മറ്റ് ഏതെങ്കിലും പഠന പദ്ധതി പിന്തുടരുന്ന അൺ എയ്ഡഡ് സ്കൂളുകളും" എന്നീ വാക്കുകൾ ചേർക്കുക.

സർ, ഇതിൽ പറഞ്ഞിരിക്കുന്ന പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകളുണ്ട്. അതായത് കേംബ്രിജ് സിലബസ്, ഐ.ജി.സി.എസ്.ഇ. തുടങ്ങിയ സിലബസുകൾ പിന്തുടരുന്ന സ്കൂളുകളുണ്ട്. അപ്പോൾ മറ്റേതെങ്കിലും പഠനപദ്ധതി പിന്തുടരുന്ന അൺ-എയ്ഡഡ് സ്കൂളുകളും എന്നാക്കണം. അല്ലെങ്കിൽ ഈ പഠനപദ്ധതി പിന്തുടരുന്ന സ്കൂളുകളിൽ മലയാളം പഠിപ്പിക്കാതാകും. ബില്ലിൽ കൃത്യമായി പറഞ്ഞില്ലെങ്കിൽ ആ സ്കൂളുകളിൽ മലയാളം പഠിപ്പിക്കില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(165) ഖണ്ഡം 2(1) (സി) യിൽ "കീഴിലുണ്ടാക്കുന്ന" എന്നതിനു പകരം "പരിധിയിൽ വരുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. 157-ാം നമ്പർ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടില്ല. ആ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(157) ഖണ്ഡം 2(1)(ബി)യിൽ "അൺ-എയ്ഡഡ്, സ്കൂളുകൾ" എന്നതിനു പകരം "അൺ-എയ്ഡഡ് സ്കൂളുകൾ " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 157 -ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ : സർ, എന്റെ 166-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി):

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. ഒ. രാജഗോപാൽ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ

19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. വി. ജോയി
22. ശ്രീ. ഒ. ആർ. കേളു
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. വി. കെ. സി. മമ്മത് കോയ
26. ശ്രീ. എം. എം. മണി
27. ശ്രീ. കെ. ജെ. മാക്സി
28. ശ്രീ. എ. സി. മൊയ്തീൻ
29. ശ്രീ. ഡി. കെ. മുരളി
30. ശ്രീ. മുരളി പെരുനെല്ലി
31. ശ്രീ. എം. നൗഷാദ്
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. കെ. ഡി. പ്രസേനൻ
34. ശ്രീമതി യു. പ്രതിഭ ഹരി
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. പി. ടി. എ. റഹീം
37. ശ്രീ. എം. രാജഗോപാലൻ
38. ശ്രീ. കെ. രാജൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. ആർ. രാമചന്ദ്രൻ

44. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
45. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീ. കാരാട്ട് റസാഖ്
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. സി. കെ. ശശീന്ദ്രൻ
51. ശ്രീ. വി. ശശി
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. എ. എൻ. ഷംസീർ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽ കുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
58. ശ്രീ. പി. തിലോത്തമൻ
59. ശ്രീ. തോമസ് ചാണ്ടി
60. ശ്രീ. പി. ഉണ്ണി
61. ശ്രീമതി വീണാ ജോർജ്ജ്
62. ശ്രീ. കെ. വി. വിജയദാസ്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. എൻ. വിജയൻ പിള്ള

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 31

പ്രതികൂലിക്കുന്നവർ - 64

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 153, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 155, 161 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 167, 168, 169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 158, 162, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(170) ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകത്തിൽ "സ്കൂളുകളിലും" എന്ന വാക്കിന് പകരം "പാഠശാലകളിലും എന്ന വാക്ക് ചേർക്കുക."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(171) ഖണ്ഡം 3(1)-ന്റെ മാർജിനൽ ശീർഷകത്തിൽ "മലയാളം" എന്നത് "മലയാള ഭാഷ" എന്ന് മാറ്റുക.

(218) ഖണ്ഡം 3(2)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നുമാത്രമല്ല, മലയാള ഭാഷ സ്വതന്ത്രമായി ഉപയോഗിക്കുന്നതിനും സംസാരിക്കുന്നതിനും അനുകൂലമായ സാഹചര്യം ഒരുക്കേണ്ടതുമാണ്"

(238) ഖണ്ഡം 3(3)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"മാത്രമല്ല, മലയാള ഭാഷ സംസാരിച്ചതിന്റെ പേരിലോ ഉപയോഗിച്ചതിന്റെ പേരിലോ യാതൊരു തരത്തിലുള്ള പിഴയോ ശിക്ഷയോ നൽകുവാൻ പാടില്ലാത്തതാകുന്നു."

(240) ഖണ്ഡം 3(4)-ൽ "ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന്" എന്നതിന് പകരം " മലയാളം മാതൃഭാഷയല്ലാത്ത സ്ഥലങ്ങളിൽ നിന്നും സംസ്ഥാനത്തെ" എന്ന് ചേർക്കുക.

(242) ഖണ്ഡം 3(4)-ൽ "പത്താം തരം പരീക്ഷയിലെ" എന്നതിന് പകരം " പരീക്ഷയിലെ" എന്നും "ഒഴിവാക്കാവുന്നതും" എന്നതിന് ശേഷം "അതത് ക്ലാസുകളിൽ" എന്നും ചേർക്കുക.

(252) ഖണ്ഡം 3(5)-ൽ "ഒരു നിബന്ധനയായി" എന്നതിന് പകരം " നിബന്ധനകളോടൊപ്പം" എന്ന് ചേർക്കുക.

(273) ഖണ്ഡം 3(6)-ൽ "നൽകുന്നതിന്" എന്ന വാക്കിന് പകരം " നൽകുന്നതിനും അംഗീകാരം പുതുക്കുന്നതിനും" എന്ന് ചേർക്കുക.

(278) ഖണ്ഡം(7)-ൽ "മലയാള്" എന്നതിന് ശേഷം" ഭാഷാ" എന്ന് ചേർക്കുക.

സർ, ബില്ലിൽ എല്ലായിടത്തും 'മലയാള ഭാഷ' എന്നാണുള്ളത്. 'മലയാള ഭാഷ സംസാരിക്കുക' എന്നാണ് വേണ്ടത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(172) ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകത്തിൽ, "മലയാളം" എന്നതിനു ശേഷം "നിർബന്ധിത ഭാഷയായി" എന്ന് ചേർക്കുക.

(223) ഖണ്ഡം 3(3)-ൽ "സംസാരിക്കുന്നതിന്" എന്നതിനു പകരം "എഴുതുന്നതിനോ സംസാരിക്കുന്നതിനോ" എന്നു ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(173) ഖണ്ഡം 3(1)-ൽ "തത്സമയം" എന്ന വാക്ക് ഒഴിവാക്കുക.

(175) ഖണ്ഡം 3(1)-ൽ "ആക്ടിലോ" എന്നതിന് മുമ്പ് "കേന്ദ്ര - സംസ്ഥാന" എന്ന് ചേർക്കുക.

(178) ഖണ്ഡം 3(1)-ൽ, "ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള ക്ലാസ്സുകളിൽ" എന്നത് "ഒന്നാം ക്ലാസ്സ് മുതൽ" എന്നു മാറ്റുക.

(188) ഖണ്ഡം 3 (1) -ൽ ക്ലിപ്ത നിബന്ധനയിൽ "ആക്റ്റിന്റെ" എന്നത് "ആക്ടിന്റെ" എന്ന് മാറ്റുക.

(189) ഖണ്ഡം 3 (1) -ൽ ക്ലിപ്ത നിബന്ധനയിൽ "നിലവിലുള്ള" എന്നതിന് മുമ്പ് "2017-18 അദ്ധ്യയനവർഷം മുതൽ" എന്ന് ചേർക്കുക.

(193) ഖണ്ഡം 3 (1)-ൽ ക്ലിപ്ത നിബന്ധനയിൽ "ഉൾപ്പെടെയുള്ള" എന്നത് "ഒഴികെയുള്ള" എന്ന് മാറ്റുക.

(202) ഖണ്ഡം 3(1)-ൽ നിലവിലുള്ള ക്ലിപ്ത നിബന്ധനക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

" എന്നിരുന്നാലും കരിക്കുലം കമ്മിറ്റി പാഠ്യക്രമം പുനഃക്രമീകരിക്കുന്നത് വരെ മലയാള ഭാഷാ പഠനത്തിനായി തയ്യാറാക്കിയ പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നിർണയിക്കാവുന്ന കാലയളവു വരെ ഒഴിവാക്കാവുന്നതാണ്".

(207) ഖണ്ഡം 3(2)-ൽ "മലയാളം" എന്നത് "മലയാള ഭാഷ" എന്ന് മാറ്റുക.

(214) ഖണ്ഡം 3(2)-ൽ "നിരോധനവും" എന്നതിനു പകരം "വിലക്കും സ്കൂൾ അധികൃതർ" എന്ന് ചേർക്കുക.

(236) ഖണ്ഡം3(3)-ൽ "പ്രചാരണങ്ങളോ" എന്നത് "നിയന്ത്രണങ്ങളോ" എന്ന് ചേർക്കുക.

(253) ഖണ്ഡം 3(5)-ൽ "നിബന്ധനയായി മലയാള ഭാഷാപഠനം" എന്നതിനു ശേഷം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

(258) ഖണ്ഡം 3(5)-ൽ "ഏർപ്പെടുത്തിയിട്ടില്ലാത്ത" എന്നതിനു പകരം "നടപ്പിലാക്കാത്ത" എന്ന വാക്ക് ചേർക്കുക.

(268) ഖണ്ഡം 3(5)-ൽ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കു മുമ്പായി താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ അങ്ങനെയുള്ള നിരാക്ഷേപ പത്രം റദ്ദ് ചെയ്യുന്നത് ഓരോ അദ്ധ്യയന വർഷത്തിന്റെയും ആരംഭത്തിന് മുൻപായിരിക്കേണ്ടതും, അദ്ധ്യയന വർഷം ആരംഭിച്ചുകഴിഞ്ഞാൽ നടപ്പുഅദ്ധ്യയന വർഷം നിരാക്ഷേപ പത്രം റദ്ദാക്കാൻ പാടില്ലാത്തതുമാകുന്നു".

(270) ഖണ്ഡം 3(6) -ൽ "1958 -ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെയും" എന്നതിനു ശേഷം "(1959 -ലെ 6-ാം ആക്റ്റ്)" എന്ന് ചേർക്കുക.

സർ, ഈ അദ്ധ്യയന വർഷം മുതൽ പത്താം തരംവരെയുള്ള ക്ലാസുകൾ, സി.ബി.എസ്.ഇ., മറ്റ് കേന്ദ്രീകൃത സിലബസ് എന്നിവിടങ്ങളിൽ ഇത് നടപ്പിലാക്കുമെന്നാണ് പറയുന്നത്. ഇതെങ്ങനെ പ്രായോഗികമാകും? ഈ അദ്ധ്യയനവർഷം മുതൽ ഒന്നാം ക്ലാസിൽ ഇത് നിർബന്ധമാക്കുക എന്നുള്ളതാണ് എന്റെ ഭേദഗതി.

ഖണ്ഡം 3(1)-ൽ, എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ നിലവിലുള്ള പാഠ്യപദ്ധതി അനുസരിച്ച് മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണെന്ന് പറയുന്നുണ്ട്. എന്നാൽ 3(7) ഇതിന് നേരെ വിരുദ്ധമാണ്. 3(1)-ഉം 3(7)-ഉംകൂടി നിലനിൽക്കില്ല. അത് നിലനിൽക്കണമെങ്കിൽ 193-ാം നമ്പർ ഭേദഗതി അംഗീകരിക്കണം. 3(7)-ൽ പറയുന്നത്, ഭാഷാന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിലും ഓറിയന്റൽ സ്കൂളുകളിലും ക്രമാനുഗതമായുള്ള മലയാളപഠനത്തിന് ആവശ്യമായ സൗകര്യം നിർണ്ണയിക്കാവുന്ന രീതിയിൽ സർക്കാർ ചെയ്തു കൊടുക്കേണ്ടതാണെന്നാണ്. എന്നുപറഞ്ഞാൽ ഭാഷാ ന്യൂനപക്ഷങ്ങളുള്ള വിദ്യാലയങ്ങളിലും ഓറിയന്റൽ സ്കൂളുകൾക്കും ക്രമാനുഗതമായി

പഠിപ്പിക്കാനുള്ള സൗകര്യമുണ്ടാകുമെന്നതാണ്. എന്നാൽ 3(1)-ൽ രണ്ടാമത്തെ ഖണ്ഡികയിൽ പറയുന്നത് മലയാള ഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് പാഠപുസ്തകം തയ്യാറാക്കുമെന്നാണ്. ഭാഷാ ന്യൂനപക്ഷങ്ങൾക്കും ഓറിയന്റൽ സ്കൂളുകൾക്കും സാവകാശം കൊടുക്കുമെന്ന് 3(7)-ൽ പറയുന്നുണ്ട്. അതേസമയം 3(1) ക്ലോസ് 2-ൽ പറയുന്നത് ഇതുൾപ്പെടെയുള്ള എന്നുള്ളതാണ്. 3(7) നിലനിൽക്കണമെങ്കിൽ 3(1)-ലെ 'ഉൾപ്പെടെയുള്ള' എന്നുള്ളത് 'ഒഴികെ' എന്നാക്കണം.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(174) ഖണ്ഡം 3(1)-ൽ "തത്സമയം" എന്നതിനു പകരം "നിലവിൽ" എന്ന് ചേർക്കുക.

(177) ഖണ്ഡം 3(1)-ൽ, "ഒന്നാംതരം മുതൽ പത്താംതരം" എന്നതിനു പകരം "ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ്" എന്നു ചേർക്കുക.

(195) ഖണ്ഡം 3 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "(എസ്.സി.ഇ.ആർ.റ്റി) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണ്" എന്നതിനു പകരം "സംസ്ഥാന സർക്കാർ സ്കൂളുകളിൽ പഠിക്കുവാൻ നിഷ്കർഷിച്ച പാഠപുസ്തകം പഠിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(205) ഖണ്ഡം 3(2)-ൽ "സ്കൂളുകളിൽ" എന്നതിനു പകരം "വിദ്യാലയങ്ങളിൽ" എന്ന് ചേർക്കുക.

(206) ഖണ്ഡം 3(2)-ൽ "സ്കൂളുകളിൽ" എന്നതിനു പകരം "എല്ലാ വിദ്യാലയങ്ങളിലും" എന്നു ചേർക്കുക.

(213) ഖണ്ഡം 3(2)-ൽ "നിരോധനവും" എന്നതിനു പകരം "വിലക്കും" എന്ന് ചേർക്കുക.

(228) ഖണ്ഡം 3(3)-ൽ "പ്രദർശിപ്പിക്കുകയോ" എന്നതിനു ശേഷം "പ്രചരിപ്പിക്കുകയോ" എന്ന വാക്ക് ചേർക്കുക.

(244) ഖണ്ഡം 3(4)-ൽ, "ഒഴിവാക്കാവുന്നതും" എന്നതിനു ശേഷം "മലയാള ഭാഷ പഠിക്കുവാൻ താൽപര്യമുള്ളവർക്ക് ആയത് പഠിക്കുവാൻ അവസരം ഒരുക്കേണ്ടതും" എന്നു ചേർക്കുക.

(259) ഖണ്ഡം 3(5)-ൽ "ഏർപ്പെടുത്തിയിട്ടില്ലാത്ത സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കേണ്ടതുമാണ്" എന്നതിനു പകരം

"ഏർപ്പെടുത്തിയിട്ടില്ലാത്ത സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനു മുൻപ് സ്കൂളുകളുടെ വാദം കേൾക്കുകയും ആയതു കേട്ട് അവർക്ക് ഒരവസരം കൂടി നൽകി എന്നിട്ടും ഭാഷാ പഠനം ഏർപ്പെടുത്തിയില്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

(264) ഖണ്ഡം 3(5)-ന്റെ ക്ലിപ്ത നിബന്ധനയിൽ "തയ്യാറാക്കുന്ന" എന്നതിനു ശേഷം "പ്രത്യേക" എന്നു ചേർക്കുക.

(276) ഖണ്ഡം 3(6)-ൽ "ഒരു നിബന്ധനയാക്കേണ്ടതാണ്" എന്നതിനു പകരം "നിർബന്ധമാക്കേണ്ടതാണ്" എന്ന് ചേർക്കുക.

(280) ഖണ്ഡം 3 (7)-ൽ " ആവശ്യമായ സൗകര്യം " എന്നതിന് പകരം "വേണ്ട നിബന്ധനയും അവരെ മലയാള ഭാഷ പഠിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യവും" എന്നു ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(176) ഖണ്ഡം 3(1)-ൽ, "എന്ത് തന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള ക്ലാസ്സുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കേണ്ടതാണ്" എന്നതിനു പകരം "വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്തുതന്നെ ആയിരുന്നാലും സംസ്ഥാനത്തെ എല്ലാ പാഠശാലകളിലും ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള ക്ലാസ്സുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ മലയാളം തദ്ദേശീയ മാതൃഭാഷ എന്ന പരിഗണനയിൽ പഠിപ്പിക്കേണ്ടതാണ്" എന്നു ചേർക്കുക.

(263) ഖണ്ഡം 3(5)-ന്റെ ക്ലിപ്ത നിബന്ധനയിൽ "വിദ്യാർത്ഥികൾക്ക്" എന്നതിന് പകരം "വിദ്യാർത്ഥികളെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(179) ഖണ്ഡം 3(1)-ൽ "പത്താംതരം" എന്നതിന് പകരം "പന്ത്രണ്ടാം തരം" എന്ന് ചേർക്കുക.

(210) ഖണ്ഡം 3(2)-ൽ "സംസാരിക്കുന്നതിന്" എന്നത് "സംസാരിക്കുന്നതിനും പഠിക്കുന്നതിനും" എന്നാക്കി മാറ്റുക.

(257) ഖണ്ഡം 3(5)-ൽ "അപ്രകാരം മലയാള ഭാഷാപഠനം" എന്നതിന് ശേഷം "ഈ നിയമം പ്രാബല്യമാകുന്നതോടെ" എന്ന് ചേർക്കുക.

(284) ഖണ്ഡം 3 (7)-ന് ശേഷം ഇനിപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക:

"(8) ഭാഷാപഠനത്തിന് പ്രത്യക്ഷമായി താത്പര്യം ജനിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സ്കൂൾ തലങ്ങളിൽ ഇതോടൊപ്പം നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

(9) സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടെയും പേരുകൾ മാതൃഭാഷയിൽ പ്രദർശിപ്പിക്കേണ്ടതാണ്."

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(180) ഖണ്ഡം 3(1)-ൽ, "2017-18 അദ്ധ്യയന വർഷം മുതൽ" എന്നതിനു ശേഷം "ഘട്ടം ഘട്ടമായി" എന്നു ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(182) ഖണ്ഡം 3(1)-ൽ "മലയാളം ഒരു" എന്നതിന് ശേഷം "പഠന" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(183) ഖണ്ഡം 3(1)-ൽ 'മലയാളം ഒരു' എന്നതിനുശേഷം 'നിർബന്ധിത' എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(184) ഖണ്ഡം 3(1)-ൽ "മലയാളം ഒരു ഭാഷയായി" എന്നത് "മലയാളഭാഷ ഒരു വിഷയമായി" എന്ന് മാറ്റുക.

(190) ഖണ്ഡം 3 (1)-ൽ ക്ലിപ്ത നിബന്ധനയിൽ "അനുസരിച്ച്" എന്നത് "പ്രകാരം" എന്ന് മാറ്റുക.

(196) ഖണ്ഡം 3 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ "പാഠപുസ്തകം " എന്നത് "മലയാള പാഠപുസ്തകം" എന്ന് മാറ്റുക.

(198) ഖണ്ഡം 3(1)-ൽ ക്ലിപ്തനിബന്ധനയിൽ "പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണ്" എന്നത് "ഒരു പാഠപുസ്തകം തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്" എന്ന് മാറ്റുക.

(216) ഖണ്ഡം 3(2)-ൽ "ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു." എന്നതിന് പകരം "ഏർപ്പെടുത്തുവാനും അപ്രകാരം യാതൊരു നിർദ്ദേശവും നൽകുവാനും പാടില്ലാത്തതാകുന്നു." എന്ന് ചേർക്കുക.

(227) ഖണ്ഡം 3(3)-ൽ "എന്ന രീതിയിലോ ഉള്ള" എന്നതിന് പകരം "എന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള" എന്ന് ചേർക്കുക.

(232) ഖണ്ഡം 3(3)-ൽ "മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ" എന്നതിന് പകരം "അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ രീതിയിലോ ഉള്ള പ്രചാരണങ്ങളോ നിർദ്ദേശങ്ങളോ" എന്ന് ചേർക്കുക.

(234) ഖണ്ഡം3(3)-ൽ "പ്രചാരണങ്ങളോ" എന്ന വാക്കിനു ശേഷമുള്ള "സ്കൂളുകളിൽ" എന്ന വാക്ക് ഒഴിവാക്കുക.

(241) ഖണ്ഡം 3(4)-ൽ "സംസ്ഥാനത്ത് വന്ന്" എന്നതിന് പകരം "വന്ന് സംസ്ഥാനത്തെ" എന്ന് ചേർക്കുക.

(260) ഖണ്ഡം 3(5)-ൽ "സ്കൂളുകളുടെ" എന്ന വാക്കിന് പകരം "സ്കൂളുകൾക്ക് നൽകിയിട്ടുള്ള" എന്ന് ചേർക്കുക.

(266) ഖണ്ഡം 3(5)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പാഠപുസ്തകം" എന്നത് "മലയാള പാഠപുസ്തകം" എന്നാക്കി മാറ്റുക.

(271) ഖണ്ഡം 3(6) -ൽ "അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും" എന്നതിന് പകരം "1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെയും" എന്ന് ചേർക്കുക.

ഖണ്ഡം 3(1)-ൽ 'മലയാളം ഒരു ഭാഷയായി' എന്നത് 'മലയാളം ഒരു വിഷയമായി പഠിപ്പിക്കേണ്ടതാണ്' എന്ന് ഭേദഗതി ചെയ്യുന്നത് അഭികാമ്യമായിരിക്കും. ഖണ്ഡം 3(2)-ൽ 'ഏതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലാത്തതാകുന്നു' എന്നത് 'ഏതൊരു നിരോധനവും ഏർപ്പെടുത്തുവാനോ അപ്രകാരം ഏതൊരു നിർദ്ദേശം നൽകുവാനും പാടില്ലാത്തതാകുന്നു' എന്ന് ഭേദഗതി

ചെയ്യണം. ഖണ്ഡം 3(3)-ൽ "എന്ന രീതിയിലോ ഉള്ള" എന്നതിന് പകരം "എന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള" എന്ന് മാറ്റുന്നതാണ് നല്ലത്. ഖണ്ഡം3(3)-ൽ "പ്രചാരണങ്ങളോ" എന്നതിനുശേഷം "സ്കൂളുകളിൽ" എന്നത് ഒഴിവാക്കണം. കാരണം ഈ ഖണ്ഡത്തിന്റെ ആദ്യം സംസ്ഥാനത്തിന്റെ സ്കൂളുകളിൽ എന്നുപറഞ്ഞിട്ടുണ്ട്. സ്കൂൾ എന്നത് രണ്ടുവട്ടം പറയേണ്ട ആവശ്യമില്ല.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(185) ഖണ്ഡം 3(1)-ൽ "ഭാഷയായി" എന്ന വാക്കിന് ശേഷം "നിർബന്ധമായും" എന്ന വാക്ക് ചേർക്കുക.

(186) ഖണ്ഡം 3(1)-ൽ "ഭാഷയായി" എന്ന വാക്കിന് പകരം "ഭാഷ വിഷയമായി" എന്ന വാക്കുകൾ ചേർക്കുക.

(215) ഖണ്ഡം 3(2)-ൽ "നിരോധനവും" എന്നതിനു ശേഷം "പിഴയും" എന്ന് ചേർക്കുക.

(219) ഖണ്ഡം 3(3)-ൽ "സംസ്ഥാനത്തെ സ്കൂളുകളിൽ" എന്ന വാക്കുകൾക്ക് ശേഷം "വിദ്യാർത്ഥികളും അദ്ധ്യാപകരും" എന്ന വാക്കുകൾ ചേർക്കുക.

(235) ഖണ്ഡം3(3)-ൽ "പ്രചാരണങ്ങളോ" എന്നതിനുശേഷം "നിർദ്ദേശങ്ങളോ" എന്ന് ചേർക്കുക.

(243) ഖണ്ഡം 3(4)-ൽ "ഭാഷയിലുള്ള പരീക്ഷയിൽ" എന്നത് "ഭാഷാപരീക്ഷയിൽ" എന്ന് മാറ്റുക.

(245) ഖണ്ഡം 3(4)-ൽ "മലയാള പാഠ പുസ്തകം" എന്നത് "മലയാള പാഠ പുസ്തകമോ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും പാഠ പുസ്തകമോ" എന്നു മാറ്റുക.

(265) ഖണ്ഡം 3(5)-ലെ ക്ലിപ്ത നിബന്ധനയിൽ "തയ്യാറാക്കുന്ന പാഠപുസ്തകം" എന്നീ വാക്കുകൾക്ക് പകരം "തയ്യാറാക്കുന്ന പാഠപുസ്തകമോ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും പാഠ പുസ്തകമോ" എന്നു ചേർക്കുക.

(275) ഖണ്ഡം 3(6)-ൽ "പഠിപ്പിക്കണമെന്നുള്ളത് ഒരു" എന്നീ വാക്കുകൾക്ക് ശേഷം "നിർബന്ധിത" എന്ന വാക്കു ചേർക്കുക.

(281) ഖണ്ഡം 3(7)-ൽ " സൗകര്യം " എന്നത് "സൗകര്യങ്ങൾ" എന്നാക്കി മാറ്റുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(187) ഖണ്ഡം 3(1) താഴെപ്പറയും പ്രകാരം മാറ്റുക:

" (1) 2017-18 അധ്യയന വർഷം കേരളത്തിലെ എല്ലാ ഒന്നാം ക്ലാസ്സിലും 2018-19- ൽ എല്ലാ രണ്ടാം ക്ലാസ്സിലും 2019-2020-ൽ എല്ലാ മൂന്നാം ക്ലാസ്സിലും തുടർന്നങ്ങോട്ട് പത്ത് വർഷം കൊണ്ട് നിർബന്ധിത മാതൃഭാഷ പഠനം പൂർണാർത്ഥത്തിൽ നടപ്പിലാക്കേണ്ടതാണ്."

(283) ഖണ്ഡം 3 (7)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക: "(8) കേരളത്തിലെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം മാതൃഭാഷയായിട്ടുള്ള കുട്ടികൾക്ക് മലയാളഭാഷ പഠനത്തിനുള്ള അവസരം ഉണ്ടാക്കേണ്ടതാണ്."

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(192) ഖണ്ഡം 3 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഭാഷന്യൂനപക്ഷ" എന്ന വാക്കിനു പകരം "ഭാഷാ ന്യൂനപക്ഷ" എന്ന് ചേർക്കുക.

(221) ഖണ്ഡം 3(3)-ൽ "സ്കൂളുകളിൽ" എന്ന വാക്ക് കാണപ്പെടുന്ന ഇടങ്ങളിലെല്ലാം അതിനു പകരം "പാഠശാലകളിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(194) ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സ്കൂളുകളിൽ" എന്ന വാക്കിനു പകരം "പാഠശാലകളിൽ" എന്ന വാക്കു ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(197) ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "പാഠപുസ്തകം തയ്യാറാക്കേണ്ടതും" എന്നതിനു ശേഷം "താത്പര്യമുള്ള കുട്ടികളെ" എന്ന് ചേർക്കുക.

(212) ഖണ്ഡം 3(2)-ൽ "യാതൊരു" എന്ന വാക്കിനു ശേഷം "വിധത്തിലുമുള്ള" എന്ന വാക്ക് ചേർക്കുക.

(226) ഖണ്ഡം 3(3)-ൽ "എന്ന രീതിയിലോ ഉള്ള" എന്നതിന് പകരം "എന്ന രീതിയിലുള്ള" എന്ന് ചേർക്കുക.

(229) ഖണ്ഡം 3(3)-ൽ 'മറ്റേതെങ്കിലും തരത്തിലുള്ള' എന്നതിനു പകരം "യാതൊരു വിധത്തിലുമുള്ള" എന്ന് ചേർക്കുക.

(239) ഖണ്ഡം 3(4) ഒഴിവാക്കുക.

സർ, ഖണ്ഡം 3(2)-ൽ "യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലാത്തതാകുന്നു" അവിടെയൊരു ക്ലാരിറ്റി വരാൻ "യാതൊരു വിധത്തിലുമുള്ള" എന്ന വാക്ക് ചേർത്താൽ നന്നാകും. ഖണ്ഡം 3(3)-ൽ അത് അച്ചടിപ്പിശക് ആകാനാണ് സാധ്യത. "എന്ന രീതിയിലോ ഉള്ള" എന്നതിന് പകരം "എന്ന രീതിയിലുള്ള" എന്നാക്കുന്നതാണ് നല്ലത്. ഖണ്ഡം 3(3)-ൽ 'മറ്റേതെങ്കിലും തരത്തിലുള്ള' ഭാഷ സംസാരിക്കണം എന്നുള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ സ്കൂളിൽ നടത്താൻ പാടില്ല എന്നതിന് "യാതൊരു വിധത്തിലുമുള്ള പ്രചാരണം നടത്താൻ പാടില്ല" എന്നാക്കുമ്പോൾ അതിന് കുറച്ചുക്കൂടി ക്ലാരിറ്റി കിട്ടും.

<u>ശ്രീ. എൻ.എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(200) ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആയത്" എന്ന വാക്കിനു ശേഷം "തയാറാക്കുന്ന മുറയ്ക്ക് പഠിക്കാൻ താല്പര്യപ്പെടുന്ന എല്ലാ കുട്ടികളേയും" എന്നു ചേർക്കുക.

(277) ഖണ്ഡം 3 (7)-ൽ "ക്രമാനുഗതമായുള്ള മലയാള പഠനത്തിന്" എന്നതിനു പകരം "താല്പര്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും ക്രമാനുഗതമായ മലയാള ഭാഷാപഠനത്തിന്" എന്നു ചേർക്കുക.

സർ, 277-ാം നമ്പർ ഭേദഗതി അംഗീകരിച്ചാൽ കന്നഡ ഭാഷാ ന്യൂനപക്ഷ മേഖലകളിലുള്ളവരുടെ ആശങ്ക ദൂരീകരിക്കപ്പെടും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(201) ഖണ്ഡം 3(1)-ന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ ഇപ്രകാരം മലയാള ഭാഷാ പഠനം നടത്തുന്ന വിദ്യാലയങ്ങളിൽ ഇതിലേക്കായി ഈ വിഷയത്തിൽ പ്രത്യേകമായി പരീക്ഷ നടത്തേണ്ടതില്ല."

(217) ഖണ്ഡം 3(2)-ൽ "പാടില്ലാത്തതാകുന്നു" എന്നതിനു പകരം "പാടില്ലാത്തതും മലയാള ഭാഷ സംസാരിക്കുവാൻ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

(220) ഖണ്ഡം 3(3)-ൽ "സംസ്ഥാനത്തെ സ്കൂളുകളിൽ" എന്നതിനു പകരം "സംസ്ഥാനത്തെ ഒന്നാം തരം മുതൽ പത്താം തരം വരെ പഠനം നടത്തുന്ന വിദ്യാലയങ്ങളിൽ" എന്ന് ചേർക്കുക.

(224) ഖണ്ഡം 3(3)-ൽ "ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ" എന്നതിനു പകരം "ഏർപ്പെടുത്തികൊണ്ടുള്ള രീതിയിൽ" എന്ന് ചേർക്കുക.

(246) ഖണ്ഡം 3(4)-ൽ "പഠിപ്പിക്കേണ്ടതുമാണ്" എന്നതിനു ശേഷം "എന്നാൽ ഇതിലേക്കായി പ്രത്യേകം പരീക്ഷ നടത്തേണ്ടതില്ല" എന്നു ചേർക്കുക.

(256) ഖണ്ഡം 3(5)-ൽ "അപ്രകാരം മലയാള ഭാഷാപഠനം" എന്നതിനു ശേഷം "രണ്ട് അദ്ധ്യയന വർഷങ്ങൾക്കുള്ളിൽ" എന്ന് ചേർക്കുക.

(267) ഖണ്ഡം 3(5)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പഠിപ്പിക്കേണ്ടതുമാണ്" എന്നതിനു ശേഷം "എന്നാൽ ഈ വിഷയത്തിൽ പ്രത്യേകമായി പരീക്ഷ നടത്തേണ്ടതില്ല" എന്നു ചേർക്കുക.

സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത് ലിംഗ്വിസ്റ്റിക് മൈനോറിറ്റിയുടെ ആശങ്കയാണ്. അത് കണക്കിലെടുക്കണം. മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകളുൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ പാഠപുസ്തകങ്ങൾ തയ്യാറാക്കുമെന്ന് ഇതിൽ പറയുന്നുണ്ട്. അതിലുള്ള എന്റെ ഭേദഗതി " എന്നാൽ ഇപ്രകാരം മലയാള ഭാഷാപഠനം നടത്തുന്ന വിദ്യാലയങ്ങളിൽ ഇതിലേയ്ക്കായി ഈ വിഷയത്തിൽ പ്രത്യേകമായി പരീക്ഷ നടത്തേണ്ടതില്ല." എന്നതാണ്. പഠിപ്പിക്കാം, പക്ഷെ പരീക്ഷ നടത്തിയാൽ അവരുടെ ഉത്കണ്ഠ കൂടും. പരീക്ഷയ്ക്ക്

ജയിച്ചില്ലെങ്കിൽ അതവരുടെ കരിയറിനെ ബാധിക്കും. അതുകൊണ്ട് ആ മേഖലയിലുള്ള ആളുകളുടെ ഉത്കണ്ഠ പരിഹരിക്കണം. പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ മേഖലകളിലുള്ള മൈനോറിറ്റീസിന് ഇക്കാര്യത്തിൽ ആശങ്കയുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്നഭേദഗതികൾ അവതരിപ്പിക്കുന്നു:

(203) ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക.

" എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള പാഠ്യപദ്ധതി അനുസരിച്ച് മലയാള ഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ രണ്ടാംതരം മുതൽ പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ രണ്ടാം തരം മുതൽ ക്രമമായി കേരള പൊതു പാഠ്യപദ്ധതി അനുസരിച്ചുള്ള മലയാള ഭാഷാ പാഠപുസ്തകം പിന്തുടരേണ്ടതുമാണ്."

(248) ഖണ്ഡം 3(5)-ൽ

(i) "കീഴിലുള്ളതും ത്രിഭാഷാ പാഠ്യപദ്ധതി നിലവിലുള്ളതുമായ സ്കൂളുകൾക്ക്" എന്നതിനുപകരം "കീഴിലുള്ള സ്കൂളുകൾക്ക്" എന്ന വാക്കുകൾ ചേർക്കുക.

(ii) ക്ലിപ്തനിബന്ധന ഒഴിവാക്കുക.

(272) ഖണ്ഡം 3(6) -ൽ "സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന്" എന്നീ വാക്കുകൾക്ക് പകരം "സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുടെ കീഴിലുള്ള സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനും" എന്ന് ചേർക്കുക.

സർ, എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന പാഠപുസ്തകം അനന്തമായി പഠിപ്പിക്കാനാണോ ഉദ്ദേശിക്കുന്നത്? അങ്ങനെയാണെങ്കിൽ രണ്ട് തരത്തിലുള്ള മലയാള ഭാഷാപഠനം നടക്കും. സി.ബി.എസ്.ഇ. സ്കൂളുകളിൽ ഈ സിലബസും മറ്റ് സ്കൂളുകളിൽ നിലവിലുള്ള സിലബസും പഠിപ്പിക്കും. ക്രമാനുഗതമായി രണ്ടാം ക്ലാസ്

മുതൽ ഇത് മാറി സാധാരണ സിലബസിലുള്ള മലയാള ഭാഷാപഠനം നടത്തണം. അതാണ് എന്റെ ഭേദഗതി. അനന്തമായി ഈ സിലബസ് പഠിപ്പിക്കാനാണോ സർക്കാർ ഉദ്ദേശിക്കുന്നത്; എങ്കിൽ അതിനൊരു ക്ലാരിറ്റി വേണം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(222) ഖണ്ഡം 3(3)-ൽ "ഭാഷ സംസാരിക്കുന്നതിന്" എന്നതിന് പകരം "ഭാഷയിൽ ആശയവിനിമയം നടത്തുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(225) ഖണ്ഡം 3(3)-ൽ "ഭാഷ മാത്രമേ സംസാരിക്കാവൂ" എന്നതിനു പകരം "ഭാഷയിൽ മാത്രമേ ആശയവിനിമയം നടത്താവൂ" എന്നു ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(231) ഖണ്ഡം3(3)-ൽ "മറ്റേതെങ്കിലും തരത്തിലുള്ള" എന്നതിനുശേഷം "മലയാള ഭാഷാ വിരുദ്ധ" എന്ന് ചേർക്കുക.

(247) ഖണ്ഡം 3(5)-ൽ "എന്നീ ബോർഡുകളുടെ" എന്നതിനു പകരം "തുടങ്ങിയ എല്ലാവിധ ബോർഡുകളുടെ" എന്ന് ചേർക്കുക.

(249) ഖണ്ഡം 3(5)-ൽ "സ്കൂളുകൾക്ക്" എന്നതിനു പകരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാവിധ സ്കൂളുകൾക്കും" എന്നു ചേർക്കുക.

(282) ഖണ്ഡം 3(7)-ൽ "ചെയ്തുകൊടുക്കേണ്ടതാണ്" എന്നതിനു പകരം "നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്നു ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

